Digitized by Arya Samaj Foundation Chennai and eGangotri

ശ്രീനാരായണ-ഗുരുദേവൻ

ജീവിതചരിത്രം



വാടയിൽ സദാശിവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

ശ്രീനാരായണഗുരുദേവന

rya Samaj Foundation Chennai a

o Domain. Gurukul Kangri Collec

Digitized by Arya Samaj Foundation Chennai and eGangotri

K. K. VISWANATHAN
(FORMER GOVERNOR
OF GUJARAT)

Place കൊച്ചി
Date 23-2-83

പ്രിയപ്പെട്ട ശ്രീ. സദാശിവൻ

ശ്രീനാരായണനെക്കുറിച്ച്
ധാരാളം ഗ്രന്ഥങ്ങൾ ഉണ്ടാകണം.
നിങ്ങളുടെ സംരംഭം
അഭിനന്ദനാർഹമാണ്.
സർവ്വ മംഗളങ്ങളും നേരുന്നു

സ്നേഹപൂർവ്വം,

ഒപ്പ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8275

DONATION

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ശ്രീനാരായണ ഗുരുദേവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീനാരായണ ഗുരുദേവൻ

(ജീവിതചരിതം)

पुस्तकालय

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

SREENARAYANA GURUDEVAN

(Malayalam)

Biography

Compiled and Edited

By VADAYIL SADASIVAN

First Edition Published in August 1983

2nd Published in December 1987

Printed at Uthram Printers, Kadakkavoor.

Price Rs. 40/-

Copy Right;

Vadavil Sadasivan

Publishers:

Vadayil Publications
Kadakkavoor, T V M District
Kerala, India.

Sales:

Sivagiri Book Stall
Varkala.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീനാരായണ ഗുരുദേവൻ

(ജീവിതചരിതം)

8275

DONATION

വാടയിൽ സദാശിവൻ

पुस्तकालय
गुरुकुल कांगड़ी विश्वविद्यालय

പ്രസാധകർ

വാടയിൽ പബ്ലിക്കേഷൻസ്

കയ്ക്കാവൂർ

വില. രൂപ 40/-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗ്രന്ഥകർത്താവിന്റെ കൃതികൾ

1 അനശ്വര പ്രതിഭകൾ
(ജീവചരിത്രം)

2 ഒരു സ്വാതന്ത്ര്യ സമരസേനാനിയുടെ കഥ
(കെ. ആർ. ഇലങ്കത്ത്)
(ജീവചരിത്രം)

3 ശ്രീനാരായണ ഗുരുദേവൻ
(ജീവചരിത്രം)

4 ശ്രീനാരായണ ഗുരുദേവൻ ബാലമനസ്സുകളിൽ

5 മെഡിയ്ക്കൽകോളേജ്
(ചെറുകഥ)

6 സഹകരണം-ഇന്നലെ-ഇന്നു-നാളെ (ലേഖനം)
(അച്ചടിയിൽ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമർപ്പണം

ദിവംഗതയായ എന്റെ അഭിവന്ദ്യ മാതാവ്
ശ്രീമതി വി. എൻ. ഗൗരി അമ്മയുടെ
പാവന സ്മരണക്കായി ഈ കൃതി
സവിനയം ഞാൻ സമർപ്പിച്ചു
കൊള്ളുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Forwarded for the cost and with the compliments of the Department of Education, Government of India New Delhi.

Digitized by Arya Samaj Foundation Chennai and eGangotri

അവതാരിക

നാളത്തെ മാനവസംസ്ക്കാരമായി ഭവിക്കാൻപോകുന്നതു ശ്രീനാരായണ സംസ്ക്കാരമാണ്. അത്രത്തോളം സമഞ്ജസമായ ഒരു സംസ്ക്കാരം നാളിതുവരെ ലോകത്ത് ഉണ്ടായിട്ടില്ല. മനുഷ്യ രാശിയുടെ സർവതോന്മുഖമായ ഉത്കർഷത്തിനു പ്രയോജനപ്പെടുന്നതാണ് ആ സംസ്ക്കാരം. ജഗദ്ഗുരുക്കന്മാരിൽ അഗ്രിമനാണു ശ്രീനാരായണൻ എന്നു പറയുന്നതിനു കാരണം മറ്റൊന്നല്ല.

ഇപ്പോൾ കൈരളിക്കു കാഴ്ചവയ്ക്കുന്ന ഈ ഗ്രന്ഥം നാരായണ ഭഗവത്പാദരുടെ ഒരു പുതിയ ജീവിതചരിതമാണ്. ഇതിന്റെ കർത്താവായ ശ്രീ വാടയിൽ സദാശിവൻ സഹൃദയർക്ക് ഒട്ടും അപരിചിതനല്ല. അദ്ദേഹത്തിന്റെ രണ്ടു ഗ്രന്ഥങ്ങൾക്ക് ഇതിനു മുമ്പുതന്നെ സഹൃദയരുടെ ശ്ലാഘ സമ്പാദിക്കാൻ സാധിച്ചിട്ടുണ്ട്. 'അനശ്വര പ്രതിഭകൾ' എന്ന പ്രഥമ ഗ്രന്ഥം യശഃശ്ശരീരന്മാരായ അഞ്ചു സമുന്നത വ്യക്തികളുടെ ലഘുജീവിതചരിത്ര സമാഹാരമാകുന്നു. അത് ഉജ്ജ്വലമായിട്ടുണ്ട്. രണ്ടാമത്തെ ഗ്രന്ഥമായ 'ഒരു സ്വാതന്ത്ര്യ സമരസേനാനിയുടെ കഥ' സുകൃതചരിതനായിരുന്ന കെ. ആർ. ഇലങ്കത്തിന്റെ ജീവിതചരിത്രമാകുന്നു. അതിന്റെ തുടക്കം നാടകീയമാണ്. ചരിത്രസംഭവങ്ങളെ ഭാവനാശക്തി പ്രയോഗിച്ച്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എങ്ങനെ നാടകീയമായി അവതരിപ്പിക്കാൻ കഴിയുമെന്നുള്ളതിനുനല്ലൊരു ദൃഷ്ടാന്തമാണ് ഗ്രന്ഥകർത്താവു കാണിച്ചിരിക്കുന്നത്.

ഒരു വ്യക്തിയുടെ ജീവിതചരിത്രം പരിപൂർണ്ണമാകണമെങ്കിൽ ആ വ്യക്തി ജീവിച്ചിരുന്ന കാലഘട്ടത്തിലെ സാമൂഹികാവസ്ഥ എന്തായിരുന്നുവെന്നും ആ സാമൂഹികവ്യവസ്ഥിതിയിൽപരിവർത്തനം വരുത്താൻ ആ വ്യക്തി എങ്ങനെ പ്രവർത്തിച്ചുവെന്നും ഉള്ളതിനെപ്പററി ഒരു നിരീക്ഷകൻെറ നിലപാടിൽ നിന്നുകൊണ്ടു വിലയിരുത്തണം. പലപ്പോഴും ആ വിലയിരുത്തൽ വികലമായിപ്പോകാറുണ്ട്. സ്മര്യപുരുഷൻെറ ചില ന്യൂനതകൾ മറച്ചുവയ്ക്കുക, ആ വ്യക്തിയെ വെള്ളയടിച്ചുകാണിക്കുക, ചില സംഭവങ്ങളെപ്പററി മൗനം ഭജിക്കുക ഇങ്ങനെയുള്ള ദോഷങ്ങളാണു ജീവിതചരിത്രഗ്രന്ഥങ്ങൾക്കു വൈകല്യം ഉളവാക്കുന്നത്.

ഛാത്രൻ എന്ന വാക്ക് ശിഷ്യൻെറ പര്യായമാണല്ലോ. അതിൻെറ പൂർണ്ണമായ അർത്ഥം ഗുരുവിൻെറ ദോഷം മറച്ചുവയ്ക്കുന്നവൻ എന്നാണ്. ഭാരതീയരുടെ ഈ സമ്പ്രദായമായിരിക്കണം പൂർവ്വകാലങ്ങളിൽ ജീവിതചരിത്രങ്ങൾ ഉണ്ടാകാത്തതിനുള്ള കാരണങ്ങളിൽ ഒന്ന്, ജീവിതചരിത്രങ്ങൾ എഴുതിയിട്ടുള്ളവർ 'ദോഷപ്രഖ്യാപനവൈമുഖ്യം' പ്രകാശിപ്പിച്ചിട്ടുള്ളതിനു കാരണം വേറെ എവിടെയെങ്കിലും അന്വേഷിക്കേണ്ടതായിട്ടില്ല.

എന്നാൽ പരമപാവനൻമാരായ ചില ലോകഗുരുക്കൻമാരിൽ കളങ്കം കാണുകയേ ഇല്ല. തീക്കട്ടകളെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉറുമ്പ് അരിക്കുകയില്ലല്ലോ. അങ്ങനെയുള്ള ഒരു പുണ്യപുരുഷനായിരുന്നു ശ്രീനാരായണൻ. അദ്ദേഹത്തിന്റെ എത്രയോ ജീവിത ചരിത്രങ്ങൾ ഇതിനകം മലയാളത്തിലും മററു ഭാഷകളിലും വന്നുകഴിഞ്ഞിരിക്കുന്നു! ഇനിയും അത്തരം ഗ്രന്ഥങ്ങൾ ഉണ്ടായിക്കൊണ്ടുതന്നെയിരിക്കും.

ഈ ഗ്രന്ഥം രചിക്കാൻ അഞ്ചു നീണ്ട സംവത്സരങ്ങൾ വേണ്ടിവന്നുവെന്നാണ് ഗ്രന്ഥകർത്താവു പറയുന്നത്. അദ്ദേഹം അനേകം ഗ്രന്ഥങ്ങൾ സശ്രദ്ധം വായിക്കുകയും, പല സ്ഥലങ്ങൾ സന്ദർശിക്കുകയും, പലരുമായി എഴുത്തുകുത്തു നടത്തുകയും ചിലരുമായി ചർച്ച നടത്തുകയും ചെയ്തതിന്റെ ഫലമാണ് ബൃഹത്തായ ഈ വാങ്മയം.

ശ്രീനാരായണൻ അവതരിക്കുന്നതിനുമുമ്പ് ഇന്ത്യയിലെ സാമൂഹികാവസ്ഥ എന്തായിരുന്നുവെന്നു വിശദമാക്കിയിട്ടാണ്, ഓരോ കാലഘട്ടത്തിലും ആ മഹാത്മാവ് സമൂഹത്തിൽ പരിവർത്തനം വരുത്തിയതിനെപ്പററി ഗ്രന്ഥകർത്താവു പ്രതിപാദിക്കുന്നത്. ഗുരുദേവനെ സംബന്ധിക്കുന്ന ചില കാര്യങ്ങളിൽ അഭിപ്രായഭിന്നത ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ ജനനവർഷം ഇന്നും വിവാദവിഷയമാണ്. അതിനേയും അതുപോലുള്ള ഇതരവിഷയങ്ങളേയും നിപുണമായി പരിശോധിച്ചിട്ട് ഗ്രന്ഥകാരൻ സ്വാഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു.

ശ്രീനാരായണ പരമഹംസന്റെ ജീവിതചരിതങ്ങളിൽ മിക്കതും ഞാൻ വായിച്ചിട്ടുണ്ട്. അവയിൽ ഒന്നും തന്നെ ഇത്ര ബൃഹത്താണെന്നു തോന്നുന്നില്ല. വേറെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാരും പറഞ്ഞിട്ടില്ലാത്ത ചില വസ്തുതകൾ ഈ ഗ്രന്ഥത്തിൽനിന്നാണു ഞാൻ മനസ്സിലാക്കിയത്. ഗുരുദേവൻ തപസ്സു ചെയ്തിരുന്ന ഒരു ഗുഹ മേൽകടയ്ക്കാവൂർ എന്ന സ്ഥലത്ത് ഇന്നും ഉണ്ടെന്നും ആ ഗുഹയെ ഭക്തജനങ്ങൾ കേടുപാടു കൂടാതെ സൂക്ഷിച്ചുപോരുന്നുവെന്നും ഉള്ള സംഗതി ഒരു ഉദാഹരണമാണ്.

പ്രസിദ്ധമായ വൈക്കം സത്യാഗ്രഹത്തിനു പത്തു വർഷം മുമ്പു ക്ഷേത്രപ്രവേശനത്തിനുവേണ്ടി കടയ്ക്കാവൂർസുബ്രഹ്മണ്യൻകോവിലിൽ ഉത്പതിഷ്ണുക്കളായ ചില യുവാക്കന്മാർ കയറിയെന്നും. അവരെ കോടതി ശിക്ഷിച്ചുവെന്നും ഉള്ള ചരിത്രവസ്തുത ആദ്യമായി രേഖപ്പെടുത്തിയിരിക്കുന്നതു ശ്രീ. സദാശിവൻെറ ഗ്രന്ഥത്തിലാണ്. അമ്മാതിരി സംഭവങ്ങൾ ചിത്രീകരിക്കുമ്പോൾ കടയ്ക്കാവൂർ സ്വദേശിയായ ശ്രീ. സദാശിവൻെറ അഭിമാനം വിജൃംഭിക്കുന്നുവെങ്കിൽ അതു സ്വാഭാവികമല്ലേ ?

ശ്രീനാരായണൻെറ തത്വചിന്ത എന്താണെന്നും അതുകൊണ്ടു മനുഷ്യരാശിക്കുണ്ടായഗുണങ്ങൾ എന്താണെന്നും ഗ്രന്ഥകർത്താവു വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. ശ്രീനാരായണ തത്വസംഹിതയും സഹകരണവും എന്ന അദ്ധ്യായം അസ്സലായിട്ടുണ്ട്. ഇന്നേവരെ ശ്രീനാരായണ തത്വചിന്തയെ ഉൾക്കൊള്ളിച്ചുകൊണ്ട് ആരും അങ്ങനെയുള്ള ഒരു ലേഖനം എഴുതിയിട്ടില്ല. സഹകരണപ്രസ്ഥാനവുമായി സാത്മ്യം പ്രാപിച്ച ഒരു വ്യക്തിയായതുകൊണ്ടാണ് ഗ്രന്ഥകർത്താവിന് അങ്ങനെ ഒരദ്ധ്യായം എഴുതാൻ തോന്നിയതെന്നു ഞാൻ ഊഹിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്മര്യപുരുഷൻെറ ചിത്രങ്ങളെയും പ്രതിമകളെയും ആരാധിക്കുന്നതു തെററാണോ എന്ന ചോദ്യം പുറപ്പെടുവിച്ചുകൊണ്ടു ഗ്രന്ഥകർത്താവ് എഴുതിയിരിക്കുന്ന 'ആ രാ ധ ന' എന്ന അദ്ധ്യായവും നമ്മുടെ പ്രത്യേകമായ ശ്രദ്ധ അർഹിക്കുന്നുണ്ട്.

അറുപത്തിനാലു അദ്ധ്യായങ്ങളിലായി പരന്നു കിടക്കുകയാണ് ഈ ജീവിതചരിത്രം. ശ്രീ. സദാശിവൻെറ ലളിതമായ ഭാഷ എല്ലാത്തരത്തിലുളളവായനക്കാരെയും ആകർഷിക്കാൻ പര്യാപ്തമാണ്. രസാവഹമായ പ്രതിപാദനം എല്ലാപേരെയും ആഹ്ലാദിപ്പിക്കുകയും ചെയ്യും. അവരുടെ ആത്മാക്കളെ ആദ്ധ്യാത്മിക പരിമളംനിറഞ്ഞ ഒരു മേഖലയിലേക്ക് ഉയർത്തിക്കൊണ്ടു പോകാനും ഈ ഗ്രന്ഥത്തിനു സാധിക്കുന്നു.

ഈ ഗ്രന്ഥം സശ്രദ്ധം വായിച്ചുതീരുമ്പോൾ ശ്രീനാരായണൻ ആരായിരുന്നു വെന്നും, എന്തായിരുന്നു വെന്നും, അനുവാചകർക്കു ബോധ്യമാകും. ഭാവിയിൽ ഗുരുദേവൻ ആരായിരിക്കും എന്തായിരിക്കും എന്ന് ഊഹിക്കാനും ഈ ഗ്രന്ഥം ഉപകരിക്കാതിരിക്കുകയില്ല.

ഇന്നോളം പുറത്തുവന്നിട്ടുളള ഗുരുദേവൻെറ ജീവചരിത്രഗ്രന്ഥങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനം ഈ ഗ്രന്ഥം കൈവശപ്പെടുത്തിയിരിക്കുന്നു വെന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല. ഈ ഗ്രന്ഥത്തിനും ഇതിൻെറ പ്രണേതാവിനും നാം സമസ്തവിജയങ്ങളും ആശംസിക്കുന്നു.

പ്രസാദം, വഴുതക്കാട്. (ഒപ്പ്)
തിരുവനന്തപുരം-14 എം. പി. അപ്പൻ
26—8—83.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

'Forwarded free of cost, and with the compliments of the Department of Education Government of India - New Delhi'

Digitized by Arya Samaj Foundation Chennai and eGangotri

മുഖവുര

കേരളം സംഭാവന ചെയ്തിട്ടുള്ള രണ്ടു മൂന്ന് പുണ്യപുരുഷന്മാരിൽ പ്രഥമഗണനീയനാണ് ശ്രീനാരായണ ഗുരുദേവൻ. ശ്രീനാരായണ ഗുരുദേവനെക്കുറിച്ച് അറിയാനും പഠിക്കാനും തുടങ്ങിയിട്ട് ഏറെ നാളായി ഗുരുദേവൻെറ കർമ്മകാണ്ഡത്തെക്കുറിച്ച് മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ല. ഗുരുദേവൻ ആരായിരുന്നു, എന്തായിരുന്നു, എന്തായിരിക്കും. എന്ന് മനസ്സിലാക്കണമെങ്കിൽ ഗുരുദേവ കൃതികൾ പഠിക്കുകതന്നെ വേണം. എനിക്ക് സംസ്കൃതം നല്ലവശമില്ലാത്തതു കൊണ്ട് ആ രംഗത്തേയ്ക്ക് കയറിച്ചെല്ലാൻ ബുദ്ധിമുട്ടുണ്ട്.

ഗുരുദേവനെ നേരിൽ കാണുവാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടില്ല. ഗുരുദേവനെ കാണാൻ ഭാഗ്യം സിദ്ധിച്ച അപൂർവ്വം ചില വ്യക്തികൾ ഇന്നും ജീവിച്ചിരിപ്പുണ്ട്. അവരിൽ പ്രശസ്തരും അപ്രശസ്തരും ഉണ്ട്. ആ വ്യക്തികൾ പറഞ്ഞു തന്ന കാര്യങ്ങൾ ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മററു ചില ചരിത്ര രേഖകളും ഈ ഗ്രന്ഥത്തിൽ ചേർക്കുവാൻ സാധിച്ചു.

ഗ്രന്ഥരചന നടക്കുന്ന അവസരത്തിൽ ചിറയിൻകീഴ് കൊല്ലശ്ശേരി വീട്ടിൽ വച്ച് ഗുരുനിത്യ ചൈതന്യയതിയെ കാണാൻ ഭാഗ്യം സിദ്ധിച്ചു.

"ഗുരുദേവനെക്കുറിച്ച് എങ്ങനെയാണെഴുതുന്നതെന്ന് അദ്ദേഹം ചോദിച്ചു"

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്റെ ഹൃദയത്തിൽ എങ്ങനെ പതിഞ്ഞിട്ടുണ്ടോ അങ്ങനെ എന്നു ഞാൻ മറുപടി പറഞ്ഞു. അല്പസമയത്തെ മൗനത്തിനു ശേഷം മൂന്നു ചോദ്യം കൂടി ചോദിച്ചു.

"ശ്രീനാരായണ ഗുരുദേവന്റെ ജനനവർഷം; വിവാഹക്കാര്യം ശ്രീ ചട്ടമ്പിസ്വാമികളുമായുള്ള ബന്ധം"

ഈ മൂന്നു ചോദ്യങ്ങൾക്കും ഞാൻ മറുപടി നൽകി അദ്ദേഹം പിന്നീടൊന്നും പറഞ്ഞില്ല. ഇക്കാര്യങ്ങൾ ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പ് 1983ൽ പ്രസിദ്ധംചെയ്തു. ഗുരുദേവഭക്തരുടെയും സഹൃദയരുടെയും ആത്മാർത്ഥമായ പ്രോത്സാഹനം കൊണ്ട് ഈ ഗ്രന്ഥത്തിന്റെ രണ്ടാംപതിപ്പ് ഇപ്പോൾ പ്രസിദ്ധം ചെയ്യാൻ കഴിഞ്ഞു.

ഗ്രന്ഥത്തിന് അവതാരിക എഴുതിതന്ന മഹാകവി എം. പി. അപ്പനോട് എനിക്കുള്ള അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തട്ടെ. അതുപോലെതന്നെ അഭിപ്രായം എഴുതി തന്ന ശിവഗിരി ധർമ്മസംഘം പ്രസിഡൻറ് ശ്രീമദ് ശാശ്വതീകാനന്ദ സ്വാമികളോടും ആശംസ എഴുതിഅയച്ചുതന്ന മുൻഗുജറാത്ത്ഗവർണർ ശ്രീ. കെ. കെ. വിശ്വനാഥൻ അവർകളോടും എനിക്കുള്ള നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു.

ഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പിനു കേരള സാഹിത്യ അക്കാദമി ആയിരം രൂപ സാമ്പത്തിക സഹായം നല്കി. അക്കാര്യം കൃതജ്ഞതയോടെ സ്മരിയ്ക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃത്യസമയത്ത് രണ്ടാംപതിപ്പ് അച്ചടിച്ചുതന്ന കടയ്ക്കാവൂർ ഉത്രം പ്രിൻേറഴ്സ് ഉടമയോട് എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തട്ടെ.

പേപ്പറിൻെറ വിലയും അച്ചടികൂലിയും വർദ്ധിച്ചതുകൊണ്ട് ഗ്രന്ഥത്തിൻെറ വില അല്പം വർദ്ധിപ്പിക്കേണ്ടി വന്നു.

ശ്രീനാരായണ ഗുരുദേവജീവിത ചരിത്രം എന്ന ഗ്രന്ഥത്തിൻെറ രണ്ടാം പതിപ്പ് സഹൃദയസമക്ഷം സമർപ്പിക്കുന്നു.

എന്ന്,

വാടയിൽ സദാശിവൻ

കടയ്ക്കാവൂർ,
7—12—1987.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉള്ളടക്കം

അദ്ധ്യായം — പേജ്

ഒന്നാംഭാഗം

1 ശിവഗിരിയിലേയ്ക്ക് 1
2 സാമൂഹിക വ്യവസ്ഥിതി 14
3 ജനനം 22
4 ബാല്യവും-വിദ്യാഭ്യാസവും 28
5 അവധൂതൻ 34
6 വെളുത്തേരിയും-പെരുന്നല്ലിയും 42
7 അയ്യാസ്വാമികളുടെകൂടെ 50
8 മരുത്വാമലയിൽ 55
9 അരുവിപ്പുറത്തേക്ക് 61
10 കോട്ടാർ 65

രണ്ടാംഭാഗം

11 ശ്രീനാരായണ ധർമ്മപരിപാലനയോഗം 73
12 ഗുരുവും-ശിഷ്യനും 79
13 സാമൂഹിക പരിഷ്ക്കർത്താവ് 90
14 ജഗന്നാഥക്ഷേത്രം 99
15 വിദ്യാഭ്യാസംകൊണ്ടു പുരോഗതിനേടുക 106
16 വ്യവസായംകൊണ്ടുൽഭിവൃത്തിപ്പെടുക 112
17 മിശ്രവിവാഹവും-പന്തിഭോജനവും 118
18 ആചാരങ്ങൾ മാററുന്നു 125
19 മദ്യനിരോധനം 132
20 ജന്തുസ്നേഹം 137
21 കുളത്തൂർ 142
22 ഗുരുവിഹാർ 152

മൂന്നാംഭാഗം

23 കടയ്ക്കാവൂർ സുബ്രഹ്മണ്യക്ഷേത്രം 161
24 ചെട്ടിച്ചിഅമ്മയും ഗുരുദേവനും 170

DONATION

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

25 കോടതിയിൽ പോകേണ്ട 175

26 ശിവഗിരിയിൽ പള്ളിപ്പണിയിച്ചുതരാം 182

27 റിക്ഷായുടെ കഥ 190

28 ഗൃഹസ്ഥശിഷ്യന്മാർ 198

29 അദ്വൈതം 206

30 ഗുരുദേവനും ടാഗൂറും 216

31 ഗുരുദേവനും-ഗാന്ധിജിയും 220

32 ഒരു ജാതി-ഒരു മതം-ഒരു ദൈവം, മനുഷ്യന് 230

നാലാംഭാഗം

33 സർവ്വമതസമ്മേളനം 239

34 ദേശാഭിമാനി ടി. കെ. മാധവൻ 244

35 സിലോൺ യാത്ര 251

36 ആശ്രമങ്ങൾ ഗുരുദേവൻെറ ദൃഷ്ടിയിൽ 255

37 അടുത്ത കൊല്ലം നാമും യാത്രയാകും 262

38 സന്ന്യാസിസംഘം 269

39 കണ്ണൂർക്കാരൻ ഷേണായിയും-രാമൻഗുരുക്കളും ജോൺ ധർമ്മ തീർത്ഥരും 277

40 ബോധാനന്ദസ്വാമികൾ 285

41 അത്ഭുതസിദ്ധികൾ 291

42 ഗുരുദേവൻെറ ഫലിതങ്ങൾ 304

43 തീർത്ഥാടനം 311

അഞ്ചാംഭാഗം

44 രണ്ട് ആദ്ധ്യാമിക ഗുരുക്കന്മാർ 319

45 ഗുരുദേവനും രമണമഹർഷിയും 324

46 ചൈതന്യ സ്വാമികൾ 332

47 ദിവാൻവാഡ്സും-ശ്രദ്ധാനന്ദജിയും 336

48 സി. വി. കുഞ്ഞുരാമനുമായുള്ള സംവാദം 342

49 മൂർക്കോത്ത് കുമാരൻ 360

50 സാഹിത്യരംഗത്ത് 367

51 മഹാസമാധി 379

ആറാംഭാഗം

52 നടരാജഗുരുവും-ഗുരുകുലങ്ങളും 387

53 എം.പി, മൂത്തേടം 395

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

54 ശ്രീനാരായണ സ്മരണ 401

55 കൊററ്യത്ത്‌രാമുണ്ണിയും-മിതവാദിസി. കൃഷ്ണനും 409

56 സി. പി. യും മന്നവും വി. ടി. ഭട്ടതിരിപ്പാടും കണ്ട ഗുരു 417

57 അന്തേവാസിയായ അർജ്ജുനൻ 422

ഏഴാംഭാഗം

58 ശ്രീനാരായണഗുരുവിന്റെ തത്വസംഹിതയും സഹകരണമതവും 434

59 ശ്രീനാരായണ മിഷനും-സദനങ്ങളും 440

60 ബന്ധങ്ങൾ-ആദ്ധ്യാത്മികബന്ധങ്ങൾ 450

61 ആരാധന 456

62 ശ്രീനാരായണ ഫിലാസഫി 464

63 ആധുനിക ലോകത്ത് ശ്രീനാരായണ സിദ്ധാന്തങ്ങൾക്കുള്ള പ്രത്യേക സ്ഥാനം 471

64 ശ്രീനാരായണഗുരുദേവന്റെ ദിനചര്യ 477

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംഭവങ്ങളുടെ വർഷങ്ങൾ

ശ്രീനാരായണഗുരുദേവന്റെ ജനനം	28-8-1855
അരുവിപ്പുറം ശിവപ്രതിഷ്ഠ	1888
S. N. D. P. യോഗം സ്ഥാപിച്ചത്	1903
ശിവഗിരി ശാരദാ പ്രതിഷ്ഠ	1912
ആലുവാ സംസ്കൃത പാഠശാല സ്ഥാപിച്ചത്	1914
ശ്രീ ഗുരുദേവന്റെ ഉപദേശം-മദ്യം വിഷമാണ് നിർമ്മിക്കരുത്, കൊടുക്കരുത് കുടിക്കരുത്	1920
മഹാകവിടാഗൂർ ശ്രീഗുരുദേവനെ സന്ദർശിച്ചത്	1922
ശ്രീ ഗുരുദേവന്റെ ഉപദേശം-മിശ്രവിവാഹം-പന്തിഭോജനം	1923
സർവ്വമതസമ്മേളനം	1924
വൈക്കം സത്യാഗ്രഹം	1924
ഗാന്ധിജി-ഗുരുദേവ ദർശനം	1925
തലശ്ശേരി ജഗന്നാഥക്ഷേത്രത്തിൽ ഗുരുദേവന്റെ വെങ്കല പ്രതിമാ പ്രതിഷ്ഠ	12-3-1927
സന്ന്യാസിസംഘം സ്ഥാപിതം	1927
ശിവഗിരി തീർത്ഥാടനാനുമതി നൽകിയത്	1-1-1928
ശ്രീ ഗുരുദേവ മഹാസമാധി	20-9-1928

CC-0. In Public Domain. Gurukul Kangri Collection, Haridwar

'Forwarded free of cost, and with no compliments of the Department of Education Government of India - New Delhi'

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം ഒന്ന്

ശിവഗിരിയിലേക്ക്

പുലരി പൊട്ടിവിടർന്നു. മഞ്ഞുതുള്ളികൾ ഇററിററു വീഴുന്നുണ്ടായിരുന്നു. കുളിരു കോരിയിട്ട വെളുപ്പിന് ചുരുണ്ടുമൂടി കിടന്നുറങ്ങാൻ തോന്നി. അപ്പോഴാണ് അമ്മ ചോദിച്ചത് ''നീ ശിവഗിരിയിൽ പോകുന്നില്ലേ? മോനേ''. തലേദിവസം അമ്മ പറഞ്ഞിരുന്ന കാര്യം ഓർമ്മിച്ചപ്പോൾ ഞാൻ ചാടി എഴുന്നേററു നിത്യകർമ്മങ്ങൾ കഴിഞ്ഞു നേരെ റെയിൽവേ സ്റേറഷനിലേക്ക് നടന്നു. തീവണ്ടിയാഫീസിൽ കുറെനേരം കാത്തുനിന്നു. ഒരു ചൂളംവിളിയോടുകൂടി ഭൂമികുലുക്കിക്കൊണ്ട് വണ്ടി വന്നെത്തി. ഞാൻ വണ്ടിയിൽ സ്ഥലംപിടിച്ചു. വിശാലമായ കോവിൽത്തോട്ടം കായലിൻെറ മദ്ധ്യത്തിലൂടെ തീവണ്ടി കടന്നുപോകുന്ന കാഴ്ച കൗതുകം ജനിപ്പിച്ചു. 'S' പോലെ വളഞ്ഞുപോകുന്ന ലൈനിൽ അട്ടപോലെ ഇഴഞ്ഞുനീങ്ങി കുന്നുകയറിക്കഴിഞ്ഞപ്പോൾ തീവണ്ടി നെടുവീർപ്പിട്ടതുപോലെ തോന്നി സമനിരപ്പിലൂടെയുള്ള ഓട്ടത്തിന് വേഗതകൂടി. വർക്കലയിലെത്തി. ഞാൻ വണ്ടിയിറങ്ങി.

എന്തോ, അല്പനേരം ഞാൻ അറിയാതെ തരിച്ചു നിന്നുപോയി. ചിന്തകൾ ഏതാനും വർഷങ്ങൾക്ക് പിറകിലേക്ക് പോയി. ഓറഞ്ചുനിറത്തിൽ മെലിഞ്ഞ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരു സന്ന്യാസി. ദീക്ഷവളർന്നു നീണ്ടു കിടന്നിരുന്നു. അതു വെള്ളിക്കമ്പികാംപോലെ പ്രകാശിച്ചിരുന്നു. പ്രഭ വിതറുന്നനയനങ്ങാം. വിശാലമായ നെററിത്തടം. ആകർഷണീയമായ മുഖഭാവം. ഭസ്മചന്ദനാദികാം ലേപനംചെയ്ത് വെളുപ്പിന് നാലരമണിക്ക് രാമനാമം ജപിക്കുന്നതു കേംക്കാൻ ഇടയായ രംഗം ഞാൻ ഓർത്തു. കൂടാതെ വിശ്രമവേളകളിൽ ആ സന്ന്യാസിയുടെ മടിയിൽ ഞാൻ കയറിയിരുന്നിരുന്നു. പുരാണകഥകാം അദ്ദേഹം എനിക്കു പറഞ്ഞുതന്നിരുന്നു. അക്കൂട്ടത്തിൽ വർക്കലയെക്കുറിച്ചും, അതിൻെറ സ്ഥലപുരാണത്തെക്കുറിച്ചും പറഞ്ഞുതന്നത് ഓർമ്മിച്ചു. എൻെറ അമ്മയുടെ വല്യച്ഛനായിരുന്നു ആ സന്ന്യാസിവര്യൻ. അദ്ദേഹത്തിൻെറ പേര് 'കൊച്ചുള്ള' എന്നായിരുന്നു. ''മഹാപ്രഭോ! ഞാൻ താങ്കളെ ഓർമ്മിക്കുന്നു, ബഹുമാനിക്കുന്നു, ആദരിക്കുന്നു'' ഞാൻ പറഞ്ഞുപോയി. എൻെറ കണ്ണുനിറഞ്ഞു.

കേരളവർമ്മ വലിയകോയിത്തമ്പുരാൻ മയൂരസന്ദേശത്തിൽ വർക്കലക്കുന്നിൽ പൊന്നിൻ താഴികക്കുടം പോലെ പരിലസിക്കുന്ന ജനാർദ്ദനസ്വാമി ക്ഷേത്രം വർണ്ണിച്ചിരിക്കുന്നതാണ് പിന്നീട് ഓർമ്മയിലോടിയെത്തിയത്.

ഒന്നിച്ചോരോ വിടപികാം വളർന്നുന്നമിച്ചുല്ല
സിക്കും
കുന്നിൽച്ചക്രായുധനുടെ മഹാക്ഷേത്രമത്യന്ത
ഹൃദ്യം
ഇന്നിദ്ധാത്രീതലമതിലതിഖ്യാതിമൽ തത്രകാണ-
മുന്നിദ്രാണാഭയൊടുകനകസ്തൂപികാ
ദീപിതാശം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ പദ്യത്തിൻെറ മധുരിമ നുകർന്നു കൊണ്ട് ഞാൻ നടന്നു. സമയം പതിനൊന്ന് മണിയോട് അടുത്തിരുന്നു. എങ്കിലും ചൂടിൻെറ കാഠിന്യം കൂടിയിരുന്നില്ല. കാററാടിമരങ്ങളെ തഴുകിയുരുമ്മി വന്നുള്ള കാററടിച്ചപ്പോഠം ഇളനീർ കുടിച്ച അനുഭവം എനിക്കുളവായി.

മൈതാനത്തിൽ പതുക്കെപ്പതുക്കെ നടന്നു. ഇന്നത്തെപ്പോലെ ഉന്നത സൗധങ്ങളോ പട്ടണത്തിൻെറ മോടിയോ പകിട്ടോ അന്നു മൈതാനത്തിനുണ്ടായിരുന്നില്ല. പ്രശാന്തസുന്ദരമായ ഒരു ഗ്രാമത്തിൻെറ നിതാന്ത നിശ്ശബ്ദത അവിടെ തങ്ങിനിന്നിരുന്നു. പടിഞ്ഞാറൻ ചക്രവാളസീമയിൽ ഓളങ്ങളെ കീറിമുറിച്ചു കൊണ്ടു പോകുന്ന പായ്ക്കപ്പലുകഠം പൊട്ടുപോലെ കാണപ്പെട്ടു. റോഡിൽ നിന്നുകൊണ്ട് വടക്കോട്ടുനോക്കിയപ്പോഠം ഏററവും ഉയർന്നഭാഗത്തായി ഓലമേഞ്ഞ ഒരു കൊച്ചുകൂരവൃക്ഷത്തലപ്പുകളുടെയിടയിലൂടെകണ്ണിൽപ്പെട്ടു. വൻ കല്ലുകഠം ചവുട്ടി പൊതുനിരത്തിലൂടെ ഞാൻ താഴോട്ടു നടന്നു. തറനിരപ്പിൽനിന്നും ഏകദേശം മുപ്പത്തഞ്ചടി ഉയരത്തിൽ പൊങ്ങിനിന്ന കിണർ എൻെറ ശ്രദ്ധയെ ആകർഷിച്ചു.

''കല്യൻ ഹൂണപ്രവരനൊരുവൻ കാരുധൗരേയനാരാൽ
കുല്യക്കായിഗ്ഗിരി നിരതുരക്കുന്നതുംചെന്നുകാൺക
തുല്യം മററില്ലുലകിലതിനോടത്തുരങ്കങ്ങഠം തീർന്നാൽ
ശല്യം വേണ്ടാസരണി മുഴുവൻ തോണിയിൽ തന്നെ
പോകാം.

ശില്പകലയിൽ പരിചയസമ്പന്നനായ ഒരു സായിപ്പ് സമീപത്തുനിന്ന് തോടിനായി മലകഠം തുര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്നതു നീപോയി കാണണം എന്നു മയൂരത്തിനോടു കേരളവർമ്മ നിർദ്ദേശിക്കുന്നു. ഭൂലോകത്തു ഇതിനോടു തുല്യമായി മററൊന്നില്ല. ഈ തുരംഗം പൂർത്തിയായാൽ യാതൊരു പ്രയാസവും കൂടാതെ മുഴുവൻ വഴിയും വള്ളത്തിൽ തന്നെ സഞ്ചരിക്കാം.

വർക്കല തുരങ്കത്തിൻെറ പണി നടത്തുന്ന കാലമായിരുന്നു അത്. 1877-ൽ ഒന്നാമത്തെ തുരങ്കത്തിൻെറ പണിയും 1880-ൽ രണ്ടാമത്തെ തുരങ്കത്തിൻെറ പണിയും തീർന്നതായി മയൂരസന്ദേശ വ്യാഖ്യാനത്തിൽ ഡാക്ടർ പി. കെ. നാരായണപിള്ള രേഖപ്പെടുത്തിയിരിക്കുന്നു.

വലിയതുരപ്പിൻെറ മുഖത്തിന് സമീപം ഞാൻ നിന്നു. തോടിൻെറ രണ്ടുവശത്തും കുന്നുംപുറങ്ങളിലായി ഇടതൂർന്നു നില്ക്കുന്ന വൻമരങ്ങളും പച്ചിലപ്പടർപ്പുകളും കണ്ടപ്പോരം സന്തോഷംഉളവായി. കുന്നിൻ ചരിവുകളിലൂടെ ഇക്കിളിയിട്ടുകൊണ്ടു നീരുറവകളിൽ നിന്നും ഊറിവരുന്ന പരിശുദ്ധമായ ജലം താഴോട്ട് ഊക്കോടെ പതിക്കുമ്പോരം പളുങ്കുമണികരം ചിന്നിച്ചിതറുന്നതുപോലെ തോന്നി. ആ തെളിനീരിൽ സ്നാനം ചെയ്യാനുള്ള ആഗ്രഹം ഉണ്ടായി. പലചാലുകളിലൂടെ ഊറിയൂറിവരുന്ന ഔഷധവീര്യമുള്ള ജലത്തിൽകുളിച്ചപ്പോരം ഞാൻ ആകെ കോരിത്തരിച്ചു. സ്നാനം കഴിഞ്ഞുകയറിപ്പോകണമെന്ന വിചാരം എനിക്കുണ്ടായില്ല. എത്രനേരംമതിമറന്നു ഞാൻ കുളിച്ചു എന്നോർമ്മയില്ല. കുളികഴിഞ്ഞപ്പോരം ഗംഗാസ്നാനവും പമ്പാസ്നാനവും ചെയ്താൽ ഉണ്ടാകുന്ന നിർവൃതിഉളവായി. ശരീരത്തിനു ഊർജ്ജസ്വലതയും മനസിനുണർവും ലഭിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജീവിതത്തിലന്നുവരെ അനുഭവപ്പെട്ടിട്ടില്ലാത്ത അവാച്യമായ ഒരു അനുഭൂതി.

നിർമ്മലമായ മനസ്സ് ഏതോ ഒരു ദർശനത്തിനുവേണ്ടി ദാഹിക്കുന്നുണ്ടായിരുന്നു. പറങ്കിമാവിൻ കൂട്ടങ്ങളുടെ നടുവിലുള്ള റോഡിലൂടെ വ്രതമാനസനായ ഞാൻ നടന്നു. അതാ അവിടെ തന്നെ. അതാണ് ശിവഗിരി. അവിടെയാണ് സാക്ഷാൽ ശ്രീനാരായണ ഗുരുവിന്റെ ചൈതന്യം നിറഞ്ഞുതുളുമ്പുന്നത്. ആ സന്ദർഭത്തിൽ എന്റെ മനസ്സിൽ ഭക്തിതിരതല്ലി. മലയിലേക്ക് എലികേറിച്ചെല്ലുന്നതുപോലെ ഞാൻ സാവധാനം നടന്നുചെന്നു. വിവിധ തരത്തിലുള്ള വൃക്ഷലതാദികൾ, വിചിത്രങ്ങളായ പുഷ്പങ്ങൾ, പടിക്കെട്ടുകൾക്കുമേൽ പഞ്ചസാര പോലെയുള്ള വെള്ളമണൽ. അവയുടെ മദ്ധ്യത്തു സ്ഥിതിചെയ്യുന്ന വിദ്യാപീഠം. നീലക്കണ്ണാടിച്ചില്ലുകൾകൊണ്ടു അലങ്കരിക്കപ്പെട്ട ജനാലനിരകളും ഉള്ളിലെ പഞ്ചലോഹനിർമ്മിതമായ പ്രതിഷ്ഠയും കണ്ടപ്പോൾ ഞാൻ കൈകൂപ്പിപ്പോയി. ''ശാരദേ-ദേവി-വിദ്യാധനപ്രിയേ, എന്നെ അനുഗ്രഹിക്കേണമേ'' ഞാൻ പ്രാർത്ഥിച്ചു. എന്റെ കണ്ണുനിറഞ്ഞു. കാവിവസ്ത്രം ധരിച്ച ഭിക്ഷു, സ്വർണ്ണംപോലെ തിളങ്ങുന്ന പാത്രത്തിൽനിന്നും തീർത്ഥം പകർന്നുതന്നു. അതുനുകർന്നപ്പോൾ എന്റെ ഹൃദയം തണുത്തു. ഭസ്മം നെററിയിൽ ചാർത്തിയപ്പോൾ മനസ്സ് ഉണർന്നു. ചന്ദനം അണിഞ്ഞപ്പോൾ നെററിയിൽ പകർന്ന കുളിർമ ശരീരമാസകലം വ്യാപിച്ചു.

കൂപ്പുകൈകളോടെ ശാരദാഗിരിയെ പ്രദക്ഷിണം വച്ചു ഒന്നല്ല; രണ്ടല്ല, മൂന്നുപ്രാവശ്യം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നേരെ മുകൾഭാഗത്തേക്ക് നടന്നു. കൽപ്പടവുകൾ കയറി. കിഴക്കുഭാഗത്തു പച്ചപ്പാവാടയണിഞ്ഞ വയലുകൾ. തെക്കുഭാഗത്തു ചെറിയ കുന്നുകൾ. പാർശ്വങ്ങളിൽ നില്ക്കുന്ന പലതരം ചെടികൾ. തൂമണം പരത്തുന്ന പലതരം പുഷ്പങ്ങൾ. ഇരുവശങ്ങളിലും കുടകൾ നിവർത്തിയതുപോലെ നില്ക്കുന്ന ചക്കരമാവുകൾ ഇടതിങ്ങി നില്ക്കുന്ന മരക്കൂട്ടങ്ങൾ നിമിത്തം ഒരു പച്ചിലപ്പന്തൽ പ്രകൃതിതന്നെ സൃഷ്ടിച്ചിരിക്കുകയാണോ എന്നു തോന്നിപ്പോകും. വടക്കുഭാഗത്തുനിന്നും പച്ചിലകളിൽ തട്ടി മർമ്മരശബ്ദം പുറപ്പെടുവിച്ചുകൊണ്ട് വരുന്ന മന്ദമാരുതൻ കുളിരു കോരിയിട്ടു. നിശ്ശബ്ദത നിറഞ്ഞുനിന്നു. ഭക്തിപാരവശ്യത്താൽ ഭക്തൻെറ കൈകൾ വീണ്ടും കൂപ്പി. ''അതേ! ഈ പർണ്ണശാലയിലാണല്ലോ ഗുരു വസിച്ചിരുന്നത്. അതേ! ഈ ആശ്രമത്തിലാണ് ആ തപോധനൻ തപസ്സനുഷ്ഠിച്ചത്'' തീർത്ഥാടകൻെറ മനസ് മന്ത്രിച്ചു.

തുറന്നിട്ട ജനാലയിലൂടെ ഭക്തൻ അകത്തേക്ക് നോക്കി. സ്വർണ്ണംപോലെ പ്രകാശിക്കുന്ന ആനക്കുട. അവയുടെ അടുത്ത് കെടാവിളക്ക്. കെടാവിളക്കിൻെറ പ്രകാശധാരയ്ക്കു പിന്നിൽ ജീവൻ തുടിച്ചുനില്ക്കുന്ന ഗുരുദേവചിത്രം ദൃശ്യമാകുന്നു. ആ മുറിയുടെ ഒരു ഭാഗത്തു ഒരു ചാരുകസാല. ഗുരുദേവൻ വിശ്രമിക്കുവാൻ ഉപയോഗിച്ചിരുന്നതാണ്. തടിയുടെ മിനുക്കുപണിക്ക് ഒരു കോട്ടവും തട്ടിയിട്ടില്ല. മറുഭാഗത്ത് മേക്കട്ടിയോടുകൂടിയ കട്ടിൽ. അന്നത്തെ വിദഗ്ധ കലാകാരന്മാരുടെ കലാവിരുതുകൾ കട്ടിലിൽ കാണാം. അതിൽ വിരിച്ചിരിക്കുന്ന മഞ്ഞനിറത്തിലുള്ള വിരിപ്പിലേയും തലയിണയിലേയും ചിത്രവേല അതിമനോഹ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രമാണ്. അവ സൂര്യപടത്താൽ പൊതിഞ്ഞതത്രേ. ഇതുകണ്ടപ്പോൾ സമർത്ഥനായ ഏതോ ചിത്രകാരൻ ക്യാൻവാസിൽ വരച്ചിരിക്കുകയാണോ എന്ന് ഞാൻ സംശയിച്ചു. കട്ടിലിനു സമീപത്തായി ഈട്ടിത്തടിയിൽ പണിത് സ്വർണ്ണ വർണ്ണാങ്കിതമായ കൈപ്പിടിയോടുകൂടിയ വടി സുബ്രഹ്മണ്യൻെറ വേലാണോ എന്നു തോന്നിപ്പോയി. ചൈതന്യം നിറഞ്ഞു തുളുമ്പുന്ന പർണ്ണശാല കഠിനഹൃദയനായ ഏതു തീർത്ഥാടകൻെറയും ഹൃദയത്തെ അലിയിക്കും. അവൻ ഭക്തിയുടെ പാരമ്യം പ്രാപിക്കും. സ്വർഗ്ഗത്തുനിന്നും ദൈവം ഭൂമിയിൽ വന്നു താമസിച്ച പുണ്യഗൃഹമാണോ എന്നു സംശയിക്കും. അത്രയ്ക്കും ലളിതവും പരിപാവനവുമാണ്. ആ പർണ്ണശാല.

"ഗുരുദേവാ! എനിക്കു നേർവഴി നൽകേണമേ" എന്നു, ക്രിസ്തുദേവൻെറ മുന്നിൽ ഭക്തജനങ്ങൾ ഏകാഗ്രതയോടുനിന്നു പ്രാർത്ഥിക്കുന്നതുപോലെ ഞാനും ഏകാഗ്രതയോടു പ്രാർത്ഥിച്ചു. എൻെറ പ്രാർത്ഥന ഗുരുദേവൻ ശ്രദ്ധിച്ചതുപോലെ തോന്നി. ഗുരുദേവൻെറ ചിത്രം എൻെറ കണ്ണുകളെ തടഞ്ഞു. ഏകാഗ്രത-കടുത്ത ഏകാഗ്രത. മനസ്സിനെ ഗുരുദേവനിൽതറപ്പിച്ചു നിർത്തി. എല്ലാം മറന്ന് ഒരു മായാലോകത്തിൽ വിഹരിക്കുന്ന അനുഭവം എനിക്കുണ്ടായി. അങ്ങനെ എത്രനേരം ആ മായാപ്രപഞ്ചത്തിൽ ഞാൻ സഞ്ചരിച്ചു എന്നു എനിക്കു നിശ്ചയമില്ല.

ഭക്തി പരവശനായ ഞാൻ പടവുകൾ ഇറങ്ങി താഴോട്ട് നടന്നു. മനസ്സിനും ശരീരത്തിനും ഒരു പോലെ സുഖം തോന്നി. ലൗകിക ജീവിതം മറന്ന ഒരു സന്യാസിയെപ്പോലെ ഞാൻ നടന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വീണ്ടും വലതുഭാഗത്തു പടവുകൾ ചവിട്ടിക്കയറി. രണ്ടു വശത്തും കുററിച്ചെടികളും പറങ്കിമാവിൻ തൈകളും. വൃക്ഷനിബിഡമാണോ? അല്ല. പ്രകൃതിയുടെ സമ്പത്തുക്കളായ ചെടികൾ ചുടു വെയിലേററിട്ടും മങ്ങാതെ വാടാതെ കാററിൽ ആടുന്നു. പുഷ്പങ്ങളിൽനിന്നും ഉതിർന്നു വരുന്ന സുഗന്ധം അന്തരീക്ഷത്തെ ആനന്ദമയമാക്കുന്നു. ഒരു യോഗിയുടെ ആത്മചൈതന്യത്തോടെ ഭക്തിയിൽ മുഴുകി ഞാൻ നീങ്ങി. ഒന്നല്ല-രണ്ടല്ല പടികൾ പലതു കഴിഞ്ഞു. ഏററവും മുകളിലെത്തി. പഞ്ചസാരപോലുള്ള മണൽ. അലക്കി തേച്ച ബോംബെ വേഷ്ടികൾ വൃത്താകൃതിയിൽ ഭൂമിയിൽ വിരിച്ചിരിക്കുന്നതല്ലേ എന്നു ഞാൻ സന്ദേഹിച്ചു. ആ വെളുത്ത മണ്ണു കണ്ടപ്പോൾ ആ മണ്ണിൽ കാല്പാടുകൾ ശരിയാം വണ്ണം പതിഞ്ഞിരിക്കുന്നതു കണ്ടു. ഭക്തന്മാർ പ്രഭാത പ്രാർത്ഥനയ്ക്കു വന്നപ്പോൾ പതിഞ്ഞതായിരിക്കാം ആ കാല്പാടുകൾ എന്നു മനസ്സിലായി. നാലു ഭാഗത്തേക്കും ശാഖകൾ വിടർത്തി തണലേകിക്കൊണ്ടു നിൽക്കുററ പ്ലാവ്. ആ പ്ലാവിന് അല്പം അകലെ വൃത്താകൃതിയിൽ സിമൻറിൽ കെട്ടിയിരുന്ന ചുമരുകളുടെ മേൽ കുത്തനെ ഓലകൾകൊണ്ടു മേഞ്ഞ ആ പുണ്യസ്ഥാനത്താണു ലോകഗുരുവായ സാക്ഷാൽ ശ്രീനാരായണൻ അന്ത്യവിശ്രമം കൊണ്ടതെന്നു മനസ്സിലായി. ഞാൻ സാവധാനം മഹാസമാധിയിലേയ്ക്കു നോക്കി. അത്ഭുതമെന്നു പറയട്ടെ! പല നിറത്തിലുള്ള പുഷ്പങ്ങൾ, തൂമണം വിതറുന്ന ഭസ്മം, മനം അലിയിക്കുന്ന ചന്ദനം, അണയാതെ എരിയുന്ന നിലവിളക്ക്, നിലവിളക്കിനു ചുററും പുകഞ്ഞുകൊണ്ടിരിക്കുന്ന ചന്ദനത്തിരികൾ, അവയുടെ സുഗന്ധം മന്ദിരത്തിൽ നിറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞ്ഞുനിന്നു. ഏകാഗ്രത. പൂർണ്ണമായ ഏകാഗ്രത. ആരോ വന്നു വിളിച്ചപ്പോഴാണ് ഞാൻ ഉണർന്നത്. അത്രയും നേരം ഏതുലോകത്താണ് കഴിഞ്ഞു കൂടിയതെന്ന് എനിക്കു അറിഞ്ഞുകൂടാ. അന്നുവരെ അത്രത്തോളം പരിപാവനമായ ഒരു സ്ഥലം സന്ദർശിക്കുവാൻ എനിക്കു കഴിഞ്ഞിരുന്നില്ല. അന്നോളം തീർത്ഥാടനത്തിനായി എങ്ങും പോയിരുന്നില്ല. ബാലനായ എന്നെ ആരും കൊണ്ടുപോയിരുന്നില്ല. അതാണു സത്യം.

ഭോജനശാലയുടെ മുമ്പിലുള്ള കൽത്തൊട്ടിയിൽ നിന്ന് ജലം കോരി മുഖവും, കയ്യും, കാലും കഴുകി. ഭോജനശാലയിലേക്ക് കടന്നു. വടക്കുഭാഗത്തായി ഗുരുദേവൻെറ ചിത്രം. അവിടെയും കെടാതെ കത്തുന്ന വിളക്ക് ഭസ്മചന്ദനാദികൾ. നീണ്ടഭോജന ശാലയിൽ രണ്ടുഭാഗത്തും പനം തടുക്കുകൾ നിരത്തിയിരുന്നു. അവയ്ക്കു മുന്നിൽ മഞ്ഞയും കാവിയും കലർന്ന വസ്ത്രം ധരിച്ച സന്യാസിമാർ. അവരുടെ കയ്യിൽ മരയോടില്ലായിരുന്നു. അവർ നിരനിരയായി നിന്നു ഗുരുദേവനിൽ മനസ്സുറപ്പിച്ചു പ്രാർത്ഥിച്ച ആരംഗം എന്നിൽ കോരിത്തരിപ്പുണ്ടാക്കി,

ദൈവമേ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ;
നാവികൻ നീഭവാബ്ധിക്കൊ-
രാവിവൻ തോണിനിൻ പദം.

2

ഒന്നൊന്നായെണ്ണിയെണ്ണിത്തൊ-
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നില സ്പന്ദമാകണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3

അന്ന വസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ.

4

ആഴിയും തിരയും കാററു-
മാഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം.

5

നീയല്ലോ സൃഷ്ടിയും സ്രഷ്ടാ-
വായതും സൃഷ്ടി ജാലവും
നീയല്ലോ ദൈവമേ, സൃഷ്ടി-
ക്കുള്ള സാമഗ്രിയായതും.

6

നീയല്ലോ മായയും മായാ
വിയും മായാ വിനോദനും
നീയല്ലോ മായയേ നീക്കി
സായൂജ്യം നല്കുമാര്യനും.

7

നീസത്യം ജ്ഞാനമാനന്ദം
നീതന്നേ വർത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്കിൽ നീ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8

അകവും പുറവും തിങ്ങും-
മഹിമാ വാർന്നനിൻ പദം
പുകഴ്ത്തുന്നൂ ഞങ്ങളങ്ങു
ഭഗവാനേ, ജയിക്കുക.

9

ജയിക്കുക മഹാദേവ,
ദീനാവന പരായണ,
ജയിക്കുക ചിദാനന്ദ,
ദയാസിന്ധോ, ജയിക്കുക.

10

ആഴമേറും നിൻമഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം''
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

നിശ്ശബ്ദമായ ആ അന്തരീക്ഷത്തിൽ ഭക്തി പൂർവ്വം സന്യാസിമാർ പ്രാർത്ഥിക്കുന്നതു കേട്ടപ്പോ‌ാം ഞാൻ ഹർഷ പുളകിതനായി. ഭോജനശാലയുടെ ഇടതുഭാഗത്തു കാണുന്ന പാടങ്ങളിലെ നെല്ലോലകാം കാററിൽ ഇളകിയാടി. സന്യാസിമാരുടെ പ്രാർത്ഥന കേട്ടു ഭക്തിരസം പൂണ്ടു മതിമറന്നു നെൽച്ചെടികാം ഇളകിയാടിയതാണോ എന്നു ഞാൻ സംശയിച്ചു. അത്രയ്ക്കു ഹൃദയാവർജ്ജകമായിരുന്നു ആ പ്രാർത്ഥന. ആത്മാർത്ഥത അതിൽ അലതല്ലിയിരുന്നു. സ്നേഹഭാവം മുററിനിന്നിരുന്നു. ഭക്തി അതിൽ ഓളം വെട്ടിയിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തളിരുപോലത്തെ തൂശനില. പച്ചടി, കിച്ചടി അവിയൽ, തോരൻ, ഉപ്പിലിട്ടത്, പുത്തരിച്ചോറ്, പയറുപരിപ്പ്, പർപ്പടകം, നെയ്യ്, രസം, മോര്-വിഭവ സമൃദ്ധമായ ഊണ്. അതിന്റെ ആസ്വാദ്യത ഒന്നു വേറെ തന്നെ. ആശ്രമോചിതമായ ആഹാരം ആർക്കാണു ആമോദം നൽകാത്തത്?

ഞാൻ വീണ്ടും സമാധി സന്നിധിയിലേയ്ക്ക് നടന്നു. പ്ലാവിൻ ചുവട്ടിൽ ചാരിയിരുന്നു. ശിവഗിരിയിലെ ഏററവും പൊക്കംകൂടിയ കുന്നും അതു തന്നെ. നാലുപാടും ദൃഷ്ടികൾ പാഞ്ഞു. ചുററും പല കുന്നുകൾ, അവയുടെ താഴ്വര പ്രദേശങ്ങളിൽ തല ഉയർത്തി നില്ക്കുന്ന കൂററൻ മരങ്ങൾ, അവയ്ക്കു താഴെ വള്ളിക്കുടിലുകൾ പോലുള്ള പച്ചിലക്കാടുകൾ, കാർത്തികയ്ക്കു കതിരുവന്നു നില്ക്കുന്ന നെൽപ്പാടങ്ങൾ, ഒരു പച്ചിലക്കാട്ടിന്റെ പ്രതീതി അനുഭവപ്പെട്ടു. സസ്യശാമള കോമളമായ നാടെന്നു കവി പാടിയതു എന്റെ സ്മരണയിൽ ഉദിച്ചു.

അറേബ്യൻ കടലിൽനിന്നും ഓടി എത്തിക്കൊണ്ടിരുന്ന കുളിർക്കാററ് എന്റെ കണ്ണുകളെ തഴുകി. കൺപോളകൾക്ക് കനംകൂടി. ഞാൻ അവിടെ കിടന്നു. സുഖനിദ്ര. പരമാനന്ദ സുഖം. ഏകദേശം രണ്ടുമണിക്കൂർ കഴിഞ്ഞിരിക്കും ആരോ തട്ടിവിളിച്ചപ്പോഴാണു നിദ്രയിൽനിന്നും ഉണർന്നത്.

അതാ എന്റെ മുന്നിൽ ഒരു സ്വാമി ഇരിക്കുന്നു. കാഷായവേഷം ധരിച്ച സ്വാമി. തല മുണ്ഡനം ചെയ്തിട്ടുണ്ട്. വിശാലമായ നെററിത്തടം, പതിഞ്ഞ മൂക്ക്, തിളങ്ങുന്ന കണ്ണുകൾ, നീണ്ട ചെവികൾ, നല്ല

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രസരിപ്പുള്ള മുഖം. ഒററനോട്ടത്തിൽ ആശാൻെറ ആനന്ദനോ, ഉപഗുപ്തനോ ആയിരിക്കുമോ ഈ സന്യാസി എന്നു തോന്നിപ്പോയി.

കുറെ നേരം ഞങ്ങരം പരസ്പരം നോക്കിയിരുന്നു. ഭക്തിയുടേയും പാണ്ഡിത്യത്തിൻേറയും ലക്ഷണം ആ മുഖത്തു ദൃശ്യമായി. നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് അദ്ദേഹം എന്നോടു ചോദിച്ചു.

സ്വാമി:- കുഞ്ഞ് എവിടുന്നാ?

ഞാൻ:- കടയ്ക്കാവൂരിൽ നിന്നും.

സ്വാമി:- കുഞ്ഞു രാവിലെ വന്നു, അല്ലേ!

ഞാൻ:- അതെ

സ്വാമി:- ഗുരുദേവനെപ്പററി പഠിച്ചിട്ടുണ്ടോ?

ഞാൻ:- എൻെറ അപ്പുപ്പൻ സന്യാസി പറഞ്ഞുതന്ന കാര്യങ്ങരം മാത്രമറിയാം.

സ്വാമി:- കുഞ്ഞു ഗുരുദേവനെക്കുറിച്ചു ശ്രദ്ധാപൂർവ്വം പഠിക്കണം. ഗുരുദേവൻ അനുഗ്രഹിക്കട്ടെ!

ഇത്രയും പറഞ്ഞിട്ടു സന്യാസി പോയി. കാഷായ വേഷധാരിയായ ആ സന്യാസി പോയ വഴിയിലേയ്ക്ക് കണ്ണും നട്ടു ഞാനിരുന്നു. അങ്ങ് അകലെ ചക്രവാളത്തിൽ സൂര്യൻെറ ചെങ്കതിരുകരം മറയാൻ തുടങ്ങി. ഒരു പുതിയ അനുഭൂതി എനിയ്ക്കുണ്ടായി. എൻെറ മനസ്സു നിറയെ ഗുരുവിനെക്കുറിച്ചുള്ള ചിന്തയുമായി ഞാൻ വീട്ടിലേയ്ക്കു പോയി

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 2

സാമൂഹിക വ്യവസ്ഥിതി

മനുഷ്യൻ ഒരു അത്ഭുത പ്രതിഭാസമാണ്. ഈ അത്ഭുതപ്രതിഭാസം എന്നുണ്ടായി, എവിടെ നിന്നും ഉണ്ടായി എന്നു ആർക്കും തീർത്തുപറയാൻ കഴിയുന്നില്ല. പരീക്ഷണ നിരീക്ഷണങ്ങളിലൂടെയും നിഗമനങ്ങളിലൂടെയും മനുഷ്യൻെറ ഉല്പത്തിയെക്കുറിച്ച് അഭിപ്രായ പ്രകടനങ്ങൾ നടക്കുന്നുണ്ട്. മനുഷ്യനെ ദൈവം സൃഷ്ടിച്ചതാണെന്നു ഒരുകൂട്ടർവാദിക്കുമ്പോൾ അതല്ല പരിണാമത്തിൻെറ ഫലമായാണ് മനുഷ്യൻ ഈ നിലയിൽ എത്തിയതെന്നു ഡാർവിനും കൂട്ടരും വിശ്വസിക്കുന്നു. എന്തുതന്നെയായാലും എങ്ങനെയായാലും മനുഷ്യൻ ഈ ഭൂമുഖത്തു വസിക്കാൻ തുടങ്ങിയിട്ടു നൂററാണ്ടുകളായി എന്നതു ചരിത്രസത്യമാണ്. ആദിമനുഷ്യന് ജാതിയെക്കുറിച്ചോ മതത്തെക്കുറിച്ചോ യാതൊരു ചിന്തയുമില്ലായിരുന്നു. കാലാന്തരത്തിൽ മാററങ്ങൾ വന്നുതുടങ്ങി. അങ്ങനെ തൊലിയുടെ നിറത്തിൻെറ പേരിൽ അവൻ അകലാൻ തുടങ്ങി. ഇന്നും ആ പ്രക്രിയ ഒരളവുവരെ അനുസ്യൂതം തുടർന്നുപോരുന്നുണ്ട്. അത് ആഗോളപ്രശ്നമായി ഇപ്പോഴും നിലനില്ക്കുന്നു. എന്നാൽ ഭാരതീയ ജീവിതത്തിന് ഭാരതീയ സംസ്ക്കാരത്തിന് ഒരുമാററം എങ്ങനെ വന്നു എന്ന് അല്പമെങ്കിലും അറിയേണ്ടതുണ്ട്. മററു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജ്യങ്ങളിലെപ്പോലെ ഇവിടെയും ആദിമനിവാസികരം ഉണ്ടായിരുന്നു. തെക്കേ ഇന്ത്യയിലുള്ളവരെ 'ദ്രാവിഡർ' എന്നു വിളിച്ചുപോന്നു. ബഹുമാനിക്കത്തക്ക ശ്രേഷ്ഠ മായ ഒരു സംസ്ക്കാരം അവർക്കു ഉണ്ടായിരുന്നതായി ചരിത്രരേഖകളിൽ കാണുന്നു. എന്നാൽ ആര്യന്മാർ ഇങ്ങോട്ടു വ്യാപിക്കുവാൻ തുടങ്ങിയതോടെ ദ്രാവിഡ രുടെ സംസ്ക്കാരത്തിനു ഗ്ലാനിസംഭവിച്ചു. ആര്യന്മാർ ഇവിടെ വന്നിട്ടു ആദിമനിവാസികളുടെയിടയിൽ രാഷ്ട്രീയാധിപത്യം സ്ഥാപിക്കുകയും സാംസ്ക്കാ രികനേതൃത്വം പിടിച്ചെടുക്കുകയും ചെയ്തു. ഇവ രുടെ നയങ്ങളെ ശക്തമായി നേരിടുവാൻ ദ്രാവിഡർ ചെയ്തശ്രമം ഫലിച്ചില്ല. ബുദ്ധിയിലും പ്രവൃത്തി യിലും നയതന്ത്രജ്ഞതയിലും മുററിട്ടു നിന്ന ആര്യ ന്മാർ ദ്രാവിഡരെയും കീഴ്പ്പെടുത്തി.

ചാതുർവർണ്യം ആരംഭിച്ചു. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ. ശൂദ്രൻതൊട്ടു താഴോ ട്ടുള്ളവൻെറ ഗതി അധോഗതിതന്നെയായിരുന്നു. ജാതി യുടെ ഉത്ഭവവും അതിൻെറ വളർച്ചയും ഉച്ചനീചത്വഭാ വങ്ങളും തൊഴിൽ, സാമ്പത്തികസ്ഥിതി മുതലായ വയെ അടിസ്ഥാനമാക്കിയാണ് ഉണ്ടായതെന്നു സാമൂ ഹിക ശാസ്ത്രജ്ഞനായ മാക്സ്വെബർ തെളിവുസ ഹിതം അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇന്ത്യയുടെ ഒരുഭാഗത്തു മാത്രമല്ല, ഏതെല്ലാം ഭാഗത്തു ആര്യന്മാർ എത്തിയോ അവിടെല്ലാം ചാതുർവർണ്യം നാമ്പിട്ടു തഴച്ചു എന്നതു ചരിത്രപരമായ യാഥാർത്ഥ്യമാകുന്നു.

പത്തൊൻപതാംനൂററാണ്ടിൻെറ ആദ്യഘട്ടം ഇന്ത്യ യുടെ ചരിത്രത്തിൽ ഇരുളടഞ്ഞ കാലഘട്ടം തന്നെയായി രുന്നു. ജീവകാരുണ്യത്തിനു യാതൊരു സ്ഥാനവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നല്കിയില്ല. ഭർത്താവു മരിച്ചാൽ - ഭർത്താവിൻെറ ചിതയിൽച്ചാടി ഭാര്യ മരിക്കണം. ചിതയിൽ ചാടിയില്ലെങ്കിൽ ഭർത്താവിൻെറ മൃതദേഹത്തിനോടൊപ്പം ഭാര്യയെ കെട്ടിവരിഞ്ഞു ചിതയിൽ വയ്ക്കും. ഈ ക്രൂരമായ പ്രവൃത്തിക്കു ഒരു ഓമന പേരിട്ടിരുന്നു 'സതി'.

ബംഗാളിൽ റാംമോഹൻ റായിയുടെ ജ്യേഷ്ഠൻ ജഗ്മോഹൻ മരിച്ചു. വീട്ടിൽ കൂട്ടനിലവിളി ഉയർന്നു. മരിച്ചയാളുടെ വേർപാടിനെക്കുറിച്ചു മാത്രമല്ല, മരിക്കാത്തഒരാളിനെക്കൂടി ദഹിപ്പിക്കണമല്ലോ എന്നോർത്തുള്ള കരച്ചിലാണ്. സുന്ദരിയായ ഒരു സ്ത്രീ കുളികഴിഞ്ഞു മടങ്ങിവന്നു. വസ്ത്രങ്ങളണിഞ്ഞു. സിന്ദൂരം തൊട്ടു. കത്തുന്ന നിലവിളക്കിൻെറ മുന്നിൽ നിന്നപ്പോഠം ഒരു അപ്സരസ് ഉയർന്നു വന്നതു പോലെ തോന്നി. മററാരുമായിരുന്നില്ല അത്. ജഗ്മോഹൻെറ ധർമ്മപത്നി 'അളകമഞ്ജരി.'

വെളുത്തു കൊഴുത്ത ഒരു യുവാവു അവരുടെ അടുത്തേയ്ക്കു ചെന്നു. അനുകമ്പയോടെ പറഞ്ഞു. ''ഏട്ടത്തി- നിങ്ങഠം മരിക്കാൻ തയ്യാറാവരുത്. മരിച്ചയാളിൻെറ ശവം മാത്രം ദഹിപ്പിക്കണം. നിങ്ങഠം ചിതയിൽ ചാടി മരിക്കുന്നതു തെററായ പ്രവണതയാണ്.''

ആ ഭാരത സ്ത്രീയുണ്ടോ അനുജൻെറ അഭിപ്രായത്തെ ആദരിക്കുന്നു? അളകമഞ്ജരിയുടെ കഠിനമായ നിർബന്ധം മൂലം ബന്ധുജനങ്ങഠം അവളെ ഭർത്താവായ ജഗ്മോഹൻെറ മൃതദേഹത്തോടൊപ്പം കെട്ടിമുറുക്കി ചിതയിൽവച്ചു തീ കൊളുത്തി. അളകമഞ്ജരി ദയനീയ സ്വരം പുറപ്പെടുവിച്ചു. പിടഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അല്പ നിമിഷങ്ങൾക്കകം എല്ലാമെല്ലാം ചാമ്പലായി. ഈ സംഭവത്തിനു സാക്ഷ്യം വഹിച്ച രാജാറാംമോഹൻ റായി ഒരു പ്രതിജ്ഞ ചെയ്തു. അതു ഭീഷ്മ പ്രതിജ്ഞ തന്നെയായിരുന്നു. അതിന്റെ ഫലമായി 1829-ൽ സതി നിർത്തൽ ചെയ്തുകൊണ്ട് വില്ല്യം ബെൻറിംഗ് പ്രഭു ഉത്തരവു പുറപ്പെടുവിച്ചു. അങ്ങനെ നവോത്ഥാനത്തിന്റെ കിരണങ്ങൾ ബംഗാളിൽ പ്രസരിച്ചു തുടങ്ങി.

ഉത്തരേൻഡ്യയിൽ പലേടത്തും ഇമ്മാതിരിയുള്ള സത്പ്രവൃത്തിയ്ക്കു തുടക്കമിട്ടു. ഗുജറാത്തി സ്വദേശിയായ ദയാനന്ദസരസ്വതി ആര്യസമാജം സ്ഥാപിച്ചു. മഹാരാഷ്ട്രയിൽ മഹാത്മാജ്യോതി ബാഫുല്ലയുടെ നേതൃത്വത്തിൽ നവോത്ഥാന പ്രസ്ഥാനത്തിനു തറക്കല്ലിട്ടു. 'സത്യശോധക്' എന്നായിരുന്നു ആ പ്രസ്ഥാനത്തിനു നൽകിയ പേര്.

ഈ കാലഘട്ടത്തിൽ ഇൻഡ്യയുടെ തെക്കേ അററത്തു സ്ഥിതി ചെയ്യുന്ന കേരളത്തിന്റെ സാമൂഹിക പശ്ചാത്തലം എന്തായിരുന്നെന്നുകൂടി പരിശോധിക്കാം. ചാതുർവർണ്യം അതിന്റെ തനിമയിൽ തന്നെ നിലനിന്നിരുന്നു. ശൂദ്രൻ തൊട്ടുതാഴോട്ടുള്ളവരെല്ലാം ഏതു ജോലിയും ചെയ്യാൻ തയ്യാറായിരിക്കണം.

''ശൂദ്രമക്ഷര സംയുക്തം

ദൂരത: പരിവർജ്ജയേൽ'' ഇതായിരുന്നു വ്യവസ്ഥിതി. അതായത് ശൂദ്രന് അക്ഷരാഭ്യാസം ചെയ്യാൻ പാടില്ല. ഒരു പക്ഷെ! അക്ഷരാഭ്യാസം സിദ്ധിച്ചവനാണെങ്കിൽ അവനെ അടുക്കാൻ അനുവദിക്കരുത്. അകററണം. വളരെ അകലെ അകററണം. ഒരിക്കൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരു നായർ യുവാവു "സൂര്യതാപം" എന്നു പറഞ്ഞു. ഇതു കേട്ട നമ്പൂതിരി വിലപിച്ചു. "ശിവ, ശിവ ശൂദ്രൻ സാഹിത്യം ഉപയോഗിച്ചിരിക്കുന്നു. ലോകം അവസാനിക്കുവാൻ പോകുന്നു. ഇതു ശൂദ്രൻ എന്ന വിഭാഗത്തിൽ മേലേത്തട്ടിൽ നിന്നവൻെറ അവസ്ഥയാണ്. അപ്പോൾ പിന്നെ അതിനു താഴെക്കിടയിലുള്ളവരുടെ കാര്യം പറയേണ്ടതുണ്ടോ?

മററുള്ളവർക്ക്, എന്നു പറഞ്ഞാൽ ക്രിസ്ത്യാനിയ്ക്കും മുസ്ലീമിനും സൈ്വരമായി എവിടെയും യാത്ര ചെയ്യാം. മററു അവശജന വിഭാഗങ്ങൾ ദൃഷ്ടിയിൽപ്പോലും പെടാൻ പാടില്ല. ദൃഷ്ടിയിൽ ഒരു പക്ഷെ പെട്ടുപോയാൽ-താഴ്ന്ന ജാതിക്കാരനെ കണ്ട സവർണ്ണൻ കുളിച്ചു ശുദ്ധിവരുത്തണം. ഇങ്ങനെയുള്ള ഒരു വ്യവസ്ഥിതി കേരളത്തിലെ അവശവിഭാഗക്കാരെ വീർപ്പുമുട്ടിച്ചു. എന്തിനേറെ? സ്ത്രീകൾക്കു മാറു മറയ്ക്കുവാൻകൂടി സ്വാതന്ത്ര്യമനുവദിച്ചിരുന്നില്ല.

ഹിന്ദുമതത്തിലെ അവശത അനുഭവിച്ചുവന്ന ജനവിഭാഗത്തിനു ക്ഷേത്രപരിസരത്തുകൂടി പോകാൻ പാടില്ലായിരുന്നു. ക്ഷേത്രങ്ങൾക്കു സമീപത്തു കൂടിയുള്ള അവരുടെ യാത്രയെ തടയുന്നതിനായി ബോർഡുകൾ തൂക്കിയിരുന്നു. അവശന്മാരുടെ അവസ്ഥയെക്കുറിച്ച് മഹാകവി കുമാരനാശാൻ 1921 മാർച്ചു 11-ാം തീയതി അസംബ്ലിയിൽ ചെയ്ത പ്രസംഗം ചുവടെ ചേർക്കുന്നു.

GRIEVANCES OF EZHAVAS AND OTHER BACKWARD CLASSES WITH REFERENCE TO GOVERNMENT APPOINTMENTS, USING OF

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

PUBLIC ROADS AND SATROMS, THE CASTE HINDU HOSTEL AND CERTAIN PUBLIC SCHOOL, ETC.

(11th MARCH 1921)

Mr: N. Kumaran Asan (Member, Nominated) said that the Ezhavas formed an important community in the state being as numerically strong as the Nairs, that both in the past as well as in the present the Ezhavas, were living a respectable life and that they were not backward in industries. They had started and were successfully conducting several industries As landholders also. Ezhavas were not behind the other communities. Ezhavas excelled all others in the industries connected with the coconut tree and the major portion of the revenues derived by Government from Excise was the result of the labour of Ezhavas Inspite of all their importance, they were labouring under many social and other disabilities. Till a few years ago their children were not freely admitted into all public schools. Even at present their pupils were refused admission into some of the schools They were not allowed to walk freely on public roads. Their pupils were not encouraged by the grant of scholarships. No foreign scholarship was ever given to an Ezhava applicant. They were not given sufficient encouragement in the

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

public service. Even duly qualified Ezhavas who had received higher education in England and who applied for appointments in the state were, not entertained in the state service. The member cited an instance in which Government refused to lend a helping hand to two Ezhava Students who were Studying in Europe at a time when their guardians were rendered impecunious. Then again Ezhavas were very sparely represented in the lower rank of the Excise, Police, and other departments. The Community wanted only such facilities as could be afforded to them consistently with efficiency. Notice boards on public roads near temples, prohibiting access to Ezhavas and other low caste people were standing source of disgrace to the community. The member prayed for their immediate removal. In those satroms where seperate kitchens were not provided, such kitchens should be provided soon Every one did not care to cook in satroms. Hence there was no objection to allowing Ezhavas to use all satroms. The member therefore prayed that the Government might be pleased to remove the disabilities mentioned by him.

ആശാന്റെ അസംബ്ലി പ്രസംഗത്തിന്റെ ഭാഷയും അതിലെ ആശയങ്ങളും ആ കാലഘട്ടത്തിന്റെ ഒരു സമ്പൂർണ്ണചിത്രം ഇപ്പോഴും ജീവിച്ചു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വരുന്ന നമുക്ക് തരുന്നു. ഇമ്മാതിരിയുള്ള സാമൂഹിക സമ്പ്രദായത്തിനു മാററം വരുത്തിയതു ശ്രീ നാരായണ ഗുരുദേവനാണ്. ശ്രീ നാരായണ ഗുരുദേവൻ മററുള്ള ആദ്ധ്യാത്മിക ഗുരുക്കന്മാരിൽ നിന്നും എങ്ങനെ വ്യത്യസ്തനായി നില്ക്കുന്നുവെന്നറിയാൻ ആഗ്രഹം ജനിച്ചു. അങ്ങനെയുള്ള ഗുരുദേവനെക്കുറിച്ചു പഠിക്കണമെന്നു ഇത് എഴുതുന്നആളിന് ആഗ്രഹംഉളവായി വർഷങ്ങൾ പലതു കഴിഞ്ഞു. ലോകത്തിൽ ഒരുപാടു മാററങ്ങൾ ഉണ്ടായി. എങ്കിലും ശ്രീനാരായണ പ്രതിഭ ഓരോ ദിവസം കഴിയുംതോറും കൂടുതൽ കൂടുതൽ പ്രകാശത്തോടുകൂടി പ്രസരിക്കുന്നതായിട്ടാണ് കാണുന്നത്.

8275

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 3

ജനനം

പുണ്യാത്മാക്കൾക്ക് ജന്മം നൽകുമ്പോൾ ഏതെങ്കിലും ഒരു പ്രത്യേകത അനുഭവപ്പെടുമെന്നു ചരിത്ര രേഖകളിൽ കാണുന്നു. ശ്രീരാമകൃഷ്ണ പരമഹംസൻെറ ജനനത്തിനു മുൻപു ഒരു പ്രകാശധാര തന്നിലേക്കു പ്രവേശിച്ചതായി ചന്ദ്രമണിദേവി തൻെറ ഭർത്താവായ ക്ഷുധിരാമനോടു പറഞ്ഞു. ശ്രീ യേശുക്രിസ്തുവിൻെറ ജനനത്തിനുമുമ്പ് മാതാവായ മറിയത്തിനും സൂചന ലഭിക്കുകയുണ്ടായി.

ശ്രീ നാരായണ ഗുരുദേവൻെറ ജനനത്തിന് എത്രയോ ശതാബ്ദങ്ങൾക്കുമുമ്പ് പ്രവചനമുണ്ടായിരുന്നു "ഏകജാതി മത സന്ദേശവാഹകനായി 1031-ചിങ്ങമാസം 14-ാം തീയതി കുജവാരത്തിൽ ചിങ്ങം ലഗ്നത്തിൽ ഒരു മഹാപുരുഷൻ അവതരിക്കും" എന്ന് ജോതിശ്ശാസ്ത്ര മഹാപണ്ഡിതനും ത്രികാലജ്ഞനുമായ ശുക്രമഹർഷി തൻെറ ശുക്രസംഹിതയിൽ അനേക ശതാബ്ദങ്ങൾക്കു മുമ്പുതന്നെ പ്രവചിച്ചിരുന്നു. ഗുരുദേവൻെറ ജനനത്തേയും ജീവിതത്തിലുള്ള മററു പ്രധാന ഘട്ടങ്ങളേയും മഹാസമാധി കാലത്തേയും അടിസ്ഥാനമാക്കി ജ്യോതിശ്ശാസ്ത്ര പണ്ഡിതന്മാരായ പല വിദ്വാന്മാരെയും കൊണ്ടു സൂക്ഷ്മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരിശോധന നടത്തിയതിൽ ഗുരുദേവൻെറ ജനനം ശു ക്രസംഹിതയിൽ കാണിച്ച അതേ ദിവസവും സമയവും തന്നെയാണെന്നു തെളിഞ്ഞിട്ടുണ്ട്. ഗുരുദേവൻെറ ജീവിതാരംഭം മുതലുള്ള എല്ലാ പ്രവർത്തനങ്ങളും ഏക ജാതി സ്ഥാപനം ആസ്പദമാക്കിയുള്ളതാകയാൽ ശു ക്രമഹർഷിയുടെ പ്രവചനമനുസരിച്ചു ജനിച്ചിട്ടുള്ള മഹാപുരുഷൻ ഗുരുദേവനല്ലാതെ മററാരുമല്ലെന്നു ന്യായമായി വിശ്വസിക്കാവുന്നതാണ് "1954 ഡിസംബർ ലക്കം ഗുരുകുലം മാസികയിൽ റിട്ട: ഡിസ്ട്രിക്ട് മുൻസിഫ് ശ്രീ. ഡി. പി. ഗോപാലൻ ബി. എ. ബി. എൽ എഴുതിയതാണ്. ഇക്കാര്യം."

തിരുവനന്തപുരം ആററിങ്ങൽ റോഡിൽ ശ്രീകാര്യം എന്ന ഒരു സ്ഥലമുണ്ട്. അവിടെ നിന്നും വലതു വശത്തുള്ള റോഡിലൂടെ നാലു കിലോമീററർ യാത്ര ചെയ്താൽ ചെമ്പഴന്തി എന്ന ഗ്രാമപ്രദേശത്തു ചെന്നെത്താം. എട്ടുവീട്ടിൽ പിള്ളമാരിൽ ഒരാളായിരുന്ന ചെമ്പഴത്തിപ്പിള്ളയുടെ നാടാണ് അത്. ചെമ്പഴന്തിയിലാണ് മണയ്ക്കൽ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഈ ക്ഷേത്രത്തിനു തൊട്ടു പിറകുവശം ഒരു കാലത്തു ഒരു മഹാവനമായിരുന്നു. ആ കാട്ടിൽ വേട്ടയാടാൻ കൊട്ടാരത്തിൽ നിന്നുവരെ ആളുകൾ എത്തിയിരുന്നുവെന്നും അവരെ 'നായാട്ടിൽ' സഹായിക്കുവാൻ വയൽവാരത്തു കുടുംബത്തിൽ ശക്തനായ ഒരു വൃദ്ധൻ ഉണ്ടായിരുന്നെന്നും കഠിന വെയിലത്തു എത്ര പരിശ്രമിച്ചാലും വിയർപ്പു പൊടിയാത്ത മനുഷ്യനായിരുന്നു ആ വൃദ്ധനെന്നും കേരളവർമ്മ വലിയ കോയിത്തമ്പുരാൻെറ 'മൃഗയാസ്മരണകൾ' എന്ന ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കേരളവർമ്മ വ്വാിച്ചിട്ടുള്ള ആ കരുത്തനായ വൃദ്ധൻ ശ്രീ നാരായണ ഗുരുദേവൻെറ അപ്പൂപ്പനായിരുന്നു. അദ്ദേഹത്തിനു പുറമേ പ്രശസ്തരായ പല വൈദ്യന്മാരും ആ കുടുംബത്തിൽ ഉണ്ടായിരുന്നു. പനയോലയിൽ എഴുതി പ്രസിദ്ധനായ 'എഴുത്തച്ഛൻ കൊച്ചനാശാൻ' ആ കുടുംബത്തിലെ അംഗമായിരുന്നു.

പിതാവ് അരോഗദൃഢഗാത്രനും സുന്ദരനും ശാന്തശീലനും പണ്ഡിതനുമായ ഒരു അദ്ധ്യാപകനുമായിരുന്നു. ഇദ്ദേഹത്തിൻെറ ജന്മദേശം വർക്കലയ്ക്കു സമീപമുള്ള നെടുങ്ങണ്ടയാണെന്നു പറയപ്പെടുന്നു. മാടനാശാൻ എന്നായിരുന്നു പേര്. മാതാവ് കുട്ടിയമ്മ കൊച്ചനാശാൻെറ അനന്തരവളാണ്. കുട്ടിയമ്മ കുട്ടിക്കാലം മുതല്ക്കുതന്നെ ഈശ്വര ഭക്തയായിരുന്നു. സാത്വിക ഗുണം തികഞ്ഞ ഒരു മഹതിയായിരുന്നു അവർ. സദ്ഗുണ സമ്പന്നരായ ഈ ദമ്പതികൾക്ക് കൊല്ലവർഷം 1031-ാമാണ്ട് ചിങ്ങമാസം 14നു ചതയം നക്ഷത്രത്തിൽ പുലർച്ചക്കു ഒരു ആൺകുഞ്ഞു ജനിച്ചു. അതാണ് 'ശ്രീ നാരായണഗുരു'.

രണ്ടു മുറിയും ഒരു ഇടനാഴിയും മാത്രമുള്ള ഒരു കൊച്ചുഗൃഹം. ആശാൻ ദുരവസ്ഥയിൽ പാടിയതുപോലെ.

''കോണും മുഴകളും തീർന്നിട്ടില്ലായതിൽ
കാണുന്ന കൈവിരൽപ്പാടുപോലും''

മണ്ണു കുഴച്ചു വച്ചു ചാണകംതേച്ചവീട്. കുനിയാതെ ഒരാളിനു അതിനകത്തുകയറാൻസാദ്ധ്യമല്ല. അങ്ങനെയുള്ള ഗൃഹത്തിലാണ് ഗുരുദേവൻ അവതരിച്ചത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജനന വർഷത്തെക്കുറിച്ച് അഭിപ്രായ വ്യത്യാസങ്ങൾ ഇല്ലാതില്ല.

ഗുരുദേവൻെറ ഷഷ്ടിപൂർത്തി ആഘോഷം നടക്കുന്ന കാലത്ത് "നമ്മുടെ ഷഷ്ടിപൂർത്തി എന്നേ കഴിഞ്ഞുപോയി" എന്നു ഗുരുദേവൻ ശ്രീ സി. വി. കുഞ്ഞുരാമനോടു പറഞ്ഞു. ഇത് ഷഷ്ടി പൂർത്തിആഘോഷിച്ച തീയതിക്കു രണ്ടു വർഷം മുമ്പാണെന്നു കെ. ദാമോദരൻ ബി. എ. എഴുതിയ ജീവചരിത്ര ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഗുരുദേവൻെറ ജനനം 1033 ലാണെന്നു അഭിപ്രായപ്പെടുന്നവരും ഇല്ലാതില്ല. ഗുരുദേവൻെറ ശിഷ്യനായ സ്വാമി ധർമ്മതീർത്ഥർ ബി. എ. ബി. എൽ എഴുതിയ "പ്രോഫററ ഓഫ് പീസ്" "ദി ഗ്രേററുനേഷൻ ബിൽഡർ" എന്നീ ഗ്രന്ഥങ്ങളിലും ഗുരുദേവൻെറ ജനനം 1855 ആഗസ്ററു 28-ാം തീയതി (മലയാള വർഷം 1031) ആണെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഗുരദേവൻെറ സിദ്ധാന്തങ്ങൾക്കു പ്രചുരപ്രചാരം വരുത്തിയ പ്രധാന ശിഷ്യൻ നടരാജഗുരുവും, ഗുരുദേവൻെറ ജനനത്തീയതിയെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുള്ളതും 1855 ആഗസ്ററു 28-ാം തീയതി എന്നാകുന്നു. ശുക്രമഹർഷിയുടെ പ്രവചനത്തിലും 1855 എന്നാകുന്നു. "എനിയ്ക്കു നാണുവിനേക്കാരം രണ്ടു വയസ്സു കൂടുതൽ ഉണ്ട്" എന്നു ചട്ടമ്പിസ്വാമികൾ സരസകവി മൂലൂരിനോടു പറഞ്ഞിട്ടുള്ളതായി 1929 ഫെബ്രുവരി 4-ാം തീയതിയിലെ 'ധർമ്മം' എന്ന പത്രത്തിൽ അദ്ദേഹം എഴുതിയിരുന്നു. ചട്ടമ്പി സ്വാമികളുടെ ജനനം 1029 (മലയാളവർഷം) ക്രി. വർഷം 1853 ലാണ്."

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'ശ്രീനാരായണഗുരു' എന്ന പേരിൽ ഒരു മഹാൻ വളരെ കൊല്ലങ്ങൾക്കു മുമ്പു ഒരു സ്തോത്രം എഴുതിയിട്ടുണ്ട്. അതിൽ ഇങ്ങനെ പ്രതിപാദിക്കുന്നു.

''സിംഹമാസേ വാരുണീകേ
ശുഭർക്ഷേസന്നഹസ്രകെ
ഏക ത്രിംശത് സമേതാബ്ദേ
ജാതം നൌമിമഹാമുനിം.

അതായത് 1031-ലെ ചിങ്ങമാസത്തിൽ ശുഭമായ ചതയം നക്ഷത്രത്തിൽ ജനിച്ച മഹാനെ നമസ്കരിക്കുന്നു.

ജനന വർഷത്തെക്കുറിച്ചു പല അഭിപ്രായങ്ങളും ഉണ്ട്. ഈ അടുത്ത കാലത്ത് യോഗനാദത്തിൽ ഈ അഭിപ്രായഭിന്നത കണ്ടു. ശ്രീമാൻ എം. കെ. നാരായണൻെറ അഭിപ്രായം 1031 ചിങ്ങത്തിലെ ചതയം എന്നാണ്. ഭൂരിപക്ഷം പേരും ഈ അഭിപ്രായക്കാരാണ്. ഇതിൽ നിന്നെല്ലാം 1031 ചിങ്ങത്തിലെ ചതയം നക്ഷത്രത്തിലാണു (1855 ആഗസ്ററ് 18-ന്) ഗുരുദേവൻ ജാതനായതെന്നു മനസ്സിലാക്കാം.

കുഞ്ഞു ജനിച്ചു പക്ഷെ! കുഞ്ഞു കരഞ്ഞില്ല? അനക്കമുണ്ട്. ശ്വാസമുണ്ട്. ഇത് കുടുംബാംഗങ്ങളെ ഒന്നടങ്കം വിഷമിപ്പിച്ചു. അതുവരെ അവിടെ അലതല്ലിയിരുന്ന ആഹ്ലാദത്തിനു വിരാമം ഉളവായി. എന്നാലും ആശ്വാസത്തിനു കാരണമുണ്ട്. കരഞ്ഞില്ലെങ്കിലും ശ്വാസമുണ്ട്.

ഒരു പക്ഷേ

''ഒരു കുഞ്ഞു ജനിച്ച ഉടനെ കരഞ്ഞാൽ അതുവരെ ആ കുട്ടിയിൽ ഉണ്ടായിരുന്ന ആദ്ധ്യാത്മിക ഭാവം നഷ്ട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പെടുന്നു. ദുഷ്ടത നിറഞ്ഞ ലോകത്തിൽ കഷ്ടത അനുഭവിക്കാനായിഞാനുംവന്നുഎന്നുവിളിച്ചറിയിക്കുകയാണ് കരച്ചിൽ.'' ഇവിടെ ഗുരുദേവൻ കരയാതിരുന്നത്, ഒരു പക്ഷെ ആദ്ധ്യാത്മികാംശം നഷ്ടപ്പെടാതിരിക്കാനായിരിക്കാം.

നിശ്ശബ്ദമായ ഒരു വിപ്ലവത്തിനുള്ള തയ്യാറെടുപ്പല്ലേ ഈ മൌനത്തിനു കാരണമെന്നു ചിന്തിച്ചാലും തെററില്ലെന്നു പില്ക്കാല ചരിത്രം തെളിയിക്കുന്നു.

ഒരു കാലത്തു വനപ്രദേശമായിരുന്ന വയൽവാരം വീടിന്റെ പിറകുവശത്താണു ഇപ്പോൾ ശ്രീനാരായണ കോളേജ് സ്ഥിതി ചെയ്യുന്നത്. ഒന്നാം ക്ലാസു മുതൽ എം. എ. ക്ലാസുകൾവരെ അവിടെയുണ്ട്. ചെമ്പഴന്തിയാകുന്ന തീർത്ഥാടക കേന്ദ്രത്തിൽ നിന്നും വെളിച്ചം പകർന്നുകൊണ്ടു അനേകംവിദ്യാർത്ഥികൾ ആണ്ടുതോറും ജീവിത രംഗത്തേയ്ക്കു പ്രവേശിക്കുന്നു.

''ബ്രഹ്മർഷി മുഖ്യനാം വ്യാസൻ തിരുവടി
ബ്രഹ്മമായ് വീണ്ടും പിറന്നതാണീസ്ഥലം''

എന്നു കിളിമാനൂർ കേശവൻ എഴുതിയിരിക്കുന്ന ഗുരുദേവ കർണ്ണാമൃതമെന്ന മഹാകാവ്യത്തിലെ വരികളാണു എന്റെ ഓർമ്മയിൽ തങ്ങി നില്ക്കുന്നത്.

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 4

ബാല്യവും വിദ്യാഭ്യാസവും

കുഞ്ഞിന് മാതാപിതാക്കൾ നാണുവെന്നു പേരിട്ടു. സുവർണ്ണപ്രഭ വിതറുന്ന കുട്ടിയുടെ കൊഞ്ചലുകൾ കുടുംബാംഗങ്ങളിൽ സന്തോഷമു ള വാ ക്കി. അതിന്റെ ശരീരകാന്തി ആരെയും ആകർഷിക്കത്തക്കതായിരുന്നു.

ഓടികളിക്കാൻ തുടങ്ങിയതോടെ കുസൃതിത്തരങ്ങൾ കാട്ടിത്തുടങ്ങി. ജാതിഭേദം കൂടാതെ എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികളോടും ചേർന്നുകളിക്കുക, പുലയ സമുദായത്തിലും കുറവ സമുദയത്തിലും പെട്ട കുട്ടികളെ വീട്ടിൽ വിളിച്ചുകൊണ്ടുവന്ന് ആഹാരം കൊടുക്കുക, അവരെ കുളിപ്പിച്ച് വൃത്തിയുള്ളവരാക്കുക, അങ്ങനെ സന്തോഷം കൊള്ളുക എന്നിവ നാണുവിന്റെ സ്വഭാവ വിശേഷങ്ങളായിരുന്നു.

പൂജയ്ക്കു ഒരുക്കിവയ്ക്കുന്ന ക ൽ ക്ക ണ്ടം , ശർക്കര, മുന്തിരങ്ങ, പഴം കരിക്ക്, മുതലായ സാധനങ്ങൾ ആരുമറിയാതെ എടുത്തു ഭക്ഷിക്കുക, അതു കൂട്ടുകാർക്കുകൂടി എടുത്തുകൊണ്ട് കൊടുക്കുക, തുടങ്ങിയ പ്രവൃത്തികൾ കുടുംബാംഗങ്ങളിൽ പ്രയാസം സൃഷ്ടിച്ചുവെങ്കിലും കുട്ടിയുടെ അകൃത്രിമമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുഞ്ചിരി കാണുമ്പോൾ രക്ഷിതാക്കളുടെ മനോവേദന മാറിയിരുന്നു.

സമൂഹത്തിൽനിന്നും ഒററപ്പെട്ടുകഴിയുന്ന കുഷ്ഠരോഗികളെ ചെന്നു തൊടുക, അവർക്ക് ആഹാരം കൊണ്ടുകൊടുക്കുക, അവരെ പരിചരിക്കുക, ആരെയും ഭയപ്പെടാതെ-ഒരു കൂസലും കൂടാതെ-കുട്ടി അമ്മാതിരിയുള്ള പ്രവൃത്തികൾ ചെയ്തുകൊണ്ടിരുന്നു. നാണുവിൻെറ ഈദൃശ പ്രവൃത്തികൾ വീട്ടുകാരെ വ്യാകുലചിത്തരാക്കി. കുട്ടിയുടെ അസാധാരണമായ പെരുമാററം ബന്ധുജനങ്ങളിൽ വിസ്മയവും ഭയവും ജനിപ്പിച്ചു.

അഞ്ചുവയസു പ്രായമായ നാണുവിനെ ഒരു ദിവസം വീടിൻെറ പരിസരത്തു എങ്ങും കണ്ടില്ല. വീട്ടുകാർ പരക്കംപാഞ്ഞു അന്വേഷണമാരംഭിച്ചു. ബന്ധുജനങ്ങളുടെ വീട്ടിൽ പോയിരിക്കുമോ? അടുത്തുള്ള ബന്ധുക്കളുടെ വീടുകളിലും നാണുവിൻെറ കൂട്ടുകാരുടെ വീടുകളിലും ചൂട്ടും കെട്ടിയെരിച്ചുകൊണ്ട് ആളുകൾ അന്വേഷിച്ചു. അവിടെങ്ങും ഇല്ല. രക്ഷിതാക്കൾ അന്തംവിട്ടു നില്ക്കുമ്പോഴാണ് ആ വാർത്ത അറിഞ്ഞത്. പടിഞ്ഞാറു ഭാഗത്തുള്ള വനത്തിൻെറ മദ്ധ്യത്തിൽ നില്ക്കുന്ന ഊക്കൻ മരത്തിൻെറ ചുവട്ടിൽ നാണു പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു! ഈ വിവരം കേട്ടു അച്ഛനും അമ്മയും അമ്പരന്നുപോയി.

അഞ്ചാമത്തെ വയസ്സിൽ നാണുവിനെ എഴുത്തിനിരുത്തി. വീട്ടിൽ ഇരുന്നു പഠിച്ചു. ബന്ധുജനങ്ങളിൽ പണ്ഡിതന്മാരും വൈദ്യന്മാരും ഉണ്ടാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിരുന്നു. പറയുന്നതിനുമുമ്പ് നാണു അതു ഗ്രഹിക്കുകയും അക്ഷരങ്ങൾ വടിവൊത്ത രീതിയിൽ എഴുതികഴിയുകയും ചെയ്യും. അദ്ഭുതാവഹമായ ഈ സ്വഭാവരീതി ഗുരുജനങ്ങളുടെ ഹൃദയങ്ങളിൽആനന്ദത്തിൻെറ അലകൾ സൃഷ്ടിച്ചു. നാണു അനിതര സാധാരണമായ ബുദ്ധിയുടെ ഉടമയാണെന്നു അവർക്കു മനസ്സിലാക്കാൻ കൂടുതൽസമയം വേണ്ടിവന്നില്ല. അതിനുശേഷം കുടിപ്പള്ളിക്കൂടത്തിൽ ചേർത്തു. നെല്ലൂർ എന്ന നായർ ഗൃഹത്തിലെ കുടിപ്പള്ളിക്കൂടത്തിലെ അദ്ധ്യാപകൻ മാടനാശാനായിരുന്നു. ഗുരുദേവൻ ആദ്യപാഠങ്ങൾ പഠിച്ചതു അവിടെവച്ചാണ്.

അനന്തരം സംസ്കൃതം പഠിപ്പിക്കണം ബന്ധുജനങ്ങൾക്ക് ആഗ്രഹം ഉളവായി. ഇന്നത്തെപ്പോലെ സ്ക്കൂളുകളോ, കോളേജുകളോ അന്നുണ്ടായിരുന്നില്ല. ആശാന്മാരുടെ കീഴിൽ പഠിത്തം നടത്തുകയാണ് പതിവ്.

ചെമ്പഴന്തിയിലെ പ്രധാനപ്പെട്ട കുടുംബങ്ങളിലൊന്നാണ് കണ്ണങ്കരവീട്. അവിടെപണ്ഡിതന്മാരും വിദ്വാന്മാരും അന്നുഉണ്ടായിരുന്നു. നാണുവിനോടു നാട്ടുകാരും വിശിഷ്യാ കണ്ണങ്കര വീട്ടുകാരും പ്രത്യേകം വാത്സല്യം പ്രകടിപ്പിച്ചു. സംസ്കൃ താ ഭ്യ സ ന ത്തിനു നാണു കണ്ണങ്കരവീട്ടിലേക്കുപോയി. ബാലനായ നാണുവിൻെറ പാണ്ഡിത്യം മനസ്സിലാക്കിയ മൂത്ത പിള്ള അഭിപ്രായപ്പെട്ടതു എന്തായിരുന്നുവെന്നുകൂടി പരിശോധിക്കാം.

"ഈ ബാലൻ (നാണു) ലോ കാ രാ ദ്ധ്യ നാ യ മഹാനാകും. പക്ഷെ! പതിനാ റു വ യ സ്സു വ രെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാത്രമേ മാതാപിതാക്കൾക്കു വളർത്താൻ കഴിയൂ. പിന്നീടു കിട്ടുന്നകാര്യം പ്രയാസമാണ്.''

കണ്ണങ്കരവീട്ടിലെ മൂത്തപിള്ളയുടെ പ്രവചനം അക്ഷരാർത്ഥത്തിൽ തന്നെ ഫലിച്ചല്ലോ! ജ്യോതിശാസ്ത്രത്തിൽ അവഗാഢമായ പാണ്ഡിത്യവും സംസ്കൃതത്തിൽ നല്ല വ്യുൽപ്പത്തിയും ഉണ്ടായിരുന്ന ഒരു മഹാവ്യക്തിയായിരുന്നു മൂത്തപിള്ള. പഞ്ചപക്ഷി ശാസ്ത്രത്തിലും നല്ല അറിവ് ഉണ്ടായിരുന്നു മൂത്തപിള്ളയ്ക്ക്.

കണ്ണങ്കരവീട്ടിലെ വിദ്യാഭ്യാസത്തിനുശേഷം നേരെപോയതു കായംകുളത്തേക്കായിരുന്നു. കായൽ തീരത്തിനു സമീപത്തു പ്രസിദ്ധമായ ഒരു വീടുണ്ട്. 'വാരണപ്പള്ളി' എന്നാണു ആ പുരാതന തറവാടിൻെറ പേര്. വിദ്യാഭ്യാസത്തിനുവേണ്ടി പണം ചെലവാക്കുന്നതിൽ ആ ഗൃഹത്തിലെ കാരണവൻമാർക്കു സന്തോഷവും സംതൃപ്തിയും ഉണ്ടായിരുന്നു. കുമ്മമ്പള്ളി രാമൻപിള്ള ആശാനായിരുന്നു കുട്ടികളെ പഠിപ്പിച്ചിരുന്നത്. നാട്ടിൻെറ നാനാഭാഗങ്ങളിൽ നിന്നും വിദ്യ അഭ്യസിക്കുവാൻ കുട്ടികൾഎത്തിയിരുന്നു. നാണുവും പഠനത്തിനുവേണ്ടി വാരണപ്പള്ളിയിൽ ചെന്നു. ആശാൻെറ കീഴിൽ സംസ്കൃതപഠനം നടത്തി. നാണുവിൻെറ ബുദ്ധിയും സാമർത്ഥ്യവുംകണ്ട് ആശാന് അതിയായ അഭിമാനമുളവായി. ആശാനെപ്പോലെതന്നെ ശിഷ്യനും മിടുക്കനാണെന്നബോധം സഹവിദ്യാർത്ഥികൾക്കും ഉണ്ടായി.

വാരണപ്പള്ളിയിൽ വിദ്യാഭ്യാസം നടത്തിപ്പോരുന്ന അവസരത്തിലും നാണുവിൻെറ സ്വഭാവം സഹ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിദ്യാർത്ഥികളിൽ നിന്നും വ്യത്യസ്തമായിരുന്നു. കഴിയുന്നതും ഒററയ്ക്കുയാത്രചെയ്യുക, മററുള്ളവർക്ക് അസുഖമുണ്ടാക്കുന്ന ഒരുവാക്കും ഉച്ചരിക്കാതിരിക്കുക തുടങ്ങിയ കാര്യങ്ങളിൽ നാണു പ്രത്യേകം ശ്രദ്ധിച്ചിരുന്നു. "A gentlmen is one who does not inflict pain on others" എന്ന് കാർഡിനൽന്യൂമാൻെറ നിർവചനം ഈ അവസരത്തിൽ സ്മരണയിൽ വരുന്നു. ഏകാന്തമായ ജീവിതം നാണു കൂടുതൽ ഇഷ്ടപ്പെട്ടു. ആശാൻെറയും സഹവിദ്യാർത്ഥികളുടേയും വാരണപ്പള്ളി കുടുംബാംഗങ്ങളുടേയും വാത്സല്യത്തിനു നാണു പാത്രീഭവിച്ചു.

ഒരുദിവസം നാണുവിനെ വാരണപ്പള്ളി പരിസരത്തു അന്വേഷിച്ചിട്ടു കണ്ടില്ല. പലരും പലവഴിക്കു അന്വേഷണം നടത്തി. വളരെ അകലെ താമസിച്ചിരുന്ന ഒരു കുഷ്ഠരോഗിക്കു പരിചരണങ്ങൾ ചെയ്യുന്നതായി അറിഞ്ഞു. അനുകമ്പയെ അടിസ്ഥാനമാക്കിയുള്ളതാണു നാണുവിൻെറ ജീവിതമെന്നു അവർ മനസ്സിലാക്കി. സാത്വികസ്വഭാവം വെടിയാത്ത പെരുമാററം. അതിൻെറ ഉടമയാണു നാണുവെന്നു എല്ലാവരും ഗ്രഹിക്കുവാൻ താമസമുണ്ടായില്ല.

കവിതാ നിർമ്മിതിയിൽ നാണുവിനുണ്ടായിരുന്ന അനിതര സാധാരണമായവൈഭവം എല്ലാവരേയും ആകർഷിച്ചു. വാരണപ്പള്ളിവീട്ടിലെ അമ്മയുടെ ആഗ്രഹപ്രകാരം ശ്രീകൃഷ്ണഭഗവാനെക്കുറിച്ചും ഒരുകവിത എഴുതികൊടുത്തു.

വിദ്യാഭ്യാസത്തിനുശേഷം നാണു സ്വദേശമായ ചെമ്പഴന്തിയിലേക്കു മടങ്ങി. കുട്ടികളെ പഠിപ്പിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നതിൽ അതീവസാമർത്ഥ്യം പ്രകടിപ്പിച്ചു. അദ്ധ്യാപകവൃത്തി ആരംഭിച്ചതോടെ നാണു 'ആശാനായി'. 'മേട' എന്ന സ്ഥലത്താണു നാണുആശാൻെറ കുടിപ്പള്ളിക്കൂടം സ്ഥിതിചെയ്തിരുന്നത്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 5

അവധൂതൻ

നാണു ആശാന്റെ പാഠശാലയിൽ ധാരാളം കുട്ടികൾ ചേരുകയുണ്ടായി. കുട്ടികളെ പഠിപ്പിക്കുക എന്ന കാര്യം മാത്രമേ ആശാനുണ്ടായിരുന്നുള്ളൂ. അദ്ധ്യാപക വൃത്തി കഴിഞ്ഞാൽ എല്ലാവരിൽനിന്നും അകന്ന് അകലെയുള്ള ശാന്തസുന്ദരമായ സ്ഥലങ്ങളിൽ ചെന്നിരിക്കും. അക്കാലത്ത് അദ്ദേഹം സന്യാസത്തിന്റെ പടികൾ യഥാർത്ഥത്തിൽ ചവിട്ടുവാൻ തുടങ്ങിയിരുന്നു. വിദ്യാഭ്യാസം സിദ്ധിച്ചശേഷവും നാണു ആശാന്റെ ജീവിത രീതിക്കു സാരമായ മാററം ഉണ്ടായില്ല. അങ്ങ് അകലെ ചക്രവാളത്തിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് ചിന്താക്രാന്തനായിരിക്കും, ബാലനായ മുഹമ്മദുനബി ഗുഹയ്ക്കുള്ളിൽ തപസ്സു അനുഷ്ഠിച്ചതുപോലെ.

വേളി എന്ന സ്ഥലത്തുള്ള മല നാണു ആശാന് ശാന്തത പ്രദാനം ചെയ്തു. രണ്ടു മൂന്നു ദിവസമായി നാണു ആശാനെ കണ്ടില്ല. തെരഞ്ഞു തെരഞ്ഞു റാന്തൽ വിളക്കുമായി ബന്ധു ജനങ്ങൾ വേളിമലയിലെത്തി. കൂരിരുട്ടു കട്ടപിടിച്ചു കിടന്ന വേളി മലയുടെ അടിവാരത്തു അദ്ദേഹം ധ്യാന നിരതനായിട്ടിരിക്കുന്നതാണ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രക്ഷിതാക്കൾ കണ്ടത്. വേളിമല ഒരു കാലത്തു വൃക്ഷ നിബിഡമായിരുന്നു. പല തരത്തിലുള്ള ദുഷ്ടമൃഗങ്ങൾ അവിടെയുണ്ടായിരുന്നു. അക്കാലത്ത് പകൽ സമയത്തുപോലും ആരും ആ മലയുടെ പ്രാന്ത പ്രദേശങ്ങളിൻ സഞ്ചരിച്ചിരിന്നില്ല. അത്രയ്ക്കു ഭയം ആ പ്രദേശത്തെക്കുറിച്ചു ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിരുന്നു. കൂടാതെ കൊള്ളക്കാരുടെ ഒരു ചെറിയ സങ്കേതവും കൂടിയായിരുന്നു വേളിമല. "ഇരുട്ടുകട്ട പിടിച്ചിരിക്കുന്ന സ്ഥലത്തു ഇങ്ങനെ ഏകനായിരിക്കുന്നതു നല്ലതാണോ?" എന്ന ബന്ധുജനങ്ങളുടെ ചോദ്യത്തിന് "ഒരു കാലത്തു ഇവിടെയും പ്രകാശം പരന്നു കൂടെന്നില്ലാ" എന്നു നാണു ആശാൻ മറുപടി പറഞ്ഞു (ഇന്നു I. S. R.O സ്ഥിതി ചെയ്യുന്ന ലോക പ്രസിദ്ധമായ തുമ്പ വേളിമലയിലും പരിസരത്തുമാണ്.)

നാണു ആശാൻ സന്യാസിയായിപ്പോകുമെന്നു ബന്ധുജനങ്ങൾ സംശയിച്ചു. അവരുടെ സംശയം നാൾക്കുനാൾ വർദ്ധിച്ചു. ലൌകിക ജീവിതത്തിൽ ഇടപെടുത്തിയാൽ കൊള്ളാമെന്നു ബുദ്ധിമാന്മാർ അഭിപ്രായപ്പെട്ടു. ഈ അഭിപ്രായത്തിനു ആക്കം വർദ്ധിച്ചു. എന്നാൽ നാണു ആശാൻ അതിനെക്കുറിച്ചു ചിന്തിച്ചതേയില്ല. ഒടുവിൽ നാണു ആശാൻെറ അറിവോ സമ്മതമോ കൂടാതെ ഒരു യുവതിയെ വിളിച്ചു കൊണ്ടുവരാൻ ബന്ധുജനങ്ങൾ തീരുമാനിച്ചു.

വിവാഹക്കാര്യത്തിനു മദ്ധ്യസ്ഥനായി പ്രവർത്തിച്ചത് ക്ഷുരക സമുദായത്തിൽപ്പെട്ട ഒരാളായിരുന്നു. വയൽവാരത്തു കുടുംബത്തിൽപ്പെട്ട ഒരംഗമായ ഒരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൈദ്യൻ നെടുങ്ങണ്ട ഉടയാൻ കുഴിവീട്ടിൽ നിന്നു വിവാഹം കഴിച്ചിരുന്നു. ആ വൈദ്യൻ കുടുംബസമേതം പാർത്തിരുന്നത് കടയ്ക്കാവൂരിനു സമീപമുള്ള ആനത്തലവട്ടത്തു തോപ്പിൽ വീട്ടിലായിരുന്നു. വിഷജന്തുക്കളുടെ ഉപദ്രവം മൂലമുണ്ടാകുന്ന രോഗങ്ങൾക്കു ആ വൈദ്യൻ ചികിത്സ നടത്തുമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ 'വിഷഹാരി' വൈദ്യൻ എന്നു ജനങ്ങൾ വിളിച്ചുപോന്നു. വിഷവൈദ്യന്റെ രണ്ടാമത്തെ മകൾ 'കാളിയമ്മ'യെയാണു പുടവകൊടുത്തു വിളിച്ചുകൊണ്ടു പോകാൻ നാണു ആശാന്റെ ആൾക്കാർ തീരുമാനിച്ചുറച്ചത്.

അന്ന് ഇന്നത്തെപ്പോലെ വധുവും വരനും പന്തലിൽ ഇറങ്ങി നാലുപേരുടെ മുമ്പിൽവച്ചു താലികെട്ടുന്ന സമ്പ്രദായമില്ലായിരുന്നു. വരന്റെ സഹോദരി ചെന്ന് പുടവകൊടുത്തു പെൺകുട്ടിയെ വിളിച്ചുകൊണ്ടു പോകുന്നതായിരുന്നു പതിവ്. ആ പതിവ് അനുസരിച്ചാണു നാണു ആശാന്റെ സഹോദരി ബന്ധുജനങ്ങളുടെ ആഗ്രഹപ്രകാരം ആനത്തലവട്ടത്തു തോപ്പിൽ വീട്ടിൽപോയി മുറയ്ക്ക് അമ്മാവനായ വിഷഹാരി വൈദ്യന്റെ മകളെ പുടവകൊടുത്തു വിളിച്ചുകൊണ്ടുവന്നത്. എന്നാൽ ബന്ധു ജനങ്ങളുടെയും സ്വന്തക്കാരുടെയും ശ്രമം വൃഥാവിലായിപ്പോയി. ആ ദിവസം അർക്കൻ അസ്തമിക്കുന്നതിനു മുൻപുതന്നെ നാണു ആശാൻ ബന്ധുജനങ്ങളോടും ഗൃഹത്തിനോടും വിട പറഞ്ഞു. പിന്നീടു അദ്ദേഹം ചെമ്പഴന്തിയിൽ ചെന്നിട്ടില്ലാ എന്നാണു പഴമക്കാർ പറയുന്നത്.

പല ജീവചരിത്രകാരന്മാരും അവരവരുടെ സരസ്വതീ വിലാസമനുസരിച്ചു ഈ വിഷയത്തെക്കുറിച്ചു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എഴുതിയട്ടുണ്ട്. ലേഖകൻ ഇക്കാര്യത്തെക്കുറിച്ച് ആനത്തലവട്ടത്തു ചെന്നു അന്വേഷിച്ചു. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുമുമ്പു നിര്യാതനായ ആനത്തലവട്ടത്തു കണിക്കുടി മാധവൻ ലേഖകനു വിവരിച്ചു തന്നതും മേൽ പ്രസ്താവിച്ച രീതിയിലാണ്. ലേഖകൻെറ മാതുലനായ മാധവൻ, കുട്ടിക്കാലത്തു പാർത്തിരുന്നതു കണിക്കുടിയിലായിരുന്നു. മാധവൻെറ പിതാവ് ഗുരുദേവ ഭക്തനായിരുന്നു. പലപ്പോഴും ഗുരുദേവൻ കണിക്കുടി വീട് സന്ദർശിച്ചിട്ടുണ്ടായിരുന്നു. വിവാഹക്കാര്യത്തെുറിച്ചു മാധവൻെറ അച്ഛൻ സൂചിപ്പിച്ചപ്പോൾ "ഓരോരുത്തരുടെയും ജീവിതത്തിനു ഓരോ ലക്ഷ്യമുണ്ട്" എന്നുമാത്രം ഗുരുദേവൻ മറുപടി പറഞ്ഞതായിരുന്നു.

ഇപ്പോൾ ജീവിച്ചിരിക്കുന്നവരും വിദ്യാസമ്പന്നരും തൊണ്ണൂറിനുമേൽ പ്രായമുള്ളവരുമായ നെടുങ്ങണ്ട കാക്കകുഴി മാധവൻ സാറിനെയും വക്കത്തു കുരുത്തോലയിൽ ഗോവിന്ദൻ വാദ്ധ്യാരെയും ലേഖകൻ കണ്ടു. ഇക്കാര്യത്തെക്കുറിച്ചു ചോദിച്ചു.

"ബ്രഹ്മചര്യത്തിനു യാതൊരു കോട്ടവും തട്ടാത്ത ആ മഹാത്മാവിനെക്കുറിച്ചു അസംബന്ധങ്ങൾ പലരും എഴുതിവിടുന്നുണ്ട്. അതു തടയണം" ഗുരുദേവനെ നേരിൽ കാണാനും വസ്തുതകൾ ഗ്രഹിക്കുവാനും കഴിഞ്ഞ അനുഭവസ്ഥരുടെ അഭിപ്രായം ഇതാണ്.

ഇവരെ കൂടാതെ എൺപതു വയസ്സിനുമേൽ പ്രായമുള്ളവരും വിവിധ സമുദായങ്ങളിൽപ്പെട്ടവരുമായ പല ആളുകളെയും ലേഖകൻ കണ്ടു. ഈ വിഷയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തെക്കുറിച്ചു് സംസാരിച്ചു, എല്ലാ പേരുടെയും അഭിപ്രായം ഒന്നു തന്നെ. "ബ്രഹ്മചര്യം നഷ്ടപ്പെടുത്തിയ ഒരു ജീവിതം ഗുരുദേവനില്ലായിരുന്നു". ഗുരുദേവൻെറ കുടുംബത്തിൽപ്പെട്ട ശ്രീ. വാസുദേവൻ എഴുതി പ്രസിദ്ധീകരിച്ച കവിതയിലെ ചിലവരികൾകൂടി പരിശോധിക്കാം.

"സ്വാമികൾ തന്നുടെ സന്യാസ ജീവിതം
സാമ്പ്രതം കണ്ടിട്ടുമാതുലനും
ദാമ്പത്യബന്ധത്തിൽ ബന്ധിച്ചാൻ സ്വാമിയെ
ബന്ധത്തെ ഛേദിച്ചാൻ ദേവനപ്പോൾ"

ഈ കവിതയിൽനിന്നും ഒരു കാര്യം വ്യക്തമാകുന്നുണ്ട്. നാട്ടാചാരപ്രകാരം സഹോദരി പുടവ കൊടുത്തു കാളിയമ്മയെ വിളിച്ചു കൊണ്ടുവന്നുവെങ്കിലും ആ ബന്ധം അപ്പോൾ തന്നെ എന്നന്നേക്കുമായി വിഛേദിക്കപ്പെടുകയാണുണ്ടായത്. ശ്രീ നാരായണ ഗുരുദേവ കൃതിയായ ശിവശതകത്തിൽ മഹേശനോടു പ്രാർത്ഥിക്കുന്നതു ഇപ്രകാരമാണ്

"മിഴിമുനകൊണ്ടു മയക്കിനാഭിയാകും-
കുഴിയിലുരുട്ടി മറിപ്പതിന്നൊരുങ്ങി
കിഴിയുമെടുത്തു വരുന്നമങ്കമാർതൻ-
വഴികളിലിട്ടു വലയ്ക്കൊലാമഹേശ!

ഇമ്മാതിരിയുള്ള കവിതകളിലൂടെ മഹേശനെ പ്രാർത്ഥിക്കുന്ന മുനി വിവാഹബന്ധത്തിലേർപ്പെടാൻ ആഗ്രഹിക്കുമെന്നു ചിന്തിക്കുവാൻ പ്രയാസമാണ്.

നാടും വീടും വിട്ട നാണുആശാൻ അലഞ്ഞുതിരിഞ്ഞുനടന്നു. ഏകാന്തമായ സ്ഥലംകണ്ടാൽ അവിടെയി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രുന്നു ധ്യാനിക്കും ധ്യാനനിരതമായ ജീവിതം. ചിലപ്പോഠം ലക്ഷ്യമില്ലാത്ത നടത്തം ആരിൽനിന്നും എന്തു കിട്ടിയാലും വാങ്ങി കഴിക്കും. ഒന്നിലും ശ്രദ്ധയില്ല. ആന്തരികമായ ഏതോ ഒന്നിനു വേണ്ടി മനസ്സു പരക്കം പായുകയായിരുന്നു. അലഞ്ഞു തിരിഞ്ഞ് അഞ്ചുതെങ്ങിലെ തെരുവീഥിയിലൂടെ നടന്നപ്പോഠം പിട്ടുകച്ചവടം ഉപജീവനമാക്കിയ ഒരു മുസ്ലീം സ്ത്രീ സ്വാമിയെ സമീപിച്ചു പിട്ടുകഴിക്കണമെന്നു അപേക്ഷിച്ചു. യാതൊരു തർക്കവും പറയാതെ സന്തോഷത്തോടെ അതുകഴിച്ചു. വൃദ്ധയായ ആ ഉമ്മയെ ദയയോടെ നോക്കിയിട്ടു നടന്നുപോയി. ഉമ്മ മരിക്കുന്നതുവരെ അവരുടെ ചെറുമക്കളോടു സ്വാമിയെക്കുറിച്ചു പറയുമായിരുന്നു.

"ഞാൻ പിട്ടുകടയിൽ ഇരുന്നപ്പോഠം സ്വർണ്ണനിറത്തിലുള്ള ഒരു ചെറുപ്പക്കാരൻ എന്റെ കടയുടെമുമ്പിൽ വന്നുനിന്നു. ഞാൻ അദ്ദേഹത്തിന്റെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. എനിക്കു കൂടുതൽ നേരം ആ മുഖത്തേക്കു നോക്കാനുള്ള ശക്തിയില്ലായിരുന്നു. എന്തൊരു തേജസ്സു പിട്ടുകഴിക്കുവാൻ ഞാൻ വിളിച്ചു. ഒരു ഇല നല്ലതുപോലെ തുടച്ചു വൃത്തിയാക്കി അതിൽ പിട്ടു എടുത്തുവച്ചു. സ്വർണ്ണനിറംപോലെയുള്ള വിരലുകഠംകൊണ്ട് ആ പിട്ടുഎടുത്തുകഴിക്കുന്നതുകണ്ടാൽ 'അള്ളാ'വന്നു അടുത്തിരുന്നു കഴിക്കുകയുണ്ടോ എന്നു തോന്നിപ്പോകും."

അനന്തരകാലത്തു ഗുരുദേവൻ അഞ്ചുതെങ്ങിൽ സഞ്ചരിച്ചിരുന്നു. ഈ ഉമ്മ വടിയുമിടിച്ചു നില്ക്കുന്നതു കണ്ടപ്പോഠം "നമുക്ക് ആഹാരം തന്ന ഉമ്മയാണെന്നു" പറഞ്ഞു അവരെ ആശ്ലേഷിച്ചിട്ടുക്ക്. ദക്ഷിണ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ത്യയുടെ പലഭാഗങ്ങളിലും നാണുആശാൻ ചുററി സഞ്ചരിച്ചു. ആര്, ആഹാരം കൊടുത്താലും കഴിക്കും, ആരോടും ഒന്നും എതിർത്തു പറയുകയില്ല കന്നുകാലികൾക്കു കഴിക്കാനായി കൽത്തൊട്ടികളിൽ കലക്കി വച്ചിരുന്ന കാടിയിൽ കണ്ടവററ് എടുത്തു കഴിച്ചിട്ടുണ്ട്.

തെക്കൻ തിരുവിതാംകൂറിലെ തെരുവീഥികളിൽ കൂടി ലക്ഷ്യബോധമില്ലാതെ നടന്ന നാണുആശാൻ ഒരു ഭ്രാന്തനല്ലേ എന്നു പല വ്യക്തികളും സംശയം പ്രകടിപ്പിച്ചു. ഒരു സ്ഥലത്തു മാത്രമല്ല ഇമ്മാതിരി അഭിപ്രായങ്ങൾ ഉണ്ടായത്. പല സ്ഥലങ്ങളിലും പല ആളുകൾ ഇങ്ങനെ അഭിപ്രായപ്പെട്ടിരുന്നു. നാണു ആശാനെ ഉപദ്രവിക്കാൻപോലു പലരും പ്ലാൻ ചെയ്തിരുന്നു. പക്ഷെ! വികൃതവേഷം ധരിച്ച ഭ്രാന്തനായ ആ മനുഷ്യൻെറ സമീപത്തു ചെല്ലുമ്പോൾ എന്താണോ അവർ ആഗ്രഹിച്ചിരുന്നത് അതു നടക്കാതെ പോയതായി അനേകം കഥകൾ അനേകം പേർ പറഞ്ഞു കേട്ടിട്ടുണ്ട്. താൻ ജീവിക്കുന്ന ലോകത്തുനടക്കുന്ന കാര്യങ്ങളേക്കുറിച്ചോ ദാഹം, വിശപ്പ് തുടങ്ങിയ ശാരീരികാവശ്യങ്ങളെ ക്കുറി ച്ചോ ചി ന്തി ക്കാ തെ അത്യുൽക്കടമായ ആദ്ധ്യാത്മികചിന്തയിൽ നിമഗ്നനായി ദിവസങ്ങൾ നീങ്ങിനീങ്ങിപ്പോകുന്നത് അദ്ദേഹമറിഞ്ഞില്ല. അത്രയ്ക്കു ചിന്താപരവശത ആ കാലഘട്ടത്തിൽ അദ്ദേഹത്തിനുണ്ടായിരുന്നു.

നൂററാണ്ടുകളായി വർണ്ണവിവേചനം അനുഭവിക്കുന്ന ലക്ഷോപലക്ഷം ജനതയ്ക്ക് ആശ്വാസത്തിൻെറ അടിസ്ഥാനശില അദ്ദേഹം ഉറപ്പിക്കുകയായിരുന്നെന്നു കരുതാം. അവധൂതനായി എത്രകാലം നടന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വെന്നു ഒരുപക്ഷെ അദ്ദേഹം കണക്കുകൂട്ടി കാണുകയില്ല. ഈകാലഘട്ടത്തിലാണ് നാണുആശാൻ കുഞ്ഞൻ പിള്ള ചട്ടമ്പിയുമായിപരിചയപ്പെടുന്നത്. ഒരമ്മയുടെ ഇരട്ടസ്സന്താനങ്ങളെപ്പോലെ ആ ഗുരുക്കന്മാർ ജീവിച്ചു. കുടിപ്പള്ളിക്കൂടത്തിലെ മാനിട്ടറെ ചട്ടമ്പി എന്നു വിളിച്ചുവന്നു. അതുകൊണ്ടാണ് കുഞ്ഞൻ പിള്ളയ്ക്കു ചട്ടമ്പി എന്ന സ്ഥാനപ്പേരു ലഭിച്ചത്.

◆◆

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 6

വെളുത്തേരിയും പെരുന്നെല്ലിയും

കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം പട്ടണത്തിന്റെ തെക്കുഭാഗത്തു തോട്ടം എന്ന ഒരു പ്രദേശം ഉണ്ട്. സാംസ്ക്കാരികമായ ഒരു പൈതൃകം അവകാശപ്പെടാവുന്ന ഒരു സ്ഥലമാണ് അത്. ഈ പ്രദേശത്തിനു സമീപത്താണ് പ്രസിദ്ധമായ ഇരുങ്കുളങ്ങര ദുർഗ്ഗാക്ഷേത്രം സ്ഥിതിചെയ്യുന്നത്. അതിനടുത്താണ് വെളുത്തേരിൽഭവനം, അവിടത്തെ കാരണവരും നാട്ടുപ്രമാണിയുമായിരുന്ന ഈശ്വരൻ പത്മനാഭന്റെ മൂന്നാമത്തെ പുത്രനായി 1033 കന്നി മാസത്തിലെ മകം നക്ഷത്രത്തിൽ കേശവൻ ജനിച്ചു.

കേശവന്റെ ജനനം പിതാവിനെ അത്യധികം ആഹ്ലാദിപ്പിക്കുകയുണ്ടായി. എന്തുകൊണ്ടെന്നാൽ കേശവൻ ഒരുവലിയ ആളാകുമെന്നു ജ്യോത്സ്യൻ പറഞ്ഞു. വളരെ പ്രതീക്ഷയോടുകൂടിതന്നെ കേശവനെ എഴുത്തിനിരുത്തി. കാരിയ്ക്കൽ ആശാൻ എന്നറിയപ്പെട്ടിരുന്ന കുറുമണ്ഡപത്തു കുഞ്ചുപ്പെരുമാറം ആശാനായിരുന്നു എഴുത്തും വായനയും കണക്കും പഠിപ്പിച്ചത്. കേശവൻ നല്ല വ്യുൽപ്പത്തി സമ്പാദിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊല്ലവർഷം 1045-ാം മാണ്ടിടയ്ക്കു പുതുപ്പള്ളിൽ വാരണാപ്പള്ളി കുടുംബത്തിലെ അന്നത്തെകാരണവന്മാരിൽ പ്രധാനിയായിരുന്ന കൃഷ്ണപ്പണിക്കർ ഏതോ ചില കാര്യങ്ങൾക്കായി തിരുവനന്തപുരത്തു വന്നു. അദ്ദേഹം അതിഥിയായി വെളുത്തേരിയിൽ താമസിക്കുവാനിടയായി. ചുണയും ചുറുചുറുക്കുമുള്ള കേശവനെന്ന ബാലനെ അവിടെവച്ചു പണിക്കർകണ്ടു. കരുത്തനായ ഒരുസിംഹക്കുട്ടിയെപ്പോലെ നിർഭയനായി ഓടിച്ചാടിനടന്ന കേശവൻെറ ബുദ്ധി വൈഭവം പണിക്കർക്കു മനസ്സിലാക്കാൻ അധികസമയം വേണ്ടിവന്നില്ല. കേശവൻെറ പിതാവിൻെറ അനുമതിയോടെ ആ കുട്ടിയെ സംസ്കൃതം പഠിപ്പിക്കുവാൻ വാരണപ്പള്ളിയിലേക്കു കൊണ്ടുപോയി.

തോട്ടം എന്ന പ്രദേശത്തിൻെറ പടിഞ്ഞാറുഭാഗത്താണു മുട്ടത്തറ എന്ന സ്ഥലം സ്ഥിതിചെയ്യുന്നത്. അവിടെയാണു പെരുന്നല്ലിൽ ഭവനം. പരിഷ്കൃതാശയനും കരകൗശലവിദ്യയിൽ സാമർത്ഥ്യം നേടിയവനുമായ കുട്ടിയപ്പിയുടെ മകനായി 1038 കുംഭം 8 നു ചതയം നക്ഷത്രത്തിൽ കൃഷ്ണൻ ജനിച്ചു. കൃഷ്ണൻ ഒരു കൊച്ചു സുന്ദരക്കുട്ടൻ തന്നെയായിരുന്നു. കൃഷ്ണനെ കണ്ടാൽ ആരും നോക്കാതെ പോകുകയില്ല

പേട്ടയിൽ രാമൻപിള്ള ആശാൻെറ കീഴിലാണു വിദ്യ ആരംഭിച്ചത്. ബുദ്ധിമാനായ കൃഷ്ണൻ, ഭാഷയിൽ അതിവേഗം നല്ല പരിജ്ഞാനം നേടി. മഹാപണ്ഡിതനായ പരവൂർ ഗോവിന്ദനാശാനെ കൃഷ്ണൻെറ പിതാവു പെരുന്നെല്ലിയിൽ ക്ഷണിച്ചുവരുത്തി. രണ്ടുകൊല്ലം ഗോവിന്ദനാശാൻ അവിടെ താമസിച്ചു ശ്രീരാമോദന്തം, കൃഷ്ണവിലാസം, യുധിഷ്ഠിരവിജ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യം എന്നിവ കൃഷ്ണനെ അഭ്യസിപ്പിച്ചു. അതിനു ശേഷം വായനയിലും പഠിത്തത്തിലും മുഴുകിയിരുന്നു കൃഷ്ണൻ. എന്നാൽ ഒരു ദിവസം കൃഷ്ണനെ കാണാതായി. ബന്ധുമിത്രാദികൾ അന്വേഷണമാരംഭിച്ചു. അന്വേഷണത്തിൽ വാരണപ്പള്ളിൽ താമസിച്ചു പണ്ഡിതനായ കുമ്മംപള്ളിൽ 'രാമൻപിള്ള' യാശാൻെറ അടുക്കൽ സംസ്കൃതം പഠിക്കുന്നതായി അറിവുകിട്ടി. കൃഷ്ണൻെറ പിതാവ് കായംകുളത്ത് എത്തി ഗൃഹനാഥനേയും ഗുരുവിനേയും കണ്ടു സംസാരിച്ചു. കൃഷ്ണൻെറ പിതാവിന് ആശ്വാസമായി.

അന്നു വാരണപ്പള്ളിൽ സംസ്കൃതാഭ്യാസനം നടത്തിയിരുന്ന വെളുത്തേരിൽ കേശവൻ, കൃഷ്ണൻെറ ബന്ധുവായിരുന്നു. കേശവൻെറ പ്രശസ്തി നാടെങ്ങും പരന്നുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. കേശവനെപ്പോലെ തനിക്കു പ്രശസ്തനാകണമെന്ന മോഹം കൃഷ്ണനും ഉണ്ടായി അങ്ങനെ ജ്ഞാനതൃഷ്ണക്കു വേണ്ടിയാണു കൃഷ്ണൻ വാരണപ്പള്ളിൽ പോയത്. ആരുടെകൂടെയാണു പോയതെന്ന് അറിയേണ്ടേ? നാണു അണ്ണൻെറ കൂടെ! ആരാണീ നാണു അണ്ണൻ? ചെമ്പഴന്തിയിലെ നാണു സന്ന്യാസിയല്ലാതെ മററാരുമായിരുന്നില്ല!

വാരണപ്പള്ളിയിലെ, സാഹിത്യരസികനായ പണിക്കർ വിദ്യാർത്ഥികളുടെ സാഹിത്യാഭിരുചിയെ കലവറകൂടാതെപ്രോത്സാഹിപ്പിച്ചിരുന്നു. വിദ്യാർത്ഥികളെക്കൊണ്ടു കവിതകൾ എഴുതിക്കുകയും ചെയ്തിരുന്നു. എല്ലാ വിദ്യാർത്ഥികളും സാഹിത്യാദികലകളിൽ ഉത്സാഹത്തോടെ പങ്കെടുത്തിരുന്നുവെങ്കിലും നാണുമാത്രം അതിൽ ഭാഗഭാക്കാകാതെ ഒഴിഞ്ഞുമാറി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിന്നിരുന്നു. വാദപ്രതിവാദംമൂത്തുമൂത്തുവരുമ്പോഠം ഗുരുനാഥൻ നാണുഭക്തനെ വിളിച്ചു അഭിപ്രായം ചോദിക്കുക പതിവായിരുന്നു. നാണുവിൻെറ നാവിൽ നിന്നും പുറത്തുവരുന്ന ചുരുക്കം ചില വാക്കുകഠം അവ അർഹിക്കുന്ന ഗൗരവത്തൊടെസദസ്സ് സ്വീകരിച്ചിരുന്നു. നാണുവിൻെറ അഭിപ്രായമായിരുന്നു അവസാനത്തെ തീരുമാനം. വെളുത്തേരിയുടെ കരുത്തും പെരുന്നല്ലിയുടെ സാമർത്ഥ്യവും നാണുഭക്തൻെറ അന്തർമുഖതയും ഗുരുഭൂതന്മാരും സഹപാഠികളും നല്ലതുപോലെ മനസ്സിലാക്കിയിരുന്നു.

വാരണപ്പള്ളിൽ അന്നു കഥകളിയും നടത്തിയിരുന്നു. കൃഷ്ണപ്പണിക്കരുടെ ആജ്ഞ അനുസരിച്ചു വെളുത്തേരിൽ കേശവൻ വൈദ്യൻ അന്നു ഒരു ആട്ടക്കഥ എഴുതുകയുണ്ടായി. ''സുന്ദോപസുന്ദയുദ്ധം.''അന്നു ഈ കൃതിക്കു നാട്യവേദിയിൽ വളരെ പ്രചാരം ലഭിച്ചിരുന്നു. വെളുത്തേരിയുടെ പ്രസന്നരാഘവം നാടകതർജ്ജിമ സൌരപുരാണം തുടങ്ങിയസാഹിത്യ കൃതികളെക്കുറിച്ചു കുറച്ചു വിവരം മാത്രമേ ലഭിച്ചിട്ടുള്ളൂ. പഠനം പൂർത്തിയാക്കിയശേഷം ഗുരുദക്ഷിണയും കൊടുത്തു ഗുരുവിൻെറ അനുഗ്രഹവും രക്ഷിതാവിൻെറ അനുമതിയും വാങ്ങി വെളുത്തേരിൽ കേശവൻ തോട്ടത്തിലേക്കു തിരിച്ചുവന്നു. അതു പോലെതന്നെ പെരുന്നല്ലിയും.

യുവപണ്ഡിതനായ കേശവൻവൈദ്യർ തൻെറ വീട്ടിൽ ഒരു വിദ്യാകേന്ദ്രം സ്ഥാപിച്ചു. കൂടാതെ മർമ്മ വിദ്യ, കായികാഭ്യാസം മുതലായ വിഷയങ്ങളിലും യുവാക്കന്മാർക്കു പരിശീലനം നല്കി. ഏതു വിഷയത്തെക്കുറിച്ചും തർക്കിക്കുവാൻ പ്രാപ്തരായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പണ്ഡിതന്മാരെ അവിടേക്കുക്ഷണിച്ചു. അങ്ങനെ തർക്ക ക്ലാസ്സും മുടക്കം കൂടാതെ നടന്നു. പണ്ഡിതനായ വെളുത്തേരി ഒരു വിദഗ്ദ്ധ വാഗ്മി കൂടിയായിരുന്നു. വെളുത്തേരി ഒരു യോഗത്തിൽ പ്രസംഗിച്ചുകൊണ്ടു നില്ക്കുന്നതു കാണാനും കേരംക്കാനും മൂലൂർ പത്മനാഭ പണിക്കർക്കു ഭാഗ്യം സിദ്ധിച്ചു. മൂലൂർ വെളുത്തേരിയെ വർണ്ണിച്ചിരിക്കുന്നതു എങ്ങനെയെന്നുനോക്കാം.

"ദോർദ്ദണ്ഡത്താലുമത്യുൽംബ്ബണഗുണമിയലും ജിഹ്വയാലുംതരംപാർ
ത്തുരംദ്ദണ്ണംതെല്ലുമെന്യേവിമതരെയടിയിൽ ത്താഴ്ത്തുമൂർജ്ജ സ്വലാംഗൻ
വൈദ്യൻ, വിദ്വാൻ, ഗഭീരാശയ, നിരുകരളൻ, താർക്കികൻ, വാഗ്മിരണ്ടാ-
മുദ്ദണ്ഡൻ കേശവാഖ്യൻ സദസിപൊടിപൊടിക്കുന്നു തൻവാക്പ്രസംഗം"

പണ്ഡിതാഗ്രേസരനായമൂലൂർ പത്മനാഭപണിക്കരാണു വെളുത്തേരിയെക്കുറിച്ചു ഇങ്ങനെ പാടിയെന്നു മനസ്സിലാക്കണം.

നാണുസന്ന്യാസിയും വെളുത്തേരിയും പെരുന്നല്ലിയും സതീർത്ഥ്യന്മാരാണെന്നു നാം കണ്ടുവല്ലോ നാണുസന്ന്യാസി തിരുവനന്തപുരത്തും പരിസരപ്രദേശങ്ങളിലുമുള്ള മഹാ ക്ഷേത്രങ്ങളിൽചെന്നു തപസ്സു ചെയ്യും. ചിലപ്പോരം അലഞ്ഞുതിരിഞ്ഞു നടക്കും. ഈ കാലഘട്ടത്തിൽ ഒരു സായംസന്ധ്യക്കു പെരുന്നല്ലിൽ കൃഷ്ണൻവൈദ്യർ നാണുസന്ന്യാസിയെ കാണാനിടയായി. നാണു ഭക്തനല്ലേ ! പോകുന്നതെന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പെരുനെല്ലി ചോദിച്ചു. 'അതേ' എന്നു നാണുഭക്തൻ മറുപടി പറഞ്ഞു. ''എൻെറ ഭവനം ഇവിടടുത്താണ്. അവിടെയ്ക്കു വരാമല്ലോ?'' പെരുനെല്ലി വീണ്ടും ചോദിച്ചു. ''വിരോധമില്ല'' എന്നു നാണുഭക്തനും മറുപടി പറഞ്ഞു.

നാണുഭക്തൻ പെരുനെല്ലി വീടും വെളുത്തേരി വീടും കൂടക്കൂടെ സന്ദർശിച്ചുകൊണ്ടിരുന്നു. ഇവിടെവച്ചു സുഹൃത്തായ കുഞ്ഞൻപിള്ളയെ വീണ്ടും കാണാനിടയായി. ചെമ്പഴന്തി അണിയൂർ ക്ഷേത്ര പരിസരത്തു വച്ചു കണ്ടു സംസാരിച്ചതിനുശേഷം വീണ്ടും കണ്ടുമുട്ടിയത് വെളുത്തേരിൽവച്ചായിരുന്നു വെളുത്തേരിഭവനവും പെരുനെല്ലിഭവനവും അന്നത്തെ പല പണ്ഡിതന്മാരും സന്ദർശിച്ചിരുന്നു. ഒരു ദിവസം ഏതാനും ബ്രാഹ്മണ പണ്ഡിതന്മാർ വെളുത്തേരി ഭവനത്തിൽ ചെന്നു. അവർ ഗീതയിലെ ചിലഭാഗങ്ങൾ ഉദ്ധരിച്ചു വെളുത്തേരിയുമായി ചർച്ച തുടങ്ങി. ചർച്ച തർക്കത്തിൻെറ വക്കത്തു വരെ എത്തി. എന്നാൽ ഈ തർക്കത്തിൽ ബ്രാണ്മണ പണ്ഡിതന്മാരെ വെളുത്തേരി പരാജയപ്പെടുത്തുകയുണ്ടായി. ഇതിലൊന്നും ഭാഗഭാഗക്കാതെ രണ്ടുപേർ ഭൂമുഖത്ത് ഇരിക്കുകയായിരുന്നു. സാക്ഷാൽ നാണുഭക്തനും കുഞ്ഞൻപിള്ളച്ചട്ടമ്പിയുമായിരുന്നു അവർ. പരാജിതരായ ബ്രാഹ്മണ പണ്ഡിതന്മാർ സ്ഥലം വിടുകയും ചെയ്തു. കുഞ്ഞൻപിള്ളയും നാണുഭക്തനും വെളുത്തേരിയും ഒരുമിച്ചിരുന്നു ആഹാരം കഴിച്ചു. വിശ്രമത്തിനിടയിൽ നാണുഭക്തൻ പറഞ്ഞു ''ബ്രാഹ്മണ പണ്ഡിതന്മാരുടെ നിലപാടു ശരിയാണ്. വെളുത്തേരിയുടെ അഭിപ്രായം ഗീതയുടെ സാരാംശ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തുനുതന്നെ യോജിക്കുന്നതല്ല. തർക്കപ്രിയനായ വെളുത്തേരി നാണുഭക്തനോടു തർക്കിക്കാൻ ഒരു ശ്രമം നടത്തി നോക്കി. അതു അസ്ഥാനത്താണെന്നു മനസ്സിലാക്കിയ വെളുത്തേരി ആ ശ്രമത്തിൽ നിന്നും പെട്ടെന്നു പിൻമാറുകയുണ്ടായി. മൂവരുംകൂടി തൈക്കാട്ടുപോയി അയ്യാവിനെ കാണാൻ ഒരുമ്പെട്ടു. തൻെറ ഉത്തരീയം എടുത്തോട്ടെ എന്നു പറഞ്ഞു വെളുത്തേരി മുറിയ്ക്കുള്ളിലേക്കു പോയി. വെളുത്തേരി ഉത്തരീയവുമായിട്ടല്ല തിരിച്ചുവന്നത്. പിന്നെയോ, നാലു വരി കവിതയുമായിട്ടായിരുന്നു. ഭക്ത്യാദരപൂർവ്വം ആ കവിത നാണുഭക്തനു സമർപ്പിച്ചു.

"ശ്രീനാരായണ ദേശിക
യതിവരചരണാരവിന്ദമകരന്ദം
മാമക മാനസ മധുകര
വിഹരസമാ സ്വാദ്യ–വിശ്രമപ്രദം"

മാമകമാനസ മധുകര - എൻെറ മനസ്സാകുന്ന-അല്ലയോ വണ്ടേ, നീ വിശ്രമത്തെ - സുഖത്തെ - സദാ പ്രദാനം ചെയ്തു കൊണ്ടിരിക്കുന്നതായ- ശ്രീനാരായണനെന്ന ദേശിക യതിവരൻെറ - ചരണാരവിന്ദത്തിലെ മകരന്ദം (തേൻ) സമാസ്വദിച്ചിട്ടു വിഹരിച്ചാലും. ശ്രീനാരായണൻെറ പാണ്ഡിത്യത്തിൻെറ ചക്രവാളസീമയിലേക്കു തന്നെപ്പോലുള്ളവർക്കുചെന്ന് ചേരാൻ കഴിയുകയില്ലെന്നു. തോന്നിയ പണ്ഡിതശ്രേഷ്ഠനായ വെളുത്തേരിൽ കേശവവൈദ്യൻ ചട്ടമ്പിസ്വാമികളുടെ മുമ്പിൽവച്ചു ദേശികൻ-ഗുരുവെന്നു സംബോധന ചെയ്തു. ഇതിൽനിന്നു ഒരു കാര്യം നമുക്കു അനുമാനിക്കുവാൻകഴിയും. ശ്രീ നാരായണൻ അവധൂതനായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നടന്ന വേളയിലാണു വെളുത്തേരി'ഗുരു' വെന്നു വിളിച്ചത്. ഒരു പക്ഷെ ശ്രീ നാരായണനെ ആദ്യമായി 'ഗുരു' വെന്നു സംബോധന ചെയ്തതു വെളുത്തേരിയായിരിക്കാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 7

അയ്യാസ്വാമികളുടെ കൂടെ

ഭാരതം പുണ്യഭൂമിയാണെന്നാണല്ലോ പൊതുവെയുള്ള വിശ്വാസം. മഹർഷിമാരുടെ നാട്. മഹർഷിമാർ ഉണ്ടായിട്ടുണ്ട്- ഉണ്ടാകുന്നുണ്ട്. അക്കൂട്ടത്തിൽപ്പെട്ട ഒരാളാണ് തൈയ്ക്കാട്ടു അയ്യാവ്.

ശ്രീ അയ്യാ കാശ്യപ ഗോത്രജനാണ്. മഹർഷി ഋഷികേശരുടെ പുത്രനായ ശ്രീ. മുത്തുകുമാരന്റെ മകനാണ്. പാലക്കാട്ടു ജില്ലയിൽ പാമ്പിൻകാട് എന്ന പ്രദേശത്തു നിന്നും രാഷ്ട്രീയമായ കാരണങ്ങളാൽ മാറി തമിഴ്നാട്ടിലേക്കു പോയതാണ് അയ്യാവിന്റെ പൂർവ കുടുംബം. അയ്യാവു കുട്ടിക്കാലത്തു തന്നെ സിദ്ധിയുള്ള വ്യക്തിയായിരുന്നു. അയ്യാവിന്റെ പൂർവ്വികരിൽ ചിലർ ബ്രിട്ടീഷ് ഭരണാധികാരികളുമായി അടുപ്പമുള്ളവരായിരുന്നു. അങ്ങനെയാണു ആയില്യം തിരുനാളിന്റെ കാലത്തു റെസിഡൻസിയിൽ സൂപ്രണ്ടു ഉദ്യോഗം അയ്യാവിനു ലഭിച്ചത്. 1048 മുതൽ തൈയ്ക്കാട്ടു അയ്യാവിന്റെ ആദ്ധ്യാത്മിക പ്രഭാവം പൊതുജനങ്ങൾക്കു അറിയാമായിരുന്നു. സിദ്ധി വൈഭവമുള്ള ഒരു മഹാവ്യക്തിയെന്ന നിലയിൽ അദ്ദേഹം അംഗീകരിക്കപ്പെട്ടു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അയ്യാസ്വാമികളുടെ മഹത്ത്വം പ്രചരിച്ചതോടുകൂടി അദ്ദേഹത്തിന് ധാരാളം ശിഷ്യഗണങ്ങൾ ഉണ്ടായി. അക്കൂട്ടത്തിൽ പ്രധാനികളായ രണ്ടു ശിഷ്യന്മാരാണ് ശ്രീ ചട്ടമ്പിസ്വാമികളും ശ്രീ നാരായണഗുരുവും.

അയ്യാസ്വാമികളുടെ പുത്രൻ ശ്രീ ലോകനാഥ പണിയ്ക്കർ ശിവഗിരി മഠാധിപതി ശ്രീ ശങ്കരാനന്ദ സ്വാമി അവർകൾക്ക് അയച്ച കത്തിന്റെ ഉള്ളടക്കം കുറിക്കുന്നു.

“ശ്രീ നാരായണഗുരുസ്വാമികളേയും ശ്രീ ചട്ടമ്പി സ്വാമികളേയും പററിയുള്ള പരമാർത്ഥങ്ങൾ അങ്ങയെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ചട്ടമ്പിസ്വാമികൾക്കും നാരായണഗുരുസ്വാമികൾക്കും എന്നോടു വലിയ സ്നേഹമായിരുന്നു. അവർ എന്റെ അച്ഛന്റെ ശിഷ്യന്മാരാണ്. അവർ രണ്ടുപേരും അച്ഛന്റെ അടുത്തു വന്നുകൊണ്ടിരുന്ന കാലം മുതൽക്കാണ് എനിക്കു പരിചയത്തിനിടവന്നത്. അച്ഛനെ ‘അയ്യാ സ്വാമി’ എന്നാണ് ജനങ്ങൾ വിളിച്ചു വരുന്നത്. അച്ഛന്റെ പേർ സുബ്ബരായപ്പണിക്കർ എന്നാണ്. അച്ഛന് തിരുവനന്തപുരം റസിഡൻസിയിൽ സൂപ്രണ്ട് ഉദ്യോഗമായിരുന്നു. അവിടത്തെ പേരും മേൽപ്പറഞ്ഞതു തന്നെ. കേരളത്തിൽ പണിക്കർ, മേനോൻ, കുറുപ്പു, നായർ, ഏറാടി, അടിയോടി എന്നു ആറു പേരോടുകൂടിയ ഒരു സമുദായമുണ്ടായിരുന്നു. ഇവരിൽ ഉയർന്നവരും താണവരും എന്നുള്ള നിലയുണ്ടായിരുന്നു. തമിഴ് നിഘണ്ടുക്കളിൽ പണിക്കർ എന്ന പദത്തിന് ‘ഉപാദ്ധ്യായ’നെന്നാണർത്ഥം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുഞ്ഞൻപിള്ള ചട്ടമ്പിസ്വാമികളാണ് അച്ഛനിൽനിന്നും ശിഷ്യപദം ആദ്യം സ്വീകരിച്ചത്. എട്ടു വർഷം ആളിനെ പരിശോധിച്ചതിൻെറ ശേഷമാണു ചട്ടമ്പിസ്വാമിക്കു അച്ഛൻ ഉപദേശം കൊടുത്തതെന്ന് എനിക്കറിയാം. അതൊരു ചിത്രാപൗർണ്ണമിയ്ക്കായിരുന്നു. ഏത് ആണ്ടാണെന്നു നിശ്ചയമില്ല. ചട്ടമ്പിസ്വാമിക്കു അന്നു ഉദ്ദേശം ഇരുപത്തിയഞ്ചു വയസ്സിരിക്കും. നാണു ഗുരുസ്വാമിയെ അച്ഛൻെറ അടുക്കൽ ശിഷ്യനാക്കുവാൻ കൊണ്ടുവന്നതു ചട്ടമ്പിസ്വാമിയാണ്. അവർ തമ്മിൽ ആത്മമിത്രങ്ങളെപ്പോലെ തന്നെ നടന്നു വന്നിരുന്നു. അന്ന് അവരുടെ ഇരിപ്പും കിടപ്പുമെല്ലാം ഒരുമിച്ചു തന്നെയായിരുന്നു. ചട്ടമ്പിസ്വാമി അച്ഛനോട് ഉപദേശം വാങ്ങി ഒരു വർഷം കഴിഞ്ഞു ചിത്രാപൗർണ്ണമിക്കാണ് നാണു ഗുരുസ്വാമി ഉപദേശം വാങ്ങിയത്. ഈ ദീക്ഷ ചെയ്യുന്നതിന് അന്നത്തെ പൂജയ്ക്കുവേണ്ട ചടങ്ങിന് നെയ്യും നീരും പുഷ്പവും വെററിലയും മററുമൊക്കെ ഞാൻ കൊണ്ടു കൊടുത്തതും അന്നത്തെ പൂർണ്ണചന്ദ്രൻെറ പ്രകാശവും നാണു ഗുരുസ്വാമിയുടെ ശിരസ്സിൽ നെയ്യും നീരും മററും അർപ്പിച്ചതും, അപ്പോൾ നാണുഗുരുസ്വാമി കിണ്ടിയിലെ വെള്ളം അയ്യാസ്വാമിയുടെ കയ്യിലൊഴിച്ചു മന്ത്രം ചൊല്ലി അനുഗ്രഹം വാങ്ങിയതും ഇന്നും എൻെറ ഓർമ്മയിൽ ഇന്നലെയെന്നോണം തങ്ങി നിൽക്കുന്നു. ചട്ടമ്പിസ്വാമികൾക്കും ഗുരുസ്വാമികൾക്കും യോഗമാർഗ്ഗത്തെ പലപ്പോഴും ഉപദേശിക്കുകയും അഭ്യാസമാർഗ്ഗം അനുഭവത്തിൽ കാണിച്ചു കൊടുക്കുകയും ചെയ്തിരുന്നു. ഇങ്ങനെ കുറച്ചുകാലം കഴിഞ്ഞതിനുശേഷം നാരായണ ഗുരുസ്വാമി പല സിദ്ധികളും കാണിക്കുമായിരുന്നു. ഇങ്ങനെയിരിക്കെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരു ദിവസം ഗുരുസ്വാമികളോടു അച്ഛൻ ചോദിച്ചു "നീ ഇഹത്തിയ്ക്കാഹവാ അല്ലത് പരത്തിക്കാകവാ വേലൈ ശെയ്കിറായ്". "നാൻ പരത്തിർക്കാകവേ വേലൈ ശെയ്കിറേൻ" എന്നു ഗുരുസ്വാമി മറുപടി പറഞ്ഞു. എന്നാൽ, നീ ഇനിമേൽ സിദ്ധിമാർഗ്ഗത്തിൽ പ്രവേശിക്കക്കൂടാത്" എന്നു പറഞ്ഞുകേട്ടിട്ടുണ്ട്. ചട്ടമ്പിസ്വാമിയും ഗുരുസ്വാമിയും ഒരുമിച്ച് കൂട്ടുകാരായി കുറെക്കാലം പല സ്ഥലങ്ങളിലും സഞ്ചരിച്ചതായി എനിക്കു ബോദ്ധ്യമുണ്ട്. അഛന്റെ മാതാവായ തുളസിഅമ്മ പലപ്പോഴുംഇവർക്ക് ഭക്ഷണം കൊടുത്തിട്ടുണ്ട്. ഇവർ രണ്ടുപേർക്കും തമിഴിൽ നല്ല ജ്ഞാനം ഉണ്ടായിരുന്നു. ചട്ടമ്പിസ്വാമികൾ "പ്രാചീന കേരളം" എന്ന ഗ്രന്ഥമെഴുതിയത് അച്ഛന്റെ കൈവശം ഇരുന്ന ഒരു തമിഴ് താളിയോല ഗ്രന്ഥം നോക്കിയാണ്. അയ്യാസ്വാമിയുടെ മഹാസമാധി 1084 കർക്കടകം 4-ാം തീയതി മകം നക്ഷത്രത്തിൽ 96-ാം വയസ്സിൽ ആയിരുന്നു. അച്ഛന്റെ ജന്മനാൾ അശ്വതി നക്ഷത്രമാണ്. സമാധി കഴിഞ്ഞു ഒരു വർഷം കഴിഞ്ഞപ്പോൾ ഗുരുസ്വാമികളെ ഞാൻ കുററാലത്തു വച്ചു കണ്ടു. അപ്പോൾ ആ മഹാത്മാവ് എന്നെ സ്നേഹപൂർവ്വം വന്നു കെട്ടിപ്പിടിച്ചു. ഞാൻ ഭക്തിപരവശനായി നിന്നുപോയി. കുറെ കഴിഞ്ഞപ്പോൾ അന്ന് അയ്യാസ്വാമിയെപ്പററി തമിഴിൽ ഗുരുസ്വാമികൾ എഴുതിയ ഒരു പാട്ടുപാടി കേൾപ്പിച്ചു. ഗുരുസ്വാമികളെക്കുറിച്ചു എനിക്കു വളരെ പായുവാനുണ്ട്. വാർദ്ധക്യമായതിനാൽ അവയെല്ലാം തൽക്കാലം ചുരുക്കുന്നു

എന്ന്,

എസ്സ്. ലോകനാഥപണിക്കർ

(ഒപ്പ്)

10-9-120. തൈയ്ക്കാട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മേൽ വിവരിച്ച കത്തിൽനിന്നും ശ്രീനാരായണ ഗുരുദേവനും ശ്രീ ചട്ടമ്പിസ്വാമിയും അയ്യാസ്വാമിയുടെ ശിഷ്യന്മാരാണെന്നു തെളിയുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 8

മരുത്വാമലയിൽ

അയ്യാസ്വാമിയുടെ അനുഗ്രഹവും വാങ്ങിക്കൊണ്ടു ശ്രീനാരായണൻ നേരെ പോയത് മരുത്വാമലയിലേക്കാണ്. അദമ്യമായ ആത്മദാഹം. അടക്കാനാവാത്ത ആവേശം. കടലിലെ തിരമാലകളെപ്പോലെ ആവേശം ഉയർന്നുപൊങ്ങി. രണ്ടു സന്യാസിമാർ. ശ്രീ ചട്ടമ്പിസ്വാമികളും, ശ്രീനാരായണഗുരുസ്വാമിയും തപസ്സിനുള്ള സ്ഥലമന്വേഷിച്ചു പുറപ്പെട്ടു. കണ്ടെത്തി.

പ്രസിദ്ധ പട്ടണമായ നാഗർകോവിലിനു അടുത്താണ് മരുത്വാമല. അവിടെ നിന്നും ഏതാനും കിലോമീററർ ദൂരമേ കന്യാകുമാരിക്കുള്ളൂ. നിത്യകന്യകയായി വാണരുളുന്ന കന്യാകുമാരിദേവിയ്ക്കു പാദസേവ ചെയ്യുന്ന പശ്ചിമഘട്ടത്തിന്റെ ഭാഗമാണ് മരുത്വാമല. അതു പാറക്കെട്ടുകളുടെ ഒരു സങ്കേതമാണ്. വളരെ പൊക്കത്തിൽ വളർന്നു നിൽക്കുന്ന കരിമ്പനക്കൂട്ടങ്ങൾ. അവയ്ക്കിടയിൽ ഔഷധവീര്യം നിറഞ്ഞ ചെടികൾ. ഫലങ്ങൾ പ്രദാനംചെയ്യുന്ന ചെടികൾ. സ്വൈരമായി വിഹരിക്കുന്ന വന്യമൃഗങ്ങൾ.

പാറക്കെട്ടുകളിൽ ഏററവും ഉയർന്ന ഭാഗത്തു കാണപ്പെടുന്ന ഗുഹയെ "പിള്ളത്തടം" എന്നു ഭയഭക്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബഹുമാനങ്ങളോടെ ആളുകൾ പറഞ്ഞുപോരുന്നു. ഗുരുവും വായുവും ചേർന്നു ഗുരുവായൂരുണ്ടായതു പോലെ പിള്ളയായ ശ്രീകൃഷ്ണന്റെ പാദപങ്കജങ്ങൾ പതിഞ്ഞിരുന്ന പാടു കണ്ടിരുന്നതുകൊണ്ടാണ് 'പിള്ളത്തട' മെന്നു പേരു ലഭിച്ചതെന്നുഭക്തജനങ്ങൾ പറയുന്നു.

മരുത്വാമലയും അവിടത്തെ ഗുഹകളും ചരിത്രത്തിന്റെ ഏടുകളിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം പിടിച്ചിട്ടുണ്ട്. മഹാമുനികൾക്ക് ഏകാന്തമായ തപസ്സനുഷ്ഠിക്കുവാൻ ഇത്ര ശാന്തസുന്ദരമായ ഒരു പ്രദേശം കന്യാകുമാരി ജില്ലയിൽ എവിടെ കിട്ടും? അഗസ്ത്യമുനിയുടെആവാസസ്ഥാനം മരുത്വാമലയായിരുന്നല്ലോ. അങ്ങനെ മഹർഷിമാരുടെ വിഹാരം നിമിത്തം പാവനമായ മരുത്വാമലയെന്ന തപോവനത്തിലാണ് ശ്രീനാരായണഗുരുദേവനും ചട്ടമ്പിസ്വാമികളും തപസ്സു അനുഷ്ഠിച്ചത്.

ഗുരുദേവ ഭക്തനും ചരിത്രാന്വേഷകനും പണ്ഡിതനുമായിരുന്ന ശ്രീ മുക്കോർത്തുകുമാരൻ ഗുരുദേവന്റെ മരുത്വാമലയിലെ തപസ്സിനെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നതു പരിശോധിക്കാം.

"മരുത്വാമലയിൽ ഏററവും അഗ്രത്തുള്ള പിള്ളത്തടം എന്ന ഗുഹയിലായിരുന്നു സ്വാമികൾ തപസ്സു ചെയ്തിരുന്നത്, ആ ഗുഹ വിശാലമായതും ആളുകൾ ചെന്നു നോക്കിയാൽ കാണാതെ മറഞ്ഞിരിക്കുവാൻ തരമുള്ളതും പരിസര ശുദ്ധിയും വാസസുഖമുള്ളതുമാകുന്നു. സമുദ്രത്തിനഭിമുഖമായ ദ്വാരത്തോടുകൂടിയതിനാൽ ശുദ്ധവായു ശ്വസിക്കുവാൻ വളരെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൗകര്യമുള്ളതെന്നു മാത്രമല്ല; കാററിൻെറ ഉപദ്രവം ഉണ്ടാകുമ്പോാം അതിൻെറ ബാധയിൽനിന്നും ഒഴിഞ്ഞു നിൽക്കുവാൻ തക്ക സ്ഥിതിയിലുള്ളതുമാകുന്നു. ഉള്ളിൽ നല്ല ശുദ്ധ മണലുണ്ട്. അതിൽ ദർഭ വിരിച്ചിരിക്കുവാൻ ബഹു സുഖമുള്ളതാണ്.''

ശ്രീചട്ടമ്പിസ്വാമികാം തപസ്സുപൂർത്തിയാക്കുന്നതിനു മുമ്പുതന്നെമരുത്വാമലയോടു യാത്രപറഞ്ഞു. ശ്രീനാരായണഗുരുദേവൻ തപസ്സു തുടർന്നു. വനത്തിൽനിന്നും ലഭ്യമായിരുന്ന ഫലവർഗ്ഗങ്ങളും ഔഷധ വീര്യമുള്ള പച്ചിലകളും മാത്രമായിരുന്നു ഈ കാലഘട്ടത്തിൽ ഗുരുവിൻെറ ആഹാരം. ശരീരത്തിൻെറ ആഹാരമല്ല ഗുരുവിനു പ്രധാനം. പിന്നെയോ? മനസ്സിൻെറ ആഹാരം. തപസ്സ്. കഠിനമായ തപസ്സിൽ കഴിയുമ്പോഴാണു ദർശനമുണ്ടായതെന്നു ജനങ്ങാം വിശ്വസിച്ചുപോരുന്നു. സിദ്ധാർത്ഥരാജകുമാരനു ബോധംലഭിച്ചതു ബോധി വൃക്ഷച്ചുവട്ടിൽവച്ചാണെങ്കിൽ ശ്രീനാരായണഗുരുദേവനു ബോധംലഭിച്ചതു മരുത്വാമലയിൽ വച്ചായിരുന്നു. ശങ്കരാചാര്യരെ പരിശോധിക്കുവാൻ ചണ്ഡാലൻെറ രൂപത്തിൽ പരമശിവൻ പ്രത്യക്ഷപ്പെട്ടു. ശങ്കരാചാര്യർ ആ പരീക്ഷണത്തിൽ പരാജിതനായി. ഗുരുദേവൻ ധ്യാനനിരതനായിരിക്കുമ്പോാം ഒരു കുഷ്ഠരോഗിയുടെ രൂപത്തിൽ സുബ്രഹ്മണ്യൻ പ്രത്യക്ഷപ്പെട്ടു. ''വിശക്കുന്നു. കഴിക്കാൻ എന്തെങ്കിലും വേണം'' എന്നുആവശ്യപ്പെടുകയുണ്ടായി. തൻെറപക്കൽ കുറെ മാവു പൊടിയും തണുത്ത ജലവും ഉണ്ടെന്നും അതു രണ്ടുപേർക്കുംകൂടി കഴിയ്ക്കാമെന്നും ഗുരുപറഞ്ഞു. അതു രണ്ടുപേരും കൂടി സന്തോഷത്തോടെ കഴിച്ചു. അതിനുശേഷം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാണുയോഗിയെ അനുഗ്രഹിച്ചിട്ട് കുഷ്ഠരോഗി മറഞ്ഞുവെന്നാണു ഭക്തജനങ്ങൾ വിശ്വസിച്ചുപോരുന്നത്.

മനുഷ്യൻ കടന്നുചെല്ലാത്ത സ്ഥലങ്ങൾ ചുരുക്കമാണല്ലോ ? ഹിമാലയത്തിന്റെ ശിരസ്സിൽ-കാലുകുത്താൻ ടെൻസ്സിംഗിനും ഹില്ലാരിക്കും കഴിഞ്ഞുവെങ്കിൽ ചന്ദ്രന്റെ വിരിമാറിൽ കുലകുത്താൻ ആംസ്ട്രോംഗിനും, ആൽഡ്രിനും കഴിഞ്ഞുഎന്നതു ഒരു ചരിത്ര വസ്തുതയാണ്. ദുർഘടം പിടിച്ച പാറക്കെട്ടുകളുടെയിടയിലൂടെ മനുഷ്യർനടന്ന് അഞ്ചു പിള്ളത്തടത്തിൽ എത്തേണ്ട കാര്യമില്ല. എങ്കിലും വേട്ടക്കു പുറപ്പെട്ട തമിഴു ജനത സ്വർണ്ണനിറ ത്തോ ടു കൂ ടി യ സന്യാസിയെ ഗുഹയിൽ കണ്ടു. ആ വാർത്ത ജനങ്ങളിലേക്കു പകർന്നു. വേട്ടക്കാർക്കു സന്യാസിയെ ചെന്നു കാണാനുള്ളകെല്പില്ല. ധൈര്യവാന്മാരായഏതാനും യുവാക്കൾ പിള്ളത്തടത്തിലേക്കു്ചെന്നു. ഉദയ സൂര്യന്റെ പ്രഭയോടെ പ്രോജ്ജ്വലിച്ചു കൊണ്ടിരുന്ന മഹർഷിയുടെ തിരുമുമ്പിൽ സാഷ്ടാംഗ പ്രണാമമർപ്പിച്ചു. അവർക്കു ഗുരുവിനെ പൂജിക്കണം. അവരുടെ ഉൽക്കടമായ വികാരത്തിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ആശയം ഗുരുവിനെ അറിയിച്ചു. എതിർപ്പു പ്രകടിപ്പിച്ചില്ല. ഗുരു അവരുടെ ആഗ്രഹം നിറവേററാൻ സന്നദ്ധത പ്രകടിപ്പിച്ചു. അദ്ദേഹം അവരുടെ വീടുകളിൽ ചെന്നു. ഭക്തോത്തമന്മാരായ ആ തമിഴന്മാരെ അദ്ദേഹം അനുഗ്രഹിച്ചു.

ഏകദേശം പന്ത്രണ്ടു കൊല്ലങ്ങൾക്കു മുമ്പു ലേഖകൻ നെയ്യാററിൻകര താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ ഔദ്യോഗിക കാര്യങ്ങൾക്കായി ചുററിസ്സഞ്ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രിക്കുകയുണ്ടായി. അക്കൂട്ടത്തിൽ പാറശ്ശാലവച്ചു ഒരു സുബ്രഹ്മണ്യപിള്ളയുമായി പരിചയപ്പെട്ടേണ്ടി വന്നു. തമിഴ്നാട്ടുകാരനായ അദ്ദേഹം ഒരു സ്വാമി ഭക്തനായിരുന്നു. ശ്രീ സുബ്രഹ്മണ്യപിള്ള പറഞ്ഞ കാര്യങ്ങരം അതേ പടിപകർത്തട്ടെ.

"എങ്ക അപ്പാപ്പേര് ചാണ്ടിപിള്ളൈ. അവാളുക്കു് നായാട്ടിൽ റൊമ്പകമ്പമായിറുന്തു. അന്ത പക്കത്തിനു് അതാവത് നെയ്യൂരിൽ വെള്ളക്കാർ വസിച്ചിരുന്തു്. അന്തകൂട്ടത്തുക്കു നായാട്ടു ഒരു ഹോബിയായിരുന്തതു് നമ്മ അപ്പാ ഇന്ത കൂട്ടരുംചേർന്ത് നായാട്ടുക്കു മരുത്വാമലയിൽ പോകുമായിരുന്തേൻ. മ്ലാവു. മുയൽ' കൂമൻ അപ്പടിപ്പെട്ട മൃഗങ്ങളെ വേട്ടയാടികൊണ്ടു വരും. ഇപ്പടിപലേനാരംപോയി. ഒരു നാരം എങ്ക അപ്പാ അങ്കെ പോനാൽ. എങ്കെ? ഉങ്കളുക്കുതെരിയാതു മരുത്വാമലയിലെ അഗ്രത്തിലെ പിള്ളത്തടം. അങ്കെതെരിയുമാ? അന്ത പിള്ളത്തടത്തിലെ ഒരു ഗുഹയിരിക്കു്. നമ്മ അപ്പാ അങ്കെ റെസ്ററ് എടുത്തുകൊണ്ട ഇരുക്കുമ്പോതു കൊഞ്ചം ദൂരമാപാർത്തേൻ അങ്കെ ഒരു ഗുഹകണ്ടേൻ. തുപ്പാക്കി എല്ലത്തേം കൈയ്യിലെഎടുത്ത് അന്ത ഗുഹാ പക്കത്തിലെ ചെന്തേൻ. അതുക്കുള്ളെ ഒരു സ്വാമി. അപ്പാവുക്കു കൺകളെ നമ്പമുടിയില്ല. എന്നപ്പാ അത്? രക്തനിറം. സ്വാമി. ജിലുജിലു എൻറു ഇരുക്കു് അപ്പാകൈകൂപ്പി. സ്വാമി അന്ത പക്കംവന്ത്. കാര്യങ്കരം കേട്ടാൻ.

സ്വാമി—എതുക്കായ്‌വന്തേൻ?

അപ്പാ—വേട്ടക്ക് വന്തതു്.

സ്വാമി—ഇപ്പടി വേട്ടക്ക്ദിനോം വരുമാ?

അപ്പാ —ആമാ സ്വാമി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാമി—എതുക്കാക വേട്ടയാടുത്?

അപ്പാ —പുമ്മാ. ഒരുരസം. അപ്പറം ശാപ്പാടുക്കും എതാവതു കെടയ്ക്കും.

സ്വാമി—ഉങ്കളുക്കുവേറെ വേല....?

അപ്പാ —ഒണ്ണുമില്ലേ.

സ്വാമി—നീങ്കവീട്ടു പക്കത്തിലെ എന്നാവേലയെല്ലാം ഇരുക്കു്

അപ്പാ —കൈത്തറി നെയ്ത്തുതാൻ മുഖ്യമാനവേല.

സ്വാമി—അന്ത വേല ചെയ്യകൂടാതേ?

അപ്പാ —ചെയ്യാം സ്വാമി.

അതു പെറോ എൻ അപ്പാ തുപ്പാക്കിയെ കൈ കൊണ്ടു തൊടാതു. അവാളുകൈത്തറി ബിസിനസ്സു തുടങ്കി. അതിലിരുന്തു് നിറെ കാശു സമ്പാദിച്ചു'' എങ്ക അപ്പാചൊല്ലി അന്തസ്വാമി അവളുതാൻ കടവുൾ, എന്നപ്പാ എന്ന കളർ—കടവുംതാൻ നിശ്ചയമാ''

ശ്രീമാൻ സുബ്രഹ്മണ്യം പിള്ളയുടെ അഭിപ്രായവും സംഭാഷണവും ഇപ്പോഴും ഞാനോർക്കുന്നു.

ലേഖകനും ആർട്ടിസ്ററു ആർ. സഹദേവനും റിട്ടയാർഡു ററീച്ചർ ആർ. കുട്ടൻപിള്ള M. A. B. Ed.-ം ഒരുമിച്ചു മരുത്വാമലയുടെ പ്രാന്തപ്രദേശങ്ങളിൽ ചുററിനടന്നപ്പോൾ മരുത്വാമലയെക്കുറിച്ചും ഗുരുദേവന്റെ പ്രവർത്തനത്തെക്കുറിച്ചും അറിവുപകർന്നു തന്നതു കോട്ടാർ സ്വദേശികളായ രത്നാട്രാൻസ്പോർട്ടു ഉടമ രത്തിനവും വിദ്വാൻ സുബ്ബയനുമാകുന്നു. മരുത്വാമലയെക്കുറിച്ചും അതിനെ ചുററിപ്പററിയുള്ള ശ്രീനാരായണന്റെ ജീവിതത്തെകുറിച്ചും പറഞ്ഞുതന്ന സമയത്തു അവരിൽ സ്ഫുരിച്ചിരുന്ന ഭക്തിരസം ഞങ്ങളിൽ സന്തോഷം ജനിപ്പിച്ചു. ★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 9

അരുവിപ്പുറത്തേക്ക്

മരുത്വാമലയിൽ നിന്നും ഗുരുദേവൻ അരുവിപ്പുറത്തേക്കു പോയി. ഏകാന്തതയ്ക്കുവേണ്ടിയായിരുന്നു ആ പ്രയാണം.

കല്ലും മുള്ളും കാടും മേടും നിറഞ്ഞ പ്രദേശമായിരുന്നു അരുവിപ്പുറം. പുലി മുതലായ ദുഷ്ടമൃഗങ്ങളുടെയും ഒരു കേന്ദ്രമായിരുന്നു അവിടം. അതുപോലെ തന്നെ മുയൽ, മാൻ തുടങ്ങിയ ജന്തുക്കളും ആ വനപ്രദേശത്തു സൈ്വരവിഹാരം ചെയ്തിരുന്നു. പാറക്കൂട്ടങ്ങളുടെ ഇടയിലൂടെ ഇക്കിളിയിട്ടുകൊണ്ട് ഒരു നാണം കുണുങ്ങിപ്പെണ്ണിനെപ്പോലെ നെയ്യാർ ഒഴുകിപ്പോകുന്നു. ആ നദിയുടെ കിഴക്കേ തീരത്തു വിശാലമായ ഗുഹകാം ഉണ്ട്. മഞ്ഞിൽനിന്നും മഴയിൽനിന്നും രക്ഷനേടാനും ഏകാന്തമായ തപസ്സിനും അരുവിപ്പുറം ആറിന്റെ തീരത്തെ ഗുഹ ഉപയുക്തമാണെന്നു ഗുരുദേവൻ മനസ്സിലാക്കി.

അരുവിപ്പുറം ആറിന്റെ രണ്ടുവശത്തായി ഉയർന്നു പൊങ്ങി ശീതളച്ഛായ നൽകുന്ന വന്മരങ്ങളും പല കുന്നുകളും ഉണ്ടെങ്കിലും ഒരു കുന്നു വളരെ പൊക്കത്തിൽ സ്ഥിതിചെയ്യുന്നു. കയറിപ്പോകാൻ അല്പം പ്രയാസം എന്നുമാത്രം. പ്രകൃതി രമണീയമായ ഒരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രദേശം. ഭൂമിയിലെ പുണ്യാത്മാക്കൾ ജനിക്കുമ്പോൾ അവർക്കു ഏകാന്തമായിരുന്നു ധ്യാനിക്കുവാൻ പ്രകൃതിദേവി സൃഷ്ടിച്ച സ്ഥലമല്ലേ അരുവിപ്പുറം എന്നു ആരെങ്കിലും സംശയിച്ചാൽ ആ സംശയം അസ്ഥാനത്തല്ല. അത്രകണ്ടു മനശാന്തത പ്രദാനം ചെയ്യുന്ന ആ വനപ്രദേശം യഥാർത്ഥത്തിൽ ശ്രീനാരായണന്റെ പാദപാംസുക്കളേററു പരിപൂരിതമാകുകയാണ് ചെയ്തത്.

ശ്രീനാരായണ ഗുരുദേവൻ അരുവിപ്പുറം ഗുഹയിൽ തപസ്സ് അനുഷ്ഠിക്കുന്ന വിവരം പൊതുജനങ്ങൾ അറിഞ്ഞു. അവർ പുഷ്പങ്ങളും ഫലങ്ങളും കൊണ്ടുചെന്നു. സന്തോഷത്തോടെ ഗുരു അതു സ്വീകരിച്ചു. അവിടെ ആ സമയത്ത് ആരെല്ലാം ഉണ്ടായിരുന്നോ അവർക്കെല്ലാം അവ സമ്മാനിക്കുകയും ചെയ്തു. ഒന്നും സ്വന്തമായി കരുതുന്ന സ്വഭാവമേയില്ല. ഗുരുദേവനെ ഒന്നുദർശിക്കുവാൻ കഴിയുന്നത് ഒരു മഹാഭാഗ്യമായി ഭക്തന്മാർ കരുതി.

ആശാൻ രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക. "പല ദിക്കുകളിൽ നിന്നും സ്വാമിയെ അന്വേഷിച്ചു ആളുകൾ അവിടെ എത്തിത്തുടങ്ങി. രോഗംശമിപ്പിക്കുകയും ഭൂതങ്ങളെ ഒഴിപ്പിക്കുകയും ഉപദേശം നൽകുകയും ശാസ്ത്രാർത്ഥങ്ങൾ പറഞ്ഞു കൊടുക്കുകയും മററുപ്രകാരത്തിൽ സാധുക്കളെ അനുഗ്രഹിക്കുകയും ചെയ്യേണ്ട ഭാരം ആ വിജനത്തിലും സ്വാമിയെ പിൻതുടർന്നു. സ്വാമിയുടെ ദൂരദർശനം പരഹൃദയജ്ഞാനം മുതലായ സിദ്ധികളുടെ പല ദൃഷ്ടാന്തങ്ങൾ അക്കാലത്തെ ജനങ്ങൾ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്."

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അക്കാലത്തു താഴ്ന്ന ജാതിക്കാർക്കു ദൈവങ്ങളെ പൂജിക്കുവാൻ പാടില്ലായിരുന്നു. വില കുറഞ്ഞ-രൗദ്ര ഭാവം ദർശിപ്പിക്കുന്ന—മാടൻ, മറുത, യക്ഷി മുതലായവരെ മാത്രമേ ആരാധിക്കാവൂ. ക്ഷേത്രങ്ങളെല്ലാം യഥാർത്ഥത്തിൽ ബ്രാഹ്മണരുടെ അധികാരത്തിലും ആധിപത്യത്തിലുമായിരുന്നു.

ഈ പരിതസ്ഥിതിയിൽ ഒരു മാററം വരുത്തണമെന്നും അരുവിപ്പുറത്തു തന്നെ ഒരു ആരാധനസ്ഥലമുണ്ടാക്കണമെന്നും അവിടത്തെ ഭക്തജനങ്ങളെ ഗുരുദേവൻ അറിയിച്ചു. ഭക്തജനങ്ങൾക്കു ഓർക്കാപ്പുറത്തു ലഭിച്ച മഹത്തായ ഒരു സംഭാവന തന്നെ യായിരുന്നു അത്. പുലിവാതുക്കൽ കുടുംബക്കാരുടെയും ഭക്തജനങ്ങളുടെയും ആത്മാർത്ഥമായ സഹായം ഗുരുദേവനുലഭിച്ചു. കുമാരനാശാൻ പ്രതിഷ്ഠയെക്കുറിച്ചു എഴുതിയിരിക്കുന്നതു നോക്കാം.

"1063-ാമാണ്ടത്തെ ശിവരാത്രി സമീപിച്ചാണു് സ്വാമിയുടെ ഈ അഭിലാഷം പൂർത്തിയായത്. വിഗ്രഹങ്ങൾ ഉണ്ടാക്കുവാനോ ക്ഷേത്രങ്ങളോ കെട്ടിടങ്ങളോ പണിയിക്കുവാനോ ആ കാട്ടു പ്രദേശത്തു യാതൊരു സൗകര്യവും ഉണ്ടായിരുന്നില്ല. സ്വാമി അതൊന്നും അവശ്യപ്പെട്ടുമില്ല. നദിയുടെ കിഴക്കേ തീരത്തുള്ള ഒരു പാറയെ പീഠമായി സങ്കൽപ്പിച്ചു. അതിന്മേൽ ഏതാണ്ടൊരു ശിവലിംഗാകൃതിയിൽ ആററിൽകിടന്ന ഒരു ശിലാഖണ്ഡം എടുത്ത് ശിവരാത്രി ദിവസം പ്രതിഷ്ഠ നടത്താനാണു സ്വാമിയുടെഭാവംഎന്നറിയുകയും അടുത്തുള്ള ജനങ്ങൾ തങ്ങളാൽ കഴിയുന്നചിലചെറിയ ഒരുക്കങ്ങൾ അതിനായി ചെയ്യുകയും ചെയ്തു. സ്വാമി ഇരിക്കുന്നതായി അറിഞ്ഞു ഏതാനും വ്രതക്കാരും ഭക്തജനങ്ങളും ശിവരാത്രിനാൾ രാത്രി "ഉറക്കിള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യ്ക്കാനായി'' അവിടെകൂടി, പ്രതിഷ്ഠയുടെ സംഭാരമായി ഉണ്ടായിരുന്നത് കുറെ പുഷ്പങ്ങളും വിളക്കുകളും നാദസ്വരവായനയും മാത്രമായിരുന്നു. പീഠമായി സങ്കല്പിച്ചിരുന്ന പാറയുടെ മീതെ ഒരു ചെറിയ പന്തൽ കെട്ടിയിരുന്നു. അർദ്ധരാത്രിയോടുകൂടി സ്വാമിസ്നാനം ചെയ്തുവന്നു അതിനകത്തു കടന്ന് പ്രതിഷ്ഠിക്കാനുള്ള ശിലയെ കൈയ്യിൽ എടുത്തു ധ്യാനിച്ചു കൊണ്ടു രാത്രി മൂന്നു മണിവരെ ഒരേ നിലയിൽ നിന്നു. സ്വാമിയുടെ തേജോമയമായ മുഖത്ത് ആ സമയം അശ്രുധാരകൾ പ്രവഹിച്ചു കൊണ്ടിരുന്നു. കാണികൾ ഭക്തിപരവശരായി പഞ്ചാക്ഷരമന്ത്രം ഉച്ചത്തിൽ ജപിച്ച് ഏകമനസ്സോടെ ചുററും നിന്നു. മൂന്നു മണിക്കു ശിലയെ സ്വാമി പീഠത്തിൽ പ്രതിഷ്ഠിച്ചു അഭിഷേകം ചെയ്തു. ആ സമയത്തു ചില അദ്ഭുതങ്ങൾ കണ്ടിട്ടുള്ളതായി പലരും പറയുന്നു. ഇങ്ങനെയാണ് സ്വാമിയുടെ മതസംബന്ധമായ സ്ഥാപനങ്ങളിൽ ആദ്യത്തേതായ അരുവിപ്പുറം ക്ഷേത്രം ആരംഭിച്ചത്.''

അരുവിപ്പുറത്തു് കുട്ടികളെ മലയാളം പഠിപ്പിക്കുവാൻ ഒരു സ്ക്കൂളും ഉണ്ടാക്കി. അങ്ങനെ അരുവിപ്പുറം അനുദിനം അഭിവൃദ്ധിപ്പെട്ടു തുടങ്ങി. അരുവിപ്പുറത്തു വച്ചാണ് ഗുരുദേവൻ 'ശിവശതകം' എന്ന മണിപ്രവാളസ്തോത്രം നിർമ്മിച്ചതെന്നും ആശാൻ രേഖപ്പെടുത്തിയിട്ടുണ്ട്.

അന്നുവരെ നിലവിലിരുന്ന ആചാരങ്ങൾക്കു നേരെ എറിഞ്ഞ ഒരു ആററംബോംബ് ആയിരുന്നു ക്ഷേത്രപ്രതിഷ്ഠ. ആരോടും ചോദിക്കാതെ—ആരെയും ഭയപ്പെടാതെ ആരെയും കൂസാതെ—ആത്മാർത്ഥതയോടെ ഗുരുദേവൻ അതു ചെയ്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



അരുവിപ്പുറം ക്ഷേത്രം
ഇവിടെയാണ് ഗുരുദേവൻ ആദ്യമായി
ശിവപ്രതിഷ്ഠ നടത്തിയത്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 10

കോട്ടാർ

കോട്ടാർ എന്നു കേൾക്കുമ്പോൾ തന്നെ അതൊരു കച്ചവടകേന്ദ്രമാണെന്ന വസ്തുത നാം ഓർക്കും. അരി സുലഭമായി കിട്ടുന്നനാട്. നാഞ്ചിനാടിന്റെ സാമീപ്യമുള്ളതുകൊണ്ട് അരി അവിടെ സുലഭമായി ലഭിക്കുന്നു. കന്യാകുമാരി ജില്ലയിൽ പെട്ടതാണു ആ പ്രദേശം. നാഗർകോവിലിനു കിഴക്കുഭാഗത്താണു കോട്ടർ സ്ഥിതിചെയ്യുന്നത്. അവിടെ നിന്നും പന്ത്രണ്ടു മൈൽ കിഴക്കോട്ടു പോയാൽ കന്യാകുമാരിയിൽ എത്താം. കന്യകയായ കുമാരിയുടെ പരിലാളനമേററതാണു കോട്ടാർ,

തമിഴ് ജനത ഇടതിങ്ങിപ്പാർക്കുന്ന ധാരാളം തെരുവുകൾ അവിടെ ഉണ്ട്. പിള്ളത്തെരുവു എന്നാണു ആ തെരുവുകളെ വിളിച്ചുപോരുന്നത്. സ്ഥലത്തെ ഭൂരിപക്ഷം ജനതയും ഈശ്വരവിശ്വാസികളാണ്. കോട്ടാറിൽ "മീനാക്ഷിപുര"മെന്നറിയപ്പെടുന്ന ഒരു സ്ഥലമുണ്ട്. "അമ്മായി" എന്ന പേരിൽ പ്രസിദ്ധയായ ഒരു സന്ന്യാസിനി ആ ദിക്കിൽ വസിച്ചിരുന്നു. സിദ്ധിയുള്ളവരായിരുന്നു ആ പുണ്യവതി. മരുത്വാമലയിൽ തപസ്സു അനുഷ്ഠിച്ചിരുന്ന ശ്രീനാരായണ ഗുരു അമ്മായീ അമ്മയെചെന്നുകണ്ടു. വണങ്ങി. സന്ന്യാസിനി അമ്മയ്ക്കു ശ്രീനാരായണനെ കണ്ടപ്പോൾ സന്തോഷമുളവായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"എന്നപ്പാ നാണു. നീങ്കളേകാത്തുനാൻ എത്തിന നാളായി ഇന്തപ്പക്കം ഇരിക്കിറത്"'.

പുഞ്ചിരിമാത്രം മറുപടിയായി നല്കിയ ശ്രീനാരായണന് ഒരു മാമ്പഴം കൊടുത്തിട്ട് അമ്മ ആശീർവദിച്ചു. ശ്രീനാരായണൻ വീണ്ടും മരുത്വാമലയിലേക്കുപോയി. തപസ്സു തുടർന്നു. അതിനുശേഷമാണു നാണുയോഗി അരുവിപ്പുറത്തേക്കു പോയത്.

അന്ധവിശ്വാസത്തിൽ അടിയുറച്ചു ജീവിച്ചുപോന്ന വമ്പിച്ച ഒരു ജനവിഭാഗം അന്നു കോട്ടാറിലുണ്ടായിരുന്നു. 'കടുക്കറ' എന്ന ഒരു തെരുവു അവിടെയുണ്ട് ആ തെരുവിൻെറ പടിഞ്ഞാറേവശത്തു കിഴക്കു മുഖമായി ഒരു സമാധി സ്ഥാനമുണ്ടായിരുന്നു. ആരുടെ സമാധിസ്ഥാനമാണെന്നു ആർക്കും അറിഞ്ഞുകൂടാ. എന്നാൽ ഈ സമാധിസ്ഥാനത്തെ സ്ഥലവാസികൾ ഒരു പുണ്യസ്ഥലമായി കരുതി. ദൈവം അവിടെ കുടിയിരിക്കുകയാണെന്ന വിചാരം ജനങ്ങളിൽ തങ്ങിനിന്നു. അതുകൊണ്ട് ആദ്യമായി ലഭിക്കുന്ന ഫലവർഗ്ഗങ്ങൾ സമാധിസ്ഥലത്തു കൊണ്ടുവെയ്ക്കും. അതുപോലെ തന്നെ സമാധിയിൽ ഇരിക്കുന്ന ദൈവത്തിന് ആഹാരം നല്കിയാലേ തങ്ങളുടെ ജീവിതത്തിന് ഗുണമുണ്ടാകൂ എന്ന ചിന്തമൂലം മുട്ട, ഇറച്ചി മുതലായ ആഹാരസാധനങ്ങൾ അവിടെകൊണ്ടു വച്ചിട്ട് ഭക്ത്യാദരപൂർവ്വം മാറിനില്ക്കും. ഇങ്ങനെയെല്ലാം ചെയ്തിട്ടും ആ സ്ഥലവാസികളുടെ ജീവിതത്തിന് അഭിവൃദ്ധിയില്ല. ദാരിദ്ര്യവും ദുഃഖവും അടിക്കടി വർദ്ധിച്ചുകൊണ്ടിരുന്നു. പലർക്കും പലവിധത്തിലുള്ള രോഗം പിടിപെട്ടു. ഇതിനുള്ള കാരണമെന്തെന്നു കണ്ടുപിടിക്കുവാൻ ആർക്കും കഴിഞ്ഞില്ല. ജ്യോത്സ്യന്മാരും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രവാദികളും രംഗത്തു അണിനിരന്നു. എന്നാൽ അവരുടെ അഭിപ്രായത്തിനും പ്രവൃത്തിക്കും ഫലമില്ലാതെ വന്നു.

"ഇനി, എന്നപ്പാ ? എൻശൈയ്കിറേൻ." വൃദ്ധനായ ഒരു പിള്ള ദുഃഖിതനായ സഹപ്രവർത്തകനോടു ചോദിച്ചു.

"അങ്കേ അരുവിപ്പുറത്തു പോയി സ്വാമിയെ പാർക്കലാം" ഈ അഭിപ്രായം കേട്ടപ്പോൾ തമിഴ് ജനതയിൽ ഒരു ഉണർവുണ്ടായി. അവർ നേരേ അരുവിവിപ്പുറത്തേക്കുപോയി. ഗുഹാമദ്ധ്യത്തു തപസ്സു ചെയ്തുകൊണ്ടിരുന്ന ശ്രീ നാ രാ യ ണ നെ അവരുടെ സങ്കടമറിയിച്ചു.

"നീങ്കെ അങ്കപ്പോ,നാം നാളെ കാലേലെവരേൻ— കവലപ്പെടവേണ്ടാ" ശ്രീനാരായണൻെറ മറുപടി കേട്ടപ്പോൾ ആ മനുഷ്യരുടെ ഹൃദയത്തിൽ കുളിരു കോരിയിട്ട പ്രതീതിയുണ്ടായി. സന്തോഷഭരിതരായ സാധുജനങ്ങൾ കോട്ടാറിലേക്കു തിരിച്ചു.

പിറേറദിവസം പ്രഭാതം. സൂര്യരശ്മികൾ എത്തിനോക്കാൻ തുടങ്ങിയതേയുള്ളൂ. ആ സമയത്തു ശ്രീനാരായണൻ കടുക്കറെയിൽ എത്തിച്ചേർന്നു. ദൂര നിന്നുകൊണ്ടു അദ്ദേഹം സമാധിസ്ഥലത്തു നോക്കി. സമാധിയുടെ മേൽവച്ചിരിക്കുന്ന കല്ലുസമാധിയായിരിക്കുന്ന സ്വാമിയുടെ തലയിൽ വച്ചിരിക്കുകയാണെന്നു അഭിപ്രായപ്പെട്ടു. കൂടാതെ ഇറച്ചി, മുട്ട, മത്സ്യം മുതലായ ആഹാരസാധനങ്ങൾ അവിടെക്കൊണ്ടു വരരുതെന്നും നിർദ്ദേശിച്ചു ഗുരുദേവൻെറ ആജ്ഞ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രകാരം ആ സമാധി അപ്പോൾതന്നെ അടിച്ചുടച്ചു വേറൊന്നു നിർമ്മിച്ചു. ആ സ്ഥലം ശുചിയായും വൃത്തിയായും സൂക്ഷിക്കണമെന്ന് ഗുരു കല്പിക്കുകയുണ്ടായി.

ഈ കാലഘട്ടത്തിൽ തന്നെ മറ്റൊരു കാര്യംകൂടി ശ്രീനാരായണൻ ചെയ്യുകയുണ്ടായി. ഓരോ ദൈവത്തിനും രൂപവും ഭാവവും നല്കുന്നതിൽ കോട്ടാറിലെ ഒരുവിഭാഗം ജനതയ്ക്കു താത്പര്യമുണ്ടായിരുന്നു. കളിമണ്ണിൽമെനഞ്ഞെടുക്കുന്ന പ്രതിമകളെ ദൈവമായി ആരാധിക്കും. കലാവിരുതു പ്രകടമാക്കുന്ന പ്രതിമകൾ. ചിലതു ഉഗ്രമൂർത്തികൾ. ചിലത് ബീഭത്സഭാവത്തോടു കൂടിയത്. ചിലത് വികൃതമായ ഭാവത്തോടു കൂടിയത്. ഏതുതരം പ്രതിമ വേണമെങ്കിലും പ്രതി മാനിർമ്മാണവിദഗ്ദ്ധർനിർമ്മിച്ചുകൊടുക്കും. ഈ പ്രതിമകൾക്കു മാർക്കറ്റിൽ നല്ല ചിലവുണ്ടായിരുന്നു.

കോട്ടാറിൽ ധാരാളം പിള്ളത്തെരുവുകൾ ഉണ്ട്. ഈ തെരുവുകളിൽ താമസിക്കുന്ന പിള്ളമാരിൽ ഭൂരിപക്ഷം പേരും ദൈവ വിശ്വാസികളായിരുന്നുവെന്നു പറഞ്ഞുവല്ലോ. എട്ടു തെരുവിൽ നാല്പത്തിരണ്ടു ക്ഷേത്രങ്ങൾ പ്രതിഷ്ഠിച്ചിരുന്നു. ഈ ക്ഷേത്രങ്ങളിൽ നേരത്തെ സൂചിപ്പിച്ചതുപോലുള്ള പ്രതിമകൾ സ്ഥാപിച്ചിരുന്നു. ഈ വിഗ്രഹങ്ങൾക്കു പ്രീതിവരുത്തുന്നതിനു ജന്തുക്കളെ ബലികഴിക്കുക പതിവായിരുന്നു. മാടൻ തുള്ളൽ, മറുതാതുള്ളൽ, പേക്കൂത്തു തുള്ളൽ ഇവ മുടങ്ങാതെ നടന്നിരുന്നു. ഇതിനുവേണ്ടി ഭീമമായ തുകകളും ചെലവാക്കി. ഇമ്മാതിരി പ്രവർത്തിക്കുന്നതിനു മറ്റൊരുവശം കൂടി ഉണ്ടായിരുന്നു. ഓരോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷേത്രക്കാരും വിജയഭേരി മുഴക്കാൻ വേണ്ടി കൂടുതൽ ജന്തുക്കളെ ബലികഴിക്കുന്നതിൽ താല്പര്യം പ്രദർശിപ്പിച്ചു. ദൈവപ്രീതിക്കുവേണ്ടിയുള്ള കിടമത്സരം വർദ്ധിച്ചുവന്നു. ഒരു വശത്തു ദാരിദ്ര്യം കൊടികുത്തി വാഴുന്നു. മറുവശത്തു ഈശ്വര പ്രസാദത്തിനുവേണ്ടിയുള്ള മാരത്താൺ ഓട്ടം. ഈ അവസ്ഥ ഗുരുദേവൻ കണ്ടു.

അദ്ദേഹം എട്ടുതെരുവിലേയും ജനങ്ങളെ വിളിച്ചു. അവർ ഓടിയെത്തി. ഗുരുദേവ പാദങ്ങളിൽ ശിരസ്സമർത്തി. ഗുരുവിനെ വന്ദിച്ചിട്ടു ശാന്തരായി മാറി നിന്നു. എല്ലാവരുടെയും മുഖത്തു സന്തോഷത്തിന്റെ നിഴൽ പരന്നു. ഗുരുദേവൻ ഒരു ചെറു പ്രസംഗം ചെയ്തു.

"നാം ഉങ്കളെ കൂപ്പിട്ടു ഇങ്കെ അനുപ്പിയതു കൺപാർക്കുറുതുക്കുതാൻ. എല്ലാവിതങ്കളാലും കടവുളൈതാൻ ഉലകിലെ പെരിയവർ എൻറു നിനൈപ്പാർ. കടവുൾ ഒൻറേ ഒൻതാൻ. സ്നാനം പണ്ണി ശുദ്ധി വന്ത പിറക് കടവുളൈ ധ്യാനിയ്ക്കവേണ്ടിയത് റൊമ്പചുറുകം താൻ. കോയിലിൽ പൂജയ്ക്കാകെ വേണ്ടിയതു പണം താൻ. നീങ്കൾ റൊമ്പഉഴൈത്തു പണം ഉണ്ടാക്കുറുതു്. അന്തപണത്തെ പാഴാക്കമുടികുറുതുക്കു ഇട, കൊടുക്കാതു. അതൈ നമ്മുടെ സന്താനത്തുക്കും ബന്ധു മിത്രാദികൾക്കും നന്മക്കാക ചിലവഴിക്കവേണ്ടിയതു. ഇങ്കെ എട്ടുതെരുവുകൾ ഇറുക്കു. അങ്കെ നാല്പത്തിരണ്ടു കോയിലുകൾ എതുക്കാക വേണ്ടിയിറുക്കുതു. ഒരേ ഒരു കോയിൽത്താൻ പോതും. അതുക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പതിൽ വിഘ്നേശ്വരക്ഷേത്രം ഒൻേറ ഒന്നു താൻപോതും. അതുക്കാകവേണ്ടിയതുക്കു പെരുമാറം പണിയ്ക്കർ, വിഘ്നേശ്വര പ്രസാദു ഇവരുടെ ഉതവി താൻ കിടയ്ക്കും''.

ഗുരുദേവകല്പനയെ അവർ ശിരസ്സാ വഹിച്ചു. പെരുമാറം പണിക്കർ അന്നാട്ടിലെ സത്യസന്ധനായ ഒരു വ്യക്തിയായിരുന്നു. പണിക്കരുടെ പ്രവൃത്തിയെ ആരും ചോദ്യം ചെയ്തില്ല, പണിക്കരും വിഘ്നേശ്വര പ്രസാദും കൂടി നാല്പത്തിരണ്ടു ക്ഷേത്രങ്ങളിലെ പ്രതിമകളെയും തട്ടിയുടച്ചു.

ഗുരുദേവാജ്ഞ പ്രകാരം പെരുമാറം പണിക്കർ അവിടെ ഒരു ക്ഷേത്രം പണികഴിപ്പിച്ചു. വെളിച്ചം കടന്നു ചെല്ലുന്ന കോവിൽ. അതിനകത്തു 'ഗണേശൻെറ' വിഗ്രഹം. അവിടെ ആർക്കും എപ്പോഴുംചെന്നു പ്രാർത്ഥിക്കാം. തുള്ളലിനു് അവിടെ സ്ഥാനമില്ല. ക്ഷേത്രത്തിൻെറ പരിപാവനതകാത്തു സൂക്ഷിക്കുന്നതിൽ എല്ലാവിഭാഗം ജനങ്ങളും ശുഷ്ക്കാന്തി പ്രദർശിപ്പിച്ചുപോരുന്നു. ഗണപതി കോവിലിൻെറ ഉദ്ഭവത്തോടുകൂടി കോട്ടാർ ഗ്രാമത്തിനു പുതു ജീവൻ ഉണ്ടായി. പ്രശാന്തസുന്ദരമായ അന്തരീക്ഷത്തിൽ ഭക്തിഗാനങ്ങരം ആലപിക്കാൻ തുടങ്ങി. സുഗന്ധദ്രവ്യങ്ങരം തൂമണം പരത്തി. ഭക്തജനങ്ങളുടെ സംഖ്യ വർദ്ധിച്ചു. ക്ഷേത്രത്തിനു ധാരാളംസ്വത്തുലഭിച്ചു. അതിൽനിന്നും കിട്ടുന്ന ആദായം സൃഷ്ടിപരമായ കാര്യങ്ങരംക്കു വിനിയോഗിച്ചു. സാധുജനസംരക്ഷണത്തിനു ക്ഷേത്രഭാരവാഹികരം മുൻതൂക്കം നല്കി. ഇന്നു ആ ക്ഷേത്രത്തിൻെറ കീഴിൽ പ്രവർത്തിച്ചു പോരുന്ന വിദ്യാഭ്യാസ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ഥാപനങ്ങൾ ഉണ്ട്. കോട്ടാർഗ്രാമത്തിലെ നല്ലവരായ ജനങ്ങളുടെ മഹനീയ നേട്ടമാണിതു്.

ഇവിടെ ഒരു പ്രത്യേകത ഗുരുദേവനിൽ ദർശിക്കുവാൻ കഴിയും. ഒരു സാധാരണ മനുഷ്യനു തമിഴ്ജനതയെക്കൊണ്ടു ഇതു പോലൊരു പ്രവൃത്തി ചെയ്യിക്കാൻ കഴിയുമോ ? ഉച്ചഭാഷിണിയിലൂടെ പ്രസംഗമില്ലായിരുന്നു. കൂററൻ കൊടികൾ ഉയർത്തിക്കൊണ്ടുള്ള പ്രകടനങ്ങൾ ഇല്ലായിരുന്നു. പക്ഷെ!ജനത ഗുരുദേവൻെറ വാക്കുകളെ ബഹുമാനിച്ചു. ആദരിച്ചു. എന്തു കൊണ്ടു ഇങ്ങനെ സംഭവിച്ചു എന്നു ചിന്തിക്കുവാൻ നാം നിർബന്ധിതരായിത്തീരും. അവിടെയാണു ഗുരുദേവനെ വ്യത്യസ്തമായ ഒരു മണ്ഡലത്തിൽ നാം ദർശിക്കുന്നതു്. മററു സന്ന്യാസിമാരും ഗുരുദേവനുമായുള്ള അന്തരം—ഇവിടെ സ്പഷ്ടമാകുന്നു.

ഗുരുദേവൻ കോട്ടാറിൽ ഗണപതിക്ഷേത്രം നിർമ്മിക്കുകമാത്രമല്ല 'വിനായകാഷ്ടകം' എന്ന ശീർഷകത്തിൽ കവിത രചിക്കുകയും ചെയ്തു. വിനായകാഷ്ടകത്തിലെ ഒന്നാമത്തെ പദ്യമാണു താഴെ കുറിച്ചിരിക്കുന്നതു്.

"നമദ്ദേവവൃന്ദം ലസദ്വേദകന്ദം
ശിരഃശ്രീമദിന്ദും ശ്രിതശ്രീമുകുന്ദം
ബൃഹച്ചാരുശുണ്ഡം സ്തുത ശ്രീസനന്ദം
ജടാഹീന്ദ്രകന്ദംഭജേ ഭീഷ്ടസന്ദം"

ഈ കവിതയിൽ ഭക്തി മാത്രമല്ല മുഴച്ചുനില്ക്കുന്നത്. പദങ്ങൾകൊണ്ടുള്ള കളികവിതയിൽ സാർവ്വത്രി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കമായികാണാം. താളലയങ്ങരം സമ്മിശ്രമായി സമ്മേളി ക്കുന്നു.

ചരിത്രപരമായ ഇക്കാര്യങ്ങരം ശ്രീനാരായണമണ്ഡപത്തിൽ വച്ച് ലേഖകനു വിവരിച്ചുതന്നതു രത്നാ ട്രാൻസുപോർട്ടിൻെറ ഉടമയായ രത്തിനവും വിദ്വാൻ സുബ്ബയ്യനുമാകുന്നു. ജാതിമതഭേദമെന്യേ ശ്രീനാരായണ മണ്ഡപം ആ നാട്ടുകാർ ഉപയോഗിച്ചു വരുന്നുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 11

ശ്രീനാരായണ ധർമ്മ പരിപാലനയോഗം

നോവുന്ന ഹൃദയത്തിന്റെ ഉടമയ്ക്കു മാത്രമേ ആശ്വാസം എന്താണെന്നു അറിയാൻകഴിയൂ. ശ്രീ. പി. വേലായുധനും അനുജനായ ഡാക്ടർ പല്പുവിനും വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരുന്നിട്ടും തിരുവിതാംകൂർ സർവീസ്സിൽ ഉദ്യോഗം ലഭിച്ചില്ല.

"നിങ്ങളുടെ കുലത്തൊഴിൽ ചെത്തായതുകൊണ്ടു നിങ്ങൾക്കു സർക്കാർ സർവീസ്സിൽ പ്രവേശിക്കുവാൻ പാടില്ല" ഇതായിരുന്നു തിരുവിതാംകൂർ സർക്കാർ നല്കിയ മറുപടി.

അതുകൊണ്ടു പല്പു സഹോദരന്മാർക്കു മററു സ്റേററുകളെ ആശ്രയിയ്ക്കേണ്ടിവന്നു. അവശജന വിഭാഗങ്ങളുടെ ദുഃഖത്തിനും ദുരിതത്തിനും ശമനം വരുത്തണം. അതിനുവേണ്ടി ഡാക്ടർ പല്പു മയ്യനാട്, പരവൂർ മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചു പ്രവർത്തനം തുടങ്ങിയെങ്കിലും ആ പ്രവർത്തനം ഫലപ്രാപ്തിയിൽ അന്നു എത്തിയില്ല. ഒരു ആദ്ധ്യാത്മിക ഗുരുവിനെ കണ്ടെത്തണം" എന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാമി വിവേകാനന്ദൻെറ അഭിപ്രായം ഡാക്ടർ പല്പുവിൻെറ മനസ്സിൽ മുഴങ്ങി. ഈ കാലഘട്ടത്തിലാണു ശ്രീനാരായണഗുരുദേവൻ അരുവിപ്പുറത്തു വസിക്കുന്നതായി ഡാക്ടർ പല്പു അറിഞ്ഞത്. അദ്ദേഹം നേരെ അരുവപ്പുറത്തേയ്ക്കു പോയി.

1063-ൽ അരുവിപ്പുറം പ്രതിഷ്ഠയോടനുബന്ധിച്ചു ഒരു സംഘം രജിസ്ററർ ചെയ്തിരുന്നു. ക്ഷേത്രഭരണത്തിനും ഉത്സവാദികാര്യങ്ങൾക്കും വേണ്ടിയായിരുന്നു അത്. ആ ക്ഷേത്രയോഗം കമ്മിററി വിശാലമായ അടിസ്ഥാനത്തിൽ രജിസ്ററർ ചെയ്താൽ കുറച്ചുകൂടി ഗുണങ്ങൾ ഉണ്ടാകുമെന്നു ഡാക്ടർ അഭിപ്രായപ്പെട്ടു. ഡാക്ടറുടെ അഭിപ്രായത്തോടു ശ്രീനാരായണഗുരുദേവൻ നൂറുശതമാനവും യോജിച്ചു. അങ്ങനെ ഗുരുദേവൻെറ അനുവാദത്തോടും ആശിർവാദത്തോടുംകൂടി 1903-ൽ (1078 ഇടവം 2) ആരംഭിച്ചതാണ് ശ്രീനാരായണ ധർമ്മ പരിപാലനയോഗം.

''സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ മാററം'' വരുത്തുക. ഇതാണു ശ്രീനാരായണധർമ്മ പരിപാലനയോഗത്തിൻെറ ഉദ്ദേശ്യവും ലക്ഷ്യവും.

ശ്രീനാരായണ ധർമ്മ പരിപാലനയോഗത്തിൻെറ ചരിത്രമെന്നത്-കേരളത്തിലെ-സാമൂഹിക സാംസ്കാരിക—രാഷ്ട്രീയ ചരിത്രമാണ്. സുമാർ എൺപത്തിനാല് കൊല്ലങ്ങൾക്കു മുമ്പ് സൃഷ്ടിച്ച സംഘടനയ്ക്കു ഒരു അദ്ധ്യാത്മിക ഗുരുവിൻെറ പ്രകാശം ലഭിച്ചു. കൊടും പാറക്കെട്ടുകളുടെയിടയിൽ തപസ്സു അനുഷ്ടിച്ച് ഒരു മഹർഷി ഒരു മഹാ വിപ്ലവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാരിയായി പ്രത്യക്ഷപ്പെട്ടു. കേരളത്തിൻെറ മാത്രമല്ല ഇൻഡ്യയുടെ സാംസാകാരികമണ്ഡലത്തിൽ ആദ്ധ്യാത്മികമായ പരിവർത്തനം വരുത്തുവാൻ ആ ഋഷിയ്ക്കു കഴിഞ്ഞു. അങ്ങനെയുള്ള ആദ്ധ്യാത്മിക ഗുരുവിൽനിന്നും നിർഗ്ഗളിച്ചുകൊണ്ടിരുന്ന പ്രഭ ശ്രീനാരായണ ധർമ്മ പരിപാലനയോഗത്തിനു ലഭിച്ചു. ആ പ്രകാശധാരയിലൂടെ യോഗം ധൃതഗതിയിൽ വളർന്നു പന്തലിച്ചു.

ഒരർത്ഥത്തിൽ ഒരു സമുദായ സംഘടനയാക്കാൻ അതിൻെറ പ്രവർത്തകർ ശ്രമിക്കുന്നുണ്ട്. എന്നാൽ അന്നു അങ്ങനെ ഒരു ചിന്തയ്ക്കു സ്ഥാനം കൊടുക്കരുതെന്നു ഗുരുദേവൻ അനുയായികളെ ഉദ്ബോധിപ്പിച്ചിരുന്നു. ആ ഉപദേശം ചെവിക്കൊള്ളുന്ന മട്ടു കാണാതിരുന്നപ്പോൾ ഗുരുദേവൻ സംഘടനയിൻനിന്ന് അകന്നുവെന്ന് ചരിത്ര രേഖകളിൽ കാണുന്നു.

കേരളത്തിലുണ്ടായിട്ടുള്ള മിക്ക പുരോഗമന പ്രസ്ഥാനങ്ങളുടെയും ഉറവിടം ശ്രീനാരായണ ധർമ്മ പരിപാലനയോഗമാണ്. അത്രയ്ക്ക് ആഴത്തിൽ അതിൻെറ വേരുകൾ എല്ലാ ഭാഗങ്ങളിലേയ്ക്കും വ്യാപിച്ചുകഴിഞ്ഞു. അതിൻെറ ഫലമായി പല നേട്ടങ്ങളും ഉണ്ടായി. നേട്ടങ്ങളല്ലാ അദ്ഭുതങ്ങൾ തന്നെ സൃഷ്ടിക്കപ്പെട്ടു എന്നു പറയുന്നതാണു ശരി.

മാർക്സിസ്ററു നേതാവായ ഈ. എം. എസ്സ് എഴുതിയ അഭിപ്രായം ഇങ്ങനെയാണ്.

"ഇങ്ങനെ ഒരു വശത്തു സ്വാമി സന്ദേശം കൂടുതൽ പ്രചരിക്കാൻ തുടങ്ങിയ സന്ദർഭത്തിൽ തന്നെ സ്വാമി സന്ദേശത്തിനുള്ള അപൂർണ്ണതയും അധികമധികം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വെളിപ്പെടാൻ തുടങ്ങിയിരുന്നു. പഴയ സാമൂഹ്യ ഘടനയുടെ കേന്ദ്രവും പുതിയ കേരളം സൃഷ്ടിക്കുക്കുന്നതിന് ഏററവും വലിയ തടസ്സമായി നില്ക്കുന്ന ജാതി നശിപ്പിക്കണമെന്ന സ്വാമി സന്ദേശം അന്നത്തെ സ്ഥിതിക്കു ഏററവും അത്യാവശ്യമായിരുന്നു; എന്നതു ശരിതന്നെ ; ഇന്നും അതിൻെറ ആവശ്യം ഇല്ലാതായിട്ടില്ലെന്നുള്ളതും നിസ്സംശയം പറയാവുന്നതാണ്. എന്നാൽ ജാതിക്കുമതത്തിനുമെതിരായ പ്രക്ഷോഭണവും പ്രവർത്തനവും കൊണ്ടു മാത്രം നവീന കേരളം സൃഷ്ടിക്കാൻ സാദ്ധ്യമല്ലെന്ന നില ഇന്നെത്തിയിരിക്കുന്നു. ജാതിയും അയിത്തവും എത്ര അസഹനീയമായി സ്വാമിക്കു തോന്നിയോ അതിലൊട്ടും കുറയാത്ത വെറുപ്പും ദ്വേഷവും ഇന്നത്തെ മലയാളി യുവാക്കന്മാരിലുദിപ്പിക്കുന്ന പലതും ഇന്നു കേരളത്തിലുണ്ട്. സ്വാമിയും അനുയായികളും ജാതിയ്ക്കെതിരായി പടവെട്ടിയതുപോലെതന്നെ മററു പല ജന ദ്രോഹ പ്രസ്ഥാനങ്ങളോടും പടവെട്ടുന്ന യുവാക്കന്മാർ മലയാളികളിൽ അനേകം പേരുണ്ട്; നാല്പതുകൊല്ലം മുമ്പു സ്വാമി സന്ദേശത്തിനുണ്ടായിരുന്ന വിപ്ലവ പ്രാധാന്യമുള്ള മറെറത്രയോ സന്ദേശങ്ങൾ ഇന്നത്തെ കേരളത്തിലുണ്ട്. ഈ പുതിയ പ്രസ്ഥാനങ്ങളും പുതിയ സന്ദേശങ്ങളും ഈഴവസമുദായത്തിൽ തന്നെ അലയടിക്കുന്നുണ്ട്. ഇവയെക്കൂടി ഉൾക്കൊള്ളിക്കാതിരുന്നാൽ എസ്സ്. എൻ. ഡി, പി യ്ക്കു നവീന കേരളത്തിലുള്ള സ്ഥാനം ഇല്ലാതാകുമെന്നതിനു സംശയമില്ല''. (പേജ് 281 നാരായണഗുരു പി. കെ. ബാലകൃഷ്ണൻ)

ശ്രീനാരായണപരിപാലനയോഗത്തിൻെപ്രവർത്തന ശൈലിയിൽ വളയെധികംമാററംവരേണ്ടിയിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലത്തിനു ഒത്തമാററം. മുതലെടുപ്പിനുള്ള ഒരു ഏണി പ്പടിയായി പലരും യോഗത്തെ ഉപയോഗിക്കുവാൻ ശ്രമിക്കുന്നു. ത്യാഗസുരഭിലമായ നേതൃത്വം നൽ കാൻ കെല്പ്പുള്ളവരില്ലാത്തതുകൊണ്ടല്ല. പിന്നെയോ? സ്വാർത്ഥ മോഹികളായ മനുഷ്യരുടെ ചന്ദ്രഹാസ മേ ററു ത്യാഗധനന്മാർ ഈയ്യാംപാററകളെപ്പോലെ ചത്തു ചെച്ചു വീഴുന്നതുകൊണ്ടാണ്. അവിടെ സ്വാർത്ഥ മോഹികൾ വിജയശ്രീലാളിതരാകുന്നു. അവർക്കു ഒററ ചിന്തയേ ഉള്ളൂ.

"ദീപസ്തംഭം മഹാശ്ചര്യം
നമുക്കും കിട്ടണം പണം"

ഇതാണു നാം ഇന്നു കണ്ടുവരുന്ന മനോഭാവം. എല്ലാവരും അങ്ങനെയാണെന്നു പറയാൻവയ്യാ, അന്യ നെ ചൂഷണം ചെയ്യാതെ മെയ്ക്കരുത്തോടും ഉയർന്ന ചിന്തയോടും പ്രവർത്തിക്കണം. അതാണല്ലോ ശ്രീ നാരായണ ധർമ്മപരിപാലന യോഗത്തിൻെറ ലക്ഷ്യവും ധർമ്മവും. കാർഷികമായും വ്യാവസായികമായും മനു ഷ്യൻ ഉയരണമെന്നു ശ്രീനാരായണഗുരുദേവൻ പറഞ്ഞ ആശയംതന്നെയാണു കമ്മ്യൂണിസ്ററു സിദ്ധാന്തങ്ങളി ലും നിഴലിച്ചു-കാണുന്നതു്. ലക്ഷ്യം ഒന്നു്. മാർ ഗ്ഗം രണ്ടു്. അതിനെമാററിയിട്ട് എല്ലാമനുഷ്യർക്കുംഉയ രാനുള്ളഅവസരം ഉണ്ടാകണം ഗുരുദേവ തത്ത്വങ്ങളിൽ അതു വ്യക്തമായി കാണാൻ കഴിയും.

"ലോകാസമസ്താഃസുഖിനോഭവന്തു" എന്നാണ ല്ലോ ഗുരുക്കന്മാർ പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽ ഉൾക്കൊള്ളാത്ത ഒരാശയം വേറെഉണ്ടെന്നു തോന്നുന്നില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്ന ശ്രീനാരായണ വചനത്തിന് അപ്പുറത്തു ഒരു ആശയമുണ്ടെന്നു മനസ്സിലാക്കാൻ പ്രയാസമാണു്. എല്ലാവരും മനുഷ്യൻെറ ഉയർച്ചയാണല്ലോ ആഗ്രഹിക്കുന്നത്. ഏതു ഭരണകൂടം നിലവിൽവന്നാലും മനുഷ്യൻസ്വയം നന്നായില്ലെങ്കിൽ ഒന്നും നാം പ്രതീക്ഷിക്കുന്ന—ആഗ്രഹിക്കുന്നരീതിയിൽ ചെന്നെത്തുകയില്ല എന്നു ലോകചരിത്രം നമ്മെ പഠിപ്പിച്ചിട്ടുണ്ട്-പഠിപ്പിച്ചുകൊണ്ടിരിക്കുന്നു.

നമ്പൂതിരിപ്പാടു ചൂണ്ടിക്കാണിച്ച നവീന കേരളത്തിൽ മാത്രമല്ല നവീന ലോകത്തുതന്നെ ശ്രീനാരായണ ഗുരുദേവനു ഒരു സ്ഥാനമുണ്ട്. അങ്ങ് അകലെ സ്ഥിതി സമത്വത്തിനുവേണ്ടി വാദിച്ച എബ്രഹാം ലിങ്കൻെറ നാട്ടിൻ—പ്രതിഭകളുടെ പ്രഭവ സ്ഥാനമായ യൂറോപ്പിൽ ശ്രീനാരായണഗുരുദേവൻെറ കൃതികളെപ്പററിയുള്ള പഠനം തുടങ്ങിയിരിക്കുന്നു. മനുഷ്യൻ ഈ ലോകത്തുള്ള കാലത്തോളം ശ്രീനാരായണഗുരുവിനു ഒരു പ്രത്യേകസ്ഥാനമുണ്ടായിരിക്കും. ശ്രീനാരായണ ധർമ്മപരിപാലന യോഗം കാലത്തിൻെറ കുളമ്പടിനാദം ശ്രവിക്കുമെങ്കിൽ അതിൻെറ സ്ഥാനം മഹത്തായിരിക്കും.

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 12

ഗുരുവും ശിഷ്യനും

ചരിത്ര പ്രസിദ്ധമായ അരുവിപ്പുറം പ്രതിഷ്ഠ കഴിഞ്ഞു. ഗുരുദേവൻ, മററു പല സ്ഥലങ്ങളിലും ഭക്ത ജനങ്ങളുടെ ആഗ്രഹപ്രകാരം പ്രതിഷ്ഠകൾ നടത്തിത്തുടങ്ങിയ കാലം. ഈ കാലഘട്ടത്തിലാണു കുമാരുവിനെകണ്ടത്. അല്ലെങ്കിൽ കുമാരഗുരുവിനെ കണ്ടെത്തിയത്. ഈ കുമാരു എവിടെത്തുകാരനാണെന്നും അദ്ദേഹത്തിൻെറ മൂലകുടുംബം എവിടെയാണെന്നും കൂടി പരിശോധിക്കാം.

കടയ്ക്കാവൂർ ഊട്ടുപറമ്പുക്ഷേത്രത്തിനു തെക്കു ഭാഗത്തു പ്ലാങ്ങൽ എന്ന ഒരു ഗൃഹമുണ്ട്. ഈ ഗൃഹത്തിലെ പഴയ തലമുറയിലെ കാരണവൻമാർ ഈശ്വരഭക്തന്മാരായിരുന്നു. ശ്രീരാമ പട്ടാഭിഷേകം മുറപോലെ വളരെക്കാലം അവർ നടത്തിവന്നിരുന്നു ആ കാലഘട്ടത്തിൽ കടയ്ക്കാവൂർ ദേശത്തെ ഈഴവരുടെ ദായക്രമം എങ്ങനെയായിരുന്നുവെന്നു ചെറുതായെങ്കിലും അറിയേണ്ടതാണ്.

മററു സമുദായങ്ങളിൽ ഉള്ളതുപോലെ നാലു ഇല്ലങ്ങൾ അല്ലെങ്കിൽ വംശങ്ങൾ ഈഴവരുടെ ഇടയിലും ഉണ്ട്. മൂട്ടില്ലം, മാടമ്പി (പള്ളിച്ചൽ) ഇല്ലം, മയ്യനാട്ടില്ലം, ചോഴിയില്ലം. ഒരു ഇല്ലത്തിലുള്ളവർക്കു അതതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇല്ലങ്ങളിൽ നിന്നും വിവാഹ ബന്ധത്തിലേർപ്പെടാൻ പാടില്ല. മററു ഇല്ലങ്ങളിൽ നിന്നും ബന്ധത്തിൽ ഏർപ്പെടാം. മൂട്ടില്ലത്തിൽപ്പെട്ടവരാണ് പ്ലാങ്ങൽ വീട്ടുകാർ.

ഇന്നത്തെപ്പോലുള്ള പോസ്ററൽ സമ്പ്രദായം അന്നു വികസിച്ചിരുന്നില്ല. അന്നു സ്റേററിനകത്തു അഞ്ചൽ സർവീസും സ്റേററിനു വെളിയിൽ പോസ്ററൽ സർവീസും നടത്തിപ്പോന്നു. ഒരഞ്ചലാഫീസിൽ നിന്നും മറെറാരഞ്ചലാഫീസിലേക്കു് ഉരുപ്പടികൾ കൊണ്ടു കൊടുക്കുകയായിരുന്നു പതിവു്. കൈയ്യിൽ മണിയും കെട്ടി പൈയുമായി ഓടുന്ന സമ്പ്രദായത്തിനു് 'അഞ്ചലോട്ടം' എന്നാണു പറയുക. ഇന്നു് 'അഞ്ചലോട്ടം' എന്നതു മലയാളഭാഷയിൽ ഒരു ശൈലിയായി സ്ഥാനം പിടിച്ചിട്ടുണ്ടു്.

കടയ്ക്കാവൂർവഴി അഞ്ചുതെങ്ങു, കായിക്കര, നെടുങ്ങണ്ടമുതലായ സ്ഥലങ്ങളിലേയ്ക്കു അഞ്ചലോട്ടമുണ്ടായിരുന്നു. ഊട്ടുപാമ്പുക്ഷേത്രത്തിനു സമീപമുള്ള റോഡിലൂടെയായിരുന്നു ഈ ഓട്ടം. അങ്ങനെയോടിയ ഒരാൾ പ്ലാങ്ങൽ വീട്ടിലുള്ള ഒരു യുവതിയെ കണ്ടുമുട്ടി. അവർ പ്രേമബന്ധത്തിലായി. ആ സ്നേഹം ശാശ്വതമായ ബന്ധത്തിനു വഴിതെളിച്ചു. അവർ കായിക്കരയിൽ താമസമായി' തൊമ്മൻ വിളാകം' എന്നായിരുന്നു ആ വീട്ടിന്റെ പേരു്. അവരുടെ ദാമ്പത്യവല്ലരിയിൽ വിടർന്ന പൂവാണു കുമാരുവിന്റെ അമ്മ.

ഒരു യുവതി അഞ്ചലോട്ടക്കാരനുമൊത്തു പൊയ്ക്കളഞ്ഞ വിവരം പ്ലാങ്ങൽ കുടുംബത്തിലെ അംഗങ്ങളെ ആകെ ഉലച്ചു. മാനഹാനിയിൽനിന്നും കരകയറാൻ കുടുംബാംഗങ്ങൾക്കു കഴിഞ്ഞില്ല. വേദനയുടെ തീച്ചൂള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിൽപ്പെട്ട് അവരുടെ ഹൃദയങ്ങൾ ഉരുകി. ഒരു തലമുറ കഴിഞ്ഞപ്പോൾ പ്ലാങ്ങൽ കുടുംബത്തിൽ സ്ത്രീ സന്താനം ഇല്ലാതെ വന്നു. വക്കത്തു മണക്കാടു് എന്നൊരു കുടുംബം ഉണ്ടെന്ന് പ്ലാങ്ങൽ കുടുംബത്തിലെ കാരണവന്മാർ അറിഞ്ഞിരുന്നു. അവിടെ നിന്നും ഒരു പെൺകുട്ടിയെ ദത്തെടുത്തു വളർത്താമെന്നു വിചാരിച്ചു. എന്തുകൊണ്ടെന്നാൽ അഞ്ചലോട്ടക്കാരനുമായി പോയ യുവതിയിൽ നിന്നുണ്ടായ സന്താന പരമ്പരകളാണു മണക്കാട്ടിൽ ഉള്ളതെന്നു പ്ലാങ്ങലിലെ കാരണവന്മാർ മനസ്സിലാക്കിയിരുന്നു. ദത്തുസഹോദരിമാരായിട്ടു പോകാൻ മണക്കാട്ടു കുടുംബത്തിലെ സ്ത്രീ ജനങ്ങൾ തയ്യാറില്ലായിരുന്നു. മാത്രമല്ല, അവിടത്തെ പുരുഷന്മാർ അക്കാര്യത്തിനുവേണ്ടി സ്ത്രീകളെ പ്രേരിപ്പിച്ചിരുന്നുമില്ല.

മഹാനദികളുടെയും മഹാന്മാരുടെയും ഉത്പത്തി സ്ഥാനത്തെക്കുറിച്ച് അന്വേഷിക്കേണ്ട കാര്യമില്ലല്ലോ. എന്തായാലും ആശാൻെറ മൂല കുടുംബം കടയ്ക്കാവൂർ പ്ലാങ്ങൽ വീടാണെന്നു പഴമക്കാർ പറഞ്ഞു പോരുന്നുണ്ട്. ഒരു സ്വാതന്ത്ര്യ സമര സേനാനിയും Ex:M.L.A. യുമായ ശ്രീ. യു. നീകണ്ഠനാണ് ഈ വിവരം ആദ്യമായി ലേഖകനോടു പറഞ്ഞത്. കൂടാതെ അന്വേഷണത്തിൽ വക്കത്തു മണക്കാട്ടു കുടുംബത്തിലെ അംഗമായ അഡ്വക്കേററു മി. കുമാരൻ ലേഖകനോട് ഇങ്ങനെ പറഞ്ഞു. ''അവരുടെ ഇതുവരെ ഉണ്ടായിട്ടുള്ള കരണങ്ങളിൽ ''കടയ്ക്കാവൂർ പ്ലാങ്ങൽ വീടു കൂടിയുള്ള മണക്കാട്ടു വീട്ടിൽ നിന്നും കായിക്കര തൊമ്മൻ വിളാകത്തു താമസം... ....എന്നാണു എഴുതി വരുന്നത്''. അഡ്വക്കേററു ശ്രീ. കുമാരൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുൻ പ്രമാണങ്ങളെ അടിസ്ഥാനമാക്കി അഭിപ്രായപ്പെട്ടതിൽ നിന്നും ഉപ്പാങ്ങൽ വീടാണു മൂലകുടുംബം എന്നു ഊഹിക്കുന്നതിൽ തെററില്ല.

ഇന്നു ഉപ്പാങ്ങൽ വീട്ടിൽ താമസിക്കുന്ന ഗൃഹനാഥനും ആശാൻെറ മൂലകുടുംബം ഉപ്പാങ്ങൽ വീടാണെന്നു അവകാശപ്പെടുന്നു. ഉപ്പാങ്ങൽ വീട്ടിലെ ഇളയ കാരണവരും പരേതനുമായ ശ്രീ. കൃഷ്ണൻെറ മകനാണു ഇന്നത്തെ ഗൃഹനാഥൻ അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു.

"എൻെറ പിതാവു പലപ്പോഴും ഇക്കഥ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. കൂടാതെ അച്ഛൻ ജീവിച്ചിരുന്ന കാലത്തു മണക്കാട്ടു വീട്ടിലും തൊമ്മൻ വിളാകത്തും പോകുക പതിവായിരുന്നു. മണക്കാട്ടു വീട്ടിലുള്ള സ്ത്രീകൾ എൻെറ കുട്ടിക്കാലത്തു ഊട്ടുപറമ്പു അർദ്ധനാരീശ്വരക്ഷേത്രത്തിൽ പൂജാകർമ്മങ്ങൾക്കു വന്നിട്ട് ഞങ്ങളുടെ വീട്ടിൽ വന്ന് ആഹാരം കഴിച്ചു പോകുക പതിവായിരുന്നു. കുമാരനാശാന് ഒരു സഹോദരിയേ ഉണ്ടായിരുന്നുള്ളു. അവരുടെ പേര് പഞ്ചമി എന്നായിരുന്നു. അവരെ വിവാഹം കഴിച്ചിരുന്നതു എൻെറ വലിയ കാരണവനായ കടയ്ക്കാവൂർ ഇളയാംപറമ്പു വീട്ടിൽ കേശവൻ വാദ്ധ്യാരായിരുന്നു. അവർക്കു കുഞ്ഞുങ്ങളില്ലായിരുന്നു. എൻെറ വീട്ടിൽ അവർ വന്നിട്ടുള്ളതായും അച്ഛൻ പറഞ്ഞിട്ടുണ്ട്. ഇതിൽ നിന്നെല്ലാം കുമാരനാശാൻെറ മൂലകുടുംബം ഉപ്പാങ്ങൽ വീടാണെന്നു മനസ്സിലാക്കാം".

1048-മേട,ച്ചിത്തിരനാളിലാണ് കുമാരു കായിക്കര തൊമ്മൻ വിളാകത്തു വീട്ടിൽ ജനിച്ചത്. കുമാരുവിൻെറ അച്ഛൻെറ പേര് നാരായണൻ എന്നായിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാമ്പത്തികമായ പരാധീനത ഉണ്ടായിരുന്നിട്ടു പോലും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ കാര്യത്തിൽ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

കടയ്ക്കാവൂരിൽ മീരാൻകടവിനു സമീപം സ്ഥാപിച്ചിരുന്ന സംസ്കൃതപാഠശാലയിൽ ശ്രീനാരായണ ഗുരുദേവൻ കൂടെക്കൂടെ വരുന്ന പതിവുണ്ടായിരുന്നു. ഈ കാലഘട്ടത്തിലാണ് ഗുരുദേവൻ കുമാരുവിനെ കണ്ടത്. ആശാന്റെ പിതാവു യാദൃച്ഛികമായി ഗുരുദേവനെ കണ്ടുമുട്ടി. അദ്ദേഹം ഗുരുദേവനെ വീട്ടിലേയ്ക്ക് ക്ഷണിച്ചു. ക്ഷണം സ്വീകരിച്ച ഗുരുദേവൻ തൊമ്മൻ വിളാകത്തേക്കു ചെന്നു. കുമാരു സുഖമില്ലാതെ കിടക്കുകയായിരുന്നു. കുമാരുവിനെ ഗുരുദേവൻ കണ്ടു. കുമാരാ ഗുരുവിനെയും കണ്ടു. വട്ട മുഖത്തോടു കൂടിയ കുമാരുവിൽ അടങ്ങിയിരുന്ന പ്രതിഭ എന്തെന്നു ഗുരുദേവൻ മനസ്സിലാക്കി.

"കുമാരു നീ നമ്മോടൊത്തു വരുന്നുണ്ടോ"? ഗുരു ചോദിച്ചു.

"വരാം" കുമാരു മറുപടി പറഞ്ഞു.

"എന്നാൽ കുമാരു നമുക്കിരിക്കട്ടെ" എന്നു പിതാവായ നാരായണനോടു പറഞ്ഞിട്ടുഗുരുദേവൻ അവിടെ നിന്നു പോകുകയും ചെയ്തു.

ഇതിനിടയിൽ കുമാരു മണമ്പൂർ ഗോവിന്ദനാശാന്റെ ശിഷ്യനായി സംസ്കൃതം പഠിച്ചു. കുമാരുവിന്റെ അനിതര സാധാരണമായ പ്രതിഭാവിലാസത്തെ ഗോവിന്ദനാശാൻ വിലമതിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വക്കത്തു വേലായുധൻ നടയിൽ വച്ചു ഗുരുദേവൻ കുമാരുവിനെ വീണ്ടും കണ്ടു. ഗുരുദേവൻ കുമാരുവിൻെറ പ്രതിഭയെ ഒന്നു ഉരച്ചുനോക്കി. സമസ്യാപൂരണം വഴി.

ഗുരുദേവൻ പാടി:—

''കോലത്തു കരക്കുടികൊണ്ടരുളും
ബാലപ്പിറ ചൂടിയ വാരിധിയേ

കുമാരു പൂരിപ്പിച്ചു

കാലൻകനിവററു കുറിച്ചു വിടു
ന്നോലപ്പടിയെന്നെയയയ്ക്കരുതേ!''

ഗുരുവിനു തൃപ്തിയായി. കുമാരു അരുവിപ്പുറത്തേക്ക് ക്ഷണിക്കപ്പെട്ടു. അരുവിപ്പുറം ക്ഷേത്രത്തിൻെറ ഭരണച്ചുമതല മുഖ്യമായും കുമാരുവിനെ ഏല്പിച്ചു. അപ്പോഴേക്കും കുമാരു ചിന്നസ്വാമിയായി മാറിയിരുന്നു. ഈ സന്ദർഭത്തിലാണ് ഡോക്ടർ പി. പല്പു അരുവിപ്പുറത്തു ചെന്നു ഗുരുദേവനെ കണ്ടത്. ഗുരുദേവൻെറ ഉപദേശപ്രകാരം. ഡോക്ടർ പല്പുകുമാരനെ കൂട്ടിക്കൊണ്ടുപോയി. ബാംഗ്ലൂർ സംസ്കൃത സ്കൂളിൽ പ്രവേശനം ലഭിക്കുവാൻ വളരെ ബുദ്ധിമുട്ടുണ്ടായിരുന്നു. എങ്കിലും കുമാരനു ബാംഗ്ലൂരിൽ അഡ്മിഷൻ കിട്ടി. ഒന്നാമനായി പരീക്ഷ ജയിക്കുകയും ചെയ്തു. ഡോക്ടറുടെ നിർദ്ദേശപ്രകാരം കുമാരൻ നേരെ പോയത് കല്ക്കത്തയിലേക്കാണ്. ഇംഗ്ലീഷ് സാഹിത്യത്തിലും ബംഗാളി സാഹിത്യത്തിലും അറിവു സമ്പാദിച്ചു തിരിച്ചു പോന്നു. ഗുരുദേവൻ തന്നെ ശരണം.

ശ്രീനാരായണ ഗുരുദേവൻെറ അനുഗ്രഹാശിസുകളോടെ ഡോക്ടർ പല്പുവിൻെറ കാർമ്മികത്വത്തിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീനാരായണ ധർമ്മ പരിപാലനയോഗം സ്ഥാപിക്കപ്പെട്ടു. കുമാരനാശാനെ ആദ്യത്തെ സെക്രട്ടറിയായി നിയമിച്ചു. പതിനാറു വർഷക്കാലം ആത്മാർത്ഥമായി ആശാൻ ആ സ്ഥാനത്തു പ്രവർത്തിച്ചു. പക്ഷെ, എന്താണു പക്ഷെ ? സ്ഥാപിത താല്പര്യക്കാരായ സമുദായ നേതാക്കരം കുമാരനാശാന്റെ രക്തം കുടിച്ചേ അടങ്ങൂ എന്ന ഭാവത്തിൽ മുന്നോട്ടുവന്നു. രക്തരക്ഷസ്സിന്റെ ക്രൂരതയോടുകൂടിതന്നെ അവർ രംഗപ്രവേശം ചെയ്തു. പല ആരോപണങ്ങളും ആശാന്റെ മേൽ ചൊരിഞ്ഞു.

ശ്രീനാരായണ ഗുരുദേവന്റെ ഷഷ്ടിപൂർത്തി ആഘോഷവേളയിൽ തിരുവനന്തപുരം കൈതമുക്കിൽ ഒരു രണ്ടുനിലക്കെട്ടിടം പണികഴിപ്പിച്ചു, സ്മാരകമായിട്ട്. അത് ആശാന്റെ നേതൃത്വത്തിലായിരുന്നു. സുർക്കിയും കുമ്മായവും കൊണ്ടല്ല അതു കെട്ടിയത്! പിന്നെയോ ? ചെളികൊണ്ട്! ആരോപണം ഉയർന്നു. ആ ആരോപണംഡെമോക്ലീസിന്റെവാളുപോലെതൂങ്ങിനിന്നു. ഗത്യന്തരമില്ലാതായപ്പോരം ഗുരുദേവൻ അവിടെചെന്നു. കെട്ടിടത്തിന്റെ ഒരു ഭാഗത്തെമണ്ണുമാന്തിച്ചു. അതിനുശേഷം കോടാലികൊണ്ടു വെട്ടാൻ അരുരംചെയ്തു. സുർക്കിയിട്ടു കെട്ടിഉയർത്തിയ കരിങ്കല്ലിൽ വെട്ടേററില്ല. ആരോപണ കർത്താക്കരം നിശബ്ദരായി. എങ്കിലും ഈ സംഭവം ആശാന്റെ ഹൃദയത്തെ മഥിച്ചു. ഒട്ടും താമസിച്ചില്ല. സെക്രട്ടറി പദം രാജിവെച്ചു.

ഗുരുവും ശിഷ്യനുമായുള്ള ബന്ധത്തിനു കോട്ടം തട്ടിയില്ല. പ്രത്യുത അവർതമ്മിലുള്ള ബന്ധത്തിനു കൂടുതൽ ഉറപ്പുവരികയാണ്ചെയ്തത്. ഗുരുവിന്റെ ആശയങ്ങരം കവിതാരൂപേണ ആശാൻ ആവിഷ്ക്കരിച്ചു. അവ ജനഹൃദയങ്ങളിലേക്ക് പകർന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആശാൻ വിവാഹിതനാകുന്നു എന്നറിഞ്ഞപ്പോൾ ഗുരുദേവൻ എതിർപ്പു പ്രകടിപ്പിച്ചില്ല. "ഇന്നലെവരെ അരി ആഹാരം, നാളെ മുതൽ ഗോതമ്പാഹാരം" എന്നു മാത്രം പറഞ്ഞു. മഹത്തായ ഗുരു ശിഷ്യബന്ധത്തിന് ഉലച്ചിൽ തട്ടിയില്ല എന്നതാണു വാസ്തവം.

ഗുരുവിൻെറ ഉപദേശം ശിരസ്സാവഹിക്കുവാൻ ശിഷ്യൻ സദാ സന്നദ്ധനായിരുന്നു. ശിഷ്യൻെറ അഭിപ്രായവും ഗുരു ആരാഞ്ഞിരുന്നു. ബുദ്ധമതം സ്വീകരിക്കുവാൻ സഹോദരനയ്യപ്പനും കൂട്ടരും തയ്യാറായിരുന്ന കാലം. വിവരമറിഞ്ഞ ഗുരു കുമാരനാശാൻെറ അഭിപ്രായം എന്താണെന്നു അയ്യപ്പനോട് ചോദിച്ചിരുന്നു. അതിൽനിന്നും ഗുരുവും ശിഷ്യനും തമ്മിലുണ്ടായിരുന്ന ബന്ധം എന്താണെന്നു അനുമാനിക്കാം.

ഗുരുവിനെക്കുറിച്ച് ശിഷ്യൻ പാടിയതു നോക്കുക.

"ആരായുകിലന്ധത്വമൊഴിച്ചാദിമഹസ്സിൻ
നേരാംവഴികാട്ടും ഗുരുവല്ലോപരദൈവം
ആരാധ്യനതോർത്തീടുകിൽ ഞങ്ങൾക്കവിടുന്നാം
നാരായണമൂർത്തേ! ഗുരു നാരായണമൂർത്തേ
അൻപാർന്നവരുണ്ടോ പരവിജ്ഞാനികളുണ്ടോ
വൻപാകെ വെടിഞ്ഞുള്ളവരുണ്ടോയിതുപോലെ
മുമ്പായി നിനച്ചൊക്കെയിലും ഞങ്ങൾ ഭജിപ്പൂ
നിൻ പാവനപാദം ഗുരു നാരായണമൂർത്തേ.
അന്യർക്കു ഗുണം ചെയ്‌വതിനായുസ്സു
വപുസ്സും
ധന്യത്വമൊടങ്ങാത്മതപസ്സും ബലിചെയ്‌വൂ
സന്ന്യാസികളില്ലിങ്ങനെയില്ലില്ലമിയന്നോർ
വന്യാശ്രമമേലുന്നവരും ശ്രീഗുരുമൂർത്തേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാദങ്ങൾ ചെവി കൊണ്ടുമതപ്പോരുകൾ കണ്ടും
മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ
വേദാഗമസാരങ്ങളറിഞ്ഞങ്ങൊരുവൻതാൻ
ഭേദാദികൾ കൈവിട്ടുജയിപ്പൂ ഗുരുമൂർത്തേ.

ഇതിൽ കൂടുതൽ ഗുരുവിനു ശിഷ്യൻ എന്താണു നല്കേണ്ടത്

ഗുരു ആരായിരുന്നുവെന്നും ഗുരുവിന്റെമുമ്പിൽ ശിഷ്യന്റെ സ്ഥാനം എന്തായിരുന്നുവെന്നും മേൽ വിവരിച്ച പ്രാർത്ഥന തെളിയിക്കുന്നുണ്ടല്ലോ. പരിശുദ്ധമായസ്നേഹത്തിന്റെ പ്രതിരൂപങ്ങളായിരുന്നു ഗുരുവും ശിഷ്യനും. ഗുരുവിന്റെ കാൽനഖേന്ദുമരീചികളെ ശിഷ്യൻ പിൻതുടർന്നു.

അൻപത്തി ഒന്നാമത്തെ വയസ്സിൽ ആശാന്റെ ജീവിതം പല്ലനയാററിൽ അവസാനിച്ചു. ആ ദിവസം രാവിലെ ശിഷ്യൻ ഗുരുവിനെ വന്ദിച്ചുയാത്ര ചോദിക്കുവാൻ പോയിരുന്നു.

പ്രകൃതി ചിലപ്പോഴെല്ലാം ചില വികൃതികൾ കാണിക്കാറുണ്ട്. ആത്മോപദേശശതകത്തിൽ ഗുരുദേവൻ പാടിയ വരികൾ ഓർമ്മിച്ചു പോകുകയാണ്.

"പ്രകൃതി പിടിച്ചു ചുഴററിടും പ്രകാരം
സുകൃതികൾപോലുമഹോ! ചുഴന്നിടുന്നു!"

ആശാൻ ശിവഗിരിയിൽ എത്തിയപ്പോൾ ഗുരു ധ്യാനത്തിലായിരുന്നു. പരസ്പരം കാണാൻ സാധിച്ചില്ല. ആശാൻ അല്പനേരം മൗനമായിനിന്നിട്ട് "ഞാൻ പോയി" എന്നു ഗുരുദേവനെ അറിയിക്കണമെന്ന് അവിടെ ഉണ്ടായിരുന്ന സന്യാസിയെ ശട്ടം കെട്ടി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രികാലജ്ഞാനിയായ ഗുരുദേവൻ ധ്യാനം കഴിഞ്ഞു വന്നു. വിവരം സന്ന്യാസിയായ സുബ്രഹ്മണ്യനിൽ നിന്നും അറിഞ്ഞപ്പോൾ "കുമാരൻ പോയി" എന്നു ഗുരുദേവൻ അരുളം ചെയ്തു. ആശാൻ റെഡീമർ ബോട്ടപകടത്തിൽ മരിച്ചു എന്നറിഞ്ഞപ്പോഴാണ് ശിവഗിരിയിൽവച്ചു ആശാൻ പറഞ്ഞതിൻെറയും ഗുരു അതിനെക്കുറിച്ചു അഭിപ്രായപ്പെട്ടതിൻെറയും പൊരുൾ ജനതയ്ക്കു മനസ്സിലായത്.

സമസ്യാപൂരണത്തിൽ "കാലൻ കനിവററു കുറിച്ചുവിടുന്നോലപ്പടിയെന്നെ അയയ്ക്കരുതേ" എന്ന ഈരടികളിൽ ഒരു അപേക്ഷയുടെ സ്വഭാവം നിഴലിയ്ക്കുന്നില്ലേ? അഭ്യർത്ഥനയുടെ - യാചനയുടെ-ദയനീയ ഭാവം അതിൽ കാണാം. ആശാൻ അഭിപ്രായപ്പെട്ടതു പോലെ എല്ലാമറിയുന്ന ആളാണല്ലോ ഗുരു.

മഹാകവി കുമാരനാശാൻ ഗുരുവിനെക്കുറിച്ചു എഴുതിയ ജീവചരിത്രത്തിൻെറ അവസാന ഭാഗത്തു ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു (Page 38)

"സ്വാമിയുടെ സംക്ഷിപ്തമായ ഈ ജീവചരിത്രം തല്ക്കാലം ഇവിടെ അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിനെ വായനക്കാർ അത്യന്തമനോഹരമായ അവിടത്തെ ജീവചരിത്ര ഗാത്രത്തിൻെറ അസ്ഥികൂടം എന്നുമാത്രം കരുതിയാൽമതി."

എന്തുകൊണ്ടാണു ആശാൻ "തല്ക്കാലം ഇവിടെ അവസാനിപ്പിക്കേണ്ടതെന്നു പറഞ്ഞത്". ആശാന് അറം ഒരു ഭാഗത്തു മാത്രമല്ല പല ഭാഗത്തും പററിയിട്ടുണ്ട്. "ഹന്തതാഴുന്നു താഴുന്നു കഷ്ടം" എന്നു ദുരവസ്ഥയിൽ എഴുതിയ ആശാനു അതുപോലെ തന്നെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംഭവിച്ചു. കാലൻ കനിവില്ലാതെ കുറിച്ചുവിട്ട ഓല പ്പടി ആശാൻ പോയി.

ശ്രീനാരായണ ഗുരുദേവനും ആശാനും തമ്മിലുള്ള ഗുരുശിഷ്യബന്ധത്തിനു പാവനത്വമുണ്ടായിരുന്നു. ഗുരു പ്രവാചകനും ശിഷ്യനായ ആശാൻ പ്രചാരകനും.

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 13

സാമൂഹിക പരിഷ്കർത്താവ്

മനശ്ശാസ്ത്രം എന്ന വിഷയത്തിന് അതി പുരാതനമായ ഒരു ചരിത്രമുണ്ട്. മാനവ സമുദായത്തിൻെറ ഉദയത്തോടുകൂടി തന്നെ അതും ഉത്ഭവിച്ചു എന്നു പറയുന്നതാണു വാസ്തവം. ഭാരതീയ തത്ത്വ ചിന്തയുമായി ബന്ധപ്പെട്ടു കിടക്കുകയാണ് മനഃശ്ശാസ്ത്രം. തത്ത്വചിന്തയിൽനിന്ന് ഇതുവരെ വ്യക്തമായി അതിനെ മാററി എടുത്തിട്ടില്ല. അതിനെ മാററി എടുക്കാനുളള നീക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പാശ്ചാത്യദേശത്ത് മനഃശാസ്ത്രം സാവധാനം തത്ത്വചിന്തയിൽ നിന്നു മോചിതമായി. മററു ശാസ്ത്രങ്ങൾപോലെ മനഃശ്ശാസ്ത്ര ശാഖ സ്വതന്ത്രമായി വളരുകയാണ്.

ശരീരശാസ്ത്രം മനുഷ്യൻെറ പെരുമാററത്തെക്കുറിച്ച് പൂർണ്ണമായ ഒരു അറിവു തരുന്നില്ല. എന്നാൽ അതു ലഭിക്കേണ്ടത് അത്യാവശ്യമാണ്. വ്യക്തിയും പരിസരവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. വ്യക്തിയുടെ ചിന്തയേയും പ്രവൃത്തിയേയും കുറിച്ചു സൂക്ഷ്മമായി മനശ്ശാസ്ത്രജ്ഞന്മാർ പഠിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീനാരായണ ഗുരുദേവൻ ഒരു മനശ്ശാസ്ത്രവിദഗ്ദനായിരുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ പരിസരത്തോടു ബന്ധപ്പെട്ട വ്യക്തികളുടെ കഥ—കണ്ണുനീരിൽ കുതിർന്ന കഥ അദ്ദേഹം കേട്ടു. കണ്ടു. താൻ കണ്ട കാഴ്ചയ്ക്കു ഒരു മാററം വരുത്തണം. ചിന്തിച്ചു. ഒരുറച്ച തീരുമാനത്തിൽ എത്തി. സോക്രട്ടീസിനെപ്പോലെ ചോദ്യങ്ങൾ ബഹുജനമദ്ധ്യത്തിലേക്ക് എറിയുകയല്ലാ ചെയ്തത്! പിന്നെയോ? സൃഷ്ടിപരമായി—പ്രായോഗികമായ രീതിയിൽ—പ്രവർത്തിച്ചു കാണിച്ചു. അന്നത്തെ മനുഷ്യൻെറ അടിയന്തിരമായ ആവശ്യമെന്തായിരുന്നു ?. അവനെ എങ്ങനെ ഉയർത്താം ?. ഇമ്മാതിരയുള്ള ചോദ്യത്തിനു സ്വയം ഉത്തരം കണ്ടുപിടിച്ചിട്ടായിരിക്കും ഗുരുദേവൻ പ്രായോഗികജീവിതത്തിലേക്കു കാലൂന്നിയത്. ഒരു ദിവസംകൊണ്ടു റോമാ സാമ്രാജ്യം കെട്ടിപടുത്തതല്ലെന്നു ബുദ്ധിമാന്മാർക്കറിയാം. ഇവിടെ വമ്പിച്ച ഒരു ജനവിഭാഗം 'ചാണ കാണാതെ' പടുകുഴിയിൽ കിടക്കുന്നു. അവരെ കരകയററണം. പെട്ടെന്ന് അതു സാദ്ധ്യമല്ല. മലീമസമായിക്കൊണ്ടിരുന്ന ഹിന്ദുമതത്തിനു നവോത്ഥാനം പ്രദാനം ചെയ്യാൻ ഗുരുവിൻെറ പ്രവൃത്തി സഹായകരമായിരുന്നു. സമൂഹത്തിൽ നിലവിലിരുന്ന അനേകം ദുരാചാരങ്ങളെ ആ മഹാത്മാവു മാററി മറിച്ചു. ഒരു കെട്ടു കല്യാണം നിർത്തൽ ചെയ്ത കഥ കെ. ദാമോദരൻ ബി. ഏ. എഴുതിയ സ്വാമി തൃപ്പാദങ്ങളുടെ ജീവിതചരിത്രത്തിൽ ഉണ്ട്. അതു പറയാം.

"ആയിടെ നെയ്യാററിൻകര കരിങ്കുളത്ത് വലിയ ഗൃഹസ്ഥനും സ്വാമി തൃപ്പാദങ്ങളുടെ വിശ്വസ്ത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭക്തനുമായ ഒരു ഈഴവ മാന്യൻ അദ്ദേഹത്തിന്റെ ഏക പുത്രിയുടേയും മററും താലികെട്ടു കല്യാണം നടത്താനുള്ള ഒരുക്കങ്ങൾ പൊടിപുരമായി ചെയ്തു വരുകയായിരുന്നു. ഈ വിവരം സ്വാമി തൃപ്പാദങ്ങൾ അറിഞ്ഞു. മകരം അഞ്ചാം തീയതി (മുഹൂർത്ത സമയം) അദ്ദേഹം അവിടെ എത്തി. അതി വിശാലവും വളരെ പണം ചെലവുചെയ്ത് അതിമനോഹരമായി അലങ്കരിച്ചിട്ടുള്ളതുമായ പന്തലിൽ വാദ്യഘോഷങ്ങളോടും മററ് അനേകം ആഡംബരങ്ങളോടും കൂടി ശുഭ മുഹൂർത്തത്തിൽ താലികെട്ടാൻ വേണ്ട സകല ഒരുക്കങ്ങളും ചെയ്തു പെൺകുട്ടികളെ യഥാസ്ഥാനം അലങ്കരിച്ചു ഇരുത്തിയിരുന്നു. ദക്ഷിണ തിരുവിതാം കൂറിലെ പ്രമാണികളായ തീയർ എല്ലാം ഹാജരുണ്ട്. സ്ഥലത്തെ പ്രധാനനായന്മാരും ക്രിസ്ത്യാനികളും മുഹമ്മദീയരും—പ്രമാണികളായുള്ളവർപോലും ക്ഷണിച്ചു വരുത്തപ്പെട്ടിരിക്കുന്നു. വാദ്യഘോഷങ്ങളും വിനോദങ്ങളും കൊണ്ടു മാത്രമല്ല, സദ്യയുടെ അതികേമമായ സ്വഭാവം കൊണ്ടും വീടും പറമ്പും അയൽവീടുകളും തിക്കിത്തിരക്കി ഒരു വലിയ പുരുഷാരം അവിടെ കൂടിയിരിക്കുന്നു. കൗരവസഭയിൽ സന്ധിക്കു പുറപ്പെട്ട ശ്രീകൃഷ്ണഭഗവാനെപ്പോലെ സ്വാമി തൃപ്പാദങ്ങൾ ഈ ജനക്കൂട്ടത്തിൽ എത്തിയപ്പോൾ പലർക്കും പല വികാരങ്ങളാണുണ്ടായത്. എങ്കിലും ആർക്കും ആ അലൗകിക പുരുഷനെ ബഹുമാനിക്കയും പൂജിക്കയും ചെയ്യാതിരിക്കാൻ കഴിഞ്ഞില്ല. പ്രധാനപ്പെട്ട പെൺകുട്ടിയുടെ അച്ഛനായ ഗൃഹസ്ഥനെ അടുത്തു വിളിച്ചുകൊണ്ട് സ്വാമി പറഞ്ഞു കെട്ടു കല്യാണം ആവശ്യമുള്ളതല്ല; നാം ഇതിനെപ്പററി പലപ്പോഴും ജനങ്ങളെഅറിയിച്ചിട്ടും ഇതേവരെ നിങ്ങളാരും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതിനെ വേണ്ടപോലെ കേറക്കുന്നില്ലല്ലോ. നിങ്ങളുടെ ഗുണത്തിനായിട്ടാണു പറയുന്നത്. നിങ്ങൾക്കു നമ്മുടെ വാക്കിൽ വിശ്വാസം ഉണ്ടെങ്കിൽ അതു കൂടാതെ കഴിക്കണം.

അദ്ദേഹം :- സ്വാമി എങ്ങനെ കല്പിക്കുന്നോ അങ്ങനെ, ഞങ്ങളുടെ കുടുംബത്തിൽ മേലാൽ കെട്ടുകല്യാണം നടത്തുകയില്ല.

സ്വാമി:- അതു പോരാ, എന്തുകൊണ്ടു, ഈ കെട്ടു കല്യാണം തന്നെ അനാവശ്യമാണെന്നു മനസ്സിലായാൽ നിങ്ങൾക്കു മുടക്കിക്കൂടേ ? അത്ര നിരർത്ഥമാണ് അത്, മുടക്കിയതുകൊണ്ടുയാതൊരുദോഷവും വരാനില്ല.

അദ്ദേഹം:- കുട്ടിയുടെ കാരണവന്മാർക്കും ജനങ്ങൾക്കും പെട്ടെന്ന് അങ്ങനെ ചെയ്യുന്നതു സമ്മതമായിരിക്കുമോ എന്നറിഞ്ഞുകൂടാ.

സ്വാമി:- നിങ്ങൾക്കു സമ്മതം തന്നെയോ ? അതറിയട്ടെ. അവരുടെയൊക്കെ സമ്മതം നാം ചോദിച്ചുകൊള്ളാം.

അദ്ദേഹം:- സ്വാമി കല്പിക്കുന്നതുപോലെ കേറക്കാൻ എനിക്കു പൂർണ്ണസമ്മതമാണ്.

സ്വാമി :- പൂർണ്ണസമ്മതം തന്നല്ലോ. എന്നാൽമതി.

ഇത്രയും പറഞ്ഞുകൊണ്ട് സ്വാമി കുട്ടിയുടെ കാരണവന്മാർ മുതലായവരെ അടുത്തുവിളിച്ച് ഉപദേശിക്കുകയും അവരെല്ലാവരും സ്വാമിയുടെ കല്പനപോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലെചെയ്യാൻ സമ്മതിക്കുകയും ചെയ്തു. സ്വാമി തൃപ്പാദങ്ങൾ ഉടനെ കെട്ടിന്നൊരുക്കത്തോടുകൂടി പന്തലിൽ അണിനിരന്നിരിക്കുന്ന പെൺകുട്ടികളെ അടുക്കൽ വിളിച്ച് അവർക്കു തന്റെ കൈകൊണ്ടു കുറെ പുഷ്പവും പഴങ്ങളും കൊടുത്ത് അവരെ അകത്തേയ്ക്കു പൊയ്ക്കൊള്ളുവാൻ പറഞ്ഞയച്ചു. അടുത്തു നിന്നിരുന്ന ഒരാളോട്, 'ഈ കെട്ടുകല്യാണം താൻ മുടക്കിയിരിക്കുന്നു എന്നും സ്വജനങ്ങളിൽ ആരും ഈ അനാവശ്യമായ അടിയന്തിരം മേലാൽ നടത്തരുതെന്നാണു താൻ ആഗ്രഹിക്കുന്നതെന്നും വെളിവായും ഉറപ്പായും ആ ജനസംഘത്തോടു പറഞ്ഞറിയിക്കുവാൻ സ്വാമികൾ ആജ്ഞാപിച്ചു'. അപ്രകാരം അയാൾ പറകയും എല്ലാവരും ആശ്ചര്യത്തോടും ഭക്തി ബഹുമാനങ്ങളോടും കൂടി അതു സമ്മതിക്കുകയും ചെയ്തു.

കെട്ടുകല്യാണം, തെരണ്ടുകല്യാണം, ജന്തുബലി തുടങ്ങിയ അനാചാരങ്ങൾ നിർത്തൽ ചെയ്യാൻ ഗുരുദേവൻ പരിശ്രമിച്ചു. ഈ പരിശ്രമം യാഥാസ്ഥിതികരായ പിന്നോക്കക്കാരുടെയിടയിൽപ്പോലും എതിർപ്പു സൃഷ്ടിച്ചു. അവർ പഴയതിനോടു മമതയും പുതിയതിനോടു വിരക്തിയും പ്രകടിപ്പിച്ചു. ഓരോ കരയിലും ചെന്നിട്ട് പുരോഗമനപരമായ കാര്യങ്ങൾ ചെയ്യാൻ ആ നാട്ടിലെ പ്രമാണിമാരെ ചുമതലപ്പെടുത്തി. പ്രമാണിമാരിലും ചിലർ അസംതൃപ്തിയും അസൂയയും പ്രകടിപ്പിക്കാതിരുന്നില്ല. പുത്തൻ കൂററുകാർ മുന്നോട്ടു നീങ്ങിയപ്പോൾ പഴയ കൂററുകാരുടെ യാഥാസ്ഥിതിക മനോഭാവം സൂര്യപ്രകാശത്തിൽ മഞ്ഞെന്നപോലെ ഉരുകിയുരുകിപ്പോയി. പിന്നോക്കംനിന്ന ജനതക്ക് ആരാധനാ സ്വാതന്ത്ര്യമില്ലായിരുന്നു. ആരാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധിക്കാം. ദൈവങ്ങളിൽ പിന്നോക്കക്കാരായ മാടൻ, മറുത, ചാമുണ്ഡി, കാളി, കൂളി മുതലായവരെ. കള്ളും കുടിച്ച് മാടന്റെയും മറുതയുടേയും മുൻപിൽ കമുകിൻ പൂക്കുലയുമായി തുള്ളിപ്പാടുന്ന മനുഷ്യക്കോലത്തെ ഗുരുദേവൻ പിൻതിരിപ്പിച്ചു. എങ്ങനെ? തുറന്ന അന്തരീക്ഷത്തിൽ കൊച്ചുകൊച്ചു ക്ഷേത്രങ്ങൾ പണിതു അതിനകത്തു സവർണ്ണ ദൈവങ്ങളായ ശിവൻ, സുബ്രഹ്മണ്യൻ, ഗണപതി മുതലായവരുടെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചു. അങ്ങനെ അവശജന വിഭാഗത്തിന് ഏതു ദേവനേയും ആരാധിക്കാനുള്ള സ്വാതന്ത്ര്യം ലഭിച്ചു. ഈ സ്വാതന്ത്ര്യം അവശജന വിഭാഗത്തിൽ ഉണർവ്വു സൃഷ്ടിച്ചു. അഭിമാന സംരക്ഷണത്തിനുവേണ്ടി കടംവാങ്ങി കെട്ടുകല്യാണം, തെരണ്ടുകല്യാണം മുതലായവ നടത്തുന്ന പതിവ് നിർത്തൽ ചെയ്തതോടെ പാവപ്പെട്ട ജനതയുടെ സാമ്പത്തിക ബാദ്ധ്യത കുറഞ്ഞു കുറഞ്ഞുവന്നു.

ചുരുങ്ങിയ കാലംകൊണ്ടു ആ വിപ്ലവകാരി കേരളത്തിനകത്തും പുറത്തും ധാരാളം ക്ഷേത്രങ്ങൾ സ്ഥാപിച്ചു. ഇത്രയധികം ക്ഷേത്രങ്ങൾ മറ്റൊരു ഗുരുവും ഇൻഡ്യയിൽ ഇതുവരെ സ്ഥാപിച്ചിട്ടില്ലാ എന്നതു ഒരു വസ്തുതയാണ്. വിപ്ലവകാരി എന്ന വാക്ക് ഉദ്ദേശ്യത്തോടുകൂടി തന്നെയാണു പ്രയോഗിച്ചത്. സർക്കാർ വക ക്ഷേത്രങ്ങളിൽ പ്രവേശനം ഇല്ലെങ്കിൽ വേണ്ട - പുതിയ ക്ഷേത്രങ്ങൾ സ്ഥാപിക്കുവാൻ കഴിയുമെന്നും അങ്ങനെ ജനതയുടെ സംസ്ക്കാരത്തിനു മാററം വരുത്തുമെന്നുമാണ് ഗുരുദേവൻ പ്രവർത്തിയിലൂടെ പ്രകടിപ്പിച്ചത്. ഒരുപക്ഷെ അന്നത്തെ ഭരണാധികാരികൾക്കു ഗുരുദേവനോടു വെറുപ്പും വിദ്വേഷവും തോന്നി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിരിക്കാം. അതൊന്നും കണ്ടഭാവം നടിക്കാതെ കേട്ടഭാവം നടിക്കാതെ ഗുരുദേവൻ തന്റെ പ്രക്രിയ അനുസ്യൂതം നടത്തിപ്പോന്നിരുന്നു.

എവിടെയെല്ലാമാണ് ഗുരുദേവൻ ക്ഷേത്രങ്ങൾ സ്ഥാപിച്ചതെന്നു ചുരുക്കമായെങ്കിലും അറിയണമല്ലോ. നാഗർകോവിൽ പിള്ളയാർ തെരുവിൽ ഗണപതിയെ പ്രതിഷ്ഠിച്ചു. തിരുവനന്തപുരത്തിനു അടുത്തു മണ്ണന്തല എന്ന സ്ഥലത്തു ദേവിയെ പ്രതിഷ്ഠിച്ചു. കടയ്ക്കാവൂരിനു സമീപമുള്ള കായിക്കര ഏറത്തു ക്ഷേത്രത്തിൽ സുബ്രഹ്മണ്യ പ്രതിഷ്ഠ നടത്തി. അതുപോലെതന്നെ കോവളത്തു പോകുന്ന വഴിക്കു കുന്നുംപാറ എന്ന സ്ഥലത്തു സുബ്രഹ്മണ്യ പ്രതിഷ്ഠനടത്തുകയുണ്ടായി. കടയ്ക്കാവൂർ ഊട്ടുപറമ്പു ക്ഷേത്രത്തിൽ ദേവീ പ്രതിഷ്ഠ മാററിയിട്ട് ആ സ്ഥാനത്തു അർദ്ധനാരീശ്വരനെ പ്രതിഷ്ഠിച്ചു. വക്കത്തു മൂന്നു ക്ഷേത്രങ്ങളിൽ പ്രതിഷ്ഠ നടത്തുകയുണ്ടായി. വടക്കൻ തിരുവിതാംകൂറിൽ മൂത്തകുന്നത്തും കൊച്ചിയിൽ ചെറായി, കൂർക്കാഞ്ചേരി, പെരിങ്ങോട്ടുകര മുതലായ പ്രദേശങ്ങളിലും കോഴിക്കോട്, തലശ്ശേരി, കണ്ണൂർ മുതലായ മലബാർ പ്രദേശങ്ങളിലും ക്ഷേത്രപ്രതിഷ്ഠ നടത്തിയെങ്കിലും 1907-ൽ കോഴിക്കോട് ശ്രീകണ്ഠേശ്വര ക്ഷേത്രത്തിന്റെ ശിലാസ്ഥാപനവും തലശ്ശേരി ജഗന്നാഥ പ്രതിഷ്ഠയും പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. ഗുരുദേവൻ പ്രതിഷ്ഠിച്ച ക്ഷേത്രങ്ങൾക്കു ഒരു പ്രത്യേകതയുണ്ട്. ഒരു നൂതനത്വം ഒരു സംസ്ക്കാരം-ജനതയ്ക്കു ഗുരു പകർന്നുകൊടുത്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുരുക്കുംപുഴയിൽ ഗുരുദേവൻ ക്ഷേത്രം സ്ഥാപിച്ചു. അവിടെ ഈശ്വരനെയല്ല പ്രതിഷ്ഠിച്ചത്. പ്രകാശം പരത്തുന്ന "സത്യം, ചുമതല, ദയ, സ്നേഹം" എന്നീവാക്കുകൾ എഴുതിവച്ചു. ഈ പ്രവർത്തിയിൽനിന്നും ഒരു ചരിത്ര വിദ്യാർത്ഥി എന്താണ് മനസ്സിലാക്കേണ്ടത്? അരുവിപ്പുറം ആററിൽനിന്നും എടുത്ത കല്ലിനെ ശിവലിംഗമാക്കി മാററി. ഇപ്പോൾ ഇതാ മനുഷ്യൻെറ ചുമതലയെക്കുറിച്ചും കാരുണ്യത്തെക്കുറിച്ചും എഴുതിവച്ചിരിക്കുന്നു. തീർന്നില്ല. ഇനിയുമുണ്ട്. കളവങ്കോട് ക്ഷേത്രത്തിലെ പ്രതിഷ്ഠ കണ്ണാടിയാണ്. കണ്ണാടിപ്രതിഷ്ഠക്കു പിന്നിൽ ഏതോ ഒരു വികാരം ഒളിഞ്ഞിരിപ്പുണ്ടെന്ന സത്യത്തെ ആർക്കെങ്കിലും നിഷേധിക്കുവാൻ പററുമോ? കല്ലുകളിലും പഞ്ചലോഹ നിർമ്മിതമായ ഈശ്വര പ്രതിമകളിലും ഇനി മനുഷ്യൻ നോക്കണ്ട. അവനവൻെറ ഉള്ളിലുള്ള ബോധം മനസ്സിലാക്കി ജീവിക്കുക.

പാരതന്ത്ര്യം അനുഭവിച്ചുകൊണ്ടിരുന്ന മനുഷ്യനെ അവൻെറ സകല ചങ്ങലകളും പൊട്ടിച്ച് സ്വതന്ത്രനാക്കി. കൂടാതെ അനാവശ്യമായ ഈശ്വരനെ കല്ലിൽ പ്രതിഷ്ഠിച്ചു. ഒടുവിൽ മനുഷ്യൻ ബോധവാനാകാറായി എന്നു തോന്നിയപ്പോൾ കരിങ്കല്ലുനു പകരം കണ്ണാടി പ്രതിഷ്ഠിക്കുകയും ചെയ്തു.

ഭഗവദ്ഗീതയിൽ പറയുന്നതുപോലെ 'നീ നിന്നെ തന്നെ അറിഞ്ഞു പ്രവർത്തിക്കുക' എന്ന ആശയം ഗുരുദേവൻ പ്രാവർത്തികമാക്കി. ഇവിടെയാണു ഗുരുദേവൻെറ മഹത്വം തെളിഞ്ഞു പ്രകാശിക്കുന്നത്. കാവി മുണ്ടുമുടുത്ത് കമണ്ഡലവും പേറിപർവ്വത സാനുക്കളിലേക്കുപോയി ജീവിതം തള്ളിവിടുകയല്ല അദ്ദേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹം ചെയ്തത്. സാധാരണക്കാരൻെറ ഹൃദയത്തുടിപ്പു മനസിലാക്കി പ്രവർത്തിക്കാനുള്ള കഴിവ് ഗുരുവിനുണ്ടായിരുന്നു. ഗുരുദേവൻെറ പ്രവർത്തികരം തിരുവിതാംകൂർ സർക്കാരിൽ ചലനം സൃഷ്ടിച്ചു. ദൈവങ്ങളെ ആരും അടച്ചുവയ്ക്കണ്ട. ക്ഷേത്രങ്ങളുടെ പേരിലുള്ള കുത്തക മതിയാക്കണം. മനുഷ്യർക്കു എവിടെയും സഞ്ചരിക്കാം. ഏതു ദേവനേയും പ്രതിഷ്ഠിച്ച് ആരാധിക്കാം.

1912-ൽ ശിവഗിരിയിൽ ശാരദാ പ്രതിഷ്ഠ നടത്തി. അറിവിൻെറ കേദാരമായ ശാരദാദേവിക്കു ക്ഷേത്രങ്ങളെ സമർപ്പിച്ചു എന്നു കരുതാം. അന്ധമായ വിശ്വാസത്തിൽ ജീവിതമർപ്പിച്ചു നാശത്തിൽനിന്നു നാശത്തിലേക്കു തെറിച്ചു വീണുകൊണ്ടിരുന്ന മനുഷ്യരെ പടിപടിയായി ഉയർത്തി. അവരെ ബോധവാന്മാരാക്കി; കർമ്മനിരതരാക്കി. സമൂഹത്തിലെ ദുഷിച്ചു നാറിയ പ്രവണതകളെ തുടച്ചുനീക്കാൻ കച്ചകെട്ടിയിറങ്ങിയ ആദ്ധ്യാത്മിക ഗുരുവിനെ സാക്ഷാൽ സാമൂഹിക പരിഷ്ക്കർത്താവായേ ഇവിടെ നമുക്കു കാണാൻ കഴിയൂ.

◆

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 14

'ജഗന്നാഥക്ഷേത്രം'

മലബാർ എന്നു കേരംക്കുമ്പോരം തന്നെ മലയാളിയുടെ ഹൃദയത്തിൽ ആനന്ദത്തിൻെറ പ്രതീതി ജനിക്കുന്നു. മാവേലിമന്നൻെറ നാടിൻെറ ഒരുഭാഗം. എന്നാൽ ഒരു കാലത്തു മലബാർ ടിപ്പുസുൽത്താൻെറ ഭരണത്തിൻ കീഴിലായിരുന്നു. മൂന്നാം മൈസൂർ യുദ്ധത്തിൻെറ ഫലമായി ടിപ്പു, ഇംഗ്ലീഷുകാരുമായി ശ്രീരംഗപട്ടണം സന്ധിയിൽ ഒപ്പു വയ്ക്കേണ്ടിവന്നു, തന്മൂലം 1792-ൽ മലബാർ ഇംഗ്ലീഷുകാർക്കു ലഭിച്ചു.

പാശ്ചാത്യരുടെ ജീവിതരീതി ഏറെക്കുറെ മലബാറിലെ ജനതയെ സ്വാധീനിച്ചിട്ടുണ്ട്. വടക്കേ മലബാറിലെ ജനങ്ങളുടെ അവസ്ഥ ദയനീയമായിരുന്നു. അവിടെ രണ്ടു വിഭാഗം ജനങ്ങളാണു പിന്നോക്ക സമുദായക്കാരുടെയിടയിൽ ഉണ്ടായിരുന്നത്. ഒരു കൂട്ടർ പടിഞ്ഞാറൻ പരിഷ്ക്കാരത്തിൻെറ പാതയിലൂടെ സഞ്ചരിച്ചു ജീവിത സാഫല്യമടയുവാൻ താത്പര്യമുള്ളവരായിരുന്നു. ഇക്കൂട്ടർ ന്യൂനപക്ഷമായിരുന്നെങ്കിലുംഅധികാരം അവരുടെ കരങ്ങളിൽ നിക്ഷിപ്തമായിരുന്നു. ക്ഷേത്ര നിർമ്മിതിയിൽ അവർക്കു മോഹമുണ്ടായിരുന്നില്ല. ക്ഷേത്രങ്ങരം മഠയന്മാർക്കുള്ളതാണ്. ബുദ്ധിമാനു ക്ഷേത്രം വേണ്ടാ. അതായിരുന്നു ക്ഷേത്രങ്ങളെ സംബന്ധിച്ചു അവരുടെ വ്യക്തമായ അഭിപ്രായം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വടക്കേ മലബാറിലെ പിന്നോക്ക സമുദായങ്ങളിൽ ഭൂരിപക്ഷവും ദാരിദ്ര്യത്തിൽ കഴിയുന്നവരായിരുന്നു. അന്ധത അവരെ ആശ്ലേഷിച്ചിരിന്നു. അന്ധത അകററാനുള്ള വെള്ളിവെളിച്ചത്തിനുവേണ്ടി ആ സാധു ജനത പരക്കംപാഞ്ഞു. ഈ കാലഘട്ടത്തിൽ ശ്രീനാരായണ ഗുരുദേവനെക്കുറിച്ചുള്ള ചരിത്രം അവരുടെ കർണ്ണങ്ങളിൽ കുറേശ്ശെ എത്താൻ തുടങ്ങിയിരുന്നു. ഇന്നത്തെപ്പോലെ യാത്രാസൗകര്യമോ വാർത്താ വിനിമയമോ അന്ന് ഇല്ലായിരുന്നതുകൊണ്ട് ഗുരുദേവനെക്കുറിച്ചു വ്യക്തമായ ഒരു ചിത്രം അവർക്കു ലഭിച്ചിരുന്നില്ല. ഈ പരിതസ്ഥിതിയിലാണു കുമാരനാശാൻ വടക്കേ മലബാറിൽ എത്തിയത്.

1905-ൽ ആദ്യമായി ആശാൻ തലശ്ശേരി സന്ദർശിച്ചു. മലബാറിലെ-വിശിഷ്യാ വടക്കേമലബാറിലെ പാവപ്പെട്ട മനുഷ്യരുടെ ജീവിതം ആശാനെ വേദനിപ്പിച്ചു. വേദനയുടെ മുന്നിൽ ദുഃഖിച്ചു നില്ക്കാൻ ആശാൻ തുനിഞ്ഞില്ല. പ്രമുഖന്മാരായ പ്രമാണിമാരെ സന്ദർശിച്ചു. ഗുരുദേവന്റെ പ്രവർത്തന ലക്ഷ്യം എന്താണെന്ന് അവർക്കു വിവരിച്ചുകൊടുത്തു. മനുഷ്യ സമുദായത്തെ അഭിവൃദ്ധിയിലേക്കു നയിക്കുവാൻ ഗുരുദേവൻ പല രീതികളും സ്വീകരിച്ചിട്ടുണ്ട്. ആ രീതികളിൽ ഒന്നാണു ക്ഷേത്ര നിർമ്മിതി. അതിനു സർവ്വരും അനുകൂലിക്കണമെന്നു അഭിപ്രായപ്പെട്ടു അശാന്റെ അഭിപ്രായം അവരുടെ ഹൃദയത്തിൽ ആഞ്ഞു തറച്ചു. ക്ഷേത്ര നിർമ്മിതിയെക്കുറിച്ചു അവർ ചിന്തിക്കാൻ യുടങ്ങി. ക്ഷേത്ര നിർമ്മിതി ആവശ്യമാണെന്നും ആവശ്യമല്ലെന്നും വാദഗതികരം ഉയർന്നു. ഒരു വിഷയത്തെക്കുറിച്ചു രണ്ടഭിപ്രായം ഉണ്ടാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുക സ്വാഭാവികമാണ്. എന്നാൽ ചിലപ്പോൾ ഇമ്മാതിരി ചൂടുപിടിച്ച ചിന്തയ്ക്കു വിരാമമിടേണ്ടി വരും. എല്ലാററിനും ഒരു വിരാമമുണ്ടല്ലോ. പിന്നോക്കക്കാരിൽ സവർണ്ണരായവരെയും അവർണ്ണരായവരെയും ഒരേ കപ്പലിൽകയററി യാത്രചെയ്യിക്കുക അസാദ്ധ്യമാണ്. അതിനു പററിയ ഒരു കപ്പിത്താനെ കണ്ടുപിടിക്കണം. 'മുട്ടുവിൻ തുറക്കപ്പെടു' മെന്ന കൃസ്തുദേവൻെറ വചനം ഇവിടെ ഒരു യാഥാർത്ഥ്യമായി പരിണമിച്ചു.

രണ്ടു കൂട്ടരുടെയും മദ്ധ്യത്തു നില്ക്കാൻശേഷിയും ശേമുഷിയുമുള്ള ഒരാളെ ആശാൻ കണ്ടെത്തി. അതു മററാരുമുയിരുന്നില്ല. സംഘടനാ സാമർത്ഥ്യമുണ്ടായിരുന്ന കൊററ്യത്തു രാമുണ്ണിയായിരുന്നു ആ മനുഷ്യൻ. യൂക്തിയിൽ അധിഷ്ഠിതമായ ചിന്തയിൽനിന്നും ഉടലെടുക്കുന്ന തീരുമാനങ്ങളാണു രാമുണ്ണിക്കുണ്ടായിരുന്നത്. അഭ്ദേഹത്തിൻെറ തീരുമാനങ്ങളോടു യോജിക്കുന്നതിനു രണ്ടു പക്ഷക്കാർക്കും ബുദ്ധിമുട്ടില്ലായിരുന്നു. "ക്ഷേത്രം തന്നെ ക്ഷേത്രത്തെ ഉണ്ടാക്കിക്കൊള്ളും" എന്നു ശ്രീനാരായണൻ അരുൾ ചെയ്തിട്ടുണ്ടായിരുന്നു. ആ അഭിപ്രായത്തിൽ ഉറച്ചുനിന്നുകൊണ്ടാണു ക്ഷേത്ര നിർമ്മിതിക്കു രണ്ടു ഭാഗക്കാരുടെയും പച്ചക്കൊടി രാമുണ്ണി സ്വീകരിച്ചത്.

അങ്ങനെ കുമാരനാശാൻെറ സന്ദർശനവും ദൗത്യവും വിജയിച്ചു. ശ്രീനാരായണ ഗുരുദേവൻ 1906-മാർച്ചുമാസത്തിൽ തലശ്ശേരിയിലേക്കു തിരിച്ചു. ഗുരുദേവൻ തലശ്ശേരിയിൽ വരുന്നു എന്ന വാർത്ത പരന്നു. ജനസഹസ്രങ്ങൾ തലശ്ശേരിയിലേക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാഞ്ഞു. ഗുരുദേവനെ ഒരു നോക്കു കാണണം. മണിക്കൂറുകളോളം ക്ഷമയോടെ അവർ കാത്തുനിന്നു. സൂര്യൻ ഉദിച്ചു വരുന്നതുപോലെയുള്ള മനുഷ്യൻ. ആ മുഖത്തെ പ്രഭ കണ്ടപ്പോഠം അവർ അത്ഭുതസ്തബ്ധരായി. എന്തൊരു ആകാര സുഷമ ! ഇതു മനുഷ്യനല്ല. ദൈവം തന്നെയാണ്. ഇപ്രകാരം തേജസ്സു വഴിഞ്ഞൊഴുകുന്ന ഒരു മനുഷ്യനെയും അവർ കണ്ടിട്ടില്ലായിരുന്നു. ജീവിതത്തിലാദ്യമായി അവർ കണ്ടു. അതേ ! അ വ രു ടെ മുമ്പിൻ പുഞ്ചിരിയോടുകൂടി നില്ക്കുന്ന ശ്രീനാരായണഗുരുദേവനെ അവർ കണ്ടു. അവരുടെ സന്തോഷത്തിന് അളവില്ലായിരുന്നു. സംതൃപ്തിക്കു അവസാനമില്ലായിരുന്നു. ഭക്തജനങ്ങഠം ഒരോരുത്തരായി ചെന്നു വന്ദിച്ചു. ആ ദിവ്യരൂപിയുടെ മുന്നിൽ നിന്നും മാറിപ്പോകാൻ അവരുടെ മനസ്സു അനുവദിച്ചില്ലാ. എല്ലാവർക്കും വന്ദിയ്ക്കേണ്ടേ? കൂട്ടം കൂടി നില്ക്കുന്നതു ശരിയല്ലാ എന്ന ബോധം ഓരോഭക്തനിലും അനൂരണനംസൃഷ്ടിച്ചു.

ക്ഷേത്രം വേണമെന്ന പൊതു ജനങ്ങളുടെ ആഗ്രഹത്തെ ഗുരുദേവൻ കണക്കിലെടുത്തു. തലശ്ശേരിയിൽ താമസിക്കുന്ന വേളയിൽ പ്രമാണികളും അല്ലാത്തവരുമായ വ്യക്തികഠം ചെന്നുകണ്ടു ഇംഗിതമറിയിച്ചു. ജനങ്ങളുടെ ആഗ്രഹമനുസരിച്ചു തലശ്ശേരിയിൽ ക്ഷേത്രം സ്ഥാപിക്കുന്നതിനുള്ള സ്ഥാനം കാണുകയും ആ സ്ഥാനത്തു കുററിവയ്ക്കുകയും ചെയ്തു. അതിനുശേഷം ഗുരുദേവൻ മടങ്ങി. ഗുരുദേവൻ തിരുവിതാംകൂറിലേക്കു മടങ്ങിപ്പോയെങ്കിലും ക്ഷേത്ര നിർമ്മാണത്തിനുവേണ്ടിയുള്ള ആഗ്രഹം ജനങ്ങളിൽ ഉദിച്ചിരുന്നു. കുറെ ദിവസങ്ങഠം കഴിഞ്ഞു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുദേവന്റെ നിർദ്ദേശപ്രകാരം ആശാൻ വീണ്ടും തലശ്ശേരിയിൽ എത്തി. ക്ഷേത്രം പണി ആരംഭിക്കുന്നതിനു ജനതയിൽ കണ്ട ആവേശം ആശാനെ അത്ഭുതപ്പെടുത്തി. അദ്ദേഹം ആശ്ചര്യ പരതന്ത്രനായി. മനുഷ്യരിൽ വന്നിരിക്കുന്ന മാററത്തെക്കുറിച്ചു ക്രാന്തദർശിയായ ആ കവി ചിന്തിച്ചു. ''ചട്ടങ്ങൾ മാററണമെന്നു'' ഭരണവർഗ്ഗത്തെ നോക്കി ധൈര്യസമേതം പ്രഖ്യാപിച്ച പൊക്കം കുറഞ്ഞു വട്ടമുഖത്തോടുകൂടിയ ബലിഷ്ഠകായനാണു ആശാൻ. ആ, ആശാന്റെ സാന്നിദ്ധ്യത്തിൽ തന്നെ കൊററ്യത്തു രാമുണ്ണി ഏപ്രിൽമാസത്തിൽ ക്ഷേത്രത്തിനു തറക്കല്ലിട്ടു. കൂടാതെ ക്ഷേത്രനിർമ്മാണത്തിനു വേണ്ട പണം സ്വരൂപിക്കുവാൻ അവിടെ ഒരു ഭണ്ഡാരവും സ്ഥാപിച്ചു. ഏകദേശം മുന്നൂററിഅറുപത്തിയഞ്ചു ദിവസങ്ങൾക്കകം ഒരു നല്ല തുക ലഭിച്ചു. 'ഏഴായിരത്തിഅഞ്ഞൂററിഅറുപത്തിഎട്ടു രൂപ'. അന്നു അതുപോലൊരു തുക ലഭിക്കുക എന്നതു ഒരു വലിയ കാര്യമാണ്. മനുഷ്യൻ പണത്തിനു ബുദ്ധിമുട്ടുന്ന കാലമാണതെന്നു ഓർക്കുമ്പോൾ ആ തുകയുടെ മൂല്യം നിർണ്ണയിക്കാം,

1908-ൽ ശ്രീനാരായണ ഗുരുദേവൻ വീണ്ടും തലശ്ശേരിയിൽ എത്തി. ഗുരുദേവൻ ക്ഷേത്രത്തിന്റെ പ്രതിഷ്ഠാ കർമ്മം നിർവ്വഹിച്ചു. കൂടാതെ ആ ക്ഷേത്രത്തിനു നാമകരണവും ചെയ്തു. ''ജഗന്നാഥ ക്ഷേത്രം''.

മനുഷ്യൻ സ്വതന്ത്രനാണ്. എല്ലാവരുടെയും ആശയം ഒരുപോലെയായിരിക്കില്ല. ചിന്തയ്ക്കും പ്രവർത്തിക്കും വ്യത്യാസമുണ്ട്. സോഷ്യലിസം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വായ്തോരാതെ പ്രസംഗിക്കുന്ന ഒരു വ്യക്തിയുടെ പ്രവൃത്തിയും അതിനു അനുസൃതമായിരുന്നെങ്കിൽ ഈ ലോകം എന്നേ നന്നായേനേ! ജഗന്നാഥക്ഷേത്രത്തിൽ അധഃകൃതർക്കും പ്രവേശനം കൊടുക്കണമെന്നു ശ്രീനാരായണ ഗുരുദേവൻ അഭിപ്രായപ്പെട്ടു. അധഃകൃതരെ ജഗന്നാഥക്ഷേത്രത്തിൽ പ്രവേശിപ്പിക്കുന്നതിനോടു ഒരുകൂട്ടം ആളുകൾക്കു യോജിപ്പില്ലായിരുന്നു. 'ജ്ഞാനോദയം' യോഗത്തിൽ ഇതിനെപ്പററി വലിയ ചർച്ച നടന്നു. ക്ഷേത്രം പണിയണമെന്ന ആശയം ഉടലെടുത്തപ്പോഴുണ്ടായ ചർച്ചയെക്കാൾ ചൂടുപിടിച്ച ചർച്ചയായിരുന്നു അത്. മൂർക്കോത്തു കുമാരൻ തുടങ്ങിയ പുരോഗമനവാദികൾ ശ്രീനാരായണ ഗുരുദേവൻെറ അഭിപ്രായത്തോടു പൂർണ്ണമായും യോജിച്ചു. അധഃകൃതരുടെ ക്ഷേത്രപ്രവേശനത്തെക്കുറിച്ചുള്ള അഭിപ്രായ ഭിന്നത കുറെക്കാലം നിലനിന്നു. ഈ പ്രശ്നത്തിനു തീർപ്പു കല്പിക്കാനുള്ള ചുമതല ഗുരുദേവനിൽ തന്നെ ചെന്നുചേർന്നു. വളരെ വളരെ ജനങ്ങൾ സന്നിഹിതരായിരുന്ന ഒരു സഭയിൽ വച്ചു ഗുരുദേവൻ ഇങ്ങനെ തീർപ്പു കല്പിച്ചു. ''ക്ഷേത്രത്തിൽ പുലയരെ കടത്താം''.

ഈ സന്ദർഭത്തെക്കുറിച്ചു മൂർക്കോത്തു കുഞ്ഞപ്പ രേഖപ്പെടുത്തിയിരിക്കുന്നതു കൂടി പരിശോധിക്കാം.

''ആ വമ്പിച്ച സഭയിൽവെച്ച് സ്വാമികൾ 'പുലയരെ കടത്താം' എന്നുകല്പിച്ച നിമിഷത്തിൽ അനേകം ജനങ്ങളുടെ മുമ്പിൽവെച്ച്'' ഒരാളുടെ മുന്നിലും തലകുനിക്കുകപോലുംചെയ്യാത്ത'മൂർക്കോത്താൻ'സ്വാമികളുടെ കാല്ക്കൽ ഇടിവെട്ടേററ തെങ്ങുപോലെ ദീർഘദണ്ഡ നമസ്കാരമാണ് ചെയ്തത്... സ്വാമികൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്നെ അല്പം വികാരതരളിതനായി. ആളുകളൊക്കെ അന്തം വിട്ടുപോയി. ആ രംഗം കണ്ടുനിന്നവർ വളരെ വർഷങ്ങൾ കഴിഞ്ഞിട്ടും പുളകമാർന്നുകൊണ്ട് അതി നെപ്പററി പറയാററുണ്ട്. അതായിരുന്നു ജീവിതത്തിൽ ആദ്യവും അവസാനവുമായി അദ്ദേഹം (മൂർക്കോത്തു കുമാരൻ) ചെയ്ത ഒരേ ഒരു നമസ്കാരം''

ഇന്ന് ദേവസ്വം ക്ഷേത്രങ്ങളിൽ പുലയരെ ശാന്തി ക്കാരായി നിയമിച്ചിട്ടുണ്ട്. നിയമനം ലഭിച്ച് ആ പണിയിൽ കഴിയുന്ന ഒരു വ്യക്തിയോട് അയാൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന അനുഭവത്തെക്കുറിച്ച് ചോ ദിക്കേണ്ടതാണ്. ദുഃഖത്തിൻെറ കഥ; മനോവേദനയുടെ കഥ; അയാൾക്ക് പറയാനുണ്ടാവും. ഇന്നും അയിത്ത ത്തിൻെറ അംശങ്ങൾ അങ്ങിങ്ങ് തങ്ങിനില്ക്കുന്നുണ്ടെ ന്നുള്ളതിന് ധാരാളം തെളിവുകൾ ഉണ്ട്. വിദ്യാഭ്യാസം ലഭിച്ചതുകൊണ്ട് മാനസികമായ പരിവർത്തനം ഉണ്ടാ കണമെന്നില്ല. സംസ്കാരം ലഭിച്ച മനുഷ്യനിൽ മാത്ര മേ അങ്ങനെയുള്ള മാററം ഉണ്ടാകൂ. അത് കമ്പോള ത്തിൽ കിട്ടുന്ന ചരക്കുമല്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 15

വിദ്യാഭ്യാസം കൊണ്ട് പുരോഗതി നേടുക

സംഘടിച്ചു ശക്തരാകുവാൻ ഗുരു ഉപദേശിച്ചു. മാത്രമല്ല അതിന് നേതൃത്വം നല്കുകയും ചെയ്തു. ഇഷ്ടപ്പെട്ട ദൈവങ്ങളെ സ്വതന്ത്രമായി ആരാധിക്കുവാൻ ക്ഷേത്രങ്ങൾ നിർമ്മിച്ചു. അങ്ങനെ ആരാധനാ സ്വാതന്ത്ര്യം പിന്നോക്കം നിന്ന ജനതക്കും ലഭിച്ചു. മാനസികമായ അടിമത്വം അവസാനിപ്പിക്കുവാൻ അവർക്ക് കഴിഞ്ഞു.

വീണ്ടും ഒരു വസ്തുത ദീർഘവീക്ഷണപടുവായ ഗുരുദേവൻ കണ്ടു. മനുഷ്യന്റെ ഹൃദയത്തിൽ ഇരുട്ടു കട്ടപിടിച്ചുകിടക്കുകയാണ്. അതിനെ മാററിയിട്ട് അവിടെ വെളിച്ചം പരത്തണം. നിത്യ നൂതനമായ വെളിച്ചം. ആ പ്രകാശധാരയിൽ മനുഷ്യൻ ബോധവാനാകണം. അറിവ് ലഭിക്കുമെങ്കിൽ മാത്രമേ സാത്ത്വികവും സ്നേഹപൂർണ്ണവുമായ ജീവിതം നയിക്കുവാൻ കഴിയൂ. ഗുരുദേവൻ ഇങ്ങനെ അരുളും ചെയ്തു. ''വിദ്യകൊണ്ട് പുരോഗതി നേടുക''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാരണപ്പള്ളിയിലെ വിദ്യാഭ്യാസത്തിനുശേഷം ഗുരുദേവൻ ചെമ്പഴന്തിയിൽ ഒരു പാഠശാല സ്ഥാപിച്ചു. ചെമ്പഴന്തിയിൽ മാത്രമല്ല എവിടെയെല്ലാം സൗകര്യം ലഭിച്ചുവോ അവിടെയെല്ലാം അദ്ദേഹം സംസ്കൃതം, മലയാളം മുതലായ ഭാഷകൾ പഠിപ്പിക്കുന്നതിനുള്ള പാഠശാലകൾ സ്ഥാപിക്കുകയുണ്ടായി. തന്മൂലം വിദ്യാഭ്യാസരംഗത്തേക്ക് കടക്കുവാൻ കഴിയാത്ത ഒരു വമ്പിച്ച ജനതയ്ക്ക് മുന്നോട്ടുപോകാൻ സാധിച്ചു. ഗുരുവിന്റെ നിർദ്ദേശപ്രകാരം ശിവഗിരിയിൽ ആരംഭിച്ച വൈദിക പാഠശാലയിലെ ഒന്നാമത്തെ ബാച്ചിൽ പഠനം പൂർത്തിയാക്കിയ രണ്ടുപേരിൽ ഒരാൾ കോട്ടയം സ്വദേശിയായ ഗോപാലൻ തന്ത്രികളാണ്. അദ്ദേഹത്തെപ്പററി സ്വല്പം പറയാം.

"ശാന്തിക്കാരൻ, പോററി ധരിക്കുന്നതുപോലെ ഒരു പൂണൂൽ ധരിച്ചു. (നെററിയിൽ ത്രീപുണ്ഡ്രം തൊട്ടു) അങ്ങനെ സാഹസികമായ ധീരതയോടെ അസ്സൽ ബ്രാഹ്മണ വേഷഭൂഷാദികളോടുകൂടി ശാസ്ത്രീയമായ രീതിയിൽ ക്രിയാമാർഗ്ഗ രംഗത്ത് പ്രവേശിക്കുകയും ചെയ്തു. പൂണൂൽവേഷധാരിയായ തന്റെ ശിഷ്യനെ കണ്ട് ഒരിക്കൽ ശ്രീനാരായണ ഗുരുദേവൻ ചോദിച്ചു "എന്താ കുട്ടിപ്പട്ടർ, പൂണൂലിൽ താക്കോൽ കെട്ടുമോ?" താക്കോൽ കെട്ടിയിടാനല്ലാതെ പൂണൂൽ ധരിക്കുന്നതിൽ യാതൊരു അർത്ഥവുമില്ലെന്നായിരുന്നു ഫലിത രൂപേണ ഗുരുദേവൻ പറഞ്ഞതിന്റെ സാരം. എന്നാൽ പൂണൂൽ ഉപയോഗിക്കുന്നതിൽനിന്നും ഗുരു ശിഷ്യനെ ഒരിക്കലും നിരുത്സാഹപ്പെടുത്തിയില്ല എന്നതാണ് സവിശേഷത.

വിദ്യാഭ്യാസം കൊണ്ട് മനുഷ്യൻ നന്നാവണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതിനുവേണ്ടി വിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ ഗുരുദേവൻ പണപ്പിരിവ് നടത്തിയിരുന്നു. എന്നാൽ ഗുരുദേവൻ ആരിൽനിന്നും കൈനീട്ടി ഒന്നും വാങ്ങിയിരുന്നില്ല. കൂടെയുള്ള ഭക്തന്മാർ രസീതുകൊടുക്കും പണം വാങ്ങും. ഗുരുദേവന്റെ നിർദ്ദേശ പ്രകാരം രസീതുകൊടുത്ത് പണംവാങ്ങിയ നെടുങ്ങണ്ട കാക്കക്കുഴിയിൽ മാധവൻസാറ് (92 വയസ്സ്) ലേഖകനോട് പറഞ്ഞത് ഇങ്ങനെയാണ്.

ഗുരുദേവൻ ഞങ്ങളുടെ വീട്ടിൽ (മാലാംവിളാകം) വന്നിരുന്നുപണപ്പിരിവ്നടത്തുകയുണ്ടായി.ഞാനാണ് രസീത് എഴുതിക്കൊടുത്ത് പണം വാങ്ങിയത്. കുറെ കഴിഞ്ഞ് ആ മഹാത്മാവ് ശിവഗിരിയിലേക്കുപോയി. പിരിഞ്ഞ പണവുമായി പിന്നാലെ ഞാൻ ശിവഗിരിയിൽചെന്നു. പണം കൊണ്ടുവന്നകാര്യം ഉണർത്തിച്ചു. പുഞ്ചിരിതൂകിക്കൊണ്ട് ഗുരുദേവൻ ചോദിച്ചു.

ഗുരുദേവൻ:- എത്രപണമുണ്ട്?

ഞാൻ:- മുഴുവൻ തുകയുമുണ്ടുസ്വാമി

ഗുരുദേവൻ:- പിരിഞ്ഞ തുക മുഴുവൻകൊണ്ടുവന്നിട്ടുണ്ടെന്നോ?

ഞാൻ:- അതേ! സ്വാമി

ഗുരുദേവൻ:- സാധാരണ പിരിക്കുന്ന സ്ഥലത്തുനിന്നും മുഴുവൻ തുകയും ലഭിക്കാറില്ല. (ഗുരുദേവന്റെ ഫലിതം നിറഞ്ഞ സംഭാഷണം അവിടെ കൂടി നിന്നവരെ പൊട്ടിച്ചിരിപ്പിച്ചു'')

കാക്കക്കുഴി പത്മനാഭൻ വൈദ്യന്റെ ശേഷക്കാരനും മകളുടെ ഭർത്താവുമാണ് ശ്രീ. മാധവൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുദേവൻ 1917-ൽ പുറപ്പെടുവിച്ച ഒരു സന്ദേശത്തിൽ വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത്തെക്കുറിച്ചു ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

"ഇനി ക്ഷേത്രനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കരുത്. നിർബന്ധമാണെങ്കിൽ ചെറിയ ക്ഷേത്രം വച്ചുകൊള്ളട്ടെ. പ്രധാന ദേവാലയം വിദ്യാലയമായിരിക്കണം. പണം പിരിച്ച് പള്ളിക്കൂടങ്ങൾ കെട്ടാനാണ് ഉത്സാഹിക്കേണ്ടത്"

പ്രായോഗിക ബുദ്ധിയുള്ള ഒരു പരിണത പ്രജ്ഞനു മാത്രമേ ഇമ്മാതിരിയുള്ള യുക്തിചിന്ത ഉണ്ടാകൂ. ഇന്നുവരെ ലോകം കണ്ടിട്ടുള്ള മഹാത്മാക്കളെല്ലാവരും വിദ്യാഭ്യാസത്തിന് ഊന്നുകൊടുത്തിട്ടുണ്ട്. ശ്രീനാരായണ ഗുരുദേവൻ ഒരു വലിയ ഊന്നുനല്കി. തിരുവനന്തപുരത്തു മുട്ടത്തറ എന്ന സ്ഥലത്ത് നടന്ന പുലയ മഹാസഭയിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ടു ഗുരുദേവൻ നല്കിയ അഭിപ്രായം ശ്രദ്ധേയമാണ്.

"മനുഷ്യർ ഒക്കെ ഒരു ജാതിയാണ്. അവരുടെയിടയിൽ സ്ഥിതിഭേദമല്ലാതെ ജാതിഭേദമില്ല. ഉണ്ടാകാൻ നിവൃത്തിയുമില്ല. ചിലർക്കുപണവും പഠിപ്പും ശുചിത്വവും മററും കൂടുതലായിരിക്കും. മററു ചിലർക്ക് അതൊക്കെ കുറവായിരിക്കും. ചിലരുടെ നിറമായിരിക്കുകയില്ല മററു ചിലരുടെ നിറം. ഈ മാതിരിയുള്ള വ്യത്യാസങ്ങളല്ലാതെമനുഷ്യർക്കുജാതിവ്യത്യാസമില്ല. നിങ്ങൾക്കു ഇപ്പോൾ ധനവും വിദ്യയുമില്ലാത്ത കുറവ് ധാരാളമുണ്ട്. ഇതു രണ്ടും ഉണ്ടാക്കുകയാണു വേണ്ടത്. വിദ്യാഭ്യാസം പ്രധാനമായും വേണം. അതുണ്ടായാൽ ധനവും ശുചിത്വവും എല്ലാം ഉണ്ടാകും. നിങ്ങൾക്കു പണമില്ലെന്നു പറയുന്നത് ശരിയല്ല. നിങ്ങ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളൊക്കെ പണമാണല്ലോ. ദിവസേനവേലചെയ്തു പണ
മുണ്ടാക്കാത്തവരായി നിങ്ങളിൽ ആരുമില്ല. ഇപ്പോഠം
അതു മദ്യപാനം ചെയ്തും മററും വെറുതേപോകുന്നു.
അതിൽ ഓരോ അണവീതമെങ്കിലും മാസംതോറും നി
ങ്ങളൊക്കെ ഒരു പൊതു ഭണ്ഡാരത്തിലിട്ടു പൂട്ടിയാൽ
അതു കൊണ്ടു നിങ്ങളുടെ കുട്ടികളെ വിദ്യ അഭ്യസിപ്പി
ക്കാം. മററാരുടെയും സഹായം കൂടാതെ തന്നെ നിങ്ങഠം
ക്കു വളരെയൊക്കെ സ്വയം സാധിക്കും. മാസംതോറും
എല്ലാവരും ഒരു പൊതുസ്ഥലത്ത് സഭകൂടി വേണ്ട
കാര്യങ്ങഠം ആലോചിച്ചുചെയ്യണം. മദ്യപാനം കഴിയു
ന്നതും നിർത്തണം. ഇനി കുട്ടികളെ കള്ളുകുടിക്കാന
നുവദിക്കരുത്. പ്രായം ചെന്നവരും കഴിയുന്നതും
മാററണം. സഭകൂടി പറയേണ്ടത് മദ്യപാനം മുതലായ
വയെ നിർത്താനായിരിക്കണം. മററുള്ളവരും നിങ്ങളെ
സഹായിക്കാതിരിക്കയില്ല. ഇനിയും കൂടക്കൂടെ നി
ങ്ങളെ കാണുന്നതിനു ആഗ്രഹമുണ്ട്.''

ഗുരുദേവന്റെ സമാധിക്കു മുൻപും പിൻപും
അങ്ങുമിങ്ങും തൃപ്പാദങ്ങളുടെ നാമധേയത്തിൽ ചില
സ്കൂളുകഠം ഭക്തജനങ്ങഠം സ്ഥാപിച്ചു. എങ്കിലും
ഗുരുദേവന്റെ ഭാവനയിൽ വിരിഞ്ഞ തരത്തിലുള്ള
സ്കൂളുകഠം ഉയരാൻ സമയം വേണ്ടിവന്നു. ശുദ്ധാ
ത്മാക്കളായ ഋഷീശ്വരന്മാരുടെ അഭിപ്രായങ്ങഠം ഇന്ന
ല്ലെങ്കിൽ നാളെ പ്രാവർത്തികമാക്കാൻ കഴിവുള്ള ആളു
കഠം ഉണ്ടാകും. 'ആവശ്യം അവസരം സൃഷ്ടിക്കുമെ
ന്നാണല്ലോ'' ആപ്തവാക്യം. ശ്രീനാരായണ ഗുരുദേ
വന്റെ അഭിപ്രായത്തെ ശിരസ്സാവഹിച്ച ഒരു ശിഷ്യ
നാണ് ആർ. ശങ്കർ. വിദ്യാഭ്യാസമണ്ഡലത്തിൽ അതു
ല്യമായ സ്ഥാനം അദ്ദേഹം കരസ്ഥമാക്കി. തദ്വാരാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നോക്ക സമുദായങ്ങളിൽ നിന്നും വർഷംപ്രതി ആയിരക്കണക്കിനു ബിരുദധാരികളെ സൃഷ്ടിക്കാനും കഴിഞ്ഞു എന്ന ചരിത്രസത്യത്തെ വിസ്മരിക്കാൻ സാദ്ധ്യമല്ല. മുഖ്യമന്ത്രിയാകുന്നതിനു മുൻപും അതിനുശേഷവും എന്നുവേണ്ട മരണംവരെ അദ്ദേഹം വിദ്യാഭ്യാസ പ്രവർത്തനത്തിൽ മുഴുകിയിരുന്നു. ശ്രീ നാരായണ യുണിവേഴ്സിററി സ്ഥാപിക്കണമെന്നും അദ്ദേഹത്തിനു ആഗ്രഹമുണ്ടായിരുന്നതായി പറഞ്ഞുകേട്ടിട്ടുണ്ട്.

വേദങ്ങളുടെയും ഉപനിഷത്തുകളുടെയും കാലഘട്ടം മുതല്ക്കുതന്നെ വിദ്യാഭ്യാസമെന്ന ആശയത്തിനു ഭാരതത്തിൽ പ്രത്യേക സ്ഥാനം ലഭിച്ചു. വിദ്യകൊണ്ടു അല്ലെങ്കിൽ വെളിച്ചംകൊണ്ടു മാത്രമേ ആദ്ധ്യാത്മിക സ്വാതന്ത്ര്യംലഭിക്കുകയുള്ളൂ വെന്നു ഗുരുദേവൻ പലപ്പോഴും ഉദ്ബോധിപ്പിച്ചിട്ടുണ്ട്. ഒരു പടുകുഴിയിൽ ആണ്ടുകിടന്നിരുന്ന ഒരു വമ്പിച്ച ജനവിഭാഗത്തിനു വെളിച്ചം പകരാൻ കഴിഞ്ഞതാണു അദ്ദേഹത്തിൻെറ മാഹാത്മ്യത്തിനുള്ള മറെറാരു കാരണം.

വിദ്യാഭ്യാസകാര്യത്തിൽ ഇൻഡ്യയിൽ ഏററവും മുന്നിൽ നില്ക്കുന്ന സംസ്ഥാനമാണു കേരളം. സർക്കാർ മാത്രമല്ല ഇവിടെ വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്നത്. നാലു പ്രബലസമുദായങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ജാഗരൂകരായിരിക്കുന്നു. അവരുടെ ആത്മാർത്ഥവും നിസ്സ്വാർത്ഥവുമായ പ്രവർത്തനങ്ങളാണു വിദ്യാഭ്യാസ പുരോഗതി നേടുന്നതിനു വളരെ സഹായിച്ചിട്ടുള്ളത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 16

'വ്യവസായംകൊണ്ട് അഭിവൃദ്ധിപ്പെടുക'

ആരാധനാ സ്വാതന്ത്ര്യം നേടിയതുകൊണ്ടും വിദ്യാഭ്യാസം ആരംഭിച്ചതുകൊണ്ടും ജീവിതത്തിന്റെ പ്രശ്നം അവസാനിക്കുന്നില്ലെന്നു ഗുരു മനസ്സിലാക്കി. ആഹാരമില്ലാതെ ആർക്കും ജീവിക്കുവാൻ സാദ്ധ്യമല്ലല്ലോ! കാറൽ മാർക്സ് രേഖപ്പെടുത്തിയിരിക്കുന്നതുപോലെ വായും വയറുമായിട്ടു മാത്രമല്ലാ ഒരു കുഞ്ഞു ജനിക്കുന്നത്. രണ്ടു കണ്ണും രണ്ടു കൈയ്യും രണ്ടു കാലും അതിനുണ്ട്. ചുരുക്കത്തിൽ ആഹാരം കഴിക്കാൻ മാത്രമല്ല പണിയെടുക്കാനും മനുഷ്യനു കഴിയണം.

ശ്രീ നാരായണഗുരുദേവൻ പടിപടിയായിട്ടാണു ഇവിടെ കുണ്ടിൽ കിടന്നിരുന്ന മനുഷ്യരെ ഉയർത്താൻ ശ്രമിച്ചത്. അടുത്ത പടിയായി അദ്ദേഹം ഉപദേശിച്ചു. "വ്യവസായം കൊണ്ടു അഭിവൃദ്ധിപ്പെടുക" ഒരു സമൂഹം കാർഷികമായും വ്യാവസായികമായും ഉയരണം. അങ്ങനെയായാൽ രാജ്യത്തിന്റെ സമ്പൽഘടനയിൽ വ്യത്യാസം വരും. തന്മൂലം രാജ്യത്തിനു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രേയസ്സുണ്ടാകും. ലോകത്തിലെ മഹാശക്തികളായ അമേരിക്കയും റഷ്യയും കാർഷികമായും വ്യാവസായികമായും ഉയർന്നു നില്ക്കുന്നു. ഇമ്മാതിരിയുള്ള ഉയർച്ച ഉണ്ടായതുകൊണ്ട് ആ രാഷ്ട്രങ്ങൾക്ക് മററ് ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ വികാസം നേടാനും വികസ്വര രാജ്യങ്ങളെ ചൊൽപ്പടിക്കു നിർത്താനും കഴിയുന്നു എന്നത് ഒരു യാഥാർത്ഥ്യമാണല്ലോ.!

ശ്രീനാരായണധർമ്മ പരിപാലന യോഗത്തിൻെറ പ്രചാരകന്മാർ പ്രസംഗിക്കേണ്ട വിഷയത്തെക്കുറിച്ചു ഗുരുദേവൻ ഒരു ചെറുലേഖനത്തിലൂടെ അവരെ ധരിപ്പിച്ചിരുന്നു. ആ ലേഖനം എന്തായിരുന്നെന്നുംകൂടി മനസ്സിലാക്കാം.

"കൃഷി. കച്ചവടം, കൈത്തൊഴിൽ, ഇവ ഉത്തമ രീതിയിൻ അഭിവൃദ്ധിപ്പെടുത്തുന്നതിനേയും മിതവ്യയത്തേയുംപററി പ്രസംഗങ്ങൾ ചെയ്യുക, മടിയന്മാരായിരുന്ന് ഉപജീവിക്കുന്ന സമ്പ്രദായം നീതിക്കു വിരുദ്ധമായ കൃത്യമാണെന്ന് സ്ത്രീ പുരുഷന്മാരെ ഉദ്ബോധിപ്പിക്കുക, ആവശ്യമുള്ള ദിക്കുകളിൽ വ്യവസായ ശാലകളേർപ്പെടുത്തുക, ശാസ്ത്രീയ രീതിയിൽ വ്യവസായങ്ങളെപ്പററി പഠിക്കുകയും പ്രചാരപ്പെടുത്തുവാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുക."

കൊല്ലവർഷം 1087-ൽ ഗുരു നടത്തിയ ഹ്രസ്വമായ ഒരു പ്രസംഗം കൂടി ഇവിടെ പകർത്താം.

"വിദ്യാഭ്യാസം കഴിഞ്ഞാൽ അഭിവൃദ്ധിക്ക് ആവശ്യമായിട്ടുള്ളതുവ്യവസായമാണ്. പാവപ്പെട്ടവർസാമ്പ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തികമായ ക്ലേശം അനുഭവിക്കുകയാണ്. വ്യവസായം കൊണ്ടല്ലാതെ ധനാഭിവൃദ്ധിയുണ്ടാക്കാൻ സാധിക്കുന്നതല്ല. ഇക്കാര്യത്തിലും ധനവാന്മാരുടെ ശ്രദ്ധയാണു പതിയേണ്ടത്. പലമാതിരി യന്ത്രങ്ങൾ വരുത്തി കൈപ്പണികൾ നടത്തുന്നതിനും ധനവാന്മാർക്കു മാത്രമേ അധികം സാധിക്കുകയുള്ളൂ. ഒരാളെക്കൊണ്ടു സാധിക്കാതെ വരുന്ന പക്ഷം പലർകൂടി കമ്പനി ഏർപ്പെടുത്തി ഇപ്രകാരമുള്ള കാര്യങ്ങളിൽ സധൈര്യം വേണ്ടതു ചെയ്യേണ്ടതാണ്. അഭിവൃദ്ധി മാർഗ്ഗങ്ങൾ നേരെ കിടക്കുന്നുണ്ടെങ്കിലും അവയിലേക്കു കാലുവെക്കാൻ നമ്മുടെ ജനങ്ങൾ ധൈര്യപ്പെടുന്നില്ല. ഈ രാജ്യത്തു ധാരാളമുണ്ടാകുന്ന കൊപ്ര, ചകരി മുതലായവ അന്യരാജ്യങ്ങളിലയച്ച് അവിടെ അവർ രൂപപ്പെടുത്തുന്നതിനെ വളരെ കൂടുതൽ രൂപ കൊടുത്തു നാം വാങ്ങി ഉപയോഗിക്കുന്നു. ഇപ്രകാരം ചെയ്യേണ്ടിവരുന്നത് അതുകളെ രൂ പാ ന്ത ര പ്പെടുത്തേണ്ടമാതിരി നമുക്കറിയാൻ പാടില്ലാഞ്ഞിട്ടാണ്. ഇതിന്റെ നിവാരണത്തിനുവേണ്ടി നമ്മുടെ കുട്ടികളെ വ്യവസായശാലകളിലയച്ചു പഠിപ്പിക്കണം.''

എഴുപതു സംവത്സരങ്ങൾക്കു മുമ്പു ശ്രീനാരായണ ഗുരു ജനതയ്ക്കു നല്കിയ ഈ സന്ദേശത്തിന്റെ പൊരുൾ എന്തെന്ന് ഇന്നത്തെ തലമുറ ഒരു പക്ഷെ മനസ്സിലാക്കുന്നുണ്ടാവാം. ''മടിയന്മാരായിരുന്നു ജീവിക്കുന്ന സമ്പ്രദായം നീതിയ്ക്കുനിരക്കാത്തതാണ്.'' ഋഷിയായ ഒരു മഹാത്മാവ് എഴുതിയയച്ച ഈ വാചകത്തിനുള്ള ശക്തി എന്താണെന്നു വ്യക്തമാണല്ലോ. ഒരു സോഷ്യലിസ്ററു രാഷ്ട്രത്തിൽ ഒരു മനുഷ്യനും അലസനായിരിക്കുവാൻ പററുകയില്ല. അവനാൽ കഴി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുന്ന പണി ചെയ്തേ തീരൂ. സർക്കാരിൻെറ ഉത്തരവിനെ എതിർക്കുവാൻ അവനു കഴിയുകയില്ല. ഇവിടെ ആജ്ഞയല്ല. ഉപദേശമാണു ഗുരുദേവൻ പുറപ്പെടുവിച്ചത്. മാനസികമായ പരിവർത്തനമാണു വേണ്ടതെന്നാണ് ഗുരുവിൻെറ അഭിപ്രായം.

ചെറുകിട വ്യവസായത്തിലും കുടിൽ വ്യവസായത്തിലും മനുഷ്യൻ താല്പര്യം പുലർത്തണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. മാത്രവുമല്ല ഒരു കുടുംബത്തിൻെറ പ്രധാന കണ്ണിയായ സ്ത്രീ ഏതെങ്കിലും ഒരു തൊഴിൽ പഠിച്ചിരിക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. കന്യാസ്ത്രീകൾ നടത്തുന്നതുപോലുള്ള മഠങ്ങൾ നല്ലതാണ്. തുന്നൽപ്പണിതുടങ്ങിയ കൈത്തൊഴിലുകളും ശിശു സംരക്ഷണവും നടത്താൻ കഴിയുമെന്നു ഗുരുദേവൻ ഉപദേശിച്ചിട്ടുണ്ട്. കന്യാകുമാരിയിൽ സാധുവായ ഒരു സ്ത്രീ വററലുണക്കുന്നതു കണ്ടിട്ടു് "ഈ കൊച്ചു കച്ചവടംകൊള്ളാം. നന്നായിവരും" എന്നു പറഞ്ഞു ഗുരു അവരെ ആശീർവദിക്കുകയുണ്ടായി.

സാങ്കേതികമായ അറിവ് വ്യവസായത്തിൻെറ വികസനത്തിന് അത്യാവശ്യമാണെന്നു ഗുരു മനസ്സിലാക്കിയിരുന്നു. വിദ്യാഭ്യാസം തൊഴിലിൽ അധിഷ്ഠിതമായിരിക്കണമെന്നു ഗുരു അരുൾ ചെയ്തു. ശിവഗിരിയിൽ ഒരു സംസ്കൃത പാഠശാല സ്ഥാപിച്ചിരുന്നു. അന്നു അവിടെ പഠിച്ചവിദ്യാർത്ഥികൾക്കു തൊഴിലിൽ പരിശീലനം നല്കാൻ ഗുരുദേവൻ വളരെ താല്പര്യം പ്രകടിപ്പിക്കുകയുണ്ടായി. കൃഷി ശാസ്ത്രവും മെക്കാനിസവും കുട്ടികളെപഠിപ്പിക്കുവാൻ തമിഴ് നാട്ടിൽനിന്നും വിദഗ്ദ്ധന്മാരെ ക്ഷണിച്ചിരുന്നു. ഇന്നത്തെ സർക്കാരും അതു തന്നെയാണല്ലോ ചെയ്യുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തു് ഓരോ വിഷയത്തിലും അനുഭവസമ്പത്തുള്ള പ്രതിഭാശാലികൾക്കു പ്രാധാന്യം കൊടുക്കുന്നു. മാത്രവുമല്ല വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ പരിഹരിക്കണമെങ്കിൽ വ്യാവസായികമായ അഭിവൃദ്ധി ഉണ്ടാകണം. സാങ്കേതിക വിദ്യാഭ്യാസം സിദ്ധിച്ച വ്യക്തികളുടെ സേവനം അത്യന്താപേക്ഷിതമാണല്ലോ.

വ്യവസായം കൊണ്ടു അഭിവൃദ്ധിനേടാൻ പറഞ്ഞ ഗുരു ഒരു കാര്യംകൂടി കൂട്ടിച്ചേർത്തു. ഒരു വ്യവസായിയും 'അമിത'ലാഭമെടുക്കരുതു്. ഗുരുദേവൻ സമാധിയായിട്ടു് അരനൂററാണ്ടു കഴിഞ്ഞു. ആ മഹാത്മാവു ഉപദേശിച്ച ഈ വസ്തുത എത്രപേരുടെ ചെവിയിൽ തറച്ചുവെന്നു നാം ചിന്തിക്കണം. ഏതു വ്യവസായമായാലും പണം സമ്പാദിക്കുക. ആ ഒരു ചിന്താഗതി ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും നിഴൽപോലെ നീളുന്നുണ്ടു്. മായം ചേർക്കാത്ത ഏതെങ്കിലും ഒരുസാധനം ആർക്കെങ്കിലും ഇന്നു വാങ്ങാൻപററുമോ? ഇല്ല, എന്നുസംശയംകൂടാതെ പറയാൻകഴിയും. ദേശീയരംഗത്തു മാത്രമല്ല, അന്താരാഷ്ട്രരംഗത്തും ഇതുതന്നെയാണ് അവസ്ഥ. ഓരോരാജ്യവും വിദേശനാണ്യം നേടുന്ന കാര്യത്തിൽ അതീവതത്പരരാണ്.

ഗുരുക്കന്മാർക്ക് ഉപദേശിക്കാനേ കഴിയൂ. ഉപദേശം പ്രാവർത്തികമാക്കേണ്ടതു വിശ്വാസികളാണ്. സാധാരണക്കാരൻെറ ഹൃദയത്തുടിപ്പു മനസ്സിലാക്കാനും അവനെ'അവൻ എത്തേണ്ട സ്ഥലത്തു വിപ്ലവംകൂടാതെ എത്തിക്കാനുള്ള കഴിവ് ശ്രീനാരായണ ഗുരുദേവനിൽ പ്രകടമായിരുന്നു. ഒരു മഹർഷിതൻെറ മനസ്സിനെ ആനന്ദമയമാക്കാനാണ് എപ്പോഴും ശ്രമിക്കുന്നത്. അതിനുവേണ്ടി തൻെറ നാടുംവീടും വിട്ട്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകാന്തമായ സ്ഥലം കണ്ടെത്തുന്നു. ശ്രീനാരായണ ഗുരുദേവൻ അങ്ങനെയല്ല ചെയ്തത്. അദ്ദേഹം. പാവപ്പെട്ടവൻെറ അഭിവൃദ്ധികണ്ട് അതിലൂടെ ആനന്ദം കൊള്ളാൻ ആഗ്രഹിച്ചു. അതനുസരിച്ചു പ്രയത്നിച്ചു. അവിടെ ആ മഹാത്മാവു വിജയിക്കുകയും ചെയ്തു. സാമൂഹികമായ മാററത്തിനു-മററ് ആദ്ധ്യാത്മികഗുരുക്കന്മാർ ഇത്രത്തോളം പ്രാധാന്യം നല്കിയിട്ടുണ്ടോ-എന്നു ചിന്തിക്കുവാൻ നാം നിർബന്ധിതരാകും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 17

മിശ്രവിവാഹവും പന്തിഭോജനവും

മനുഷ്യസമൂഹത്തിലെ പല ദുരാചാരങ്ങളെയും ഗുരുദേവൻ തുടച്ചുമാററി. ശൈശവവിവാഹം, മാടൻതുള്ളൽ, മറുതാതുള്ളൽ തുടങ്ങിയവ നിർത്തൽ ചെയ്തു. കൂടാതെ പന്തിഭോജനവും മിശ്രവിവാഹവും നടത്തണമെന്ന് അനുയായികളെ ഉപദേശിച്ചു. തൊട്ടുകൂടാത്തവരും തീണ്ടികൂടാത്തവരും ദൃഷ്ടിയിൽ പ്പെട്ടാലും ദോഷമുള്ളവരും ചേർന്നു ഒരു കളരിയിൽ ഇരുന്നുആഹാരം കഴിക്കുന്നതിനെക്കുറിച്ചു യാഥാസ്ഥിതികർക്കു ചിന്തിക്കുവാൻപോലും കഴിയുകയില്ല. എന്നാൽ അങ്ങനെയുള്ള യാഥാസ്ഥിതികരെ ആലോചനാമഗ്നരും കർമ്മനിരതരുമാക്കാൻ ശ്രീനാരായണഗുരുദേവനു് കഴിഞ്ഞുഎന്നവസ്തുത ഓർക്കുമ്പോഴാണ് അദ്ദേഹത്തെ ഒരു യഥാർത്ഥ സാമൂഹികപരിഷ്ക്കർത്താവായി ലോകം ഗണിക്കുന്നത്.

ഒരേജാതിയിൽപ്പെട്ടവർപോലും ഒരു പന്തിയിലിരുന്നു ആഹാരം കഴിക്കാത്ത കാലം ഇവിടെ നിലനിന്നി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രുന്നുവെന്നുപറഞ്ഞാൽ ഒരു പക്ഷെ ഇന്നത്തെ യുവാക്കന്മാർ അത്ഭുതപ്പെട്ടേക്കാം

ദാഹിച്ചു വലഞ്ഞുവന്ന ബുദ്ധഭിക്ഷു മാതംഗിയെന്നചണ്ഡാലബാലികയോടു ദാഹജലം ചോദിച്ചു.

"ദാഹിക്കുന്നു ഭഗിനീകൃപാരസ-
മോഹനം കുളിർ തണ്ണീരിതാശു നീ
ഓമലേ. തരു തെല്ലെ"

എന്നു ബുദ്ധസന്ന്യാസി ആവശ്യപ്പെട്ടപ്പോൾ

"അല്ലല്ലെന്തു കഥയിതു കഷ്ടമേ !
അല്ലലാലങ്ങു ജാതിമറന്നിതോ ?

എന്നു ചണ്ഡാലബാലിക വിഷാദിക്കുന്നു.

ഇമ്മാതിരിയുള്ള അവസ്ഥയ്ക്കു സമൂലമായപരിവർത്തനം വരുത്തുവാൻ ശ്രീനാരായണഗുരുദേവനു സാധിച്ചു. ഇന്ന് ഏതു ഫൈസ്റ്റാർ ഹോട്ടലിലും മനുഷ്യർക്കു സ്വൈരമായിചെന്നു ആഹാരം കഴിക്കാം. പണം കൈയിൽ വേണമെന്നു മാത്രം.

പുരാതന കാലത്തുതന്നെ മിശ്രവിവാഹം നടന്നിരുന്നതായി ചരിത്ര ഗ്രന്ഥങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. മുക്കുവസ്ത്രീയിൽ പരാശരമുനിയ്ക്കു ജനിച്ച സന്താനമായ വ്യാസമഹർഷിയാണു മഹാഭാരതത്തിന്റെ കർത്താവ്. പറച്ചി പെററതാണു നാറാണത്തു ഭ്രാന്തൻ. വായില്ലാകുന്നിലപ്പൻ തുടങ്ങി പന്ത്രണ്ടു പേർ, ചെക്കാല സ്ത്രീയിൽ നമ്പൂതിരിക്കു ജനിച്ച സന്താനമാണു മലയാളഭാഷയുടെ പിതാവായി അംഗീകരിച്ചിരിക്കുന്ന തുഞ്ചത്തു രാമാനുജനെഴുത്തച്ഛൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇങ്ങനെയൊക്കെ ജനങ്ങരം ഉണ്ടാവുകയും അവർ ലോകപ്രശസ്തരാകുകയും ചെയ്തു. എന്നിട്ടും അ ന്മാതിരിയുള്ള പ്രക്രിയ്ക്കു ജനഹൃദയങ്ങളിൽവേണ്ട ത്രസ്ഥാനം ലഭിച്ചില്ല എന്നതാണു വാസ്തവം. വർ ണ്ണത്തിൻെറ പേരിൽ മനുഷ്യൻ-മനുഷ്യനെ അകററി നിർത്തി. ഈ പ്രവണത ജാതീയമായ ഉച്ചനീചത്വങ്ങരം ക്കുബലം കൂട്ടുകയേയുള്ളൂവെന്നു ശ്രീ നാരായണ ഗുരുദേവൻ മനസ്സിലാക്കി. അതിൻെറ ഫലമായി ട്ടാണു മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കുവാൻ ഗുരു അരുളം ചെയ്തത്. ജാതി എന്ന തീരാശാപം പമ്പകടക്കണമെങ്കിൽ മിശ്രവിവാഹമെന്ന പ്രവൃത്തി കൊണ്ടുമാത്രമേ കഴിയൂ. 1923-ൽഗുരുദേവൻ അരുളം ചെയ്തു.

''മനുഷ്യടെ ജാതി ഒന്നായതുകൊണ്ടു മിശ്രവി വാഹവും പന്തിഭോജനവും യാതൊരു ദോഷവും ചെ യ്യുകയില്ല.''

ഈ ആശയം ഗുരുദേവനിൽനിന്നും പുറത്തുവന്ന പ്പോരം യാഥാസ്ഥിതികരുടെ ചിന്തയ്ക്കു ചൂടുപി ടിച്ചു. എന്നാൽ ഉത്പതിഷ്ണുക്കളായവരിൽ പ്രോ ത്സാഹനവും ജനിപ്പിച്ചു. ഗുരുവിൻെറ ആശയത്തി നുപ്രചാരം നല്കാൻ യുവാക്കന്മാർ മുന്നോട്ടുവന്നു. കർമ്മമണ്ഡലത്തിൽ അടിയുറച്ചുനിന്ന സഹോദരനയ്യ പ്പനും അയ്യങ്കാളിയും ഈ ആശയത്തിൻെറ പ്രചാരകന് മാരായി.

ഗുരുദേവൻ ശിവഗിരിയിൽ വസിക്കുന്ന കാലത്തു ധാരാളം മിശ്രവിവാഹങ്ങരം അവിടെവച്ചു നടത്തിക്കുക യുണ്ടായി. മിശ്രവിവാഹിതരയവരുടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുഞ്ഞുങ്ങൾക്കു ഭാവിയിൽ ഒരു ദോഷവും സംഭവിച്ചില്ലാ എന്നതാണു പരമാർത്ഥം. അങ്ങനെ മനുഷ്യനെ വർണ്ണത്തിൻെറപേരിൽ ഒഴിച്ചു നിർത്തുന്നത് ശരിയല്ലെന്നും അതു നിരർത്ഥമായ ഒരു ഏർപ്പാടാണെന്നും ശാസ്ത്രീയമായി തെളിയിച്ചു.

സ്വതന്ത്ര ഇന്ത്യ ഒരു മതനിരപേക്ഷ രാഷ്ട്രമാണ്. ദേശീയോത്ഗ്രഥനത്തിനാണു പ്രാധാന്യം നല്കുന്നത്. രണ്ടായിരം മൈൽ നീളത്തിലും രണ്ടായിരത്തിഇരുനൂറു മൈൽ വീതിയിലും സ്ഥിതി ചെയ്യുന്ന ഈ ഉപഭൂഖണ്ഡത്തിൽ വിവിധ ജാതികളിലും വിവിധ മതങ്ങളിലും പെട്ടവരും വിവിധ ഭാഷകൾ സംസാരിക്കുന്നവരും വിവിധ സംസ്ക്കാരങ്ങളോടു കൂടിയവരുമായ ജനങ്ങളാണു വസിക്കുന്നത്. അങ്ങനെയുള്ള ജനതയിൽ ഒരു ഏകീകൃതസ്വഭാവം വളർത്തിയെടുക്കുവാൻ ദേശീയോദ്ഗ്രഥനത്തിൽ അടിസ്ഥാനമായിട്ടുള്ള പ്രവർത്തനമാണു അനിവാര്യം. ദേശീയോദ്ഗ്രഥനം അതിൻെറപരിപൂർണ്ണമായ അർത്ഥത്തിലും ആഴത്തിലും വ്യാപ്തിയിലും ഉണ്ടാകണമെങ്കിൽ അതിനുവികാരപരമായ കാഴ്ചപ്പാടു ഉണ്ടാകണം. അമ്മാതിരിയുള്ള കാഴ്ചപ്പാടുമാത്രമേ ശാശ്വതമായ ഉദ്ഗ്രഥനത്തിനു സഹായകമാകാൻ സാദ്ധ്യമാകൂ. ഇൻഡ്യ സമത്വസുന്ദരമായ ഒരു രാഷ്ട്രമായി ഭവിക്കണമെങ്കിൽ മിശ്രവിവാഹവും പന്തിഭോജനവും പ്രോത്സാഹിപ്പിച്ചേമതിയാവൂ. ജാതിവിചാരത്തിനും മതഭ്രാന്തിനും മാററം വരണമെന്നു ഗുരുദേവൻ ആഗ്രഹിച്ചു. ഗുരുദേവൻ അരുവിപ്പുറത്തെ ആശ്രമത്തിൻെറ ചുവരിൽ ഇങ്ങനെ എഴുതിവച്ചു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"ജാതിഭേദംമതദ്വേഷ—
മേതുമില്ലാതെസർവ്വരും
സോദരത്വേനവാഴുന്ന
മാതൃകാസ്ഥാനമാണിത്"

ഇന്നു ജാതിമനുഷ്യൻെറ ഉള്ളിലാണ്, പുറത്തല്ല. എന്നാൽ ജാതിയുടെ അടിസ്ഥാനംസമ്പത്താണ്. ധനമുള്ള ബ്രാഹ്മണൻ, ധനമുള്ള നായർ, ധനമുള്ള ഈഴവർ, ധനമുള്ള കൃസ്ത്യാനി, ധനമുള്ളമുസൽമാൻ എന്നിവരെ ഒരു ബെൽററുകൊണ്ടു വരിഞ്ഞുകെട്ടിയിരിക്കുന്നു — സാമ്പത്തികബന്ധം, ഈ ബന്ധം അവരെ മിശ്രവിവാഹത്തിനും പ്രേരിപ്പിക്കുന്നു. രാജ്യത്തുള്ള പ്രധാന വി. ഐ. പി. കരംവന്നു വധൂവരന്മാരെ ആശീർവദിക്കുന്നു. ആർക്കും അതിൽ പരാതിയില്ല. അതിനെക്കുറിച്ചു ശ്ലാഘിച്ചുപറയാനേ ആളുകരം ഉള്ളൂ.

എന്നാൽ ഭിന്നസമുദായങ്ങളിൽപ്പെട്ടവരും സാധുക്കളുമായവർ വിവാഹത്തിൽപ്പെട്ടുപോയാൽ അതിനെ ഒരു മഹാസംഭവമായി പർവതീകരിക്കുന്ന ഒരു പ്രവണത ഇവിടെ ഉണ്ടായിരുന്നു. ഇപ്പോരം ആ പ്രവണതയ്ക്കു സാരമായ മാററം സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നു സമ്മതിക്കണം.

മിശ്രവിവാഹ പ്രസ്ഥാനം വിജയപ്രദമാകണമെങ്കിൽ മിശ്രവിവാഹ സംഘടനകളും വ്യക്തികളും മുന്നോട്ടു ഇറങ്ങിവരണം. അവരുടെ ഹൃദയസമുദ്രങ്ങളിൽ ഈ ആശയത്തെക്കുറിച്ചുള്ള വേലിയേററമുണ്ടാകണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുദേവൻ മിശ്ര വിവാഹത്തിനും പന്തിഭോജനത്തിനും പ്രാധാന്യം നൽകി പ്രവർത്തിച്ച കാലയളവിലാണ് ദുരവസ്ഥ എന്ന ആ കാവ്യതല്ലജം മഹാകവി കുമാരനാശാൻ മലയാളത്തിനു കാഴ്ചവച്ചതു്. ആ കൃതിയുടെ മുഖവുരയിൽ ആശാൻ പറഞ്ഞിട്ടുള്ള പലതും ശ്രദ്ധിക്കാം. കേരളത്തിന്റെ വടക്കേഅററത്തുള്ള തെക്കേ മലയാംജില്ലയിൽ 1097- ചിങ്ങമാസത്തിൽ ആരംഭിച്ച മാപ്പിള ലഹള ചരിത്രത്തിൽ രക്തരൂക്ഷിതമായ ഒരു അദ്ധ്യായത്തെ രചിച്ചിരിക്കയാണല്ലോ. കല്പനാശക്തിയെ തോല്പിക്കുന്ന ഭയങ്കരങ്ങളും പൈശാചികങ്ങളുമായ സംഭവങ്ങളെക്കൊണ്ടു കേരളത്തെമാത്രമല്ല. ഇൻഡ്യയെ മുഴുവൻ ഒരു പ്രകാരത്തിൽ അല്ലെങ്കിൽ മററൊരു പ്രകാരത്തിൽ ഇളക്കിമറിച്ചിരിക്കുന്നു.

ആ ലഹളയിൽനിന്നും രക്ഷപ്പെട്ടുഓടി ചാത്തന്റെ ചാളയിൽ അഭയം തേടേണ്ടിവന്ന പതിനെട്ടുവയസ്സായ സാധു സാവിത്രി അന്തർജനം ഒടുവിൽ സ്വയം ചാത്തനെ ഭർത്താവായി വരിക്കാൻ ശ്രമിക്കുന്നു. അതിൽ അവരം വിജയിക്കുന്നു. ചാത്തൻ തമ്പ്രാട്ടിയിൽ നിന്നും ഒഴിഞ്ഞു മാറിയിട്ടും സാവിത്രിക്കു ഒഴിഞ്ഞു മാറാൻ കഴിഞ്ഞില്ല.

സാവിത്രി അന്തർജനത്തെയം ചാത്തനെയും വിവാഹിതരാക്കാൻ കഴിഞ്ഞ മഹാകവിയുടെ പ്രതിഭ ഹിമാലയത്തോളം ഉയർന്നു നില്ക്കുകയല്ലേ? മിശ്രവിവാഹ പ്രവർത്തകർക്കു 'ദുരവസ്ഥ' നല്കുന്ന പ്രചോദനം എത്രമാത്രമാണെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. ഗുരുദേവന്റെ ആശയങ്ങളല്ലേ മഹാകവി കവിതാ രൂപേണ ചണ്ഡാലഭിക്ഷുകിയിലൂടെയും ദുരവസ്ഥയിലൂടെയും വിളംബരംചെയ്തിട്ടുള്ളത്.?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വെറും മാംസനിബദ്ധ പ്രേമത്തിനല്ലാ കവി അവിടെസ്ഥാനം കല്പിച്ചിരിക്കുന്നത്. സാവിത്രി അന്തർജനം പ്രണയ പരവശയായിവന്നവളല്ല. പ്രാണരക്ഷാർത്ഥം ഓടി എത്തിയതാണ്. ചാത്തനും സാവിത്രിയും തമ്മിൽ ജീവിച്ചപ്പോൾ ലോകത്തിനു ചലനമുണ്ടായില്ല. സ്നേഹം എന്ന രണ്ടക്ഷരത്തിനു ദാർഢ്യം കൂടി. ശ്രീ നാരായണ ഗുരുദേവന്റെ "മിശ്രവിവാഹം" എന്ന ആശയത്തിനു വർണ്ണം പകർന്നു ആശാൻ. അതു ജീവത്തായി നിലകൊള്ളുന്നു. സ്നേഹത്തിന്റെ മുമ്പിൽ-സത്യത്തിന്റെ മുമ്പിൽ ദുരാചാരങ്ങൾ മാഞ്ഞു മണ്ണടിയുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 18

ആചാരങ്ങൾ മാററുന്നു

മനുഷ്യനിൽ പല ആചാരങ്ങളുടെയും അന്തസ്സത്ത അലിഞ്ഞു ചേർന്നിട്ടുണ്ട്. പരമ്പരാഗതമായി സമൂഹത്തിൽ തങ്ങിനില്ക്കുന്ന ആചാരങ്ങൾ അനുഷ്ഠിക്കുവാൻ മനുഷ്യൻ ബാദ്ധ്യസ്ഥനായിത്തീരുന്നു. ആചാരങ്ങൾ രണ്ടു രീതിയിലുണ്ട്. മനുഷ്യൻെറ നന്മയ്ക്കു ഉപകരിക്കുന്നതൊന്ന്, പ്രയാസങ്ങളും കഷ്ടപ്പാടും ധനനഷ്ടവും ഉണ്ടാകുന്നതു മറെറാന്ന്. പലപ്പോഴും ആചാരങ്ങൾ അനുഷ്ഠിക്കുമ്പോൾ പ്രതാപവും പ്രൗഢിയും പ്രദർശിപ്പിക്കുവാൻ അതിൻെറ പ്രധാന സൂത്രധാരകന്മാർ ശ്രമിച്ചിട്ടുണ്ട് – ശ്രമിക്കുന്നുണ്ട്.

വിവാഹം ഒരു സാമൂഹികാചാരമാണ്. എല്ലാ നാട്ടിലും എല്ലാ വിഭാഗം ജനങ്ങളും അമ്മാതിരിയുള്ള ആചാരത്തിനു പ്രാധാന്യം നല്കിപ്പോരുന്നുണ്ട്. ഒരു പുരുഷൻെറയും സ്ത്രീയുടെയും ജീവിതത്തിലെ പ്രധാന സംഭവമാണല്ലോ വിവാഹം. അതിന് അതിൻേറതായ പാവനത്വം ഉണ്ട്. അതിൻേറതായ വർണ്ണശബളിമയും കാണും. എന്നാൽ വിവാഹമെന്ന ചടങ്ങ് അനാർഭാടമായി നടത്തുന്നവരുണ്ട്. ചിലർക്ക് ആർഭാടമായി നടത്താം. അതിനുള്ള സാമ്പത്തികശേഷി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവർക്കുണ്ടായിരിക്കും. സാമ്പത്തികശേഷിയില്ലാത്ത കുടുംബത്തിലെ അംഗങ്ങൾ അതിനുവേണ്ടി പുറപ്പെട്ടാൽ ആ കുടുംബം കണ്ണീരും കൈയ്യുമായി കഴിയേണ്ടിവരും. അങ്ങനെ കഴിയുന്ന അനേകം കുടുംബങ്ങളുടെ അവസ്ഥ ഗുരുദേവൻ കണ്ടു. പ്രശസ്തിക്കും പ്രതാപത്തിനും വേണ്ടിയുള്ള ദുരയാണു ആളുകളെ ഇമ്മാതിരിയുള്ള പ്രയാസങ്ങളുടെ അടിത്തട്ടിൽ എത്തിക്കുന്നതെന്നു മനസ്സിലാക്കിയ ഗുരുദേവൻ ഒരു സന്ദേശം ജനങ്ങൾക്കു നല്കി.

> “ഒരു വിവാഹത്തിനു കൂടിയാൽ പത്തുപേർ മാത്രമേ ആകാവൂ. വധുവരന്മാർ, മാതാപിതാക്കന്മാർ, ദമ്പതികളുടെ ഓരോ സഖി, ഒരു പുരോഹിതൻ, ഒരു പൗരപ്രമാണി ഇപ്രകാരമാണു പത്തുപേർ. സ്നേഹസ്വരൂപനായ ഈശ്വരനെ നല്ലതുപോലെ ധ്യാനിച്ചു പുരോഹിതൻ മാല എടുത്തു കൊടുക്കണം........... ചിലർക്കു തങ്ങളുടെ കുട്ടികളുടെ വിവാഹം സംബന്ധിച്ച് നല്ലതുക ചെലവിടുന്നതിനു മോഹം കാണും. അങ്ങനെ മോഹമുള്ള രക്ഷിതാക്കൾ ചെലവു ചെയ്യാനുദ്ദേശിക്കുന്ന തുക സേവിംഗ്സ് ബാങ്കിലോ മറ്റോ നിക്ഷേപിച്ച് അതിന്റെ രസീതു വിവാഹ സമയത്തു തങ്ങളുടെ കുട്ടികൾക്കായി സംഭാവന ചെയ്യേണ്ടതാണ്.”

ലളിതജീവിതം-സാമ്പത്തിക പരാധീനതയില്ലാത്ത ജീവിതം മനുഷ്യൻ നയിക്കണം. അതിനുവേണ്ടിയാണു ഗുരു ഇങ്ങനെയൊരു സന്ദേശം പുറപ്പെടുവിച്ചത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധനതത്ത്വശാസ്ത്രജ്ഞനായ ലീനോ റോബിൻസൻെറ അഭിപ്രായം പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. 'പണം എങ്ങനെ ഉണ്ടാക്കണമെന്നും എന്തിനു വേണ്ടി എപ്പോഴും എങ്ങനെ ചെലവഴിക്കണമെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.' പണമില്ലാതെ മനുഷ്യനു ജീവിക്കുവാൻ പ്രയാസമാണ്. പണം വേണം ധൂർത്തടിക്കുന്നതിനോടു ഗുരുദേവന് യോജിപ്പില്ലായിരുന്നു. ഗുരു ഒരു സാമ്പത്തിക ശാസ്ത്രവും ആർക്കും നല്കിയില്ല. പക്ഷെ മനുഷ്യനെക്കുറിച്ചു ഗു രു പഠിച്ചു. അവൻെറ ആവശ്യങ്ങളെക്കുറിച്ചു പഠിച്ചു. ഓരോ വ്യക്തിയും പണിയെടുക്കണം. അതിൽനിന്നും കിട്ടുന്ന ആദായംകൊണ്ടു ജീവിക്കണം കച്ചവടം നടത്തുന്നയാൾ അമിതലാഭമെടുക്കരുത്. ഒരു രൂപയ്ക്കു ഒരു കാശു മാത്രമേ ലാഭമായി എടുക്കാവൂ വെന്നു അഞ്ചുയെങ്ങിലെ ഒരു വ്യാപാരിയോടു ഗുരു ഒരിയ്ക്കൽ പറയുകയുണ്ടായി. പ്രത്യേകമായ ഒരു ധനതത്ത്വശാസ്ത്രം ഗുരു ആവിഷ്കരിച്ചില്ലെങ്കിലും മനുഷ്യൻ എങ്ങനെ പണമാർജ്ജിക്കണമെന്നും ചെലവഴിക്കണമെന്നും ഗുരു ആവിഷ്ക്കരിച്ചില്ലെങ്കിലും ലീനോ റോബിൽസൻെൻറ അഭിപ്രായത്തോടു ഗുരു യോജിച്ചിരുന്നുവെന്നു ഊഹിയ്ക്കാം. ഇതിൽനിന്നും ശ്രീ നാരായണ ഗുരു ദേവനു സാമ്പത്തിക ശാസ്ത്രത്തിൽ ഉണ്ടായിരുന്ന അറിവ് എന്തായിരുന്നുവെന്നു മനസ്സിലാക്കാം. ഇവിടെയാണു മററു മുനിമാരിൽ നിന്നും, ശ്രീനാരായണ ഗുരുദേവനെ പ്രത്യേക മണ്ഡലത്തിൽ നമുക്കു ദർശിക്കുവാൻ കഴിയുക. ഇവിടെയാണ് ഗുരുദേവൻെറ മഹത്ത്വം പാലൊളിപോലെ പ്രകാശിക്കുന്നത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്നത്തെ അവസ്ഥ എന്താണ്? ഓരോരുത്തരും അവരവരുടെ സന്താനങ്ങളുടെ വിവാഹച്ചടങ്ങുകൾ ആർഭാടമായി നടത്തുവാൻ ബദ്ധപ്പെടുന്നു. ഒരാൾ തന്റെ മകളെ അൻപത്തിയൊന്നുപവന്റെ ആഭരണം അണിയിച്ചാൽ മററൊരാൾ തന്റെ മകളെ നൂററിഒന്നു പവന്റെ ആഭരണം അണിയിക്കുവാൻ ശ്രമിക്കും. ഇതിനെ ദുരയായിട്ടേ പരിഗണിക്കാവൂ. സ്ത്രീധനമെന്ന മഹാശാപ എത്രയെത്ര പാവപ്പെട്ട കുടുംബങ്ങളെയാണു തകർത്തു കളയുന്നത്. മാനസികമായ ബന്ധത്തിനല്ലാ സാമ്പത്തികമായ ബന്ധത്തിനാണു ഭൂരിപക്ഷം പേരും പ്രാധാന്യം നല്കുന്നത്. ഈ കാലഘട്ടത്തിൽ ശ്രീ നാരായണ ഗുരുദേവൻ ജീവിച്ചിരുന്നുവെങ്കിൽ സ്ത്രീധന സമ്പ്രദായത്തിനു എതിരായി രംഗത്തു ഇറങ്ങി പ്രവർത്തിക്കുമായിരുന്നു.

മനുഷ്യൻ മരിക്കുമെന്ന കാര്യം തീർച്ചയാണ്. മരിച്ചാൽ ജഡം മറവു ചെയ്യണം. പുരാതന കാലം മുതല്ക്കേ മനുഷ്യസമുദായം അതിനു ചില ചടങ്ങുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പല സ്ഥലത്തും പല ജനതയ്ക്കും പല രീതിയാണു ഇതിനുവേണ്ടി ആസൂത്രണം ചെയ്തിട്ടുള്ളത്. കേരളത്തെസംബന്ധിച്ചിടത്തോളം മരണാനന്തര ക്രിയകൾ നടത്തുന്നവർ അതിലൂടെ തങ്ങളുടെ അന്തസ്സുയർത്തിപ്പിടിക്കുവാൻ ശ്രമിക്കുന്നു. ഒരാൾ ആരുടെയും പരിചരണമില്ലാതെ കുടിനീരുപോലും ലഭിക്കാതെ കിടന്നു നരകിച്ചു മരിക്കും. മരണശേഷം ബന്ധു ജനങ്ങൾ പണം ധാരാളമായി ചെലഴിച്ചു പുലകുളി അടിയന്തിരം നടത്തും. എന്തിനുവേണ്ടി? ആർക്കുവേണ്ടി? എന്ന ചോദ്യം സ്വാഭാവികമായും ഉദിക്കാം. പണം ചെലവഴിക്കുന്നവരുടെ അഭിമാന സംരക്ഷ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണത്തിന് മരണശേഷം നടത്തേണ്ട ക്രിയകളെക്കുറിച്ചു ഗുരുദേവൻ അരുളം ചെയ്തത് ഇപ്രകാരമാണ്.

"മരിച്ചആളിനെ ഉദ്ദേശിച്ച് അടുത്ത ആളുകളം ഒത്തു ചേർന്ന് പത്തു ദിവസം പ്രഭാതത്തിൽ കുളിയും മററും കഴിഞ്ഞ് ഈശ്വരനെ വിശ്വാസാനുസരണം പ്രാർത്ഥിക്കണം. ആ സമയത്ത് സുഗന്ധ ദ്രവ്യങ്ങളോ മറേറാ വാങ്ങി പുകയ്ക്കാം. പത്തു ബലിയിട്ടതുകൊണ്ടു ദോഷമില്ല. ഇതിനെല്ലാം കൂടി പത്തണയിൽ കൂടുതൽ ആരും ചെലവിടരുത്."

അന്ധമായ പ്രാർത്ഥനയ്ക്കോ അന്ധമായ പ്രവൃത്തിയ്ക്കോ ഗുരു ആരെയും പ്രോത്സാഹിപ്പിച്ചില്ല. സാമൂഹിക ജീവിതത്തിൽ മനുഷ്യൻ ഉണ്ടാക്കിവയ്ക്കുന്ന സാമ്പത്തിക ബാദ്ധ്യതയിൽ നിന്നും മോചനം നേടാനുള്ള വഴിയാണു കാട്ടിക്കൊടുത്തത്. ഋഷിപ്രോക്തങ്ങളം പാടിനടക്കാതെ മനുഷ്യരെ യഥാർത്ഥ മനുഷ്യരായി ജീവിക്കാൻ ഗുരുദേവൻ പഠിപ്പിച്ചു. വാളം എടുക്കാതെ, തോക്ക് എടുക്കാതെ ചുരുക്കം ചില വാക്കുകളംകൊണ്ടു സമൂഹത്തിൽ സാരമായ ചലനം സൃഷ്ടിച്ചു. ആ ചലനം വ്യക്തമായി വീക്ഷിച്ച വിദ്വാൻമാർ അക്കാലത്തു ഇവിടുണ്ടായിരുന്നു. അവരിൽ പ്രധാനിയായിരുന്നു ജസ്ററീസു സദാശിവയ്യർ. മദിരാശി ഹൈക്കോർട്ടു ജഡ്ജി ആയിരുന്ന അദ്ദേഹം തിരുവിതാംകൂർ ചീഫ് ജസ്ററീസ് ആയിരിക്കുമ്പോളം ഒരു വിധി കല്പിച്ചതിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"I hope I might be pardoned for expressing in conclusion my very great satisfaction that through the efforts of the Venerable Asan of the Ezhava Community and his Ezhava Samajam, most desirable reforms (or rather relinquishments of the medieval pernicious customs and conventions which have outlived their orginal usefulness and which are unsuitted to the needs of a patronage community) are taking place among the Ezhavas with out the necessity at present to the resort to the legislature. I allude especially to fhe fast-dying customs of polygamy and polyandry (thourgh restricted to the case of a women being the common wife of brothers) the new unmeaning Thalikettu or Minnukettu ceremoney, the conniving by the society at the loss of virginity by an unmarried girl remaining in her motheres house and so on.

(C. A. No 46 and 47 of 1083)

നിയമബന്ധം കൂടാതെ ഇമ്മാതിരിയുള്ള പരിവർത്തനം വരുത്തുവാൻ മനുഷ്യരുടെ മേൽ അപാരമായ സ്വാധീനത ചെലുത്തുവാൻ കഴിയുന്ന വ്യക്തികൾക്കു മാത്രമേ ഇതു സാധിയ്ക്കൂ. ഒരു ചുരുങ്ങിയ കാലം കൊണ്ടു പരമ്പരാഗതമായി നിലനിന്നു പോന്ന ആചാരാനുഷ്ഠാനങ്ങളെ മാററി മറിച്ചു പുനഃ പ്രതിഷ്ഠ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നടത്തിയ ഗുരുദേവനെയാണു സദാശിവയ്യർ പ്രകീർത്തിച്ചത്. ബഹുമാനിച്ചത്.

മിന്നുകെട്ടിനു ശേഷം അമ്മയോടൊത്തു താമസിച്ചിരുന്ന കുട്ടികളുടെ കന്യകാത്വം നഷ്ടപ്പെട്ടുപോകുമായിരുന്നു എന്നു അയ്യർ സൂചിപ്പിച്ചതിനോടു യോജിക്കുവാൻ നിർവ്വാഹമില്ല. മിന്നുകെട്ടു ഒരു ചടങ്ങു മാത്രമായിരുന്നു. ഏഴും എട്ടും വയസ്സാകുമ്പോൾ പെൺകുട്ടികളെ മുറച്ചെറുക്കനെക്കൊണ്ടു മിന്നു കെട്ടിക്കുന്ന പതിവുണ്ടായിരുന്നു. അത്രമാത്രമേ അതിനു പ്രാധാന്യവും കൊടുത്തിട്ടുണ്ടായിരുന്നുള്ളൂ വെന്നാണു പഴമക്കാരുടെ അഭിപ്രായം.

മേൽപ്പറഞ്ഞ ആചാരങ്ങളെ മാററിമറിച്ചത് ആയുധങ്ങൾ കൊണ്ടല്ല. തുച്ഛരമായ വാക്കുകൾകൊണ്ട്. അവിടെയാണു അനുയായികളെ അനുസരിപ്പിക്കുവാനുള്ള ഗുരുവിൻെറ കഴിവ് പ്രകടമാകുന്നത്.

◆

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 19

മദ്യനിരോധനം

മദ്യത്തിനു മനുഷ്യനോളം തന്നെ പഴക്കമുണ്ട്. മനുഷ്യൻ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിൽ അതീവ താത്പര്യം കാണിയ്ക്കുന്നുണ്ട്. ഒന്നുകിൽ കള്ളുകുടിക്കുക, അല്ലെങ്കിൽ കറുപ്പോ, കഞ്ചാവോ ഉപയോഗിക്കുക; പുകവലിക്കുകയോ മുറുക്കുകയോ ചെയ്യുക. മനുഷ്യൻ ലഹരി ഉപയോഗിക്കുന്നതിൽ ഒരു രസം അനുഭവിക്കുന്നു. ഇമ്മാതിരിയുള്ള ലഹരി സാധനങ്ങൾ ഒന്നും ഉ പ യോ ഗി ക്കാ ത്ത വ ർ നൂററിന് ഒന്നോ രണ്ടോ മാത്രമായിരിയ്ക്കും കാണുക. ദുശ്ശീലത്തെ നിയന്ത്രിയ്ക്കാൻ കഴിവുവേണം. ആ നിയന്ത്രണം ഓരോ വ്യക്തിയുടേയും മനസ്സിനെ ആശ്രയിച്ചിരിക്കും.

ആര്യന്മാർ മദ്യം ഉപയോഗിച്ചിരുന്നതായി വേദങ്ങളിൽ കാണുന്നു. സോമ എന്നും സുര എന്നും പേരുള്ള രണ്ടുതരം ലഹരി പദാർത്ഥങ്ങൾ അവർ ഉപയോഗിച്ചിരുന്നു. പുരാതന ഈജിപ്ററിൻേറയോ, സുമേറിയയുടേയോ, ചൈനയുടേയോ ചരിത്രം പരിശോധിച്ചാലും മദ്യപാനകഥ വ്യക്തമാകും.

ഒരു കാലത്തു മദ്യം ഈശ്വരാരാധനയ്ക്കുവേണ്ടി ഉപ്പയോഗിച്ചിരുന്നതായി ചരിത്രരേഖകളുണ്ട്. ഇവി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടത്തെ കോവിലുകളിലും ആ ചടങ്ങുണ്ടായിരുന്നു. അമ്പലപ്പുഴ ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിൽ 'പള്ളിപ്പാന' എന്ന ഒരു ചടങ്ങുണ്ടായിരുന്നു. കൃഷ്ണഭാഗവാനും ദേവനാരായണ നമ്പൂതിരി കുടുംബത്തിനും ഉണ്ടാകുന്ന നാവിൻദോഷം ഇല്ലാതാക്കുക എന്നതായിരുന്നു ഇതുകൊണ്ടുദ്ദേശിച്ചിരുന്നത്. അമ്പനാട്ടു പണിക്കരായിരുന്നു അ മ്പ ല പ്പു ഴ യി ലെ നാടുവാഴി. പണിക്കർ ഈഴവ സമുദായത്തിൽപ്പെട്ട ആളായിരുന്നു. അദ്ദേഹമാണ് ഈചടങ്ങു നടത്തിയിരുന്നത്. പന്ത്രണ്ടാമത്തെ ദിവസം സ്വർണ്ണക്കലത്തിൽ മധുവുമെടുപ്പിച്ചു പണിയയ്ക്കനും പണിയയ്ക്കത്തിയും ശ്രീകൃഷ്ണ സ്വാമിയുടെ ബിംബം എഴുന്നള്ളിച്ചിരിക്കുന്ന സ്ഥലത്തു ചെല്ലും. പൂജാദികർമ്മങ്ങൾക്കുശേഷം പണിക്കർ തൻെറ ആശ്രിതന്മാരെക്കൊണ്ടു മധു ശ്രീകൃഷ്ണ സ്വാമിയുടെ ബിംബത്തിലും അവിടെ സന്നിഹിതരായിരിക്കുന്ന ആളുകളുടെ പുറത്തും തളിപ്പിയ്ക്കും. ഈ കഥ ഒരു കേരള ചരിത്രത്തിൽ കാണുന്നുണ്ട്.

മനുഷ്യനിൽ പരമ്പരാഗതമായി കുടികൊണ്ടിരിക്കുന്ന ഈ സ്വഭാവം ഒരു ദിവസം കൊണ്ടു മാററിയെടുക്കുവാൻ പ്രയാസമാണ്. ഒരാൾ മദ്യപനായാൽ ആ മനുഷ്യൻ മാത്രമല്ല നശിക്കുന്നത് അയാളുടെ കുടുംബവും നശിക്കും. രാജ്യത്തിന് അതു ആപത്തായിത്തീരും. ദുഷിച്ച വിചാരം-ഒരു വ്യക്തിയിൽ ഉണ്ടാകരുത്. സദ്വിചാരം ഓരോരുത്തൻേറയും ഉള്ളിൽ ഉണ്ടാകണം. മദ്യത്തിൽ ജനത ആകൃഷ്ടരായിരുന്നാൽ ജനസമൂഹം നശിക്കും. അങ്ങനെ നാശത്തിൻെറ ഗർത്തത്തിൽ സമൂഹം ചെന്നു വീഴാതിരിക്കുവാൻ ബു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മ്ധിമാന്മാരായ ആളുകൾ മദ്യനിരോധന പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിക്കുന്നു.

വെററില മുറുക്ക്, പുകവലി, മദ്യപാനം തുടങ്ങിയവ നിരന്തരമായി ശീലിച്ചു കൊണ്ടിരിക്കുന്നവർ ഇഞ്ചിഞ്ചായി മരിച്ചു കൊണ്ടിരിക്കുകയാണെന്നാണു ശാസ്ത്രജ്ഞന്മാരുടെ മതം. ജനങ്ങളുടെ ഇമ്മാതിരിയുള്ള സ്വഭാവത്തിനു മാററം വരുത്തേണ്ടതു ആവശ്യമാണെന്നു ഗുരുദേവൻ മനസ്സിലാക്കി. പല വിധത്തിലുള്ള ആചാരങ്ങളും നിർത്തലാക്കിയ ഗുരുദേവൻ മദ്യം ഉപയോഗിക്കരുതെന്നു ജനതയെ ഉപദേശിച്ചു. അതിനുവേണ്ടി 1920 ആഗസ്ററ് 27-ാം തീയതി ചതയം നാളിൽ ഗുരുദേവൻ താഴെ കാണുന്ന ഒരു സന്ദേശം ജനങ്ങൾക്കു നൽകുകയുണ്ടായി.

"മദ്യം വിഷമാണ്, അതുണ്ടാക്കരുത് കൊടുക്കരുത്. കുടിക്കരുത്. മദ്യമുണ്ടാക്കുന്നവൻ നാറും. അവൻതൊട്ടതെല്ലാം നാറും."

ഈ സന്ദേശം ആർക്കും എളുപ്പത്തിൽ ഗ്രഹിക്കുവാൻ കഴിയും. കടുകട്ടിയായ സംസ്കൃത പദങ്ങൾ ഒന്നും ഇതിലില്ല. ആരുടേയും വ്യാഖ്യാനത്തിൻെറ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. വിദ്യാ ഹീനമായ ഒരാൾക്കു മേൽക്കുറിച്ചിരിക്കുന്ന കൊച്ചു കൊച്ചു വാചകങ്ങൾ കേൾക്കുന്ന മാത്രയിൽ അർത്ഥം മനസ്സിലാകും. അന്നു ഗുരുദേവൻെറ സന്ദേശം ശിരസാവഹിച്ചവർ ധാരാളമുണ്ടായിരുന്നു. ഇന്നത്തെ അവസ്ഥയെക്കുറിച്ചു ചർച്ച ചെയ്യേണ്ട പ്രശ്നം ഉദിക്കുന്നില്ല. എങ്കിലും മനുഷ്യനു മദ്യത്തോടുള്ള ആസക്തി എങ്ങനെയി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രിക്കുന്നുവെന്നു അല്പമായിട്ടെങ്കിലും അറിയേണ്ടതുണ്ട്.

മദ്യം ഉപയോഗിക്കാതെ ഒരു കൂട്ടം മനുഷ്യർക്കു ജീവിക്കുവാൻ പോലും കഴിയുകയില്ല എന്നതു സത്യമായി മാറിയിരിക്കുന്നു. തന്മൂലം ലക്ഷക്കണക്കിനു ജനങ്ങൾ അനാഥരായിത്തീരുന്നു. ആയിരക്കണക്കിനു ആളുകൾ പല രോഗങ്ങൾക്കും അടിമപ്പെടുന്നു. എത്ര കൊലപാതകങ്ങൾ നടക്കുന്നു. എത്രയെത്ര അപകടങ്ങൾ ഉണ്ടാകുന്നു. വാഹനയാത്ര ഒരു പേടി സ്വപ്നമായിമാറിയിരിക്കുന്നു. രക്തം മദ്യപാനം മൂലം ചൂടുപിടുക്കുന്നു. കൊലയും കൊള്ളിവയ്പും അനുസ്യൂതം നടക്കുന്നു. രാഷ്ട്രീയക്കാരൻ മാത്രമല്ല ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ ഉള്ളവർ മദ്യത്തിനു അടിമകളാകുന്നു. കഴിഞ്ഞ കുറെക്കാലമായി കാണുന്ന പത്രറിപ്പോർട്ടുകൾ മനുഷ്യരിൽ ഭയത്തിന്റെ—വേദനയുടെ വിത്തുകൾ വിതയ്ക്കുന്നു. അമേരിയ്ക്കൻ സൈനികരിൽ ഒരു നല്ല ശതമാനം കഞ്ചാവും കറുപ്പും സ്ഥിരമായി ഉപയോഗിക്കുന്നതു തടയാൻ സൈന്യങ്ങളുടെ നേതാക്കന്മാർ തല പുകഞ്ഞ് ആലോചിക്കുന്നുണ്ട്. സമാധാനം സ്ഥാപിക്കുവാൻ കച്ചകെട്ടി വ്രതമെടുത്ത് നില്ക്കുന്ന സൈനികരുടെ സ്ഥിതി ഇതാണെങ്കിൽ സാധാരണക്കാരന്റെ കാര്യം പറയാനുണ്ടോ?

നമ്മുടെ നാട്ടിൽ ധനാഢ്യന്മാർ മദ്യം ഉപയോഗിച്ചാലും ഇല്ലെങ്കിലും അവരവരുടെ ഭവനങ്ങളിലെ ഫ്രിഡ്ജിൽ അല്പം സൂക്ഷിക്കാറുണ്ട്. അത് ഇന്നു ജീവിതത്തിൽ ഒരു ശൈലിയായി മാറിയിരിക്കുന്നു. പടിഞ്ഞാറിനെ നോക്കി അനുകരിക്കുന്ന പ്രവണത ഇൻഡ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിലെ വിദ്യാർത്ഥികളിൽ ഇന്നു കണ്ടുവരുന്നുണ്ട്. അവരുടെ സ്വഭാവം ആരെയാണ് വ്യാകുല ചിത്തരാക്കാത്തത്? നാളത്തെ പൗരന്മാരായി രാജ്യം ഭരിക്കേണ്ടവർ ഇന്നേ വാടിക്കരിയാൻ തുടങ്ങുന്നു. ഈ ലഗാ നില്ലാത്ത പോക്കിനു ഒരു തടയിട്ടില്ലെങ്കിൽ ഭവിഷ്യത്തു അതിഭയങ്കരമായിരിക്കും.

മദ്യനിരോധനം ഏർപ്പെടുത്തിയാൽ തൊഴിലില്ലായ്മ വർദ്ധിക്കുമെന്നും രാജ്യത്തിൻെറ റവന്യൂവിൽ കുറവുവരുമെന്നും ചിലകേന്ദ്രങ്ങളിൽ നിന്നും അഭിപ്രായങ്ങൾ പൊന്തിവരാറുണ്ട്. മററു ചില പദ്ധതികൾ ആവിഷ്കരിച്ചാൽ തൊഴിലില്ലായ്മ പരിഹരിക്കുവാനും റവന്യൂ വർദ്ധിപ്പിക്കുവാനും കഴിയും.

മനുഷ്യൻ ഒരു അത്ഭുത പ്രതിഭാസമാണല്ലോ. അവൻ എങ്ങനെ പെരുമാറുന്നുഎങ്ങനെ പ്രവർത്തിക്കുന്നുവെന്നു ചിന്തിക്കുവാൻ പ്രയാസമാണ്. കൃസ്തുദേവൻ എന്തെല്ലാമുപദേശിച്ചു.! അതിനു മുമ്പു ബുദ്ധദേവൻ എന്തെല്ലാം അരുൾ ചെയ്തു.! മുഹമ്മദു നബി ജന നന്മയ്ക്കുവേണ്ടി എന്തെല്ലാം പറഞ്ഞു! അവരുടെ വചനങ്ങൾ ചുരുക്കം ചിലരുടെ തലച്ചോററിൽ മാത്രം പററിപ്പിടിച്ചു. ഒരാളിനെക്കൊണ്ടു മററൊരാളിനെ നന്നാക്കിയെടുക്കാൻ പ്രയാസമാണ്. മനുഷ്യൻ സ്വയം നന്നായാലേപററൂ. മദ്യനിരോധനം സർക്കാർ ഏർപ്പെടുത്തിയിട്ട് എന്തു ഫലം? ഏതു മഹാത്മാവ് ഉപദേശിച്ചാലും ഏതു സർക്കാർ ഉത്തരവു പുറപ്പെടുവിച്ചാലും അതു പ്രവൃത്തിപഥത്തിലെത്തിക്കേണ്ടതു ബഹുജനങ്ങളാണ്. അവരുടെ സ്വഭാവത്തെ അവരുടെ ജീവിത ശൈലികളെ അനുസരിച്ചാണു അതിൻെറ വിജയം ഉണ്ടാകുന്നത്.

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 20

ജന്തുസ്നേഹം

മനുഷ്യരോടു മാത്രമല്ല; ജന്തുക്കളോടും ഗുരുദേവൻ സ്നേഹം പ്രദർശിപ്പിച്ചിരുന്നു. ഒരു ജീവിക്കും ദുഃഖം ഉണ്ടാകരുതെന്നായിരുന്നല്ലോ ഗുരുവിന്റെ ആഗ്രഹം. ശ്രീബുദ്ധന്റെ കരുണയെ അനുസ്മരിപ്പിക്കുമാറ് സ്നേഹത്തിലധിഷ്ഠിതമായിരുന്നു ഗുരുദേവന്റെയും ജീവിതം. അതിൽ വൈശിഷ്ട്യം തുളുമ്പിനിന്നിരുന്നു, വശ്യരീതി നിഴലിച്ചിരുന്നു.

ഒരിക്കൽ ശ്രീനാരായണഗുരു കോട്ടാർ തെരു വീഥിയിലൂടെ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ ഒരുകാളവണ്ടി എതിരേ വന്നു. ഗുരുദേവനെ കണ്ടമാത്രയിൽ ആ കാളകൾ രണ്ടും അനങ്ങാതെ അവിടെനിന്നു. വണ്ടിക്കാരൻ എത്രശ്രമിച്ചിട്ടും ഒരു ചുവടുപോലും കാളകൾനീങ്ങിയില്ല. അവയുടെ കണ്ണീർ ഇററിററു വീണുകൊണ്ടിരുന്നു. ദയനീയമായ സ്വരവും അവററ പുറപ്പെടുവിച്ചു. ഗുരുദേവൻ ചെന്നു തട്ടിത്തടവി ‘‘വേദനിക്കേണ്ടാ, എല്ലാം മാറിക്കൊള്ളും’’, എന്നു പറഞ്ഞതിനുശേഷമാണു കാളകൾ രണ്ടും വണ്ടിവലിക്കാൻ തുടങ്ങിയത്. ഈ കഥ ലേഖകനു വിവരിച്ചു തന്നതു കോട്ടാർ സ്വദേശിയും രത്നാട്രാൻസ്പോർട്ടിന്റെ ഉടമയുമായ ശ്രീ രത്തിനവും വിദ്വാൻ ശ്രീ. സുബ്ബയ്യനുമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശിവഗിരിസ്ക്കൂൾ പണിയുന്നസമയത്തു ധാരാളം കല്ലു സ്കൂൾകെട്ടുന്ന സ്ഥലത്തു എത്തിക്കേണ്ടിയിരുന്നു. അതു കാളവണ്ടിയിൽ ആയിരിക്കും കൊണ്ടുവരുന്നതെന്ന വിവരം ദീർഘവീക്ഷണപടുവായ ഗുരുദേവൻ മനസ്സിലാക്കി. കാളകൾക്കു താങ്ങാവുന്ന ഭാരമേ വണ്ടിയിൽ കയററാവൂ എന്നും അവററയെ യാതൊരു കാരണവശാലും ഉപദ്രവിക്കരുതെന്നും ഗുരുദേവൻ ആജ്ഞാപിച്ചു. ശിവഗിരി സ്കൂളിലേയ്ക്കു കല്ലടി തീരുന്നതുവരെ ആ, ആജ്ഞ അനുസരിച്ചു തന്നെയാണു കാളവണ്ടിക്കാർ പ്രവർത്തിച്ചത്.

മനുഷ്യൻ ജിജ്ഞാസുവാണ്. എപ്പോഴും അവൻ അറിവിന്റെചക്രവാളസീമ വിപുലമാക്കാൻ ശ്രമിക്കും. വിശേഷിച്ചും താത്പര്യമുള്ള കാര്യങ്ങളെക്കുറിച്ച് അറിയാൻ വ്യഗ്രത കാണിക്കാറുണ്ട്. കുമാരനാശാനോ അതുപോലുള്ള മററു പണ്ഡിതന്മാരോ സാമൂഹിക പ്രവർത്തകരോ അക്കാലത്തു മലബാർ സന്ദർശിച്ചാൽ ഗുരുദേവനെക്കുറിച്ചുള്ള ചരിത്രം പ്രായഭേദമെന്യേ അവിടത്തെ ജനത അന്വേഷിച്ചറിയും. അവർ അതിൽ അകാംക്ഷയുള്ളവരായിരുന്നു. ആ ചരിത്രം അറിഞ്ഞു ആനന്ദിക്കുവാൻ അവർ ആഗ്രഹം പ്രദർശിപ്പിച്ചിരുന്നു. ശ്രീനാരായണ ഗുരുദേവൻ വനത്തിൽ ദുഷ്ടമൃഗങ്ങളോടൊത്തു കഴിഞ്ഞിട്ടുണ്ടെന്നുള്ളകഥ അവരെ അദ്ഭുതപരതന്ത്രരാക്കി. ഒരിക്കൽ, സ്വാമി ശിവപ്രസാദിന്റെ ഭക്തിരസംകലർന്ന - വികാരോജ്ജ്വലമായ പ്രസംഗം കഴിഞ്ഞപ്പോൾ ഗുരുദേവനു സമീപത്തായി നിന്ന ഒരു റിട്ടയാർഡു് ഉദ്യോഗസ്ഥൻ ചോദിച്ചു

"സ്വാമി ചെറുപ്പത്തിൽ കാട്ടിൽപോയി പുലി, കടുവാ മുതലായ ദുഷ്ടമൃഗങ്ങളുടെയിടയിൽ ഇരുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ല്ലോ'' ഉടൻ ഫലിതരസം കലർത്തി ഗുരുദേവൻ മറു പടിപറഞ്ഞു.

''നാം അവിടെയിരിക്കുമ്പോഴം അതുകഠംക്കു നമ്മോടു വലിയസ്നേഹമായിരുന്നു. ചുററാകെവന്നിരുന്നു നമ്മുടെ ശരീരത്തെ നല്ലവണ്ണം സൂക്ഷിച്ചുവന്നു. നാം അവററയെ സ്നേഹിച്ചതുകൊണ്ടു അവയെല്ലാം നമ്മെയും സ്നേഹിച്ചു''.

മനുഷ്യരെക്കാളും സ്നേഹമുള്ളതു ജന്തുക്കഠംക്കാണെന്നു ഗുരുദേവൻ വ്യക്തമാക്കി. സ്നേഹത്തിൻെറ പാനപാത്രവുമയി ജനമദ്ധ്യത്തിൽ സ്വൈരമായി സഞ്ചരിച്ച യേശുകൃസ്തുവിനെ വെറും തുഛമായ വെള്ളി നാണയങ്ങഠംക്കുവേണ്ടി ഒററു കൊടുക്കുവാൻ ഒരു മനുഷ്യനുണ്ടായിരുന്നു. മിണ്ടാപ്രാണികഠം അങ്ങനെ ചെയ്യുകയില്ല. ഇരുകാലി മൃഗങ്ങഠം ഉണ്ടാക്കുന്ന പൊല്ലാപ്പുകഠം നാല്ക്കാലികളെകൊണ്ടു ഉണ്ടാകാനിടയില്ലല്ലോ എന്ന ധ്വനിയാണു മറുപടിയിൽ ഉണ്ടായിരുന്നത്.

ഈ സന്ദർഭത്തിൽ മറെറാരു കാര്യം സ്മരണയിൽ വരുന്നു. വൈലോപ്പള്ളിയുടെ വസതി സന്ദർശിച്ചതിനെപ്പററി എം. പി. അപ്പൻ എഴുതിയ ഒരുകവിത സത്യദർശനം എന്ന കൃതിയിൽ ഉണ്ട്. മനുഷ്യനേക്കാഠം മൃഗം സ്നേഹാർഹമാണെന്ന് ഇതിൽ ഉദാഹരണസഹിതം പ്രസ്താവിച്ചിട്ടുണ്ട്, പ്രസക്തമായ ഭാഗം ഉദ്ധരിക്കാം.

''സ്വന്തമാം കുഞ്ഞിനൊപ്പം താങ്കളോമനിച്ചീടും
ചന്തമാർന്നൊരപ്പൂച്ച തെല്ലുമേ ഭയമെന്യേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എൻമടിത്തട്ടിൽക്കേറിസ്സുഖമായ് ശ്ശയിക്കയായ്-
അമ്മട്ടിലൊരാനന്ദമാദ്യമായ് നുകർന്നു ഞാൻ
മർത്ത്യനേക്കാളുംമൃഗം സ്നേഹാർഹനാണെന്നുള്ള
തത്ത്വമാവിധമന്ന്ഗ്രഹിച്ചൂ സുഹൃത്തേ, ഞാൻ
എൻകനിവിനു പാത്രമായൊരാമൃഗത്തിൻെറ
ഭംഗിയിൽ, നിറത്തിലുമെൻമിഴി പതിക്കയായ്
കരിങ്കൂവളപ്പൂവും വെള്ളാമ്പൽപ്പൂവും കോർത്തു
കമനീയമായ്ത്തീർത്ത പുതിയ പൂച്ചെണ്ടുപോൽ
കറുപ്പും വെളുപ്പുമാർന്നോമവയവൻകണ്ണും
കരളും കുളിർപ്പിച്ചെൻ മടിയിൽവിളങ്ങിനാൻ"

—സുഹൃമന്ദിരത്തിൽ.

ഗുരുദേവൻ ജന്തുക്കളോടു ദയ കാണിച്ച മററൊരു സംഭവംകൂടി ഇവിടെ രേഖപ്പെടുത്താം. ശിവഗിരിയുടെ ചുററുപാടും കുററിക്കാടുകൾ നിറഞ്ഞ പ്രദേശമായിരുന്നു. ആ കാട്ടിൽ ധാരാളം ചെറുജന്തുകൾ വസിച്ചിരുന്നു. ശിവഗിരിയുടെ പ്രാന്തപ്രദേശങ്ങളിൽ കാട്ടുജന്തുക്കൾ സ്വൈരമായി ജീവിക്കുന്നുണ്ടെന്ന കാര്യം വേട്ടക്കാർമണത്തറിഞ്ഞു. ഒരു സുപ്രഭാതത്തിൽ സൂര്യൻെറ കിരണങ്ങൾ ഭൂമിയിൽ പതീയാൻ തുടങ്ങിയതേയുള്ളൂ. ഒരു ആരവം കുററിക്കാട്ടിൽ നിന്നും ഉയർന്നു, ഒരു കസാലയിൽ ഉപവിഷ്ഠനായിരുന്ന ഗുരുദേവൻെറ കർണ്ണങ്ങൾ ആ ഭാഗത്തേയ്ക്കുവട്ടം പിടിച്ചു. വെള്ള നിറത്തിലുള്ള ഒരു മുയൽ പ്രാണരക്ഷാർത്ഥം ഓടിക്കിതച്ചുചെന്നു. ഗുരുദേവൻ ഇരുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കസാലയുടെ അടിയിൽ സ്ഥാനം പിടിച്ചു. "പാവം ഭയപ്പെട്ടു വിറയ്ക്കുന്നു." ഗുരുദേവൻ അരുളിചെയ്തു. ആ സംഭവത്തിനുശേഷം ശിവഗിരി മലകളിലും ചുററുപാടുമുള്ള പറമ്പുകളിലും വേട്ടയാടാൻ പാടില്ലെന്നു ഗുരു ആജ്ഞാപിക്കുകയുണ്ടായി.

ഈ കല്പന വേട്ടക്കാരിൽ അല്പം നീരസം ജനിപ്പിച്ചെങ്കിലുംപിന്നീട്ആരും അവിടെ ആ പ്രവൃത്തിക്കുഒരുമ്പെട്ടില്ല. വേട്ടക്കാരിൽ പ്രധാനി കൈതക്കോണത്തു നീ ല ക ണ് ഠ ൻ എന്ന വ്യക്തിയായിരുന്നു. ആ മനുഷ്യൻ സ്വാമി തൃപ്പാദങ്ങളുടെ മുമ്പിൽ ചെന്നു വിനയാന്വിതനായി ഖേദം രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീബുദ്ധനെപ്പോലെ, ശ്രീയേശു കൃസ്തുവിനെപ്പോലെ ഗുരുദേവനും ജന്തുക്കളോട് അതിയായ വാത്സല്യമുണ്ടായിരുന്നു. ജന്തുക്കളോടും മനുഷ്യരോടും ഒന്നുപോലെ പെരുമാറാൻ നിസ്സ്വാർത്ഥമതികൾക്കേ കഴിയൂ. 'അനുകമ്പാദശകം' എന്ന ഗുരുദേവകൃതിയിലെ മൂന്നാമത്തെ പദ്യം അതിനൊരു തെളിവാണ്.

"അരുളൻപനുകമ്പമൂന്നിനും
പൊരുളൊന്നാണതു ജീവിതാരകം
അരുളുള്ളവനാണു ജീവിയെ-
ന്നുരുവിട്ടീടുകയീനവാക്ഷരി"

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 21

കുളത്തൂർ

ശ്രീനാരായണ ഗുരുദേവന് ജന്മം നല്കിയതു ചെമ്പഴന്തിയാണെങ്കിലും തൃപ്പാദങ്ങൾ കുട്ടിക്കാലത്തു കൂടുതൽ സമയവും കഴിഞ്ഞുകൂടിയതു കുളത്തൂരായിരുന്നുവെന്ന് അവിടത്തെആളുകൾ അവകാശപ്പെടുന്നു. അവകാശം മാത്രമല്ല, തൃപ്പാദങ്ങൾ അവരുടെ വകയാണെന്ന മട്ടിലാണ് സംസാരം. ഗുരുവിൽ അവർക്കുള്ള ആത്മാർത്ഥത നിറഞ്ഞ വിശ്വാസമായിരിക്കാം ഒരു കാരണം. മറെറാന്ന് ഗുരുവിൻെറ പാദസ്പർശമേററ കുളത്തൂരിന് അഭിമാനിക്കത്തക്കഅഭിവൃദ്ധി സംജാതമായിട്ടുണ്ട്. എന്നുള്ളതാണ്. ഭക്തനെന്നും യോഗിയെന്നും സിദ്ധനെന്നും സ്വാമിയെ ജനത വിളിച്ചുവന്ന കാലം. കഴക്കൂട്ടം റെയിൽവേസ്റേറഷനു തെക്കുമാറി ഒരു ശുദ്ധജല തടാകമുണ്ടായിരുന്നു. ഈ ചിറയുടെ പടിഞ്ഞാറുവശം കടൽവരെ നീണ്ടു നിവർന്നുകിടന്ന മണൽപ്രദേശമാണ്. ഏകദേശം രണ്ടു കിലോമീററർ അകലത്തിൽ വേളിമല സ്ഥിതിചെയ്യുന്നു. സ്വാമിയുടെ ഏകാന്ത ധ്യാനത്തിനു പററിയ സ്ഥലമായതുകൊണ്ടായിരിക്കാം കുളത്തൂരിൽ കുറച്ചുകാലം ചെലവാക്കാനിടയായത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തിരുവനന്തപുരം ആററിങ്ങൽ റോഡു കടന്നുപോകുന്നതു ശ്രീകാര്യത്തുകുടിയാണല്ലോ. ശ്രീ കാ ര്യത്തിൻെറ വലതുഭാഗത്താണു ചെമ്പഴന്തിയെങ്കിൽ ഇടതു ഭാഗത്താണി കുളത്തൂർ സ്ഥിതി ചെയ്യുന്നത്. കുളത്തൂരിൽ ആററുംകുഴി എന്ന ഒരു പ്രദേശമുണ്ട്. അവിടെ 'വലിയവീട്' എന്ന ഒരു ഗൃഹമുണ്ട്. അവിടെ ഒരു അമ്മയുണ്ടായിരുന്നു. ആ അമ്മ ആ നാട്ടിലെ എല്ലാവരുടേയും അമ്മയായിരുന്നു. അ മ്മ യു ടെ വീട്ടിൽ നിന്നും ആഹാരം കഴിക്കാത്തവർ ആ സ്ഥലത്തു കുറവാണ്. മധുരമായ വാക്കുകൾകൊണ്ടും സ്നേഹമസൃണമായ പെരുമാററംകൊണ്ടും ആരെയും ആകർഷിക്കുമായിരുന്നു ആ അമ്മ.

ഒരു സായാഹ്നത്തിൽ സുസ്മേരവദനനായ ഒരു ബാലൻ വലിയ വീട്ടിലേയ്ക്കു കയറിച്ചെന്നു. ആ കുട്ടിയിൽ സ്ഫുരിച്ചിരുന്ന തേജസ്സു കണ്ടപ്പോൾ അമ്മ സന്തോഷംകൊണ്ടു മതിമറന്നു. കുട്ടിയുടെ രൂപവും, ഭാവവും അമ്മയെ ആകർഷിച്ചു. വയൽവാരത്തെ നാണു ആയിരിക്കുമെന്നു അമ്മ കരുതി. വയൽവാരത്തു കുടുംബക്കാർ, ആ അ മ്മ യു ടെ പുരാതന ബന്ധുക്കളാണ്. നാണുവിൻെറ അസാധാരണ പ്രതിഭാവിലാസം വലിയവീട്ടിലെ എല്ലാ അംഗങ്ങളെയും വിസ്മയഭരിതരാക്കി.

നാണുവിൻെറ കുളിയും ഊണും അവിടെ തന്നെ. ദിവസങ്ങൾ പലതു കഴിഞ്ഞു. നാണുവിനെ കണ്ടില്ല. അമ്മ വിഷമിച്ചു. അപ്പോഴതാ ഓടിക്കളിച്ചുവരുന്നു. അമ്മയ്ക്ക് ആശ്വാസമായി. ആനന്ദത്തിൻെറ പൂത്തിരി അവിടെയെങ്ങും പരിലസിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതാനും വർഷങ്ങൾകഴിഞ്ഞ് അവ ധൂതനായി വന്ന നാണുവിനെയാണു പിന്നീട് അമ്മ ദർശിച്ചത്. പുഞ്ചിരിച്ചുകൊണ്ടു നാണുഭക്തൻ ചോദിച്ചു ''അമ്മേ നാം ഇവിടത്തെ ചക്കപ്പഴം തിന്നിട്ടു നാളേറയായി.''

''മകനേ! ചക്ക അടക്കാം.'' അമ്മ സന്തോഷത്തോടെ

പറഞ്ഞു ചക്ക അടത്തുകൊണ്ടു വന്നപ്പോഴേക്കും നാണു അവിടെനിന്നു പോയിരുന്നു.

വലിയവീട്ടിലെ അമ്മയ്ക്കു നിരാശയും വേദനയും ഉണ്ടായി. ചക്ക മുഴുവൻ ഒരു മുറിക്കകത്തു ഭദ്രമായി സൂക്ഷിച്ചു. ദിവസങ്ങൾ പലതുകഴിഞ്ഞിട്ടും നാണുവിനെ കണ്ടിട്ടില്ല. ഒരു ദിവസം മദ്ധ്യാഹ്നത്തോടു അടുത്തസമയത്തു അവധൂതനായ നാണു അവിടെചെന്നു.

''അമ്മേ! ചക്ക എവിടെ?''

''മോനെ! അതെല്ലാം അഴുകിയിട്ടുണ്ടെന്നു തോന്നുന്നു. ''ഇല്ല, അമ്മ നോക്കൂ ഒ രെ ണ്ണ മെ ങ്കി ലും കാണും.''

സ്നേഹനിധിയായ അമ്മ ചെന്നു നോക്കിയപ്പോൾ ഒരു ചക്ക മാത്രം അഴുകാതെ കിടക്കുന്നു. സന്തോഷപരവശയായ അവർക്കു സ്വന്തം കണ്ണുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല.

വീണ്ടും വർഷങ്ങൾ പലതു കഴിഞ്ഞു. നാണുയോഗിയായി അരുവിപ്പുറം ആശ്രമത്തിൽ കഴിയുന്ന അവസരത്തിൽ ശിവലിംഗ സ്വാമിയെ കുളത്തൂരിലേക്ക്യഅയച്ചു. കുളത്തൂരിലുണ്ടായിരുന്ന ഒരു കാവു വെട്ടിതെളിച്ചു അവിടെ ഒരു മഠം സ്ഥാപിക്കുവാനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജനങ്ങളെ ഭക്തന്മാരാക്കാനും നിർദ്ദേശിച്ചു. ശിവലിംഗസ്വാമികൾ ഗുരുവിൻെറ നിർദ്ദേശമനുസരിച്ച് കാവു വെട്ടിത്തെളിച്ചു മഠം സ്ഥാപിച്ചു. പിറേറ ദിവസം രാവിലെ ഒരുഗ്രൻ സർപ്പം മഠത്തിനു മുൻവശത്തു വന്നുകിടന്നു. കുറെ കഴിഞ്ഞ് അതു തിരികെ പോയി. നാലുദിവസം തുടർച്ചയായി സർപ്പം ഇങ്ങനെ വന്നു കിടന്നു. ശിവലിംഗസ്വാമികൾ ഭയപ്പെട്ടു വിറച്ചു അദ്ദേഹംനേരെ അരുവിപ്പുറത്തേക്കുപോയി. ഗുരുവിനെ വിവരം ധരിപ്പിച്ചു.

"ആ മഠം മനുഷ്യർക്കു താമസിപ്പാനുള്ളതാണെന്നും സർപ്പങ്ങൾ വല്ല കാട്ടിലും പോയി ജീവിക്കേണ്ടതാണെന്നും പറയൂ. അപ്പോൾ അത്പൊയ്ക്കൊള്ളും" മനസ്സമാധാനത്തോടെ ശിവലിംഗ സ്വാമികൾ അന്നു തന്നെ മടങ്ങി. പിറേറ ദിവസം രാവിലെ സർപ്പം വന്നപ്പോൾ ശിവലിംഗസ്വാമികൾ ഗുരു പറഞ്ഞുകൊടുത്ത വാക്കുകൾ ഉറക്കെ വിളിച്ചു പറഞ്ഞു ഉടൻതന്നെ. സർപ്പം കാട്ടിലേക്കു ഇഴഞ്ഞുപോയി. ശിവലംഗസ്വാമികൾക്കു സമാധാനം ലഭിച്ചു.

ക്ഷേത്രപ്രതിഷ്ഠാ കാലത്തു ഗുരുദേവൻ കുളത്തൂരിൽ എത്തുകയുണ്ടായി. കോലത്തു കരക്ഷേത്രത്തിൽ അന്നു ഭദ്രകാളി പ്രതിഷ്ഠയാണുണ്ടായിരുന്നത്. ഇഷ്ടദേവതയായ ഭദ്രകാളിക്കു കോഴിമുതലായ പക്ഷികളെ ബലിയർപ്പിക്കുന്നതിൽ ജനത താത്പര്യം പ്രദർശിപ്പിച്ചിരുന്നു. ഭദ്രകാളിയുടെ പ്രതിഷ്ഠ മാററയിട്ട് ആ സ്ഥാനത്തു ഗുരുദേവൻ ശിവ പ്രതിഷ്ഠ നടത്തി.(1068-ൽ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരാതനവും പ്രശസ്തവുമായ ഈ ക്ഷേത്രത്തിൻെറ മഠത്തിൽ ഗുരുദേവൻ വളരെക്കാലം വിശ്രമിച്ചിരുന്നു. വിശ്രമവേളകളിൽ ഒരാൾ ദിവസവും ചെന്നു ഗുരുദേവനെ നോക്കിനില്ക്കുക പതിവായിരുന്നു. ഒരു ദിവസം ഗുരുദേവൻ ആ മനുഷ്യനോടു ഇങ്ങനെ ചോദിച്ചു.

"എന്താ ചിത്രം വരയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?"

"അതേസ്വാമി !" ആ മനുഷ്യൻ ഝടിതി മറുപടി പറഞ്ഞു.

ചിത്രം വരച്ചു. പക്ഷെ, ചിത്രം കോലത്തുകര കോവിലിലേക്കു സംഭാവന ചെയ്യാൻ വരച്ചയാൾ വിസമ്മതിച്ചു. ചിത്രം കിട്ടാതെ വന്നപ്പോൾ ജനം ബഹളം കൂട്ടി. ബഹളം മൂത്തുമൂത്തു വന്നപ്പോൾ ഒരു ദൂതൻ വശം ചിത്രം വരച്ചയാൾ ഗുരുദേവൻെറ ഇംഗിതം മനസ്സിലാക്കി. ചിത്രം കോവിലിലേക്കു കൊടുക്കേണ്ടതല്ലേ" എന്നു ഗുരു ചോദിച്ചു.

ഒട്ടും താമസിച്ചില്ല. എണ്ണഛായാചിത്രം വരച്ചയാൾ പിറേറ ദിവസംതന്നെ അതു കോലത്തുകരക്ഷേത്രത്തിൽ കൊണ്ടുവച്ചു. ഈ ചിത്രം കണ്ടിട്ട് "ഇതു നാം തന്നല്ലോ" എന്നു ഗുരുദേവൻ അരുൾചെയ്തു. ഗുരുദേവൻെറ ഛായാചിത്രം ഇത്രകണ്ട് ഒത്തിട്ടുള്ള ഒരു ചിത്രം വളരെ വിരളമായേ കാണാൻ കഴിയൂ എന്നാണു ഗുരുദേവനെ നേരിൽ കാണാനും ആ ഛായാചിത്രം കാണാനും ഭാഗ്യം സിദ്ധിച്ചിട്ടുള്ള ഭക്തജനങ്ങൾ അഭിപ്രായപ്പെടുന്നത്. ആ എണ്ണഛായാ ചിത്രം വരച്ചതാരാണെന്നുകൂടി അറിയേണ്ടേ? പ്രസിദ്ധനായ ഡാൻസർ ചന്ദ്രശേഖരൻെറ പിതാവായ മാന്യനാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിരുന്നു. ആ ഛായാചിത്രം ഗുരുദേവൻ വിശ്രമിക്കുവാൻ ഉപയോഗിച്ചിരുന്ന മഠത്തിൽ ഇന്നും സൂക്ഷിച്ചുപോരുന്നു.

ഗുരുദേവൻ കുളത്തൂർ പ്രവേശിച്ചു എന്നു അറിഞ്ഞാൽ ഭക്തജനങ്ങരം ഓടിയെത്തും. അന്നു അവർക്കു ഓണമാണ്. ഒരിക്കൽ ഗുരുദേവൻ കോലത്തു കരക്ഷേത്രത്തിനു സമീപം വിശ്രമിക്കുകയായിരുന്നു. നാട്ടിലെ പ്രമാണിമാരായ ശാസ്താം വിളാകത്തു കേശവൻ വാദ്ധ്യാർ, എഡിസൺ എന്നപേരിൽ അറിയപ്പെടുന്ന നാരായണൻ, കുഞ്ഞൻവാദ്ധ്യർ, മാതു വൈദ്യർ മുതൽപേർ ഭക്ത്യാദരപൂർവ്വം ഗുരുവനെ സമീപിച്ചു.

ഗുരുദേവൻ:- "നാട്ടിലെ പ്രധാനികളെല്ലാം വന്നിരിക്കുന്നു. എന്താണു വിശേഷം?

കേശവൻ വാദ്ധ്യാർ:- തൃപ്പാദങ്ങളുടെ വരവിനെ പ്രതീക്ഷിക്കുകയായിരുന്നു ഞങ്ങരം

ഗുരുദേവൻ:- ഗ്രന്ഥശാല സ്ഥാപിക്കുവാൻ സ്ഥലംതരാമെന്നു ആറാട്ടുവഴി പപ്പു സമ്മതിച്ചോ? (ഈ ചോദ്യം കേട്ടപ്പോരം പ്രമാണിമാർ അദ്ഭുത പരതന്ത്രരായി. അന്നുവരെ അക്കാര്യം പരസ്യമായിട്ടില്ലായിരുന്നു. ആ വിവരം നേരത്തെ ഗുരുദേവനെ അറിയിച്ചിട്ടു മില്ലായിരുന്നു,)

കേ: വാ:- അതേ സ്വാമി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരു:- മനുഷ്യൻ വായിച്ചുവളരണം. ഗ്രന്ഥപാരായണംകൊണ്ടു മനുഷ്യമനസ്സിനുമാററം വരുത്താം. മഹത്തായ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങൾ ഉണ്ട്. അവ വായിച്ചു പഠിക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കണം.

കേ: വാ:- ഗ്രന്ഥശാല കെട്ടാൻ തീരുമാനിച്ചിരിക്കുന്ന സ്ഥലത്തു തൃപ്പാദങ്ങൾ വരണമെന്നും അനുഗ്രഹിക്കണമെന്നുമാണു ഞങ്ങളുടെ ആഗ്രഹം

ഗുരു:- ഓഹോ! അങ്ങനെയാണോ ?
"നാം വരാം"

ഭക്തജനങ്ങളുടെ അഭ്യർത്ഥനപ്രകാരം ഗുരുദേവൻ ആ സ്ഥലം സന്ദർശിക്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്തു. അങ്ങനെ 1920-ൽ ഗ്രന്ഥശാലയുടെ പ്രവർത്തനം ആരംഭിച്ചു.

കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് അഭിമാനമായി വളർന്നുനില്ക്കുന്നതാണു "കുളത്തൂർ ശ്രീനാരായണ ഗ്രന്ഥശാല" ഈ ഗ്രന്ഥശാലയുടെ വളർച്ചയ്ക്കുവേണ്ടി എഡിസൺ നടത്തിയ പരിശ്രമത്തെ ചരിത്ര വിദ്യാർത്ഥികൾക്കു പ്രശംസിക്കാതിരിക്കാൻ നിവൃത്തിയില്ല. സാക്ഷാൽ ററി. കെ. മാധവനെപ്പോലുള്ള ഒരു കർമ്മയോഗിയായിരുന്നു എഡിസൺ: എഡിസൺൻെറ കാലശേഷം ഗ്രന്ഥശാലയുടെ ഭാരവാഹികളായി വന്നവർ ചുണയും ചുറുചുറുക്കുമുള്ള വ്യക്തികളായിരുന്നു. അക്കൂട്ടത്തിൽ പ്രധാനയാണു ഡോക്ടർ രാമകൃഷ്ണൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാമൂഹിക പുരോഗതിയെക്കുറിച്ചും സാംസ്കാരിക നവോത്ഥാനത്തെക്കുറിച്ചും ഗുരുദേവൻ അവിടത്തെ പ്രധാനികളുമായി ചർച്ച ചെയ്തിരുന്നതായി പറയപ്പെടുന്നു. ചാന്നാൻവിളാകത്തുവീട്ടിലെ പണ്ഡിതനായിരുന്ന കൊച്ചൻ വൈദ്യരും താവറത്തുവീട്ടിലെ ഒരു പണ്ഡിതനും ഇമ്മാതിരിയുള്ള ചർച്ചകളിൽ പങ്കെടുത്തിരുന്നു. കൈത്തറിവ്യവസായം അഭിവൃദ്ധിപ്പെടുത്തണമെന്നും ഗുരു ഉപദേശിച്ചു. തറിയില്ലാത്ത വീടുകൾ കുളത്തൂർ പ്രദേശത്തു കുറവാണ്. കേരളത്തിലെ കൈത്തറി വ്യവസായത്തിൽ ഉന്നതമായ ഒരു സ്ഥാനം കുളത്തൂരിനുണ്ട്.

മററൊരു പ്രത്യേകത കുളത്തൂരിൽ ദർശിക്കുവാൻ ഈ ലേഖകനു കഴിഞ്ഞു. ഔദ്യോഗിക കാര്യങ്ങൾക്കായി ആ പ്രദേശത്തുള്ള ആളുകളുമായി ബന്ധപ്പെടേണ്ടി വന്നിട്ടുണ്ട്. അതുകൊണ്ടു ജീവിതത്തിൻെറ പല തട്ടുകളിലുമുള്ള ആളുകളുമായി പരിചയപ്പെടാൻ സാധിച്ചു. ശ്രീനാരായണ ഗുരുദേവനിൽ അവർക്കുള്ള അചഞ്ചലമായ വിശ്വാസം ലേഖകനെ അദ്ഭുതപ്പെടുത്തുകയുണ്ടായി. ജീവിതത്തിൻെറ ഏതു മണ്ഡലത്തിൽ ഉള്ളവരും അതിരാവിലെ സ്നാനം കഴിഞ്ഞു സൗകര്യപ്പെടുമെങ്കിൽ കോലത്തുകര ക്ഷേത്രത്തിൽ ദർശനംനടത്തും. നിരീശ്വരവാദികളും യുക്തിവാദികളും ആദ്ധ്യാത്മിക വാദികളും ശ്രീനാരായണ ഗുരുദേവൻെറ സിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്നു. അവർ സ്വതന്ത്ര ചിന്തകരാണ്. സ്വതന്ത്രചിന്തക്കു തുടക്കം കുറിച്ചതു ശ്രീനാരായണ സന്ദേശങ്ങളും അതിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളുമായിരിക്കാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാപാട്യംകലരാത്ത ഒരു യഥാർത്ഥ ഗുരുദേവഭക്തനായിരുന്നു. ശാസ്താം വിളാകത്തു കേശവൻ വാദ്ധ്യാർ. ആത്മാർത്ഥതയ്ക്കും സത്യസന്ധതയ്ക്കും മുൻതൂക്കം നല്കി ജീവിച്ചവാദ്ധ്യാർ ഒരു സാമുഹിക പ്രവർത്തകൻ കൂടിയായിരുന്നു. ഗുരുദേവാദർശങ്ങൾ പ്രാവർത്തികമായി കാണാൻ ആഗ്രഹിച്ച ഒരു വ്യക്തിയായിരുന്നു. അതുപോലെ മറ്റൊരു ഗുരുദേവ ഭക്തനായിരുന്നു മാതുവൈദ്യർ. വൈദ്യർ വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്ദ്യോഗസ്ഥനായിരുന്ന രാമസ്വാമി അയ്യരുമായി അടുപ്പത്തിലായിരുന്നു. സഹായമഭ്യർത്ഥിച്ചുചെന്ന രണ്ടുപേർക്കു സ്വാമിതൃപ്പാദങ്ങൾ രണ്ടു കത്തു എഴുതി. ആ രണ്ടുകത്തും മാതുവൈദ്യർക്കാണു കൊടുത്തയത്.

ശ്രീ ശിവഗിരി,
94/11.

സ്വന്തം മാതുവൈദ്യന്,

ഈ എഴുത്തുകൊണ്ടുവരുന്ന പരമേശ്വര ശാസ്ത്രീയെ രാമസ്വാമി അയ്യരവർകളോടു നമ്മുടെ താല്പര്യം പറഞ്ഞു ഒരു മുനുഷി ജോലിയിൽ ആക്കിക്കൊടുക്കണമെന്നു താല്പര്യപ്പെടുന്നു. ആം നല്ല സ്വഭാവഗുണമുള്ളവനാകകൊണ്ടു നമുക്കു നല്ല തൃപ്തിയുണ്ടെന്നുള്ള വിവരം കൂടി പ്രത്യേകം പറയുന്നു.

നാരായണഗുരു. ഒപ്പ്

രാ — രാശ്രീ
മാതുവൈദ്യൻ അവർകൾ
കുളത്തൂർ.

അദ്വൈതാശ്രമം,
ആലുവാ
95 മകരം 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വന്തം മാതുവൈദ്യന്

ഈ കത്തും കൊണ്ടുവരുന്ന 'കറുത്ത' എന്ന വന്ന് രാമസ്വാമിഅയ്യർ അവർകളെകൊണ്ടു മലയാം പള്ളിക്കൂടത്തിൽ ഒരു വാദ്ധ്യാർ ജോലി കൊടുപ്പിക്കണം.

എന്ന്, നാരായണഗുരു ഒപ്പ്

ഈ കത്തുകൾ ലേഖകനു തന്നതു മാതുവൈദ്യരുടെ മൂത്ത മകനും SNDP. യോഗത്തിൻെറ ഇൻസ്പെക്ടിംഗ് ആഫീസറുമായ ശ്രീ ഗോപാലകൃഷ്ണനാകുന്നു.

ഗുരുദേവഭക്തനും ഒരു ഭാഷാപണ്ഡിതനുമായിരുന്ന ശ്രീ. ബി. കുഞ്ഞുകൃഷ്ണൻ 'കുളത്തൂർ' എന്നു എഴുതിയ ലേഖനത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"കേരളക്കരയിലെ സാമാന്യം ഭേദപ്പെട്ടയാളുകൾ ഈ പ്രദേശത്തെപ്പററി അറിവാൻ ഇടവന്നിട്ടുള്ളത് അവർ സ്വാമി സന്ദർശനത്തിനായി ഇവിടംവരെ വരാൻ സംഗതിയായിട്ടുള്ളതുകൊണ്ടാണ്, സിലോൺ മുതൽ ബംഗാൾ വരെയുള്ള സ്ഥലങ്ങളിൽനിന്നും പലരും സ്വാമിയുടെ കേന്ദ്രസ്ഥാപനങ്ങളിൽ വന്നിട്ട് കുളത്തൂരാണുസ്വാമി വിശ്രമിക്കുന്നതെന്നറിഞ്ഞ് ഇവിടെയെത്തുകയും അക്കൂട്ടത്തിൽ ചില ബ്രഹ്മചാര്യകളും സന്ന്യാസികളുമായ ചിലർ വളരെ ദിവസം ഇവിടെ തന്നെ താമസിക്കുകയും ചെയ്തിട്ടുണ്ട്"

കുളത്തൂർ എന്ന പ്രദേശവുമായി ഗുരുദേവന് വളരെ പരിചയമുണ്ടായിരുന്നു വെന്നു മേൽക്കുറിച്ച വിവരങ്ങൾ തെളിയിക്കുന്നു. ഇതിൽനിന്നും കുളത്തൂരുടെ അവകാശവാദത്തിൽ കഴമ്പുണ്ടെന്നു കരുതാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 22

ഗുരുവിഹാർ

മരുത്വാമലയ്ക്കും അരുവിപ്പുറത്തിനും ചരിത്രത്തിൽ മഹനീയമായ ഒരു സ്ഥാനമുണ്ട്. ശ്രീ നാരായണ ഗുരുദേവന്റെ പാദസ്പർശം കൊണ്ട് പരിപാവനമായതാണ് ഈ രണ്ടു സ്ഥലങ്ങളും. ചരിത്രത്തിന്റെ താളുകളിൽ മാച്ചാലും മായാത്ത സ്ഥാനം ആ സ്ഥലങ്ങൾക്കുണ്ട്. അവയ്ക്ക് ഒരുപടി മുകളിലായിട്ടോ അല്ലെങ്കിൽ ഒരുപടിതാഴെയായിട്ടോ എങ്കിലും സ്ഥാനം പിടിക്കേണ്ടതായിരുന്നു ഗുരുവിഹാർ. ശ്രീരാമദേവന്റെ പാദസ്പർശമുണ്ടായപ്രദേശങ്ങൾ പുണ്യസ്ഥലങ്ങളായി മാറി. കുഞ്ചൻ പാടിയതുപോലെ "മുല്ലപ്പൂംപൊടി ഏററുകിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം". ആ സൗരഭ്യം ലഭിക്കുമെന്നുള്ളതു തീർച്ച. ഒരുപക്ഷേ മഹാത്മാക്കളുടെ സാന്നിദ്ധ്യം ലഭിച്ചിട്ടുള്ള സ്ഥലങ്ങൾക്കു പെട്ടെന്നുതന്നെ പ്രാധാന്യം ലഭിച്ചില്ലെങ്കിലും പിൽക്കാലത്തു ലഭിക്കുമെന്ന സാമാന്യതത്വത്തിൻ ആശ്വാസം കാണാൻ കഴിയും. "ഗുരുവിഹാർ കണ്ടിട്ടുണ്ടോ" എന്ന് കുന്നിൽ ശ്രീ എസ്. മാധവൻപിള്ള ചോദിച്ചപ്പോൾ അപമാനഭാരം കൊണ്ട് ഞാൻ ചൂളിപ്പോയി. ലജ്ജകൊണ്ട് മുഖം താണു. ചെമ്പഴന്തിയിലും, ശിവഗിരിയിലും, അരുവിപ്പുറത്തും തീർത്ഥാടനത്തിനു പൊയ്ക്കൊണ്ടിരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്ന ലേഖകൻ സ്വന്തം നാട്ടിലുള്ള ഗുരുവിഹാർ കണ്ടിട്ടില്ല, എന്നതോർത്തപ്പോഴാണ് ദുഃഖവും ലജ്ജയും ഉണ്ടായത്.

പിറേറദിവസം പ്രഭാതത്തിൽ ശ്രീ. സി. എസ്. മാധവൻപിള്ളയുമൊത്ത് ലേഖകൻ ഗുരുവിഹാറിലേക്ക് പുറപ്പെട്ടു. സന്തോഷത്തോടുകൂടിയാണ പോയതെങ്കിലും കുററംചെയ്തമനസ്സാക്ഷിയുടെ സൂക്ഷിപ്പുകാരനല്ലേ എന്നു എനിക്കുതോന്നി. ഇത്ര അടുത്തുള്ള ഗുരുവിഹാർ കാണാൻ കഴിഞ്ഞില്ലല്ലോ എന്ന കുററബോധം മനസ്സിൽ തങ്ങിനിന്നു.

കടയ്ക്കാവൂർ തീവണ്ടിയാപ്പീസിൽനിന്നും അര കിലോമീററർ, റെയിൽവേ ലൈൻവഴി കിഴക്കോട്ടു പോയാൽ കണിയാക്കുടി പാലത്തിൽ എത്താം. അവിടെ നിന്നും വടക്കോട്ട് മണ്ണാത്തി മൂലയിലേക്ക്പോകുന്ന ചെമ്മണ്ണ് നിറഞ്ഞ ഒരു റോഡുണ്ട്. ഈ റോഡിൻെറ പടിഞ്ഞാറുഭാഗത്താണ് മോര്യാവ്കുന്ന്. കുന്നിൻെറ അടിവാരത്തെ കുഴിവിള എന്നു വിളിച്ചുവരുന്നു. മോര്യാവുകുന്നും പരിസരവും പച്ചക്കാടുനിറഞ്ഞ പ്രദേശമായിരുന്നു ഒരു കാലത്ത്. ഇരുപത്തിയഞ്ചിൽപ്പരം ഏക്കർ സ്ഥലത്താണ് ആ പച്ചിലക്കാട് നിറഞ്ഞു ഇടതിങ്ങികിടന്നത്. വളരെ ഉയർന്ന വൃക്ഷങ്ങളുടേയും വള്ളിപ്പടർപ്പുകളുടേയും ഒരു സങ്കേതമായിരുന്നു മോര്യാവുകുന്നും പരിസരവും. തെററി, ചെമ്പകം, താഴംപൂ, കായാംപൂ മുതലായ പുഷ്പങ്ങളുടെ പരിമളം ആ വനാന്തർഭാഗത്തു തങ്ങി നിന്നിരുന്നു. ചീവീടുകളുടെ ശബ്ദം ചിലപ്പോഠം പ്രശാന്തമായ അന്തരീക്ഷത്തിൽ ചലനം സൃഷ്ടിച്ചിരുന്നു. വടക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഗത്തായി കാണപ്പെടുന്ന നിർമ്മല ജലം നിറഞ്ഞ നീരാഴിയിൽ നിന്നും തെക്കുഭാഗത്തു കാണപ്പെടുന്ന പോളച്ചിറ നെൽപ്പാടങ്ങളിൽ നിന്നും ഓടിയെത്തുന്ന മന്ദമാരുതൻ മോര്യാവുകുന്നിനെ ആലിംഗനംചെയ്തു കടന്നു പൊയ്ക്കൊണ്ടിരുന്നു. മോര്യാവുകുന്നിൻെറ അടിവാരത്തിൽ ഒന്നു രണ്ടു ഗുഹകൾ പ്രകൃതിദത്തമായി ഉണ്ടായിരുന്നു.

പകൽസമയത്തുപോലും ആരുംഒററയ്ക്കു മോര്യാവുകുന്നിൻെറ സമീപ പ്രദേശത്ത് പോകാറില്ലായിരുന്നു. ഒരു ഘോരവനത്തിൻെറ പ്രതീതി ജനിപ്പിച്ചിരുന്നില്ലെങ്കിലും അവിടത്തെ നിറഞ്ഞ നിശ്ശബ്ദത മനുഷ്യരിൽ ഭയമുളവാക്കിയിരുന്നു.

മോര്യാവുകുന്നിൽ നിന്നും കുറച്ചു തെക്കുമാറിയാണ് തിട്ടയിൽ എന്ന ഭവനം സ്ഥിതിചെയ്യുന്നത്. അവിടെ പത്മനാഭൻ എന്ന ഒരു സന്ന്യാസിയുണ്ടായിരുന്നു. അദ്ദേഹം ശ്രീനാരായണ ഗുരുവിൻെറ ഗൃഹസ്ഥശിഷ്യന്മാരിൽ ഒരാളായിരുന്നു. ഗുരുദേവൻ ചിറയിൻകീഴിൽ നിന്നും ആനത്തലവട്ടത്തു ആനാട്ടുവീട്ടിൽവരും. വിശ്രമത്തിനുശേഷം അദ്ദേഹം തിട്ടയിൽ വീട്ടിൽവരിക പതിവായിരുന്നു. ഗുരുദേവനോടൊത്തു പത്മനാഭൻ പലപ്പോഴും യാത്രചെയ്തിട്ടുണ്ട്. ഗുരുദേവന് ഇരുന്നു ധ്യാനിക്കുവാൻ ഏകാന്തമായ ഒരു സ്ഥലം വേണം. "മോര്യാവുകുന്നിൻെറ അടിവാരം കൊള്ളാമല്ലോ" ഗുരുദേവൻ അഭിപ്രായപ്പെട്ടു. പത്മനാഭൻെറ സഹായത്താൽ പ്രകൃതിദത്തമായി അവിടെ ഉണ്ടായിരുന്ന ഗുഹ വൃത്തിയാക്കിയെടുത്തു. ഗുരു അവിടെയിരുന്നു ധ്യാനിക്കും. അവിടത്തെ പ്രശാന്തരമണീയമായ അന്തരീക്ഷം ഗുരുഇഷ്ട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പെട്ടു. പത്മനാഭൻ സന്ന്യാസിയോഗ്യമായ ഭക്ഷണം കൊണ്ടു കൊടുക്കും. പത്മനാഭന്റെ ആത്മാർത്ഥമായ പരിചരണം ഗുരുദേവനു ലഭിച്ചുകൊണ്ടിരുന്നു.

പ്രകൃതി എപ്പോഴും ഒരുപോലെയല്ലല്ലോ ചിലപ്പോൾ വികൃതിയും കാണിക്കാറുണ്ടല്ലോ? പത്മനാഭൻ മരിച്ചു. പത്മനാഭന്റെ ദേഹവിയോഗത്തിൽ ഗുരുവിനു വേദന തോന്നി. ഗുരു പുറമേ ഒന്നും പ്രകടിപ്പിച്ചില്ല. ഗുരു ഏകനായി ഗുഹയിൽ ഇരുന്നുപ്രാർത്ഥിച്ചു. ഇഴജന്തുക്കളുടെ കേന്ദ്രമായ മോര്യാവുകുന്നിന്റെ ഭാഗങ്ങളിൽ ജനസഞ്ചാരം ഇല്ലായിരുന്നുവെങ്കിലും സാമൂഹിക വിരുദ്ധന്മാർക്കു ആ പ്രദേശം ഒരു സങ്കേതമാക്കാനുള്ള ആഗ്രഹമുണ്ടായിരുന്നു.

പക്ഷികളേയും, മുയൽ മുതലായ ജന്തുക്കളേയും വെടിവയ്ക്കാനായി തോക്കുധാരികൾ വന്നുതുടങ്ങി. ഗുഹയ്ക്കകത്തിരുന്നു തപസ്സുചെയ്യുന്നസന്ന്യാസി വേട്ടക്കാരുടെ സൈ്വരജീവിതത്തിന് തടസ്സമായി ഭവിച്ചു. ഏതുവിധേനയും സന്ന്യാസിയെ ഓടിക്കണം. സന്ന്യാസിയുടെ സൈ്വരജീവിതത്തിന് അല്പസ്വല്പം തടസ്സങ്ങൾ അവർ ഉണ്ടാക്കിത്തുടങ്ങി. പച്ചമാംസം ഗുഹയ്ക്കടുത്ത് കൊണ്ട് വയ്ക്കുക, തുടങ്ങിയരീതിലുള്ള ചട്ടമ്പിത്തരങ്ങൾ അവർ കാണിച്ചു.

ഒരു ദിവസം സായം സന്ധ്യാസമയം വേട്ടക്കാർ- സാവധാനത്തിൽ- ഒച്ചയുണ്ടാക്കാതെ ഗുഹയുടെ അടുത്തേക്കു ചെന്നു. ഗുഹയുടെ മുഖദ്വാരത്തിലേക്ക് എത്തിനോക്കാനുള്ള ആത്മധൈര്യം അവർക്കുണ്ടായിരുന്നില്ല. നേരം ഇരുട്ടി. കൂരിരുകൾ അവിടെയെങ്ങും വ്യാപിച്ചു. കുററാകുററിരുട്ട്. നായ് ഓലി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിടുന്നശബ്ദവും, നരികൂവുന്ന ശബ്ദവും, മൂങ്ങാ മൂളുന്ന ശബ്ദവും അവരിൽ ഭയത്തിന്റെ വിത്തു വിതച്ചു. എന്തുചെയ്യണമെന്നറിയാതെ അവർ വിഷമിച്ചു. ആ കുററിക്കാട്ടിൽനിന്നും ഒരുവിധത്തിൽ തപ്പിതടഞ്ഞു അവർരക്ഷപ്പെട്ടു. ആശ്വസിക്കുവാൻ ശ്രമിച്ചു. മാനസികമായ അസ്വസ്ഥത അവരെ അലട്ടി. രാത്രിയിൽ ഉറക്കം വന്നില്ല. അവർ പരസ്പരം നോക്കിയിരുന്നു നേരംവെളുപ്പിച്ചു.

സൂര്യൻ പതിവുപോലെ ഉദിച്ചു, അവർ വീണ്ടും പച്ചീലക്കാടുകളുടെ മദ്ധ്യത്തുള്ള ഗുഹാമുഖത്തേക്കു നടന്നു. കുന്നും ചരിവും ചവിട്ടിക്കയറി അവിടെയെത്തി. അദ്ഭുതമെന്നുപറയട്ടെ! വേട്ടക്കാർ അവിടെ കണ്ടിരുന്ന സ്വർണ്ണ നിറത്തിലുള്ള സന്ന്യാസിയെ കണ്ടില്ല. ചന്ദനത്തിരിയും കർപ്പൂരവും കത്തിയെരിയുന്ന പരിമളം ആ ഗുഹയിൽ തങ്ങി നിന്നു. ആ വാസന അവരെ കോരിത്തരിപ്പിച്ചു ഗുഹയുടെ മദ്ധ്യഭാഗത്തു മണൽപ്പരപ്പിൽ ചക്രം പടഞ്ഞിരുന്ന അടയാളം വ്യക്തമായി കണ്ടു. കരിങ്കല്ലിൽ ആരൂപം കൊത്തിവച്ചതുപോലെ, ഗുഹയുടെ മുന്നിൽ പരന്നുകിടന്ന മണലിൽ പതിഞ്ഞകാല്പാട് അവരുടെ ദൃഷ്ടിയിൽപ്പെട്ടു. അതിനെ സ്പർശിക്കാനുള്ള മനക്കരുത്ത് അവർക്കുണ്ടായിരുന്നില്ല. എന്തോ പ്രധാനമായ ഒരു കാര്യം നഷ്ടപ്പെട്ടതുപോലെ അല്ല! നഷ്ടപ്പെടുത്തിയതുപോലുള്ള അനുഭവം അവർക്കുണ്ടായി.

ഈ വാർത്ത പരന്നു. ഗുരുദേവൻ പിന്നീട് ഒരിക്കലും ആ ഗുഹാമുഖത്തേക്ക് ചെന്നില്ല. ജനങ്ങളിൽ ഈ വാർത്ത ദുഃഖത്തിന്റെ തീകോരിയിട്ടു. ഈ പാപഭാരം എന്നു തീരുമെന്നു വിവേകികൾ ചിന്തിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാട്ടുകാരിൽ ചില പ്രമാണിമാർ ഗുഹാദ്വാരത്തിലേക്ക് ചെന്നു. ചിലർ സാഷ്ടാംഗ പ്രണാമം ചെയ്തു. ആ ഗുഹയെ പരിപാവനവും പരിശുദ്ധവുമായ ഒരു സ്ഥാനമായി അവർ കണക്കാക്കി.

യുവാക്കന്മാരായ K. G. വാസുദേവൻ (റിട്ട: ഡെപ്യൂട്ടി തഹശീൽദാർ) സി. എസ്. മാധവൻപിള്ള, വി. മാധവൻപിള്ള തുടങ്ങിയവരുടെ നേതൃത്വത്തിൽ ചതയം തിരുനാൾ ആഘോഷിക്കുവാൻ തുടങ്ങി. അവർ ആ ഗുഹയ്ക്ക് 'ഗുരുവിഹാർ' എന്ന് നാമകരണം ചെയ്തു. ഗുരുദേവ ജയന്തിക്ക് ആ ഗുഹയിൽ എരിയുന്ന വിളക്കിൽനിന്നും ഭദ്രദീപംകൊളുത്തി മഞ്ഞവസ്ത്രധാരികളായ ബാലികാബാലന്മാർ ഗുരുദേവസ്തോത്രങ്ങളും പാടി നിരനിരയായി നീങ്ങുന്ന കാഴ്ച നയനാനന്ദകരമാണ്. ഭക്തിരസം ഓളംതല്ലും. നിർവൃതിയിൽ നാം ആമഗ്നരാകും. കുട്ടികളുടെ ഭക്തിജനിപ്പിക്കുന്ന ഘോഷയാത്ര കണ്ടാൽ....

ഇങ്ങനെ കൊല്ലങ്ങളായി ഗുരുവിഹാർ ചതയദിനം ആഘോഷിച്ചു വരുമ്പോഴാണ് ആ സംഭവം ഉണ്ടായതെന്ന് പറയപ്പെടുന്നു. 1968 ജനുവരി 1—ാം തീയതി കേരളത്തിന്റെ ചരിത്രത്തിൽ ഒരു മഹാസംഭവം കുറിച്ച ദിവസമാണ്. അന്നാണ് ഇന്ത്യൻപ്രസിഡന്റ് ഡാക്ടർസക്കീർഹുസൈൻ ശ്രീനാരായണഗുരുവിന്റെ വെണ്ണക്കൽ പ്രതിമ ശിവഗിരിയിൽ അനാവരണം ചെയ്തത്.

അന്നു നേരം കുറെ ഇരുട്ടിയെങ്കിലും ചന്ദ്രന്റെ പ്രഭ എല്ലായിടത്തും പരന്നിരുന്നു. അതാ—അവിടെ തീ ആളി കത്തുകയാണോ ? വയ്ക്കോലിൽ തി പിടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച്ചതാണോ ? അതിനടുത്ത് അന്നു താമസിച്ചുകൊണ്ടിരുന്ന തെക്കേവീട്ടിൽ ബാലകൃഷ്ണൻ നാട്ടുകാരെ വിളിച്ചറിയിച്ചു. എല്ലാവരും ആ പ്രഭ കണ്ടു. ഗുരുവിഹാറിൽ ഉയർന്നുനിന്ന പ്രഭ. മനോഹരമായ ആ പ്രഭാപൂരം കണ്ട് തൊഴുതവർ ആ ദിക്കിൽ ധാരാളമുണ്ട്.

പിറേറ ദിവസം ശ്രീ ബാലകൃഷ്ണൻ ഗുഹ സ്ഥിതിചെയ്യുന്ന സ്ഥലത്തിൻെറ ഉടമസ്ഥരെ ചെന്നുകണ്ടു. ആ സ്ഥലം വിലയ്ക്കു ചോദിച്ചു. 'കദളിക്കാട്' എന്ന വീട്ടുകാരുടെ വകയാണീസ്ഥലം. അവർ അതു വിലക്കു കൊടുത്തില്ല. അവിടെ വിലയ്ക്കുവാങ്ങി ഒരു ക്ഷേത്രം കൂടി പണികഴിപ്പിക്കണമെന്നായിരുന്നു ശ്രീ. ബാലകൃഷ്ണൻെറ ആഗ്രഹം.

പ്രഭാപൂരം ദർശിച്ചതോടുകൂടി ഗുരുവിഹാറിൽ അഭൂത പൂർവ്വമായ ജന സഞ്ചയം എത്തി, പ്രാർത്ഥിക്കുവാൻ. അതോടുകൂടി ഗുരുവിഹാർ ഒരു പ്രധാന ആരാധനാ കേന്ദ്രമായി മാറി.

ഈ സ്ഥലത്തിൻെറ ഉടമസ്ഥയായ കദളിക്കാട്ടു ഭാർഗ്ഗവിയും കുടുംബവും അവിടം പ്രത്യേകം ശ്രദ്ധിച്ചു. ഗുഹാമുഖത്തോടുചേർന്നു ഒരു പ്രാർത്ഥനാമണ്ഡപം ഉണ്ടാക്കി. ദിവസംതോറും ഗുരുവിഹാറിൽ പൂജനടക്കുന്നുണ്ട്. ഭാർഗ്ഗവിയുടെ ഭർത്താവും റിട്ട: പോസ്ററുമാസ്ററുമായ ശ്രീ. ഗോപാലനാണ് ഈ അടുത്തകാലംവരെ പൂജാകർമ്മങ്ങരം നടത്തി പോന്നത്. 27-8-69-ൽ ശ്രീനാരായണ ഗുരുദേവൻെറ ഒരു ചെറിയ വെണ്ണക്കൽ പ്രതിമ ഗുഹാദ്വാരത്തിൽ പ്രതിഷ്ഠിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുവിഹാറിൽ പ്രവേശിച്ചപ്പോൾ ലേഖകൻ രോമാഞ്ചംകൊണ്ട് മതിമറന്നുപോയി. ഗുരുധ്യാനിച്ച സ്ഥലത്തുഗുരുദേവപ്രതിമ. പാറയും കട്ടിമണ്ണും ഇടകലർന്ന ഗുഹാമുഖത്ത് ചൈതന്യം നിറഞ്ഞുനില്ക്കുന്നതുപോലെ തോന്നി. പ്രതിമയുടെ മുമ്പിൽ ഇരിക്കുന്ന ലക്ഷ്മി വിളക്കിൽനിന്നും തീനാളങ്ങൾ സന്തോഷത്തോടെ പരത്തുന്ന വെളിച്ചം അവിടെ തങ്ങിനിന്നു.

നീരാഴിയിൽനിന്നും ഓടിയെത്തുന്ന തെന്നൽ ഞങ്ങളെ തഴുകിക്കൊണ്ടുപോയി. ഭക്തിയിൽ മുഴുകിയ ഞാൻ പ്രാർത്ഥിച്ചു. "ക്ഷമാപണം" "ക്ഷമാപണം" മനസ്സിൻെറ ഭാരം കുറഞ്ഞു. ആശ്വാസത്തിൻെറ നിഴലുകൾ വീശുന്നതുപോലെ തോന്നി. ഞങ്ങൾ തിരിച്ചു നടന്നു.

ഇന്നിതാ ചെമ്മണ്ണു നിറഞ്ഞതാണെങ്കിലും കമനീയമായ ഒരു റോഡു ഗുരുവിഹാറിനടുത്തുകൂടി പോകുന്നു. തീർത്ഥാടകരുടെ സൗകര്യത്തിനു വേണ്ടി നിർമ്മിച്ചതാവാം ആ റോഡ്.

ഇന്നു കാടു നാടായിരിക്കുകയാണ്. ഗുഹയും പരിസരവും ആരുടേയും ശ്രദ്ധ ആകർഷിക്കത്തക്ക വിധം മനോജ്ഞമാകുന്നുണ്ട്. ഗുരുദേവഭക്തന്മാർക്കും ചരിത്രാന്വേഷികൾക്കും എന്നും പ്രചോദനം പ്രദാനം ചെയ്യുന്നതാണ് ഗുഹുവിഹാർ.

"നടരാജഗുരു ഒരിക്കൽ ഗുരുവിഹാർ സന്ദർശിക്കുകയും അല്പസമയം അവിടെ വിശ്രമിക്കുകയും ചെയ്തു. ഗുഹയുടെ അകത്തേ മണ്ണുകിളച്ചു മറിച്ചപ്പോൾ കർപ്പൂരത്തിൻെറ സുഗന്ധം പരക്കുന്നുണ്ടായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രുന്നു''. ഗുരുവിനോടൊത്ത് അന്ന് അവിടെയെത്തിയിരുന്ന ഡോക്ടർ രാമദാസാണ് ഇക്കാര്യം ലേഖകനോട് പറഞ്ഞത്.

ഇന്ന് ആ പ്രദേശത്തെ ജനങ്ങളിൽ കണ്ടുവരുന്ന പുരോഗമന ചിന്താഗതിക്ക് തുടക്കം കുറിച്ചതു ഗുരുദേവനാണ്. ആ പ്രകാശധാരയിലൂടെ ജനത മുന്നേറുന്നു. എട്ടും പത്തും വയസ് പ്രായമുള്ള കുഞ്ഞുങ്ങൾ ആകാംക്ഷയോടെ ഗുരുദേവചരിത്രം പഠിക്കുന്നു. ഗുരുവിഹാർ അവരുടെ ആരാധനാകേന്ദ്രമാണ്. സാംസ്കാരിക കേന്ദ്രമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 23

കടയ്ക്കാവൂർ
സുബ്രഹ്മണ്യക്ഷേത്രം

ഒരു പക്ഷെ ! ഇന്നത്തെ തലമുറയ്ക്കു ആ സംഭവത്തിൽ പ്രാധാന്യം കാണാൻ കഴിയുകയില്ല. അത് അവരുടെ കുററമല്ല. ചലനാത്മകമായ ഈ ലോകത്ത് പലതും സംഭവിക്കും എന്ന് അവർ പറഞ്ഞെന്നുവരാം. മനുഷ്യൻ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നവനാണല്ലോ ! നിയമത്തിൻെറ പേരിൽ കടന്നു ചെല്ലേണ്ട സ്ഥാനങ്ങളിൽ പ്രവേശിക്കുവാൻ അനുവദിക്കാതിരുന്നാൽ ഒരു ദിവസം അല്ലെങ്കിൽ മററൊരു ദിവസം അവൻ അവിടെ കടന്നു ചെന്നുവെന്നു വരാം. കടയ്ക്കാവൂർ സുബ്രഹ്മണ്യക്ഷേത്രം ഒരു കാലത്ത് പിന്നോക്ക സമുദായങ്ങൾക്കു ബാലികേറാമലയായിരുന്നു. ആ ക്ഷേത്രത്തിൽ പിന്നോക്കക്കാർ പ്രവേശിച്ചതും അതിൻെറ ഫലമായി അവിടെ ഉണ്ടായ സംഭവത്തിൻെറയും കഥ അൽപം പറയാം.

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ ഉൾപ്പെട്ട ഗ്രാമമാണു കടയ്ക്കാവൂർ. പടിഞ്ഞാറ് അലറി അടുക്കുന്ന അറേബ്യൻ സമുദ്രവും കിഴക്കുഭാഗത്തു പെരുങ്കുളം വനപ്രദേശവും തെക്കുഭാഗത്തു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാമനപുരം ആറും വടക്കുഭാഗത്തു കോവിൽത്തോട്ടം കായലും സ്ഥിതിചെയ്യുന്നു. അന്നു ഈ പ്രദേശത്തേക്കു കടന്നുവരാൻ പ്രയാസമുള്ളതു കൊണ്ടായിരിക്കാം 'കടക്കാത്ത ഊരു'' എന്നു പേരുണ്ടായതെന്നും അതാണ് പിന്നീട് കടയ്ക്കാവൂരായി മാറിയതെന്നും ഒരു പക്ഷമുണ്ട്.

അടയ്ക്ക ധാരാളം ലഭിച്ചിരുന്നതുകൊണ്ട് 'അടയ്ക്കാവൂർ' എന്നു തമിഴർ പറഞ്ഞുവെന്നും അതു കാലാന്തരത്തിൽ കടയ്ക്കാവൂരായതാണെന്നും മററൊരു വാദഗതിയുണ്ട്. മൂന്നുവശവും ജലത്താലും ഒരുവശം ഘോരവനത്താലും ചുററപ്പെട്ടിരിന്നുവെന്ന യാഥാർത്ഥ്യത്തെ ആർക്കും നിഷേധിക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല. മേൽ പ്രസ്താവിച്ച രണ്ടഭി പ്രായത്തിലും കഴമ്പിൻെറ അംശം ഉണ്ടെന്നു കരുതാം.

ജനസംഖ്യയിൽ തൊണ്ണൂറു ശതമാനവും പിന്നോക്ക സമുദായക്കാരാണ്. വൈദ്യവൃത്തി, ജോതിഷം മുതലായ തൊഴിലുകളും കൈത്തറി, കയർ, കൊപ്ര മുതലായ വ്യവസായങ്ങളിലും ഭൂരിപക്ഷം ജനതയും ഏർപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസത്തിലും മററു പ്രദേശങ്ങളെ അപേക്ഷിച്ചു ഇന്നും അന്നും ആ നാട്ടുകാർ മുൻപന്തിയിലാണ്.

കടയ്ക്കാവൂരിൽ എന്നു മാത്രമല്ല, തിരുവിതാംകൂർ രാജ്യത്തുള്ള ദേവസ്വം ക്ഷേത്രങ്ങളിൽ പിന്നോക്ക സമുദായാംഗങ്ങൾക്കു പ്രവേശിച്ചുകൂടാ എന്നും—ക്ഷേത്രത്തിൽ നിന്നും അറുപതടി അകലെകൂടി പോകണമെന്നും നിയമമുണ്ടായിരുന്നു. അങ്ങനെയുള്ള നിയമങ്ങളുടെ ചട്ടകൂട്ടിൽകിടന്ന് വെന്തു നീറുകയായിരുന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജനത. എന്നാൽ എന്തും സംഭവിക്കട്ടെ എന്നു ചിന്തിച്ചു ഒരു കൂട്ടം ചെറുപ്പക്കാർ മുന്നോട്ടുവന്നു. വിദ്യാഭ്യാസത്തിലും സാമ്പത്തിക ശേഷിയിലും കായികശേഷിയിലും അവർ മോശക്കാരല്ലായിരുന്നു. അവരിൽ കുടികൊണ്ടിരുന്ന ഉത്പതിഷ്ണുത്വം ചൂടു പിടിച്ചു.

മാർത്താണ്ഡവർമ്മ മഹാരാജാവ് കായംകുളം രാജാവിനോടു യുദ്ധത്തിനു പോകുന്ന കൂട്ടത്തിൽ സുബ്രഹ്മണ്യൻ കോവിലിൽ വരുകയും വഴിപാടു നേരുകയും ചെയ്തു "യുദ്ധത്തിൽ ജയിച്ചു. വിജയശ്രീലാളിതനായി വന്നശേഷം ദേവസ്വത്തിനു വസ്തുക്കൾ കരമൊഴിവായി വിട്ടുകൊടുക്കുകയുണ്ടായി. ഇടയാണത്തു മഠം വക' ക്ഷേത്രങ്ങളാണു ശാസ്താം കോവിലുംസുബ്രഹ്മണ്യൻ കോവിലും. ഈ സുബ്രഹ്മണ്യക്ഷേത്രത്തിനു നാലുചുററും കെട്ടിനിർത്തിയിരുന്ന കയ്യാലയ്ക്കകത്തു പിന്നോക്ക സമുദായക്കാർക്കു പ്രവേശിച്ചുകൂടാ. ക്ഷേത്രകാര്യങ്ങളിൽ അകലെ നിന്നു മാത്രമേ പങ്കുകൊള്ളാവൂ ആണ്ടുതോറും എട്ടു ദിവസം നീണ്ടുനില്ക്കുന്ന ഉത്സവം ഉണ്ട്. എട്ടാം ദിവസം (അത്തം നാളിൽ) ഉത്സവം തീരും. ഏഴാം ദിവസം നമസ്കാരംഎന്ന ഒരുചടങ്ങുണ്ട്. ആ ചടങ്ങു ആരംഭിക്കുന്നതു വിളക്കുടി ശാസ്താം കോവിലിൽ നിന്നുമാണ്.

1089-മീനമാസത്തിൽ ഉത്രംനാളിൽ നമസ്കാരം ആരംഭിക്കുന്ന സമയമായി. അതാ വരുന്നു, ഉത്പതിഷ്ണുക്കളായ അനേകം ചെറുപ്പക്കാർ. അവർ ശാസ്താം കോവിലിൽ നിന്നു നമസ്ക്കാരം ആരംഭിച്ചു. സുബ്രഹ്മണ്യൻകോവിൽവരെ നമസ്കരിച്ചു എത്തി. അവരെ തടയാൻ ആരുമുണ്ടായിരുന്നില്ല. അവർ നമ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്കരിച്ചു നമസ്കരിച്ചു കോവിലിൽ കയറി. അവരിൽ പ്രധാന കെ. ജി പത്മനാഭൻ എന്ന കാളേജ് വിദ്യാർത്ഥിയായിരുന്നു. അദ്ദേഹം കൊടിമരത്തിലും തൊട്ടു.

ക്ഷേത്രത്തിൽ തീണ്ടാർപ്രവേശിച്ചു. ഈ സംഭവം കാട്ടുതീപോലെപരന്നു. സർക്കാരാഫീസിലും കൊട്ടാരത്തിലും ഈ സംഭവം ചൂടുപിടിച്ച പ്രശ്നമായിമാറി. അന്നുവരെ തിരുവിതാംകൂറിലെന്നല്ല ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ എവിടെയെങ്കിലും ഇമ്മാതിരി ഒരു സംഭവം നടന്നിരിക്കാൻ ഇടയില്ല. എന്തു സംഭവിക്കുമെന്ന് ആർക്കും പ്രവചിക്കുവാൻ കഴിയാത്ത അന്തരീക്ഷം. സൂര്യബിംബം പൊട്ടിത്തെറിച്ചേക്കാം. സപ്തസാഗരങ്ങൾ ഇരമ്പിക്കയറിയേക്കാം എന്നുവരെ ആളുകൾ വിശ്വസിച്ചു. അത്രയ്ക്കു ഭയങ്കരമായ ഒരു പ്രവൃത്തിയാണ് അധമന്മാരായ അവർണ്ണർ ചെയ്തത്.

രാജകല്പനയല്ലേ? പോലീസുകാർ ഓടിയെത്തി. പോലീസിൻെറ വരവോടെ പലതും സംഭവിക്കുമെന്ന് പലരും വിശ്വസിച്ചു. എന്നാൽ ആ വിശ്വാസം പാടെ തകർന്നു. അന്തരീക്ഷം ചൂടുപിടിച്ചില്ലെന്നു പറവാൻ കഴിയുകയില്ല; ചില്ലറ അനിഷ്ടസംഭവങ്ങൾ അങ്ങുമിങ്ങും നടന്നു. തിരുവിതാംകൂറിൽ നിന്നും അന്നു പുറപ്പെട്ടിരുന്ന പത്രങ്ങളും കൊച്ചിയിൽനിന്നും മലബാറിൽ നിന്നും പുറപ്പെട്ടിരുന്ന പത്രങ്ങളും ഈ സംഭവത്തിൻെറ ഗൗരവത്തെ കണക്കിലെടുത്തു പ്രചാരം കൊടുത്തിരുന്നു. പോലീസു മഹസ്സർ തയ്യാറാക്കി കേസ്സു ചാർജ്ജു ചെയ്തത് എട്ടു പ്രതികളുടെ പേരിൽ മാത്രമായിരുന്നു. പ്രതികൾക്കുവേണ്ടി കോടതിയിൽ ഹാജരായതു ഈ. ജെ. ജാൺ, ഇട്ടിചെറിയാൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നീ പ്രഗ്ലഭരായ അഭിഭാഷകരായിരുന്നുവത്രേ. വാദി (സർക്കാർ) ഭാഗത്തേക്കുവേണ്ടി ഹാജരായത് പ്രസിദ്ധനായ മള്ളൂർ ഗോവിന്ദപിള്ളയായിരുന്നു. എട്ടു പ്രതികളിൽ നാലുപേരെ മാത്രമേ ശിക്ഷിച്ചുള്ളൂ. (സർവ്വശ്രീ. കെ. ജി. പത്മനാഭൻ, പി. കെ. കുഞ്ഞുരാമൻ വാദ്ധ്യാർ, തലപ്പലത്തിൽ ശങ്കരൻ വാദ്ധ്യാർ, ആലുവിളാകത്തു ആർ. നാരായണൻ.)

ഒരു കൊല്ലത്തെ കഠിനതടവും എഴുപത്തിഅഞ്ചു രൂപാ പിഴയും ഇതായിരുന്നു ശിക്ഷ. ഈ വിധിക്കു എതിരായി ഹൈക്കോർട്ടിൽ അപ്പീൽബോധിപ്പിച്ചു. പ്രസിദ്ധ നിയമജ്ഞനായ കരിമ്പററ രാമൻമേനോൻ ഉൾപ്പെട്ട ഡിവിഷൻബഞ്ചാണ് അപ്പീൽകേട്ടത്. നാലു മാസത്തെ കഠിനതടവും 75 രൂപ പിഴയുമായി ശിക്ഷ ഇളവു ചെയ്തു. ഡിവിഷൻബഞ്ചിൻെറ വിധിയിൽ ഒരു ഭാഗത്തു ഇങ്ങനെ പറഞ്ഞിട്ടുണ്ട്.

"ഉത്പതിഷ്ണുക്കളായ കുറെ യുവാക്കന്മാരുടെ സാഹസികസംഭവമാണ് ഇത് എന്ന് കോടതിക്ക് അഭിപ്രായമുണ്ട്. ആ നിലയിൽ കോടതിക്കു പ്രതികളോടു അനുഭാവമുണ്ടെങ്കിലും അവരുടെ പ്രവൃത്തിയിൽ നിയമരാഹിത്യം കാണുന്നത്കൊണ്ട് അവരെശിക്ഷിക്കാതിരിക്കാൻ നിർവ്വാഹമില്ലാത്തതിൽ ഖേദിക്കുന്നു.

സാഹിത്യപഞ്ചാനൻ പി. കെ. നാരായണപിള്ള അവർകളുടെ 'ക്ഷേത്രപ്രവേശനവാദം' അഥവാ 'കേരള അനാചാരനാഡീ പരീക്ഷ' എന്ന ഗ്രന്ഥത്തിൽ ഈ ക്ഷേത്രത്തിലുണ്ടായ സംഭവങ്ങളെക്കുറിച്ചു പരാമർശിച്ചിട്ടുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ സംഭവത്തെക്കുറിച്ചു നിരീശ്വരവാദിയും സാമൂഹിക പരിഷ്കർത്താവുമായുരുന്ന ഈ. വി. രാമസ്വാമി നായ്ക്കർ പറഞ്ഞതു ശ്രദ്ധേയമാണ്. "ഇൻഡ്യയ്ക്കു ആത്മാവ് എന്നു ഒന്നുണ്ടെങ്കിൽ അതിനെ ഇതാ ഉത്പതിഷ്ണുക്കളായ യുവാക്കന്മാർ പിടിച്ചു കുലുക്കിയിരുന്നു.

ഈ സംഭവത്തിനു നേതൃത്വം നല്കിയ കെ. ജി. പത്മനാഭൻ സുമുഖനായ ഒരു യുവാവായിരുന്നു. ഡിവിഷൻ പേഷ്കാരായിരുന്ന കെ. എൻ. ഗോവിന്ദൻെറയും ഡി. ഐ. ജി. യായിരുന്ന ഗംഗാധരൻെറയും സഹപാഠിയായിരുന്നു പത്മനാഭൻ. ഇംഗ്ലീഷുഭാഷ സമർത്ഥമായി കൈകാര്യം ചെയ്യാൻ കഴിവുണ്ടായിരുന്നു പത്മനാഭന്.

വിധിവൈപരീത്യമെന്നേ പറയാൻ കഴിയൂ. ചരിത്ര പ്രസിദ്ധമായ ഈ സംഭവത്തിനുശേഷം കെ. ജി. പത്മനാഭന് സ്ഥിരബുദ്ധിയില്ലാതായി. വള്ളം പൂട്ടുന്ന തുടൽകൊണ്ടാണ് ശ്രീ. പത്മനാഭനെ പൂട്ടിയത്. സുബ്രഹ്മണ്യൻ കോവിലിനു സമീപത്തു തന്നെയാണു പത്മനാഭൻെറ ഭവനം സ്ഥിതിചെയ്തിരുന്നത്, സുബ്രഹ്മണ്യൻ കോവിലിലെ കൊടിമരത്തിൽ തൊട്ടതുകൊണ്ടാണ് പത്മനാഭന് ഈ ഗതി വന്നത് എന്ന് ഒരു വിഭാഗം ജനങ്ങൾ അഭിപ്രായപ്പെട്ടു.

സ്വാമി തൃപ്പാദങ്ങൾ അന്നു ഗുരുവിഹാറിൽ കൂടക്കൂടെ വരുന്ന പതിവുണ്ടായിരുന്നു. ഈ വാർത്ത അറിഞ്ഞു ഗുരുദേവൻ പത്മനാഭൻെറ വീട്ടിൽചെന്നു. ഗൃഹനാഥൻ ഉമ്മിണി, ഗുരുദേവനെ യഥോചിതം സ്വീകരിച്ചു. പത്മനാഭൻെറ അവസ്ഥ ഗുരുദേവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കണ്ടു് ഗുരുദേവൻ പത്മനാഭന്റെ മാതുലനോടു ചോദിച്ചു.

ഗുരുദേവൻ:- "പത്മനാഭനെ നാം കൊണ്ടുപോകുന്നതിൽ വിരോധമുണ്ടോ?

മാതുലൻ:- അനന്തിരവനായി പത്മനാഭൻ മാത്രമേയുള്ളൂ.

ഗുരു:- അതുകൊണ്ട്?

മാതു:- പത്മനാഭനെ കൂടെ അയക്കാൻ പ്രയാസമാണ്.

ഗുരു:- വിരോധമാണെങ്കിൽ വേണ്ടാ" എന്നു പറഞ്ഞു ഗുരുദേവൻ യാത്രയായി.

കെ. ജി. പത്മനാഭൻ 32 വർഷക്കാലം ഭ്രാന്തനായി തന്നെ ജീവിതം കഴിക്കേണ്ടിവന്നു. കീറിപ്പറിഞ്ഞ വേഷം ധരിച്ചു മനോഹരമായ ശൈലിയിൽ ഇംഗ്ലീഷുഭാഷ സംസാരിച്ചുകൊണ്ടു പോകുന്നതു ലേഖകനും കേട്ടിട്ടുണ്ട്. കുട്ടികളായ ഞങ്ങൾ അദ്ദേഹത്തെ ഭയപ്പെട്ടിരുന്നു. കെ. ജി. പത്മനാഭന്റെ മൂത്ത സഹോദരിയുടെ ഏററവും ഇളയപുത്രൻ ശ്രീ. ദേവദാസൻ ഇപ്പോഴും അക്കഥ പറഞ്ഞു ദുഃഖിക്കാറുണ്ട്. ഏതു കഥ? "അന്നു സ്വാമിതൃപ്പാദങ്ങളുടെ കൂടെ അമ്മാവനെ അയച്ചിരുന്നെങ്കിൽ"

ഉത്പതിഷ്ണുക്കളായ യുവുക്കന്മാരുടെ സാഹസികമായ പ്രവർത്തനം കേരളക്കരയിൽ പല പുരോഗമന പ്രസ്ഥാനങ്ങൾക്കും തുടക്കം കുറിക്കുവാൻ പ്രേരണനല്കി. കടയ്ക്കാവൂർ സുബ്രഹ്മണ്യൻ കേ്‌വിലിലെ സംഭവത്തോടു അനുബന്ധിച്ചുണ്ടായ കോടതിവിധി ദേശാഭിമാനി ററി. കെ. മാധവനെ കുണ്ഠിത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പെടുത്തി. അദ്ദേഹം കടയ്ക്കാവൂരിൽ ചെന്നു ക്ഷേത്രപ്രവേശനത്തിൽ പങ്കുഎടുത്തയുവാക്കന്മാരെ അനുമോദിച്ചു. കോടതിവിധിയിൽ അദ്ദേഹം തനിക്കുള്ള അമർഷം രേഖപ്പെടുത്തുകയും ചെയ്തു. ഈ കാലഘട്ടത്തിൽസി.രാജഗോപാലാചാരി,ആന്ധ്രാക്കാരനായ അയ്യാമുത്തുഗൗണ്ടർ, ചിറേറഴത്തു ശങ്കുപിള്ള ബംഗാൾകാരനായ ചന്മയി തിരുനെൽവേലി സ്വദേശിയായ ശ്രീ ചന്തുമേനോൻ ഐ. സി. എസ്സ്, എന്നിവർ ക്ഷേത്രം സന്ദർശിച്ചതായി ചരിത്രരേഖകളിൽ കാണുന്നു.

ശ്രീ. ചന്തുമേനോൻ ഐ. സി. എസ്സ് സന്താനലബ്ധിക്കുവേണ്ടി കോവിലിൽ ഭജനമിരുന്നു. സന്താനലബ്ധിയുണ്ടായതിൻെറ ഫലമായി ഒരു 'മയിൽവാഹനം' ചന്തുമേനോൻ വാങ്ങി ക്ഷേത്രത്തിലേയ്ക്കു കാഴ്ചവച്ചു. ആ മയിൽവാഹനം ഇന്നും കേടുപാടുകൂടാതെ ദേവസ്വക്കാർ സൂക്ഷിച്ചുവരുന്നു.

കടയ്ക്കാവൂർ സുബ്രഹ്മണ്യൻ കോവിലിലെ പ്രവേശം കഴുഞ്ഞു സുമാർ പത്തുകൊല്ലത്തിനുശേഷമാണു ചരിത്രപ്രസിദ്ധമായ വൈയ്ക്കം സത്യഗ്രഹം നടന്നത്. സുബ്രഹ്മണ്യൻ കോവിൽ സംഭവത്തെ ചരിത്രകാരന്മാർ വെളിച്ചത്തു കൊണ്ടുവരാൻ ഉത്സാഹം കാണിച്ചില്ല. അക്കാലത്തെ സാമൂഹിക പശ്ചാത്തലത്തിൽ നിന്നു വീക്ഷിക്കുന്ന നിഷ്പക്ഷമതിയായ ഒരു വ്യക്തിക്കു എന്തു വികാരമുണ്ടാകുമെന്നു മനസ്സിലാക്കിയാലേ ആ സംഭവത്തിൻെറ പ്രാധാന്യം പരഗണിക്കുവാൻ കഴിയൂ. ഈ. വി. രാമസ്വാമി നായ്ക്കരുടെ അഭിപ്രായം എന്നും പുതുമയുള്ളതായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രിക്കും. ചരിത്രകാരന്മാരുടെ സവിശേഷമായ ശ്രദ്ധ ഈ സംഭവത്തിലേയ്ക്കു തിരിഞ്ഞാൽ അനേകം കാര്യങ്ങൾ ഇതിൽനിന്നും മനസ്സിലാക്കാം.

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 24

ചെട്ടിച്ചിഅമ്മയും ഗുരുദേവനും

എല്ലാ പേർക്കും തണലേകുന്ന ഒരു മഹാവൃക്ഷമായിരുന്നല്ലോ ഗുരുദേവൻ. ദുഃഖിതരായിട്ടുസ്വാമിസന്നിധിയിൽ ചെന്നവരാരും ദുഃഖത്തിനു ശമനമുണ്ടാകാതെ പോയിട്ടില്ല. അക്കൂട്ടത്തിൽപെട്ട ഒരു പെൺകുട്ടിയുടെ കഥ പറയാം. ആ കുട്ടിയുടെ മാതാപിതാക്കളെ കണ്ണീർ കുടിപ്പിച്ച കഥ. അവരുടെ കണ്ണീരു എങ്ങനെ തീർന്നുവെന്നും സംതൃപ്തിയുടെ കാററു അവർ എങ്ങനെ ഏററുവെന്നും മനസ്സിലാക്കാം, ശ്രീനാരായണഗുരുദേവൻെറ ആദ്ധ്യാത്മിക ചൈതന്യമാണോ ആയുർവേദ ഔഷധത്തിലുള്ള പരിചയമാണോ അതിനു കാരണമെന്നു വായനക്കാർ ഗ്രഹിക്കട്ടെ എന്നു കരുതുന്നു.

'ചെട്ടിച്ചി അമ്മ' എന്നു പില്ക്കാലത്തു പ്രസിദ്ധയായ സ്ത്രീയ്ക്ക് ഒൻപതു വയസ്സായപ്പോൾ അവരുടെ പിതാവ് സമുദായാചാരമനുസരിച്ചു ഒരു പണക്കാരൻെറ മകനെക്കൊണ്ടുകെട്ടിച്ചു. കെട്ടുകഴിഞ്ഞാലും പെൺകുട്ടി പ്രായമായതിനുശേഷമേ വരൻെറ ഗൃഹത്തിലേയ്ക്കു അയയ്ക്കുകയുള്ളൂ. അതായിരുന്നു അന്നത്തെ ആചാരം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പതിനൊന്നാമത്തെ വയസ്സിൽ ആ പെൺകുട്ടിയിൽ കുഷ്ഠരോഗത്തിന്റെ ലക്ഷണങ്ങൾ കണ്ടു. ഇതുമൂലം പിതാവിനും മാതാവിനും മനോവേദനയുണ്ടായി. അലോപ്പൊതി, ആയുർവ്വേദം, ഹോമിയോ, യൂനാനി, മന്ത്രവാദം തുടങ്ങിയ ചികിത്സകൾ നടത്തിനോക്കി. ഫലം ഉണ്ടായില്ല. അച്ഛന്റെയും അമ്മയുടെയും ദുഃഖം വർദ്ധിച്ചു. അങ്ങനെ തീ തിന്നു കഴിയുമ്പോഴാണു ചട്ടമ്പിസ്വാമിയുടെ ഒരു അനുചരൻ അപ്രതീക്ഷിതമായി ആ വീട്ടിൽ എത്തിയത്.

"അരുവിപ്പുറത്തു തപസ്സുചെയ്തുകൊണ്ടിരിക്കുന്നനാണുയോഗിയെ ചെന്നുകണ്ടാൽ ഈ കുട്ടിയുടെ രോഗത്തിനു ശമനമുണ്ടാകു"മെന്നു അതിഥി അഭിപ്രായപ്പെട്ടു.

സകലപ്രതീക്ഷകളും തകർന്നിരുന്ന മാതാപിതാക്കൾക്ക് അതിഥിയുടെ അഭിപ്രായം സന്തോഷമുളവാക്കി. ഒട്ടുംതാമസിച്ചില്ല. ആ കുടുംബാംഗങ്ങൾ നേരേ അരുവിപ്പുറത്തേക്കുപോയി. യാത്രയിലുള്ള ക്ലേശങ്ങളെക്കുറിച്ചു അവർ ചിന്തിച്ചില്ല. ഗുരുവിനെ കാണണം. സങ്കടമുണർത്തിക്കണം അതുമാത്രമായിരുന്നു അവരുടെ ചിന്ത. ഗുരുവിനെ സമീപിച്ചു. ദുഃഖത്തിന്റെ കഥനിരത്തി. അതുവരെ നിറഞ്ഞു നിന്ന ഹൃദയഭാരത്തിനു കുറവുലഭിച്ചതു പോലെ തോന്നി. അരുവിപ്പുറം ആററിൽനിന്നും ഓടിയെത്തിയ മന്ദമാരുതൻഅവരിൽ കുളിരുകോരിയിട്ടു. ഭക്ത്യാദരപൂർവ്വം നിന്ന കുടുംബാംഗങ്ങളോട് ഗുരുദേവൻ അരുളു ചെയ്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"നദിയിൽ കുളിച്ചുവന്നു ആഹാരംപാകംചെയ്യൂ" ഗുരുദേവകല്പനപ്രകാരം അവർകുളികഴിഞ്ഞുവന്നു. പിതാവും മാതാവുംകൂടി പാറപ്പുറത്തു അടുപ്പുകൂട്ടി പാകം ചെയ്യാൻ തുടങ്ങി. "നിങ്ങൾ പാകം ചെയ്യണ്ടാ, പെൺകുട്ടി പാകം ചെയ്യട്ടെ". ഗുരുദേവൻ വീണ്ടും അഭി പ്രായപ്പെട്ടു.

"അവൾക്കു കുഷ്ഠരോഗമാണു സ്വാമി" പിതാവു വിനയഭാവത്തിൽ പറഞ്ഞു. "രോഗലക്ഷണങ്ങൾ കാണുന്നില്ലല്ലോ. രോഗമുണ്ടെങ്കിൽ മാറിക്കൊള്ളും', ഗുരുദേവൻ വീണ്ടും അരുൾ ചെയ്തു. പെൺകുട്ടി സന്തോഷത്തോടെ ആഹാരം പാകംചെയ്തു. അവിടെ ഉണ്ടായിരുന്ന എല്ലാവർക്കും ഇലവച്ചു. ഒരു ഇലയുടെ അരികിൽ ഗുരുദേവൻ ഇരുന്നു. അല്പം ആഹാരം കഴിച്ചു. പിന്നീടു ആ കുട്ടിയെ ആ ഇലയ്ക്ക് അരികിൽ ഇരുത്തി. ആഹാരം കഴിപ്പിച്ചു. തൃപ്തിയായി.

മാതാപിതാക്കൾക്കുസംതൃപ്തിയുണ്ടായി. അവർ തിരികെ പോകാൻ സമയത്തു ഗുരു അരുൾ ചെയ്തു. "പച്ചിലവർഗ്ഗങ്ങൾ കഴിയ്ക്കൂ. സൂര്യനമസ്ക്കാരം നടത്തണം. ഷഷ്ഠിവൃതം അനുഷ്ഠിക്കണം. ഈശ്വര വിശ്വാസംകൊണ്ടുരോഗം മാറിക്കൊള്ളും."

അതിനുശേഷം ആ കുട്ടിയിൽ കുഷ്ഠരോഗലക്ഷണം കണ്ടില്ല. സമ്പൽസമൃദ്ധിയുടെ മടിത്തട്ടിൽ അവർ എത്തി. പതിനൊന്നുമക്കളുടെ മാതാവായി. മക്കളെല്ലാം നല്ലനിലയിൽ ആയി.

ശ്രീ നാരായണഗുരുദേവൻെറ അന്തേവാസിയായിരുന്ന അർജ്ജുനൻ 7–7–81 ൽ ബാംബയിൽ നിന്നും എഴുതി അയച്ചത് ഇവിടെ കുറിയ്ക്കാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ചെട്ടിച്ചിഅമ്മയെ ഞാൻ ആദ്യമായികാണുമ്പോഠം പ്രായം തിട്ടപ്പെടുത്താനാവാത്ത അതിതേജസ്വിനിയായ ഒരു വൃദ്ധയായിരുന്നു. ഗുരുദേവൻ 'ഈശാവാസ്യോപനിഷത്തി'ലെ ഒരു ശ്ലോകം എന്നെ പഠിപ്പിക്കുകയായിരുന്നു. മതിൽക്കെട്ടുകഴിഞ്ഞു നടന്നുവരുന്ന ഒരു ചെറിയ ആഠംക്കൂട്ടത്തിലേയ്ക്ക് ഗുരുദേവൻെറ ദൃഷ്ടിപതിഞ്ഞു. ആശ്രിതവത്സലൻെറ മുഖകമലം വിടർന്നു. പൂത്തകൊന്നപോലെ ഒരു വൃദ്ധയും അകമ്പടിയായി ഗോവിന്ദനാശാൻ, കണ്ണപ്പസ്വാമി. വേലായുധൻശാന്തി മുതലായവരുമായിരുന്നു ആ ചെറിയസംഘം. വൃദ്ധ അടുത്തെത്തി മുട്ടുകുത്തി വെള്ളപൂശിയ ശിരസ്സ് തൃപ്പാദങ്ങളിലർപ്പിച്ചു. തൃപ്പാദങ്ങഠം അത്യന്തം കരുണയോടെ ശിരസ്സിൽ തൃക്കൈതലോടി അനുഗ്രഹിച്ചു. വൃദ്ധനിവർന്നപ്പോഠം സന്തോഷാശ്രുക്കഠം ഒഴുകുന്ന അവരുടെ മുഖം കാർമ്മുകിൽ വിട്ടകന്ന ചന്ദ്രനെപ്പോലെ തിളങ്ങി ''അമ്മ അർജ്ജുനനെ ആദ്യമായി കാണുകയല്ലേ ? ഇവൻെറ അമ്മ നമ്മെ ഏല്പിച്ചിരിക്കുകയാണ്. നാം ഇവനെ ശ്ലോകം പഠിപ്പിക്കുകയാണ്. ആള് വികൃതിയാണ്. അമ്മ നല്ല അടികൊടുക്കണം ''എന്നു പറഞ്ഞു ചിരിച്ചുകൊണ്ട് എന്നെ ചെട്ടിച്ചി അമ്മയ്ക്കു പരിചയപ്പെടുത്തി.

ചെട്ടിച്ചിഅമ്മ ആശ്രമത്തിൽ എത്തിയാൽ ഒരു മാസമെങ്കിലും ഭജനം നടത്താതെ മടങ്ങാറില്ല. അമ്മ വന്നാൽ മഹാബലിവന്ന പ്രതീതിയാണ്. എല്ലാവർക്കും എന്നും ഓണം. ശങ്കുഭക്തന് (ഗുരുദേവൻെറ പാചകൻ) ചതുർത്ഥിയും. ആദ്യമായി ശങ്കുഭക്തനെ ചെവിക്കുപിടിച്ചു പുറത്താക്കും. അമ്മയുടെ കൈയാളാക്കിതരം താഴ്ത്തും. നിവേദ്യപ്പുരകൈയേറി സ്വേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഘാരേണം നടത്തും. നടയറ, പുത്തൻചന്ത മുതലായ അങ്ങാടികളിൽ എന്നെയും വലിച്ചിഴച്ച് പോയിത്തുടങ്ങും.'' അടിതരാൻ കല്പിച്ചിട്ടുണ്ട്, കേട്ടോ, ഞാൻ മടങ്ങിപോകും മുമ്പ് അടിച്ച് നിൻെറ കുണ്ടാമണ്ടിത്തരങ്ങളൊക്കെ മാററും എന്നു ഇടയ്ക്കിടെ ഭീഷണിപ്പെടുത്തും'' പക്ഷെ കിട്ടുന്നത് സിൽക്കുഷർട്ട്, മധുരവേഷ്ടി, വയറു നിറയെ (തൃപ്പാദങ്ങൾക്കു ഉണ്ടാക്കുന്ന) അമൃത്'' ഇതൊക്കെയായിരുന്നു. തൊട്ടതിനും പിടിച്ചതിനുമൊക്കെ വികൃതിചെറുക്കൻ വേണം. ചെട്ടിച്ചി അമ്മയ്ക്കു ദൃഢവിശ്വാസമായിരുന്നു എന്നിൽ. ശങ്കു വെറും കഴുതയാണ് അവനുണ്ടോ! നിവേദ്യമുണ്ടാക്കാനറിയുന്നു. നിവേദ്യപ്പുരയുടെ പടുതി കണ്ടില്ലേ. അവൻെറ ചെവി പൊന്നാക്കും ഞാൻ പോകും മുമ്പ്.''

ഒരു യഥാർത്ഥഭക്തയായിരുന്ന ചെട്ടിച്ചിഅമ്മയ്ക്കു കാണപ്പെട്ട ദൈവം ശ്രീനാരായണഗുരുവായിരുന്നു. ഐശ്വര്യത്തിൻെറ കളിത്തട്ടിൽ അവർ ജീവിച്ചിട്ടു പോലും ഗുരുവിനെ മറന്നില്ല. വഴിമുട്ടി നിന്ന ജീവിതത്തെ ആയുർവ്വേദമരുന്നുകൊണ്ട് ഗുരുദേവൻ രക്ഷിച്ചു. ആ ചിന്ത ഊണിലും ഉറക്കത്തിലും ചെട്ടിച്ചി അമ്മയിൽ തങ്ങിനിന്നിരുന്നു. അവരുടെ വിശ്വാസം അവരെ രക്ഷിച്ചു.

ശ്രീനാരായണഗുരുദേവനിൽ നിന്നും എന്തെങ്കിലും ലഭിച്ചവരെല്ലാം ജീവിതത്തിൽ അത്യുന്നതസ്ഥാനം നേടിയിട്ടുണ്ട്. ചെട്ടിച്ചി അമ്മയ്ക്കുണ്ടായതുപോലുള്ള അനുഭവങ്ങൾ പലർക്കും ഉണ്ടായിട്ടുണ്ട്. എല്ലാ രോഗികൾക്കും പച്ചിലമരുന്നുകളാണു സ്വാമിതൃപ്പാദങ്ങൾ നല്കിയിട്ടുള്ളത്. പച്ചിലമരുന്നുകളുടെ ഗുണത്തെക്കുറിച്ചു മനസ്സിലാക്കാനുള്ള വൈദഗ്ദ്ധ്യം ഗുരുവിനുണ്ടായിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 25

കോടതിയിൽ പോകേണ്ട

കുററംചെയ്യുന്നവരെ വിസ്തരിച്ചശേഷം കുററത്തിൻെറ ലഘുഗുരുത്വം മനസ്സിലാക്കി ശിക്ഷിക്കാനാണല്ലോ സർക്കാർ കോടതികരം സ്ഥാപിച്ചിരിക്കുന്നത്. വലിയവനെന്നോ ചെറിയവനെന്നോ വ്യത്യാസമില്ല. സമൻസുകിട്ടിയാലുടനെ എത്തണം. അതിൽ പരാജയപ്പെട്ടാൽ അനന്തരനടപടികരം സ്വീകരിക്കുവാൻ കോടതി നിർബന്ധിതമാകും. അതാണു കോടതിയുടെ സ്വഭാവം.

ലോകത്തിലെ ഏററവും വലിയ ജനാധിപത്യ രാഷ്ട്രമായ ഇൻഡ്യയുടെ പ്രധാനമന്ത്രി പോലും കേസ്സിൽ അകപ്പെട്ടാൽ കോടതിയിൽ ഹാജരായേ പററൂ. അതാണ് ഇവിടത്തെ വ്യവസ്ഥ. അതിൽനിന്നും ആരെയും മാററിനിർത്തുവാൻ പററില്ല.

ഇവിടെ ശ്രീനാരായണഗുരുദേവന് 'കോടതിവിലക്കു'ണ്ടായി. അതിനുള്ള പശ്ചാത്തലം എന്തായിരുന്നുവെന്ന് പരിശോധിക്കാം. നാഗർകോവിലാണു സ്ഥലം. 'ചിന്മയസ്വരൂപസ്വാമികരം' അരുവിപ്പുറം മഠത്തിലേക്ക് സ്വത്ത് വിലയ്ക്കു എഴുതികൊടുത്തു. ആ, ആധാരത്തെക്കുറിച്ചു നാഗർകോവിൽ ജില്ലാ കോടതിയിൽ ഒരു വ്യവഹാരം നടന്നു അരുവിപ്പുറം മഠത്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്വേണ്ടി ഗുരുദേവൻ കോടതിയിൽഹാജരായില്ല. കേസ്സിൻെറ വിധി മഠത്തിന് ദോഷമായിട്ടായിരുന്നു. ഈ വിധി ഭക്തജനങ്ങളേയും സർക്കാരിനേയും ഒന്നു പോലെവേദനിപ്പിച്ചു. മാനസികമായ ഒരുഅസ്വസ്ഥത ജനതയിൽ വ്യാപിച്ചു. ശ്രീനാരായണ ധർമ്മ പരിപാലനയോഗത്തിൻെറ പ്രതിനിധികരം സർക്കാരിനെ സമീപിച്ചു. രോഗി ഇച്ഛിച്ചതുംപാല് വൈദ്യൻ കല്പിച്ചതും പാല് എന്ന പഴഞ്ചൊല്ല് പോലെ സർക്കാരിൻെറ ആഗ്രഹവും ജനസഞ്ചയത്തിൻെറ അഭിലാഷവും കണക്കിലെടുത്തു—സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിച്ചു. 1079-ാം മാണ്ട് ആ ഉത്തരവ് സർക്കാരിൽ നിന്നും പുറത്തുവന്നു

''ശ്രീനാരായണ ഗുരുദേവൻ കോടതികളിൽ ഹാജരാകേണ്ടതില്ല'' ഇതായിരുന്നു ഉത്തരവ്. സർക്കർ സന്തോഷസമേതം പുറപ്പെടുവിച്ച ഈ ഉത്തരവ് എല്ലാപേരേയും തൃപ്തിപ്പെടുത്തി ഏങ്കിലും ഒരാളെമാത്രം തൃപ്തിപ്പെടുത്തിയില്ല. അതു മററാരുമായിരുന്നില്ല. മഹാകവി കു മാരനാശാനെയായിരുന്നു. അദ്ദേഹത്തിൻെറ അമർഷത്തിന് അതിരില്ലായിരുന്നു.

നാഗർകോവിൽ ജില്ലാ മജിസ്ട്രേട്ടിൻെറ വിധിയിൽ കോപവും, വെറുപ്പും, വിദ്വേഷവും പൂണ്ട ആശാൻ ''ഒരു ദൂഷിതമായ ന്യായാസനം'' എന്ന പേരിൽ വികാരോജ്വലമായ ഒരു കവിത എഴുതി. കല്പന കല്ലിനെ പിളർക്കുന്ന കാലത്ത് ആശാൻകാണിച്ച നിർഭയത്വം പ്രശംസനീയം തന്നെ. അനീതിയോട് അടരാനുള്ള ആശാൻെറ ആത്മധൈര്യം അപാരമെന്നല്ലാതെ എന്തുപറയാം. യഥാർത്ഥ കവിയും കലാകാരനും നിർഭയനാണല്ലോ. ടോംസ്റ്ററായി അഭിപ്രായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പെട്ടതുപോലെ അനീതിയ്ക്ക് എതിരെ ശക്തമായ തൂലികചലിപ്പിക്കാൻ തൻേറടവും സാമർത്ഥ്യവും നിർഭയത്വവും ഉള്ള കവിക്കോ കലാകാരനോ മാത്രമേ സാദ്ധ്യമാകൂ !

മററൊരു രസകരവും ചിന്തോദ്ദീപകവുമായ റിപ്പോർട്ടുകൂടി ഇവിടെ പകർത്താം.

1921 മേയ്മാസത്തിൽ കോട്ടയം ഡി. എസ്. പി. തിരുവിതാംകൂർ പോലീസു കമ്മീഷ്ണർക്ക് അയച്ച രഹസ്യ റിപ്പോർട്ടാണത് (കേരളാ ആർക്കീവ് സ്ന്യൂസുലററർ)

''ഈഴവമൂവ്മെൻറ് അതിൻെറ ആസ്ഥാനമായ ആലുവാ അദ്വൈതാങ്കണത്തിൽ 1921-മേയ് പതിനഞ്ചാം തീയതി ചേർന്ന പ്രാധാന്യമേറിയ ഒരു മീററിംഗിനെക്കുറിച്ചുള്ള വിവരണം ഞാനിതു സഹിതം അയച്ചുകൊള്ളുന്നു. ഈഴവരുടെ കുലഗുരുവായ ശ്രീനാരായണഗുരു തന്നെയായിരുന്നു ആ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചത്. ആ യോഗത്തിൽ ശ്രീനാരായണ ഗുരു പ്രാധാന്യമേറിയ ഒരു പുതിയ സന്ദേശം വിളംബരംചെയ്തു. മനുഷ്യരെല്ലാം ഒരു ജാതിക്കാരായതുകൊണ്ട് അവർതമ്മിൽ പന്തിഭോജനവും മിശ്രവിവാഹവും നടത്തുന്നതിന് വിരോധമില്ലാത്തതാകുന്നു എന്നായിരുന്നു ആ മഹത് സന്ദേശം. മേൽപറഞ്ഞ പ്രഖ്യാപന മുഖംക്കൊള്ളുന്നതും മഹത്സന്ദേശം എന്ന തലക്കെട്ടോടു കൂടിയതും ശ്രീനാരായണ ഗുരുവിൻെറ കൈയ്യൊപ്പുവെച്ചതുമായ ഒരു ലഘുലേഖ ആ യോഗത്തിൽ വിതരണം ചെയ്യുകയുണ്ടായി. മുൻവിവരിച്ച സന്ദേശം പ്രഖ്യാപനം ചെയ്യുന്ന നിലവിലുള്ള ഗുരുവിൻെറ പട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തോടുകൂടിയ മറ്റൊരു ലഘുലേഖയും ആ യോഗത്തിൽ വിതരണം ചെയ്തു. ഈ പുതിയ തത്ത്വസംഹിത ഹിന്ദുസമൂഹ ക്രമത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾക്കു എതിരായിട്ടുള്ളതും ഹിന്ദുസാമൂഹിക സമ്പ്രദായത്തെ നശിപ്പിക്കുവാൻ വമ്പിച്ച ഒരു സംഘടിത ആക്രമണത്തിനോ പോരാട്ടത്തിനോ ഈഴവർ ഒരുമ്പെടുന്നു എന്നുള്ളതുമാണ് ഈ പ്രഖ്യാപനത്തിന്റെ ഉള്ളിലുള്ള രസാവഹമായ കാര്യം. ശ്രീനാരായണഗുരുവിന്റെ ഈ തത്ത്വസംഹിത വൈയ്ക്കം ചേർത്തല താലൂക്കുകളിൽ സംഘടിപ്പിക്കുന്ന ഈഴവരുടെ ചെറുതും വലുതുമായ എല്ലാ യോഗങ്ങളിലും വിശദീകരിയ്ക്കപ്പെടും. ഈ താലൂക്കുകളിൽ ആകമാനമുള്ള ഈഴവർ സംഘടിക്കുന്നതായി നമുക്ക് (പോലീസിന്) റിപ്പോർട്ടു കിട്ടിക്കൊണ്ടിരിക്കുന്നു. അതുമാത്രമല്ല ഞായറാഴ്ചതോറും മുടങ്ങാതെ കൂടുന്ന യോഗങ്ങളിലും ആ തത്ത്വസംഹിത വിശദീകരിയ്ക്കപ്പെട്ടേക്കാൻ ഇടയുണ്ട്. അജ്ഞരായ ഈഴവരുടെയിടയിൽ പെട്ടെന്നു അതിനു പ്രചുരപ്രചാരം കിട്ടുന്നതാണ്. ജാതി ഹിന്ദുക്കളിൽപ്പെട്ട സ്ത്രീകളെ വിവാഹംചെയ്യാൻ തങ്ങൾക്കു അവകാശമുണ്ടെന്നു ചിന്തിക്കാൻ ഈ തത്ത്വസംഹിത അജ്ഞരായ ഈഴവരെ പഠിപ്പിക്കും. എന്നാൽ ജാതി ഹിന്ദുക്കൾ മേൽപ്രകാരം ചെയ്യുന്നതിനെ കുറ്റകരമായി കരുതിതടയും. അതിപുരാതനകാലം മുതല്ക്കുതന്നെ ഹിന്ദുക്ഷേത്രങ്ങളിൽ ഈഴവരെ പ്രവേശിപ്പിക്കാതിരിക്കുന്നത് ഒരു വലിയ സങ്കടമായി ഇന്നും നിലനിന്നുപോരുന്നതുപോലെ തന്നെ ഈ സംഗതിയും മറ്റൊരു വലിയ സമൂഹസങ്കടമായി അവർ കരുതും. മേൽജാതിയിൽപ്പെട്ട ആളുകളുമായി കൂടിക്കലരുക എന്നുള്ളതാണ് സത്യത്തിൽ ക്ഷേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രപ്രവേശന പ്രക്ഷോഭണത്തിൻെറ കാതലായ ലക്ഷ്യം. ശ്രീനാരായണ ഗുരുപ്രഖ്യാപനം ചെയ്ത തത്ത്വസംഹിതമേൽ സംഗതി സ്പഷ്ടമാക്കുന്നുണ്ട്. ഈ പ്രഖ്യാപനത്തിൻെറ പ്രത്യാഘാതം പൊതുജന സമാധാനത്തെ, പ്രത്യേകിച്ചും ഈഴവർ എണ്ണത്തിൽ കൂടുതലായുള്ള വൈയ്ക്കം, ചേർത്തല താലൂക്കുകളിലെ പൊതുജനസമാധാനത്തെ, എങ്ങനെ ബാധിക്കുമെന്നത് അങ്ങേയ്ക്കു നിഷ്പ്രയാസം ഊഹിയ്ക്കാവുന്നതേയുള്ളൂ. ഈ വരുന്ന മൺസൂൺ കാലത്ത് അധികം യോഗങ്ങൾ ഉണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നില്ല. എന്നാൽ ആഗസ്ററുമാസത്തിൽ മഴ തീരുന്നതോടെ ഈഴവരുടെ ഈ പുതിയരീതിയിലുള്ള പ്രക്ഷോഭണം അപകടമായി രൂപംകൊണ്ട് വൈയ്ക്കം ചേർത്തല താലൂക്കുകളിൽ അതിവേഗം പടർന്നുപിടിക്കും. ആ പ്രദേശത്ത് മേൽജാതിക്കാർ കുറവാകയാലും ശക്തരല്ലാത്തതിനാലും ഈഴവ പ്രക്ഷോഭണം വളരെ ഗുരുതരമായ അസ്വാസ്ഥ്യങ്ങൾക്കിടവരുത്തും. പ്രക്ഷോഭണം തുടർന്നാൽ ശക്തമായ നടപടികൾ എടുക്കേണ്ടി വരും. പ്രായോഗിക തലത്തിൽ യോഗങ്ങൾ നിരോധിക്കുവാൻ വിഷമമായിതീരും. വിശേഷിച്ചും വൈയ്ക്കം ചേർത്തല താലൂക്കുകളിൽ ആകമാനം. ആഴ്ചതോറും മുടങ്ങാതെ നടത്തിവരുന്ന കൊച്ചുകൊച്ചുയോഗങ്ങൾ കണ്ടുപിടിച്ചു തടയുക എന്ന സംഗതി നിഷ്പ്രയാസം സാധിച്ചു എന്നു വരുന്നതല്ലതന്നെ. പ്രക്ഷോഭണം തുടരാൻ ഇടവരുന്നപക്ഷം അതു മുൻകൂട്ടി തടയുന്നതിൽ ശക്തമായ പോലീസ്സേനയെ മേൽപറഞ്ഞ താലൂക്കുകളിലും നിയമിയ്ക്കേണ്ടി വരുമെന്നു ഞാൻ കരുതുന്നു. അതിലേയ്ക്കുവേണ്ടി വരുന്ന ചെലവുകൾ ആ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രണ്ടു താലൂക്കുകളിലേയും എല്ലാ ജാതി മതസ്ഥരു മായ ജനങ്ങളിൽ ചുമത്തേണ്ടിവരും. ലഘുലേഖയുടെ കോപ്പി ഇതു സഹിതം അയയ്ക്കുന്നു.

(sd)
D. S. P
കോട്ടയം 24–5–1921

കോട്ടയം ഡി. എസ്. പി. യുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് അന്നത്തെ സാമൂഹിക വ്യവസ്ഥിതി യുടെ സൂക്ഷ്മസ്വഭാവം വെളിപ്പെടുത്തുന്നു. ഉദ്യോഗ സ്ഥന്മാർ ദീർഘവീക്ഷണം ഉള്ളവരായിരിക്കണമെന്നും ഈ കത്ത് തെളിയിക്കുന്നു. മററൊരു സംഗതി 'ഈഴവ രുടെ കുലഗുരു' എന്ന പ്രയോഗം ശരിയാണോ എന്നു സംശയം ജനിപ്പിക്കുന്നു. ബുദ്ധൻ, ശങ്കരാചാര്യർ തുടങ്ങിയവരെയെല്ലാം ക്ഷത്രിയരുടെയോ ബ്രാഹ്മണ രുടെയോ കുലഗുരുവെന്നു ആരും പറയാറില്ല. രണ്ടമ്മ മാരുകൂടി ഒരാളിനെ പ്രസവിച്ചതായി നാം കേട്ടിട്ടില്ല. ഏതെങ്കിലും ഒരുമാതാവിൻെറവയററിലേ ജനിയ്ക്കാൻ കഴിയൂ. അല്ലാതെ ചിലർ ജനിച്ചതായി പുരാണേതി ഹാസങ്ങളിൽ കാണുന്നു. മോഹിനിയുടെ തുടയിൽ നിന്നു ശ്രീ അയ്യപ്പനും കുന്തീദേവിയുടെ ചെവിയിൽ നിന്നു കർണ്ണനും.

"ധർമ്മസംസ്ഥാപനാർത്ഥായ
സംഭവാമി യുഗേ യുഗേ" എന്ന ഭഗവദ്വചനം അർ ത്ഥമാക്കുമാറ് ഓരോരോ കാലങ്ങളിൽ ലോകത്തിനാ വശ്യമായ പരിവർത്തനങ്ങൾ കൈവരുത്തത്തക്ക കരു ത്തും വൈഭവവുമുള്ള മഹാന്മാരെ ഭാരതം അവതരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ ഒരു മഹാത്മാവാണ് ഗുരുദേവൻ. ഋഷിപരമ്പരയിൽപ്പെട്ട ഒരംഗമാണെങ്കിലും ശ്രീനാരായണ ഗുരുദേവന്റെ പ്രസംഗത്തിലും പ്രവർത്തിയിലും ഒരു പുതുമ ദർശിക്കുവാൻ നിരൂപകന്മാർക്കുപോലും സാധിക്കുന്നുണ്ട്. ശോഭ നശിക്കാത്ത പുതുമ.

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 26

ശിവഗിരിയിൽ

പള്ളി പണിയിച്ചുതരാം

തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമിക്ഷേത്രം മുൻവശത്തു പത്മതീർത്ഥം. പത്മതീർത്ഥത്തിൽ സ്നാനം ചെയ്യാനായി ആണും പെണ്ണുമായി ധാരാളം ആളുകൾ പല ഭാഗങ്ങളിൽ നിന്നും വരുന്നുണ്ട്. സുന്ദരിയായ ഒരു സ്ത്രീയും അതിസുന്ദരിയായ തോഴിയും അവിടേയ്ക്കു വന്നു. തോഴി കാതിൽ ഓലയണിഞ്ഞിരുന്നു. കൈയിൽ താളിയും വഹിച്ചിരുന്നു. ഇവരെ കണ്ടിട്ടു കുളിച്ചുകൊണ്ടിരുന്ന ഒരു സരസൻ ഇങ്ങനെ പറഞ്ഞു. ''കാതിലോല'' [ആരാണു അധികം സുന്ദരി] ഇതു കേട്ടയുടൻ അതിനടുത്ത മറവിൽ കുളിച്ചുകൊണ്ടുനിന്ന മറെറാരു സരസൻ പറഞ്ഞു ''നല്ലതാളി'' (നല്ലത് ആളി) [നല്ലതു തോഴിയാണ്].

പരസ്പരം അറിയാതെ നായികയേയും തോഴിയേയും കുറിച്ചു അഭിപ്രായ പ്രകടനം നടത്തിയതു ഉണ്ണായിവാര്യരും കുഞ്ചൻനമ്പ്യാരുമായിരുന്നു. അവരെ ബന്ധിപ്പിച്ച അല്ലെങ്കിൽ പരിചയപ്പെടുത്തിയ കണ്ണി ഇരുവരുടെയും പാണ്ഡിത്യവും കവിത്വവും ആയിരുന്നുവെന്നതു ചരിത്ര പ്രസിദ്ധമായ ഒരു വസ്തുതയാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരു ശരത്ക്കാല സായംസന്ധ്യ. വെളുത്തപക്ഷത്തിലെ പ്രഭയേററു നെടുങ്ങണ്ട കടൽപ്പുറം ശോഭിച്ചു. കടപ്പുറത്തു കാററുകൊള്ളാൻ ചെന്നിരുന്ന ആളുകരം അവരവരുടെ ഭവനങ്ങളിലേയ്ക്കു യാത്രയായി. രണ്ടു പേർ മാത്രം കടൽപ്പുറത്തു ഉണ്ടായിരുന്നു. അവർ തീവ്രമായ ചർച്ചയിൽ മുഴുകിയിരുന്നതുകൊണ്ടു സമയം പോയതറിഞ്ഞില്ല. ഒരാരം വാർദ്ധക്യത്തോടു അടുത്തവനും അപരൻ യുവാവുമായിരുന്നു.

ഒന്നാമൻ:- (വാർദ്ധക്യത്തോടു അടുത്തയാരം) എല്ലാം ഒന്നാണെന്നു പറയുന്നതിനോടു എനിക്കു യോജിപ്പില്ല.

രണ്ടാമൻ:- (യുവാവ്) ഒന്നിൽനിന്നാണു എല്ലാം പിരിഞ്ഞിരിക്കുന്നതെന്നും അതെല്ലാം വീണ്ടും ആ ഒന്നിൽതന്നെ ലയിക്കുന്നു എന്നുമാണു തത്ത്വശാസ്ത്രം പഠിപ്പിയ്ക്കുന്നത്.

ഒന്നാമൻ:- അങ്ങനെയാണെങ്കിൽ ദൈവവും മനുഷ്യനുമെന്നു രണ്ടു വിഭാഗം ഉണ്ടാവില്ലല്ലോ?

രണ്ടാമൻ:- ദൈവത്തിൻെറ അംശം എല്ലാപേരിലുംഉണ്ടെന്നാണു പറയുന്നത്. അതിൽ അടങ്ങിയിരിക്കുന്ന സത്തയെ ചിലർ സാധനയിലൂടെ പ്രകാശിപ്പിക്കുവാൻ ശ്രമിക്കുന്നു. മററു ചിലർ അതിനുവേണ്ടി പ്രയത്നിക്കുന്നില്ല.

ഒന്നാമൻ:- അപ്പോരം ദ്വൈതമായിട്ടുഒന്നു മില്ലഎന്നാണു നിങ്ങളുടെ അഭിപ്രായം.

ഈ സംവാദം നടന്നുകൊണ്ടിരുന്ന അവസരത്തിൽ കാഷായവേഷധാരിയായ ഒരു മധ്യവയസ്കൻ അവരുടെ അടുത്തുകൂടെ കടന്നുപോയി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"ഒന്നേയുള്ളൂ. രണ്ടില്ല" എന്നു പറഞ്ഞുകൊണ്ടാണു അദ്ദേഹം നടന്നുപോയത്.

വയോവൃദ്ധനും യുവാവും അമ്പരന്നു. അദ്ദേഹം ഏതാണ്? എന്തായാലും ആ മനുഷ്യനെ പരിചയപ്പെടണം. വയോവൃദ്ധനും യുവാവും പിന്നാലെ ചെന്നു. എന്നിട്ടും ആ മനുഷ്യൻ നടക്കുകയാണ്. അവർ അദ്ദേഹത്തിൻെറ മുൻപിൽ എത്തി. കാഷായവേഷധാരിയായ മനുഷ്യൻ നിന്നു. അദ്ദേഹത്തിൻെറ തേജ്ജസു ചന്ദ്രൻെറ പ്രകാശമേററു തിളങ്ങി.

"എന്താവേണ്ടത്"? കാഷായവേഷധാരി ചോദിച്ചു.

ഞങ്ങൾ വാദപ്രതിവാദം നടത്തികൊണ്ടിരുന്ന വിഷയത്തിന് ഉത്തരംപറഞ്ഞിട്ടു നടന്നകന്നതാങ്കളെകാണാനാണു ഓടിയത്.

ഒന്നാമൻ:- "താങ്കളുടെ ജന്മസ്ഥലമെവിടെയാണ്?

കാഷായവസ്ത്രധാരി } "ചെമ്പഴന്തി"

വയോവൃദ്ധനും യുവാവിനും തങ്ങൾ ആരുടെ മുമ്പിലാണു നില്ക്കുന്നതെന്നു മനസ്സിലായി. വയോവൃദ്ധൻ-സ്വയം പരിചയപ്പെടുത്തി. "എൻെറ പേർ അബ്ദൽഅസീസ് എന്നാണ്. എല്ലാവരും മുസലിയാർ എന്നു വിളിക്കും. യുവാവിനെയും പരിചയപ്പെടുത്തി. ഈ യുവാവ് ഇവിടെ അടുത്തുള്ള ആളാണ്. പേര് അബ്ദൽറഹ്മാൻ. തത്ത്വചിന്ത പഠിച്ചുകൊണ്ടിരിയ്ക്കുന്ന ഒരു വിദ്യാർത്ഥി.

വയോവൃദ്ധൻ:- സ്വാമി, എൻെറഗൃഹം ഇവിടടുത്താണ് അവിടെപോയി വിശ്രമിക്കാം

കാഷാ: വേഷ: വിരോധമില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചന്ദ്രികാധവളിതമായ ആ രാത്രിയിൽ അവർ കടപ്പുറത്തുകൂടി നടന്നു. രണ്ടാം പാലത്തിൽ എത്തി. അവിടെനിന്നും വർക്കലെത്തോടിൻെറ കരയിലൂടെ മുന്നോട്ടുനടന്നു പടികടം കയറി. അരിവാളത്തു തൊടിയിൽ എന്നഗൃഹത്തിൽ എത്തി.

അന്നു രാത്രി ഗുരുദേവൻ അസീസു മുസലിയാരുടെവസതിയിൽ വിശ്രമിച്ചു. വെളുപ്പിനു അദ്ദേഹം യാത്രയായി. മുസലിയാർ പുലർച്ചയ്ക്കു ചെന്നു നോക്കിയപ്പോഠം അതിഥിയെ കണ്ടില്ല. മുസലിയാർ അബ്ദൽറഹ്മാനോടുപറഞ്ഞു'' ഇന്നലെവരെ ദ്വൈതത്തിൽവിശ്വസിച്ചു കൊണ്ടിരുന്ന എന്നെ വെറും മൂന്നു അക്ഷരങ്ങഠം കൊണ്ടു അദ്വൈതത്തിൻെറ അടിമയാക്കിയ അദ്ദേഹം മഹാപണ്ഡിതൻതന്നെ. പണ്ഡിതൻ മാത്രമല്ലാ; ഒരു മഹാത്മാവുകൂടിയാണു''. ഈ അഭിപ്രായം കേട്ടയുടനെ യുവാവായ അബ്ദൽറഹുമാൻ പറഞ്ഞു ''അപ്രതീക്ഷിതമായിട്ടാണെങ്കിലും താങ്കളുടെയും ഗുരുദേവൻെറയും പാണ്ഡിത്യ പ്രകടനമാണു യഥാർത്ഥത്തിൽ ഇങ്ങനെ ഒരു സമാഗമത്തിനു കളമൊരുക്കിയത്. മാത്രമല്ല. പ്രതിഭാധനന്മാർക്കു മാത്രമേ പ്രതിഭാധനന്മാരെ മനസ്സിലാക്കാൻ കഴിയൂ''.

പിന്നീടു പലപ്പോഴും മുസലിയാരുടെ ഗൃഹം ഗുരു സന്ദർശിച്ചിട്ടുണ്ട്. ഖുറാനിൽ ഉഠംക്കൊള്ളുന്ന ജീവിത സത്യത്തെക്കുറിച്ചും ബൈബിളിൽ നിഗൂഹനം ചെയ്തിരിക്കുന്ന സ്നേഹാംശത്തെക്കുറിച്ചും ഹിന്ദു പുരാണങ്ങളിൽ അടങ്ങിയിരിക്കുന്ന കർമ്മതത്ത്വത്തെക്കുറിച്ചുംഅവർ ചർച്ചചെയ്യാറുണ്ടായിരുന്നു. അറബി, തമിഴ് മുതലായ ഭാഷകളിലും സാഹിത്യങ്ങളിലും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അംപ്ദൽ അസീസ് മുസലിയാർക്കുണ്ടായിരുന്ന അപാരമായ അറിവിനെ ശ്രീനാരായണ ഗുരുദേവൻ വിലമതിച്ചിരുന്നു. അക്കാലത്തു ജീവിച്ചിരുന്ന പണ്ഡിതന്മാരിൽ ഒരു പ്രധാനിയുംകൂടിയായിരുന്നു മുസലിയാർ. ഒരിക്കൽ ഗുരുവും മുസലിയാരും തമ്മിൽ ഒരു ചർച്ച നടക്കുകയുണ്ടായി. അർത്ഥവത്തും രസാവഹവുമായിരുന്നു ആ ചർച്ച.

മുസലിയാർ;- ഉ പ ദേ ശകന്മാർ എങ്ങനെ യുള്ളവരായിരിക്കണം ?

ഗുരുദേവൻ :- ശരിയുംസമഗ്രവുമായ അറിവുംനേടിയവരായിരിക്കണം.

മുസ:- മനുഷ്യൻെറ ദുഃഖത്തിനു കാരണം ദാരിദ്ര്യം മാത്രമാണോ ?

ഗുരു:- അല്ല. അജ്ഞാനമാണു പ്രധാനകാരണം

മുസ:- തെററായ അറിവല്ലേ അജ്ഞാനം

ഗുരു:- തീർച്ചയായും. ശ രി യാ യ അറിവാണു ജ്ഞാനം

മുസ:- ശരിയായ അറിവുണ്ടാകുന്നതുവരെ തെററായഅറിവ് ജനങ്ങളിൽനിലനില്ക്കും

ഗുരു:- ഈ പ്രപഞ്ചം ഏകമയമായ ചൈതന്യമാണെന്നും, അതിൻെറവെളിച്ചത്തിൽ മനുഷ്യനും മനുഷ്യനും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നുമുള്ളതാണു.യഥാർത്ഥമായ അറിവ്

മുസ:- മനുഷ്യർപലജാതിയിൽപ്പെട്ടവരും പല ദൈവങ്ങളെ ആരാധിക്കുന്നവരുമാണ്. ഇതിൽനിന്നും അവർ വിഭിന്ന വർഗ്ഗക്കാരാണെന്നു പറയാമോ ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരു:- തെററായ അറിവു ഭേദബുദ്ധി സൃഷ്ടിക്കുന്നു. അതിൻെറ ഫലമായി മാത്സര്യങ്ങളും ഉച്ചനീചഭാവങ്ങളും എപ്പോഴും ഉണ്ടാകുകയും അതു കലഹത്തിനു വഴിതെളിക്കുകയും ചെയ്യുന്നു.

മുസ:- അതിനൊരു പോംവഴി?

ഗുരു:- അവരെ ഉദ്ധരിക്കാൻ സിദ്ധിയും വിശുദ്ധിയും ബുദ്ധിയും സ്നേഹവുമുള്ള ഗുരുക്കന്മാർക്കേ കഴിയൂ. ബുദ്ധനും, ക്രിസ്തുവും, നബിയും വിജയിച്ചതു അവിടെയാണ്'',

ഇമ്മാതിരിയുള്ള ചർച്ചകളിൽ രണ്ടുപേർക്കും വലിയതാത്പര്യ മുണ്ടായിരുന്നു. ഇവരുടെ ചർച്ച കേൾക്കാൻ പണ്ഡിതന്മാർ പലപ്പോഴും അവിടെ സന്നിഹിതരായിട്ടുണ്ട്.

ഒരിക്കൽ ഗുരുദേവൻ വർക്കലത്തോടിലൂടെ വള്ളത്തിൽ യാത്രചെയ്യുകയായിരുന്നു. അരിവാളം എന്ന സ്ഥലത്ത് എത്തിയപ്പോൾ തോണിക്കാരനോടു തുഴച്ചിൽ നിർത്താൻ അരുൾചെയ്തു. അനുയായികളിൽ ഒരാളെ തൊടിയിൽവീട്ടിലേക്കു അയച്ചിട്ട് മുസലിയാർ ഉണ്ടോ എന്നു അന്വേഷിക്കുവാൻ കല്പിച്ചു. അനുയായി മുസലിയാരുടെ വീട്ടിൽചെന്നിട്ട് 'മുസലിയാരെ 'ഗുരുദേവൻ വിളിക്കുന്നു' എന്നുപറഞ്ഞു. ഞാൻ വരുന്നില്ല' എന്നു മുസലിയാർ മറുപടി പറഞ്ഞു.

പോയ ആൾ വരാൻ വൈകിയതുകൊണ്ടു ഗുരുദേവൻ മുസലിയാരുടെ വീട്ടിലേക്കുചെന്നു. ഗുരുദേവനെ കണ്ടയുടനെ ''ഞാൻ അങ്ങോട്ടുവന്നാൽ സ്വാമി എൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വീട്ടിൽ കയറാതെ പോകും.'' എന്നു മുസലിയാർ പറഞ്ഞതുകേട്ടു ഗുരുദേവൻ പുഞ്ചിരിച്ചു.

സാമ്പത്തികമായ പരാധീനതയുംവാർദ്ധക്യ സഹജമായ പ്രയാസങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു മുസലിയാർ. ഈ വേളയിൽ ഗുരുദേവൻ ചോദിച്ചു.

ഗുരുദേവൻ- വാർദ്ധക്യം ബാധിച്ചിരിക്കുകയല്ലേ ? വിശ്രമം ആവശ്യമാണല്ലോ.

മുസലിയാർ- വിശ്രമം എന്തെന്നു എനിക്കറിയില്ല. എപ്പോഠം സമയം കിട്ടുന്നുവോ അപ്പോഠം വായിക്കുവാൻ ധാരാളം ഗ്രന്ഥങ്ങഠം ഉണ്ട്. സമയം കിട്ടുമ്പോഴെല്ലാം പുരാണേതിഹാസങ്ങഠം വായിക്കാൻ കഴിയുന്നു. തമിഴ് സാഹിത്യത്തിലെ തിരുക്കുറഠം എന്നെ കെട്ടിപ്പുണർന്നിരിക്കുകയാണ്.

ഗുരുദേവൻ- ഗ്രന്ഥങ്ങഠം സമാധാനമായിരുന്നു വായിക്കുവാൻ പ്രശാന്തമായ ഒരു സ്ഥലം ആവശ്യമാണ്. നാം ശിവഗിരിയിൽ പള്ളിപണികഴിപ്പിച്ചു തരാം. അവിടെയിരുന്നുവായിക്കുകയും പഠിക്കുകയും ചെയ്യാമല്ലോ.

ഗുരുദേവന്റെ അഭിപ്രായംകേട്ടു മുസലിയാർ പുഞ്ചിരിതൂകി, ആ പുഞ്ചിരിയിൽ അതിന്റെ അർത്ഥം തെളിഞ്ഞു നിന്നിരിക്കണം. കാരണം അദ്വൈതചിന്തകനായ, അദ്വൈത പ്രവർത്തകനായ ഗുരുദേവനു സ്വർഗ്ഗവും ഭൂമിയും പാതാളവും ഒന്നുതന്നെ. രണ്ടില്ല. എല്ലാ മതങ്ങഠംക്കും ശിവഗിരിയുടെ അന്തരീക്ഷത്തിൽ സ്ഥാനമുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്വൈതത്തിൻെറ വെറുമൊരു പ്രവാചകനായിട്ടല്ല ഗുരുദേവനെ നാം കാണുന്നത്. ഒന്നേയുള്ളൂ രണ്ടില്ല എന്നു വ്യക്തമായ ഭാഷയിൽ മതിയാകുന്ന ഉദാഹരണങ്ങൾകൊണ്ടു തെളിയിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. മററുപല മഹാന്മാരും വെട്ടിത്തുറന്നു പറയാൻ മടിച്ചകാര്യങ്ങൾ യാതൊരു ശങ്കയും കൂടാതെകൊച്ചുവാചകങ്ങളിൽ ഒതുക്കാനും അതിനെ പ്രാവർത്തികമാക്കാനും ഗുരുവിനു സാധിച്ചു.അല്പം ചിലവാക്കുകൾകൊണ്ട് മഹാവിപ്ലവം സൃഷ്ടിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞുഎന്നതാണു സത്യം.

മുസലിയാരും ഗുരുദേവനും തമ്മിലുണ്ടായിരുന്ന ബന്ധത്തെക്കുറിച്ചു ലേഖകനു വിവരിച്ചുതന്നതു വക്കം മജീദു Ex M L A യാണ്. മജീദിൻെറ ഒരു അടുത്ത ബന്ധുവായിരുന്നു ഇസ്മായിൽ അസീസ് മുസലിയാർ.

ഉണ്ണായിവാര്യരേയും നമ്പ്യാരേയും ബന്ധിച്ചതു അവരുടെ പാണ്ഡിത്യമായിരുന്നല്ലോ. അതുപോലെ ഗുരുദേവനേയും മുസലിയാരെയും ബന്ധിച്ചതു അവരുടെ പാണ്ഡിത്യം തന്നെയായിരുന്നു.

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 27

റിക്ഷായുടെ കഥ

ശിവഗിരി സ്കൂരം പണിതുകൊണ്ടിരുന്നകാലമായിരുന്നു അത്. സമയം ലഭിക്കുമ്പോഴെല്ലാം ഗുരു സ്കൂരംകെട്ടിടം പണിയുന്ന സ്ഥലത്തേക്കു നടന്നുപോവുക പതിവായിരുന്നു. ഇന്നത്തെപോലെ ടാർ ചെയ്തറോഡ് അന്നില്ലായിരുന്നു. പാറകരം വെട്ടിയിടിച്ച് കഷ്ടിച്ച് ഒരു കാളവണ്ടിക്ക് പോകത്തക്ക വീതി മാത്രമേ ആ റോഡിനുണ്ടായിരുന്നുള്ളൂ. വലുതും ചെറുതുമായ പാറക്കഷണങ്ങരം ചവിട്ടിക്കടന്നാണ് പോകേണ്ടിയിരുന്നത്. പാറക്കഷണങ്ങളിൽ പലതും കൂർത്തതും മൂച്ചയുള്ളതുമായിരുന്നു. ഒരു ദിവസം സ്കൂരം കാമ്പൗണ്ടിൽ നിന്ന് ഗുരുദേവൻ തിരിച്ചു ശിവഗിരിയിൽ വന്നപ്പോരം റോസാപ്പുനിറമുള്ള ആ പാദങ്ങളിൽ പലഭാഗത്തായി രക്തം പൊടിഞ്ഞിരിക്കുന്നത് പലശിഷ്യഗണങ്ങളുംകണ്ടു. ശിഷ്യഗണങ്ങരംക്കു വേദനയുണ്ടായി. അവരുടെ മുഖഭാവം ഗുരുശ്രദ്ധിച്ചു. ഏതോ ഒരു പച്ചില പറിച്ച് തേച്ചപ്പോരം ചെറിയ മുറിവുകളുണങ്ങി. ശിഷ്യഗണങ്ങരംക്കു സന്തോഷം ജനിച്ചു ഏങ്കിലും ഒരു ഗൃഹസ്ഥശിഷ്യനെ ആ സംഭവം വളരെ വേദനിപ്പിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിറേറദിവസം വൈദികമഠത്തിൻെറ വരാന്ത യിൽ ഒരു കസേരയിലിരുന്നു ഗുരു വിശ്രമിക്കുകയായിരുന്നു. ഭക്തജനങ്ങൾ ഗുരുവിനെ ചെന്നു കണ്ടു വണങ്ങി തിരികെ പൊയ്ക്കൊണ്ടിരുന്നു. ഭക്തജനങ്ങളുടെ തിരക്ക് തീർന്നപ്പോൾ ആ ഗൃഹസ്ഥശിഷ്യൻ സാവധാനം തൊഴുകൈയ്യോടെ തൃപ്പാദങ്ങളുടെ സമീപത്തേക്ക് ചെന്നു. ആ ശിഷ്യൻെറ പേര് പ്രാക്കുളം പുതുവേലിൽ അയ്യൻ കേശവൻ എന്നായിരുന്നു.

ഗുരുദേവൻ:- കേശവന് എന്താണാവശ്യം?

കേശവൻ:- ഞാൻ തൃപ്പാദങ്ങളിൻനിന്നും അനുവാദംവാങ്ങാനാഗ്രഹിക്കുന്നു.

ഗുരുദേവൻ:- പണച്ചെലവുണ്ടാക്കുന്ന കാര്യത്തിനല്ലേ?

കേശവൻ:- പണംചെലവായാലും അതുമൂലം ആനന്ദമുണ്ടാകും.

ഗുരുദേവൻ:- ആനന്ദംലഭിക്കുന്നത് അവരവരുടെ പ്രവർത്തനത്തിൻെറ ഫലമായിട്ടാണ് കേശവൻെറ ആഗ്രഹം എന്താണ്?

കേശവൻ:- ഒരുറിക്ഷാവാങ്ങി തൃ പ്പാ ദ ങ്ങ ളിൽ കാഴ്ച വ യ് ക്ക ണ മെ ന്നു ള്ളതാണ് ആഗ്രഹം.

ഗുരുദേവൻ:- നാം റിക്ഷാ ഉപയോഗിക്കാറില്ലല്ലോ?

കേശവൻ:- തൃപ്പാദങ്ങൾ ചെ റി യ യാത്രയ്ക്ക് റിക്ഷാ ഉ പ യോ ഗി ക്ക ണ മെ ന്നാ ണ് എൻെറ ആഗ്രഹം.

ഗുരുദേവൻ:- നാം സുഖമായിട്ടു നടന്നു പൊയ്ക്കൊണ്ടിരിക്കുന്നു.

കേശവൻ:- ഇന്നലെ കൂർത്തു മൂർച്ചയേറിയ കല്ലുകളിൽ തട്ടിതൃപ്പാദങ്ങളുടെ കാൽ മുറിഞ്ഞിരിക്കുന്നത് കാണാനിടയായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുദേവൻ:- നാം വേളി മലയിലും മരുത്വാ മലയിലും അരുവിപ്പുറത്തും സഞ്ചരിച്ചകാലത്ത് കല്ലും, മുള്ളും, കാടും, മേടും ഉണ്ടായിരുന്നു. അവിടത്തെക്കാൾ എത്രയോ സുഖമുള്ള അ വ സ്ഥ യാണ് ഇവിടുത്തേത്. ഇവിടത്തെ മണ്ണ് പൂ മെ ത്ത പോലെ കിടക്കുകയല്ലേ?

കേശവൻ:- എന്റെ ജീവിതത്തിലെ ഏററവും വലിയ ആഗ്രഹമാണ് ഒരു റിക്ഷാവാങ്ങി കാഴ്ച്ച വയ്ക്കുക എന്നത്.

ഗുരുദേവൻ:- റിക്ഷാവാങ്ങുമ്പോൾ അ തു വ ലി ക്കു വാൻ ആളുവേണ്ടേ? ഒരു മ നു ഷ്യ ൻ മററൊരു മനുഷ്യനെ റിക്ഷയിൽ ഇരുത്തി വലിച്ചു കൊണ്ടു പോകുന്നതു നന്നല്ല, അതുപാപമാണ്.

കേശവൻ:- തൃപ്പാദങ്ങളെ ആ റിക്ഷയിലിരുത്തി വലിക്കുമ്പോൾ ഞങ്ങൾ എന്തെങ്കിലും പാപം ചെയ്തിട്ടുണ്ടെങ്കിൽ ആ പാപം തീരുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

ഗുരുദേവൻ:- വിശ്വാസം രക്ഷിക്കട്ടെ !

കേശവൻ മുതലാളിയുടെ സ ന്തോ ഷ ത്തി ന തിരില്ലായിരുന്നു. അദ്ദേഹം ഉടനെതന്നെ നാട്ടിലേയ്ക്ക് പുറപ്പെട്ടു. വീട്ടിലെത്തി കുടുംബാംഗങ്ങളെ വിവരം ധരിപ്പിക്കണം. സംതൃപ്തികൊണ്ടു തുള്ളിച്ചാടിയ മുതലാളി സന്ധ്യയോടടുത്ത സമയത്തു പുതുവേലിൽ എത്തിച്ചേർന്നു. റിക്ഷാവാങ്ങി ഗുരുദേവനുകാഴ്ചവയ്ക്കുന്നവിവരം കുടുംബാംഗങ്ങളെ അറി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിച്ചു. ഗുരുദേവൻെറ സമ്മതം ലഭിച്ചു എന്നുകൂടി അറിഞ്ഞപ്പോഠം കുടുംബാംഗങ്ങളുടെ സന്തോഷത്തിനു അളവില്ലായിരുന്നു. ആ വീടും പരിസരവും ആനന്ദ സാഗരത്തിലാറാടി. എങ്ങനെയുള്ള റിക്ഷായായിരിക്കണം. ഏററവും നവീനരീതിയിലുള്ളറിക്ഷാ. നാടൻതരം തടികൊണ്ടുള്ള റിക്ഷായാണ് അ ക്കാ ലത്തു സാധാരണയായി ഉപയോഗിച്ചുവന്നതു്. അമ്മാതിരിയുള്ള റിക്ഷായേ അപ്പോഠം അവിടെ ലഭിക്കുകയുള്ളൂ. ഇനി എന്താ പണി? കേശവൻ മുതലാളിയുടെ ചിന്തയ്ക്കു ചൂടു പിടിച്ചു. വീട്ടുമുററത്തു അദ്ദേഹം മ്ലാനവദനനായി നടക്കുകയായിരുന്നു. പെട്ടെന്നു ചിന്തയിൽനിന്നും ഉണർന്ന ആ മനുഷ്യൻ ചി രി ച്ചു കൊ ണ്ടു ഉമ്മറത്തേയ്ക്കു കയറിച്ചെന്നു. "കൊച്ചിയിലെ കമ്പനിയുമായി സംസാരിച്ചു നോക്കാം. ഒരു പക്ഷെ അവർ വിദേശത്തുനിന്നും റിക്ഷാ വരുത്തിത്തരും" മുതലാളിയുടെ അഭിപ്രായം എല്ലാവരേയും തൃപ്തിപ്പെടുത്തി.

മലയിൽനിന്നും മരുന്നു എടുക്കുവാൻ പോകുന്ന ഹനുമാനെപ്പോലെ പിറേറ ദിവസം പ്രഭാതത്തിൽ കേശവൻ മുതലാളി കൊ ച്ചി യി ലേ ക്കു തിരിച്ചു. കൊച്ചി അന്നും ഇന്നും ഒരു വാണിജ്യകേന്ദ്രമാണല്ലോ? കയറുവ്യാപാരം നടത്തുന്ന പല കമ്പനികളും അവിടെയുണ്ട്. അവരെല്ലാം വിദേശകമ്പോളങ്ങളുമായി ബന്ധമുള്ളവരാണ്. കേശവൻ മുതലാളി കയറുവ്യവസായം നടത്തിവന്നിരുന്നയാളായിരുന്നതുകൊണ്ടു അദ്ദേഹത്തിനു കൊച്ചിയിലെ പല പ്രമുഖ കമ്പനികളുമായി അടുപ്പമുണ്ടായിരുന്നു. മുതലാളി കൊച്ചിയിലെ ഒരു കമ്പനിയോടു തൻെറ അപ്പോഴത്തെ ആഗമനോദ്ദേശം അറിയിച്ചു. കമ്പനിക്കാർ അന്നുതന്നെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരു പുതിയ റിക്ഷാ ആവശ്യപ്പെട്ടുകൊണ്ടു ജപ്പാനിൽ റിക്ഷാ നിർമ്മിക്കുന്ന കമ്പനിയ്ക്കു എഴുതി. ഉടൻ തന്നെ റിക്ഷായുടെ വിലയെക്കുറിച്ചു ഒരു കത്തു കൊച്ചിയിലെ കമ്പനിക്കു ലഭിച്ചു. ആ വിവരം കൊച്ചി കമ്പനിക്കാർ കേശവൻ മുതലാളിയെ അറിയിച്ചു. റിക്ഷായുടെ വില എഴുനൂറു രൂപായാണെന്നറിഞ്ഞപ്പോഠം മുതലാളി കമ്പനിക്കാരോടു ഇങ്ങനെ പറഞ്ഞു.

"റിക്ഷായുടെ വില എനിക്കു പ്രശ്നമല്ല. ഏററവും നവീന രീതിയിലുള്ള റിക്ഷാ അതിവേഗം ലഭിക്കണം." കേശവൻ മുതലാളിയുടെ ആത്മാർത്ഥതയിൽ കമ്പനിക്കാർക്കു അത്ഭുതം തോന്നി. അധികം താമസിയാതെ റിക്ഷാവണ്ടി ജപ്പാനിൽ നിന്നും അവർ വരുത്തി.

ഒരു ഘോഷയാത്രയുടെ പ്രതീതി ജനിപ്പിച്ചുകൊണ്ട് റിക്ഷാവണ്ടി വള്ളത്തിൽ കയററി പ്രാക്കുളത്തുള്ള ഭവനത്തിൽ കൊണ്ടുവരികയുണ്ടായി. റിക്ഷായ്ക്കു അനുയോജ്യമായ നിറത്തിലുള്ള പെയിൻറു തേച്ചു മനോഹരമാക്കി. അതിനുശേഷം റിക്ഷാവള്ളത്തിൽ കയററി വർക്കലയ്ക്കു കൊണ്ടുവന്നു. റിക്ഷാ കൊണ്ടുവന്ന വിവരമറിഞ്ഞു ആഹ്ലാദഭരിതരായ ജനത ശിവഗിരിക്കുചുററും ഓടിക്കൂടി. കേശവൻ മുതലാളിയും കൂട്ടരും പഞ്ചവാദ്യത്തിൻെറ അകമ്പടിയോടുകൂടി റിക്ഷാ ശിവഗിരിയിൽ കൊണ്ടുചെന്നു ഗുരുദേവനു കാഴ്ചവച്ചു. സുസ്മേരവദനനായ ഗുരുദേവൻ ഇങ്ങനെ കല്പിച്ചു.

"കേശവൻ പണം ധാരാളം ചെലവാക്കിയിരിക്കുന്നല്ലോ. ഈ പണം പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിനു ഉപയോഗിക്കാമായിരുന്നു."

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുദേവന്റെ അഭിപ്രായം ശ്രദ്ധിച്ച ജനക്കൂട്ടം പരസ്പരം നോക്കി നിന്നതല്ലാതെ ഒരക്ഷരം മറുപടി പറഞ്ഞില്ല. നിറഞ്ഞുനിന്ന നിശ്ശബ്ദതയെ ഭേദിച്ചു കൊണ്ടു വിനയാന്വിതനായി കേശവൻ മുതലാളി അപേക്ഷിച്ചു.

കേശ: മുതലാളി- ഒരു അപേക്ഷയുണ്ട്.

സ്വാമി- എന്താണ് ?

കേ: മുത: തൃപ്പാദങ്ങൾ വണ്ടിയിൽ കയറി ഇരിക്കണം. ഞങ്ങൾ തന്നെ ആദ്യമായി വണ്ടിവലിക്കും.

സ്വാമി- നിങ്ങളുടെ ആഗ്രഹം നടക്കട്ടെ.''

തൃപ്പാദങ്ങൾ റിക്ഷായിൽ കയറിയിരുന്നു. കേശവൻ മുതലാളിയും പ്രാക്കുളത്തു പലകശ്ശേരിയിൽ കുഞ്ഞുരാമൻ മുതലാളിയും കൂടി റിക്ഷാവണ്ടിയുടെ രണ്ടു കൈയും പിടിച്ചു ആല്പം മുന്നോട്ടു വലിച്ചു നടന്നു. അക്കാലത്തു ശിവഗിരിയുടെ മുമ്പിൽ ഒരു തടിപ്പാലം ഉണ്ടായിരുന്നു. അതുകഴിഞ്ഞപ്പോൾ തൃപ്പാദങ്ങൾ അരുളി. ''മതിയോ, ആശ സാധിച്ചില്ലേ? ഇനി വേറെ ആൾക്കാർ റിക്ഷാ വലിച്ചുകൊള്ളും''. ഉടൻതന്നെ അവർ രണ്ടു പേരും റിക്ഷാ വലിക്കുന്നതിൽ നിന്നും പിൻമാറി. റിക്ഷാ പിന്നീടു വലിച്ചതു ശിവഗിരിയിലെ അന്തേവാസികളായിരുന്നു. ആ വിവരം മറ്റൊരുലേഖനത്തിൽ സൂചിപ്പിച്ചിട്ടുള്ളതു കൊണ്ടു ഇവിടെ വിവരിക്കുന്നില്ല.

കേശവൻ മുതലാളിയുടെയും പലകശ്ശേരിയുടെയും ക്ഷണം സ്വീകരിച്ചു ചവറ, പ്രാക്കുളം മുതലായ സ്ഥലങ്ങളിൽ ഗുരു സഞ്ചരിച്ചിരുന്നു. ഇക്കാലത്തു ചട്ടമ്പിസ്വാമികളും പ്രാക്കുളത്തുണ്ടായിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചട്ടമ്പിസ്വാമികഠം പ്രാക്കുളത്തു തോട്ടുവയലിൽ പരമേശ്വരൻപിള്ളയുടെ ഭവനത്തിൽ വിശ്രമിക്കുകയായിരുന്നു. ഗുരുവും ചട്ടമ്പിസ്വാമികളും അവിടെവച്ചു കാണുകയും സംസാരിക്കുകയും ചെയ്യുക പതിവായിരുന്നു. അന്നു ചട്ടമ്പിസ്വാമികളും ഗുരുവും ഒന്നിച്ചിരുന്നു എടുത്തിട്ടുള്ള ഫോട്ടോ ഇന്നും പുതുവേലിൽ ഭവനത്തിൽ ഭദ്രമായി സൂക്ഷിച്ചിരിക്കുന്നതായി അറിയുന്നു. ചവറ ഗുഹാനന്ദപുരം സ്ക്കൂളും ക്ഷേത്രപരിസരവും ഗുരുവും ചട്ടമ്പിസ്വാമികളും പലപ്പോഴും സന്ദർശിച്ചിട്ടുണ്ട്. ഈ രണ്ടു ഗുരുക്കന്മാരോടൊത്തു ഷൺമുഖദാസ്സ്വാമി സഞ്ചരിച്ചിരുന്നു. ഇവർക്കു രണ്ടുപേർക്കും ആഹാരം തയ്യാറാക്കുന്നതിൽ ഷൺമുഖദാസ്സ്വാമികഠം വളരെ താല്പര്യം പ്രകടിപ്പിച്ചിരുന്നു.

ആയിടെ കേശവൻ മുതലാളി പണികഴിപ്പിച്ച ഭവനത്തിൽ ഗുരു വിശ്രമിക്കുകയായിരുന്നു. ഒരു ദിവസം ഗുരുദേവൻ കേശവൻ മുതലാളിയോടു ചോദിച്ചു.

സ്വാമി- ''കേശവനു മത്സ്യാഹാരം കഴിക്കുന്നതിൽ വലിയ താത്പര്യം കാണുന്നില്ലല്ലോ ?

കേ: മുത- ഇല്ല സ്വാമി.

സ്വാമി- എന്നാൽ ഈ ഭവനത്തിൽ ഇനിമേൽ മത്സ്യമാംസങ്ങഠം പാകം ചെയ്യാതിരുന്നുകൂടേ ?

കേ: മുത- സ്വാമി കല്പിച്ചതുപോലെ ചെയ്യാം.''

ആരെയും നിർബന്ധിപ്പിച്ചു ഒരു കാര്യവും ചെയ്യിക്കുന്ന പ്രകൃതം ഗുരുവിനില്ലായിരുന്നു. സന്ദർഭം വരുമ്പോഠം ചില കാര്യങ്ങഠം ചൂണ്ടിക്കാണിക്കും. അതു യഥാർത്ഥഭക്തജനങ്ങഠം അനുസരിക്കും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തലശ്ശേരി സ്വദേശിയായ ഗോപാലൻ മുൻസിഫിൻെറ ആഹാരത്തിൽ പ്രധാന ഇനമായിരുന്നു മത്സ്യം. അദ്ദേഹം ഇടയ്ക്കുവെച്ചു മത്സ്യാഹാരം ഉപേക്ഷിച്ചു. മുൻസിഫിനു വയറുവേദന തുടങ്ങി. പല പ്രസിദ്ധ ഭിഷഗ്വരന്മാരെയും കണ്ടു. ഫലമുണ്ടായില്ല. ഗുരുസന്നിധിയിൽ എത്തി. മത്സ്യാഹാരം കഴിക്കാൻ ഗുരുകല്പിച്ചു. മുൻസിഫിൻെറ വയറുവേദനക്കു ശമനം ഉണ്ടായി. ഒരു വ്യക്തിയുടെ ആഹാരരീതിപോലും ഗുരുമനസ്സിലാക്കിയിട്ടാണു അഭിപ്രായം പുറപ്പെടുവിക്കുന്നത്.

മേൽവിവരിച്ച റിക്ഷായുടെ കഥ ലേഖകനു വിവരിച്ചു തന്നതു ശ്രീനാരായണഭക്തനും സാംസ്കാരിക പ്രവർത്തകനും I. N. A. ക്കാരനുമായ ശ്രീമാൻ പന്തിയിൽ ശ്രീധരനാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 28

ഗൃഹസ്ഥ ശിഷ്യൻമാർ

സന്ന്യാസത്തേക്കാൾ എത്രയോ മേന്മയേറിയ താണു ഗൃഹസ്ഥാശ്രമം. അല്ലാതെ മററാരു ജീവിത സരണിയുണ്ടോ ! ഇപ്രകാരമാണു തിരുക്കുറൽ ഗ്രഹ സ്ഥാശ്രമധർമ്മത്തെ പുകഴ്ത്തുന്നത്. പണ്ടുമുതൽക്കേ ആദ്ധ്യാത്മിക ഗുരുക്കൻമാർ ഗൃഹസ്ഥ ശിഷ്യൻമാർക്കു വളരെ പ്രാധാന്യം നൽകിവന്നു. ഗുരുദേവനു ലക്ഷക്കണക്കിനു ഗൃഹസ്ഥ ശിഷ്യൻമാർ ഉണ്ടായിരുന്നു. അവരിൽ ഒരു നല്ലശതമാനം ആളുകൾ മാസത്തിലൊരിക്കൽ ശിവഗിരിയിൽ എത്തി സ്വാമിയെ വന്ദിക്കുമായിരുന്നു. ചിലപ്പോൾ ഏതാനും ദിവസം ശിവഗിരിയിൽ താമസിക്കും.

പാണാവള്ളികൃഷ്ണൻവൈദ്യർ ചാവർകോട്ടുഊമ മാർത്താണ്ഡൻ വൈദ്യർ, ശീമ മാർത്താണ്ഡൻ വൈദ്യർ, മംഗലശ്ശേരി ഗോവിന്ദൻ മുതലാളി, പ്രാക്കുളം കുട്ടൻ മുതലാളി, മൂലൂർ പത്മനാഭ പണിയ്ക്കർ, മൂർക്കോത്തു കുമാരൻ, സി. വി. കുഞ്ഞുരാമൻ, കൊററ്യത്തു രാമുണ്ണി വക്കീൽ, അയ്യാക്കുട്ടി ജഡ്ജി, ഗോവിന്ദൻ ജഡ്ജി, വർക്കല പ്പാവിള കേശവൻ മേസ്തിരി, ചിലന്തിക്കുഴി കേശവൻ മേസ്തിരി, വക്കത്തു കൊച്ചുപപ്പു തരകൻ, കടയ്ക്കാവൂർ മീനാംകുഴി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിൽ വേലു സന്ന്യാസി, അഴികത്തു വേലായുധൻ തരകൻ, പേട്ടയിൽ മാതു കുത്തകക്കാരൻ തുടങ്ങിയവർ ഗൃഹസ്ഥശിഷ്യൻമാരുടെ പരമ്പരയിൽപെടുന്നു.

ഒരു ഗൃഹസ്ഥശിഷ്യനായിരുന്നു തൃശൂർ ഏങ്ങണ്ടിയൂർ പണിക്കശ്ശേരി വീട്ടിൽ ശങ്കുണ്ണി, ഗുരുദേവൻ ഏങ്ങണ്ടിയൂർ വീടു സന്ദർശിക്കുമ്പോഴം സ്വാമിക്കു വിശ്രമിക്കുവാനായി പ്രത്യേകം മുറിയും, കട്ടിലും മെത്തയും ശങ്കുണ്ണി കരുതിയിരുന്നു. ഗുരുദേവൻ സമാധിയടഞ്ഞു വർഷങ്ങഠം പലതുകഴിഞ്ഞു. ഏങ്ങണ്ടിയൂരിലെ പഴയ ഗൃഹം ഇടിച്ചുപൊളിച്ചു പുതിയതു പണിഞ്ഞുവെങ്കിലും ഗുരുദേവൻ വിശ്രമിച്ചിരുന്ന മുറി അതുപോലെ ഭദ്രമായി കാത്തു സൂക്ഷിച്ചുപോരുന്നുണ്ടെന്നു ശങ്കുണ്ണിയുടെ ജാമാതാവും ശ്രീനാരായണ ധർമ്മ പരിപാലനയോഗത്തിൻെറ മുൻ സെക്രട്ടറിയുമായ ശ്രീ. എ. എസ്. പ്രതാപ്സിംഗ് ലേഖകനോടു പറയുകയുണ്ടായി. സുപ്രസിദ്ധമായ കൂർക്കാഞ്ചേരി ക്ഷേത്രത്തിൻെറ പ്രധാന സ്ഥാപകൻമാരും ഗുരുദേവൻെറ ഗൃഹസ്ഥ ശിഷ്യൻമാർതന്നെയായിരുന്നുവെന്നു അദ്ദേഹം കൂട്ടിച്ചേർത്തു.

മറെറാരു ഗൃഹസ്ഥ ശിഷ്യനാണു ചിറയിൻകീഴ്, വിദ്വാൻ. വി. കെ. കേശവൻ. അദ്ദേഹത്തിൻെറ മകൻ സുധീന്ദ്രൻ (ശിവഗിരി സ്ക്കൂളുകളുടെ മാനേജർ) എഴുതി അയച്ചുതന്ന കുറിപ്പു താഴെചേർക്കുന്നു.

"ശിവഗിരി ശാരദാപ്രതിഷ്ഠ കഴിഞ്ഞ് മാസങ്ങഠംക്കകം എൻെറപിതാവ്, വി. കെ. കേശവൻ അവർകഠം ശിവഗിരിയിൽ സംസ്കൃതാഭ്യാസത്തിനുചെന്നു ചേർന്നു. അക്കാലത്ത് ഗുരുദേവൻെറ അന്തേവാസ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിനുകൂടി അച്ഛരന് സന്ദർഭം കിട്ടി. ഗുരുദേവനു വരുന്ന കത്തുകൾക്കു മറുപടി എഴുതിക്കുന്നത് അച്ഛരനെക്കൊണ്ടായിരുന്നുവെന്നു അച്ഛരൻെറ സതീർത്ഥ്യൻമാർ പറഞ്ഞുകേട്ടിട്ടുണ്ട്. 'കേശവാ' എന്നു കനിവാർന്ന മൃദുസ്വരത്തിൽ ഗുരുദേവൻ വിളിക്കുന്നതും എഴുത്തുകൊണ്ടുവരാൻ അരുൾചെയ്യുന്നതും കേട്ട് സഹപാഠികൾ സുഖിക്കുമായിരുന്നുവത്രേ! ഗുരുദേവൻ കല്പിച്ചതനുസരിച്ചാണു അച്ഛരൻ പട്ടാമ്പിയിൽ സംസ്കൃതം പഠിക്കാൻ പോയതെന്നും കേട്ടിട്ടുണ്ട്.

പ്രശസ്തമായ നിലയിൽ മദ്രാസ് സർവകലാശാലയുടെ സംസ്കൃതവിദ്വാൻ പരീക്ഷ പാസ്സായതും കാവ്യപണ്ഡിതനെന്ന നിലയിൽ ശ്രദ്ധേയനായതും അയത്നസുന്ദരമായി തിരുവനന്തപുരം VJT ഹാളിലെ അഭിജ്ഞസദസ്സുകളിൽ സംസ്കൃതത്തിൽ പ്രസംഗിക്കാൻ കഴിഞ്ഞതും മഹാകവി കുമാരനാശാൻെറ സ്നേഹം സമാർജ്ജിക്കാൻ സാധിച്ചതും ആശാൻ തന്നെ ആവശ്യപ്പെട്ട് ചിന്താവിഷ്ടയായ സീതയ്ക്കു ടിപ്പണം എഴുതാൻ ഇടയായതും ഒക്കെ ഗുരുദേവാനുഗ്രഹംകൊണ്ടുതന്നെ.

കൊല്ലവർഷം 1103-ൽ ശ്രീനാരായണ ഗുരുദേവജയന്തിക്ക് അച്ഛരൻ എഴുതി പ്രസിദ്ധപ്പെടുത്തിയ ശ്ലോകം ഇങ്ങനെയാണ്.

ആത്മജ്ഞാനപ്രദീപം തെളിവൊടുവിലസു
ന്നുള്ളിലെന്നുള്ളതാർക്കും
ചേലേറും മന്ദഹാസാലരുളുമമലമാം
'സ്വാമി' തന്നാസ്യശോഭ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മങ്ങാതെന്നും ജനങ്ങരംക്കവികല സുഖമാം
ധർമ്മമാർഗ്ഗത്തെ നൽകാ-
നത്യന്തം രക്ഷയെന്നോർത്തഖിലരുമൊരു
മിച്ചാശംസിക്കുന്നുമോദാൽ''

കടയ്ക്കാവൂർ മീനാംകുഴിവീട്ടിൽ വേലു സന്ന്യാസിയുടെ ഗൃഹം ഗുരുദേവൻ സന്ദർശിക്കാറുണ്ടായിരുന്നു. തൃപ്പാദങ്ങരം അവിടെ എത്തുമ്പോരം ഒരു ഉത്സവത്തിൻെറ പ്രതീതിയുണ്ടാകുമായിരുന്നുവത്രെ. ഗുരുദേവൻ എഴുന്നെള്ളുന്നു എന്നറിയുന്ന മാത്രയിൽ വീടുംപറമ്പുമെല്ലാം തൂത്തു വൃത്തിയാക്കും. തൃപ്പാദങ്ങരം കഴിച്ച ആഹാരത്തിൻെറ ശിഷ്ടം ലഭിക്കുവാൻ ഭക്ത ജനങ്ങരം കാത്തുനില്ക്കുമായിരുന്നെന്നു വേലു സന്ന്യാസിയുടെ മകരം ശ്രീമതി. കമലാക്ഷിഅമ്മ ഗ്രന്ഥകർത്താവിനോടു പറയുകയുണ്ടായി.

കിളിമാനൂരിൽ കാഞ്ഞിരത്തു പറമ്പൻ ഒരു ഗൃഹസ്ഥശിഷ്യനായിരുന്നു. കാഞ്ഞിരത്തു പറമ്പനുമൊത്തു അടയമൺ എന്ന സ്ഥലത്തുള്ള മേടയിൽ വീട്ടിൽ ഗുരുദേവൻ വിശ്രമിക്കുകയായിരുന്നു. ഭക്തജനങ്ങരം വിവരമറിഞ്ഞു ഓ ടി യെ ത്തി. അവിടെവച്ചു ഒരു പണ്ഡിതൻ ഗുരുദേവനോടു ചോദിച്ചു

"പുനർജന്മം ഉണ്ടോ?" ഗുരു ഉടനെ തിരിച്ചു ചോദിച്ചു. "പുനർജന്മം എന്നൊരു വാക്കുണ്ടോ"? ചോദ്യകർത്താവു അങ്ങനെ ഒരു വാക്കുഉണ്ടെന്നു പറഞ്ഞു. "എന്നാൽ അതുണ്ട്" എന്നു ഗുരു അരുളം ചെയ്തു.

മേടയിൽനിന്നും ഗുരു നേരേപോയതു തൊളിക്കുഴി ചിരട്ട ശാസ്താക്ഷേത്രത്തിനു സമീപത്താണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവിടെ നിന്നും ഒരു കിലോമീററർ അകലെയുള്ള മീൻമുട്ടി എന്ന സ്ഥലം ശാന്തത പ്രദാനം ചെയ്യുന്ന പ്രദേശമാണ്. ഒരു നാണം കുണുങ്ങി പെണ്ണിനെപ്പോലെ ഒഴുകിപ്പോകുന്ന ഒരു അരുവി അവിടെയുണ്ട്. അതിലെ ജലകണങ്ങൾ പാറകളിൽ തട്ടിചിന്നിച്ചിതറുന്നതു കാണാൻ രസമുണ്ട്. അതിനു സമീപമുള്ള ഒരു പാറമേൽ ഗുരുദേവൻ വിശ്രമിച്ചിട്ടുണ്ട്. ആ പാറയിൽ ഗുരുവിൻെറ രണ്ടു വിഗ്രഹങ്ങൾ കൊത്തിവച്ചിരിക്കുന്നു. പണ്ടു കാലത്തു ആരാദ്ധ്യ പുരുഷൻമാരുടെ രൂപം കല്ലിലും തടിയിലുമാണല്ലോ കൊത്തിവച്ചിരുന്നത്. അജന്തയിലും എല്ലോറയിലും ചെന്നാൽ ഇമ്മാതിരിയുള്ള എത്രയെത്ര രൂപങ്ങൾ നമുക്കു ദർശിക്കുവാൻ കഴിയും. കൂടാതെ സംസ്കൃതം, ഹിന്ദി, തമിഴ് മുതലായ ഭാഷകളിലെ ലിപികൾ ഇടകലർത്തി ചില വാക്കുകൾ ഈ പാറയിൽ കൊത്തിവച്ചിട്ടുണ്ട്. ഗുരു അവിടം സന്ദർശിച്ചിരുന്നു വെന്നതിനെ സൂചിപ്പിക്കുന്നതായി കണക്കാക്കാം ഈ എഴുത്ത്.

ഗുരു അവധൂതനായി കഴിഞ്ഞ കാലഘട്ടത്തിൽ അഞ്ചുതെങ്ങിൽ ധാരാളം സമയം ചെലവഴിച്ചിട്ടുണ്ട്. അവിടെ ഗുരുവിനു ഒരു ഗൃഹസ്ഥ ശിഷ്യനുണ്ടായിരുന്നു. മഠാധിപതി മാധവൻ പത്മനാഭൻ ഗുരു അഞ്ചുതെങ്ങു പഴയക്ഷേത്രത്തിൽ വിശ്രമിക്കുന്ന അവസരത്തിലാണു പത്മനാഭൻ ഗുരുദേവനെ പരിചയപ്പെടാൻ ഇടയായത്. ഭയഭക്തി ബഹുമാനത്തോടെ ഗുരുവിൻെറ സന്നിധിയിൽ ചെന്നുകാത്തുനിന്ന പത്മനാഭനെ കണ്ടിട്ടു ഗുരു ചോദിച്ചു.

ഗുരു: എന്താണ്?

ബ്രഹ്മചാരി: ഗുരുവിനെ കാണാൻ വന്നതാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരു: കണ്ടില്ലേ?

ബ്രഹ്മചാരി: കണ്ടു. അതുപോരാ തൃപ്പാദങ്ങരം എന്റെ ഗൃഹത്തിൽവന്നു വിശ്രമിക്കണം.

ഗുരു: നാം വരാം''

പത്മനാഭൻ താമസിച്ചിരുന്ന വീടിന്റെ പേര് മഠം എന്നാണ്. അതുകൊണ്ടു മഠാധിപതി പത്മനാഭനെന്നും അദ്ദേഹത്തെ വിളിച്ചിരുന്നു. ഗുരു, മഠാധിപതി പത്മനാഭന്റെ ആഗ്രഹപ്രകാരം മഠത്തിലേക്കുപോയി.

മഠത്തിൽ വീട്ടുകാർക്കുള്ള ഭജന മഠത്തിൽ മഠാധിപന്റെ ആഗ്രഹമനുസരിച്ചു ഗുരുദേവൻ ശിവപ്രതിഷ്ഠ നടത്തി. ഗുരുദേവന്റെ സമാധിക്കു ശേഷം ഭജന മഠം ശിവഗിരിയിലേക്കു നൽകണമെന്നു അഭിപ്രായപ്പെട്ടുകൊണ്ടു ബ്രഹ്മചാരി ഒരു കരണം നടത്തി. ശിവഗിരിക്കാർ അത് അന്നു ഏറ്റെടുത്തില്ല. അതിനുള്ള കാരണം എന്താണെന്നു ആർക്കും വ്യക്തമായി പറയുവാൻ കഴിയുന്നില്ല. എന്നാൽ ഈ കരണം നടത്തിയ മഠാധിപതിതന്നെ അതിനെതിരായി ഒരു കരണം നടത്തേണ്ടിവന്നു. പ്രമാണത്തിൽ കാണുന്നതു ഇങ്ങനെയാണ്.

''സ്വാമി മഠം ക്ഷേത്രം എന്റെ സ്വന്തം ചെലവിൻമേൽ ഉണ്ടായിട്ടുള്ളതും അത് എന്റെ വകയും പ്രസ്തുത മഠത്തിനെ തിരുവിതാംകൂർ വർക്കല ശിവഗിരി മഠത്തിൽ സമാധിയായ ബ്രഹ്മശ്രീ. ഗുരുനാരായണ സ്വാമി അവർകളുടെ പേർക്ക് 1905-ൽ 31-ാം നമ്പരായി ചില സന്ന്യാസിമാരുടെ ഉപയോഗത്തിനായിട്ടും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞാൻ ഒരു ഭരമേല്പാധാരം എഴുതിവച്ചു എങ്കിലും ടി ആധാരം നാളിതു തീയതിവരെ നടപ്പിൽ വന്നിട്ടില്ലാത്തതും ആ ആധാരത്തിലെ നിയമമനുസരിച്ച് സ്വാമി മഠത്തെ ആരും ഏറെറടുക്കാതിരുന്നതുകൊണ്ടും ഞാൻ ഭരമേല്പാധാരത്തിനു മുമ്പു ചെയ്തിരുന്നതുപോലെ നാളതു തീയതിവരെ ടി മഠത്തെ നേരിട്ടു കൈവശം വച്ചു സ്വന്തം ചിലവിന്മേൽ ക്ഷേത്ര കാര്യാദികൾ നിർവിഘ്നം നടത്തി വരുന്നതും ഇപ്പോൾ ഈ മഠത്തിൽ മററാർക്കും യാതൊരു അവകാശവും അധികാരവുമില്ലാത്തതും ആകുന്നു.'' ഇതിൻെറ ന്യായാ ന്യായതകളിലേക്കു ഇനി കടക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല.

ഗുരുദേവൻ വിശ്രമിക്കാൻ ഉപയോഗിച്ചിരുന്ന പായയും തലയിണയും ബ്രഹ്മചാരി മഠത്തിൽ സൂക്ഷിച്ചുവച്ചിട്ടുണ്ട്. ചക്ഷേ! കാലപ്പഴക്കംകൊണ്ടു അതു ദ്രവിച്ചു നശിക്കാറായി. അനേക ദിവസം തുടർച്ചയായി ഗുരുദേവൻ ഈ മഠത്തിൽ വിശ്രമിച്ചിട്ടുണ്ടെന്നാണു പഴമക്കാർ പറയുന്നത്.

മഠാധിപതി പരേതനായ പത്മനാഭൻെറ ചെറുശേഷക്കാരായ എം. ലതാങ്കനും, ശ്രീ. എം. രഘുപതിയും ഗുരുദേവൻ അവരുടെ വീട്ടിൽ വിശ്രമിച്ചിരുന്ന കഥ വിവരിച്ചു തന്നപ്പോൾ അവരുടെ മുഖത്തു കണ്ട അഭിമാനബോധം ലേഖകനിൽ സന്തോഷം ഉളവാക്കി.

ഏകദേശം തൊണ്ണൂറു വയസ്സിനോടു അടുത്ത വക്കത്തു കുരുത്തോലയിൽ ശ്രീ. ഗോവിന്ദൻ വാദ്ധ്യാർ ലേഖകനു വിവരിച്ചുതന്ന കാര്യങ്ങൾകൂടി ഇവിടെ പകർത്താം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"ഗുരുദേവനു ധാരാളം ഗൃഹസ്ഥ ശിഷ്യന്മാർ ഇവിടുണ്ടായിരുന്നു. അന്നു വക്കത്തു പുത്തൻനടയെ കേന്ദ്രീകരിച്ചു 'ചതയ വ്രത സംഘം' ഉണ്ടായിരുന്നു. ശ്രീനാരായണ ഗുരുദേവ ജയന്തി ദിവസമായിരുന്നു അതു നടത്തിയിരുന്നത്. അതിനു നേതൃത്വം നല്കിയിരുന്നതു സഹോദരനയ്യപ്പനായിരുന്നു. മിശ്രഭോജനമായിരുന്നു അതിൻെറ മുഖ്യമായ ലക്ഷ്യം. ഓരോ മാസത്തിലെയും ചതയ വ്രതത്തിൽ വിവിധ ജാതിമതസ്ഥർ പങ്കെടുത്തിരുന്നു. ആരുടെയും നിർബന്ധം കൊണ്ടല്ല. സ്വമേധയാ ചതയ വ്രത സംഘത്തിൽ ചേരുകയായിരുന്നു പതിവ്. ചതയവ്രത സംഘത്തിൻെറ പ്രവർത്തനം നേരാം വഴിക്കു നടത്തുന്നതിനുവേണ്ട നേതൃത്വം നല്കിയതു 'അപ്പിക്കണെക്കൻ' എന്ന ഗുരുദേവഭക്തനായിരുന്നു. ഇന്നാട്ടിലെ സകലഗൃഹസ്ഥ ശിഷ്യന്മാരും ചതയ വ്രതത്തിൽ ഭാഗഭാക്കുകളാകാറുണ്ടായിരുന്നു എന്നതാണു പ്രത്യേകത."

പ്രശസ്തന്മാരും പ്രഗല്ഭന്മാരുമായ അനേകമനേകം ഗൃഹസ്ഥശിഷ്യൻമാർ ഗുരുദേവനുണ്ട്. അവരിൽ പലരും ഭാരതത്തിലും ഭാരതത്തിനു വെളിയിലും ഉള്ളവരാണ്. സിലോണിൽവച്ചു സന്ന്യാസം സ്വീകരിച്ചു ശിഷ്യന്മാരായി കേരളത്തിലേക്കുവരാൻ ആഗ്രഹിച്ച പ്രഭുക്കന്മാരെ തടയുകയും ഗൃഹസ്ഥ ശിഷ്യന്മാരായി കഴിഞ്ഞാൽ മതിയെന്നു ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 29

അദ്വൈതം

അദ്വൈതം എന്താണെന്ന് അറിയുവാനുള്ള ആഗ്രഹം എനിക്കുളവായി. സംസ്കൃത പണ്ഡിതന്മാരും വേദാന്തികളുമായ പലരുടേയും പ്രസംഗം പലപ്പോഴും ശ്രദ്ധിച്ചു. ചിലർ കടിച്ചാൽ പൊട്ടാത്ത പദങ്ങൾ കോർത്ത പദ്യങ്ങൾ പാടി വ്യാഖ്യാനിച്ചു; പിന്നെ വ്യാഖ്യാനം മററു സംസ്കൃത പദങ്ങളിലേക്ക് വ്യാപിക്കും. സംസ്കൃതം വശമില്ലാത്തവർക്ക് ഒന്നും മനസ്സിലാകുകയില്ല. ഇനി എന്താണു പോം വഴി? ചരിത്ര ഗ്രന്ഥങ്ങളിലേക്കു കടക്കുകതന്നെ.

ഗൗഡപാദാചാര്യനെയാണ് ആരംഗത്ത് ആദ്യം കണ്ടത്. ഇദ്ദേഹത്തെ പിൻതുടർന്ന് എ. ഡി. എട്ടാം ശതകത്തിൽ ജീവിച്ചിരുന്ന ശ്രീ ശങ്കരനാണ് അദ്വൈത വേദാന്തമതം സ്ഥാപിച്ചതെന്ന് കരുതപ്പെടുന്നു.

'ഗൗഡ പാദകാരിക' യെ ബുദ്ധമതത്തിൻെറ ഗ്രന്ഥമായി പരിഗണിച്ചാൽ അദ്വൈത വേദാന്തത്തിൻെറ സ്ഥാപകൻ ശ്രീബുദ്ധനായിരുന്നുവെന്നു നമുക്കു ബോധ്യമാകും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൗഹൃദത്തിനും സമത്വത്തിനും പരമപ്രാധാന്യം നൽകുന്ന അദ്വൈതമെന്ന. ആശയത്തെ പലരും എതിർത്തു. അക്കൂട്ടത്തിൽ പ്രധാനികൾ നൈയായികന്മാരാണ്. എന്നാൽ അദ്വൈതത്തെ രക്ഷിക്കാനായി രംഗപ്രവേശം ചെയ്ത പണ്ഡിതനാണ് മധുസൂദന സരസ്വതി. ദ്വൈത വാദത്തെ എതിർത്തുകൊണ്ട് അദ്ദേഹം രചിച്ച ഗ്രന്ഥത്തിന്റെ പേര് 'അദ്വൈത സിദ്ധി' എന്നാകുന്നു.

ശ്രീശങ്കരന്റെ കാലം കഴിഞ്ഞ് പല മഹാന്മാരും അദ്വൈത സിദ്ധാന്തത്തെ എതിർത്തിട്ടുണ്ട്. മധ്വാചാര്യന്റെ ദ്വൈത പ്രസ്ഥാനവും രാമാനുജാചാര്യന്റെ വിശിഷ്ടാ ദ്വൈത പ്രസ്ഥാനവും ആയിരുന്നു അദ്വൈത വിരുദ്ധ പ്രസ്ഥാനങ്ങളിൽ പ്രധാനം.

ദ്വൈതം എന്നാൽ രണ്ട്-അതായത് പ്രപഞ്ചവും ബ്രഹ്മവും. അദ്വൈതം എന്നാൽരണ്ടല്ല. പ്രപഞ്ചവും ബ്രഹ്മവും ഒന്നാണ്-ഭേദമില്ല.

ശാസ്ത്രവും അദ്വൈതവും തമ്മിൽ വല്ല ബന്ധവും ഉണ്ടോ? ഉണ്ട്. ശാസ്ത്രത്തിന്റെ സർവ്വ വിധമായ വളർച്ചയും അദ്വൈത പ്രസ്ഥാനത്തിന് പ്രാധാന്യം നൽകിവരുന്നു. ഭൗതികവാദികൾ ഈ അഭിപ്രായത്തിന് ആക്കം കൂട്ടുന്നു. അണുക്കൾ ഭേദ്യങ്ങളാണ് എന്നു വന്നതോടുകൂടി ഭൗതിക വാദവുമായി വളരെ അടുത്തുകഴിഞ്ഞു അദ്വൈതം.

നാം വീണ്ടും ശ്രീബുദ്ധനിലേക്കു മടങ്ങിച്ചെന്നാൽ അദ്വൈതത്തിനു ബുദ്ധമതാനുയായികൾ കൊടുത്ത പ്രചാരണം എങ്ങനെയെന്നു കൂടി മനസ്സിലാക്കാം. ശ്രീബുദ്ധൻ ഗ്രന്ഥങ്ങൾ രചിച്ചില്ല. അദ്ദേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹത്തിൻെറ ഉപദേശങ്ങരം ശിഷ്യന്മാർ കുറിച്ചെടുത്തു പ്രചാരണം നടത്തി ശിഷ്യന്മാർ ഗ്രന്ഥങ്ങരം രചിച്ചു. ഒന്നല്ല, ആയിരക്കണക്കിനു ഗ്രന്ഥ രചനടുന്നു. ബൗദ്ധ ദർശനത്തിനു ലോകത്ത് അതർഹിക്കുന്ന സ്ഥാനം നേടാൻ കഴിഞ്ഞു. ശാന്തിയും സമാധാനവും തേടിയുള്ളതാണു് ബൗദ്ധന്മാരുടെ ജീവിതം. അഹിംസയ്ക്കും ജീവകാരുണ്യത്തിനും മുഖ്യസ്ഥാനം നൽകി. ധർമ്മത്തിനു പ്രാധാന്യം നൽകിയതുകൊണ്ട് ബുദ്ധാദ്വൈതമെന്നു പറഞ്ഞു വരുന്നു.

ബ്രഹ്മ സൂത്രത്തേയും, ഗീതയേയും ഉപനിഷത്തുകളേയും വ്യാഖ്യാനിച്ച് അദ്വൈതവാദം അരക്കിട്ടു ഉറപ്പിക്കുകയാണ് ശ്രീശങ്കരൻ ചെയ്തതു്. വാദപ്രതിവാദങ്ങളിൽ തൻെറ പാണ്ഡിത്യം പ്രകടിപ്പിച്ചും മഠങ്ങരം സ്ഥാപിച്ചും ശിഷ്യന്മാരെ സൃഷ്ടിച്ചും തൻെറ സിദ്ധാന്തങ്ങരംക്കു രൂപം കൊടുക്കവാൻ ശ്രീ ശങ്കരൻ പരിശ്രമിച്ചു. അദ്ദേഹം അതിൽ വിജയം വരിച്ചു. വിജ്ഞന്മാരുടെ ഇടയിൽ ശങ്കരൻെറ അദ്വൈതത്തിനു സ്ഥാനമുണ്ടായി. അതുകൊണ്ട് ശങ്കാരാദ്വൈതത്തിനു വൈജ്ഞാനികാദ്വൈതമെന്നു പേരുണ്ടായി.

വിജ്ഞന്മാരുടെ മണ്ഡലത്തിൽ ശ്രീ ശങ്കരൻ അദ്വൈതം പ്രതിഷ്ടിച്ചതോടെ ബുദ്ധമത സിദ്ധാന്തങ്ങരംക്കു ഗ്ലാനി സംഭവിച്ചു. തത്ഫലമായി ഉച്ചനീചത്വഭാവങ്ങരം ഉണർന്നെഴുന്നേററു. ജാതിയും ജാതിക്കകത്തുജാതിയും വിദ്വേഷത്തോടെ വളർന്നു. അതോടെ ഭാരതം അടിമത്തത്തിൽ-അന്ധകാരത്തിൽ മുഴുകി. ആ ദുരവസ്ഥക്കു ഒരു വിരാമമിടുവാൻ അനേക കാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലംവേണ്ടിവന്നു. കേരളം തന്നെ ഒരു ഭ്രാന്താലയമാണ് എന്ന് സ്വാമി വിവേകാനന്ദൻ ജാതിയുടെ പേക്കൂത്തു കണ്ടു പറഞ്ഞു. ഇങ്ങനെയുള്ള ഒരു കാലഘട്ടത്തിലാണ് ശ്രീനാരായണ ഗുരുദേവന്റെ വരവ്. ശ്രീ ശങ്കരൻ പൂർണ്ണമാക്കാതിരുന്ന സിദ്ധാന്തത്തിന് പൂർണ്ണത വരുത്തിയത് ശ്രീനാരായണഗുരുദേവനാണ്.

സാധാരണക്കാരനു മനസ്സിലാകുന്ന ഭാഷയിൽ ആശയം പകർന്നു കൊടുക്കുകയാണ് ഗുരു ചെയ്തത്. വാദിക്കാനും ജയിക്കാനും ഗുരു ആരെയും ഉപദേശിച്ചില്ല. അറിയാനും അറിയിയ്ക്കാനുമായിരിക്കണം ചർച്ചകൾ എന്നു ഗുരു ഉപദേശിച്ചു. ലളിതമായ ഭാഷയിൽ മനോഹരമായ ശൈലിയിൽ ഗുരു ഏതു വിഷയവും അവതരിപ്പിക്കും. തർക്കിക്കാതെ ഒച്ചയുണ്ടാക്കാതെ അദ്ദേഹം മോദ സ്ഥിതനായിരിക്കും, ആ മുഖപത്മത്തിൽ നിന്നും പുറത്തു വന്ന കൊച്ചു കൊച്ചു വാക്കുകൾക്ക് എന്തു ഘനവും തൂക്കവും ഉണ്ടെന്നു പണ്ഡിതന്മാർക്കു പോലും നല്ല പോലെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നു സംശയമാണ്.

അദ്വൈതം എന്താണെന്നു ഈ ലേഖകന് മനസ്സിലാക്കാനുണ്ടായ സാഹചര്യം കൂടി ഇവിടെ കുറിച്ചു കൊള്ളട്ടെ! 1978-ൽ പേട്ട ശ്രീനാരായണാ സെൻറിനറി ഹാളിൽ ശ്രീ വി. കെ. വേലായുധന്റെ അദ്ധ്യക്ഷതയിൽ കൂടിയ ചതയദിന യോഗത്തിൽ ലേഖകനും ഒരു പ്രസംഗനായിരുന്നു. അദ്വൈതം എന്താണെന്നു ഒരു അന്തേവാസിക്കു ശ്രീനാരായണ ഗുരുദേവൻ പറഞ്ഞുകൊടുത്ത കഥഞാൻ അവിടെ പ്രസംഗമദ്ധ്യേ വിവരിച്ചു, ആ അന്തേവാസി ആരാണെന്നു് എനിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അറിഞ്ഞു കൂടായിരുന്നു. ഭാഗ്യമെന്നു പറയട്ടെ! എൻെറ പിന്നാലെവന്ന പ്രാസംഗികൻ ശ്രീ ഭാർഗ്ഗവൻ വൈദ്യനായിരുന്നു. ആ അന്തേവാസി വൈദ്യരായിരുന്നുവെന്ന് വൈദ്യർ തന്നെ പറഞ്ഞു. വൈദ്യർ തൻെറ അനുഭവം വിവരിച്ചതെങ്ങനെയെന്ന് ശ്രദ്ധിക്കാം.

"ഒരിക്കൽ സ്വാമി തൃപ്പാദങ്ങൾ പ്രഭാതകൃത്യങ്ങൾക്കുവേണ്ടി വർക്കല തുരപ്പിനു മറുവശത്തുകൂടി സഞ്ചരിക്കുകയായിരുന്നു. കൂടെ അന്ന് അനുഗാമി ഞാനായിരുന്നു. കുറച്ചുനടന്നപ്പോൾ ഒരു വീട്ടിൽ ഒരു കൂട്ട നിലവിളി ഉയർന്നു. ഞാൻ അരയ്ക്കൻ ലാംബുമായി മുമ്പേ നടക്കുകയാണ്. നിലവിളികേട്ട് ഗുരുദേവൻ അവിടെ നിന്നുകൊണ്ട്, ശ്രദ്ധിച്ച് ആ വീട്ടിലേക്ക് പോകാമെന്നും പറഞ്ഞ് അങ്ങോട്ട് നടന്നു. അത് ഒരു മുസ്ലീം ഗൃഹമായിരുന്നു. അവിടത്തെ ഗൃഹനായകൻ സിങ്കപ്പൂരിലായിരുന്നു ജോലി ചെയ്തിരുന്നത്. ആ വീട്ടിലെ ജീവിതമാർഗ്ഗം അദ്ദേഹം അയയ്ക്കുന്ന പണം മാത്രമായിരുന്നു. അദ്ദേഹം മരിച്ചുപോയ വിവരം അറിഞ്ഞിട്ടാണ് കുടുംബാംഗങ്ങൾ നിലവിളികൂട്ടിയത്. ഗുരുദേവൻ ആ വീട്ടിൻെറ മുററത്തുചെന്നു. അവരോട് നിലവിളിക്കരുതെന്നും മരിച്ചയാൾ നിലവിളിച്ചതുകൊണ്ട് മടങ്ങി വരികയില്ലെന്നും കുട്ടികളെ ജോലി ചെയ്തു പഠിപ്പിക്കുകയാണിനി വേണ്ടതെന്നും മററും ഉപദേശിച്ചിട്ട് അദ്ദേഹം അവിടെ നിന്ന് ഇറങ്ങിനടന്നു. ഈ വിഷമങ്ങളും മററും കണ്ട് ബാലനായ ഞാൻ ഭയപ്പെട്ടു വിറച്ചു. ഗുരുദേവനോടൊപ്പം നടക്കുകയാണ്, വെളുപ്പാൻകാലമായെങ്കിലും നല്ല ഇരുട്ടുണ്ട്. ആകപ്പാടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എനിക്കു വിഷമവും ഭയവും തോന്നി. സ്വാമിതൃപ്പാദങ്ങൾ അപ്പോൾ എന്നോടു ചോദിച്ചു. "നിനക്കു ഭയമുണ്ടോ?" "തൃപ്പാദങ്ങൾ കൂടെയുള്ളപ്പോൾ ഭയമില്ലെന്നു" ഞാൻ പറഞ്ഞു. "ഭയമുണ്ടാകുന്നത് എങ്ങനെയാണെന്നു അറിയാമോ?" എന്നു എന്നോടു വീണ്ടും ചോദിച്ചു. ഞാൻ. എനിക്കു അറിഞ്ഞുകൂടാന്നു പറഞ്ഞു. അപ്പോൾ സ്വാമികൾ "രണ്ടുപേരുണ്ടെന്നു വിചാരിച്ചാലാണ് ഭയമുണ്ടാകുന്നത്; ഒരാളെ ഉള്ളൂ എന്നറിഞ്ഞാൽ പിന്നെ ആരെ ഭയപ്പെടണം?—ഇതാണ് അദ്വൈതം". ഇതു കേട്ടു ഞാൻ മനസ്സിലായില്ലെന്നു പറഞ്ഞു. ഉടനെ ഗുരുദേവൻ "നീ പറഞ്ഞു നാം കൂടെയുള്ളപ്പോൾ ഭയമില്ലെന്ന് (നാം എന്നാണ് ഗുരുദേവൻ തന്നെപ്പററി പറയാററ്) നീയും നാമും ഉണ്ട്. അപ്പോൾ രണ്ടുപേരായി. ആകെ ഒരാൾ മാത്രമാണെന്നു വിചാരിച്ചാൽ പിന്നെ ഭയമില്ല; ഭയം ഉണ്ടാക്കുന്ന ആളും ഭയപ്പെടാൻ വേറൊരാളും; അല്ലെങ്കിൽ ഏതെങ്കിലും മറെറാന്നുകൂടി ഉണ്ടായിരിക്കണം. ഈ വിചാരം ദ്വൈതമാണ്. എല്ലാം ഞാനാണെന്നറിഞ്ഞാൽ ഭയപ്പെടാൻ ആരുമില്ല. ആ വിചാരത്തിന് അല്ലെങ്കിൽ അനുഭൂതിക്ക് അദ്വൈതമെന്നു പറയാം. നിനക്കു മനസ്സിലായോ" എന്നു ചോദിച്ചു. വാസ്തവത്തിൽ മനസ്സിലായില്ല. തൃപ്പാദങ്ങൾ കൂടെയുള്ളതുകൊണ്ടാണു എനിക്കു ഭയമില്ലെന്നു പറഞ്ഞത്. അത് എന്റെ അപ്പോഴത്തെ മാനസികാവസ്ഥയിൽ ശരിയുമായിരുന്നു. ഇതു മനസ്സിലാക്കിയ ഗുരുദേവൻ ദ്വൈതഭാവനയിൽ നിന്നാണ് ഭയമുണ്ടാകുന്നതെന്നും അദ്വൈതാനുഭൂതി കൈവന്നാൽ നിർഭയത്വം സാധിക്കാമെന്നാണ് കൽപ്പിച്ചതെന്നും പിൽക്കാലത്ത് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിന്നെത്തേടുകയായി ഞാൻ തരുണിയിൽ,
ക്കാവിൽ, കുളിച്ചോലയിൽ,
കുന്നിൽ, ഗ്ഘോരവനങ്ങളിൽ, ഗ്ഗുഹകളിൽ,
ചന്ദ്രാർക്ക താരങ്ങളിൽ
ഒന്നും നിർവൃതി നൽകിയില്ല, യൊടുവിൽ
ധ്യാനസ്ഥനായ് വാണ ഞാൻ
എന്നിൽക്കണ്ടിതു നിന്നെ, ജ്ഞാനമൃതമായ്
അദ്വൈത ഭാവാഭയിൽ

എം. പി. അപ്പൻെറ (ഭൂമിയും സ്വർഗ്ഗവും) എന്ന കവിതയിലെ ചിലവരികളാണു ഇത്തരുണത്തിൻ ഓർമ്മയിൽ ഓടിയെത്തിയത്.

മഹത്തായ തത്ത്വചിന്തകൾ-ആശയങ്ങൾ മുതലായയവ ഏതു തിരുമണ്ടനും മനസ്സിലാകുന്ന ഭാഷയിൽ ഗുരു പറഞ്ഞുകൊടുക്കും. അതുകൊണ്ടും മനസ്സിലായില്ലെങ്കിൽ ജന ജീവിതത്തിൽ അനുഭവപ്പെടുന്ന ഉദാഹരണംകൊണ്ടു തെളിയിക്കും. ഗുരു ആർജ്ജിച്ച ജ്ഞാനം പണ്ഡിത-പാമര ഭേദമെന്യേ പകർന്നു കൊടുക്കുവാൻ അദ്ദേഹത്തിനുണ്ടായ സന്തോഷം അളവററതായിരുന്നു. മററുആദ്ധ്യാത്മിക ഗുരുക്കന്മാരേക്കാൾ ജനത അദ്ദേഹത്തെ ബഹുമാനിക്കുവാനുള്ള ഒരു കാരണവും അതു തന്നെ.

ശാസ്ത്രത്തിൻെറ വികാസം എല്ലാ മേഖലകളുടെയും വളർച്ചയ്ക്കു കാരണമാകുന്നു. ഖരവസ്തുവിനെ ദ്രവവസ്തുവാക്കാനും ദ്രവത്തെ വാതകമാക്കാനും വാതകത്തെ വീണ്ടും ദ്രവമാക്കാനും അതിനെ വീണ്ടും ഖരമാക്കാനും ശാസ്ത്രത്തിന് അനായാസേന കഴിയുന്നു. എല്ലാം ഊർജമാണ്. ഉർജം എന്ന ഏക വസ്തുവിൽ എല്ലാം അലിഞ്ഞു ചേർന്നിരിക്കുന്നു; വെള്ളത്തിൽ പഞ്ചസാര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അലിഞ്ഞു ചേരുന്നതുപോലെ ഇങ്ങനെകാണുന്ന മൂല കത്തെ (Element) ശാസ്ത്രം അന്വേഷിക്കുന്നു. ഈ അന്വേഷണം ചില ശാസ്ത്രീയ നിഗമനങ്ങളിൽ എത്തിച്ചേരാൻ സാധിച്ചിട്ടുണ്ട്. ശക്തി അല്ലെങ്കിൽ ഊർജ്ജം സിദ്ധികളുടെ സ്ഥാനമാണെന്ന് സയൻറിസ്ററ് വിശ്വസിക്കുന്നു. സിദ്ധിക്ഷേത്രവും അദ്വൈതവും ഒന്നാണ്.

ഒരു ലോഹത്തെ നമുക്ക് പല രൂപങ്ങളായി മാററാൻ കഴിയും. ചെമ്പിനെ ചരുവമാക്കുന്നു–വാർപ്പാക്കുന്നു-മൊന്തയാക്കുന്നു. അങ്ങനെ പല രൂപങ്ങളായി മാററുന്നു. എന്നാൽ ചെമ്പിൻെറ സ്വഭാവത്തിനു മാററം വരുത്തുവാൻ പററുന്നില്ല. അതുപ്പോലെ ബ്രഹ്മത്തിനു അതായിരുന്നുകൊണ്ടു തന്നെ പ്രപഞ്ചമാകാനും സാധിച്ചു. ഇതിൽനിന്നും ഒന്നും ഭിന്നമല്ലെന്നു തെളിയുന്നു.

ദൈവ ദശകത്തിൽ ഗുരുദേവൻ പച്ച മലയാളത്തിലെഴുതിയിരിക്കുന്നതു നോക്കാം.

''നീ സത്യം ജ്ഞാനമാനന്ദം
നീ തന്നേ വർത്തമാനവും
ഭൂതവും ഭാവിയും വേറ—
ല്ലോതും മൊഴിയു മോർക്കിൽ നീ''

ഇരുപതാം നൂററാണ്ടിലെ പ്രശസ്തനായ ശാസ്ത്രജ്ഞൻ ആൽബർട്ടു ഐസ്റൈറയിൻ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി. ''ഞാനെന്നും എൻേറതാണെന്നും ഉള്ള ചിന്തയുടെ ബന്ധത്തിൽ നിന്നും മുക്തരാകാൻ ശ്രമിക്കുകയാണു നമ്മുടെ ലക്ഷ്യം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രകൃതിയെ അതിൻെറ പൂർണ്ണ മനോഹാരിതയിൽ കണ്ടാസ്വദിക്കാനും എല്ലാ ജീവജാലങ്ങളോടും പ്രേമം പുലർത്തി നമ്മുടെ വീക്ഷണ ചക്രവാളം വികസിപ്പിക്കുവാനും കഴിയുകയാണ് അതിനുള്ള പോംവഴി".

ഐയിൻസ്ററയിൻെറ അഭിപ്രായത്തെ ഒരുപക്ഷെ ചോദ്യം ചെയ്യാൻ അധികം പേരുണ്ടാകുമെന്നു തോന്നുന്നില്ല. ശാസ്ത്രമെന്ന സത്യത്തെ ആരും വിമർശിക്കാൻ മിനക്കെടുകയില്ല. ആപേക്ഷിക സിദ്ധാന്തത്തിൻെറ ഉ പ ജ് ഞാ താ വാ ണ് ഐൻസ്റ്റെറയിൻ. എല്ലാം ഒന്നാണ്. രണ്ടല്ല. എല്ലാ ജീവികളിലും കുടികൊണ്ടിരിക്കുന്ന ആത്മാവൊന്നാണ്.

ശ്രീബുദ്ധനും, ശ്രീശങ്കരനും, ശ്രീനാരായണ ഗു രു ദേ വ നും ശാസ്ത്രജ്ഞന്മാരായിരുന്നോ? അല്ലെങ്കിൽ ഒന്നിൻെറ അവസ്ഥ അല്ലെങ്കിൽ സ്വഭാവം കാണാനുള്ള കഴിവ് അവർക്കുണ്ടായിരുന്നിരിക്കണം.- അല്ലാ ഉണ്ടായിരുന്നു.

പ്രൊഫസ്സർ ജി. ബാലകൃഷ്ണൻനായർ എഴുതിയ 'ശ്രീനാരായണ ഗുരുദേവകൃതികൾ' സമ്പൂർണ്ണ വ്യാഖ്യാനം ഒന്നാം വാല്യത്തിൻെറ മുഖവുര ഇരുപത്തി എട്ടാം പേജിൽ കുറിച്ചിരിക്കുന്നതു കൂടി പരിശോധിക്കാം "വിട്ടു വീഴ്ചയില്ലാത്ത അദ്വൈതവാദമാണ് ഗുരുദേവൻെറ തത്ത്വ സാക്ഷാൽക്കാരം. മററു പരമാദ്വൈതികളെപ്പോലെ തന്നെ അദ്വൈതം ലക്ഷ്യമായംഗീകരിച്ചുകൊണ്ട് വിഗ്രഹാരാധന മുതലുള്ള സാധനകളെയും ലോകത്തുള്ള; ഇതര മതങ്ങളെയും മാർഗ്ഗങ്ങളെന്ന നിലയിൽ ആ ലക്ഷ്യത്തിൽ സമന്വയിപ്പിച്ചു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാണിച്ചിട്ടുമുണ്ട്. ഈ സമന്വയമാണു ഗുരുദേവ കൃതികളിലെയും ജീവിതത്തിലേയും അതീവ ശ്രദ്ധേയമായ ഒരു വസ്തുത. അദ്വൈത ലക്ഷ്യമാകട്ടെ ശ്രുതി, യുക്തി, അനുഭവം എന്നീ മൂന്നു പ്രമാണ തലങ്ങളിലും അനിഷേധ്യമാം വണ്ണം ഗുരുദേവ കൃതികളിൽ ചർച്ച ചെയ്തു ഉറപ്പിച്ചിരിക്കുന്നു''.

കബീർദാസു പാടിയിട്ടുള്ള ഈരടിയാണു ഇവിടെ ശ്രദ്ധേയമായിട്ടുള്ളത്. ജലം നിറച്ച കുടം ജലപ്പരപ്പിനുമേൽ ഇരിക്കുന്നു. കുടം പൊട്ടിയാൽ കുടത്തിലെ ജലവും സമുദ്രത്തിലെ ജലവുമെന്നു പ്രത്യേകതയില്ല. രണ്ടുംകൂടി ചേർന്നു ഒന്നായിക്കഴിഞ്ഞു.

★★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 30

ഗുരുദേവനും ടാഗോറും

മഹാന്മാർക്കു മാത്രമേ മഹാത്മാക്കളെ കണ്ടെത്തുവാൻ കഴിയൂ എന്ന അഭിപ്രായത്തിനു ഉറപ്പുവരുത്തിയതാണു ഈ മഹാത്മാക്കളുടെ സമാഗമം. മഹാഗുരുവിൻെറ സാന്നിദ്ധ്യംകൊണ്ടു പരിപാവനമായ ശിവഗിരിയിലേക്കു മഹാകവി രവീന്ദ്രനാഥടാഗോർ, മഹാത്മഗാന്ധി, ആര്യസമാജ നേതാവുശ്രദ്ധാനന്ദ, തുടങ്ങിയ മഹാശയന്മാർ ചെന്നു ഗുരുവുമായി കൂടിക്കാഴ്ച നടത്തി. 1922 നവംബർ 2-ാം തീയതിയാണ് ടാഗോർ ശിവഗിരിയിൽ എത്തി ഗുരുവിനെ സന്ദർശിച്ചത്. ഈ മഹത് സന്ദർശനം കാണാൻ ഭാഗ്യം സിദ്ധിച്ച സ്വാമി ധർമ്മാനന്ദജി അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കാം.

"നാനാദിക്കുകളിൽ നിന്നും ജനപ്രവാഹം അന്നേദിവസം ശിവഗിരിയിലേക്ക് ഒഴുകുവാൻ തുടങ്ങി. ശിവഗിരിയും പരിസരങ്ങളും വലിയ തുരങ്കത്തിൻെറ മുകൾഭാഗം റോഡുവരെയുള്ള സ്ഥലങ്ങളും അന്നു ജനനിബിഡമായിത്തീർന്നു. ആ വിശിഷ്ടാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തിഥികളെ വാദ്യമേളങ്ങളോടുകൂടി എതിരേററുകൊണ്ടുപോകാനായി അലങ്കരിച്ച പല്ലക്ക്, ആന, അമ്പാരി മുതലായവ ഒരുക്കി നിർത്തിയിരുന്നു. ഗുരുദേവനുമായുള്ള സന്ദർശന വിശേഷങ്ങൾ കാണാനായി അവിടെ എത്തിച്ചേർന്ന അനവധി ജനങ്ങളുടെ മുന്നണിയിൽ ഏകാഗ്ര ചിത്തനായി ഗ്രന്ഥകർത്താവും നിലയുറപ്പിച്ചു. ജനങ്ങളുടെ തിക്കും തിരക്കും വർദ്ധിച്ചു. പലവിധ ആർഭാടങ്ങൾ നടന്നുകൊണ്ടിരുന്നു, പ്രോഗ്രാം അനുസരിച്ചു അതിഥികൾ എത്തേണ്ട സമയവും ആസന്നമായി. എന്നിട്ടും ഇതൊന്നും അറിയുകയോ, കാണുകയോ ചെയ്യാത്തവിധം സാധാരണ രീതിയിലും വേഷത്തിലും ഗുരുദേവൻ ശാരദാമഠത്തിന്റെ തിണ്ണയിലിരുന്ന് അടുത്തു നിന്ന മഹാകവി കുമാരനാശാനുമായി സംസാരിക്കുകയായിരുന്നു........ അങ്ങനെ ഇരിക്കെ അവിടെ നിന്നു ഗുരുദേവൻ പെട്ടെന്ന് എണീററുപോയി. പിന്നീടു വൈദിക മഠത്തിലെ പടിഞ്ഞാറെ മുറിയിൽ കയറി വാതിൽ അടച്ച് ഇരിപ്പായി. ആ മുറിയുടെ ജനൽ മുമ്പേ അടഞ്ഞിരുന്നു. വാതിൽ കൂടി അടച്ചപ്പോൾ അതിനുള്ളിലുള്ള യാതൊരു സംഗതിയും അറിയാൻ നിവൃത്തിയില്ലാതായി.

ഗുരുദേവൻ ഒരു മുറിയിൽ ഇരുന്നാൽ സ്വയമേവ പുറത്തുവരുമ്പോൾ കാണാമെന്നല്ലാതെ വാതിലിൽ മുട്ടിവിളിക്കയോ, പുറത്തുനിന്നു സംസാരിക്കുകയോ, ആരും ചെയ്യുന്നതല്ല. ഗുരുദേവൻ ആ മുറിയിൽ പ്രവേശിച്ചതിനുശേഷം ഒരു മണിക്കൂർ കഴിഞ്ഞേ അതിഥികൾ എത്തുകയുള്ളൂ എന്നു രണ്ടാമതൊരു കമ്പി വന്നു. വാതിൽ അടച്ചിരുന്നതിനാൽ ഈ വിവരം ഗുരുദേവനെ അറിയിയ്ക്കാൻ കഴിഞ്ഞില്ല. അവർ എത്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച്ചേർന്നാൽ ഗുരുദേവനെ കാണാൻ മാർഗ്ഗമില്ലാതെ പുറത്തിരിയ്ക്കേണ്ടി വരുമല്ലോ എന്നു കരുതി എല്ലാവരും വിഷമിച്ചു. ഒരു മണിക്കൂർ ചെന്നപ്പോരം മാന്യാതിഥികരം രണ്ടുപേരും എത്തി. ടാഗോർ പല്ലക്കിലും ആൻഡ്രൂസ് നടന്നും വന്നു. സായിപ്പ് ബൂട്ട്സ് അഴിച്ചു ശാരദാമഠത്തിനു വടക്കുവശത്തുള്ള അശോകമരത്തിൻെറ ചുവട്ടിൽ വച്ചിട്ട്, ടാഗോറുമൊത്തു നടന്നു ഗുരുദേവൻ ഇരുന്ന മുറിയുടെ വാതിലിനുനേരെ ചെന്നു. ടാഗോർ വലതുകാൽ വരാന്തയിലേയ്ക്കു വച്ചു കയറി. അതേ സമയം ഗുരുദേവൻ വാതിൽ തുറന്നു വലതുകാൽ വരാന്തയിലേയ്ക്കുവച്ചു ടാഗോറിനു അഭിമുഖമായി ഇറങ്ങി. രണ്ടുപേരും അഭിമുഖമായി വരാന്തയിലേയ്ക്കു കയറിയതും ഇറങ്ങിയതും ഒരേ നിമിഷത്തിൽ കഴിഞ്ഞു. ഗുരുദേവൻ അസാധാരണ തേജസ്വിയായി കാണപ്പെട്ടു. കണ്ടമാത്രയിൽ ടാഗോർ ഗുരുദേവനെ നമസ്കരിച്ചു.........മഹാകവി കുമാരനാശൻ വാതിലിനു നേരെ മൂന്നു മെത്തത്തടുക്കുകരം കൊണ്ടിട്ടു. അവർ മൂന്നു പേരും അതിൽ ഇരുന്നു. സായിപ്പും നാടൻ രീതിയിൽ തന്നെ നമസ്ക്കരിച്ചു. 'അവിടത്തെ ദർശിച്ച മാത്രയിൽ എൻെറ ഹൃദയത്തിനൊരു മാററമുണ്ടായി', എന്നുള്ള ടാഗോറിൻെറ മുഖവുരയോടുകൂടിയാണ് സംഭാഷണം തുടങ്ങിയത്. സംഭാഷണം കഴിഞ്ഞു പിരിയാറായപ്പോരം മൂന്നു പേരും എണീററു. ടാഗോർ യാത്ര ചോദിച്ചുകൊണ്ടു വീണ്ടും ഗുരുദേവനെ നമസ്ക്കരിച്ചു. ഗുരുദേവൻ അദ്ദേഹത്തെ അനുഗ്രഹിക്കുന്ന മട്ടിൽ മുഖത്തുനോക്കി മന്ദസ്മിതം പൂണ്ടുനിന്നു എന്നല്ലാതെ കൈകരം രണ്ടും ചലിപ്പിക്ക കൂടി ചെയ്തില്ല..........

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നമസ്ക്കരിച്ചതുകൊണ്ടു മാത്രം തൃപ്തിയടയാഞ്ഞിട്ടു നിശ്ചേഷ്ടം തൂങ്ങിക്കിടക്കുന്ന ഗുരുദേവന്റെ കൈകൾ രണ്ടും മുന്നോട്ടു പിടിച്ചുയർത്തി, കൈപ്പത്തികൾക്കുള്ളിൽ ടാഗോർ കുനിഞ്ഞു ചുംബിച്ചു യാത്രയായി''. മടങ്ങുന്ന അവസരത്തിൽ, ശിവഗിരി വിടുന്നതിനു മുമ്പായി ടാഗോർ സി. എഫ്. ആൻഡ്രൂസിനോടായിട്ടെന്നപോലെ പ്രസ്താവിച്ചു.

''ഞാൻ ലോകത്തിന്റെ പല ഭാഗത്തും സഞ്ചരിച്ചു വരുകയാണ്. ഇതിനിടക്കു പല സിദ്ധന്മാരേയും മഹർഷിമാരേയും കണ്ടിട്ടുണ്ട്. എന്നാൽ നാരായണ ഗുരുവിനേക്കാൾ മികച്ചതോ, അദ്ദേഹത്തിനു തുല്യനോ ആയ ഒരു മഹാത്മാവിനെ എങ്ങുംതന്നെ കണ്ടിട്ടില്ല. അനന്തതയിലേക്ക് നീട്ടിയിരിക്കുന്ന അദ്ദേഹത്തിന്റെ യോഗ നയനങ്ങളും ഈശ്വരചൈതന്യം തുളുമ്പുന്ന മുഖതേജസ്സും മററു വൈശിഷ്ട്യങ്ങളും ഒരിക്കലും മറക്കത്തക്കതല്ല''.

" I have been touring different parts of the world. During these travells I have had good fortune to come into contact with several Saints and Maharshis. But I have frankly to admit that I have never come across one who in spiritually geater than Swami sree Narayanaguru of Malayalam nay a person who is on a par with him in spiritual attainment.

I am sure I shall never forget that radiant face illuminated by the self effulgent light of divine glory and those yogic eyes fixing their gaze on a far remote point in the distant horizon".

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 31

ഗുരുദേവനും ഗാന്ധിജിയും

ഇനി മഹാത്മജിയുടെ സന്ദർശനത്തെപ്പററി പറയാം. ഗുരുദേവനെ സന്ദർശിക്കുവാൻ ഗാന്ധിജി 1925 മാർച്ചിലാണു എത്തിയത്. "ഏ. കെ. ഗോവിന്ദദാസ് എന്ന ശ്രീനാരായണ ഭക്തന്റെ വക കെട്ടിടം 'ഗാന്ധി ആശ്രമ'മായി തയ്യാറാക്കി വേണ്ട ഒരുക്കങ്ങൾ ചെയ്തു. ഭവനത്തിന്റെ പരിസരം മുഴുവൻ വെള്ള മണൽ വിരിച്ച് വെടിപ്പാക്കിയിരുന്നു, സ്വാമി നേരത്തേതന്നെ ആശ്രമത്തിലെത്തിച്ചേർന്നിരുന്നു. ഗാന്ധിജിയുടെ ആഗമനം കാണുന്നതിനു ധാരാളമാളുകൾ റോഡിന്റെ ഇരുവശങ്ങളിലും തടിച്ചുകൂടിയിരുന്നു. ആശ്രമ പരിസരവും ഭക്തജനങ്ങളെക്കൊണ്ടു നിറഞ്ഞു. സന്ദർശന സമയമായ മൂന്നരമണിക്കുതന്നെ ഗാന്ധിജിയുടെ കാർ ഗാന്ധ്യാശ്രമത്തിന്റെ മുൻവശത്ത് വന്നുനിന്നു. ആദ്യം കാറിൽനിന്നിറങ്ങിയത് സി. രാജഗോപാലാചാരിയായിരുന്നു. പിന്നാലെ ഒരൊററഖദർ മുണ്ടുമാത്രം ധരിച്ച ഗാന്ധിജി പ്രസരിപ്പാർന്ന മന്ദസ്മിതത്തോടുകൂടി പുറത്തിറങ്ങി. അവിടെകൂടിയിരുന്നവരുടെ അഭിവാദനങ്ങൾ കൂപ്പുകൈയോടെ സ്വീകരിച്ചതിനുശേഷം അദ്ദേഹം ഗാന്ധ്യാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രമത്തിന്റെ പൂമുഖത്തേയ്ക്കു നടന്നു. അദ്ദേഹത്തെ സ്വീകരിക്കാനായി സ്വാമി മുൻവശത്ത് ഇറങ്ങി നിന്നിരുന്നു. രണ്ടു കൈകളും നീട്ടി അദ്ദേഹം മഹാത്മജിയെ സ്വീകരിച്ചു. സ്വാമി ശിഷ്യന്മാരിൽ ഒരാറം മഹാത്മജിയുടെ പാദങ്ങളിൽ സാഷ്ടാംഗം പ്രണമിക്കുകയും ചെയ്തു. അതിനുശേഷം ഹാളിനുള്ളിൽ നിലത്ത് ഖദർ വിരിപ്പണിഞ്ഞ പുല്ലുപായിൽ എല്ലാവരും ഉപവിഷ്ടരായി. ആ രണ്ടു മഹാപുരുഷന്മാരുടേയും സംഭാഷണത്തിൽ ദ്വിഭാഷിയായി വർത്തിച്ചത് എൻ. കുമാരനായിരുന്നു. "ഇംഗ്ലീഷുഭാഷ അറിയില്ല, അല്ലേ" എന്നു ആമുഖമായി ഗാന്ധിജി ചോദിച്ചു. 'ഇല്ല' എന്നു സ്വാമി. മഹാത്മജിയ്ക്ക് സംസ്കൃതം അറിയുമോ എന്ന് സ്വാമിയും അന്വേഷിച്ചു. "ഇല്ല" എന്ന മറുപടിയാണു ലഭിച്ചത്. തുടർന്ന്, തങ്ങൾക്കഭിമതമായ പ്രമേയത്തെക്കുറിച്ച് അവർ സംഭാഷണം ആരംഭിച്ചു.

ഗാന്ധിജി- ഹിന്ദുക്കളുടെ പ്രമാണ ഗ്രന്ഥത്തിൽ അയിത്താചാരം വിധിച്ചിട്ടുള്ളതായി സ്വാമിജിക്കറിവുണ്ടോ ?

സ്വാമി- ഇല്ല.

ഗാന്ധി- അയിത്തം ഇല്ലാതാക്കാൻ വൈക്കത്തു നടന്ന സത്യാഗ്രഹ പ്രസ്ഥാനത്തിൽ സ്വാമിജിക്കു ഭിന്നാഭിപ്രായമുണ്ടോ ?

സ്വാമി- ഇല്ല.

ഗാന്ധി- ആ പ്രസ്ഥാനത്തിൽ കൂടുതലായി വല്ലതും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചേർക്കണമെന്നോ വല്ല മാററവും വരുത്തണമെന്നോ അഭിപ്രായം ഉണ്ടോ?

സ്വാമി- ഇല്ല. അതു ശരിയായി നടക്കുന്നുണ്ടെന്നു അറിവ്, അതിൽ മാററം വല്ലതും വരുത്തണമെന്നഭിപ്രായമില്ല.

ഗാന്ധി- അധഃകൃത വർഗ്ഗക്കാരുടെ അവശതകളെ തീർക്കുന്നതിനു അയിത്തോച്ചാടനത്തിനു പുറമേ മററ് എന്തെല്ലാം വേണമെന്നാണു സ്വാമിജിയുടെ അഭിപ്രായം.

സ്വാമി- അവർക്കു വിദ്യാഭ്യാസവും ധനവും ഉണ്ടാകണം. മിശ്രഭോജനമോ മിശ്രവിവാഹമോ വേണമെന്നുപക്ഷമില്ല. നന്നാകാനുള്ള സൗകര്യം എല്ലാവരേയും പോലെ അവർക്കുമുണ്ടാകണം.

ഗാന്ധി- അക്രമ രഹിതമായ സത്യാഗ്രഹം കൊണ്ട് ഉപയോഗമില്ലെന്നും അവകാശ സ്ഥാപനത്തിനു ബല പ്രയോഗം തന്നെയാണ് വേണ്ടതെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. സ്വാമിജിയുടെ അഭിപ്രായംഎന്താണ് ?

സ്വാമി- ബലപ്രയോഗം നന്നാണെന്നു തോന്നുന്നില്ല.

ഗാന്ധി- ബലപ്രയോഗം ഹൈന്ദവധർമ്മ ശാസ്ത്രങ്ങളിൽ വിധിച്ചിട്ടുണ്ടോ?

സ്വാമി- രാജാക്കന്മാർക്കും മററും ആവശ്യമാണെന്നും അവർ അതിനെ ഉപയോഗിച്ചിട്ടുണ്ടെന്നും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരാണങ്ങളിൽ കാണുന്നുണ്ട്. സാധാരണ ജനങ്ങളെ സംബന്ധിച്ച് ബലപ്രയോഗം ന്യായമായിരിക്കുകയില്ല.

ഗാന്ധി- മതപരിവർത്തനം ചെയ്യണമെന്നും അതാണു സ്വാതന്ത്ര്യലബ്ധിക്കു ശരിയായ വഴിയെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. സ്വാമിജി അത് അനുവദിക്കുന്നുണ്ടോ ?

സ്വാമി- മതപരിവർത്തനം ചെയ്തവർക്ക് സ്വാതന്ത്ര്യങ്ങൾ ലഭിച്ചു വരുന്നതായി കാണുന്നുണ്ട്. അതു കാണുമ്പോൾ ജനങ്ങൾ മതപരിവർത്തനം നന്നെന്നു പറയുന്നതിൽ അവരെ കുററപ്പെടുത്താനാവില്ല.

ഗാന്ധി- ആദ്ധ്യാത്മികമായ മോക്ഷലാഭത്തിന് ഹിന്ദുമതം മതിയാകുമെന്നു സ്വാമിജി കരുതുന്നുണ്ടോ ?

സ്വാമി- അന്യമതങ്ങളിലും മോക്ഷമാർഗ്ഗം ഉണ്ടല്ലോ ?

ഗാന്ധി- അന്യമതങ്ങളുടെ കാര്യം ഇരിക്കട്ടെ. ഹിന്ദുമതം മോക്ഷലാഭത്തിനു പര്യാപ്തമെന്നു തന്നെയോ സ്വാമിജിയുടെ അഭിപ്രായം.

സ്വാമി- ആദ്ധ്യാത്മികമായ മോക്ഷലാഭത്തിന് ധാരാളം പര്യാപ്തം തന്നെ. ലൗകികമായ സ്വാതന്ത്ര്യത്തെ ആണല്ലോ ജനങ്ങൾ അധികം ഇച്ഛരിക്കുന്നത്.

ഗാന്ധി- അയിത്താചാരവും മററും കൊണ്ടുള്ള അസ്വാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്ത്ര്യത്തിന്റെ കാര്യമല്ലേ? അതിരിക്കട്ടെ. ആദ്ധ്യാത്മിക മോക്ഷത്തിനു മതപരിവർത്തനം ആവശ്യമാണെന്നു സ്വാമിജിക്ക് അഭിപ്രായമുണ്ടോ?

സ്വാമി- ആദ്ധ്യാത്മിക മോക്ഷത്തിനായി മതപരിവർത്തനം ആവശ്യമില്ല.

ഗാന്ധി- ലൗകിക സ്വാതന്ത്ര്യത്തിനാണല്ലോ നാം പരിശ്രമിക്കുന്നത്. അതു സഫലമാകാതെ വരുമോ ?

സ്വാമി- അതു സഫലമാകാതെ വരില്ല. അതിന്റെ രൂഢമൂലത ഓർത്താൽ പൂർണ്ണഫല പ്രാപ്തിക്കു മഹാത്മജി വീണ്ടും അവതരിക്കേണ്ടിവരും.

ഗാന്ധി- (ചിരിച്ചുകൊണ്ട്) എന്റെ ആയുഷ്ക്കാലത്തിൽ തന്നെ അതു സഫലമാകുമെന്നാണ് എന്റെ വിശ്വാസം. അധഃകൃത വർഗ്ഗക്കാരിൽ തന്നെ അയിത്താചാരം ഉണ്ടല്ലോ. സ്വാമിജിയുടെ ക്ഷേത്രങ്ങളിൽ എല്ലാവർക്കും പ്രവേശനം അനുവദിച്ചിട്ടുണ്ടോ.

സ്വാമി- എല്ലാവർക്കും പ്രവേശനം അനുവദിച്ചിട്ടുണ്ട്. പുലയക്കുട്ടികളും, പറയക്കുട്ടികളും ശിവഗിരിയിൽ മററുള്ളവരോടൊപ്പം ഊണുകഴിച്ചു താമസിച്ചു പഠിക്കുന്നുണ്ട്. ആരാധനകളിലും സംബന്ധിക്കുന്നുണ്ട്.

ഗാന്ധി- വളരെ സന്തോഷം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹിന്ദുമതത്തിലെ വർണ്ണ വ്യത്യാസത്തെക്കുറിച്ച് ഗാന്ധിജി ഗുരുദേവനോടു സംസാരിച്ചു. പ്രകൃത്യനുസരണമായിട്ടാണു മനുഷ്യരിൽ പല ജാതികൾ ഉണ്ടായതെന്നു ഗാന്ധിജി അഭിപ്രായപ്പെട്ടു. ആ അഭിപ്രായത്തെ സാധൂകരിക്കാൻ അദ്ദേഹം ഒരു ഉദാഹരണം ചൂണ്ടിക്കാട്ടി.

"ഒരു വൃക്ഷത്തിലെ ഇലകളെല്ലാം ഒരേ രീതിയിലല്ലല്ലോ? അവയിൽ വ്യത്യാസം കാണുന്നുണ്ട്. അതു പ്രകൃതി സ്വഭാവമല്ലേ?"

"പൊതുവേ അങ്ങനെ തോന്നുമെങ്കിലും എല്ലാ ഇലകളുടെയും ചാറിന് ഒരേ ഗുണമാണുള്ളതെന്നും അതുപോലെ മനുഷ്യരെല്ലാം ഒന്നിൽ നിന്നുതന്നെയാണു പിറന്നിട്ടുള്ളതെന്നും" ഗുരുദേവൻ അഭിപ്രായപ്പെട്ടു. ഗുരുദേവന്റെ മറുപടിയിൽ അടങ്ങിയിരുന്ന സാരാംശം തനിക്കു നല്ലതുപോലെ ഗ്രഹിക്കുവാൻ കഴിഞ്ഞുവെന്നു ഗാന്ധിജി അഭിപ്രായപ്പെട്ടു.

അന്നു ഗാന്ധിജി ശിവഗിരിയിലെ വൈദിക മഠത്തിലാണു വിശ്രമിച്ചത്. ശിവഗിരിയിലെ ശാന്തശീതളമായ അന്തരീക്ഷം മഹാത്മജിയെ ഹഠാദാകർഷിച്ചു. സന്ധ്യാവേളയിൽ ശാരദാമഠത്തിൽ നടന്ന പൂജയിൽ ഗാന്ധിജി പങ്കെടുത്തു. മഹാത്മജിയുടെ മനസ്സിനെ പിടിച്ചുകുലുക്കിയ ഒരു കൊച്ചുസംഭവം അവിടെ നടന്നു.

"ദൈവമേ, കാത്തുകൊൾകങ്ങു
....
വാഴണം വാഴണം സുഖം"

എന്ന പ്രാർത്ഥനയുടെ അർത്ഥം ഇംഗ്ലീഷിൽ തർജ്ജമ ചെയ്തു പറഞ്ഞു കൊടുത്തു. അതു മഹാത്മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജിയെ സന്തോഷിപ്പിച്ചു. മാത്രവുമല്ലാ ശിവഗിരിയിലെ അന്തേവാസികളായ പുലയക്കുട്ടികളാണു ഗുരുദേവനാൽ വിരചിതമായ പ്രാർത്ഥന ചൊല്ലിയതെന്നു അറിഞ്ഞപ്പോൾ ഗാന്ധിജിയുടെ സന്തോഷത്തിനു അതിരില്ലായിരുന്നു. ഉപനിഷദ് വാക്യങ്ങളും സംസ്കൃതശ്ലോകങ്ങളും ഉച്ചരിച്ചപ്പോൾ ഗാന്ധിജി അവരെ കെട്ടിപ്പിടിച്ചു അനുമോദിച്ചു.

പിറേറ ദിവസം പ്രഭാതത്തിൽ ഗുരുദേവൻ വൈദിക മഠത്തിൽ ചെന്നു മഹാത്മജിയെ പ്രതിസന്ദർശനം നടത്തുകയും ചെയ്തു. ശ്രീനാനാരായണ ഗുരുദേവന്റെ എണ്ണച്ഛായാചിത്രം പ്രദർശിപ്പിച്ചിരുന്നമഠം ചുററി നടന്നു കാണുകയും നമസ്കരിക്കുകയും ചെയ്തു. ശിവഗിരിയിലെ ശീതളച്ഛായയും ആശ്രമോചിതമായ ജീവിതചര്യയും ഗാന്ധിജിയിൽ ഉന്മേഷം പകർന്നു.

അന്നു കാലത്തു ഒരു പൊതുയോഗം ഉണ്ടാകുമെന്ന വാർത്ത പരന്നിരുന്നതുകൊണ്ടു ജനം രാവിലെ തന്നെ വീണ്ടും ശിവഗിരിയിലേക്കു പ്രവഹിച്ചു. തലേ ദിവസം ഗാന്ധി ആശ്രമത്തിലും പരിസരത്തും കൂടിയ ആളിന്റെ നാലിരട്ടി ശിവഗിരിയിൽ തിങ്ങിക്കൂടിയെന്നാണു മഹാത്മാക്കളുടെ സമാഗമം കാണാൻ ഭാഗ്യം സിദ്ധിച്ച വ്യക്തികൾ പറഞ്ഞത്. രണ്ടു കാര്യങ്ങൾ മാത്രമാണ് ഗാന്ധിജി സദസ്യരോടു പറഞ്ഞത്. ഒന്നു ശ്രീനാരായണ ഗുരുദേവന്റെ മാഹാത്മ്യം. രണ്ട് നൂൽ നൂല്പും നെയ്ത്തും പരമ്പരാഗതമായി ഈഴവർ നടത്തിപോരുന്ന തൊഴിലാണ്. അതുകൊണ്ടു അവർ നൂൽ നൂററു ഖദർ നെയ്തു ധരിക്കേണ്ടതു അത്യാവശ്യമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹാത്മജിയുടെ പ്രസംഗംകഴിഞ്ഞ ഉടനെ ഗുരുദേവൻ സദസ്യരെ നോക്കി ഇങ്ങനെ അരുളിച്ചെയ്തു. "മഹാത്മജി പറഞ്ഞതുപോലെ പ്രവർത്തിക്കണം"

ഗുരുദേവൻ മഹാത്മജി കാറിൽ കയറുന്നതുവരെ അനുഗമിച്ചു. റോസാദളങ്ങൾ മാത്രം ചേർത്തു കെട്ടിയ ഒരു മാല ഗാന്ധിജിയുടെ കഴുത്തിൽ ഗുരുദേവൻ അണിയിച്ചു. ഇനിയും പലപ്രാവശ്യവും കാണാമല്ലോ" എന്നു ഗുരുദേവൻ ചെറു പുഞ്ചിരിയോടു അരുൾ ചെയ്തു. മഹാത്മജിയും ഗുരുദേവനും പരസ്പരം നമസ്ക്കരിച്ചു. പിന്നീടു ഗാന്ധിജി കാറിൽ കയറി.

ഗാന്ധിജിയുടെ ആഗമനം കേരള ജനതയിൽ ഒരു നവോന്മേഷം പകർന്നു കൊടുത്തു. തിരുവനന്തപുരത്തു കൂടിയ പൊതുസമ്മേളനത്തിൽ മഹാത്മജി അഭിപ്രായപ്പെട്ടതു കൂടി ശ്രദ്ധിക്കാം.

"മനോഹരമായ തിരുവിതാംകൂർരാജ്യം സന്ദർശിക്കാനിടയായതും പുണ്യാത്മാവായ ശ്രീനാരായണ ഗുരുസ്വാമി തൃപ്പാദങ്ങളെ സന്ദർശിക്കാനിടയായതും എന്റെ ജീവിതത്തിലെ പരമ ഭാഗ്യമായി ഞാൻ വിചാരിക്കുന്നു. ഗുരുസ്വാമിയുടെ മാഹാത്മ്യത്തെക്കുറിച്ചു മഹാറാണി തിരുമനസ്സും എന്നോടു സംസാരിക്കുകയുണ്ടായി". ലൗകിക സ്വാതന്ത്ര്യം അതിന്റെ രൂഢമൂലതഓർത്താൽ പൂർണ്ണ ഫലപ്രാപ്തിക്കു മഹാത്മജി വീണ്ടും അവതരിയ്ക്കേണ്ടിവരും എന്ന് ശ്രീനാരായണൻ ചിരിച്ചുകൊണ്ടു അഭിപ്രായപ്പെട്ടു. തന്റെ ജീവിത കാലത്തു തന്നെ പൂർണ്ണ ഫലപ്രാപ്തിയിലെത്തുമെന്നു ഗാന്ധിജിയും ചിരിച്ചുകൊണ്ടു മറുപടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പറഞ്ഞു. വീണ്ടും അവതരിക്കേണ്ടി വരുമെന്നു ഗാന്ധിജിയോടു പറഞ്ഞതിൽ നിന്നും ഗുരുദേവൻ പുനർജന്മത്തെക്കൂടി സൂചിപ്പിക്കുകയല്ലേ ചെയ്തതെന്ന് ഈ ലേഖകൻ മനസ്സിലാക്കുന്നു. മഹാത്മജിയുടെ അപ്പോഴത്തെ ചിരിക്കും അതുപോലെ അർത്ഥമുണ്ട് എന്നു കരുതാം.

1958-ൽ നെഹ്റു ശിവഗിരി സന്ദർശിച്ചു. അവിടത്തെ ഡയറിയിൽ നെഹറുജി ഇങ്ങനെ രേഖപ്പെടുത്തി.

"ഒരു മഹാത്മാവു ജീവിച്ചു തന്റെ സന്ദേശം ജനങ്ങൾക്കു പ്രദാനം ചെയ്ത ഈ പുണ്യസ്ഥലം സന്ദർശിക്കുവാൻ കഴിഞ്ഞതിൽ എനിക്ക് അത്യധികം സന്തോഷമുണ്ട്. മഹാന്മാർ ജീവിച്ച സ്ഥലങ്ങൾ പുണ്യസ്ഥലങ്ങളായി മാറുന്നു. അവ ദേവാലയങ്ങൾക്കു തുല്യം വിശുദ്ധിയുള്ളതായിത്തീരുന്നു. കാരണം, അവരുടെ ചിന്തകളും പ്രാർത്ഥനകളും ഇവിടെ കുടികൊള്ളുന്നു. ശ്രീനാരായണഗുരു ജീവിച്ചത് ഇവിടെയാണ്, ഇവിടെ നിന്നാണ് അദ്ദേഹത്തിന്റെ ജാതിയില്ല, മത വിദ്വേഷമില്ല, എന്ന സന്ദേശം-ലോകമെങ്ങും പ്രചരിച്ചത്. ജാതി രഹിതവും വർഗ്ഗ രഹിതവുമായ ഒരു സമുദായം കെട്ടിപ്പടുക്കാനാണ് അദ്ദേഹം അഭിലഷിച്ചത്. അദ്ദേഹത്തിന്റെ സന്ദേശമിന്നു നമുക്കധികം ആവശ്യമായിത്തീർന്നിരിക്കുന്നു. ജാതി രഹിതവും വർഗ്ഗ രഹിതവുമായ ഒരു സമുദായം സൃഷ്ടിക്കാൻ നാം എന്താണു ചെയ്യേണ്ടത്? അനവധി കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. എന്നാൽ അതിനുള്ള അടിസ്ഥാനപരമായ സമീപനം നിർബന്ധത്തിന്റെയോ ഭീഷണിയുടേയോ മാർഗ്ഗത്തിലൂടെയാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വരുത്; ഹൃദയത്തിന്റെയും മനസ്സിന്റെയും മാർഗ്ഗത്തിലൂടെയാവണം. അതാണ് ശ്രീനാരായണന്റെ സമീപനം. ഹൃദയത്തിലും മനസ്സിലും മാററമുണ്ടായില്ലെങ്കിൽ നമ്മുടെ ഏതു പരിവർത്തനവും കേവലം ഉപരിപ്ലവമായിരിക്കും. ഇവിടം സന്ദർശിക്കുവാനും, ഇവിടം കേന്ദ്രമാക്കി തന്റെ സന്ദേശങ്ങൾ പ്രചരിപ്പിച്ച ആ പുണ്യാത്മാവിന് ആദരാഞ്ജലികൾ അർപ്പിക്കുവാനും അവസരമുണ്ടായതിൽ ഞാൻ അധികം കൃതാർത്ഥനാണ്''.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 32

ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്

ജാതി ഈ ലോകത്ത് എങ്ങനെയുണ്ടായി എന്നു ചോദിച്ചാൽ പല ഉത്തരങ്ങളായിരിക്കും ലഭിക്കുക. ഇൻഡ്യയെ സംബന്ധിച്ചാണെങ്കിൽ ജാതിയുടെ ഉത്ഭവം ആര്യന്മാരുടെ വരവോടുകൂടിയാണെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അതു ഫ്യൂഡൽ വ്യവസ്ഥിതിയുടെ സൃഷ്ടിയാണെന്ന കാര്യത്തിൽ സംശയമില്ല. അങ്ങനെ ജാതിയും മതവും ജനജീവിതത്തിൽ പ്രഥമവും പ്രധാനവുമായ സ്ഥാനം പിടിച്ചു പററി.

ജന്മം കൊണ്ടു ജാതി ഉണ്ടാകുന്നില്ല എന്ന ശാസ്ത്രീയ തത്ത്വത്തെ ആർക്കും നിഷേധിക്കുവാൻ പററുകയില്ല. ഭാരതത്തിൻെറ ആദി കവി വാല്മീകിയാണല്ലോ. കാട്ടാള ജീവിതം നയിച്ചുകൊണ്ടിരുന്ന ആ വേടനു സപ്തർഷികളുടെ സാമീപ്യം കൊണ്ടു മഹർഷിയായി മാറാൻ കഴിഞ്ഞു. അദ്ദേഹമെഴുതിയ രാമായണമാണ് ആദി കാവ്യം. മഹാഭാരതത്തിൻെറ കർത്താവായ വ്യാസമുനി, സത്യവതി എന്ന മുക്കുവസ്ത്രീയിൽ പരാശര മഹർഷിക്കുണ്ടായ പുത്രനാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നാൽ ഈ പരാശര മുനിയോ രണ്ടാമത്തെ ബ്രഹ്മാവാണ്. മുക്കുവ സ്ത്രീയിൽ ജനിച്ച വ്യാസൻ വേദങ്ങളെ ഭാഗിച്ചിട്ടുണ്ടെന്നു മാത്രമല്ല, വേദങ്ങളുടെ അർത്ഥം സൂക്ഷ്മമായി ഗ്രഹിക്കാൻ വേണ്ടി ബ്രഹ്മസൂത്രവും രചിച്ചിട്ടുണ്ട്. ഇതിൽ നിന്ന് മനസ്സിലാക്കാവുന്നത് ജന്മം കൊണ്ടു ജാതി ഉണ്ടാകുന്നില്ല എന്നും കൃത്രിമമായ ഒരു സൃഷ്ടിയാണ് ജാതി എന്നുമാകുന്നു.

പ്രൊഫസർ ടോയിൻബി അഭിപ്രായപ്പെട്ടതുപോലെ ജാതിക്കെതിരായുള്ള ഒരു 'ചലഞ്ചു'-ശ്രീനാരായണ ഗുരുദേവൻെറ ഉദയത്തോടു കൂടിയാണു ഉണ്ടായത്. ഗുരുദേവൻ ഒന്നിനേയും എതിർക്കാൻ നിന്നില്ല. സ്വതഃസിദ്ധമായ പ്രവർത്തന ശൈലിക്കു കളങ്കലേശമേല്ക്കാതെ മുന്നോട്ടു പോയി, ഗുരുദേവൻ പാടി.

"മനുഷ്യാണാം മനുഷ്യത്വം
ജാതിർഗോത്വം ഗവാം യഥാ
ന ബ്രാഹ്മണാദിരസ്യൈവം
ഹാ ! തത്ത്വം വേത്തി കോപിന"

പശുവിൻെറ വർഗ്ഗത്തിൽപ്പെട്ട ജന്തുക്കൾക്ക് പശുവിൻെറ ഭാവം എന്ന അർത്ഥത്തിലുള്ള ഗോത്രം എന്നു കരുതാവുന്നതാകുന്നു. അതുപോലെ മനുഷ്യർക്കു മനുഷ്യത്വം എന്നത് ജാതിയായി കരുതാവുന്നതാണ്.

ബ്രഹ്മജ്ഞാനി ബ്രാഹ്മണൻ എന്നു പറയുന്നത് യുക്തിക്കു ചേരുന്നതല്ല; കർമ്മജ്ഞാനി ബ്രാഹ്മണൻ എന്നു പറയുന്നതാണു ഉത്തമം. ജാതി ജനനത്തിൻെറ അടിസ്ഥാനത്തിലല്ലെന്നു ശാസ്ത്രീയ തത്ത്വം തെളിയിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നാൽ ഈ കാലഘട്ടത്തിൽ ജാതീയമായ അന്തരം കേരളത്തിൽ വർദ്ധിച്ചിരുന്നു. മുൻ അദ്ധ്യായനങ്ങളിൽവിവരിച്ചിട്ടുള്ളതുപോലെ സർക്കാർ ക്ഷേത്രങ്ങളിൽ ആരാധനക്കു പിന്നോക്ക സമുദായക്കാർക്കു കയറാൻ കഴിഞ്ഞിരുന്നില്ല. ഹിന്ദുമതത്തിലെ വമ്പിച്ച ജനവിഭാഗമായ പിന്നോക്ക സമുദായം ഈ പരിത:സ്ഥിതിയിൽ ഹിന്ദുമതത്തിൽ തുടരുന്നതിൻെറ ആവശ്യകതയെപ്പററി പലരും ചോദ്യംചെയ്തു. ശ്രീ. സി. കൃഷ്ണൻ, സഹോദരനയ്യപ്പൻ ശ്രീ. ഈ. കെ. അയ്യാക്കുട്ടി മുതൽ പേർ ബുദ്ധമതം സ്വീകരിക്കണമെന്ന പക്ഷക്കാരായി മാറി. ശ്രീ. സി. വി. കുഞ്ഞുരാമൻെറ പക്ഷം ക്രിസ്തുമതം സ്വീകരിക്കണമെന്നായിരുന്നു. അദ്ദേഹത്തിൻെറ അഭിപ്രായത്തോടു യോജിക്കുന്നവർ കുറവല്ലായിരുന്നു. ദേശീയ വാദിയായ ററി. കെ. മാധവനും കൂട്ടരും മതപരിവർത്തനത്തിനു തയ്യാറില്ലായിരുന്നു. ഹിന്ദുമതത്തിൽ നിന്നുകൊണ്ടു സമര മുറകളിലൂടെ ജാതി സങ്കടം മാററിയെടുക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ നിലപാട്.

നേതാക്കന്മാർ ആശയ സംഘട്ടനത്തിൽപ്പെട്ടു കഴിയുന്ന കാലത്തു ഗുരുദേവൻ തമിഴ് നാട്ടിലായിരുന്നു. യാദൃച്ഛികമായി ഗുരുദേവൻ ആലുവാ അദ്വൈതാശ്രമത്തിൽ എത്തി. വിവരമറിഞ്ഞു ഭക്തജനങ്ങൾ അങ്ങോട്ടു പ്രവഹിച്ചു. സഹോദരനയ്യപ്പനും അവിടെ വന്നെത്തി. ഗുരുദേവനും അയ്യപ്പനുമായി സംഭാഷണം നടന്നു. ററി. കെ. മാധവൻെറ നേതൃത്വത്തിൽ നടത്തിയിരുന്ന ദേശാഭിമാനി പത്രത്തിൽ ആ സംഭാഷണം പ്രസിദ്ധപ്പെടുത്തിയിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൃപ്പാദങ്ങൾ:-"അയ്യപ്പൻ, ഡാക്ടർ പല്പു മതം മാറണമെന്നു പറയുന്നുണ്ടല്ലോ".

അയ്യപ്പൻ:-മതം മാറണമെന്ന് ചിലർക്കെല്ലാം അഭിപ്രായമുണ്ട്.

തൃപ്പാദങ്ങൾ:-മനുഷ്യൻ നന്നായാൽ പോരയോ? അല്ലാതുള്ള മാററമാണോ എല്ലാവരും പറയുന്നത്?

അയ്യപ്പൻ:-മനുഷ്യൻ നന്നാകുന്നതിനുള്ള മാർഗ്ഗങ്ങൾ അധികം കാണുന്നത് ബുദ്ധമതത്തിലാണ്.

തൃപ്പാദങ്ങൾ:-ബുദ്ധമതക്കാരെല്ലാം നല്ല മനുഷ്യരാണോ ? മത്സ്യം തിന്നുന്നവരും കള്ളു കുടിക്കുന്നവരും അസമത്വമാചരിക്കുന്നവരും ധാരാളമുണ്ടെന്നു നാം അറിയുന്നു.

അയ്യപ്പൻ:-ഇപ്പോഴുള്ള ബുദ്ധമതക്കാരിൽ നല്ലവർ വളരെ കുറയും എന്നു വേണം പറയുവാൻ.

തൃപ്പാദങ്ങൾ:-അങ്ങനെയാണോ ? നാമും അതു കേട്ടു. ബുദ്ധ സന്ന്യാസിമാർ കിട്ടുന്നതെല്ലാം ഭക്ഷിക്കുന്നു; മാംസമായാലും തിന്നും. കൊടുക്കുന്നതൊന്നും വേണ്ടെന്നു പറയുവാൻ പാടില്ല, അല്ലേ ? അങ്ങനെ മാംസത്തിനു രുചിപിടിച്ച് അത്യധികം ഇഷ്ടമാകും. ആളുകൾ ഇഷ്ടം നോക്കി മാംസം തന്നെ കൊടുക്കും. അതും നല്ലതാണല്ലോ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അയ്യപ്പൻ:-ഇടക്കാലത്തു ബുദ്ധമതവും ദുഷിച്ചു. മനുഷ്യൻ നന്നാകാൻ ബുദ്ധൻെറ ഉപദേശങ്ങളോളം നല്ല ഉപദേശമില്ല.

തൃപ്പാദങ്ങൾ:-ക്രിസ്തുവിൻെറ ഉപദേശങ്ങൾ നന്നല്ലേ? മുഹമ്മദുനബിയുടെ ഉപദേശവും കൊള്ളാമല്ലോ. ആ മതക്കാരിൽപ്പെട്ട എല്ലാവരും യോഗ്യരാണോ ? അപ്പോൾ മതമേതായാലും മനുഷ്യൻ നന്നാവാൻ ശ്രമിച്ചുകൊണ്ടിരിക്കണം. അല്ലെങ്കിൽ അധഃപതിക്കും. പ്രവൃത്തി പരിശുദ്ധമായിരിക്കണം. വാക്കും വിചാരവും ശുദ്ധമായിരിക്കണം. ഈ മൂന്നു വിധത്തിലും തെററുകൾ വരരുത്. തെററുകൾ വന്നശേഷം. ഹേ, തെററിപ്പോയല്ലോ എന്നുതിരുത്തുവാൻ സംഗതി വരാത്തവണ്ണം മനസ്സു ശുദ്ധമായിരിക്കണം. അതാണു ജീവൻ മുക്താവസ്ഥ.

അയ്യപ്പൻ:-ബുദ്ധമതക്കാർ അതിനു നിർവ്വാണമെന്നു പറയുന്നു.

തൃപ്പാദങ്ങൾ:-അങ്ങനെയാണോ ? ആയിരിക്കാം. ജാതി മനുഷ്യരിൽ കയറി മൂത്തുപോയി. ശങ്കരാചാര്യനും അതിൽ തെററുകാരനാണ്. ബ്രഹ്മ സൂത്രം എഴുതിയ വ്യാസൻ തന്നെ ചാതുർവർണ്യത്തെക്കുറിച്ചു രണ്ടിടത്തു രണ്ടു വിധം പറഞ്ഞിരുന്നു. ജാതി കളയണം, അല്ലാതെ രക്ഷയില്ല. മനുഷ്യരെല്ലാം ഒരു സമുദായമാണല്ലോ, ആ നില വരത്തക്കവിധം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാതിയെ ഉപേക്ഷിക്കണം, മതം മാററത്തെപ്പററി കുമാരനാശാൻെറ അഭിപ്രായമെന്താണ് ?

അയ്യപ്പൻ:-സ്വാമി തൃപ്പാദങ്ങളുടെ അഭിപ്രായമറിയാതെ മതം മാറുന്നത് സ്വാമിയെ പ്രത്യക്ഷത്തിൽ അവഗണിക്കുന്നതായിരിക്കുമെന്നാണ് ആശാൻെറ അഭിപ്രായം.

തൃപ്പാദങ്ങാ:-അങ്ങനെയാണോ ?

അയ്യപ്പൻ:-ഈ സംഗതിയിൽ സ്വാമിയുടെ അഭിപ്രായം പ്രത്യേകമറിയണമെന്നാണ് ആശാൻ പറയുന്നത്.

തൃപ്പാദങ്ങാ:-നമ്മുടെ അഭിപ്രായം ഇതുവരെ അറിഞ്ഞിട്ടില്ലേ ? അയ്യപ്പനറിയാമോ നമ്മുടെ അഭിപ്രായം.

അയ്യപ്പൻ:-അറിയാം. തൃപ്പാദങ്ങാക്ക് ഒരു മതത്തോടും വെറുപ്പില്ല. മനുഷ്യൻെറ വേഷം, ഭാഷ, മതം മുതലായവ എങ്ങനെയിരുന്നാലും അവർ തമ്മിൽ ഒരു സമുദായമായി കഴിയണമെന്നാണ് സ്വാമിയുടെ അഭിപ്രായമെന്നറിയാം.

തൃപ്പാദങ്ങാ:-അതാണു നമ്മുടെ അഭിപ്രായം. മതമെന്നുവച്ചാൽ അഭിപ്രായം. അതേതായാലും മനുഷ്യർക്ക് ഒരുമിച്ചു കഴിയാം. ജാതി ഭേദം വരരുത്. അതു സാധിക്കും. നിശ്ചയമായും സാധിക്കും. സത്യവ്രതനെ നോക്ക് (സത്യവ്രതസ്വാമിയെപ്പററി) സത്യവ്രതന് അശേഷം ജാതിയില്ല,

അയ്യപ്പൻ:-സത്യവ്രതസ്വാമിക്ക് അശേഷം ജാതിയില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൃപ്പാദങ്ങരം:-നമുക്കാർക്കും അത്ര ജാതി പോയിട്ടില്ലെന്നു തോന്നുന്നു. ബുദ്ധനു കൂടി ഇത്ര ജാതി പോയിരുന്നോ എന്നു നമുക്കു സംശയമാണ്. സത്യവ്രതൻ അത്ര വ്യത്യാസമില്ലാത്തയാളാണ്. അങ്ങനെ ജീവിക്കാമല്ലോ. ഹിന്ദുമതത്തിന് എന്താണു കുററം ? ആര്യ സമാജക്കാരും ബ്രഹ്മസമാജക്കാരും ഹിന്ദുക്കളാണല്ലോ. അവർക്കു ജാതിയില്ല.

അയ്യപ്പൻ:-അവർ ഹിന്ദുക്കളല്ല. അവരുടെ സംഘത്തിൽ ആളുകരം അധികപ്പെട്ടാൽ അവർ ഹിന്ദുക്കളാണെന്നു പറയും. ആര്യസമാജക്കാർ വേദങ്ങളെ സ്വീകരിക്കുന്നു. പക്ഷെ ! അതിനവർ വേറെ വ്യഖ്യാനം കൊടുത്താണു പ്രമാണമാക്കുന്നത്.

തൃപ്പാദങ്ങരം:-അങ്ങനെയാണോ?

അയ്യപ്പൻ:-തീയർ മതം മാറുന്നു എന്നു കേട്ടു സ്വാമിയോടു മററുള്ളവർക്കെല്ലാം വളരെ ബഹുമാനമായിരിക്കുകയാണ്.

തൃപ്പാദങ്ങരം:-(ചിരിച്ചുകൊണ്ട്) അതുകൊണ്ടു ബഹുമാനമുണ്ടാകുമല്ലോ.

അയ്യപ്പൻ:-അവർ ചോദിക്കുന്നു. എന്തിനു മതം മാറുന്നു. നമുക്കു ശ്രീനാരായണ മതം പോരയോ ? എന്ന്. എന്നാൽ നിങ്ങരം ശ്രീനാരായണ മതം സ്വീകരിക്കിൻ എന്നു പറഞ്ഞിട്ട് ഇഷ്ടമില്ല.

തൃപ്പാദങ്ങരം:-അതെന്തിന് ? അവരവർക്കു ഇഷ്ടമുള്ള മതം സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ടല്ലോ. മതം ഏതുമാകട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അയ്യപ്പൻ:- സ്വാമിയുടെ മുമ്പേയുള്ള അഭിപ്രായവും അതാണ്.

തൃപ്പാദങ്ങൾ:- നമുക്കു ഇപ്പോഴുഴുള്ള അഭിപ്രായവും അതുതന്നെ. മതം മാറണമെന്നു തോന്നിയാൽ ഉടനെ മാറണം. അതിനു സ്വാതന്ത്ര്യം വേണം. മതം മാറുകയും പുറമേ കള്ളം പറയുകയും ചെയ്യുന്നത് കഷ്ടവും പാപവുമാണ്. മതം ഓരോരുത്തരുടെയും ഇഷ്ടം പോലെയിരിക്കും. അച്ഛൻെറ മതമല്ലായിരിക്കും മകനിഷ്ടം. മനുഷ്യന് മത സ്വാതന്ത്ര്യം വേണ്ടതാണ്. അതാണു നമ്മുടെ അഭിപ്രായം. നിങ്ങളൊക്കെ അങ്ങനെ പറയുമോ ?

അയ്യപ്പൻ:- ഞാൻ ഈയ്യിടെ ഒരാധാരത്തിൽ ബുദ്ധമതമെന്നു ചേർത്തു.

തൃപ്പാദങ്ങൾ:- (ചിരിച്ചുകൊണ്ട്) ജാതി എഴുതിയില്ല അല്ലേ ? അതു കൊള്ളാം. ജാതി വരരുത്. ഒരിടത്തും ജാതി ഉണ്ടായിരിക്കരുത്. മനുഷ്യൻ ഒരു ജാതിയായി ജീവിക്കണം. ഈ അഭിപ്രയം എല്ലായിടത്തും പരക്കണം ജാതി പോകും. മനുഷ്യന് ഒരു ജാതി. അതാണു നമ്മുടെ മതം. മനുഷ്യനു ജാതി ഒന്നേയുള്ളൂ. മതം ഒന്നേയുള്ളൂ. ദൈവം ഒന്നേയുള്ളൂ. ഉൽപ്പത്തി സ്ഥാനം ഒന്നേയുള്ളൂ. ആകൃതി ഒന്നേയുള്ളൂ. അതുകൊണ്ടു മനുഷ്യവർഗ്ഗത്തിൽ ഭേദം ഒന്നും കല്പിയ്ക്കാനില്ല''.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ സംവാദത്തിനു ശേഷമാണു ജാതിയേയും മതത്തെയുംകുറിച്ചു യുക്തിവാദിയായ സഹോദരനയ്യപ്പനുണ്ടായിരുന്ന തെററായ ധാരണകരംക്കു മാററമുണ്ടായത്. കൂടാതെ മതംമാറാൻകച്ചകെട്ടിനിന്ന പലരേയും പിന്നീടു രംഗത്തു കണ്ടില്ല എന്നതാണു സത്യം. മനുഷ്യൻ ഒരു ജാതി അതാണു നമ്മുടെ അഭിപ്രായമെന്നു ഗുരുദേവൻ ഉദാഹരണ സഹിതം തെളിയിച്ചു. ശ്രീബുദ്ധനേയും ശ്രീ ശങ്കരനേയും കടന്നു ശ്രീനാരായണ ഗുരുദേവൻ ഒരു പടി കൂടി മുമ്പോട്ടു പോയിരിക്കുന്നു. അതുകൊണ്ടാണു മററു ലോക ഗുരുക്കന്മാരിൽ നിന്നും അദ്ദേഹത്തെ വ്യത്യസ്തനായി കാണാൻ കഴിയുന്നത്. ഋഷീശ്വരന്മാരിൽ നിന്നും അദ്ദേഹത്തെ മഹത്വത്തിൻെറ ഉന്നത പീഠത്തിലേയ്ക്കു ഉയർത്തി നിർത്തിയിരിക്കുന്നതും അതു തന്നെ, ദേശീയോദ്ഗ്രഥനമാണു ഇൻഡ്യയുടെ ലക്ഷ്യം. ഏക ലോകമാണുരാഷ്ട്രങ്ങളുടെ ലക്ഷ്യം. ഇതുരണ്ടും സാക്ഷാൽക്കരിക്കണമെങ്കിൽ ജാതി മാറുകതന്നെവേണം. മററണം·

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 33

സർവ്വമത സമ്മേളനം

യഥാർത്ഥത്തിൽ മനുഷ്യത്വത്തിന്റെ പരിപൂർണ്ണതയാണു മതം. ലോകമെങ്ങും വ്യാപരിക്കുന്ന ഒരു ചൈതന്യമുണ്ട്. ആ ചൈതന്യത്തെക്കുറിച്ചു പ്രത്യക്ഷത്തിൽ ബോധമുണ്ടായ ഋഷികളുടെ സ്വാനുഭൂതി തികളിലാണു എല്ലാ മതങ്ങളും സ്ഥാപിതമായിരിക്കുന്നത്.

അനുയായികൾ ഗുരുവിന്റെ കാലശേഷം അദ്ദേഹത്തിന്റെ നാമധേയത്തിൽ മതം സ്ഥാപിച്ചിട്ടുണ്ട്. സരതുഷ്ട്രന്റെ അനുയായികൾ സരതുഷ്ട്ര മതത്തിനു ബീജാവാപം ചെയ്തു. ബുദ്ധന്റെ പേരിൽ ബുദ്ധമതം ഉണ്ടായി. ക്രിസ്തുവിന്റെ പേരിൽ ക്രിസ്തുമതം ഉണ്ടായി. മുഹമ്മദുനബിയുടെ പേരിൽ മുഹമ്മദുമതവും. ഇങ്ങനെ പലതും. ഒരു പുതിയ മതം സ്ഥാപിക്കുവാൻ ശ്രീനാരായണഗുരു ശ്രമിച്ചില്ല. അദ്ദേഹം സർവ്വ സാഹോദര്യത്തിനു വേണ്ടി പ്രയത്നിച്ചു.

കബീറും, നാനാക്കും മത പരിവർത്തനത്തിനു വേണ്ടി പരിശ്രമിച്ചിരുന്നു. ഭക്തിയിൽ അധിഷ്ഠിതമായ കബീറിന്റെ അഭിപ്രായം ശ്രദ്ധേയമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"ജലാശയത്തിലെ മത്സ്യം ദാഹാർത്തമാണെന്നു കേൾക്കുമ്പോൾ ഞാൻ ചിരിച്ചു പോകുന്നു. ഈശ്വരൻ നിങ്ങളുടെ സ്വന്തം ഭവനത്തിൽ ഇരിക്കുമ്പോൾ അദ്ദേഹത്തെ തിരഞ്ഞു കാടുകൾതോറും നിങ്ങൾ അലഞ്ഞു തിരിയുന്നു....... ഇതാണു സത്യം. നിങ്ങൾ ഏതൊരു പുണ്യസ്ഥലമോ സന്ദർശിച്ചുകൊള്ളൂ. കാശിയോ, മധുരയോ, ഏതു വേണമെങ്കിലും. എന്നാൽ സ്വന്തം ആത്മാവിൽ നിങ്ങൾ ദൈവത്തെ കണ്ടെത്തുന്നതുവരെ ഈ ലോകം മുഴുവൻ നിങ്ങൾക്കു നിർത്ഥകമായിട്ടേ തോന്നുകയുള്ളൂ"

ആധുനികമായ ഋഷികളിൽപ്പെട്ടവരാണു ശ്രീരാമകൃഷ്ണപരമഹംസനും ദേവേന്ദ്രനാഥടാഗോറും ശ്രീ രമണ മഹർഷിയും. ഈ വിഷയത്തെക്കുറിച്ചു രമണ മഹർഷിയുടെ അഭിപ്രായഗതി എന്തായിരുന്നുവെന്നു കൂടി പരിശോധിക്കാം. "ഹിന്ദുമതത്തിൻെറ ലക്ഷ്യം മനുഷ്യവർഗ്ഗത്തെ പുനർജ്ജീവിപ്പിക്കുകയാണ്. മനുഷ്യ സ്വഭാവത്തിന് ആദ്ധ്യാത്മികമായ മാററം വരുത്തുകയാണ്. മത ജീവിതം അനുപേക്ഷണീയമായ ഒരു 'ദ്വിതീയ' ജന്മമാണ്. ഈ ദ്വിതീയ ജന്മം മനുഷ്യൻെറ ആന്തരിക സത്തയ്ക്കു മാത്രം ബാധകമായിട്ടുള്ളതാണ്. അത് സമുന്നതമായ ഒരു ബോധമണ്ഡലത്തിലേക്ക് ഉയരുന്നതായി കാണുന്നു".

ഇങ്ങനെ മതത്തെക്കുറിച്ചും മതത്തിൻെറ ലക്ഷ്യങ്ങളെക്കുറിച്ചും വിവിധങ്ങളായ അഭിപ്രായങ്ങൾ മതാചാര്യന്മാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നും ഒരു ചട്ടക്കൂട്ടിൽ ഒതുങ്ങി നില്ക്കുന്ന സ്വഭാവമല്ലല്ലോ മനുഷ്യനുള്ളത്. മാററങ്ങൾ ആഗ്രഹിക്കുന്നവരാണു ഭൂര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പക്ഷം ആളുകളും. മത പരിവർത്തനം ആവശ്യമാണെന്നു ഒരു മനോഭാവം ജനങ്ങളിൽ പ്രകടമായി. മനുഷ്യരുടെ ചിന്താഗതി എന്താണെന്നു മനസ്സിലാക്കുവാൻ പ്രാപ്തിയുണ്ടായിരുന്ന ഗുരു സർവ്വമതങ്ങളുടേയും ഒരു സമ്മേളനം വിളിച്ചു കൂട്ടാൻ സത്യവ്രതസ്വാമിയെ ചുമതലപ്പെടുത്തുകയുണ്ടായി (1924)

ചരിത്ര പ്രസിദ്ധമായ ആലുവാ അദ്വൈതാശ്രമത്തിനു സമീപത്താണ് സർവ്വമത സമ്മേളനം വിളിച്ചു കൂട്ടിയത്. ശിവരാത്രി ഉത്സവത്തോട് അനുബന്ധിച്ചായിരുന്നു അത്. "വാദിക്കുവാനും ജയിക്കുവാനുമല്ല; അറിയാനും അറിയിക്കാനുമാണ്" സർവ്വമത സമ്മേളനത്തിന്റെ ലക്ഷ്യം എന്നു പ്രധാന കവാടത്തിൽ എഴുതിവച്ചു.

വിവിധ മതങ്ങളുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് പല പണ്ഡിതന്മാരും സമ്മേളനത്തിൽ പങ്കെടുത്തു. ക്രിസ്തുമതത്തെ കെ. കെ. കുരുവിളയും ഹിന്ദുമതത്തെ മഞ്ചേരി സഹോദരന്മാരും മുഹമ്മദു മതത്തെ മുഹമ്മദു മൗലവിയും ആ ര്യ സ മാ ജ ത്തെ പണ്ഡിററ് ഋഷിറാമും പ്രതിനിധാനം ചെയ്തു. സർ ടി. സദാശിവഅയ്യരായിരുന്നു യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചത്. രണ്ടു ദിവസം നീണ്ടുനിന്ന സമ്മേളന രംഗം ഗുരുദേവൻ വീക്ഷിക്കുകയുണ്ടായി.

ഒരോരുത്തരും അവരവരുടെ അഭിപ്രായം ആശങ്കകൂടാതെ പ്രകടിപ്പിച്ചു. സി. വി. കുഞ്ഞുരാമൻ സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും കൃതജ്ഞത പ്രകാശിപ്പിച്ചു. ശ്രീനാരായണഗുരു നല്കിയ സന്ദേശം സത്യവ്രതസ്വാമികൾ വായിച്ചു. "എല്ലാ മതങ്ങളുടേയും പരമോദ്ദേശ്യം ഒന്നാണെന്നും ഭിന്ന മതാനുയാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യികരം തമ്മിൽ കലഹിച്ചിട്ടാവശ്യമില്ലെന്നും ഈ മത മഹാ സമ്മേളനത്തിൽ നടന്ന പ്രസംഗങ്ങരം വെളിപ്പെടുത്തിയിരിക്കുന്നതിനാൽ നാം ശിവഗിരിയിൽ സ്ഥാപിക്കാൻ വിചാരിച്ചിരിക്കുന്ന മഹാ പാഠശാലയിൽ എല്ലാ മതങ്ങളും പഠിക്കുന്നതിനു വേണ്ട എല്ലാ സൗകര്യങ്ങളും കൂടി ഉണ്ടായിരിക്കണമെന്ന് വിചാരിക്കുന്നു. ഈ സ്ഥാപനത്തിൻെറ നടത്തിപ്പിന് അഞ്ചു ലക്ഷം രൂപാ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്നതിന് എല്ലാവരും സഹായിക്കുമെന്നു വിശ്വസിക്കുന്നു''.

ഇമ്മാതിരി ഒരു സർവ്വമത സമ്മേളനം ഇൻഡ്യയിൽ ആദ്യമായാണു നടന്നത് ഓരോ മതാനുയായിയും താന്താങ്ങളുടെ മതമാണു ശ്രേഷ്ഠമെന്നു ഉദ്ഘോഷിക്കാറുണ്ട്. അങ്ങനെയുള്ള വരെ ചിന്തിപ്പിക്കാനും പ്രവർത്തിപ്പിക്കാനുമാണു ഗുരുദേവൻ സർവ്വമത സമ്മേളനം വിളിച്ചുകൂട്ടിയത്.

ഏക ലോകത്തെ സങ്കല്പിക്കുന്ന ഇന്നത്തെ ചിന്തകന്മാർക്കും പ്രവർത്തകർക്കും ഇതൊരു പ്രകടന പത്രികയായി സ്വീകരിക്കാമല്ലോ. മനുഷ്യരെല്ലാം ഒന്നാണെന്നും ലോകമാണു അവരുടെ തറവാടെന്നും പ്രസംഗിക്കാറുണ്ട്. സുന്ദരമായ ഭാഷയിൽ സരളമായ ശൈലിയിൽ പ്രസംഗിക്കാറുണ്ട്. പക്ഷെ അതുവെറും പ്രസംഗം മാത്രമാണ്. ഇമ്മാതിരിയുള്ള പ്രസംഗങ്ങരക്കു പകരം ശ്രീനാരായണഗുരുദേവൻ അരുരംചെയ്തതുപോലെ അവർ പ്രവർത്തിച്ചിരുന്നെങ്കിൽ എന്നു തോന്നിപ്പോകാറുണ്ട്.

മതം ഇന്നും നിലവിലുണ്ട്. അതു രാഷ്ട്രീയ മതമായി മാറി എന്നു മാത്രം. വിവിധ രാഷ്ട്രീയക്കാർ എന്നു പറഞ്ഞാൽ വിവിധ അഭിപ്രായക്കാർ പല

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പോഴും യോജിക്കുകയും ഭിന്നിക്കുകയും ചെയ്യും. എല്ലാം ഒന്നാണ് എന്ന ബോധം, അവരിൽകുടികൊള്ളാത്തതുകൊണ്ടല്ല, സ്ഥാപിത താത്പര്യ സംരക്ഷണം ഉണ്ടാകുമ്പോൾ എല്ലാം മറക്കുന്നു എന്നതാണു സത്യം.

ആലുവായിൽ നടന്ന സർവ്വമത സമ്മേളനത്തിന്റെ അലകൾ ഇന്നും ബുദ്ധി ജീവികളുടെ—ചിന്തകന്മാരുടെ—മനസ്സിൽ തുളച്ചുകയറുന്നുണ്ട്. "മതം മനുഷ്യനെ മയക്കുന്ന മരുന്നാണെന്നു" മഹാനായ ലെനിൻ അഭിപ്രായപ്പെട്ടു. ഗുരുദേവന്റെയും ലെനിന്റെയും അഭിപ്രായങ്ങളിൽ സാദൃശ്യം ഇല്ലേ? മനുഷ്യാ നീ തെററിദ്ധരിയ്ക്കേണ്ടാ. മതമെല്ലാം ഒന്നാണ്. മതാനുയായികൾ നിന്നെ മയക്കി മാററി എടുക്കുകയാണ്. നീ, ആ പന്ഥാവിലേയ്ക്കു യാത്ര ചെയ്യരുത്. അവിടെ അപകടം പതിയിരിക്കുകയാണ്.

ശ്രീനാരായണ ഗുരുദേവന്റെ ഏക മത സിദ്ധാന്തം ഇന്നു വളരെ പ്രാധാന്യം നേടിയിരിക്കുന്നു. പതിനായിരം സൂര്യന്മാർ ഉദിച്ചു ഉയരുമ്പോൾ അതിനെതിരെ കണ്ണടച്ചു ഇരുട്ടാക്കാൻ ശ്രമിക്കുന്ന ബുദ്ധിഹീനന്റെ അവസ്ഥയായിരിക്കും ജാതിയേയും മതത്തേയും ആശ്ലേഷിച്ചു കഴിയുന്നവന് അനുഭവപ്പെടുക.

ആധുനിക ലോകത്തിന് ശ്രീനാരായണ സിദ്ധാന്തം ഒരു പുതിയ കാഴ്ചപ്പാടു സൃഷ്ടിച്ചു എന്ന—ജാൺസ്പീയേഴ്സിന്റെ അഭിപ്രായം നൂറു ശതമാനവും ശരിയാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 34

ദേശാഭിമാനി ടി. കെ. മാധവൻ

ശ്രീനാരായണ ഗുരുദേവന്റെ ശിഷ്യന്മാരിൽ പ്രധാനിയാണു ദേശാഭിമാനി ടി. കെ. മാധവൻ. 'സംഘടന കൊണ്ടു ശക്തി പ്രാപിക്കുക' എന്ന ഗുരുദേവ സിദ്ധാന്തം' കേട്ടുകൊണ്ടു കർമ്മ രംഗത്തിലേക്കു കുതിച്ചു ചാടിയ ഒരു മഹാത്മാവാണു ദേശാഭിമാനി ടി. കെ. മാധവൻ. അദ്ദേഹം അക്കാലത്തു മാവേലിക്കരയിലും കാർത്തികപ്പള്ളിയിലും സമാജങ്ങൾ സംഘടിപ്പിക്കുകയും സാമൂഹികപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്തിരുന്നു. ഗോപാലകൃഷ്ണഗോഖലെ, സ്വാമി വിവേകാനന്ദൻ മുതലായവരുടെ ആശയങ്ങളെ സാംശീകരിച്ച് മാധവൻ തന്റെ പ്രവൃത്തിയിലൂടെ ആ ആശയങ്ങൾക്കു രൂപം കൊടുക്കുവാൻ ശ്രമിച്ചു,

കുട്ടിക്കാലം മുതല്ക്കുതന്നെ ഓരോ കാര്യത്തിനും നേതൃത്വം കൊടുക്കാനുള്ള കഴിവ് മാധവനിൽ പ്രകടമായിരുന്നു. പൗരസമത്വവാദം, മദ്യ വർജ്ജന പ്രക്ഷോഭണം, ക്ഷേത്രപ്രവേശന വാദം തുടങ്ങിയ പരിപാടികളിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. നാല്പത്തിഅഞ്ചാം വയസ്സിൽ മൃതിയടയുന്നതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വരെ ടി. കെ. മാധവൻ ഒരു കൊടുങ്കാററായിരുന്നുവെന്നു ചരിത്രം വെളിപ്പെടുത്തുന്നു. പ്രസംഗം മാധവനു ഒരു കലയായിരുന്നു. പ്രസംഗിച്ചു ശ്രോതാക്കളെ തന്നിലേക്ക് ആകർഷിക്കുവാൻ അദ്ദേഹത്തിനുള്ള കഴിവ് അത്ഭുതാവഹമായിരുന്നുവത്രെ. വൈയ്ക്കം സത്യാഗ്രഹത്തിൻെറ ജീവാത്മാവും പരമാത്മാവും മററാരാരും ആയിരുന്നില്ല.

കടയ്ക്കാവൂർ സുബ്രഹ്മണ്യൻ കോവിൽ എന്ന ലേഖനത്തിൽ പറഞ്ഞിരിക്കുന്ന സാമൂഹികമായ അവസ്ഥ തന്നെ (അയിത്തം) കേരളത്തിൻെറ മിക്ക ഭാഗങ്ങളിലും നിലനിന്നിരുന്നു. ആ പ്രവണതയ്ക്ക് ഒരു മാററം വരുത്തുവാൻ ആരും അനങ്ങിയില്ല. വേദന അനുഭവിക്കുന്നവൻ തന്നെ സുഖക്കേടിനു മരുന്നു കണ്ടുപിടിച്ചു ചികിത്സ നടത്തേണ്ട സ്ഥിതി വിശേഷമാണു അന്നു നിലവിൽ ഉണ്ടായിരുന്നത്.

ഇതിനെതിരായി രാജ്യത്തിൻെറ പല പ്രധാന ഭാഗങ്ങളിലും ശക്തമായ പ്രതിഷേധം ഉയർന്നു. ആ ശബ്ദം അധികാരികളുടെ കർണ്ണപുടങ്ങളിൽ ആഞ്ഞടിച്ചു, എന്നാൽ അവർ അതു കേട്ട ഭാവം നടിച്ചില്ല.

പ്രസിദ്ധമായ വൈയ്ക്കം ക്ഷേത്രത്തിൻെറ പരിസരത്തുകൂടി അവർണ്ണജനങ്ങൾക്കു യാത്രചെയ്യാൻ പാടില്ലായിരുന്നു. യാത്രാ സൗകര്യത്തിനും ആരാധനാ സ്വാതന്ത്ര്യത്തിനും വേണ്ടി സർക്കാരിൻെറ തിരുമുമ്പിൽ അപേക്ഷകളുമായി മാധവൻ രംഗപ്രവേശം ചെയ്തു. ഫലം നാസ്തി. കർമ്മ പടുവായ ടി. കെ. മാധവൻ സത്യാഗ്രഹം ആരംഭിക്കുവാൻ തീരുമാനിച്ചു. K. P. കേശവമേനോൻ, K. M. പണിക്കർ, കെ. കേളപ്പൻ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്നത്തു പത്മനാഭൻ തുടങ്ങിയ സവർണ്ണ നേതാക്കൾ സത്യാഗ്രഹം വിജയിപ്പിക്കുവാൻ രംഗത്ത് ഇറങ്ങി പ്രവർത്തിച്ചു.

ശ്രീനാരായണ ഗുരുദേവന്റെ അനുഗ്രഹാശിസ്സുകളോടു കൂടി 1099-മീനം 17-ാം തീയതി വൈയ്ക്കം സത്യാഗ്രഹമാരംഭിച്ചു. പ്രയാസങ്ങളും പ്രതിബന്ധങ്ങളും ഉണ്ടായിട്ടും ടി. കെ. നിരാശനായില്ല. ഭീഷണികൾ പല ഭാഗങ്ങളിൽ നിന്നും ഉയർന്നു. എന്നാൽ അവയുടെ മുമ്പിൻ അദ്ദേഹം മുട്ടു മടക്കിയില്ല. സത്യാഗ്രഹം ഇടതടവില്ലാതെ നടന്നു. പോലീസിന്റെ ഉരുക്കു മുഷ്ടികൾ സത്യാഗ്രഹികളെ ആലിംഗനം ചെയ്തു. ധീരരും ത്യാഗ സമ്പന്നരുമായ സത്യാഗ്രഹികൾ അവരുടെ കർത്തവ്യത്തിൽ നിന്നും അണുകിട വ്യതിചലിച്ചില്ല, ഈ സന്ദർഭത്തിൽ ടി. കെ മാധവന്റെ അപേക്ഷയനുസരിച്ചു ശ്രീനാരായണ ഗുരുദേവൻ വൈയ്ക്കത്തു പോയി സത്യാഗ്രഹികളെ അനുഗ്രഹിച്ചു. 1100 കന്നി 12ന് (1924 സെപ്തംബർ 27-ാം തീയതി) ഗുരുദേവൻ സത്യാഗ്രഹാശ്രമം സന്ദർശിച്ചതിനെക്കുറിച്ചു ദേശാഭിമാനി ഇങ്ങനെ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

"........ ബ്രഹ്മശ്രീനാരായണ ഗുരുസ്വാമികൾ ഇന്നുച്ച ബോട്ടിന് ഇവിടെ സത്യാഗ്രഹാശ്രമത്തിൽ എത്തിച്ചേർന്നു. ഈ വിശിഷ്ടാഗമനം പ്രമാണിച്ച് ആശ്രമത്തിലെ വാളണ്ടിയർമാരും മററനേകം ജനങ്ങളും നേരത്തെ, ബോട്ടു ജെട്ടിയിൽ കൂടിയിരിന്നു. ബോട്ടിൽ നിന്നും ഇറങ്ങുന്നതിനു മുമ്പായിതന്നെ മെമ്പറിൻ-ചാർജ്ജായ ശ്രീമാൻ എൻ. നാരായണൻ അകത്തു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കടന്ന് സ്വാമികളെ മനോഹരമായ ഒരു ഖദർ ഹാരം അണിയിക്കുകയുംണ്ടായി. സാധാരണ പതിവില്ലാത്ത വിധത്തിൽ ഈ മാല അദ്ദേഹം വളരെ നേരം കഴുത്തിൽ തന്നെ ഇട്ടുകൊണ്ടിരുന്നതും അതിനെ തുടർന്നുണ്ടായ സംഭാഷണവും മററും കൊണ്ട് സ്വാമിയുടെ ഖദർ പ്രേമം ധാരാളം വ്യക്തമാകുന്നുണ്ട്. പല നിറത്തിലുള്ള ഖദർ നൂൽകൊണ്ട് കെട്ടപ്പെട്ടിരുന്ന ആ, ഹാരം വളരെ കൗതുകകരമായി തോന്നി. സ്വാമികൾ അതെന്താണെന്നു ചോദിക്കുകയും ഖദറാണെന്ന് പറഞ്ഞുകേട്ടപ്പോൾ നിങ്ങൾ ഉണ്ണുന്നതും ഖദറാണോ എന്നു സ്വതഃസിദ്ധമായ ഫലിതത്തിൽ പ്രസ്താവിക്കുകയും ചെയ്തു. സ്വാമികൾ ഖദർമാല മണത്തു നോക്കീട്ട് "ഇതിനു വാസനയില്ല, അകത്തായിരിക്കും വാസന" എന്നും അരുളിച്ചെയ്തു. സ്വാമികൾ ധരിച്ചിരുന്നത്. ഒരു ഖദർ മുണ്ടും ഷാളും ആണ്. സ്വാമികളുടെ വക, ആലുവാ അദ്വൈതാശ്രമത്തിലേക്ക് മുപ്പതുനൂൽ ചക്രങ്ങൾ ഇവിടെ നിന്നു പണിഞ്ഞയക്കുവാൻ ഏർപ്പാടുചെയ്തിരിക്കുന്നു. കൂടാതെ അദ്ദേഹത്തിനു പ്രത്യേകം ഒരു ചർക്ക പണിയാനും അതിൽ നൂൽ നൂൽക്കാനും അദ്ദേഹം നിശ്ചയിച്ചിട്ടുണ്ട്. ബോട്ടുജെട്ടിയിൽ നിന്ന് ആശ്രമത്തിലേക്കു പോരുന്നതിനു വണ്ടി ഏർപ്പാടുചെയ്തിരുന്നുവെങ്കിലും സ്വാമികൾ കാൽനടയായി മാത്രമാണു തിരിച്ചത്. ആശ്രമത്തിനു സമീപത്തെത്തിയപ്പോൾ ആശ്രമവളപ്പിനരികത്തെ കെട്ടിടങ്ങൾ കണ്ടിട്ട് അദ്ഭുത രസത്തിൽ, ഇതെല്ലാം എന്താണെന്നു ചോദിക്കുകയുണ്ടായി. ആശ്രമത്തിലെത്തി, കുറെ വിശ്രമിച്ചതിനുശേഷം ഓരോ ഡിപ്പാർട്ടുമെൻറും സന്ദർശിച്ചു. സെക്രട്ടറിയുടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഓഫീസ്, പബ്ലിസിററി ഓഫീസ്, ക്യാപ്ററൻെറ ഓഫീസ്, വായനശാല, വാളണ്ടിയർമാരുടെ ശയനസ്ഥലം, ആശുപത്രി, അടുക്കള, ഭക്ഷണശാല, സ്റേറാർ, നൂൽനൂപ്പു ഡിപ്പാർട്ടുമെൻറിൻെറശാഖകൾ, നെയ്ത്തുതറികൾ, സാനിട്ടറി ഡിപ്പാർട്ടുമെൻറ് ഇവയെല്ലാം സ്വാമികൾ സൂക്ഷ്മതയോടെ പരിശോധിച്ചു. ഓരോ ഡിപ്പാർട്ടുമെൻറിലും സ്വാമികൾ ചെന്നപ്പോൾ ഓരോരുത്തർ യഥാക്രമമുള്ള ജോലികളിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. നൂലെടുപ്പു സംബന്ധിച്ച് ഇവിടെ നടന്നിരുന്ന എല്ലാ ജോലിക്രമങ്ങളും പഴയകാലം മുതല്ക്കേ ഇൻഡ്യയിൽ നടന്നുവരുന്നവ മാത്രമാണെന്നു കണ്ടു സ്വാമി പ്രത്യേകം സന്തോഷിച്ചു. കിച്ചൻ ഡിപ്പാർട്ടുമെൻറു സന്ദർശിച്ചപ്പോൾ അതിനകത്ത് രണ്ടുമൂന്നു വയസ്സു പ്രായമായ ഒരു കുട്ടി നിൽക്കുന്നതു കണ്ട് ഇതേതാണെന്നു ചോദിക്കുകയും ഇവിടെ എടുത്തു വളർത്തുന്ന ഒരു പുലയക്കുട്ടിയാണെന്നറിഞ്ഞപ്പോൾ വലിയ ആനന്ദത്തോടെ പൊട്ടിച്ചിരിക്കുകയും ഉണ്ടായി. "അപ്പോൾ നിങ്ങളെല്ലാം യഥാർത്ഥത്തിൽ പിന്നോക്കം പോകയാണ്. പണ്ടത്തെപ്പോലെ ജീവിക്കാൻ പോകയാണല്ലോ കൊള്ളാം" —എന്നുടനെ സ്വാമികൾ പ്രസ്താവിച്ചു. ആശ്രമത്തിലെ എല്ലാ വിഭാഗങ്ങളും സന്ദർശിച്ചു തൃപ്തനായി, അവിടെത്തന്നെ തയ്യാർ ചെയ്തിരുന്ന മഠത്തിൽ വിശ്രമിച്ചു. വാളണ്ടീയർ സംഘങ്ങൾ സത്യാഗ്രഹത്തിനായി പോകുമ്പോഴും തീരെ ഓരോ നടയിൽ നിന്നു മടങ്ങുമ്പോഴും സ്വാമികൾ പ്രത്യേകം അനുകമ്പയോടും കൗതുകത്തോടും നോക്കിനിൽക്കുക പതിവാണ്".

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീനാരായണ ഗുരുദേവൻ സത്യാഗ്രഹാശ്രമം സന്ദർശിച്ചപ്പോഴ് ടി. കെ. മാധവനും കൂട്ടർക്കും ഒരു പുതുജീവൻ പ്രദാനം ചെയ്തെന്നു മേൽക്കുറിച്ച ദേശാഭിമാനി റിപ്പോർട്ടു വെളിപ്പെടുത്തുന്നു. സത്യത്തെയും ധർമ്മത്തെയും സംരക്ഷിക്കാൻ വേണ്ടി നടത്തിയ സമരത്തിനു ശ്രീനാരായണൻെറ സാമീപ്യം അതിൻേറതായ പാവനത കൈക്കൊണ്ടു. അതിൻേറതായ സൗരഭ്യം പരത്തി. അന്നു മാതൃഭൂമി പത്രം എന്താണു റിപ്പോർട്ടു ചെയ്തതെന്നുകൂടി പരിശോധിക്കാം.

"കേരളത്തിലെ അവശ സമുദായങ്ങളുടെ നേതാവും ത്രാതാവുമായ ശ്രീനാരായണ ഗുരുസ്വാമികളുടെ ആശിസ്സു മാത്രമല്ല, സർവ്വവിധ സഹായവും കൂടി വൈയ്ക്കം സത്യാഗ്രഹത്തിനു ലഭിച്ചത് ഓരോ ഘട്ടത്തിലും വലിയൊരനുഗ്രഹമായി. വർക്കലയിലെ ശിവഗിരി ആശ്രമത്തിൽ അദ്ദേഹം സത്യാഗ്രഹ ഫണ്ടിലേക്ക് ഒരു ഭണ്ഡാരം ഏർപ്പെടുത്തി. അവിടത്തെ സന്ന്യാസിമാർ എല്ലാ സായാഹ്നങ്ങളിലും അതെടുത്തു വീടുതോറും കയറി ധനം ശേഖരിക്കുക പതിവായിരുന്നു. ഗുഗുദേവൻ കാൽനടയായി വൈയ്ക്കത്തെത്തി സത്യാഗ്രഹാശ്രമം സന്ദർശിച്ചതും ധർമ്മഭടൻമാരെ ആശീർവദിച്ചുകൊണ്ട് സത്യാഗ്രഹത്തിനു തൻെറ സ്വന്തം സംഭാവനയായി ആയിരം ഉറുപ്പിക സമ്മാനിച്ചതും സമരത്തിൽ ഉടനീളം അദ്ദേഹം പ്രകടിപ്പിച്ച താത്പ്പര്യത്തിനു ദൃഷ്ടാന്തമായിരുന്നു".

ശ്രീനാരായണഗുരുദേവനെക്കൂടാതെ മഹാത്മജി മുതലായവരുടെയും ശ്രദ്ധ പിടിച്ചുപററാനും അവരെയും വൈയ്ക്കത്തേക്കു ആനയിക്കുവാനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടി. കെ. മാധവനു സാധിച്ചു. "ക്ഷമിക്കണം, യേശു ക്രിസ്തുവിനെപ്പോലെ ക്ഷമിക്കണം" എന്ന ഗുരുദേവ വചനം തന്റെ ജീവിതത്തിൽ പകർത്തുവാൻ ടി.കെ. ശ്രമിച്ചിരുന്നു. സത്യ സന്ധമായ ജീവിതത്തിന്റെ ഉടമയായിരുന്ന ടി. കെ. യുടെ സംഘടനാ സാമർത്ഥ്യവും പ്രസംഗശൈലിയും എന്നും വിലമതിക്കപ്പെടുന്നതാണ്". കറയററ മനുഷ്യ സ്നേഹത്തിന്റെ മൂർത്തിമദ്ഭാവമായിരുന്നു ടി. കെ. മാധവൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 35

സിലോൺ യാത്ര

ശ്രീനാരായണഗുരുദേവൻ രണ്ടുതവണ സിലോൺ സന്ദർശിച്ചിട്ടുണ്ട്. രണ്ടാമത്തെ തവണ-സിലോണിലേക്കു ശ്രീ വിദ്യാനന്ദസ്വാമികൾ കൂടി ഗുരുവിനെ അനുഗമിച്ചിരുന്നു. അദ്ദേഹം എഴുതിയിട്ടുള്ളതു ശ്രദ്ധിക്കാം.

"29-10-26-ൽ കൊളംബിലേയ്ക്കു പുറപ്പെട്ടു. സ്വാമികളോടുകൂടി ഉണ്ടായിരുന്നത് സുഗുണാനന്ദ ഗിരിസ്വാമികളും ഹനുമാൻഗിരി സ്വാമികളും ഞാനും പാചകം കുമാരനും മാത്രമായിരുന്നു. 30-10-26-ൽ കൃത്യം കാലത്തു 7-55ന് കൊളംബു ഫോർട്ടു സ്റ്റേഷനിൽ എത്തി. അവിടെ അപ്പോൾ സ്വാമികളെ സ്വീകരിക്കുന്നതിനു കൂടിയ ജനങ്ങൾക്കു ഒരു കൈയ്യും കണക്കുമുണ്ടായിരുന്നില്ല. ജനക്കൂട്ടം നിമിത്തം ഞങ്ങൾക്കു സ്റ്റേഷൻ പ്ലാററുഫാറത്തിൽ ഇറങ്ങിനിൽക്കുവാൻകൂടി സാധിച്ചിരുന്നില്ല, ഹിന്ദുക്കളും മുസ്ലീങ്ങളും കൃസ്ത്യാനികളും സിംഗാളികളും എല്ലാവരും വന്നു. തമിഴരായിരുന്നു അധികം പേരും. അവരായിരുന്നു സ്വാമികളുടെ വിശ്രമത്തിനു വേണ്ടുന്ന സൗകര്യങ്ങളൊക്കെ ചെയ്തിരുന്നത്. നാനാവിധ വാദ്യഘോഷങ്ങളോടും പുഷ്പമാല്യാദി അലങ്കാരങ്ങ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളോടും പലതരം വാഹനങ്ങളോടും കൂടി അവർ സ്വാമി കളെ പരിവാരസമേതം സ്വീകരിച്ചു. നാട്ടുക്കോട്ടച്ചെട്ടി കളുടെ വക 'കതിരേശൻ കോവിൽ' വളരെ വിശാലമാ യലങ്കരിച്ച് സ്വാമികളെ ആദരിച്ചു സ്വീകരിക്കുവാൻ ഏർപ്പാടുചെയ്തിരുന്നു. അങ്ങനെ 21-12-26 വരെ സ്വാമികൾ സിലോണിൽ വിശ്രമിച്ചു. അതിനിട യിൽ മാന്യന്മാരായ അനേകം പേർ സ്വാമികളെ വന്നു സന്ദർശിച്ചുകൊണ്ടിരുന്നു. പലരും തൃപ്പാദങ്ങളെ ക്ഷണിച്ചുകൊണ്ടുപോയി സൽക്കരിക്കുകയും പല സ്ഥലങ്ങളും അവിടുന്നു ചെന്നു കാണുകയും ചെയ്തു. അവിടത്തെ മലയാളികളുടെ പരിതാപകര മായ സ്ഥിതി കണ്ടു ഗുരുദേവനു ദയ തോന്നുകയും, അതു നന്നാക്കണമെന്നു അഭിപ്രായപ്പെടുകയും ചെയ്തുവെങ്കിലും പറയത്തക്കവണ്ണം വല്ലതും ചെ യ്യാൻ ആ അവസരത്തിൽ സാധിച്ചില്ല. മലയാളികൾ തമ്മിൽ അവിടെ കക്ഷിമത്സരം ഉണ്ടായിരുന്നു അതു പറഞ്ഞു തീർക്കുവാൻ സ്വാമികൾ പരിശ്രമിച്ചു. ഒടു വിൽ ഗോവിന്ദാനന്ദ സ്വാമികളേയും നടരാജനേയും വരുത്തി അവരുടെ വഴക്കു തീർക്കണമെന്നു സ്വാമികൾ ആജ്ഞാപിച്ചു. അവരെക്കൊണ്ടും ഒന്നും ചെയ്യാൻ സാധിച്ചില്ല.

സ്വാമികൾ പിന്നീടു വിശ്രമിച്ചത് 'മുത്തുവാൻ' എന്ന സ്ഥലത്തുള്ള ലേഡി അരുണാചലം എന്നിവ രുടെ ക്ഷേത്രത്തിൽ ആയിരുന്നു.

കണ്ടിയിലും കൊളമ്പിലും ഉള്ള പ്രധാന ബുദ്ധ മത സ്ഥാപനങ്ങളിൽ ചിലതെല്ലാം സ്വാമികൾ സന്ദർ ശിക്കുകയുണ്ടായി. അവരുടെ പ്രവൃത്തികൾ സ്വാമി കൾക്കു തീരെ പിടിച്ചില്ല. മഠങ്ങളിൽ സന്ന്യാസിമാർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരോ കോളാമ്പി വച്ചു തുപ്പിക്കൊണ്ടിരിക്കും. അടുത്തുവന്നാലുള്ള ദുർഗന്ധവും മനുഷ്യരുടെ നേരെ സ്നേഹമില്ലാത്ത സ്വഭാവവും സ്വാമികൾക്കു ഇഷ്ടമായില്ല. എന്നാൽ അനേകം ഭിക്ഷുക്കൾ സ്വാമികളെ വന്നു ദർശിച്ചുകൊണ്ടിരുന്നു. ജർമ്മൻകാരായ "മഹിന്ദൻ" മുതലായ ഭിക്ഷുക്കൾ തൃപ്പാദങ്ങളെ പ്രത്യേക ഭക്തിപൂർവ്വം വന്ദിച്ചിരുന്നു. വയോധികനായ ഒരു സിംഹള ബുദ്ധഭിക്ഷുവിന് വളരെക്കാലമായുണ്ടായിരുന്ന ഒരു പിശാചിന്റെ ഉപദ്രവം സ്വാമികൾ വാക്കുകൾക്കൊണ്ടു പറഞ്ഞു തീർത്തു. 'കാതർ' എന്നു പേരായ ഒരു മുസൽമാൻ സ്വാമികളുടെ പ്രിയ ശിഷ്യനായി ഉപദേശം വാങ്ങി. അയാൾക്കു ഹിന്ദുമതത്തിനോടുള്ള പ്രതിപത്തി നിമിത്തം കാതർ കുന്തസ്വാമി എന്നു സ്വയം നാമകരണം ചെയ്യുകയും വിഭൂതി ധരിക്കുകയും ചെയ്തു. അയാൾ ചെറിയ ഒരു പ്രഭുവാണ്. സ്വാമികളുടെ സന്ന്യാസി ശിഷ്യന്മാരിൽ ഒരാളായിരിക്കണമെന്ന് അയാൾക്കു മോഹമുണ്ടായിരുന്നു. അതു തല്ക്കാലം വേണ്ടെന്നു സ്വാമികൾ പറകയാൽ അതിനനുസരിച്ചു അദ്ദേഹം കൊളമ്പിൽ തന്നെ നിന്നു. "റോസിക്രൂഷൻസൊസയിററിയിലെ" അംഗമായ സായ്പ് സ്വാമികളുടെ അടുക്കൽ വന്നു നിത്യം ജപിക്കുവാൻ ഒരു മന്ത്രം ഉപദേശിക്കണമെന്നു അപേക്ഷിച്ചു. സായ്പ് തന്റെ മദാമ്മയേയും കുട്ടികളെയും കൂട്ടിക്കൊണ്ടുവന്നു നമസ്ക്കാരം ചെയ്യിച്ചു.

കൊളമ്പുരാജ്യം വിട്ടുപോരുന്നതിനു സ്വാമികൾക്ക് ഇഷ്ടമില്ലായിരുന്നു. ന്യൂറേലിയായിലോ തിരുക്കോണമലയിലോ പോയി അവിടെത്തന്നെ അന്ത്യകാലം വരെയിരുന്നു കളയാമെന്നും സ്വാമികൾക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വളരെ ആഗ്രഹമുണ്ടായിരുന്നു. മലയാളത്തിൽ പോകുന്നതിനു ഇഷ്ടമുള്ളവരെല്ലാം പൊയ്ക്കൊള്ളട്ടെ എന്നു പറഞ്ഞു പലരേയും സ്വാമികൾ മടക്കി അയച്ചു. ഇൻഡ്യയിലേയ്ക്കു മടങ്ങുന്ന കാര്യം വളരെ പ്രയാസമാണെന്നു കണ്ടുതുടങ്ങിയപ്പോൾ ഭക്തന്മാരായ പലരും ശുപാർശ ചെയ്തതുകൊണ്ടാണു ഇൻഡ്യയിലേയ്ക്കു മടങ്ങിയത്.

ആദ്യത്തെ തവണ പോയപ്പോൾ തന്നെ സ്വാമികൾക്കു കൊളമ്പ് ഇഷ്ടപ്പെട്ടിരിക്കണം. രണ്ടാമത്തെ യാത്രയിൽ തിരിച്ചു ഇൻഡ്യയിലേയ്ക്കു വരാൻ സ്വാമിജി തയ്യാറായില്ലാ എന്നു വിദ്യാനന്ദസ്വാമി രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും ഒരു കാര്യം ഉരുത്തിരിഞ്ഞു വരുന്നുണ്ട്. കേരളത്തിലെ ജാതി—ഉപജാതി വഴക്കുകൾ ഒരു പക്ഷെ ഗുരുദേവനെ വേദനിപ്പിച്ചിരിക്കാം. മറ്റൊന്നും സിലോണിലെ ജനങ്ങളുടെ നിഷ്കളങ്കമായ പെരുമാററവും സ്നേഹവായ്പും ഗുരുദേവനെ വല്ലാതെ ആകർഷിച്ചിരിക്കാം. ശേഷിച്ച ജീവിതം പ്രശാന്തമായ സിലോൺ മലകളിൽ മാത്രം കഴിച്ചുകൂട്ടാം എന്നു പറഞ്ഞത് ഏകാന്തമായ ഒരു ജീവിതം ഇഷ്ടപ്പെട്ടതുകൊണ്ടായിരിക്കാം. മഹാന്മാർക്കു ഭൂലോകമണ്ണാണല്ലോ തറവാട്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 36

ആശ്രമങ്ങൾ

ഗുരുദേവന്റെ ദൃഷ്ടിയിൽ

പുരാതന കാലം മുതല്ക്കേ ഗുരുകുലങ്ങൾക്കു പ്രഥമവും പ്രധാനവുമായ സ്ഥാനം ഭാരതീയർ കല്പിച്ചുപോന്നിരുന്നു. ഗുരുവിന്റെ കീഴിൽ ജീവിതം ആരംഭിക്കുന്ന പദ്ധതിയ്ക്ക് ആരും എതിർപ്പു പ്രകടിപ്പിച്ചിരുന്നില്ല. ഗുരുവിനെ നിന്ദിക്കാൻ ശിഷ്യൻ മുതിരുകയുമില്ല. ഒരു പക്ഷെ മുതിർന്നാൽ അതിന്റെ ശിക്ഷയുടെ കാഠിന്യം വലുതായിരിക്കും. "ഗുരുവിനെ നിന്ദിച്ചാൽ കൂമ്പുപിളർക്കു"മെന്നാണു വിശ്വാസം. സുകുമാര കവിയുടെ കഥ തലമുറയായി പറഞ്ഞുപോരുന്നുണ്ട്.

സാന്ദീപനി മഹർഷിയുടെ ശിഷ്യന്മാരായിരുന്നല്ലോ ശ്രീ കൃഷ്ണനും കുചേലനും. മഹർഷിയുടെ ശിഷ്യത്വത്തിൽ അവർ അനുഭവിച്ചത് എന്താണെന്നു നമ്മുടെ പുരാണങ്ങളിൽ കാണാം. എന്തെല്ലാം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ശിഷ്യന്മാർക്കു ഉണ്ടായിരുന്നെങ്കിലും ആശ്രമ ജീവിതത്തിന് ഒരു പാവനത്വം ഉണ്ടായിരുന്നു. മാതാവിനെയും, പിതാവിനെയും ആദരിക്കുന്ന — ബഹുമാനിക്കുന്ന രീതിയിൽ തന്നെ ഗുരുക്കന്മാരെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. എല്ലാ ഗുരുക്കന്മാരിലും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചാതുർവർണ്യ ചിന്ത കടന്നു കൂടിയിരുന്നില്ല. എന്നാൽ ഏകലവ്യൻെറ ഗുരുവിനു ചാതുർവർണ്യ രീതിയിലേ ചിന്തിക്കാനും പ്രവർത്തിക്കാനും കഴി ഞ്ഞിരുന്നുള്ളൂ.

ആധുനിക ഭാരതത്തിലെ ആദ്ധ്യാത്മിക ഗുരു ക്കന്മാരിൽ പ്രധാനിയായ ശ്രീനാരായണൻ ആശ്രമ ങ്ങാം സ്ഥാപിച്ചു. ആ, ആശ്രമങ്ങാം ഏതു രീതിയി ലുള്ളവയാണെന്നു പരിശോധിക്കാം. ആശ്രമമെന്ന പേരു കോംക്കുമ്പോാം തന്നെ ആദ്ധ്യാത്മിക ജീവി തം തുടിക്കുന്ന ഒരു കേന്ദ്രം എന്നു ഏതൊരു ഭാരതീയ നും തോന്നും. അത്ര കണ്ടു ആദ്ധ്യാത്മിക ചിന്ത ക്കും പഠനത്തിനും പ്രവൃത്തിക്കും സ്ഥാനം നല്കു ന്നതാണു ആ കേന്ദ്രം.

രക്തവും മജ്ജയും മാംസവും കൊണ്ടു നിർമ്മി ക്കപ്പെട്ടതാണല്ലോ മനുഷ്യൻ' മനുഷ്യനിൽ നവരസ ങ്ങളും ഉണ്ടാകും. മനുഷ്യനിൽ ഉണ്ടാകുന്ന വികാര തീവ്രതയ്ക്കു കടിഞ്ഞാണിട്ടില്ലെങ്കിൽ അനിഷ്ട സം ഭവങ്ങാം ധാരാളം ഉണ്ടാകും. കൈച്ചങ്ങലയിട്ടതുകൊ ണ്ടു കാര്യമായില്ല. വികാരത്തെ നിയന്ത്രിക്കാനുള്ള പ്രാപ്തി, കഴിവ് അവനുണ്ടാകണം. ആ കഴിവ് സ്വയമാർജ്ജിക്കണം. ദാർശനികനും ചിന്തകനുമായ റസ്സൽ അഭിപ്രായപ്പെട്ടതുപോലെ വികാര വിചാര ങ്ങളെ നിയന്ത്രിക്കാൻ കഴിയാത്തവൻ മൃഗമാണ്. മൃഗീ യ വാസനയുള്ള മനുഷ്യൻെറ മനസ്സിനു മാററം അനിവാര്യമാണ്. സാത്ത്വിക ഗുണമുള്ള ജനതയെ വാർത്തെടുക്കുക എന്നതാണു ആശ്രമ ജീവംതംകൊണ്ടു ഉദ്ദേശിക്കുന്നത്. സ്വാർത്ഥതയ്ക്കും സ്ഥാപിത താത്പര്യങ്ങാംക്കും അതിൽ സ്ഥാനമില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീനാരായണ ഗുരുദേവൻ പല ആശ്രമങ്ങളും സ്ഥാപിച്ചു. ആശ്രമങ്ങൾ ആരുടെയും തറവാട്ടു സ്വത്തല്ല, നാട്ടുകാരുടെ പൊതു സ്വത്താണ്. സംസ്ക്കാരത്തെ മുറുകെപ്പിടിച്ചുകൊണ്ടുള്ള ഒരു ജീവിത വീക്ഷണത്തിൻെറ—ഒരു ദർശനത്തിൻെറ —കേന്ദ്രമാണ് ആശ്രമം. അരുവിപ്പുറം ആശ്രമമാണു ആദ്യമായി ഗുരുദേവൻ സ്ഥാപിച്ചത്. പിന്നെ ശിവഗിരി ആശ്രമം, ആലുവാ അദ്വൈതാശ്രമം തുടങ്ങി വേറെ പലതും. ആശ്രമത്തിനു വേണ്ടി നിയമങ്ങൾ ഉണ്ടാക്കുന്നതിന് ചില നിയമജ്ഞന്മാരോടു ഗുരുദേവൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അവർ അതു നിർവ്വഹിച്ചു കാണായ്കയാൽ ഗുരുദേവൻ ഇങ്ങനെ കല്പിക്കുകയുണ്ടായി. "ആശ്രമ നിയമത്തിന് ഇത്ര പ്രയാസമോ? നാമുണ്ടാക്കാം". അങ്ങനെ സ്വാമി തൃപ്പാദങ്ങൾ ഉണ്ടാക്കിയ കൃതിയുടെ അന്തസ്സത്തയാണു ചുവടെ ചേർക്കുന്നത്.

"ഈ ആശ്രമത്തിൽ വിദ്വാനായും മുനിദർശിയായും ഉദാരചിത്തനായും സമദർശിയായും ശാന്ത ഗംഭീരനായും പരോപകാരിയായും ദീന ദയാലുവായും സത്യവാനായും സമർത്ഥനായും സദാചാരത്തിൽ ആനന്ദിക്കുന്നവനായും, കർത്തവ്യങ്ങളെ ശീഘ്രം ചെയ്യുന്നവനായും, മടിയില്ലാത്തവനായും ഇരിക്കുന്ന ഒരു ഗുരു ഉണ്ടായിരിക്കണം, ആ ഗുരു ആശ്രമത്തിൻെറ നേതൃത്വത്തെ സ്വീകരിച്ചിട്ട് നല്ല ഒരു സഭയെ ഉണ്ടാക്കണം, അതിൽ ആരെല്ലാം ചേരുന്നുവോ അവരെല്ലാം സഹോദരഭാവന ഉള്ളവരായിരിക്കണം. ഈ ആശ്രമത്തിൽ എങ്ങനെയാണോ അതുപോലെ തന്നെ ദേശം തോറും സ്ത്രീകൾക്കും പുരുഷന്മാർക്കും പ്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്യേകം പ്രത്യേകം വിദ്യാലയങ്ങളും ആശ്രമങ്ങളും സഭകളും ഉണ്ടാകണം. അതിനു ഓരോന്നിനും വിദഗ്ദ്ധനായ ഒരു നേതാവുണ്ടായിരിക്കണം. ഇതെല്ലാം കൂടിച്ചേർന്നതിന് അദ്വൈതാശ്രമമെന്നു പേർ''.

ആശ്രമത്തിലെ ഗുരുവിന്റെ സ്വഭാവം, പ്രവൃത്തി മുതലായവ എങ്ങനെയുള്ളതായിരിക്കണമെന്നു ശ്രീനാരായണ ഗുരു വ്യക്തമാക്കി ഇന്നത്തെപ്പോലെ നാലു ചുവരുകൾക്കകത്തു കറങ്ങുന്ന ഫാനുകൾക്കടിയിലുള്ള ജീവിതമല്ല ദർശിച്ചത്. പിന്നെയോ? വിശാലമായ ആശ്രമങ്ങൾ. മുല്ലപ്പൂവിന്റെയും പനിനീർപ്പൂക്കളുടെയും നറുമണം വഹിച്ചുകൊണ്ടു വരുന്ന കാററ് ആശ്രമത്തെ തഴുകിക്കടന്നുപ്പോകും. സ്നേഹത്തിന്റെ ശീതളച്ഛായയിൽ മനുഷ്യൻ ഗർവ് എല്ലാമുപേക്ഷിച്ച് നിസ്സ്വാർത്ഥ സേവനത്തിനു തയ്യാറെടുക്കുന്ന രംഗം. അതായിരിക്കണം ആശ്രമം. ആ, ആശ്രമത്തിലെ ഗുരുവും ശിഷ്യനും അച്ഛനും മകനും എന്നതുപോലെ കഴിഞ്ഞുകൂടണം.

ആലുവാ അദ്വൈതാശ്രമം സ്ഥാപിക്കുവാൻ ഗുരുദേവൻ എന്തുമാത്രം ബുദ്ധിമുട്ടു അനുഭവിച്ചിട്ടുണ്ടെന്നുള്ള കാര്യം എല്ലാ ആശ്രമ വാസികളും മനസ്സിലാക്കിയിട്ടുണ്ടോ എന്നുമാത്രം സംശയമാണ്. ശിവഗിരിയിൽ ശാരദാ പ്രതിഷ്ഠ (912-ൽ) കഴിഞ്ഞു കുറച്ചു നാൾക്കു ശേഷം ഗുരുദേവൻ വീണ്ടും യാത്ര തുടർന്നു. ഒരു ഭക്തന്റെ കാർത്തികപ്പള്ളിയിലുള്ള വീട്ടിൽ ചെന്നു, ഭക്തൻ യഥോചിതം സ്വാമിയെ സ്വീകരിച്ചു. ഭക്തൻ ഗുരുദേവനോടു ചോദിച്ചു "ഗുരുദേവൻ. ഇപ്പോൾ ഇങ്ങനെ പെട്ടെന്നു എഴുന്നെള്ളാൻ എന്താണു കാരണം?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുദേവൻ:-''അവിടമെല്ലാം നാം അവരെ ഏല്പിച്ചു കഴിഞ്ഞതല്ലോ. ഇനി അവർ നോക്കി ക്കൊള്ളും. നമുക്കിരിക്കാൻ ഒരു സ്ഥലം വേണം'',

ഭക്തൻ:-ഗുരുദേവന്റെ ഇഷ്ടംപോലെ എവിടെ യെങ്കിലും ആവാം. അതിനൊരു പ്രയാസവുമില്ല.

ഗുരുദേവൻ:-ആലുവാ കൊള്ളാം. നമുക്കു ആ സ്ഥലം ഇഷ്ടമാണ്.

ഭക്തൻ:-പണം വേണമല്ലോ. അവിടെ വസ്തുവിനു നല്ല വില കൊടുക്കണം.

ഗുരുദേവൻ:-പണമല്ലയോ ലോകം മുഴുവൻ കിടക്കുന്നത്. അതിനെന്താ പ്രയാസം? വസ്തു എഴുതി വാങ്ങാൻ ആളില്ലാത്ത പ്രയാസം മാത്രമേയുള്ളൂ.

ഭക്തൻ:-അതിന് അടിയൻ വരാം.

ഗുരുദേവൻ:-എങ്കിൽ നമുക്കു ഒരുമിച്ചു പോകാമല്ലോ''?

ഗുരുദേവനും ഭക്തനും കൂടി പുറപ്പെട്ടു. തൃക്കുന്നപ്പുഴയിൽ എത്തി. അവിടെ നിന്നും ആലപ്പുഴക്കു പോയി. ധാരാളം ഭക്തന്മാർ ഗുരുദേവനെ അനുഗമിച്ചു. പലരും പണം ഗുരുദേവനു സംഭാവന ചെയ്തു. നിലവും പുരയിടവും എഴുതിക്കൊടുത്തു ഭക്തന്മാരിൽ പലരും. പല സ്ഥലങ്ങളും സന്ദർശിച്ചതിന്റെ ഫലമായി ആശ്രമത്തിനു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേണ്ടി സ്ഥലം വാങ്ങുന്നതിനുളള പണം ലഭിച്ചു. പിന്നീടു ഗുരുദേവൻ ആലുവായിലേക്കു പോയി. ഭക്തജനങ്ങളുടെ അഭിപ്രായം കണക്കിലെടുത്തുകൊണ്ടു ആലുവാപ്പുഴയുടെ തീരത്ത് ആശ്രമത്തിനു അനുയോജ്യമായ ഭൂഭാഗം എഴുതി വാങ്ങുകയും ചെയ്തു. പ്രകൃതിരമണീയമായ ആ ഭൂവിഭാഗം കണ്ടാൽ അതു പ്രകൃതി കനിഞ്ഞു നല്കിയതാണോ എന്നു തോന്നിപ്പോകും. ഗുരുദേവൻ ആ സ്ഥലത്തെ അത്ര കണ്ട് ഇഷ്ടപ്പെട്ടിരുന്നു. ഏതോ ഒരു കർമ്മബന്ധത്താൽ ഗുരുദേവൻ ആലുവായിലേക്കു ആകൃഷ്ടനായതാണോ? ആലുവായിലെ ശാന്തമായ ശീതളച്ഛായ ആരെയാണ് ആകർഷിക്കാത്തത്.

ഒരു പർണ്ണശാലയും ഒരു മാവും അവിടെ പണികഴിപ്പിച്ചു. 1914-ൽ സംസ്കൃതപാഠശാല സ്ഥാപിച്ചു. ആ പാഠശാലയിലെ വിദ്യാർത്ഥികൾക്കു വേണ്ടി ഒരു ഹോസ്ററലും പണിചെയ്യിപ്പിച്ചു ജാതിക്കു സ്ഥാനമില്ലാത്ത, മതത്തിനു സ്ഥാനമില്ലാത്ത ഒരു ഹോസ്ററൽ.

മററൊരു പ്രത്യേകത കൂടി ആശ്രമത്തിൽ ദർശിക്കുവാൻ കഴിയും. അറിവിനുവേണ്ടി ദാഹിച്ചു വരുന്നവർക്കു അറിയാനും അറിയിക്കുവാനുമുള്ള സ്ഥലമായിരിക്കണം ആശ്രമമെന്നു ഗുരു കല്പിച്ചു. അദ്വൈത ചിന്തയ്ക്കും പ്രവർത്തിക്കും മാത്രമേ അവിടെ സ്ഥാനമുള്ളൂ. സ്നേഹവും കരുണയും ചൊരിയുന്ന സ്ഥലങ്ങളായിരിക്കണം ആശ്രമങ്ങൾ.

വേദങ്ങളുടെയും ഉപനിഷത്തുക്കളുടെയും കാലംതൊട്ട് ആശ്രമജീവിതം നിർവിഘ്നം നടന്നു വരുന്നുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധന്റെ കാലത്തു ആശ്രമങ്ങൾക്കു പുതു ജീവൻ വീണു എന്നു പറയുന്നതാണു വാസ്തവം. ഭാരതീയ സംസ്കാരത്തിന്റെ ഒരു പ്രത്യേക സ്വഭാവമായി ആശ്രമ ജീവിതത്തെ കണക്കാക്കാം. മനുഷ്യ സംസ്ക്കാരത്തിനു ഗ്ലാനി തട്ടാതിരിക്കാൻ ഗുരുദേവൻ പരിശ്രമിച്ചു. സുഖഭക്ഷണം കഴിച്ചു കഴിഞ്ഞുകൂടാനല്ല ആശ്രമ ജീവിതമെന്നു അദ്ദേഹം അനുയായികളെ ഉദ്ബോധിപ്പിച്ചിരുന്നു. വേദങ്ങളും ഉപനിഷത്തുക്കളും ഖുറാനും ബൈബിളും പഠിപ്പിക്കുന്ന ഒരു കേന്ദ്രമാണു ഗുരു വീക്ഷിച്ചത്. എല്ലാ മതങ്ങളുടെയും സാരാംശം ഒന്നാണെന്ന വസ്തുത ആശ്രമ ജീവികൾ മനസ്സിലാക്കണം. ആശ്രമം-ആശ്രയത്തിനുവേണ്ടി ആഗ്രഹിക്കുന്നവരുടെ ആസ്ഥാനമാണ്.

ശ്രീനാരായണ ഗുരുദേവന്റെ കാൽപ്പാടുകളെ പിൻതുടരാൻ ശിഷ്യന്മാർ ഉണ്ടായി. കേരളത്തിൽ മാത്രമല്ല, ലോകത്തിന്റെ ഇതരഭാഗങ്ങളിലും ശ്രീനാരായണ തത്വ സംഹിതയിൽ അധിഷ്ഠിതമായ ആശ്രമ ജീവിതം നയിച്ചുപോരുന്ന സന്ന്യാസിമാരുണ്ട്. അവർ ലോക സംസ്ക്കരാത്തിനു ഒരു മുതൽകൂട്ടാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 37

അടുത്തകൊല്ലം നാമും യാത്രയാകും

ഋഷികൾ പല കാര്യങ്ങളെപ്പററിയും പ്രവചിക്കുവാൻ കഴിവുള്ളവരാണ്. സാധാരണക്കാരിൽ നിന്നും അവരെ ഉയർത്തി നിർത്തുന്ന ഒരു വൈശിഷ്ട്യം അതാണ്. പഞ്ചേന്ദ്രിയങ്ങൾക്കു വിഷയമാകുന്ന കാര്യത്തിന് ഇന്ദ്രിയജ്ഞാനം എന്നു പറയും. എന്നാൽ പഞ്ചേന്ദ്രിയങ്ങൾക്ക് അതീതമായ ജ്ഞാനത്തെ "അതീന്ദ്രിയജ്ഞാനം (Extra sensory perception) എന്നാണു പറയുന്നത്. ശ്രീനാരായണഗുരുദേവന് അതീന്ദ്രിയജ്ഞാനം ഉണ്ടായിരുന്നതിന് ധാരാളം തെളിവുകൾ ഉണ്ട്.

ഗുരുദേവൻ കന്യാകുമാരിമുതൽ ബാംഗ്ലൂർവരെയും മദിരാശിമുതൽ സിലോൺ വരെയും യാത്ര ചെയ്തിട്ടുണ്ട്. ഈ തീർത്ഥയാത്രയിൽ പണ്ഡിതന്മാരെയും പാമരന്മാരെയും ധനാഢ്യന്മാരെയും ദരിദ്രനാരായണന്മാരെയും കണ്ടുമുട്ടി. ശ്രീശങ്കരനെപ്പോലെ ആരോടും വാദിക്കാനും ജയിക്കാനും ശ്രീനാരായണഗുരുദേവൻ തുനിഞ്ഞിരുന്നില്ല. ഖണ്ഡനമായിട്ടും മണ്ഡനമായിട്ടും വാദിച്ചില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരു ഏകാന്തപഥികനെപ്പോലെ നടന്നു. എങ്കിലും പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ ആഗ്രഹിച്ചു. ആരെയും നോവിക്കാതെ ആരെയും വേദനിപ്പിക്കാതെ പ്രശ്നപരിഹാരത്തിനു ശ്രമിച്ചു. ആ പ്രയത്നങ്ങൾ എല്ലാം വിജയ സോപാനത്തിൽ എത്തിച്ചേരുകയും ചെയ്തു. അതിൽ അദ്ദേഹം ആഹ്ലാദിച്ചില്ല. നിസ്സംഗനായി നിന്നതേയുള്ളു

ഒരിക്കൽ കണ്ണൂരിലെഒരു ക്ഷേത്രത്തിൽ ഗുരുദേവൻ വിശ്രമിക്കുകയായിരുന്നു ഹരിജനങ്ങളെ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കുന്നതിനെക്കുറിച്ച് വാദപ്രതിവാദം നടക്കുന്ന കാലഘട്ടമായിരുന്നു അത്. ഒരുവർഷം കഴിഞ്ഞിട്ട് ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കാമെന്ന് ക്ഷേത്ര ഭാരവാഹികൾ അഭിപ്രായപ്പെട്ടു. ഏതാനും നിമിഷങ്ങൾക്കകം ഒരു നല്ലവർഷം (മഴ) അവിടെ തകൃതിയായി പെയ്തു.

"എന്താ പേരെ ? ഒരുവർഷം കഴിഞ്ഞല്ലോ" ഗുരുദേവൻ അരുൾ ചെയ്തു. ഈ ചോദ്യത്തിന് ഉത്തരം പറയുവാൻ അപ്പോൾ അവിടെ സന്നിഹിതരായിരുന്ന ക്ഷേത്ര പ്രമാണികൾക്കു കഴിഞ്ഞില്ല. അങ്ങനെ കീറാമുട്ടിയായി നിന്ന ആ പ്രശ്നത്തിനു പരിഹാരം കണ്ടെത്തുവാൻ ശ്രീ നാരായണഗുരുവിനു കഴിഞ്ഞു.

ജീവിതത്തിൻെറ നല്ലൊരു ഭാഗം തപസ്സിലും ധ്യാനത്തിലുമായി കഴിഞ്ഞു കൂടിയ ശ്രീ നാരായണഗുരുദേവൻ തനിക്കുണ്ടായിരുന്ന അതീന്ദ്രീയജ്ഞാനം മനുഷ്യരെ ഉയർത്താൻ കാലക്രമേണ ഉപയോഗിച്ചു.

ഒരിക്കൽ ചിറയിൻകീഴിൽ കൊല്ലശ്ശേരി എന്ന ഗൃഹത്തിൽ ഗുരുദേവൻ വിശ്രമിക്കുകയായിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുദേവൻ എവിടെയുണ്ടോ അവിടെ ഭക്തജനങ്ങളും സന്നിഹിതരാവുന്ന പതിവുണ്ടായിരുന്നു. വൃദ്ധന്മാരെന്നോ യുവാക്കന്മാരെന്നോ ബാലന്മാരെന്നോ ഉള്ള വ്യത്യാസമില്ലാതെ അനുയായികൾ കൂടി. അക്കൂട്ടത്തിൽ ഒരു പയ്യൻ ഗുരുദേവന്റെ സമീപത്തുചെന്നു ഭക്ത്യാദരപൂർവ്വം നിന്നു. പിൽക്കാലത്ത് ഒരു സ്വാതന്ത്ര്യ സമരസേനാനി എന്ന പേരുസമ്പാദിച്ച ശ്രീ. ററി. കെ. വാസുദേവൻ ആയിരുന്നു അത്. ശ്രീ. ററി. കെ. വാസുദേവൻ ലേഖകനോടുപറഞ്ഞതു ശ്രദ്ധിക്കാം.

"എന്നെ ഗുരുദേവൻ അടുത്തു വിളിച്ചു. ഞാൻ ഭക്തിയോടെ അടുത്തേയ്ക്കു ചെന്നു. പ്രഭ ചൊരിയുന്ന ആ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കാൻ എനിക്കു കഴിഞ്ഞില്ല. 'കാലുതടവാമോ?'' എന്നുചോദിച്ചു. തടവാം എന്നു ഞാൻ പറഞ്ഞയുടനെ തൃപ്പാദങ്ങൾ ഇങ്ങനെ അരുൾ ചെയ്തു. ''അല്ലെങ്കിലും നീ ഒരു തടവുകാരനാണല്ലോ !'' അന്നു ഗുരുദേവൻ പറഞ്ഞതിന്റെ പൊരുൾ എന്തെന്നു മനസിലാക്കാനുള്ള ബുദ്ധിയോ കഴിവോ എനിക്കുണ്ടായിരുന്നില്ല. പിൽക്കാലത്തു സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതിന്റെ ഫലമായി തടവുകാരനായി—കഠിന തടവുകാരനായി ഇരുമ്പഴികൾക്കകത്തു കിടന്നപ്പോഴാണു ഗുരുദേവ വചനത്തിന്റെ യാഥാർത്ഥ്യം മനസിലായത്- അനുഭവപ്പെട്ടത്''.

അതുപോലെ തന്നെ മറെറാരു സംഭവ കഥ ചിറയിൻകീഴ് മീയാൻവിളാകത്തു ററിട്ട: ററീച്ചർ കമലമ്മ സാറിനു പറയാനുണ്ട്. അവരുടെ വാക്കുകളെ അതേപടി പകർത്തുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"എന്റെ അപ്പുപ്പൻ വേലുപ്പിള്ള തമിഴ് ഭാഷയിലും സാഹിത്യത്തിലും നല്ല അറിവുള്ള ആളായിരുന്നു. ഗുരുദേവനുമായി അപ്പുപ്പനു വളരെ അടുപ്പമായിരുന്നു. ഗുരുദേവൻ ഞങ്ങളുടെ വീട്ടിൽ വരുമ്പോൾ എനിക്കു പത്തുവയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. ഗുരുദേവനും അപ്പുപ്പനും ചർച്ച ചെയ്യുന്നകാര്യങ്ങൾ കേൾക്കാനായി അവരുടെ അടുത്തു ചെന്നു നിൽക്കും. ഒരുകാര്യവും മനസ്സിലാക്കാനുള്ള കഴിവില്ല. ഗുരുദേവൻമുന്തിരിങ്ങാ, പഴം, പഞ്ചസാര മുതലായവതരും അതു കിട്ടാനാണു ഞാൻ അവിടെ ചെന്നുനിന്നത്. ഗുരുദേവൻ ഞങ്ങളുടെ വീട്ടിൽ വരുന്നതിനെ അന്നത്തെ യാഥാസ്ഥിതികരയായ ആളുകൾഎതിർത്തിരുന്നു. സ്വന്തംസമുദായത്തിൽ നിന്നും പല തരത്തിലുള്ള ഉപദ്രവങ്ങൾ ഞങ്ങളുടെ കുടുംബക്കാർ അനുഭവിക്കേണ്ടിയും വന്നു. എന്തെല്ലാം പ്രകോപനങ്ങൾ ഉണ്ടായിട്ടും അപ്പുപ്പൻവകവെച്ചില്ല. "അകമറിഞ്ഞവനെ അനുസരിക്കൂ". അതായിരുന്നു അപ്പുപ്പന്റെ അഭിപ്രായം.

അപ്പുപ്പൻ പലപ്പോഴും ഞങ്ങളെ ശിവഗിരിയിൽ കൊണ്ടുപോയിരുന്നു, അങ്ങനെയിരിക്കെ 1103-ാം മാണ്ടു അപ്പുപ്പൻ മരിച്ചു. ഈ വാർത്ത വ്യസനസമേതം ഞങ്ങൾ ഗുരുദേവന് എഴുതി. മറുപടിയായി ഞങ്ങൾക്കു ലഭിച്ച കത്തിൽ ഒരു വാചകം മാത്രമേ കുറിച്ചിരുന്നുള്ളൂ.

"അടുത്ത വർഷം നാമും യാത്രയാകും" ഈ കാർഡുകിട്ടിയപ്പോൾ മരിച്ചുപോയ അപ്പുപ്പനെ കുറിച്ചല്ലാ വീട്ടിലെ മുതിർന്നവർ സംസാരിച്ചത്. ഒരു കൊല്ലം കഴിയുമ്പോൾ സമാധിയാകാൻ പോകുന്ന ഗുരുദേവനെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുറിച്ചായിരുന്നു. 1104 കന്നിമാസം 5-ാം തീയതി വ്യാഴാഴ്ച ഗുരുദേവൻ സമാധിയായി എന്ന വാർത്ത കേട്ടപ്പോൾ എന്റെവീട്ടിലെ തലമുതിർന്ന ആൾക്കാരിൽ ഒരാൾ ആ കാർഡിന്റെ കാര്യം ഓർമ്മിപ്പിച്ചു. ഇങ്ങനെ കാര്യങ്ങൾ മുൻകൂട്ടിപറയാൻ ഗുരുദേവനുണ്ടായിരുന്ന കഴിവിനെ ജ്ഞാനമെന്നോ അതീന്ദ്രിയജ്ഞാനമെന്നോ പറയാം. അമ്മാതിരിയുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നുവെന്നു ഗുരുദേവനെ കാണാൻ ഭാഗ്യം സിദ്ധിച്ചവർക്കു മനസ്സിലായിട്ടുണ്ട്''.

വരാൻപോകുന്ന കാര്യങ്ങളെ മുൻകൂട്ടി കണ്ടു മനുഷ്യരെ ഉപദേശിക്കുവാൻ ഗുരുദേവനു കഴിഞ്ഞിരുന്നുവെന്നുള്ളതിനു മേൽവിവരിച്ച സംഭവങ്ങൾ സാക്ഷ്യം വഹിക്കുന്നു. ഇമ്മാതിരി ജ്ഞാനികളിൽ ഭൂരിപക്ഷവും മനുഷ്യോദ്ധാരകന്മാരായിരിക്കും.

ആശാൻ ഗുരുവിനെക്കുറിച്ചു പാടിയ വരികളാണു ഓർമ്മയിൽ ഓടിയെത്തിയത്.

''അന്യർക്കുഗുണം ചെയ്‌വതിനായുസ്സു വപുസ്സും
ധന്യത്വമൊടങ്ങാത്മ തപസ്സും ബലിചെയ്‌വൂ
സന്ന്യാസികളില്ലിങ്ങനെ യില്ലില്ലമിയന്നോർ
വന്യാശ്രമമേലുന്നവരും ശ്രീ ഗുരുമൂർത്തേ''

രാമൻ ഓവർസീയർ അനുസ്മരിച്ചിട്ടുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്. വാസുദേവൻ എന്ന ഒരാളിനോടാണ് ഓവർസീയർ ഇക്കാര്യം പറഞ്ഞത്. വാസുദേവൻ ഗുരുവിന്റെ കുടുംബത്തിലെ ഒരംഗമാണ്.

''വാസുദേവാ ! സ്വാമികളുടെ ദിവ്യചക്ഷുസ്സി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നെ സംബന്ധിച്ചും ആ മഹാപുരുഷൻ ഇനിയും ജന്മമെടുക്കും എന്ന് എനിക്ക് മനസ്സിലാക്കി തന്ന തിനെ സംബന്ധിച്ചും ഞാൻ നിന്നെ ധരിപ്പിക്കാം. സ്വാമികൾ ശിവഗിരിയിലുള്ള സ്കൂളിന്റെ നിർമ്മാണത്തിനുവേണ്ടി പണം പിരിക്കാൻ തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലും ശിഷ്യന്മാരോടു കൂടി പലപ്രാവശ്യം സഞ്ചരിച്ചിട്ടുണ്ട്. ഒരിക്കൽ പണവും പിരിച്ചിട്ടു മഠത്തിൽ എത്തിയപ്പോൾ സ്വാമികളുടെ ശരീരം നന്നേ തളർന്നിരുന്നു. കാഷായ വസ്ത്രം കൊണ്ടു തനിയെ വീശി വൈദികമഠത്തിൽ അല്പം വിശ്രമിച്ചു. മദ്ധ്യാഹ്നസൂര്യന്റെ കിരണങ്ങളുടെ ശക്തി കുറഞ്ഞു തുടങ്ങി. ഞാൻ സ്കൂൾ കെട്ടിടത്തിന്റെ പണിയുടെ മേൽനോട്ടവും മററും നടത്തി അല്പം വിയർത്തിട്ടു ആശ്രമത്തിൽ വന്നു വിശ്രമിക്കുകയായിരുന്നു. ഞാൻ ഗുരുദേവനെ പതിവു പോലെ സമീപിച്ചു.

സ്വാമികൾ:-"രാമാ നീയും തളർന്നു, അല്ലേ"

ഞാൻ:-ഇല്ല സ്വാമി.

ഉടൻ തന്നെ എന്റെ മനോമണ്ഡലത്തിൽ താഴെ കാണുന്ന ചിന്ത ഉയർന്നു.

"കഷ്ടം ! സ്വാമികളുടെ കാലശേഷം ആരാണു ഈ വിധം ബുദ്ധിമുട്ടുക". ഞാൻ ചിന്താവിഷ്ടനായി നിന്നു.

ഉടൻ സ്വാമികൾ പറയുകയാണ്.

'രാമാ' ! വെയിലുകൊണ്ടു വള്ളിയുംഇലയുംഉണങ്ങിക്കിടക്കുന്ന കാച്ചിലിനെ നീ കണ്ടിട്ടുണ്ടോ ?

ഞാൻ:-ഉണ്ട്.

സ്വാമികൾ:-മഴക്കാലമാകുമ്പോൾ ആകാച്ചിൽ എങ്ങനെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൊടിച്ചുവരുമോ അതുപോലെ ഞാൻ
ഇനിയും പൊടിച്ചുവരും''.

ഞാൻ അല്പനേരം സ്തബ്ധനായി നിന്നുപോയി. ഈ സംഭാഷണത്തിൽനിന്നും നമുക്കു മനസ്സിലാകുന്നത് എന്താണ്? ഗുരുദേവന് പരഹൃദയജ്ഞാനം ഉണ്ടായിരുന്നു. അതു മാത്രമല്ല, ലോകോദ്ധാരണത്തിനു വേണ്ടി ഭഗവാൻ ഇനിയും വരുമെന്നുസ്വയം പറയുകയും ചെയ്തിരിക്കുന്നു. ''ലോകസംഗ്രഹമായിരുന്നല്ലോ ഗുരുവിവിൻെറ ജീവിത ലക്ഷ്യം''.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 38

സന്ന്യാസിസംഘം

ശ്രീനാരായണ ഗുരുവിൻെറ ധർമ്മ പ്രചാരണത്തിൽ ആത്മാർത്ഥമായി ആമഗ്നരായ ഒരുകൂട്ടം സന്ന്യാസികൾ ഉണ്ടായിരുന്നു; ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള സന്ന്യാസി സംഘം ശിവഗിരി ആസ്ഥാനമായി പ്രവർത്തിക്കണമെന്നാണു ഗുരു കരുതിയിരുന്നത്.

സഹോദരനയ്യപ്പനോടു "സന്ന്യസിച്ചുകൂടേയെന്നു ഗുരു ചോദിച്ചു". 'പേടിയാകുന്നു സ്വാമി' എന്നുമറുപടി പറഞ്ഞു. അയ്യപ്പൻ പിൻവാങ്ങി. "സന്ന്യാസം സ്വീകരിക്കുമെങ്കിൽ അവിടത്തെ തൃക്കൈയ്യിൽ നിന്നു മാത്രമേയുള്ളൂ" വെന്നു പറഞ്ഞു സി.വി.കുഞ്ഞുരാമനും പിൻമാറിയതായി പറയപ്പെടുന്നു, കഠിനമായ നിയമങ്ങളെ അനുസരിക്കണം. അതിനുള്ള ക്ഷമയും വേണം. ലൗകികത്തോടു എന്നേക്കുമായി യാത്ര പറയണം. അങ്ങനെയുള്ള ഒരു വ്യക്തിക്കു മാത്രമേ യഥാർത്ഥ സന്ന്യാസിയാകാൻ സാധിക്കൂ.

ഗുരുദേവൻ 1103-കന്നി 26-ാംനു രാത്രി 8 മണിക്കു ശ്രീനാരായണ ധർമ്മ സംഘത്തിൻെറ ഉദയം കുറിച്ചു. ഗുരുദേവൻെറ ആജ്ഞ പ്രകാരം നിലവിളക്കു കൊളുത്തി വച്ചു. എല്ലാ സന്ന്യാസി ശിഷ്യൻമാരും തൃപ്പാദ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങളെ നമസ്കരിച്ചശേഷം തൃപ്പാദസന്നിധിയിൽ നില വിളക്കിനു മുമ്പിൽ വച്ചു ധർമ്മസംഘം നിയമത്തിൽ ഒപ്പിട്ടു അംഗങ്ങളായി. ധനു 27-ാം തീയതി രജി സ്ട്രാരെ ആശ്രമത്തിൽ വരുത്തി പ്രമാണം രജിസ്ററർ ചെയ്തു.

ശ്രീമദ് രാമാനന്ദ സ്വാമികഠം ശ്രീ. നീലകണ്ഠൻ ശാന്തി ശ്രീ. നരസിംഹ സ്വാമികഠം ശ്രീ. ബോധാനന്ദ സ്വാമികഠം ശ്രീ. ആത്മാനന്ദ സ്വാമികഠം ശ്രീ. ശങ്കരാ നന്ദ സ്വാമികഠം ശ്രീ, ധർമ്മ തീർത്ഥ സ്വാമികഠം ശ്രീ. സുഗുണാനന്ദ ഗിരി സ്വാമികഠം ശ്രീ. പി. നടരാജൻ മാസ്ററർ (നടരാജഗുരു) തുടങ്ങിയവർ ധർമ്മ സംഘ ത്തിലെ ആദ്യത്തെ അംഗങ്ങഠം ആണ്.

ധർമ്മ സംഘം രജിസ്ററർ ചെയ്യുന്നതിനു മുമ്പ് അഭിപ്രായ വ്യത്യാസങ്ങഠം സന്ന്യാസിമാരിൽ നിന്നും S. N. D. P. യോഗ നേതാക്കന്മാരിൽ നിന്നും ഉണ്ടായ തായി ചരിത്ര രേഖകഠം കാണുന്നു. ധർമ്മ സംഘം രജിസ്ററർ ചെയ്തതിനു ശേഷവും അതുണ്ടായി എ ന്നതാണു സത്യം. അങ്ങനെ അഭിപ്രായ വ്യത്യാസം ഉണ്ടായില്ലെങ്കിലേ ആശ്ചര്യപ്പെടേണ്ടതുള്ളൂ. എന്തു കൊണ്ടെന്നാൽ ഒരിക്കലും പിളരുകയില്ലെന്നു വിശ്വ സിച്ചിരുന്ന കത്തോലിക്കാ സംഘടന പലതായി. ലോക കമ്മ്യൂണിസ്ററു പ്രസ്ഥാനവും ആശയ സം ഘട്ടനത്തിൽ പിളർന്നു. സന്ന്യാസിമാരും S.N.D.P. യോഗ നേതാക്കളും തമ്മിൽ അഭിപ്രായ സംഘട്ടനം ഉണ്ടായാൽ അദ്ഭുതത്തിനു അവകാശമില്ലല്ലോ? പക്ഷെ ഇന്നും അവ രണ്ടും പ്രവർത്തിച്ചു പോരുന്നു. അതി ൻെറ പ്രവർത്തന രീതികഠം വിവാദ വിഷയമാകയാൽ ലേഖകൻ അതിലേക്കുകടക്കുവാൻ ആഗ്രഹിക്കുന്നില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഥാർത്ഥ സന്ന്യാസികളായ ചില ഗുരുദേവ ഭക്തന്മാരെ പരാമർശിക്കാതെ പോകുന്നതു അനൗചിത്യമായിരിക്കും.

അരുവിപ്പുറത്തിനു സമീപം ഒരു കൃഷീവല കുടുംബത്തിൽ പിറന്ന നാണു കൊച്ചപ്പിപിള്ള കന്നുകാലികൾക്കു ദിവസേന പുല്ലുശേഖരിക്കാൻ നദിക്കരയിൽ വരുന്ന പതിവുണ്ട്. ഒരു സായാഹ്നത്തിൽ കൊച്ചപ്പിപിള്ള ചൈതന്യപൂർണ്ണമായ ഒരു വിഗ്രഹം അഞ്ചു മലമുകളിൽ കണ്ടു. കൊച്ചപ്പിപിള്ളയ്ക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല ആ ബാലൻ കുറെ നേരം നോക്കി നിന്നു. പിന്നീട് വീട്ടിലേക്ക് പോയി. മനസ്സിന്റെ സമനില തെററിയതുപോലെ തോന്നി. ആ വിഗ്രഹത്തെക്കുറിച്ചുള്ള ചിന്ത മങ്ങാതെ മായാതെ അയാളുടെ മനോമുകരത്തിൽ തങ്ങി നിന്നു. വീണ്ടും ആ വിഗ്രഹം കാണാൻ പററുമോ എന്നു പരീക്ഷിക്കാനായി കൊച്ചപ്പിപിള്ള പിറേറന്നു ആററിനരികിലേക്കു പോയി.

അതെ ! ആ സ്ഥാനത്തു തന്നെ വിഗ്രഹം കണ്ടു. പക്ഷെ ! വിഗ്രഹം നടന്നു താഴേക്കു വരുന്നതുപോലെ തോന്നി. തോന്നൽ അല്ലാ യാഥാർത്ഥ്യമായിരുന്നു അങ്ങനെ പരതന്ത്രനായി നിന്ന കൊച്ചപ്പിപിള്ളയോടു വിഗ്രഹമാകുന്നമനുഷ്യൻകുശലം അന്വേഷിച്ചു. യഥാർത്ഥത്തിൽ വിഗ്രഹമാകുന്ന മനുഷ്യൻ ശ്രീനാരായണ ഗുരു ആയിരുന്നു. വളരെ അടുത്തുള്ള ഒരു പുരാതന നായർ തറവാട്ടിലെ അംഗമാണ് കൊച്ചപ്പിപിള്ള. കാര്യങ്ങൾ മനസ്സിലാക്കിയ ശേഷം ഗുരുദേവൻ ചോദിച്ചു ''രണ്ടുമരിച്ചീനി ചുട്ടുകൊണ്ടുവരാമോ'' പിറേറ ദിവസം കുറെ മരിച്ചീനി ചുട്ടുപൊളിച്ചു ഇലയിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊണ്ടുവന്നു കൊടുത്തു. ഗുരുദേവൻ ഭക്ഷിച്ചതിന്റെ ബാക്കി കൊച്ചപ്പിപിള്ളയും ഭക്ഷിച്ചു. പല ദിവസവും മരച്ചീനി ചുട്ടുകൊടുത്തുകൊണ്ടിരുന്നു. ഈ വിവരം ഗൃഹനാഥൻ അറിഞ്ഞു. കുട്ടിയെ തല്ലി. കൊച്ചപ്പിപിള്ള അവിടെങ്ങും വരാതെയായി. ശ്രീരാമകൃഷ്ണനെ കാണാൻ ഭവനാഥൻആഗ്രഹിച്ചതുപോലെ ശ്രീനാരായണഗുരുവിനെ കാണാൻ കൊച്ചപ്പിപിള്ള ആഗ്രഹിച്ചു. പിള്ളയുടെ വീട്ടുകാർ എതിർത്തു. പക്ഷെ കൊച്ചപ്പിപിള്ളയുടെ മനസ്സിനു സ്വസ്ഥത തീരെയില്ലായിരുന്നു. കുറെ മാസങ്ങൾ കഴിഞ്ഞു. കൊച്ചപ്പിപിള്ള ഗുരുദേവനെ കണ്ടു. കാര്യങ്ങൾ ഉണർത്തിച്ചു. ''വീട്ടിൽ പ്രയാസമാണെങ്കിൽ നാം അറിയിക്കുമ്പോൾ കൂടെ വന്നു കൂടികൊള്ളുക'' എന്ന് ഗുരു അരുൾ ചെയ്തു. അങ്ങനെ അരുവിപ്പുറത്തെ 'ആദ്യത്തെ അന്തേവാസിയാകാനുള്ള പരമ ഭാഗ്യം കൊച്ചപ്പിപ്പിള്ളയ്ക്കു ലഭിച്ചു. സന്ന്യാസിയായി, സംസ്കൃത പണ്ഡിതനായി, സിദ്ധനായി 'ശിവലിംഗദാസ സ്വാമികൾ' എന്ന പേരു സ്വീകരിച്ചു വളരെക്കാലം ഗുരുദേവനോടൊത്തു കഴിഞ്ഞു. പക്ഷെ ! ശിവലിംഗദാസ സ്വാമികൾ നേരത്തേ സമാധിയായായി.

മഹാകവികുമാരനാശാനു ശിവലിംഗദാസ സ്വാമികളുടെ വേർപാടു അസഹനീയമായി തോന്നി. ഹൃദയം വെന്തുനീറി. 'പറന്നു പോയ ഹംസം' എന്ന പേരിൽ ഒരു വിലാപ കാവ്യം ആശാൻ ശിവലിംഗദാസ സ്വാമിയെക്കുറിച്ചു എഴുതുകയുണ്ടായി.

അതുപോലെ തികഞ്ഞ ബ്രഹ്ചാരിയും സന്ന്യാസിയുമായിരുന്ന വൈരവൻ ശാന്തിയെക്കുറിച്ചു കൂടി നാം അറിഞ്ഞിരിക്കേണ്ടതുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വക്കം സ്വദേശിയാണ് വൈരവൻ, വൈരവന് പ്രായപൂർത്തി എത്തി. വീട്ടുകാർ വിവാഹം ചെയ്യാൻ വൈരവനെ നിർബന്ധിച്ചു. വൈരവൻ സമ്മതിച്ചു. പക്ഷെ ഒരു വ്യവസ്ഥ. വധു പുലയ സമുദായത്തിൽപ്പെട്ടവൾ ആയിരിക്കണം. ഈഅഭിപ്രായം കുടുംബത്തിലും നാട്ടിലും ഒരു പ്രശ്നമായിത്തീർന്നു. ഇക്കാലത്തമാണ് ഗുരുദേവ സന്നിധിയിലേക്ക് വൈരവൻ ചെന്നത്. വൈരവന്റെ ആഗ്രഹപ്രകാരം ഗുരുവിനെ പിൻതുടർന്നു. അരുവിപ്പുറത്തെ ആദ്യത്തെ ശാന്തിക്കാരൻ വൈരവനാണ് 120 വയസ്സുവരെ വൈരവൻ ജീവിച്ചിരുന്നു. ഒടുവിൽ അദ്ദേഹം അറിയപ്പെട്ടത് ശാന്തി സ്വാമികൾ എന്ന;പേരിലാണ്.

ചങ്ങനാശ്ശേരിക്കു സമീപം അയ്യപ്പൻപിള്ള എന്നൊരു അദ്ധ്യാപകൻ ഉണ്ടായിരുന്നു. അദ്ദേഹം ഒരു യഥാസ്ഥിതികനായിരുന്നു. ജാതി ഭേദം ജന്മസിദ്ധമായ കാര്യമാണെന്നാണു അദ്ദേഹം വിശ്വസിച്ചിരുന്നത്. തീണ്ടൽ ജാതിക്കാരെ കണ്ടാൽ ശകാരിക്കും. മർദ്ദിക്കും. ഒരു ദിവസം ഈഴവ സമുദായത്തിലുള്ള ഒരു മനുഷ്യനെ ജാതിയുടെ പേരിൽ കഠിനമായി മർദ്ദിച്ചു. തന്മൂലം മനസ്സിന് അസുഖമുണ്ടായി. ഈ കാലഘട്ടത്തിൽ ശ്രീനാരായണ ഗുരുദേവൻ ആലുവാ അദ്വൈതാശ്രമത്തിൽ എഴുന്നെള്ളി. ശിവരാത്രി ഉൽസവം കണ്ടുമടങ്ങുവാൻ ധാരാളം ആളുകൾ വന്നിരുന്നു. ജനങ്ങൾ ഗുരുദേവനെ ചെന്നു കണ്ടു വണങ്ങുന്നതു അയ്യപ്പൻപിള്ള കണ്ടു. ആൾകൂട്ടത്തിനിടയിൽ ഗുരുദേവന്റെ 'മുഖ പത്മം' അയ്യപ്പൻപിള്ള ദർശിച്ചു. ആദ്യവീക്ഷണത്തിൽ അയ്യപ്പൻപിള്ള ആകൃഷ്ടനായി. ആളൊഴിയുന്നതുവരെ അയ്യപ്പൻപിള്ള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാത്തുനിന്നു. ഒടുവിൽ ഗുരുവിന്റെ അടുക്കലേക്ക് സാവധാനം നടന്നുചെന്ന് ആദരം പ്രകടിപ്പിച്ച അയ്യപ്പൻപിള്ള മടങ്ങാൻ സമയത്തു ഗുരു ചോദിച്ചു. ''ഇനിയും കാണാമല്ലോ''.

'കാണാം സ്വാമി' അയ്യപ്പൻപിള്ള ബഹുമാനപൂർവ്വം മറുപടി പറഞ്ഞു. വീട്ടിൽ ചെന്നപ്പോൾ അയ്യപ്പൻ പിള്ളയ്ക്കു മനസ്സമാധാനമില്ലാതായി. എന്തോ ഒരു അസ്വസ്ഥത. ആ യോഗിവര്യനെ അനുഗമിക്കണം. അതാണ് ആഗ്രഹം. ആഗ്രഹം വീട്ടുകാരെ അറിയിച്ചു. അവർ എതിർത്തു. അയ്യപ്പൻപിള്ളയുണ്ടോ അവരുടെ എതിർപ്പിനെ അനുസരിക്കുന്നു. ഉദ്യോഗം രാജിവയ്ക്കുക തന്നെ ചെയ്തു. ഗുരുവോടു ചേർന്നു. ''സത്യവ്രതൻ എന്ന പേരു സ്വീകരിച്ചു.

അദ്ദേഹം കേരളത്തിലങ്ങോളമിങ്ങോളം ജാതിക്ക് എതിരായി ഓടി നടന്നു പ്രസംഗിച്ചു. സന്ധിയില്ലാത്ത സമരമാണു ജാതിക്കു എതിരായി നടത്തിയത്. ജാതി എന്ന പിശാചു ഈ ഭൂമുഖത്തു നിന്നും മാറണം. അല്ലെങ്കിൽ മാററണം സത്യവ്രതൻ അഭിപ്രായപ്പെട്ടു. സംഭവബഹുലമായ ആ ജീവിതം നീണ്ടുനിന്നില്ല. സത്യവ്രതൻ സമാധിയായി. ഗുരുദേവൻ അരുളം ചെയ്തു. ''സത്യവ്രതൻ-സത്യവ്രതനായി മരിച്ചു''.

ശിവഗിരിയിലെ സന്ന്യാസിവർഗ്ഗം ശിവഗിരിയുടെ പാവനത്വം കാത്തു സൂക്ഷിച്ചുപോരുന്നു. ഗുരുദേവൻ ജീവിച്ചിരുന്ന കാലത്തു അൽപമെങ്കിലും പരിചരിക്കാൻ ഭാഗ്യം ലഭിച്ച മാധവാനന്ദ സ്വാമികളെ ഈ ലേഖകൻ കണ്ടു സംസാരിക്കുകയുണ്ടായി. അദ്ദേഹം ഇപ്പോൾ ധർമ്മ സംഘം ട്രസ്ററിന്റെ ട്രഷറർ കൂടിയാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞാൻ:- സ്വാമിയുടെ ജന്മദേശം ?

മാ. സ്വാ:- കോട്ടയം ജില്ലയിലെ മാന്താനം എന്ന സ്ഥലം

ഞാൻ:- ശിവഗിരിയിൽ എങ്ങനെ എത്തി?

മാ. സ്വാ:- ശ്രീനാരായണ പരമഹംസനെ കാണുന്നതിനു വേണ്ടി മാത്രം വന്നതാണ്. ഒരു ചതയം തിരുനാളിൽ

ഞാൻ:- ഗുരുദേവനെ അന്നു തന്നെ കാണാൻ കഴിഞ്ഞോ ?

മാ. സ്വാ:- ഞാൻ ശിവഗിരിയിലോട്ടു കയറിചെന്നപ്പോൾ ഒരു വമ്പിച്ച ജനക്കൂട്ടത്തെ കണ്ടു. അതിന്റെ മദ്ധ്യത്തിൽ സൂര്യൻ ഉദിച്ചതുപോലെ തിളങ്ങുന്ന മനുഷ്യൻ അതുതന്നെ ഗുരുവെന്ന് എനിക്കു മനസ്സിലായി. ഞാൻ തൊഴുതു. പാലും പഴവും കൽക്കണ്ടവും കൂടി നിന്നവർക്കു കൊടുക്കുന്നുണ്ടായിരുന്നു. ഞാനും കൈനീട്ടി. എനിക്കും ലഭിച്ചു. തിരക്കൊഴിഞ്ഞപ്പോൾ ഞാൻ തിരുമുമ്പിൽ തൊഴുതുനിന്നു. ശിവഗിരിയിൽഎന്നെകൂടി താമസിക്കുവാൻഅനുവദിക്കണമെന്നു അപേക്ഷിച്ചു. ''സന്ന്യാസം ബുദ്ധിമുട്ടുള്ള കാര്യമാണ്. എല്ലാം ഉപേക്ഷിക്കണം. ത്യാഗിയാകണം; തയ്യാറാണെങ്കിൽ ആയിക്കൊള്ളൂ'' സന്തോഷം കൊണ്ടു മതിമറന്ന ഞാൻ ഗുരുവിനെ നമസ്കരിച്ചു. അങ്ങനെ ഞാൻ ശിവഗിരിയിലെ ഒരു അന്തേവാസിയായി.

ഞാൻ:- ഗുരുദേവനെ പരിചരിക്കുവാൻ ഭാഗ്യം സിദ്ധിച്ചു എന്നു കേൾക്കുന്നുണ്ട് !

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാ. സ്വാ:- ഗുരുദേവൻ യാത്രപോകുന്ന അവസരത്തിൽ ഒരു സന്ന്യാസിസംഘം കൂടെ കാണും. അങ്ങനെ ഞാനും കൂടി പോയിട്ടുണ്ട്. അന്നു ഞാൻ സന്ന്യാസി സംഘത്തിലെ മൈനർസെററിൽ ഒരാളാണ്.

ഞാൻ:- ഗുരുദേവനിൽ കണ്ട പ്രത്യേകത എന്താണ്?

മാ. സ്വാ:- എല്ലാം പ്രത്യേകത തന്നെ. ആകൃതിയിലും പ്രകൃതിയിലും പ്രത്യേകത തന്നെ ശുചിത്വത്തിൽ പ്രത്യേകത. പ്രവൃത്തിയിൽ പ്രത്യേകത. എല്ലാം നേരത്തെ കൂട്ടി അറിയുന്ന മഹാത്മാവാണല്ലോ ഗുരുദേവൻ''.

മുൻപ്രസിഡൻറു ശ്രീ നിജാനന്ദ സ്വാമി കൂടക്കൂടെ ശിവഗിരിയിൽവന്നു ഗുരുദേവനെ വണങ്ങിപ്പോകുമായിരുന്നു. ഗുരുദേവനെ നേരിൽ കാണാൻ ഭാഗ്യം സിദ്ധിക്കുകയും ഗുരുദേവൻെറ അനുഗ്രഹം വാങ്ങി സന്ന്യാസം സ്വീകരിക്കുകയും ചെയ്ത സന്ന്യാസിമാർ ധാരാളമുണ്ട്. പല ആശ്രമങ്ങളിലും പണ്ഡിതന്മാരായ സന്ന്യാസിമാരെ നമുക്കു കാണാൻ കഴിയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 39

കണ്ണൂർക്കാരൻ ഷേണായിയും രാമൻ ഗുരുക്കളും ജാൺ ധർമ്മ തീർത്ഥരും

ഒരു മനുഷ്യനെയും നിർബന്ധിച്ച് ഒരു പ്രവൃത്തിയും ഗുരു ചെയ്യിച്ചിരുന്നില്ല. സ്വന്തമായ ചിന്തയിൽ നിന്നും ഉടലെടുത്ത തീരുമാനങ്ങളുമായി സ്വാമിജിയെ സമീപിച്ചിരുന്ന പലരും തീരുമാനം പുനഃപരിശോധന ചെയ്യാൻ നിർബന്ധിതരായിട്ടുണ്ട്. ഇവിടെ ശ്രീനാരായണഗുരുദേവന്റെ വ്യക്തി മാഹാത്മ്യത്തിന്റെ മാററ് ഉരയ്ക്കുംതോറും വർദ്ധിക്കുന്നുണ്ട്. അർപ്പണ മനോ ഭാവമില്ലാത്തവനു കാഷായ വസ്ത്രം നല്കുവാൻ ഗുരു മുതിർന്നിട്ടില്ല. സന്ന്യാസം സ്വീകരിച്ചേ അടങ്ങൂ എന്ന തീരുമാനവുമായി ഗുരു സന്നിധിയിൽ എത്തിയ പലരും നിരാശരായി മടങ്ങിയിട്ടുണ്ട്. പലരോടും ഗൃഹസ്ഥ ശിഷ്യന്മാരായി കഴിയാൻ കല്പിച്ചിട്ടുണ്ട്. ഓരോരുത്തരുടെയും ആഗ്രഹത്തിനും അഭിരുചിയ്ക്കുമൊത്തുള്ള ജീവിതം നടത്തട്ടെ. എന്നാൽ അത് സമൂഹത്തിനു ദോഷമുണ്ടാക്കരുത്.

കണ്ണൂർക്കാരൻ ഷേണായി ആനന്ദ തീർത്ഥനായ കഥ അർജ്ജുനൻ ബി. എ. പറയുന്നതു കേൾക്കാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"ഒരു ദിവസം പൂജകഴിഞ്ഞ് പുറത്തുവന്നപ്പോൾ ഖദർവസ്ത്രധാരിയായ കണ്ണൂർക്കാരൻ ഷേണായി എന്നോട് സ്വാമിജിയെ കാണാനെപ്പോഴാണ് നല്ല സൗകര്യമെന്നു ചോദിച്ചു. കാലത്തു എട്ടുമണിയോടെ പർണ്ണശാലയുടെ തിണ്ണയിൽ വിശ്രമിക്കുമ്പോൾ നല്ല സൗകര്യമാണെന്നു ഞാനുത്തരം പറഞ്ഞു. പിറേറ ദിവസം ഞാൻ ഗുരുദേവൻെറ നഖം മുറിക്കുമ്പോൾ ഷേണായിവന്നു നമസ്കരിച്ചു. ഗുരുദേവൻെറ ചോദ്യത്തിന് ഉത്തരമായി ഷേണായി ഇങ്ങനെ മറുപടി പറഞ്ഞു. "സബർമതി ആശ്രമത്തിൽ കുറെക്കാലമായി വിശ്രമിക്കുകയാണ്. സത്യാഗ്രഹത്തിലും മററും പങ്കെടുത്തിട്ടുണ്ട്. സന്ന്യാസിക്കണമെന്നാണാഗ്രഹം. ഗാന്ധിജിയുടെ നിർദ്ദേശമനുസരിച്ചാണു സ്വാമിജിയെ ദർശിക്കാനെത്തിയത്. സന്ന്യാസം തന്ന് ശിഷ്യനായി സ്വീകരിച്ചാൽ ജീവിതം സഫലമായി" എം. എ. പരീക്ഷ പാസ്സായ ശേഷമാണു സബർമതിയ്ക്കു പോയത് എന്നു വീണ്ടും ഉണ്ടായ ചോദ്യത്തിനു ഉത്തരം പറഞ്ഞു. "സന്ന്യാസത്തിനു എന്താണർത്ഥം കണ്ടിരിക്കുന്നത്" എന്ന് തുടർന്നു ചോദിച്ചതിനു 'ത്യാഗം' എന്നു മറുപടി പറഞ്ഞു. അപ്പോൾ എം. എ. ക്ലാസ്സുവരെ പഠിച്ചു സമ്പാദിച്ച അറിവും ത്യജിയ്ക്കണമല്ലോ. പിന്നെയെല്ലാം ശൂന്യതയിൽനിന്നു തുടങ്ങേണ്ടിവരും. ഷേണായി പരുങ്ങിത്തുടങ്ങി "വഴികൾ പലതുണ്ട് സന്ന്യാസിയാകാൻ. ലക്ഷ്യം ഒന്നായിരിക്കണം. സമ്പാദിച്ച അറിവുകളയരുത്. അതു വലുതാക്കിയാൽ എത്ര പങ്കുവയ്ക്കാം. ഈശ്വരൻ പ്രസാദിച്ചാൽ മതി. പ്രതിഫലം ചോദിക്കരുത്" എന്നു ഷേണായിയെ ഉപദേശിച്ചു." "ഈശാവാസ്യോപനിഷത്" ചൊല്ലിക്കൊട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നു എന്നോടു ആജ്ഞാപിച്ചു. ആദ്യത്തെ രണ്ടു ശ്ലോകം ചൊല്ലി കേൾപ്പിച്ചു. "കണ്ടോ ഇതു സന്ന്യാസമാണ്. എന്താ ഇതു പാററുമോ"? എന്നു ചോദിച്ചുകൊണ്ടു ഗുരുദേവൻ പുഞ്ചിരിച്ചു. "അടിയനതിലും വലിയ സന്ന്യാസം വേണ്ട. ഇതു മതി. ഷേണായി നമസ്കരിച്ചു നിന്നു. "എന്നാൽ സന്ന്യസിയ്ക്കാമല്ലോ" എന്നു പറഞ്ഞു അനുഗ്രഹിച്ചു.

"ഷേണായിക്കു ഊണിനും മററും സൗകര്യമുണ്ടാക്കാൻ ഗോവിന്ദനാശാനോടു പറയൂ". "വസ്ത്രം വേണം" എന്നെ നോക്കി കല്പിച്ചു. പിറേറ ദിവസം കുളി കഴിഞ്ഞുവന്ന ഷേണായിക്ക് ഗുരുദേവൻ കാഷായ വസ്ത്രം കൊടുത്തു. ആനന്ദതീർത്ഥനെന്ന പേര് മുഖവുരകൂടാതെ സ്വീകരിച്ചു. ഈ സന്ന്യാസി; കണ്ണൂർ, പയ്യന്നൂരെന്ന ഗ്രാമത്തിൽ ഒരനാഥാശ്രമവും തൊട്ടടുത്ത് പാഠശാലയും പിന്നീടു ഈ സന്ന്യാസി സ്ഥാപിച്ചു. ഇന്നും ആശ്രമത്തിൻെറ അഭിവൃദ്ധിക്കു വേണ്ടി അദ്ദേഹം പ്രവർത്തിച്ചുപോരുന്നു".

ഈ അടുത്തകാലത്ത്. അതായത് 1982 നവംബർ മാസത്തിൽ ഗുരുവായൂർ സത്യാഗ്രഹത്തിൻെറ രജതജൂബിലി ആഘോഷവേളയിൽ സ്വാമി ആനന്ദതീർത്ഥനും ഗുരുവായൂരെത്തിയിരുന്നു. ഭോജന ശാലയിലേക്കു എല്ലാവരെയും പോലെ അദ്ദേഹവും കയറി ചെല്ലുകയുണ്ടായി. സാരസ്വത് ബ്രാഹ്മണവംശത്തിൽ ജനിച്ചു മനുഷ്യസേവനം നടത്തിപ്പോരുന്ന ആനന്ദതീർത്ഥനു പൂണൂൽ ഇല്ലായിരുന്നു. ഭോജനശാലയിൽ കാവൽക്കാരായി നിന്നവരുടെ മൃഗീയ മർദ്ദനത്തിനു സ്വാമികൾ ഇരയായ കാര്യം എല്ലാ പത്രങ്ങളും വ്യസനസമേതം റിപ്പോർട്ടു ചെയ്തിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുദേവൻ കല്പിച്ചിരുന്നതു പോലെ ആനന്ദ് തീർത്ഥർ സമ്പാദിച്ച അറിവു വലുതാക്കി. ആരോടും ഇന്നുവരെ പ്രതിഫലം ചോദിച്ചില്ല. കടന്തൽക്കുത്തു ഏററിട്ടും തീർത്ഥരുടെ സഹന സമരം അനുസ്യൂതം നടക്കുകയാണ്.

അർജ്ജുനൻ ബി. എ. വീണ്ടും മറെറാരു സന്ന്യാസിയുടെ കാര്യം കൂടി ലേഖകനു എഴുതി അയച്ചു തന്നതു ഇവിടെ കുറിയ്ക്കാം.

"രാമൻ ഗുരുക്കരം ആലുവാ സംസ്കൃത വിദ്യാലയത്തിൽ വളരെക്കാലം ഹെഡ്മാസ്ററർ ആയി ജോലി നോക്കിയിരുന്ന ഒരു ഗൃഹസ്ഥ ശിഷ്യനായിരുന്നു. സന്ന്യസിക്കാനായി ഗുരുദേവൻെറ അനുവാദം കാത്തിരിക്കുകയായിരുന്നു ഗുരുക്കരം" വസ്ത്രം തയ്യാറാക്കിവയ്ക്കാനെന്നോടുകല്പിച്ചു. കാഷായവസ്ത്രങ്ങരം സമയത്തിനു തന്നെഗുരുദേവ സന്നിധിയിലെത്തിച്ചു. അങ്ങനെ രാമൻ ഗുരുക്കളെ "ആത്മാനന്ദ സ്വാമി"യാക്കി മാററി. ഗോവിന്ദാനന്ദ സ്വാമിയുടെ സമാധിയ്ക്കുശേഷം ആത്മാനന്ദസ്വാമി കാഞ്ചീപുരം ആശ്രമത്തിൽ സ്ഥിരതാമസമാക്കി. പാവപ്പെട്ടകുട്ടികരംക്ക് ഈ ആശ്രമം ഒരഭയകേന്ദ്രമാണ്. പല ഹരിജന വിദ്യാർത്ഥികളെയും വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് ആത്മാനന്ദസ്വാമി ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. 'ഹംസൻ' മുതലായവരെ വിദ്യാധനരാക്കിയതു ആത്മാനന്ദസ്വാമിയാണ്".

തൃശ്ശൂർ സ്വദേശിയായിരുന്ന പരമേശ്വരമേനോൻ ശ്രീനാരായണ സിദ്ധാന്തങ്ങളിൽ ആകൃഷ്ടനായി. സന്ന്യാസം സ്വീകരിക്കാനായി അദ്ദേഹം ഗുരുദേവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സന്നിധിയിൽ എത്തി. ധർമ്മതീർത്ഥർ എന്ന പേരു ഗുരുദേവൻ നല്കി. അന്നു മുതൻ ശ്രീ നാരായണ തത്ത്വസംഹിതകൾക്കു പ്രചുര പ്രചാരം നല്കാൻ ധർമ്മ തീർത്ഥർ പരിശ്രമിച്ചു. ശ്രീനാരായണഗുരുദേവന്റെ വലം കൈയ്യായി നിന്നു ജാതിക്കെതിരായി പ്രവർത്തിച്ചു. നിയമബിരുദധാരിയായ ധർമ്മതീർത്ഥർ ഒരു വ്യവഹാരപ്രിയൻ കൂടിയായിരുന്നു. സന്ന്യാസി സംഘം രജിസ്റ്ററർ ചെയ്യുന്നതിനു അദ്ദേഹം ആത്മാർത്ഥമായിശ്രമിച്ചു. ഗുരുദേവനെക്കുറിച്ചുധാരാളം ഗ്രന്ഥങ്ങൾ ധർമ്മതീർത്ഥർ എഴുതിയിട്ടുണ്ട്. ഗുരുവിന്റെ സമാധിക്കുശേഷം ചില അഭിപ്രായ വ്യത്യാസങ്ങൾകാരണം അദ്ദേഹം കൃസ്തുമതം സ്വീകരിച്ചു. 'ജാൺധർമ്മ തീർത്ഥർ' എന്ന പേരു സ്വീകരിച്ചു. എന്നാൽ മരണംവരെ ഗുരുവിന്റെ സിദ്ധാന്തങ്ങൾക്കു പ്രാധാന്യം കൊടുത്തുകൊണ്ടാണു ജീവിച്ചത്. 'ശ്രീനാരായണഗുരുദേവ മാഹാത്മ്യം' എന്ന ഗ്രന്ഥത്തിന്റെ എഴുപത്തിയാറാം പേജിൽ ധർമ്മതീർത്ഥർ എഴുതിയിരിക്കുന്നതു പരിശോധിക്കാം.

'ബുദ്ധൻ, ക്രിസ്തു, മുഹമ്മദുനബി മുതലായ മഹാപുരുഷന്മാരുടെ കാലങ്ങളിൽ ഉണ്ടായതുപോലുള്ള ഒരു സംഭവമാണു നമ്മെ അഭിമുഖീകരിച്ചിരിക്കുന്നത്. ക്ഷയിച്ചതും ദുഷിച്ചതുമായ ഒരു ജീവിതരീതിയിൽ നിന്ന് ഉൽകൃഷ്ടമായ ഒരു ധർമ്മപന്ഥാവിലേക്കു ഗുരുദേവൻ നമ്മെ വിളിക്കുന്നു. ജാതിചോദിക്കാതെയും പറയാതെയും വിചാരിക്കാതെയും മനുഷ്യരായി ജീവിക്കുന്നതിനു നമ്മോടു ആജ്ഞാപിക്കുന്നു. വൈദ്യം, വിദ്യാഭ്യാസം, രാഷ്ട്രം മുതലായ പ്രസ്ഥാനങ്ങളുടെയെല്ലാം ലക്ഷ്യം മനുഷ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രുടെ നന്മയായിരിക്കുന്നതുപോലെ മതത്തിന്റെ ലക്ഷ്യവും മനുഷ്യർ നന്നാവണം എന്നാകുന്നു. "മതം ഏതായാലും മനുഷ്യൻ നന്നായാൽമതി" എന്നു ഗുരുദേവൻ ഉപദേശിക്കുന്നു. ക്ഷേത്രം, മഠം മുതലായ മത സ്ഥാപനങ്ങൾ താഴ്ന്നവരെ ഉയർത്തിയും. അസ്വതന്ത്രരെ സ്വതന്ത്രരാക്കിയും ഭിന്നിച്ചുകിടക്കുന്നവരെ ഏകീകരിച്ചും, സ്വാർത്ഥലോലുപന്മാരെ ത്യാഗികളും ലോകസേവാതത്പരരുമാക്കിയും, മനുഷ്യരെ നന്നാക്കുവാനുള്ള ഏർപ്പാടുകളാക്കിത്തീർക്കണമെന്നു ഗുരുദേവൻ കല്പിക്കുന്നു. വ്യത്യസ്തങ്ങളായ നാമരൂപങ്ങളോടുകൂടിയ മൂർത്തികളിൽ നിന്നു നമ്മുടെ വിശ്വാസത്തെ ഏകദൈവത്തിലേക്കു തിരിക്കുവാൻ ആ ലോക ഗുരു നമ്മെ ഉദ്ബോധിപ്പിക്കുന്നു. എല്ലാ മതസ്ഥാപകന്മാരും മനുഷ്യരെ ജാതിയിൽനിന്നും, നിരർത്ഥകങ്ങളായ ആചാര വിശ്വാസങ്ങളിൽനിന്നും ബഹുവിധ ദൈവാരാധനയിൽ നിന്നും രക്ഷിക്കുവാനാണ് ശ്രമിച്ചിട്ടുള്ളത്. യഹൂദന്മാരുടെയിടയിൽ ജാതിവ്യത്യാസങ്ങൾ ഉണ്ടായിരുന്നു. അവരുടെ മതാചാരങ്ങളും സ്ഥാപനങ്ങളും ദുഷിച്ചിരുന്നു. അവർ ദൈവത്തെ മറന്നു മൂർത്തികളെ ആരാധിച്ചിരുന്നു. ക്രിസ്തുമത സ്ഥാപനത്തോടുകൂടി അവർ ഈ ദോഷങ്ങളിൽനിന്നു രക്ഷപ്പെട്ടു. അറബികളുടെ ഇടയിലും ഇതു പോലെയുള്ള അന്ധവിശ്വാസങ്ങളും നിന്ദ്യമായ ആരാധനാക്രമങ്ങളും ഉണ്ടായിരുന്നു. ഇസ്ലാംമതം അവരെ ഒരു പുതിയ ജീവിതത്തിലേക്ക് ആനയിച്ചു. ഭാരതസന്താനങ്ങൾ ഇനിയും രക്ഷപ്പെട്ടിട്ടില്ല. കഴിഞ്ഞനാലായിരം കൊല്ലങ്ങളിലായി പല പ്രാവശ്യം അനേക അവതാര പുരുഷന്മാരും ഋഷിമാരും, സിദ്ധന്മാരും, ആചാര്യന്മാരും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നമ്മെ ഉദ്ധരിക്കാൻ ശ്രമിച്ചിട്ടുണ്ട്. അവരെല്ലാം ഉപദേശിച്ചിട്ടുള്ളത് ജാതിവ്യത്യാസങ്ങൾ അസത്യങ്ങളാണെന്നും ബഹുദൈവാരാധന അധമമാണെന്നുമാകുന്നു. ജൈനമതം, ബുദ്ധമതം, സിക്കുമതം, ആര്യസമാജം. ബ്രഹ്മസമാജം മുതലായ എല്ലാ പ്രസ്ഥാനങ്ങളും ഹിന്ദുക്കളെ രക്ഷിക്കാനായി വടക്കെ ഇൻഡ്യയിൽ ഉദ്ഭവിച്ചിട്ടുള്ളതാണ്. ശൈവം, വൈഷ്ണവം, അദ്വൈതം മുതലായ തെക്കെ ഇൻഡ്യയിലെ മതങ്ങളും ഏറെക്കുറേ അതേലക്ഷ്യത്തോടുകൂടി ഉണ്ടായവയാകുന്നു. എത്രയോ ഋഷിമാർ, എത്രയോ ആചാര്യന്മാർ, എത്രയോ സിദ്ധന്മാർ നമ്മെ ജാതിചിന്തയിൽ നിന്നും, ബഹു ദൈവാരാധനയിൽ നിന്നും പിൻതിരിപ്പിക്കുവാൻ ശ്രമിച്ചു. അങ്ങനെയുള്ള എല്ലാരക്ഷാമാർഗ്ഗങ്ങളിൽനിന്നും ഒഴിഞ്ഞൊളിഞ്ഞും എല്ലാഗുരുക്കന്മാരെയും നിഷേധിച്ചും അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും പരിപാലിക്കുന്ന പാവങ്ങളാണ് ഇന്നത്തെ ഹിന്ദുക്കൾ. നമ്മുടെ ഗുരുക്കന്മാരെ നാം അനുസരിക്കാതെയായപ്പോൾ വിദേശങ്ങളിൽ നിന്ന് ഇസ്ലാമികളെയും ക്രൈസ്തവരെയും സർവ്വശക്തൻ നമ്മുടെ ഇടയിലേക്ക് അയച്ചു. അനേകലക്ഷം ഭാരതസന്താനങ്ങൾ മുഹമ്മദീയരും ക്രിസ്ത്യാനികളുമായി ജാതിയിൽ നിന്നു രക്ഷപ്പെടുകയും ഏക ദൈവവിശ്വാസികളായിത്തീരുകയും ചെയ്തു. മതം മനുഷ്യരെ യോജിപ്പിക്കാനും നന്നാക്കാനുമാണെന്നു എല്ലാ മതങ്ങളും ഒരുപോലെ സമ്മതിക്കുന്നു. ഹൈന്ദവർ മാത്രം മതത്തിന്റെ ശക്തി ഉപയോഗിച്ച് മനുഷ്യരെ ഛിദ്രിപ്പിക്കയും സ്വസഹോദരങ്ങളെ അധഃപതിപ്പിക്കയും ചെയ്തു. ഇത്രകാലമായിട്ടും രക്ഷയില്ലാതെ കിടക്കുന്ന പാവങ്ങളുടെ ഇടയിൽ ഒരു പരിവർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തനം വരുത്താനാണു ഗുരുദേവൻ ശ്രമിച്ചിട്ടുള്ളത്. ഈ പരിവർത്തനം വന്നേതീരൂ. അതാകുന്നു നമ്മുടെ ക്ഷേമമാർഗ്ഗം.''

നിഷ്കാമകർമ്മികളും നിസ്വാർത്ഥരുമായ പല ശിഷ്യപ്രധാനികളും ഗുരുദേവനുണ്ട്. സ്ഥലപരിമിതി നിമിത്തം അവരെക്കുറിച്ചു ഇവിടെ രേഖപ്പെടുത്തുന്നില്ലഎന്നുമാത്രം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 40

ബോധാനന്ദ സ്വാമികൾ

ശ്രീനാരായണ ഗുരുദേവൻ തൻെറ അനന്തരാവകാശിയായി അഭിഷേകംനടത്തിയതു ബോധാനന്ദസ്വാമികളെയായിരുന്നു. ബോധാനന്ദ സ്വാമിയെക്കുറിച്ചും അല്പം പറയാം.

തൃശൂർ ചിറയ്ക്കൽ എന്ന പ്രദേശത്ത് ഇക്കോരൻെറയും ചെരോണിൻെറയും, പുത്രനായി 1058 മകരമാസം 10-ാം തീയതി തിങ്കളാഴ്ച പുണർതം നക്ഷത്രത്തിൽ ബോധാന്ദൻ ഭൂജാതനായി. ബോധാനന്ദൻെറ ആദ്യത്തെപേര് വേലായുധൻ എന്നായിരുന്നു. കുട്ടിക്കാലത്ത്തന്നെ കണക്ക്, അമരകോശം, നീതിസാരം, കാവ്യം മുതലായവ പഠിച്ചു. ശാന്തശീലനായിരുന്നു വേലായുധൽ. ഗ്രന്ഥപാരായണത്തിൽ താല്പര്യം പ്രകടിപ്പിച്ചു. പിതാവിൻെറ നിർബന്ധത്തിനുവഴങ്ങി 16-ാംമത്തെ വയസ്സിൽ വിവാഹബന്നത്തിലേർപ്പെടേണ്ടിവന്നു. അങ്ങനെ വേലായുധൻ ഒരു ആൺകുഞ്ഞിൻെറ പിതാവായി. ഏറെ താമസിയാതെ വേലായുധനുലൗകികജീവിതത്തിൽ വിരക്തിതോന്നി. ശ്രീബുദ്ധൻ തൻെറഭാര്യയേയും കുഞ്ഞിനേയും ഉപേക്ഷിച്ചു അർദ്ധരാത്രിക്ക് ഇറങ്ങിപ്പോയതുപോലെ വേലായുധനും ഇറങ്ങിപ്പോയി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വടക്കേഇൻഡ്യയിലെ പലപുണ്യ സ്ഥലങ്ങളും സന്ദർശിച്ചു. അവധൂതനായിനടന്നു. ഹിമാലയത്തിന്റെ സാനുപ്രദേശങ്ങളിൽ ധ്യാന നിഷ്ഠനായി അനേകദിവസം അദ്ദേഹം കഴിച്ചുകൂട്ടി. വിശപ്പുതോന്നുമ്പോൾ കായ്കളും പച്ചിലകളും പറിച്ചു ഭക്ഷിക്കുമായിരുന്നു. 'ജലസ്തംഭിനി' എന്ന ഒരു പച്ചിലമരുന്ന് ഹിമാലയത്തിന്റെ താഴ്വരയിലുണ്ട്. അതിന്റെ ചാറുപിഴിഞ്ഞു വീഴ്ത്തിയാൽ കട്ടിയാകും അതുവളരെ സ്വാദുള്ളതാണ്. ഹിമാലയത്തിന്റെ താഴ്വരയിൽ താമസിച്ചിരുന്നപ്പോൾ അദ്ദേഹത്തിന്റെ മുഖ്യാഹാരം ഇതായിരുന്നു.

സന്ന്യാസം മൂലം ദ്വേഷം, ക്രോധം, കാമം, സ്വാർത്ഥം മുതലായവ അദ്ദേഹത്തിൽനിന്ന് അകന്നകന്നുപോകുകയും സ്നേഹവും സമാധാനവും ശാന്തിയും അദ്ദേഹത്തെതേടി എത്തുകയും ചെയ്തു, ഇതിനിടയിൽ ഉജ്ജയിനിയിൽ 'ജോൽസ്യ' മഠാധിപതിയായ ഈശ്വരാനന്ദ മണ്ഡലീശ്വരനുമായി സ്വാമി പരിചയപ്പെട്ടു. 'ബോധാനന്ദഗിരി' എന്ന നാമധേയം നല്കി തന്റെ ശിഷ്യപരമ്പരയിൽ ചേർത്തു. കുറെക്കഴിഞ്ഞു ബോധാനന്ദൻ, കേരളത്തിലേയ്ക്കു തിരിച്ചു വന്നു. 'ജാതിധ്വംസന' മായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം ശ്രീനാരായണ ഗുരുദേവനെ സന്ദർശിക്കണമെന്നുള്ള മോഹം അദ്ദേഹത്തിൽ ഉളവായി. ഇക്കാലത്ത് ഗുരുദേവൻ ജഗന്നാഥക്ഷേത്രത്തിൽ വിശ്രമിക്കുകയായിരുന്നു. ബോധാനന്ദസ്വാമികൾ വടക്കേഇൻഡ്യയിലെ ആചാരരീതിയിൽ ഒരുവെള്ളിത്താലത്തിൽ കുറെ പഴങ്ങൾ ഗുദേവന്റെ മുമ്പിൽ കാഴ്ച വച്ചു നമസ്കരിച്ചു. ഗുരുദേവൻ ബോധാനന്ദസ്വാമികളെ സൂക്ഷ്മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച്ചുനോക്കിയതല്ലാതെ ഒന്നുംപറഞ്ഞില്ല. നിശ്ശബ്ദത അവിടെ തങ്ങിനിന്നു. കുറെനേരം നിന്ന നിലയിൽ തന്നെ ബോധാനന്ദസ്വാമികൾ കഴിച്ചുകൂട്ടിയ ശേഷം ഒന്നുകൂടി നമസ്കരിച്ചു പിന്മാറി. അന്നു രാത്രി ബോധാനന്ദസ്വാമികൾക്കു ഉറക്കം വന്നില്ല. ജഗന്നാഥ ക്ഷേത്രത്തിലെ പർണ്ണശാലയിൽ വിശ്രമിച്ചിരുന്ന ഗുരുദേവനെ വീണ്ടും ചെന്നുകണ്ടു ദണ്ഡനമസ്കാരം ചെയ്തു. ഗുരുദേവൻ ഉടനെ സ്വാമിയോടുഎഴുന്നേല്ക്കുവാൻപറഞ്ഞു. അല്പനേരം മൗനനായിരുന്നിട്ടു ഗുരുദേവൻ അരുൾചെയ്തു.

“മതഖണ്ഡനം നന്നല്ല. കാണുന്നവർക്കെല്ലാം സന്ന്യാസം നല്കുകയുമരുത്”.

അന്നുമുതൽ ശ്രീനാരായണഗുരുവിന്റെ ഉപദേശം ശിരസ്സാവഹിക്കുകയും ശ്രീനാരായണഗുരുവിന്റെ ശിഷ്യനായിമാറുകയും ചെയ്തു ബോധൻ. ബോധാനന്ദന്റെ വാക്കും പ്രവർത്തിയും സത്യത്തിൽ അധിഷ്ഠിതമാണെന്നു ഗുരുദേവൻ ഗ്രഹിച്ചു. ഒട്ടുംതാമസിച്ചില്ല. 1101-കന്നിമാസം 11-ാം തീയതി ബോധാനന്ദസ്വാമിയെ തന്റെ അനന്തരാവകാശിയായി അഭിഷേകം ചെയ്തു.

“വിജയ ദശമിപ്രമാണിച്ച് ശിവഗിരിയിൽ അന്നു സാമാന്യത്തിലധികം ആ ളു ണ്ടാ യി രു ന്നു. പ്രഭാതത്തിൽ എപ്പോഴും പരിശുദ്ധവും മനോഹരവുമായി സൂക്ഷിച്ചിരിക്കുന്ന ശാരദാമഠത്തിന്റെ മുൻവശത്തെ മണ്ഡപത്തിൽ അഭിഷേകത്തിനുള്ള ഒരുക്കങ്ങൾ ചെയ്തിരുന്നു. 8½ മണിക്കുമുൻപുതന്നെ ഹോമം സമാപിപ്പിച്ചവിവരം തൃപ്പാദങ്ങളെഅറിയിക്കുകയും ശിഷ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാൽ അനുഗതനായി തൃപ്പാദങ്ങൾ മണ്ഡപത്തിലേക്ക് എഴുന്നെള്ളുകയും ചെയ്തു. മണ്ഡപത്തിനകത്തു ഒരുക്കിയിരുന്ന പീഠത്തിന്മേൽ ദക്ഷിണാഭിമുഖനായി സ്വാമിതൃപ്പാദങ്ങൾ ഉപവിഷ്ടനായി. ഉത്തരാഭിമുഖനായി ബോധാനന്ദസ്വാമിയും നിലത്തു വല്ക്കലം വിരിച്ചിരുന്നു. സന്ന്യാസികൾ മണ്ഡപത്തിനു കിഴക്കുഭാഗത്തും ബ്രഹ്മചാരികൾ തെക്കും പടിഞ്ഞാറും വശങ്ങളിലും നിന്നിരുന്നു. കർപ്പൂരധൂപം കൊണ്ടുള്ള പൂജ കഴിഞ്ഞതിനു ശേഷം തൃപ്പാദങ്ങൾ ബോധാനന്ദസ്വാമികളെ അഭിഷേകം ചെയ്തു. അഭിഷേകസമയത്തു അസാമാന്യമായ ഒരു തേജഃസ്ഫുരണം തൃപ്പാദങ്ങളുടെമുഖാരവിന്ദത്തിൽഉണ്ടായി. സങ്കീർത്തനങ്ങൾക്കും നാഗസ്വരാഭിവാദ്യവിശേഷങ്ങൾക്കും ശേഷം തൃപ്പാദങ്ങളുടെ ആജ്ഞയനുസരിച്ചു ബോധാനന്ദസ്വാമികൾ എഴുന്നേററു തൃപ്പാദപീഠത്തിനു സമീപം കിഴക്കുവശത്തായിനിലത്തുഇരുന്നു. അനന്തരം സന്ന്യാസിമാർ ഉൾപ്പെടെയുള്ള ശിഷ്യന്മാർക്കെല്ലാം തൃപ്പാദങ്ങൾ കാഷായവസ്ത്രങ്ങൾ പ്രദാനം ചെയ്തു. (കെ. ആർ. ഭാസ്ക്കരൻ എഴുതിയ ബോധാനന്ദസ്വാമികൾ. പേജ് 75) ബോധാനന്ദസ്വാമിയെഅനന്തരാവകാശിയായി അഭിഷേകം ചെയ്തശേഷം ഗുരുദേവൻ 'ഒരു വിൽപത്രം' കൂടി എഴുതിവയ്ക്കുകയുണ്ടായി. വിൽപത്രം ഏതു രീതിയിലായിരുന്നുവെന്നുകൂടി നോക്കാം.

"ആയിരത്തി ഒരുനൂററിഒന്നാമാണ്ടു മേടമാസം 20-നു വർക്കല പകുതിയിൽ വർക്കലദേശത്തു ശിവഗിരിമഠത്തിൽ വിശ്രമിക്കും ശ്രീനാരായണഗുരു എഴുതി വച്ചവിൽപത്രം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നമ്മുടെവകയും നമ്മുടെ സർവ്വസ്വാതന്ത്ര്യത്തിലിരിക്കുന്നതും ആയ ക്ഷേത്രങ്ങൾ, സന്ന്യാസിമഠങ്ങൾ, വിദ്യാലയങ്ങൾ, വ്യവസായശാലകൾ മുതലായ സർവ്വധർമ്മസ്ഥാപനങ്ങളും അവ സംബന്ധിച്ചുള്ള സകലസ്ഥാവരജംഗമ സ്വത്തുക്കളും നമ്മുടെ എല്ലാ ധർമ്മസ്ഥാപനങ്ങളുടെയും തലസ്ഥാനമായ ശിവഗിരിമഠത്തിൽ വച്ച് ഈ ആണ്ടു കന്നിമാസം 11-ന് നമ്മുടെ അനന്തരഗാമിയായി ആഭിഷേകം ചെയ്യപ്പെട്ട ശിഷ്യപ്രധാനി ടി ശിവഗിരിമഠത്തിൽ താമസിക്കുന്ന ബോധിനന്ദനു് നമ്മുടെ കാലശേഷം ലഭിക്കണമെന്നു കരുതി ഈ വിൽപത്രം എഴുതിവയ്ക്കുന്നതാണ്. നമ്മുടെ ജീവിതാവധിവരെ ഈ സ്ഥാപനങ്ങളുടേയും തൽസംബന്ധമായുള്ള സ്വത്തുക്കളുടേയും സർവ്വസ്വാതന്ത്ര്യവും ഭരണവും നമ്മിൽ തന്നെ ഇരിക്കുന്നതും നമ്മുടെ ജീവിതശേഷമല്ലാതെ ഈ കരണം ഊർജ്ജിതത്തിൽവരുന്നതല്ലാത്തതുമാകുന്നു, ഈ കരണത്തെ ഏതാനുമോ മുഴുവനുമോഭേദപ്പെടുത്തേണ്ടതായിവന്നാൽ അപ്രകാരം പ്രവർത്തിക്കുന്നതിന്നു നമുക്കു അധികാരമുണ്ട്. നമ്മുടെ ജീവിതാവധികഴികെ മേല്പറഞ്ഞ ധർമ്മസ്ഥാപനങ്ങളും അതു സംബന്ധമായുള്ള സകലസ്ഥാവരജംഗമസ്വത്തുക്കളും ഇനിനമ്മുടെ വകയായി ഉണ്ടാകുന്ന സർവ്വ സ്വത്തുക്കളും ടി ബോധാനന്ദൻ കൈവശം വച്ചുഭരണംനടത്തിക്കൊള്ളേണ്ടതും, ബോധാനന്ദന്റെ ജീവിതശേഷം ഈ സ്ഥാപനങ്ങളുടെയും സ്വത്തുക്കളുടെയും പിന്തുടർച്ചാവകാശം നമ്മുടെ ശിഷ്യപരമ്പരയായ സന്ന്യാസിമാരുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം അവരിൽ നിന്നു തെരെഞ്ഞെടുക്കുന്ന ഒരു സന്ന്യാസിക്കായിരിക്കുന്നതും, ഇതിൻവണ്ണം ഈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവകാശം ശിഷ്യപരമ്പരയാനിൽക്കുന്നതും ആണ്. ഇങ്ങനെ ഏർപ്പെടുന്ന ഓരോസന്ന്യാസിമാരുടെയും ഭരണംമൂലം ധർമ്മപരമായി സ്ഥാപിച്ചിട്ടുള്ള മേല്പറഞ്ഞ ഓരോ സ്ഥാപനങ്ങളുടേയും പാവനമായ ഉദ്ദേശ്യത്തിനോ, അതിന്റെ സ്ഥായിയായ നിലനില്പിനോയാതൊരു വിഘാതവും ഒരിക്കൽപ്പോലും വന്നുകൂടാത്തതും അഥവാവല്ല വ്യതിയാനവും നേരിടുമെന്നു കാണുന്നപക്ഷം അപ്പോൾ ശരിയായവിധത്തിൽ നിയന്ത്രിക്കുന്നതിനുശേഷിയുള്ള ടി ശിഷ്യ സംഘാംഗങ്ങൾക്കുപൂർണ്ണാവകാശമുള്ളതും ആകുന്നു. (1101-ൽ13-ാം നമ്പരായി രജിസ്റ്റർ ചെയ്തു.)

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 41

അത്ഭുത സിദ്ധികൾ

സാധാരണ മനുഷ്യരിൽ നിന്നും വ്യത്യസ്തമായ ജീവിത രീതിയും സ്വഭാവവുമുള്ളവരാണ് ആത്ഭുതങ്ങൾ കാണിക്കാറുള്ളത്. സാധാരണക്കാരിൽ ചിലർ ചില വിദ്യകൾ കാണിക്കാറുണ്ട്. അതിനു ജാലവിദ്യ, കൺകെട്ട്, ഇന്ദ്രജാലം എന്നെല്ലാം പറയാറുണ്ട്. മനുഷ്യനെ അന്തരീക്ഷത്തിൽ നിർത്തുക, കഴുത്ത് മുറിക്കുക. പിന്നീട് ചേർക്കുക, മണ്ണിനടിയിൽ മണിക്കൂറോളം ഇരിക്കുക അങ്ങനെ പലതും. അതൊന്നും അത്ഭുതസിദ്ധികളായി മനുഷ്യർ പരിഗണിക്കാറില്ല. അവ മന്ത്രം കൊണ്ടും തന്ത്രംകൊണ്ടും ഉള്ള പ്രയോഗങ്ങളാകുന്നു. അതിന് അതിന്റേതായ വില മാത്രമേ ലഭിക്കുകയുള്ളൂ.

മനുഷ്യരായി പിറന്ന ഗുരുക്കന്മാർ അത്ഭുതങ്ങൾ കാണിച്ചിട്ടുണ്ട്. എന്ത് കൊണ്ട് അവർക്കതു സാദ്ധ്യമാകുന്നു എന്നൊരു ചിന്ത നമ്മിൽ ജനിക്കുന്നു. അവർക്കു ജന്മസിദ്ധമായിട്ടുണ്ടായ സിദ്ധി, സാധനയിലൂടെ പരിപോഷിപ്പിച്ചെടുക്കുന്നു. അതുകൊണ്ട് അവർക്ക് അത്ഭുതങ്ങൾ കാണിക്കാനുള്ള പാടവം ലഭിക്കുന്നു. അവരെ സാധാരണജനങ്ങളിൽ നിന്നും വ്യത്യസ്തരായി നാംതന്നെ കാണുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീരാമൻ, ശ്രീകൃഷ്ണൻ, ശ്രീയേശുക്രിസ്തു തുടങ്ങിയ ആദ്ധ്യാത്മിക ഗുരുക്കന്മാർ അത്ഭുതങ്ങൾ കാണിച്ചിട്ടുണ്ട്. വമ്പിച്ച വിഭാഗം ജനത അവ അംഗീകരിച്ചിട്ടുമുണ്ട്.

ശാസ്ത്രം അനുനിമിഷം വളർച്ചയിൽ നിന്ന് വളർച്ചയിലേക്ക് കുതിച്ചു ചാടുകയാണ്. ശാസ്ത്രത്തിന്റെ വികാസത്തോടെ പല കണ്ടുപിടിത്തങ്ങളും നടന്നു-നടക്കുന്നുണ്ട്. ശാസ്ത്രലോകത്ത് ഇനിയും പല അത്ഭുതങ്ങളും ഉണ്ടാകും. ബുദ്ധിയുടെവികാസത്തിന്റെ പരിണാമഫലമാണിത്.

ഋഷിമാരായ ശ്രീനാരായണ ഗുരുദേവനും ശ്രീ ചട്ടമ്പിസ്വാമികളും പല അത്ഭുതങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ട്. എന്നാൽ അത്ഭുതങ്ങൾ പ്രകടിപ്പിക്കാൻ വേണ്ടി അവർ ശ്രമിച്ചില്ല. ചില സന്ദർഭങ്ങളിൽ, ആവശ്യമായി വന്നപ്പോൾ മാത്രം അത്ഭുതങ്ങൾ പ്രദർശിപ്പിച്ചു. ഏകാഗ്രമായ തപസ്സുകൊണ്ട് ആർജ്ജിച്ച ശക്തി മനുഷ്യന്റെ നന്മയ്ക്കുവേണ്ടി പ്രദാനം ചെയ്തു. അക്കൂട്ടത്തിൽ ചില അത്ഭുതങ്ങൾ കാണിക്കുവാൻ അവർ നിർബന്ധിതരായി.

ശ്രീനാരായണ ഗുരുദേവന്റെ അത്ഭുത സിദ്ധികൾ കണ്ടവരിൽ പലരും ഇന്നു ജീവിച്ചിരിപ്പുണ്ട്. അവർ ഭയഭക്തി ബഹുമാനങ്ങളോടുകൂടിയാണ് ആ കഥകൾ പറയുന്നത്.

ഗുരുദേവൻ ബാലനായിരുന്നപ്പോൾ ഒരു സംഭവമുണ്ടായി. ഉഗ്രമായ വേനൽകൊണ്ട് നിലങ്ങൾ വെടിച്ചു കീറി. കിണറുകളിൽ വെള്ളമില്ലാതെ ചെമ്പഴന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രദേശക്കാർ പ്രയാസപ്പെട്ടു. പൊങ്കാലയിട്ടാൽ മഴ പെയ്യുമെന്ന് ഒരു വിശ്വാസം ജനങ്ങളിൽ നില നില്ക്കുന്നു. ഇന്നും വടക്കേ ഇൻഡ്യയിൽ മഴ പെയ്യിക്കുന്ന ദേവനെ പ്രസാദിപ്പിക്കുവാൻ വേണ്ടി യുവതികൾ നഗ്നരായി പാടങ്ങളിൽ നൃത്തം ചെയ്യാറുണ്ട്.

നാണുവിൻെറ മാതാവ് പൊങ്കാലയ്ക്കു വട്ടം കൂട്ടിയപ്പോൾ "ഞാൻ നിവേദിക്കാമെന്ന്" ആ ബാലൻ പറഞ്ഞു നിവേദിക്കുകയും ചെയ്തു. അന്നു രാത്രി ഗംഭീരമായി മഴ പെയ്തതായി പഴമക്കാർ പറഞ്ഞു പോരുന്നുണ്ട്.

അരുവിപ്പുറത്തു ശിവപ്രതിഷ്ഠ നടത്തിയപ്പോൾ ചില അദ്ഭുതങ്ങൾ കണ്ടതായി കുമാരനാശാൻ എഴുതിയ ജീവചരിത്രത്തിലും കാണുന്നുണ്ട്. ഒരേ സമയം രണ്ടും മൂന്നും സ്ഥലത്ത് ഗുരുദേവനെ ദർശിച്ചവരുണ്ട്. ഒടുവിൽ ഗുരുദേവനെ പരീക്ഷിക്കാൻവേണ്ടി മുറിയ്ക്കകത്തു ഇരുത്തി കതകുപൂട്ടി എടുത്തവരുണ്ട്. അവർ കതക് തുറന്നുനോക്കിയപ്പോൾ അദ്ദേഹത്തെ അവിടെങ്ങും കണ്ടില്ല. ഈ അനുഭവം ധാരാളം പേർക്ക് പല സ്ഥലങ്ങളിൽ വച്ചും ഉണ്ടായതായി പറയപ്പെടുന്നു.

ചരിത്ര പ്രസിദ്ധമാണ് കോഴിക്കോട്ട് ശ്രീകണ്ഠേശ്വരം ക്ഷേത്രപ്രതിഷ്ഠ. വിഗ്രഹം പ്രതിഷ്ഠിക്കുവാൻ മൂന്നു നാലു സ്ഥലങ്ങൾ ഭക്ത ജനങ്ങൾ തെരെഞ്ഞെടുത്തു. എന്നാൽ ഏതു സ്ഥലമാണ് എടുക്കേണ്ടതെന്ന തീരുമാനം ഗുരുദേവൻ നടത്തട്ടെ എന്നു ഭക്തജനങ്ങൾ അഭിപ്രായപ്പെട്ടു. "ചുള്ളിക്കാട്, കുന്നും കുളവുമായുള്ളൊരു സ്ഥലമുണ്ടല്ലോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതുമതി'' ഗുരുദേവൻ കല്പിച്ചു. ഗുരുദേവൻ അരുളം ചെയ്തതുപോലെ പ്രവർത്തിച്ചപ്പോൾ പഴയ ഒരു ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ അവിടെനിന്നും ലഭിച്ചു.

രണ്ടു കൊല്ലംകൊണ്ട് ക്ഷേത്രപ്പണി പൂർത്തിയായി. 1910-മേയ് മാസം 12-ാം തീയതി പ്രതിഷ്ഠയ്ക്ക് ദിവസം കുറിച്ചു. ഗുരുദേവൻ അടുത്തുള്ള ഒരു വീട്ടിൽ വിശ്രമിക്കുകയായിരുന്നു. അദ്ദേഹത്തെ സ്വാഗതം ചെയ്യാൻ ആനയുമമ്പാരിയുമായി ക്ഷേത്ര ഭാരവാഹികൾ ചെന്നു. എന്നാൽ ഗുരുദേവനെ അവിടെങ്ങും കാണാൻ കഴിഞ്ഞില്ല. ഭാരവാഹികളും ഭക്തജനങ്ങളും വിഷണ്ണരായി നില്ക്കുമ്പോൾ പ്രതിഷ്ഠ കഴിഞ്ഞു ഗുരുദേവൻ പുറത്തുവന്നു. ''എല്ലാം ഭംഗിയായി'' എന്നു കല്പിച്ചപ്പോഴാണ് ഭക്തജനങ്ങൾ കാര്യം മനസ്സിലാക്കിയത്. അവരിൽ അത്ഭുതവും ആനന്ദവും ഒന്നിച്ചുളവാക്കി.

തൃശ്ശൂരിനടുത്ത് ഒരു അമ്പലകുളത്തിൽ ഇറങ്ങി ഗുരു സ്നാനം ചെയ്തു. നമ്പൂതിരിമാർ അശുദ്ധം പ്രഖ്യാപിച്ചു. ''ഇനി കുളം ഇറച്ചു വററിച്ചാലേ ഉപയോഗിക്കാൻ നിവൃത്തിയുള്ളൂ. ചണ്ഡാലനായ സന്ന്യാസി സ്നാനം ചെയ്തു'' നമ്പൂതിരിമാരുടെ അഭിപ്രായം കേട്ടമാത്രയിൽ ഗുരുദേവൻ കുളത്തിലിറങ്ങി ഒരു മൊന്തനിറച്ചു വെള്ളം കോരി-ആ കുളം ഉണങ്ങി വരണ്ടതുപോലെയായി. നമ്പൂതിരിമാർക്ക് അത്ഭുതമുണ്ടായി.

മനുഷ്യന്റെ ആഗ്രഹം ഒരിക്കലും കുറയുകയില്ലല്ലോ. ഉള്ളിൽ ഊറിവരുന്ന ആഗ്രഹങ്ങൾ പ്രയോഗ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിൽ വരുത്തുവാൻ ശ്രമിക്കാറുമുണ്ട്. ആഗ്രഹവും അത്യാഗ്രഹവും അതിൽ അടങ്ങിയിരിക്കാം. മദ്രാസ് സിററിയിലെ ഒരു ധനാഢ്യനായ കൺട്രാക്ടർ റാവു സാഹിബ്ജി ധർമ്മലിംഗത്തിൻെറ കഥ പ്രസിദ്ധമാണ്. അദ്ദേഹത്തിന് സന്താനമായി ഒരു പുത്രി മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു പുത്രൻ വേണം. ഇന്ത്യയിലുള്ള പ്രധാനപ്പെട്ട ക്ഷേത്രങ്ങളെല്ലാം സന്ദർശിച്ചു. ഭജനമിരുന്നു. വഴിപാടു നടത്തി. ഫലം നിരാശമാത്രം. കൺട്രാക്ടർ ധർമ്മലിംഗവും ഭാര്യയും കൂടി കാഞ്ചീപുരത്തുചെന്നു. ഗോവിന്ദാനന്ദസ്വാമികളെ കണ്ടു സങ്കടമുണർത്തിച്ചു.

"എനിക്ക് അനുഗ്രഹം നല്കാനുള്ള ശക്തിയില്ല. "ശിവഗിരിയിൽ പോയി എൻെറ ഗുരുദേവനെ കാണാം. അദ്ദേഹം അനുഗ്രഹിക്കും" ഗോവിന്ദാനന്ദ സ്വാമികൾ അഭിപ്രായപ്പെട്ടു.

ഒട്ടും താമസിച്ചില്ല. ദുഃഖാർത്തരായ ഭാര്യയും ഭർത്താവും ശിവഗിരിയിൽ എത്തി. ഗുരുദേവൻെറ മുമ്പിൽ പഴവർഗ്ഗങ്ങൾ കൊണ്ടുവച്ചു. സാഷ്ടാംഗ പ്രണാമമർപ്പിച്ചു. "നമുക്കു കുഞ്ഞിനെസൃഷ്ടിക്കുന്ന പണിയൊന്നും അറിഞ്ഞുകൂടല്ലോ". എന്ന ഫലിതരൂപത്തിൽ ഗുരു മറുപടി പറഞ്ഞു. അവർ കാഴ്ച വച്ച മാമ്പഴത്തിൽ നിന്നും ഒരെണ്ണം എടുത്ത് ആ സ്ത്രീക്കു കൊടുത്തു. സന്തോഷസമേതം അവർ മാമ്പഴംവാങ്ങി. പിറേറവർഷം ഒരു ആൺകുഞ്ഞുമായി അവർ ശിവഗിരിയിൽ ചെന്നു ഗുരുദേവനെ വണങ്ങി. ശിവഗിരിയിലേക്കു വേണ്ടുന്ന സാമ്പത്തിക സഹായം ചെയ്യാൻ ധർമ്മലിംഗം മുതലിയാർ തയ്യാറായിരുന്നു. ഗുരുദേവൻ ഒന്നും ആവശ്യപ്പെട്ടില്ലാ എന്നതാണ് സത്യം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത് എഴുതുന്ന ആളിന്റെ അപ്പുപ്പൻ താമസിച്ചിരുന്നത് ആനത്തലവട്ടം എന്ന പ്രദേശത്താണ്. നാരായണൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. കടയ്ക്കാവൂരിനും ചിറയിൻകീഴിനും മദ്ധ്യേയുള്ള ഒരു ഉപദ്വീപാണ് ആനത്തലവട്ടം. അവിടെ 'ആനാട്" എന്ന ഗൃഹത്തിലാണ് അപ്പുപ്പൻ പാർത്തുവന്നത്. സംസ്കൃത പണ്ഡിതനായിരുന്നതിനു പുറമേ തമിഴ് സാഹിത്യത്തിൽ അഗാധമായ അറിവും അദ്ദേഹം നേടിയിരുന്നു. അദ്ധ്യാപകനും കൂടിയായിരുന്ന അപ്പുപ്പൻ ഒരു യഥാർത്ഥ ഗുരുദേവ ഭക്തനായിരുന്നു. അപ്പുപ്പൻ വാത്സല്യ പൂർവം നട്ടുവളർത്തിയ ഒരു വാഴ കുലച്ചു. അന്നു അദ്ദേഹം കുടുംബാംഗങ്ങളോട് പറഞ്ഞു. "ഗുരുദേവൻ വന്നതിനുശേഷമേ ഈ കുല മുറിക്കൂ" വാഴക്കുലവിളഞ്ഞു പാകമാകാൻ തുടങ്ങിയതോടെ അതിനെ പൊതിഞ്ഞു ഭദ്രമാക്കി കെട്ടി നിർത്തയിരുന്നു. ഒരുസുപ്രഭാതത്തിൻ ഗുരുദേവൻ ആനാട്ടു വീട്ടിലേക്കു എഴുന്നെള്ളി. കൂടെ ശിഷ്യഗണങ്ങളും. "നാരായണൻ വാഴക്കുല മുറിച്ചില്ലേ?" ഗുരുദേവൻ ചോദിച്ചു "ഇല്ല". "തൃപ്പാദങ്ങൾ വന്നിട്ടേ മുറിക്കാവൂ എന്നാണ് എന്റെ ആഗ്രഹം".

"കുല മുറിച്ചുകൊണ്ടുവരൂ അടിയിലത്തെ പടല മുഴുവൻ എലി കടിച്ചിട്ടുണ്ട്". ഭക്തിയോടും ആദരവോടും കൂടിചെന്നു അപ്പുപ്പൻ കുലമുറിച്ചു. തൃപ്പാദങ്ങളുടെ മുന്നിൽ കൊണ്ടുവച്ചു. പൊതിഞ്ഞിരുന്ന കരിയില എടുത്തുമാററി. അടിയിലത്തെ പടല മുഴുവൻ എലി ആഹാരമായി ഉപയോഗിച്ചിരിക്കുന്നു. അവിടെ കൂടിനിന്നവർക്കെല്ലാം അത്ഭുതമുളവായി. ബാക്കിയുള്ള പഴങ്ങൾ ഇറുത്തു ഗുരുദേവൻ അവിടെയു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ടായിരുന്ന ആളുകൾക്ക് കൊടുക്കുകയും ചെയ്തു. ഗ്രന്ഥകാരൻെറ മാതാവ് (ഗൗരിയമ്മ) ഇപ്പോഴും ഈ സംഭവത്തെക്കുറിച്ചു ഭക്തിയോടെ പറയാറുണ്ട്. അന്നു ഗ്രന്ഥകാരൻെറ മാതാവിനു പതിനാലു വയസ്സു പ്രായമുണ്ടായിരുന്നു.

ഗുരുദേവൻെറ പ്രവചനങ്ങൾ യാഥാർത്ഥ്യങ്ങളായി പരിണമിച്ചിട്ടുണ്ട്. അതിനു ധാരാളം തെളിവുകൾ നൽകുവാൻ കഴിയും. എൻ. ആർ. കൃഷ്ണൻവക്കീൽ അവർകളുടെ ''അയിത്തോച്ചാടനം അഥവാ ക്ഷേത്രപ്രവേശനം'' എന്ന ഗ്രന്ഥത്തിൽ 53 മുതൽ 54 വരെയുള്ള പേജുകളിൽ വിവരിച്ച സംഭവം ഇവിടെ കുറിക്കട്ടെ.

''പതിവിന് വിപരീതമായി ജാതി ലക്ഷ്യത്തെപ്പററി ഒരുമണിക്കൂറോളം സ്വാമി സംഭാഷണം നടത്തി. ഒടുവിൽ അല്പനേരം ചിന്താമഗ്നനായിരുന്നിട്ട് ഇങ്ങനെ കല്പിക്കുകയുണ്ടായി, നമ്മുടെരാജ കുടുംബത്തിൽ അസാധാരണ ചൈതന്യ മഹിമകളോടുകൂടിയ ഒരു രാജകുമാരൻെറ അവതരണത്തിനുള്ള കാലം ആസന്നമായിട്ടുണ്ട്. ആ രാജകുമാരൻെറ പ്രായം പരിഗണിക്കേണ്ടതില്ല. ഭരണാധികാരിയായാലുടൻ ജാതി ജന്യമായ ദു:സ്ഥിതികൾക്കു പരിഹാരമുണ്ടാക്കും''. വീണ്ടും സ്വാമികൾ ഇങ്ങനെ കൂട്ടിച്ചേർത്തു. ''അസാധാരണ ജന്മമാണ്, ഞങ്ങളെ നോക്കിക്കൊണ്ട്:- രാജകുമാരൻ പരിപൂർണ്ണ യൗവ്വനദശയെ പ്രാപിക്കുന്നതുവരെ ഈ സംഭാഷണം പുറത്തു വിടരുത്'' എന്ന് ആജ്ഞാപിക്കുകയുണ്ടായി. ഒട്ടേറെ വർഷങ്ങൾക്കു മുമ്പുണ്ടായ സ്വാമികളുടെദീർഘദർശനം യാഥാർത്ഥ്യമായി കണ്ടപ്പോൾ ഞാൻ പരിപൂർണ്ണ തൃപ്തനായി''. ഒന്നാലോചിച്ചാൽ ഇതിൽ അത്ഭുതപ്പെടാനില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"വലിയ മഹർഷികരം ചൊന്നാൽ ഫലമാവാക്കിന്റെ പിന്നിലോടി വരും" എന്നാണല്ലോ പ്രമാണം.

പരേതനായ അവനവഞ്ചേരി വേലുവൈദ്യന്റെ മകൻ കൃഷ്ണൻവൈദ്യനും മരുമകൻ ഗംഗാധരൻ വൈദ്യനും ഗ്രന്ഥകാരന് വിവരിച്ചുതന്ന കാര്യം കൂടി ഇവിടെ എഴുതട്ടെ.

"ഗുരുദേവൻ പലപ്പോഴും ഞങ്ങളുടെ വീട് സന്ദർശിക്കുകയും അവിടെ വിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ദിവസം ഗുരു വിശ്രമിച്ചുകൊണ്ടിരുന്നപ്പോരം ഒരു ബ്രാഹ്മണയുവാവും ഭാര്യയും അവിടെ വന്നു. ബ്രാഹ്മണ യുവതി അകലെ മാറിനിന്നു. യുവാവു പഴവും പഞ്ചസാരയും കൊണ്ടുവച്ചു നമസ്കരിച്ചു. അകലെ മാറിനിന്ന യുവതിയെ കണ്ടിട്ട് "എന്താ തുടക്കാണോ"? ഗുരുദേവൻ ചോദിച്ചു. സ്ത്രീസഹജമായ സുഖക്കേടു കൂടുതലാണെന്നും യുവാവു പറഞ്ഞു. "ചെമ്പരത്തിപ്പൂവ് അരച്ചു കൊടുക്കുവാൻ കല്പിച്ചു. . മററൊരു പ്രധാന കാര്യം ആ ദമ്പതികരംക്ക് ഉണർത്തിക്കാനുണ്ടായിരുന്നു. അതു പറയുവാൻ അവരുടെ അന്തഃകരണം അനുവദിച്ചില്ല. എന്നാൽ ആ ദമ്പതികരം യാത്രയാകാൻ സമയത്തു ഗുരുദേവൻ ഇങ്ങനെ പറഞ്ഞു.

"അടുത്തകൊല്ലം ഈ സമയം നാം ഉണ്ടായിരിക്കും ഒരു ആൺകുഞ്ഞിനേയും കൊണ്ടുവരണം". യഥാർത്ഥത്തിൽ സന്താനലബ്ധിക്കു പ്രസാദം വാങ്ങാനാണ് ആ ദമ്പതിമാർ അവിടെ ചെന്നതെങ്കിലും അക്കാര്യം വെളിപ്പെടുത്തുവാൻ അവർ അശക്തരായിരുന്നു. അടുത്ത വർഷം പുത്രനുമായിതന്നെ അവർ പോയി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുദേവനെ കണ്ടു. വണങ്ങി.

മററുള്ളവരുടെ വികാരങ്ങളേയും വിചാരങ്ങളേയും മുൻകൂട്ടി മനസ്സിലാക്കാനും അതിനു യോജിച്ച ഔഷധം നല്കാനും ഗുരുദേവനുണ്ടായിരുന്ന ശക്തി അപാരമാണ്.

തമിഴ് നാട്ടിലെ കാഞ്ചീപുരം. ആ സ്ഥലത്തു ഗുരുദേവൻ പലപ്പോഴും പോയിട്ടുണ്ട്. അവിടെ വിശ്രമിച്ചിട്ടുണ്ട്. കാഞ്ചീപുരം തെരുവുകളിലൂടെ ഗുരുദേവൻ പോകുന്ന അവസരങ്ങളിലെല്ലാം അവിടത്തെ നിവാസികൾ വിളക്കു കൊളുത്തിവച്ചു സ്വീകരിക്കുമായിരുന്നു. ഏതെങ്കിലും ഭവനത്തിൽ നോക്കാതെ പോയാൽ അന്നു ആ വീട്ടിലുള്ളവർ പട്ടിണികിടക്കും. അത്രയ്ക്കു വിശ്വാസം തമിഴ് ജനത ഗുരുദേവനിൽ അർപ്പിച്ചിരുന്നു. ഈ കഥ ഗ്രന്ഥകാരനു വിവരിച്ചു തന്നതു സംഗീത സമ്രാട്ടായ കായിക്കര കരുണാകരൻ ഭാഗവതരാകുന്നു.

പ്രസിദ്ധ സാഹിത്യകാരനായ ശ്രീ. എം. ആർ. വേലുപ്പിള്ള ശാസ്ത്രിയുടെ ഭാര്യാ പിതാവ് ചിറയിൻകീഴ് കാട്ടുകുളങ്ങര പരമേശ്വരൻപിള്ളയ്ക്കു മാനസിക രോഗം ഉണ്ടായി. വിരലുകൾ മടക്കിക്കൊണ്ടിരിക്കും. ഊണില്ല, ഉറക്കമില്ല, കുളിയില്ല പ്രസിദ്ധന്മാരായ ജ്യോത്സ്യന്മാരുടെ അഭിപ്രായ പ്രകാരം പണ്ഡിതന്മാരായ മന്ത്രവാദികളെ വരുത്തി. അവർ പഠിച്ച പണി പതിനെട്ടും നോക്കി. ഒരു ഫലവുമില്ല. ആരുമറിയാതെ മന്ത്രവാദികൾ സ്ഥലം വിട്ടു. ഒടുവിൽ പരമേശ്വരൻപിള്ളയുടെ അനുജൻ കാട്ടുകുളങ്ങര കൃഷ്ണപിള്ള ഗുരുദേവനെ അഭയം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രാപിച്ചു. സങ്കടമുണർത്തിച്ചു. ഗുരുദേവൻ ചിറയിൻകീഴ് വലിയകടയ്ക്ക് സമീപമുള്ള കളിയിൽപ്പുര വീട്ടിലേക്കു ചെന്നു. അത്ഭുതമെന്നു പറയാതിരിക്കുവാൻ തരമില്ല. പരമേശ്വരൻപിള്ളയുടെ മാനസിക രോഗത്തിന് ശമനമുണ്ടായി. പോകാൻ സമയത്തു ശ്രീ മുരുകന്റെ ഒരു ചിത്രം ഗുരുദേവൻ പിള്ളയ്ക്കു നല്കി. ആ ചിത്രം ഗുരുദേവൻ കൊണ്ടു വന്നതല്ല. എങ്ങുനിന്നും വാങ്ങിയതുമല്ല. പിന്നെ എങ്ങനെ അതു സംഭവിച്ചുവെന്ന് ഇന്നും ആ ഗൃഹത്തിലുള്ളവർക്ക് അജ്ഞാതമാണ്. ആ ചിത്രം ഇന്നും കേടുപാടുകൂടാതെ കളിയിൽപ്പുരയിൽ സൂക്ഷിച്ചു വരുന്നുണ്ട്.

ഈ കഥ ഗ്രന്ഥകാരനു വിവരിച്ചുതന്നത് പരമേശ്വരൻപിള്ളയുടെ മക്കളായ സീതമ്മയും പത്മനാഭപിള്ളയുമാണ്.

നടരാജൻ മാസ്ററർ (നടരാജഗുരു) ഒരിക്കൽ ശ്രീനാരായണ ഗുരുദേവനെ സമീപിച്ചു ഗുരുദേവന്റെ ജീവചരിത്രം എഴുതാൻ ആഗ്രഹമുണ്ടെന്ന് അറിയിച്ചു. ഉടനെ ഗുരു തിരിച്ചുചോദിച്ചു. ''ആളുകൾ വിശ്വസിക്കുമോ?'' വയററുകീറി കാണിച്ചാലും വാഴനാരാണെന്നു പറയുന്നവരുണ്ട്. ജനതയുടെ സ്വഭാവരീതി ഗുരു മനസ്സിലാക്കിയിരുന്നതുകൊണ്ടായിരിക്കാം അങ്ങനെ ഒരു ചോദ്യം തിരിച്ചു ചോദിച്ചത്.

മനുഷ്യനിൽ ചില ശക്തിവിശേഷങ്ങൾ ഉണ്ട്. ആ ശക്തി വിശേഷങ്ങൾ എന്തെല്ലാമാണെന്ന് ഗുരുദേവൻ കുണ്ഡലിനിപ്പാട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. അത് വികസിപ്പിച്ചെടുക്കുന്ന മനുഷ്യർക്കു മാത്രമേ അത്ഭുത സിദ്ധികൾ കാണിക്കാൻ കഴിയൂ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പലർക്കും പല പച്ചിലമരുന്നുകൾ കൊടുത്തു ഗുരുദേവൻ അവരുടെ രോഗം തീർത്തിട്ടുണ്ട്. പണക്കാരനായ ഇസ്മായിൽ എന്ന വ്യക്തിക്കു കഠിനമായ വയറുവേദനയുണ്ടായി. തിരുവിതാംകൂറിലെ പ്രശസ്തന്മാരായ എല്ലാ ഭിഷഗ്വരന്മാരെയും സമീപിച്ചു. ഒരു ഫലവുമുണ്ടായില്ല, ഒടുവിൽ ഇസ്മായിൽ ഗുരുദേവനെ സന്ദർശിച്ചു സങ്കടമുണർത്തിച്ചു. "ചെറുപയർ സൂപ്പാക്കി കുടിക്കൂ" ഗുരുദേവൻ അരുൾ ചെയ്തു. രണ്ടു പ്രാവശ്യം മാത്രമേ ആ രോഗി ഈ ഔഷധം ഉപയോഗിച്ചുള്ളൂ. അതിനുശേഷം അയാൾക്കു ആ രോഗം ഉണ്ടായിട്ടില്ലായെന്നു സഹൃദയനായ ചിറയിൻകീഴ് രാഘവൻ ബി. ഏ. ഗ്രന്ഥകാരനോടു പറഞ്ഞു. ഇപ്പോൾ തൊണ്ണൂറു വയസ്സിനോടു അടുത്ത രാഘവൻ ബി. ഏ. ക്കു ഗുരുദേവൻെറ അത്ഭുത സിദ്ധിയെക്കുറിച്ചു ധാരാളം കഥകൾ പറയാനുണ്ട്.

ചാത്തനേറും ഭൂതപ്രേത ബാധകളും മന്ത്രം കൂടാതെ ഗുരുദേവൻ ഒഴിച്ചുവിട്ടതായി അനേകം കഥകൾ കേട്ടിട്ടുണ്ട്. ധനാഢ്യനായ ഒരു പെരേര അഞ്ചുതെങ്ങിൽ പാർത്തു വരികയായിരുന്നു. (1921) പെരേരയുടെ വീട്ടിൽ ചാത്തനേറു മുടങ്ങാതെ നടന്നു. ഭയംകൊണ്ടു വിറച്ച പെരേര ഒരു സ്നേഹിതനേയും കൂട്ടി ശ്രീനാരായണ ഗുരുദേവനെ ചെന്നു കണ്ടു. പെരേര നടന്ന സംഭവത്തെക്കുറിച്ചു സവിസ്തരം പറഞ്ഞു. കുട്ടിച്ചാത്തനാണു ഈ ഉപദ്രവം ചെയ്യുന്നതെന്നു പെരേര ഉറപ്പിച്ചു പറഞ്ഞു. പെരേരയുടെ സങ്കടം കണ്ടിട്ട് ഗുരുദേവൻ ഒരു കത്തു കൊടുത്തു.

"ശ്രീ. കുട്ടിച്ചാത്തനറിവാൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ കത്തു കൊണ്ടുവരുന്ന പെരേരയുടെ വീട്ടിൽ മേലാൽ യാതൊരുപദ്രവവും ചെയ്യരുത്.

എന്നു്, നാരായണഗുരു''.

ഈ കത്ത് കൊണ്ടുചെന്ന് വായിച്ചതിനു ശേഷം ചാത്തനേറ് പെരേരയുടെ വീട്ടിൽ ഉണ്ടായിട്ടില്ല. പെരേര കുടുംബത്തിലെ ചില അംഗങ്ങൾ ഈ കഥ ഇന്നും ഭക്തിപൂർവ്വം പറയാറുണ്ട്.

ജലധാര ഭൂമിയുടെ അടിയിൽഏതു ഭാഗത്തുകൂടിയാണു പോകുന്നതെന്നു ഗുരു മനസ്സിലാക്കിയിരുന്നു. അഞ്ചുതെങ്ങിൽ പുത്തൻക്ഷേത്രത്തിനു നാലു വശവും ഉപ്പു വെള്ളം കെട്ടി ക്കി ട ക്കു ന്ന സ്ഥലമാണ്. ക്ഷേത്ര ഉപയോഗത്തിനായി ഒരു കിണറു കുഴിക്കണം. ക്ഷേത്രപരിസരത്തു കുഴിച്ചാൽ ഉപ്പിൻെറ അംശം കലരാത്ത ജലം ലഭിക്കുവാനിടയില്ല. ക്ഷേത്ര ഭാരവാഹികൾ ദുഃഖിച്ചു. ഈ വിവരം ഗുരുദേവനെ അറിയിച്ചു. ഗുരു സ്ഥലത്തുചെന്നു. ഗുരുവിൻെറ കല്പനപ്രകാരം ഒരു കിണറു ക്ഷേത്രത്തിനു സമീപം കുഴിച്ചു. അത്ഭുതമെന്നു പറയട്ടേ, ആ കിണററിലെ വെള്ളത്തിൽ ഉപ്പുരസമില്ല.

കായിക്കരയിലും കപാലീശ്വരത്തും ഗുരുദേവകല്പനയനുസരിച്ചു രണ്ടു കിണറുകൾ കുഴിപ്പിച്ചു. അഞ്ചുതെങ്ങിലെ അവസ്ഥയാണ് അവിടേയും ഉള്ളത് പക്ഷെ, ഈ കിണറുകളിലെ വെള്ളത്തിലും ഉപ്പുരസം കലർന്നിട്ടില്ലാ എന്നതു ഒരു വസ്തുതയാണ്.

തൃപ്പാദങ്ങൾ ചിറയിൻകീഴ് സഭവിളയിൽ വിശ്രമിക്കുന്ന സന്ദർഭങ്ങളിൽ ധാരാളം രോഗികൾ ഗുരുദേവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നെ ചെന്നുകണ്ടു. ഗുരുദേവനെ നേരിൽ കാണാനും സങ്കടമുണർത്തിക്കാനുമായി ഒരു സാധു സ്ത്രീ അവിടെ ചെന്നു. ചിറയിൻകീഴ് അടനിലശ്ശേരി വീട്ടിലെ ഒരംഗമായിരുന്നു അവർ. സഭവിളയിലെ പ്രധാനികൾ സ്വാമിദർശനത്തിനു അവരെ അനുവദിച്ചില്ല. കാരണം ആ സ്ത്രീയുടെ അവയവങ്ങൾ പഴുത്തു അടർന്നുവീണുകൊണ്ടിരുന്നു. വ്രണങ്ങളിൽ നിന്നും ദുർഗന്ധം വമിച്ചിരുന്നു. ആ തള്ളയുടെ രൂപം വികൃതമായിരുന്നു. അവരെ സഭവിളയിലെ നേതാക്കന്മാർ ആട്ടിഓടിച്ചെങ്കിലും ഗുരുദേവൻ അവരെ ചെന്നുകണ്ടു. ആങ്കോലത്തിൻെറ തൊലി അരച്ചു കഷായമാക്കി കഴിക്കുവാൻ ഉപദേശിച്ചു. ഗുരുദേവ കല്പനയനുസരിച്ചു ആ മരുന്ന് കഴിച്ചു. അതിനുശേഷം ആ തള്ളയ്ക്കു സുഖക്കേടു ഭേദമായി. തൊണ്ണൂറാമത്തെ വയസ്സിലാണു അവർ മരിച്ചത്.

ഗുരുദേവൻെറ അത്ഭുത സിദ്ധികളെക്കുറിച്ചു ആയിരമായിരം പേജുകൾ എഴുതാനുണ്ട്. സ്ഥലപരിമിതി മൂലം ചുരുക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 42

ഗുരുദേവന്റെ ഫലിതങ്ങൾ

ഫലിതം മനുഷ്യനു പൊട്ടിച്ചിരിക്കാനും ചിന്തിക്കാനും വക നൽകുന്നതാണ്; ആലോചനാമൃതമാണ്. ചിന്തിക്കുന്തോറും രസം ഊറി ഊറി വരുന്നതാണ് ഫലിതോക്തികൾ. സാരസ്യസമ്പൂർണ്ണമായ ഫലിതബിന്ദുക്കൾ കേട്ടാൽ ഏതു ഗൗരവസ്വഭാവത്തോടുകൂടിയവനും ചിരിച്ചു മണ്ണുകപ്പും.

ഗുരുദേവൻ പലപ്പോഴും ഫലിതം പൊട്ടിച്ചിട്ടുണ്ട്. അവ, സന്ദർഭത്തിനു യോജിച്ചതും ചിന്താബന്ധുരവുമായിരിക്കും. അരുവിപ്പുറത്തു ശിവപ്രതിഷ്ഠ കഴിഞ്ഞപ്പോൾ ഒരു നമ്പൂതിരി ചോദിച്ചു. നിങ്ങൾക്കു പ്രതിഷ്ഠ നടത്താമോ? "നാം നമ്മുടെ ശിവനെയാണ് പ്രതിഷ്ഠിച്ചത്". എന്ന മറുപടി കുറിക്കു കൊണ്ടു. അടുത്ത ചോദ്യം. പ്രതിഷ്ഠക്കുള്ള സമയമാണോ? "മുഹൂർത്തം നോക്കിയല്ലല്ലോ പ്രസവിക്കുന്നത്" ഈ മറുപടി ഫലിതം നിറഞ്ഞതാണ്; അർത്ഥവത്താണ്. അന്നുവരെ നിലവിലിരുന്ന സകല സാമൂഹിക പ്രശ്നങ്ങൾക്കും മാററം വരുത്തണം എന്ന ഉദ്ദേശ്യത്തോടുകൂടിയാണു പ്രതിഷ്ഠ നടത്തിയത്. ധനാഢ്യനായ ഒരു ഈഴവഗൃഹസ്ഥന്റെ ഭവനം ഗുരുദേവൻ സന്ദർശിക്കുകയുണ്ടായി. വിശേഷരീതിയിൽ പണി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കഴിപ്പിച്ച ഒരു കട്ടിൽ അവിടെ ഉണ്ടായിരുന്നു. ഗ്രഹസ്ഥൻ ആ കട്ടിലിൻെറ തടിയെക്കുറിച്ചും അതിൻെറ പണിയെക്കുറിച്ചും പ്രശംസിച്ചു പറഞ്ഞു. കട്ടിലിൽ തലവെയ്ക്കുന്ന ഭാഗം പീലാന്തിയും കാൽവെയ്ക്കുന്ന ഭാഗം തെങ്ങുമാണെന്ന് പറഞ്ഞു. ഉടൻതന്നെ ഗുരുദേവൻ ചോദിച്ചു "ഉറക്കത്തിലും കാലു തെങ്ങിൽ തന്നെയോ" ? ഗുരുവിൻെറ ചോദ്യത്തിൻെറ പൊരുൾ മനസ്സിലാക്കിയ ഗൃഹസ്ഥൻ തനിക്കു പററിയ അമളിയെക്കുറിച്ചു ചിന്തിച്ചു. ഈ ഫലിതം കേട്ടു അവിടെ കൂടിനിന്നവരെല്ലാം പൊട്ടിച്ചിരിച്ചു.

നിയമബിരുദധാരിയായ ഒരു വ്യക്തി ഗുരുദേവനെ ശിവഗിരിയിൽ ചെന്നു സന്ദർശിച്ചു. ഭക്തിയോടെ കൈകൂപ്പി ഗുരുദേവ സന്നിധിയിൽ നിന്നിട്ടു പറഞ്ഞു. "നിയമപരീക്ഷ പാസ്സായി. സന്നതു എടുക്കാനുള്ള അനുവാദം ഉണ്ടാകണം" ഉടൻ തന്നെ ഗുരുദേവൻ ചോദിച്ചു. വക്കീലായാൽ കള്ളം പറയാമല്ലോ ? യഥാർത്ഥത്തിൽ സന്നതു എടുത്തശേഷമാണു ഗുരുദേവൻെറ അനുവാദത്തിനും അനുഗ്രഹത്തിനും വേണ്ടി ആ യുവ അഭിഭാഷകൻ ശിവഗിരിയിൽ ചെന്നത്. അവിടെയുണ്ടായിരുന്ന മററു വിശിഷ്ട വ്യക്തികൾ ഈ കഥകേട്ടു പൊട്ടിച്ചിരിച്ചു.

ലോകം ചലനാത്മകമാണല്ലോ. മാററങ്ങൾ തുടർന്നുകൊണ്ടേയിരിക്കും. പുതിയ പുതിയ ജീവിതശൈലികൾ ജനങ്ങൾ സ്വീകരിക്കും. ജീവിത രീതിയിലും വസ്ത്രധാരണത്തിലും മാററം വരുത്തും. യുവാക്കന്മാർ എപ്പോഴും പുതിയ കാര്യങ്ങൾക്കു പ്രാധാന്യം നൽകുന്ന പതിവുണ്ടല്ലോ. സ്വന്തമായി ഷേവുചെയ്യാൻ യുവാക്കന്മാർ സന്നദ്ധരായി. യാഥാസ്ഥി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തികരായ ആളുകൾ അതു തെററായ നടപടിയാണെന്നു വ്യാഖ്യാനിച്ചു. പ്രശ്നം ഗുരുദേവൻെറ അടുക്കൽ എത്തി. ഗുരുദേവൻ ഉടൻതന്നെ അടുത്തുനിന്ന യാഥാസ്ഥിതിക പ്രമാണിയോടു ചോദിച്ചു. "സ്വന്തമായല്ലേ ശൗചം ചെയ്യുന്നത്". കൂടിനിന്നവർ എല്ലാം പൊട്ടിച്ചിരിച്ചു.

ഒരിക്കൽ ഗുരുദേവൻ തീവണ്ടിയിൽ യാത്രചെയ്യുകയായിരുന്നു. അദ്ദേഹം ഇരുന്ന സീററിനു അഭിമുഖമായി ഒരു നമ്പൂതിരി ഇരുന്നിരുന്നു. വണ്ടി നീങ്ങി കഴിഞ്ഞപ്പോൾ കുശലാന്വേഷണമെന്നമട്ടിൽ നമ്പൂതിരി ചോദിച്ചു. താങ്കളുടെ ജാതി ഏതാണ് ? "കണ്ടാലറിഞ്ഞുകൂടാ എങ്കിൽ പറഞ്ഞാലെങ്ങനെ മനസ്സിലാകും ?" എന്നു ഗുരുദേവൻ മറുപടി പറഞ്ഞു.

ഈ ഫലിതം ആ കംപാർട്ടുമെൻറിൽ യാത്ര ചെയ്തിരുന്നവരുടെയിടയിൽ കൂട്ടച്ചിരി ഉയർത്തി. ഒരു പട്ടിക്കു മറെറാരു പട്ടിയെ കണ്ടാലറിയാം. ഒരു മനുഷ്യനു മറെറാരു മനുഷ്യനെ കണ്ടാലറിഞ്ഞുകൂടാ.

കൊല്ലത്തെ ഹെഡ്മാസ്ററർ പരമു പിള്ള സാറിൻെറ വീട്ടിലേക്ക് എഴുന്നെള്ളാൻ തുടങ്ങിയപ്പോൾ ഒരുകൂട്ടം ആളുകൾ അദ്ദേഹത്തെ അനുഗമിച്ചു. അവരിൽപ്രധാനി കരുവാകൃഷ്ണനാശാനായിരുന്നു. കേശവൻ എന്ന അദ്ധ്യാപകൻ മാത്രം വന്നാൽ മതിയെന്നു ഗുരു അരുൾ ചെയ്തു. എന്നിട്ടും കൂട്ടം അനുധാവനം ചെയ്യുന്നതുകണ്ടു. സംഘം അടുത്തുവന്നപ്പോൾ ഗുരുദേവൻ ചോദിച്ചു "കൃഷ്ണനാശാനേ, നിങ്ങൾക്കു സംസ്കൃതമേ അറിഞ്ഞുകൂടൂ. ഇല്ലേ ! മലയാളം അറിയുകയില്ലല്ലോ ? പിന്നീട് ആരും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുന്നോട്ടുപോകാൻ ശ്രമിച്ചില്ല. കരുവായ്ക്കും കൂട്ടർക്കും ക്ഷീണം സംഭവിച്ചെന്നു ഓർക്കാതെ ഗുരുദേവ ഫലിതം കേട്ടു അവരും പൊട്ടിച്ചിരിച്ചു.

സന്യാസിസംഘം ഒരിക്കൽ നിർബ്ബന്ധം പിടിച്ചു. നിർബ്ബന്ധം മറെറാന്നുമല്ല, ഗുരുദേവൻ സ്ഥലത്തുള്ളപ്പോൾ സന്ന്യാസിമാരോടൊത്തു ഊണുകഴിക്കണം. ഈ അഭിപ്രായം അറിഞ്ഞ അവസരം മുതൽ ഗുരുദേവൻ അവരോടൊത്തിരുന്ന് ഊണുകഴിച്ചു. ദിവസങ്ങൾ പലതുകടന്നു പോയി. ഒരു ദിവസം ഊണു സമയത്തിന് മുമ്പ് ഗുരുദേവൻ പറമ്പിൽ നടക്കാൻ പോയി. ഊണു സമയമായി. സന്ന്യാസിമാർ കാത്തിരുന്നു. കണ്ടില്ല. അവർഊണു കഴിച്ചു. ഗുരുദേവൻ വന്നു. അവർ ഊണുകഴിച്ച വിവരം ഉണർത്തിച്ചു. "അതു കൊള്ളാമല്ലോ ഗുരുവിനെ പരീക്ഷിച്ചാൽ ഗുരുവും പരീക്ഷിക്കും" എന്നു മാത്രം ഗുരുദേവൻ പുഞ്ചിരിച്ചുകൊണ്ടു അരുൾ ചെയ്തു. സന്ന്യാസിമാർ ലജ്ജാഭരിതരായി ശിരസ്സു കുനിച്ചു. പിന്നീടൊരിക്കലും അവർ അങ്ങനെ പ്രവർത്തിച്ചിട്ടില്ലെന്നാണ് അറിവ്.

ഗുരുദേവന് ഒരിക്കൽ അതിസാരം പിടിപെട്ടു. അദ്ദേഹം വേദനകൊണ്ടു പുളഞ്ഞു. അദ്ദേഹത്തിൻെറ രോദനം അവിടെ കൂടിനിന്നവർക്കു കേൾക്കാമായിരുന്നു. പലരും ഗുരുദേവൻെറ സുഖക്കേട് അന്വേഷിച്ചു വന്നുകൊണ്ടിരുന്നു. ഒരു ദിവസം മഹാകവി ഉള്ളൂർ വരികയുണ്ടായി. ഉള്ളൂർ ചോദിച്ചു.

"ഗുരുദേവൻ എല്ലാവരുടേയും സുഖക്കേടു തീർത്തു വിടുന്നുണ്ടല്ലോ. അവിടത്തെ സുഖക്കേടു എന്തുകൊണ്ടു തീർക്കുവാൻ കഴിയുന്നില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാമി ''ശരീരമല്ലയോ'' ? എന്നു മാത്രം മറുപടി പറഞ്ഞു. അപ്പോഴാണ് ഉള്ളൂരിന് മനസ്സിലായത്, അബദ്ധം പിണഞ്ഞ ഒരു ചോദ്യമാണ് താൻ എഴുന്നെള്ളിച്ചതെന്ന്. രോഗം മനസ്സിനല്ല. ശരീരത്തിനാണ്. ശരീരം നശിക്കുന്ന വസ്തുവാണ്. നിങ്ങൾ പണ്ഡിതനായിട്ടും ഈ വസ്തുത മനസ്സിലാക്കിയില്ലല്ലോ എന്ന ചോദ്യം ആ ഉത്തരത്തിന്റെ പിന്നിൽ ഒളിഞ്ഞിരുന്നു. ഗുരുദേവൻ സുഖമില്ലാതെ കഴിഞ്ഞുകൂടിയ ഒരവസരത്തിൽ ആളുകൾ ചുററിനും കൂടിനിന്നു. ഊണുകഴിക്കാനായി സന്ന്യാസിയായ ഗോവിന്ദനാശാൻ ആഹാരം പകർന്നുവച്ച പാത്രങ്ങൾ മേശമേൽ നിരത്തി ഗുരുദേവന്റെ സൗകര്യത്തിനു വച്ചുകൊടുത്തു. ആഹാരം കരണ്ടിയിൽ കോരിയെടുത്തിട്ട് ഗോവിന്ദനാശാന്റെ മുഖത്തുനോക്കി ഇങ്ങനെ പറഞ്ഞു. ഗോവിന്ദന് ഇതെല്ലാം കണ്ടപ്പോൾ കൊതിയുണ്ട്. ഗോവിന്ദന്റെ വായിൽകൂടി വേണമെങ്കിൽ കപ്പലോടിക്കാം''. കൂടിനിന്നവർ ഈ ഫലിതം കേട്ടു പൊട്ടിച്ചിരിച്ചു.

ഒരു ദിവസം രാത്രി. ഗുരുദേവൻ നോക്കിയപ്പോൾ പരിചരിയ്ക്കുന്ന ആരെയും കണ്ടില്ല. 'അയ്യോ അമ്മേ' എന്നു വിളിച്ചു. രോദനം കേട്ടു രാമൻ എന്ന ശിഷ്യൻ ഓടി അടുത്തുചെന്നു. ഗുരുവിന്റെ വിളി കേട്ടു ശിഷ്യനും കരയാൻ തുടങ്ങി. ഗുരു ചോദിച്ചു. ''രാമൻ കരയുകയാണോ ? രാമാ, നാം വെറുതെ വിളിച്ചതല്ലേ! മററു സന്ന്യാസിമാർ എന്തു ചെയ്യുന്നു. അവരല്ലേ ധർമ്മസ്വത്തുക്കൾ അനുഭവിക്കുന്നത്. ഉറക്കമൊഴിയേണ്ടവർ അവരല്ലേ'' ഈ വിവരമറിഞ്ഞപ്പോൾ സന്ന്യസിമാർ ചൂളിപ്പോയി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരിക്കൽ ഒരു ചെത്തുകാരൻ ചെന്നു ഗുരുദേവനെ കണ്ടു. ഭാര്യയും കുഞ്ഞുങ്ങളുമായിട്ടു പിണക്കത്തിലാണ്. സന്ന്യസിയ്ക്കണമെന്ന് ആഗ്രഹമുണ്ട് എന്നു ചെത്തുകാരൻ പറഞ്ഞു. ഉടനെ ഗുരുദേവൻ ചോദിച്ചു. "ചെത്തിന്റെ അയോദ്ധ്യകാണ്ഡമാണോ സന്ന്യാസം". സ്തംഭിച്ചുനിന്ന ആ മനുഷ്യനെ ഗുരുദേവൻ ആശ്വസിപ്പിച്ചു. "കുടുംബം പുലർത്താൻ ശ്രമിയ്ക്കൂ" നിരാശനായി വന്ന ചെത്തുകാരൻ സന്തോഷത്തോടെ മടങ്ങിപ്പോയി.

തച്ചർ (തണ്ടാൻ) സമുദായത്തിൽ നിന്നും ഒരാൾ ബി. എ. പാസായി. അദ്ദേഹം വർക്കല സ്വദേശിയായിരുന്നു. ഒരിക്കൽ ഗുരുദേവനെ കാണാൻ ചെന്നു. ഗുരുദേവന് ഒരു പരാതി സമർപ്പിച്ചു. "ഗുരുദേവാ ഞാൻ ബി. എ. പാസ്സായതുകൊണ്ട് ഇവിടത്തെ ഈഴവ സമുദായത്തിൽ പെട്ടവർക്ക് എന്നോട് അസൂയയാണ്". ഗുരുദേവൻ ഉടൻ തിരിച്ചു ചോദിച്ചു. "അവർക്കു നിന്നോടു അസൂയതോന്നേണ്ട കാര്യമില്ല. നിങ്ങൾക്ക് അവരോടല്ലേ അസൂയ തോന്നേണ്ടത്. നിങ്ങൾക്കു വെട്ടാനുള്ള കുലകൾ അവരല്ലെ അരിഞ്ഞുകളയുന്നത്. നിങ്ങൾ നാല്പത്തി അഞ്ചു ദിവസത്തിൽ ഒരു പ്രാവശ്യമല്ലേ കയറുന്നത്. അവർ ദിവസം രണ്ടുപ്രാവശ്യം കയറുന്നില്ലേ" ഗുരുദേവൻെറഫലിതംകേട്ടു ബി.എക്കാരനായ ആ യുവാവ് പൊട്ടിച്ചിരിച്ചു. അയാളുടെ ഹൃദയത്തിൽ പൊന്തിവന്നിരുന്ന അപകർഷതാബോധത്തിനു സാരമായ മാററം സംഭവിച്ചു.

ഒരിക്കൽ ഒരു മുസ്ലീം പണ്ഡിതൻ ചോദിച്ചു. "കിണറു നിറയെ വെള്ളമുണ്ട്. കിണററിൻെറ അടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിലുള്ള നെല്ലിപ്പലകയിൽ തീ പിടിച്ചാൽ എന്തു ചെയ്യണം?''

''കുതിരക്കൊമ്പു കൊണ്ടുവന്ന് പൊടിച്ചിട്ടാൽ മതി'' ഇതായിരുന്നു ഗുരുവിന്റെ മറുപടി. അവിടെ കൂടി നിന്നവർ ഗുരുദേവന്റെ മറുപടി കേട്ടു പൊട്ടിച്ചിരിച്ചു.

ഒരാൾ മരണമടഞ്ഞാൽ ശവശരീരം എങ്ങനെ മറവു ചെയ്യണമെന്നു അഭിപ്രായം ആരാഞ്ഞപ്പോൾ ''ചക്കിലിട്ടു ആട്ടി തെങ്ങിന്റെ മൂട്ടിൽ ഇടുക' എന്നു ഗുരുദേവൻ മറുപടി പറഞ്ഞു. ഇതു കേട്ടു കൂടിനിന്നവർ ചിരിച്ചെങ്കിലും അവരുടെ ചോദ്യത്തിന്റെ നിരർത്ഥകത അവരിൽ ലജ്ജ ജനിപ്പിച്ചു.

ഗുരുദേവന്റെ ഫലിതങ്ങൾ വെറും പൊട്ടിച്ചിരിയ്ക്കുമാത്രം വകനല്കുന്നതല്ല. മനുഷ്യനിൽ അടിഞ്ഞുകിടക്കുന്ന അജ്ഞതയും, അന്ധതയും അവസാനിപ്പിക്കുവാനും അഹംഭാവികളെ ചിന്തിപ്പിച്ചു അഹങ്കാരമില്ലാത്തവരാക്കാനും ദുരഭിമാനമുള്ളവരെ അതിൽ നിന്നും മാററി എടുക്കുവാനുള്ള ഒരു മാർഗ്ഗമായിരുന്നു ഫലിതം.

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 43

തീർത്ഥാടനം

തീർത്ഥാടനം എന്ന വാക്കു കേൾക്കുമ്പോൾ ഒരു ആദ്ധ്യാത്മികാംശം അതിൽ അലിഞ്ഞുചേർന്നിട്ടില്ലേ എന്നു നാം സംശയിച്ചുപോകും. കാരണം കേരളത്തെ സംബന്ധിച്ചിടത്തോളം ഏററവും പ്രധാനമാണ് ശിവഗിരി തീർത്ഥാടനവും ശബരിമല തീർത്ഥാടനവും. ഇന്ത്യയിൽ ഏററവും പ്രധാനപ്പെട്ടതാണ് 'കുംഭമേള'. അതുപോലെ ലോക പ്രസിദ്ധമാണ് 'ഹജ്ജ്' തീർത്ഥാടനവും, ജുറൂസലത്തിലേക്കുള്ള തീർത്ഥയാത്രയും. വമ്പിച്ച ജനവിഭാഗങ്ങൾ തീർത്ഥാടനങ്ങളിൽ പങ്കെടുക്കുന്നുണ്ട്. തീർത്ഥാടനത്തിനു അതിൻേറതായ പാവനത്വമുണ്ടെന്നു മനസ്സിലാക്കാം. ശിവഗിരി തീർത്ഥാടനത്തിൻെറ ഉത്ഭവവും വളർച്ചയും എങ്ങനെയെന്നുകൂടി പരിശോധിക്കാം.

വൈക്കത്തേയ്ക്കുള്ള യാത്രയുടെ മദ്ധ്യേ ശ്രീനാരായണ ഗുരുദേവൻ കോട്ടയം നാഗമ്പാടത്തു ക്ഷേത്രത്തിൽ രണ്ടുദിവസം വിശ്രമിച്ചു. 1928 ജനുവരി 15-ാം തീയതി. ഈ ദിവസം ടി. കെ. കിട്ടൻ, വല്ലഭശ്ശേരി ഗോവിന്ദൻ വൈദ്യർ തുടങ്ങിയ ഭക്തന്മാർ തൃപ്പാദങ്ങളെ സമീപിച്ച്, ശിവഗിരിയിലേക്ക് ആണ്ടിലൊരിക്കൽ തീർത്ഥയാത്ര നടത്തുന്നതിന് അനുവാദം അഭ്യർത്ഥിച്ചു. വിശദീകരണം ലഭിക്കാനായി ഗുരുദേവൻ ആ ഭക്തന്മാരുടെ നേരെ ചില ചോദ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങൾ ഉന്നയിച്ചു. ഉത്തരം ലഭിച്ചു. ഗുരുദേവൻ സസന്തോഷം അനുവാദം നല്കി.

I തീർത്ഥാടനത്തീയതി

"തീർത്ഥാടകർ ശിവഗിരിയിൽ വന്നുകൂടുന്നത് യൂറോപ്യന്മാരുടെ ആണ്ടുപിറപ്പിനു ആയിക്കൊള്ളട്ടെ-ജനുവരി ഒന്നാംതീയതി. അതു നമ്മുടെ കണക്കിനു ധനുമാസം 16, 17 തീയതികളിലായിരിക്കും. അതു കൊള്ളാം. നല്ല സമയം".

II വ്രതം

പത്തു ദിവസത്തെ വ്രതം. ശ്രീബുദ്ധന്റെ പഞ്ചശുദ്ധിയോടുകൂടി തീർത്ഥാടകർ ആചരിച്ചാൽ മതിയാകും. ശരീരശുദ്ധി, ആഹാരശുദ്ധി, കർമ്മശുദ്ധി, മനശ്ശുദ്ധി, വാക്ശുദ്ധി ഇവയാണു പഞ്ചശുദ്ധികൾ.

III വേഷം

a വസ്ത്രം. "വെള്ളവസ്ത്രം ഗൃഹസ്ഥന്മാരുടേത്, കാഷായം സന്ന്യാസിമാർക്ക്-കറുത്ത തുണിയും കരിമ്പടവും ശബരിമലക്കാരുടെ വക-ശിവഗിരി തീർത്ഥാടകർക്ക് മഞ്ഞ വസ്ത്രം ആയിക്കൊള്ളട്ടെ, ശ്രീകൃഷ്ണന്റേയും, ശ്രീബുദ്ധന്റേയും മുണ്ട്. അതു കൊള്ളാം നന്നായിരിക്കും.

b "ശിവഗിരി തീർത്ഥാടകർക്ക് ശബരിമല തീർത്ഥാടകരുടെ ഭാണ്ഡക്കെട്ടുകളൊന്നും ആവശ്യമില്ല. ചെലവിനുള്ള പണം കൈവശമുണ്ടായിരിക്കണം. സഞ്ചാരത്തിൽ വൃത്തിയായ ഭക്ഷണം കിട്ടിക്കൊള്ളും. ശിവഗിരിയിൽ ഭക്ഷണത്തിനുള്ള സൗകര്യങ്ങൾ ഉണ്ടായിക്കൊള്ളും".

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

C ദീക്ഷ വളർത്തേണ്ട

"തീർത്ഥാടകർ രുദ്രാക്ഷം ധരിക്കണമോ എന്ന അന്വേഷണത്തിന് "വേണ്ട രുദ്രാക്ഷം ധരിക്കേണ്ട. കുറെ ഉരച്ചു പച്ചവെള്ളത്തിൽ കുടിക്കുന്നതു നന്നായിരിക്കും. ഇപ്പോൾ രുദ്രാക്ഷം പൊന്നും വെള്ളിയുമായി മാറിയിരിക്കുകയാണ്. അനാവശ്യച്ചെലവു ചെയ്യുന്നതിനുള്ള വാസന ഉപേക്ഷിക്കണം".

VI യാത്രാരീതി

"വാഹനങ്ങളിൽ സഞ്ചരിക്കാം. നടന്നുപോകണമെന്നു നിർബന്ധമുള്ളവർ അങ്ങനെ ചെയ്തുകൊള്ളട്ടെ".

V മിതവ്യയം

"മഞ്ഞവസ്ത്രം എന്നു നാം പറഞ്ഞതിനുമഞ്ഞപ്പട്ടു വാങ്ങിക്കാൻ ആരും തുനിയരുത്. കോടിവസ്ത്രം പോലും ആവശ്യമില്ല. ഉപയോഗത്തിലിരിക്കുന്ന വെള്ളവസ്ത്രം മഞ്ഞ മുക്കി ഉപയോഗിച്ചിട്ടു പിന്നീട് അലക്കി തെളിച്ച് എടുത്തുകൊള്ളാമല്ലോ. യാത്ര ആർഭാടരഹിതമായിരിക്കണം. വിനീതമായിരിക്കണം. ഈശ്വരസ്തോത്രങ്ങൾ ഭക്തിപൂർവ്വം ഉച്ചരിക്കുന്നതു കൊള്ളാം. തീർത്ഥയാത്രയുടെ പേരിൽ ആർഭാടങ്ങളും ആഡംബരങ്ങളും ഒച്ചപ്പാടുകളുമുണ്ടാക്കി പ്രസ്ഥാനത്തെ മലിനപ്പെടുത്തരുത്, അനാവശ്യമായി ഒരു കാശുപോലും ചെലവുചെയ്യരുത്. കോട്ടയത്തുനിന്നും ഒരാൾ ശിവഗിരിയിലേക്കു പോയി രണ്ടു ദിവസം താമസിച്ചു മടങ്ങിവരുന്നതിന് എന്തു ചെലവു വരുമെന്നു നോക്കാം. (ഏതോ കണക്കു കൂട്ടുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തുപോലെ കുറെ അലോചിച്ചിട്ട്). മൂന്നു രൂപായുണ്ടെങ്കിൽ കുറച്ചു ചക്രം മിച്ചമുണ്ടായിരിക്കും. അതു ധാരാളം മതിയാകും''.

നിങ്ങൾ പണമുണ്ടാക്കും. പക്ഷെ! കൂടുതൽ ചെലവു ചെയ്തുകളയും. ചിലർ കടംകൂടി വരുത്തിവയ്ക്കും. അതു പാടില്ല. മിച്ചംവയ്ക്കാൻ പഠിക്കണം. സമുദായം വിദ്യാഭ്യാസത്തിലും ധനസ്ഥിതിയിലും ശുചിത്വത്തിലും വളരെ പിന്നോക്കമാണ്. ഈ രീതി മാറണം-മാററണം''.

VI തീർഥാടനത്തിൻെറ ഉദ്ദേശ്യം-ലക്ഷ്യം

''ആണ്ടിലൊരിക്കൽകുറെ ആളുകൾ രാജ്യത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും മഞ്ഞ വസ്ത്രവും ധരിച്ച് യാത്ര ചെയ്ത് ശിവഗിരിയിൽചെന്നു ചുററിനടന്നു കുളിയും ഊണും കഴിഞ്ഞ് പണവും ചെലവാക്കി മടങ്ങി വീടുകളിൽ ചെല്ലുന്നതുകൊണ്ട് എന്തു സാധിച്ചു ?. ഒന്നും സാധിച്ചില്ല. വെറും ചെലവും ബുദ്ധിമുട്ടും. അതു പാടില്ല. ഏതു പ്രവർത്തിക്കും ഒരു ഉദ്ദേശ്യം വേണം-ഒരു ലക്ഷ്യം'',

ഇത്രയും അരുൾചെയ്തിട്ട് തൃപ്പാദങ്ങൾ തൻെറ വിരലുകൾ ഓരോന്നായി മടക്കി എണ്ണിക്കൊണ്ടു ടി. കെ. കിട്ടൻ റൈട്ടർക്ക് താഴെപറയുന്ന എട്ടു വിഷയങ്ങൾ പറഞ്ഞുകൊടുത്തു.

1 ''വിദ്യാഭ്യാസം 2 ശുചിത്വം 3 ഈശ്വരഭക്തി 4 സംഘടന 5 കൃഷി 6 കച്ചവടം 7 കൈത്തൊഴിൽ 8 സാങ്കേതിക ശാസ്ത്ര പരിശീലനങ്ങൾ''

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ഈ വിഷയത്തെപ്പററി പ്രസംഗപരമ്പര നടത്തണം. ഓരോ വിഷയത്തിലും വൈദഗ്ദ്ധ്യം ഉള്ളവരെ ക്ഷണിച്ചുവരുത്തി പ്രസംഗം ചെയ്യിക്കണം''.

ഗുരുദേവൻ തുടർന്നു ''ജനങ്ങൾ അച്ചടക്കത്തോടെ ഇരുന്നു ശ്രദ്ധിച്ചു കേൾക്കണം. കേട്ടതെല്ലാം പ്രവൃത്തിയിൽ വരുത്താൻ ശ്രമിക്കണം. അതിൽ വിജയം പ്രാപിക്കണം. അപ്പോൾ ജനങ്ങൾക്കും രാജ്യത്തിനും അഭിവൃദ്ധിയുണ്ടാകും. അങ്ങനെ ജീവിതം മാതൃകാപരമായിരിക്കണം. ശിവഗിരി തീർത്ഥാടനത്തിൻെറ പ്രധാന ഉദ്ദേശ്യം ഇതായിരിക്കണം. മനസ്സിലായോ''?

റൈട്ടർ:-മനസ്സിലായി.

ഗുരു:-''എല്ലാം എഴുതിയോ'' ?

റൈട്ടർ:-എഴുതി

ഗുരു:-ഒന്നുകൂടി വായിക്കു.

റൈട്ടർ വീണ്ടും വായിച്ചു, ഗുരുദേവൻ കേട്ടു.

ഗുരു:-''കൊള്ളാം ഇങ്ങനെ ചെയ്യണം നന്നായ്‌വരും''

ഈ റിക്കാർഡിനു ഗുരുദേവൻ ഒപ്പുവയ്ക്കണമെന്നു റൈട്ടർ അപേക്ഷിച്ചു,

ഗുരു:-''വേണ്ട ഒപ്പിടുകയും മററും വേണ്ട—പത്രത്തിൽ എഴുതിയാൽ മതി, ജനങ്ങൾ വിശ്വസിച്ചു കൊള്ളും. ഇംഗ്ലീഷ് വർഷം 1928-ലാണല്ലോ ഗുരുദേവൻ തീർത്ഥാടനത്തിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങളെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുറിച്ചു അഭിപ്രായം പ്രകടിപ്പിച്ചത്. 1104 കന്നി അഞ്ചാം തീയതി പകൽ മൂന്നു മണിയ്ക്കു തൃപ്പാദങ്ങൾ സമാധിയായി. (20-9-1928)

ശിവഗിരി തീർത്ഥാടനത്തിനു ആരംഭം കുറിച്ചത് (1933) ഇലവുന്തിട്ടയിൽ നിന്നാണ്. അൻപതു വർഷം മുൻപു ശ്രീ. മൂലൂർ പത്മനാഭപ്പണിക്കരുടെ നാടായ ഇലവുന്തിട്ടയിൽ നിന്നു കാൽനടയായി അഞ്ചു ഗുരുദേവഭക്തന്മാർ ശിവഗിരിയിലേക്കു തീർത്ഥാടനം നടത്തി. അവർ അഞ്ചു പേരും മഞ്ഞ വസ്ത്രധാരികളായിരുന്നു. ഇന്നും വളരെ ശോഭയോടെ തീർത്ഥാടനം നടന്നുവരുന്നു.

1933-ാം മാണ്ടിൽ തുടങ്ങിയ തീർത്ഥാടന സമ്മേളനത്തിൽ കേരളത്തിൻെറ വിശിഷ്യാ ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ നിന്നും തീർത്ഥാടകർ എത്തിക്കൊണ്ടിരിക്കുകയാണ്. മാത്രവുമല്ല, യൂറോപ്പു, അമേരിക്ക, ആസ്ത്രേലിയാ, സിങ്കപ്പൂർ എന്നീ രാജ്യങ്ങളിൽ നിന്നും എത്തുന്നു-തീർത്ഥാടകർ.

സി. കൃഷ്ണൻ 1912 ൽ ശിവഗിരിയിൽ വച്ചു പ്രസ്താവിച്ച കാര്യം ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്. (ശാരദാ പ്രതിഷ്ഠ നടന്ന സമയത്ത്) "ജീവിതത്തിനും ജ്ഞാനത്തിനും പരസ്പര സ്നേഹത്തിനും ആവശ്യമായ വിവിധ പ്രവൃത്തികൾക്ക് വേണ്ടുന്ന ഈശ്വരാനുഗ്രഹത്തിനായി ഉൽകണ്ഠയോടെ അന്വേഷിച്ചു ജനങ്ങൾ എത്തുന്ന വിശുദ്ധ കേന്ദ്രമായി ശിവഗിരി ഭവിക്കുന്നു".

സി. കൃഷ്ണൻ ദീർഘദർശനം ചെയ്യാൻ പ്രാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്തനാണെന്നു മേൽക്കുറിച്ച അഭിപ്രായംതെളിയിക്കുന്നുണ്ടല്ലോ ?

ശിവഗിരിയിൽ മാത്രമല്ല, ശ്രീനാരായണ ഗുരുദേവൻെറ വത്സല ശിഷ്യനായ നടരാജ ഗുരുവിനാൽ സ്ഥാപ്പിക്കപ്പെട്ട ഗുരുകുലത്തിലും ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും വിവിധ മതസ്ഥരായ ജനങ്ങരം ഈ വേളയിൽ എത്തിച്ചേരുന്നു എന്നുള്ളതും സ്മരണീയമാണ്.

ലളിതവും മനോഹരവുമായ ആശയങ്ങളാണ് ഗുരുദേവൻ പകർന്നുകൊടുത്തത്. സാമ്പത്തികമായ ബാദ്ധ്യത ഉണ്ടാക്കുന്നില്ല. എന്നാൽ പുതുവർഷത്തിൻെറ പൊൻ പുലരിയിൽ പുത്തൻ ആശയങ്ങളുമായാണ് തീർത്ഥാടകർ ശിവഗിരിയിൽ നിന്നും പിരിയുന്നത്.

ജീവിതത്തിൻെറ എല്ലാ രംഗങ്ങളിലും പ്രമുഖന്മാരായിട്ടുള്ളവർ തീർത്ഥാടനകാലങ്ങളിൽ ശിവഗിരിയിൽ വരുകയും പ്രസംഗംനടത്തുകയും ചെയ്യുന്നു. ''ശിവഗിരിതീർത്ഥാടനം പോലുള്ള മഹാസമ്മേളനങ്ങരം വർണ്ണവിവേചനത്തിൻെറ പ്രശ്നങ്ങരം കൈകാര്യം ചെയ്യുന്നത് ആഹ്ലാദകരമാണ്'' ഐക്യരാഷ്ട്രസഭയുടെ വിവേചനവിരുദ്ധ പ്രത്യേക സമിതി ചെയർമാൻ ബക്പൊാരെ ഡക്ളർ 18-1-81-ൽ പ്രസ്താവിക്കുകയുണ്ടായി.

1980-ലെ തീർത്ഥാടക സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ടു ശ്രീ. കെ. ആർ. നാരായണൻ (ഇപ്പോരം അമേരിക്കയിലെ ഇന്ത്യൻ അംബാസിഡർ) ഇങ്ങനെ പ്രസ്താവിച്ചു. ''കേരളത്തിൻെറ മണ്ണിൽനിന്ന് ഒരു സാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ർവ്വത്രിക നേതാവായി ഉദിച്ചു ഉയർന്ന ഗുരുദേവനെ ഒരു കർമ്മയോഗിയാണെന്നു റൊമെയിൻറോളണ്ടു വിശേഷിപ്പിച്ചിട്ടുള്ള-ആ മഹാപുരുഷന്റെ സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ഞാൻ ഈ മഹോത്സവം ഉദ്ഘാടനം ചെയ്തുകൊള്ളുന്നു''.

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 44

രണ്ട് ആദ്ധ്യാത്മിക ഗുരുക്കന്മാർ

ശ്രീ ചട്ടമ്പിസ്വാമികളും ശ്രീനാരായണ ഗുരുദേവനും യോഗാഭ്യാസ മുറകൾ ശീലിച്ചതു അയ്യാസ്വാമിയിൽ നിന്നാണെന്നു നാം കണ്ടു, ചട്ടമ്പിസ്വാമിയും ഗുരുദേവനും പരസ്പരം സ്നേഹിച്ചിരുന്നു; ബഹുമാനിച്ചിരുന്നു. സത്തുക്കൾ എപ്പോഴും സത്യത്തെ മുൻനിർത്തിയല്ലേ പ്രവർത്തിക്കൂ ? അതാണല്ലോ അവരുടെ മതത്തിൻെറ ലക്ഷണം.

ഈ ഋഷിമാരുടെ ജീവിതചര്യയിൽ ചെറിയ വ്യത്യാസം ഉണ്ടായിരുന്നു. കാവിവസ്ത്രം, നീട്ടിവളർത്തിയ തലമുടി , താടിമീശ, കഴുത്തിൽ രുദ്രാക്ഷമാല, നെററിയിൽ ഭസ്മം, ചന്ദനം, സിന്ദൂരം ഇതാണു ഹിന്ദുക്കളായ സന്ന്യാസിമാരുടെ രൂപത്തെക്കുറിച്ചു നമ്മുടെ സങ്കല്പം. സങ്കല്പം മാത്രമല്ലാ-അത് ഒരു യാഥാർത്ഥ്യമാണ്. ചട്ടമ്പിസ്വാമിയുടെ വേഷവും മേൽപ്പറഞ്ഞ രീതിയിലായിരുന്നു. ശ്രീനാരായണ ഗുരുദേവൻെറ വേഷത്തിനു അല്പം വ്യത്യാസമുണ്ടായിരുന്നതായി കാണുന്നു. വെളുത്ത വസ്ത്രം, മുണ്ഡനം ചെയ്ത ശിരസ്സ്. എന്നാൽ ചില സന്ദർഭങ്ങളിൽ ശിഷ്യന്മാരുടെ നിർബന്ധമനുസരിച്ചു കാവിവസ്ത്രം ധരിച്ചിട്ടുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ രണ്ടു ഗുരുക്കന്മാരും രണ്ടു സരണികളിലൂടെയാണു പ്രവർത്തനമാരംഭിച്ചത്. ഇതിനിടയിൽ ചിലപ്പോഴെല്ലാം ചിലയിടത്തുവച്ചു അവർ തമ്മിൽ കാണാറുണ്ടായിരുന്നു.

ശ്രീ. സി. കേശവൻ (ജീവിതസമരത്തിൽ) ഈ മഹാത്മാക്കളുടെ സമാഗമത്തെ അനുസ്മരിക്കുന്നുണ്ട്.

"അല്പുഴ സ്ക്കൂളിന്റെ ഉദ്ഘാടനത്തിന് ചട്ടമ്പിസ്വാമികളും സന്നിഹിതനായിരുന്നു. അദ്ദേഹം വരുമ്പോൾ നാരായണഗുരു ഏറെക്കാലം സ്ക്കൂളിന്റെ മാനേജരായിക്കഴിഞ്ഞ മാന്യന്റെ വീട്ടിൽ വിശ്രമിക്കുകയാണ്. ചട്ടമ്പിസ്വാമികൾ വരുന്നതു കണ്ടു നാരായണഗുരു പറയുകയാണ് "ചട്ടമ്പി വരുന്നു. ഒരു കസേര നീക്കിയിടൂ. നാരായണഗുരു എണീററില്ല. സാഷ്ടാംഗ നമസ്ക്കാരം ചെയ്തില്ല. വലുതായ സൗഹൃദവും ബഹുമാനവും പരസ്പരമുള്ള രണ്ടു ഉന്നത വ്യക്തികളുടെ പെരുമാററമായിരുന്നു അവരുടേത്".

സ്വതന്ത്ര ചിന്തകനും നിരീശ്വര വാദിയുമായിരുന്ന സി. കേശവന്റെ അഭിപ്രായം ശ്രദ്ധേയമാണ്. രണ്ടു മഹാ വ്യക്തികളുടെ സമ്മേളനത്തിനു സാക്ഷ്യം വഹിക്കുവാൻ അദ്ദേഹത്തിനു ഭാഗ്യം സിദ്ധിച്ചു.

ശ്രീനാരായണഗുരു 'ചട്ടമ്പി' എന്നാണു സംബോധന ചെയ്തിട്ടുള്ളതെന്നു ചരിത്രരേഖകളിൽ കാണുന്നു. ചട്ടമ്പി എന്നാൽ മാണിട്ടർ എന്നാണല്ലോ അർത്ഥം. ശിവഗിരിയിൽ ശാരദയെ പ്രതിഷ്ഠിച്ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാര്യം കത്തുമൂലം ചട്ടമ്പി സ്വാമിയെ അറിയിച്ചു. ആ കത്തിനു മറുപടിയായി ചട്ടമ്പിസ്വാമി ഇങ്ങനെ എഴുതി "അയച്ച കത്തുകിട്ടി, കഷ്ടം" എന്നു ചട്ടമ്പി. (ചട്ടമ്പിസ്വാമി ശതാബ്ദി സ്മാരക ഗ്രന്ഥം. പേജ് 187) ശ്രീനാരായണ ഗുരുദേവൻ ക്ഷേത്രങ്ങൾ പ്രതിഷ്ഠിക്കുന്ന വിഷയത്തിൽ ചട്ടമ്പിസ്വാമി തിരുവടികൾ ഒരിക്കലും അനുകൂലമായ അഭിപ്രായം പ്രകടിപ്പിച്ചിട്ടില്ല. ചട്ടമ്പിസ്വാമികളുടെ ലക്ഷ്യം മറെറാന്നായിരുന്നു. സർവ്വകലാവല്ലഭനായിരുന്ന അദ്ദേഹം ഒരു സഞ്ചാരപ്രിയൻ കൂടിയായിരുന്നു.

സാംസ്കാരികമായ ഒരു പരിവർത്തനം ആവശ്യമാണെന്നു ചട്ടമ്പിസ്വാമികളും മനസ്സിലാക്കി. അതിനുവേണ്ടി അദ്ദേഹം തൻെറ തൂലിക ചലിപ്പിച്ചു. വേദാന്തവും തത്ത്വശാസ്ത്രവും ബ്രാഹ്മണർക്കു മാത്രമേ പഠിക്കാവൂ എന്ന ഒരു അലിഖിത നിയമം നടപ്പിലിരുന്നു. ആ, നിയമത്തെ ബ്രാഹ്മണരുടെ അടിസ്ഥാന പ്രമാണങ്ങൾ ഉദ്ധരിച്ചുകൊണ്ടു തന്നെ ചട്ടമ്പിസ്വാമികൾ ഖണ്ഡിച്ചു. ഒരു കാലത്തു എഴുത്തച്ഛൻ ഈ അഭിപ്രായം പ്രചരിപ്പിച്ചു. എന്നാൽ പിന്നീടും അതു പഴയരീതിയിൽ എത്തിച്ചേർന്നു. ചട്ടമ്പിസ്വാമികൾ "വേദാധികാര നിരൂപണം" എന്ന ഗ്രന്ഥം മുഖേനയാണ് അബ്രാഹ്മണർക്കു വേദം പഠിക്കാനും പഠിപ്പിക്കാനും അധികാരം ഉണ്ടെന്നു തെളിയിച്ചത്. ആ കാലഘട്ടത്തിൽ ഇമ്മാതിരി ഗ്രന്ഥങ്ങൾ രചിക്കണമെങ്കിൽ അസാധാരണ ബുദ്ധിശക്തിയും വൈദൂഷ്യവും തൻേറടവും ആവശ്യമാണ്. അവ അദ്ദേഹത്തിനുണ്ടായിരുന്നുവെന്ന് ഉറപ്പിച്ചു പറയാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീ ചട്ടമ്പിസ്വാമികൾക്കു ശ്രീനാരായണ ഗുരുദേവനുമായുണ്ടായിരുന്ന ബന്ധം അരക്കിട്ടുറപ്പിച്ചതായിരുന്നു. ആ രണ്ടു ഗുരുക്കന്മാരും ഒരു കാലഘട്ടത്തിൽ ദക്ഷിണേൻഡ്യയ്ക്കു ആവശ്യമായിരുന്നു; ഇന്നും എന്നും ആവശ്യമാണ്. അവരുടെ സൗഹൃദത്തിന്റെ-സന്മനോഭാവത്തിന്റെ സഹകരണത്തിന്റെ-വ്യാപ്തി എത്രത്തോളമുണ്ടായിരുന്നുവെന്നു അവരുടെ പരസ്പര ബഹുമാനം വ്യക്തമാക്കുന്നു.

ശ്രീനാരായണ ഗുരുദേവനെപ്പററി പരമ ഭട്ടാചാര്യ ശ്രീ ചട്ടമ്പിസ്വാമികൾ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"ഗ്രസ്തഗ്രന്ഥരാം മററുയതിമാർപോലെയല്ല
ചിത്ത സംയമിയായ ബുദ്ധിമാൻ നാണു യോഗി
അടവിമയമരുവിപ്പുറം ഞങ്ങളൊന്നി—
ച്ചടനം ചെയ്തിരുന്ന കാലത്തു കണ്ടതത്രേ
ഒട്ടുനാളായി ഞങ്ങൾ വിയുക്തരത്രേ, കണ്ടു-
മുട്ടുവാൻ കാലമിപ്പോളാസന്നമായീടുന്നു".

എല്ലാ യതിമാരെയും പോലെയല്ലാ-പിന്നെയോ? ചിത്ത സംയമിയാണു നാണുയോഗി. ഞങ്ങൾ ഒന്നിച്ചു കഴിഞ്ഞവരാണ്. കണ്ടിട്ടു ഒട്ടുനാളായി. ഈ പ്രസ്താവനയിൽ നിരാശയുടെ നിഴൽ തങ്ങിനില്ക്കുന്നു. ഇതിൽനിന്നും ആ, ആദ്ധ്യാത്മിക ഗുരുക്കന്മാരുടെ സൗഭ്രാത്രം എന്തായിരുന്നുവെന്നു അനുമാനിക്കാം. ചട്ടമ്പിസ്വാമിയുടെ ചരമ പദപ്രാപ്തിയെക്കുറിച്ചു അറിഞ്ഞപ്പോൾ ഗുരുദേവൻ രചിച്ച കവിത ഇങ്ങനെയാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'സർവ്വജ്ഞ ഋഷിരുത് ക്രാന്ത:
സദ്ഗുര ശ്ശുകവർത്മനാ
ആഭാതി പരമവ്യോമ്നി
പരിപൂർണ്ണ കലാനിധി:
ലീലയാ കാലമധികം
നീത്വാന്തേ സമഹാ പ്രഭു;
നിസ്വം വപുസ്സ മുത്സൃജ്യ
സ്വം ബ്രഹ്മവ പുരാസ്ഥിത' .

സർവ്വജ്ഞനും ഋഷിയും സജ്ജനങ്ങളുടെ ഗുരുവുമായി ശോഭിച്ചിരുന്ന ശ്രീ ചട്ടമ്പിസ്വാമികരം ശുകമാർഗ്ഗത്തിൽകൂടി ഉയർന്ന് പരിപൂർണ്ണ കലാനിധിയായിപ്രശോഭിക്കുന്നു. മഹാ പ്രഭുവായ അദ്ദേഹം നമ്മുടെയിടയിൽ വളരെ നാരം വിനോദയാത്ര നടത്തിയശേഷം മർത്ത്യ ശരീരം ഉപേക്ഷിച്ചു വീണ്ടും ബ്രഹ്മശരീരം കൈവരിച്ചു.

ശ്രീ ചട്ടമ്പിസ്വാമികരം വിദ്വൽസദസ്സുകളിൽ രത്നമായി ഭവിച്ചു. ഗുരുദേവൻ അശരണർക്കു ആശ്രയമായും മാറി. യോഗാഭ്യാസം പഠിപ്പിച്ച അയ്യാസ്വാമിയുടെ നിർദ്ദേശവും ആഗ്രഹവും അവർ രണ്ടുപേരും പ്രവൃത്തി പഥത്തിൽ എത്തിച്ചു. വിഗ്രഹ പ്രതിഷ്ഠകളിലൂടെ ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളെയും പിടിച്ചുകുലുക്കാനും അവിടയെല്ലാം നിത്യ നൂതനമായ ശോഭ പ്രദർശിപ്പിക്കുവാനും ശ്രീനാരായണഗുരുദേവനു കഴിഞ്ഞു. ആധുനിക ഇൻഡ്യയുടെ-വിശിഷ്യാ കേരളത്തിൻെറ ചരിത്രത്തിൽ ഇവർ രണ്ടു പേർക്കുമുള്ള സ്ഥാനം സമുന്നതം തന്നെ. സമകാലികരായ ഈ രണ്ടുആദ്ധ്യാത്മിക ഗുരുക്കന്മാരെ മാററി നിർത്തിക്കൊണ്ടു ഒരു ചരിത്രകഥ സൃഷ്ടിക്കുവാൻ പ്രയാസമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 45

ഗുരുദേവനും രമണമഹർഷിയും

ആദ്ധ്യാത്മിക ഗുരുക്കന്മാർക്കേ ആദ്ധ്യാത്മിക ഗുരുക്കന്മാരെ മനസ്സിലാക്കാൻ കഴിയൂ. ശ്രീനാരായണ ഗുരുദേവൻെറ ഷഷ്ടിപൂർത്തി കേരളത്തിലും ഭാരതത്തിലെ പ്രധാന പട്ടണങ്ങളിലും ഇൻഡ്യയ്ക്കു വെളിയിൽ സിലോൺ, സിങ്കപ്പൂർ മലയാ തുടങ്ങിയ രാജ്യങ്ങളിലും ആഘോഷിക്കപ്പെട്ടു. ആ സന്ദർഭത്തിൽ ഗുരുദേവൻ ആലുവാ അദ്വൈതാശ്രമത്തിൽ വിശ്രമിക്കുകയായിരുന്നു. അതിനു ശേഷം അദ്ദേഹം വടക്കൻ നാടുകളിലേക്കു പോയി. വടക്കൻ നാട്ടിൽ നിന്നും തമിഴ് നാട്ടിലേക്കു യാത്ര തിരിച്ചു. ഗുരുദേവൻെറ ആജ്ഞയനുസരിച്ചു പല സന്ന്യാസി ശിഷ്യന്മാരും ആതുരസേവനത്തിൽ ആത്മാർത്ഥമായി ഏർപ്പെട്ടിരുന്നു. അവരെ കാണുക എന്നത് ഗുരുദേവനു സന്തോഷകരമായ ഒരു കാര്യമായിരുന്നു.

ഇക്കാലത്തു ശ്രീമദ് ഗോവിന്ദാനന്ദ സ്വാമികൾ തമിഴു നാട്ടിൽ കാഞ്ചീപുരമെന്ന സ്ഥലത്ത് ശ്രീനാരായണ സേവാശ്രമം സ്ഥാപിച്ച് ആതുരസേവനം നടത്തിവരുകയായിരുന്നു. തമിഴ് നാട്ടിലെ യാത്രക്കിടയിൽ സ്വാമി തൻെറ പ്രിയ ശിഷ്യൻെറ ആശ്രമം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സന്ദർശിക്കുവാനായി കാഞ്ചിപുരത്തു എത്തി വിശ്രമിക്കുകയുണ്ടായി, അവിടെനിന്നും മടങ്ങിപ്പോരാൻ തുടങ്ങിയപ്പോൾ ശിഷ്യഗണങ്ങളിൽ ചിലർക്ക് തിരുവണ്ണാമലയിലെ രമണമഹർഷിയെ സന്ദർശിക്കുവാൻ മോഹമുണ്ടെന്നു ഭക്ത്യാദരപൂർവ്വം ഗുരുദേവനെ അറിയിച്ചു. ശിഷ്യന്മാരുടെ ആഗ്രഹം നടക്കട്ടെയെന്നു ഗുരുദേവൻ കല്പിച്ചു. ശിഷ്യഗണങ്ങളുമൊത്തു ഗുരുദേവൻ തിരുവണ്ണാമലയിലേക്കു യാത്രതിരിച്ചു.

ഗുരുദേവനും ശിഷ്യഗണങ്ങളും തിരുവണ്ണാമല സന്ദർശിക്കുമ്പോൾ രമണമഹർഷി തന്റെ തപസ്ഥലമായ സ്കന്ദാശ്രമത്തിൽ വിശ്രമിക്കുകയായിരുന്നു. മലയടിവാരത്തിലൂടെയുള്ള യാത്ര ദുർഘടം പിടിച്ചതായിരുന്നു. കിഴുക്കാംതൂക്കായ കരിമ്പാറക്കൂട്ടങ്ങൾ, ഇവയ്ക്കിടയിലൂടെ ഒരു അഞ്ചു ഫർലാംഗ് സഞ്ചരിച്ചാലേ സ്കന്ദാശ്രമത്തിലെത്തുകയുള്ളൂ, ശ്രീനാരായണ ഗുരു മലയടിവാരത്തിലെത്തിയ കാര്യം രമണമഹർഷിയെ ധരിപ്പിച്ചത് മഹർഷിയെ പരിചരിച്ചുകൊണ്ടിരുന്ന സന്ന്യാസിയും മലയാളത്തുകാരനുമായ ശ്രീ. പളനിസ്വാമിയാണ്. പളനിസ്വാമി നേരത്തെ തന്നെ ഗുരുദേവന്റെ സന്നിധിയിൽ ജീവിക്കാൻ ഭാഗ്യം ലഭിച്ച ഒരു സാധുവായിരുന്നു. ശ്രീനാരായണ ഗുരുവും ശിഷ്യഗണങ്ങളും വന്നതറിഞ്ഞു രമണമഹർഷി മലയടിവാരത്തിലേക്കു തിരിക്കാൻ വട്ടംകൂട്ടി. രമണമഹർഷി ഗുരുദേവനെ സ്വീകരിക്കാൻ വേണ്ടി പുറപ്പെടാൻതുടങ്ങിയപ്പോൾഗുരുവുംപരിവാരങ്ങളും സ്കന്ദാശ്രമത്തിൽ എത്തിച്ചേർന്നു.

"ഒരു കിഴവൻ കാരണം ഈ മലയെല്ലാം കയറേണ്ടതായി വന്നു" എന്നു പറഞ്ഞുകൊണ്ടാണ് ഗുരുദേവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആശ്രമത്തിലേക്കു പ്രവേശിപ്പിച്ചത്. ശ്രീനാരായണ ഗുരുവിൻെറ സ്വതസ്സിദ്ധവും അർത്ഥഗർഭവുമായ ഈ നർമ്മസംഭാഷണംഎല്ലാവർക്കും നന്നേ രസിച്ചു. ശ്രീനാരായണ ഗുരുദേവൻെറ ഫലിതം പ്രസിദ്ധമാണല്ലോ.

തിരുവണ്ണാമലയിൽ എത്തിയ ഉടനെ ശിഷ്യന്മാർ രമണമഹർഷിയെ ചെന്നുകണ്ടു. ഈ സമയം ഗുരുദേവൻ അവിടെയുള്ള ഒരു മരത്തിൻെറ ചുവട്ടിൽ വിശ്രമിച്ചു. രമണമഹർഷിയെ ദർശിച്ചിട്ടു ശിഷ്യന്മാർ തിരിച്ചു വന്നു. അവരോടു ഗുരുദേവൻ ചോദിച്ചു: "എല്ലാവരും കണ്ടോ ?

ശിഷ്യന്മാർ;—കണ്ടു ഗുരുദേവാ(ശിഷ്യന്മാർ സന്തോഷത്തോടെ പറഞ്ഞു)

ഗുരുദേവൻ;— കൊള്ളാമല്ലോ; എല്ലാവരും കണ്ടു; നാം മാത്രം കണ്ടില്ല".

അതിനുശേഷം ശിഷ്യന്മാർ ഓരോ കാര്യങ്ങൾക്കായി അങ്ങോട്ടുമിങ്ങോട്ടുംപോയി. സമയം രാവിലെ പത്തുമണിയോടടുത്തിരിക്കുന്നു. പ്രശാന്തസുന്ദരമയ അന്തരീക്ഷം. വൃക്ഷലതാദികളെ തഴുകിക്കൊണ്ടു ഓടിയെത്തിയ കാററു ഗുരുദേവനെ ഉന്മേഷഭരിതനാക്കി. കുടപോലെ നിവർന്നുനിന്ന ചാമ്പമരത്തിൻെറ ചുവട്ടിൽ ഗുരുദേവൻ എന്തോ എഴുതിക്കൊണ്ടിരുന്നു.

മധ്യാഹ്നമായപ്പോൾ മരത്തണലിൽ വിശ്രമം ചെയ്തിരുന്ന ഗുരുദേവനെ മഹർഷിയുടെ ശിഷ്യരിൽ ഒരാൾ ഊണിനു ക്ഷണിച്ചു. "നാം ഇപ്പോൾ അങ്ങോട്ടു വരുന്നില്ല" എന്നുപറഞ്ഞു ഗുരുദേവൻ പിന്നെയുമെഴുതിക്കൊണ്ടിരുന്നു. ഊണുകഴിക്കാൻ ആരും ഇരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നില്ല. ശ്രീനാരായണ ഗുരുദേവനെ ഭോജനശാലയിൽ കണ്ടതുമില്ല മഹർഷി നേരിട്ടു വിവരമന്വേഷിച്ചു. രമണമഹർഷി ശ്രീനാരായണ ഗുരുദേവൻെറ അടുക്കലേക്കുചെന്നു. ''ഊണു കഴിക്കാൻ വരാമല്ലോ'' എന്നു പറഞ്ഞു. ഉടനെ ഗുരുദേവൻ എഴുത്തു മതിയാക്കി മഹർഷിയോടൊപ്പം ചെന്നു. എല്ലാവരും ഒന്നിച്ചിരുന്ന് ഊണുകഴിച്ചു.

ഊണുകഴിഞ്ഞ് എല്ലാവരും വിശ്രമിച്ചു. ഈ സമയത്തു പോസ്റ്റുമാൻ ഗുരുദേവന് ഒരു കമ്പി കൊണ്ടുവന്നു. മഹർഷി അതു വാങ്ങിച്ചു പൊട്ടിച്ച് വിവരം മലയാളത്തിൽ എഴുതി മരച്ചുവട്ടിൽ വിശ്രമിക്കുന്ന ഗുരുദേവനു കൊടുത്തയച്ചു. ഒരു ക്ഷേത്രത്തിലെ പ്രതിഷ്ഠയ്ക്ക് ഗുരുവിൻെറ അനുഗ്രഹം അഭ്യർത്ഥിച്ചുകൊണ്ടുള്ളതായിരുന്നു ആ കമ്പി. രമണമഹർഷിയുടെ കൈപ്പട കണ്ടിട്ട് ''കൊള്ളാമല്ലോ നല്ല വടിവിൽ മലയാളം എഴുതുന്നു''. എന്ന് ഗുരുദേവൻ സന്തോഷപൂർവ്വം അരുളം ചെയ്തു. വൈകുനേരം നാലരമണിയോടുകൂടി ഗുരുവും പരിവാരങ്ങളും യാത്രപറഞ്ഞു പിരിഞ്ഞു.

8275

ഗുരുദേവൻ ചാമ്പമരച്ചുവട്ടിൽ ഇരുന്നു എഴുതിയതു മുനിചര്യാപഞ്ചകമാകുന്നു.

1

''ഭുജ:കിമുപധാനതാം കിമുന കുമ്ഭിനീമഞ്ചതാം
പ്രജേദ്വൃജിനഹാരിണീ സ്വപദ
പാതിനീമേദിനീ
മുനേര പരസമ്പദാകിമിഹ മുക്തരാഗസ്യത-
ത്സ്വമ സ്വധിഗമാദയം സകലഭോഗ്യമത്യശ്നുതേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2

മുനി: പ്രവദതാം വര:ക്വചന വാഗ്യമീ
പണ്ഡിതോ
വിമുഢ ഇവ പര്യടൻ ക്വചന സംസ്ഥിതോ
പ്യുത്ഥിത;
ശരീര മധിഗമ്യ ചഞ്ചല മനേഹസാ ഖണ്ഡിത,
ഭജത്യ നിശമാത്മന: പദമഖണ്ഡബോധം പരം

3

അയാചിത മലിപ്സയാ നിയതിദത്ത മന്നംമുനി
സ്തനോ; സ്ഥിതയ ഇത്യദൻ പഥിശയാനകോ
വ്യാകുല:
സദാത്മ ദൃഗനശ്വരം സ്വപരമാത്മനോരൈക്യത:
സ്ഫുരൻ നിരുപമം പദം നിജമുപൈതി
സച്ചിത് സുഖം

4

അസത്സദിതി വാദതോ ബഹിര
ചിന്ത്യമഗ്രാഹ്യമ-
ണ്വഖർവ മമലം പരം സ്തിമിത നിമ്ന
മത്യുന്നതം
പരാങ്മുഖ ഇതസ്തത:പരിസ മേതിതുര്യം പദം
മുനിസ്സദസതോർ ദ്വയാദു പരിഗന്തുമഭ്യുദ്യത:

5

സ്വവേശ്മനിവനേ തഥാ പുളിന ഭൂമിഷു
പ്രാന്തരേ.
ക്വ വാ വസതു യോഗിനോ വസതി മാനസം
ബ്രഹ്മണി
ഇദം മരുമരീചികാ സദൃശമാത്മ ദൃഷ്ട്യാഖിലം
നിരീക്ഷ്യരമതേ മുനിർ നിരുപമേ
പരബ്രഹ്മണി".

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുദേവൻ തിരുവണ്ണാമലയിൽ വച്ചു എഴുതിയതു മേൽക്കുറിച്ച മുനിചര്യാപഞ്ചകമാണെന്നു പൊതുവേ വിശ്വസിച്ചുപോരുന്നു. എന്നാൽ ഗുരുദേവൻ അവിടെവച്ചു രചിച്ച കവിത നിർവൃതി പഞ്ചകമാണെന്നു മറെറാരു അഭിപ്രായമുണ്ട്. ശിവഗിരി മഠത്തിലെ മുൻ പ്രസിഡൻറ് ശ്രീമദ് നിജാനന്ദസ്വാമിയുടെയും അഭിപ്രായം നിർവൃതി പഞ്ചകമാണെന്നാണ്. രമണമഹർഷിയെ പോയി നേരിട്ടു സന്ദർശിച്ചിരുന്ന മംഗളാനന്ദസ്വാമിയും ഇതേ അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ട്.

നിർവൃതിപഞ്ചകം

1

കോ നാമദേശഃകാ ജാതിഃ
പ്രവൃത്തിഃ കാ കിയദ്വയഃ
ഇത്യാദിവാദോപരതിർ-
യസ്യ തസൈ്യവ നിർവൃതിഃ

2

ആഗച്ഛ ഗച്ഛമാ ഗച്ഛ
പ്രവിശ ക്വനു ഗച്ഛസി
ഇത്യാദി വാദോപരതിർ—
യസ്യ തസൈ്യവ നിർവൃതിഃ

3

ക്വയാസ്യസി കദായാതഃ
കുത ആയാസി കോ സിവൈ
ഇത്യാദി വാദോപരതിർ-
യസ്യ തസൈ്യവ നിർവൃതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4

അഹംത്വം സോയ മന്തർഹി
ബഹിരസ്തി നവാസ്തിവാ
ഇത്യാദി വാദോപരതിർ
യസ്യത സ്യൈവ നിർവൃതി:

5

ജ്ഞാതാ ജ്ഞാത സമ: സ്വാന്യ–
ഭേദശൂന്യ: കുതോ ഭിദാ
ഇത്യാദി വാദോപരതിർ
യസ്യത സ്യൈവ നിർവൃതി:

മുനി ചര്യാപഞ്ചകമായാലും, നിർവൃതി പഞ്ചക മായാലും ഗുരുദേവൻ തിരുവണ്ണാമലയിൽ വച്ചു കവിത എഴുതി എന്ന യാഥാർത്ഥ്യത്തെക്കുറിച്ചു ആർക്കും തർക്കമില്ല. ഗുരുദേവൻെറ ജനന വർഷത്തെക്കുറിച്ചു പോലും തർക്കം നടക്കുന്ന ഈ കാലഘട്ടത്തിൽ മുനി ചര്യാപഞ്ചകത്തെക്കുറിച്ചും നിർവൃതി പഞ്ചകത്തെക്കുറിച്ചും രണ്ടഭിപ്രായമുണ്ടായതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

പ്രസിദ്ധ വാഗ്മിയും ഗുരുദേവഭക്തനുമായിരുന്ന മംഗളാനന്ദ സ്വാമികൾ തിരുവണ്ണാമല സന്ദർശിച്ചു ഗുരുവും മഹർഷിയുമായുണ്ടായ സംഭാഷണത്തെക്കുറിച്ചു ആരാഞ്ഞു. രമണമഹർഷിയുടെ മറുപടി യിതായിരുന്നു.

"എന്നോട് വേറൊന്നും സംസാരിച്ചില്ല. എല്ലാം അറിഞ്ഞവരാകക്കൊണ്ട് അവർക്കൊന്നും സംസാരിക്കാനുണ്ടായിരുന്നില്ല. മററുള്ളവർ എന്തെല്ലാമോ പറഞ്ഞു. എല്ലാം അറിഞ്ഞവരാകക്കൊണ്ട് അവർക്കൊന്നും സംസാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രിക്കാനുണ്ടായിരുന്നില്ല.'' എന്നു സംഭാഷണത്തിനിടയിൽ മഹർഷി ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു.

ഗുരുദേവൻെറ മിക്കവാറും എല്ലാ കൃതികളും രമണമഹർഷി സ്വന്തം കൈയ്യക്ഷരത്തിൽ അച്ചടിവടിവിൽ എഴുതി വച്ചിട്ടുള്ളതു കണ്ടിട്ടുണ്ടെന്നു നിജാനന്ദസ്വാമി അഭിപ്രായപ്പെടുകയുണ്ടായി. ഗുരുദേവൻ തിരുവണ്ണാമലയിൽ എത്തി വിശ്രമിക്കുന്ന സമയത്തു അച്യുതാനന്ദസ്വാമികരം ഗുരുദേവ കൃതികരം രമണമഹർഷിയെ വായിച്ചു കേരംപ്പിച്ചിരുന്നു.

രമണമഹർഷിയുടെ നിർദ്ദേശപ്രകാരം പില്ക്കാലത്തു ഒരാരം ശിവഗിരിക്കു സമീപ പ്രദേശത്തു വന്നു കുറച്ചു സ്ഥലം വാങ്ങിയതായും ആ സ്ഥലത്തു രമണമഹർഷി വന്നു തപസ്സുചെയ്തിട്ടുള്ളതായും ഒരു പണ്ഡിതൻ ഒരിക്കൽ ഉച്ചഭാഷിണിയിലൂടെ പ്രസംഗിക്കുന്നതു ലേഖകൻ കേരംക്കുവാനിടയായി. ഗുരുദേവനും രമണമഹർഷിയും തമ്മിലുണ്ടായ സന്ദർശനം ഇൻഡ്യയുടെ ആദ്ധ്യാത്മിക ചരിത്രത്തിൻെറ താളുകളിൽ സ്വർണ്ണലിപികളിൽ ലിഖിതമായിട്ടുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 46

ചൈതന്യസ്വാമികൾ

സന്ന്യാസി എന്ന വാക്കു കേൾക്കുമ്പോൾ തന്നെ തല മുണ്ഡനം ചെയ്തു കാവി വസ്ത്രം ധരിച്ചു ഭസ്മ ചന്ദനാദികൾ ലേപനംചെയ്തു കമണ്ഡലവും പേറി കഴിയുന്ന ഒരു മനുഷ്യന്റെ രൂപത്തെക്കുറിച്ചാണ് നാം സ്മരിക്കുന്നത്. എന്നാൽ ചൈതന്യ സ്വാമി അതിനൊരു അപവാദമായിരുന്നുവെന്നു വേണം കരുതുവാൻ.

ശ്രീനാരായണ ഗുരുദേവന്റെ ശിഷ്യന്മാരിൽഒരു സന്ന്യാസിയായിരുന്നു ചൈതന്യസ്വാമി. അദ്ദേഹത്തെക്കുറിച്ചും അല്പം പറയാം. വർക്കലെയ്ക്കു സമീപം കല്ലമ്പലത്തിനും പാരിപ്പള്ളിയ്ക്കുമിടയ്ക്ക് 'നാവായ്ക്കുളം' എന്നൊരു ദേശമുണ്ട്. അവിടെ 'വിലക്കുമത്തു' എന്നു പേരായ ഒരു പുരാതന നായർ തറവാടുണ്ട്. ആ തറവാട്ടിൽ 1052 മീനമാസത്തിലെ മൂലം നക്ഷത്രത്തിൽ നാരായണൻ ജനിച്ചു. പിതാവിന്റെ പേര് ശങ്കരനാരായണപിള്ളയെന്നും മാതാവിന്റെ പേര് കല്യാണിയെന്നുമായിരുന്നു.

ചൈതന്യസ്വാമിയുടെ ആദ്യപേര് 'നാരായണപിള്ള'യെന്നായിരുന്നു. കുട്ടിക്കാലം മുതല്ക്കു തന്നെ നാരായണപിള്ള വിഷ്ണുഭക്തനായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രുന്നു. 'ഓം നമോ നാരായണായ' എന്നു മന്ത്രം ജപിച്ചുകൊണ്ടു ശരീര ബോധമില്ലാതെ വളരെ സമയം ഇരിക്കുക പതിവായിരുന്നു. മത്സ്യമാംസങ്ങൾ വർജ്ജിച്ചിരുന്നു. നാരായണപിള്ളയുടെ ജീവിതരീതി മനസ്സിലാക്കിയ ചില ബ്രാഹ്മണ കുടുംബാംഗങ്ങൾ-ആ ബാലനു ഇഷ്ടമുള്ള ആഹാരംപാകംചെയ്തുകൊടുത്തു. നാരായണപിള്ളയുടെ ഗൃഹത്തിനു സമീപത്തുള്ള ബ്രാഹ്മണരാണു യഥാർത്ഥത്തിൽ നാരായണപിള്ളയെ വളർത്തിയതെന്നു വേണമെങ്കിൽ അവകാശപ്പെടാം.

നാരായണപിള്ള 14-ാം വയസ്സിൽ ചട്ടമ്പിസ്വാമിയുടെ ശിഷ്യനായി. കുറെ നാൾ കഴിഞ്ഞു ചട്ടമ്പിസ്വാമിയുടെ അനുഗ്രഹത്താലും നാരായണപിള്ളയുടെ ആഗ്രഹത്താലും അരുവിപ്പുറത്തു എത്തി. ശ്രീനാരായണ ഗുരുദേവനെ കണ്ടു. വണങ്ങി. ഗുരുദേവൻെറ കല്പനപ്രകാരം രാമായണവും മഹാഭാരതവും ഉപനിഷത്തുക്കളും പഠിച്ചു. അന്നത്തെ ആയുർവേദ വൈദ്യന്മാരിൽ പ്രമാണികളായിരുന്നു 'ചാവർ കോട്ടു വൈദ്യന്മാർ'. നാരായണപിള്ള ഗുരുദേവൻെറ ആജ്ഞപ്രകാരം നേരേ ചാവർകോട്ടേക്കുപോയി. ചാവർകോട്ടു വൈദ്യന്മാരിൽ നിന്നും ആയർൂവേദത്തിൽ അതിശയകരമാംവണ്ണം പ്രാവീണ്യം നേടി.

ഗുരുദേവൻെറ വലംകൈ ആയി നിന്ന് വൈദികകർമ്മങ്ങൾ ചെയ്യാനുള്ള ഭാഗ്യം നാരായണപിള്ളയ്ക്കു ലഭിച്ചു. കുളത്തൂർ, ആലുവാ എന്നീ സ്ഥലങ്ങളിൽ നിർമ്മിച്ച സ്ഥാപനങ്ങൾക്കു നേതൃത്വം നൽകിയതു നാരായണപിള്ളയായിരുന്നു. കോഴിക്കോട്ടു ശ്രീകണ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രേശ്വരം ക്ഷേത്രത്തിൻെറയും കണ്ണൂർ സുന്ദരേശ്വര ക്ഷേത്രത്തിൻെറയും നിർമ്മാണത്തിൻെറ മേൽനോട്ടം വഹിച്ചതു നാരായണപിള്ളയായിരുന്നു. കൂടാതെ പാലക്കാട്ടു വിശ്വേശ്വര ക്ഷേത്രത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങളിൽ നാരായണപിള്ള ഒരു നല്ല പങ്കു വഹിക്കുകയുണ്ടായി.

ഗുരുദേവൻെറ ഷഷ്ടിപൂർത്തി ദിനത്തിൽ മററു ശിഷ്യന്മാർക്കു ഗുരുദേവൻ കാവി വസ്ത്രം നല്കുകയുണ്ടായി. നാരായണപിള്ളയ്ക്കുകൂടി കാവി വസ്ത്രം നൽകണമെന്നു ശിഷ്യന്മാർ ഗുരുവിനോടു അഭ്യർത്ഥിച്ചു.

"ചൈതന്യം" എന്ന ദീക്ഷാനാമം നല്കി അനുഗ്രഹിച്ചതിനുശേഷം ഗുരുദേവൻ ഇങ്ങനെ അഭിപ്രായപ്പെട്ടു.

"ചൈതന്യത്തിനു കാവി വസ്ത്രം വേണ്ടാ" ചൈതന്യസ്വാമികൾ കാവി വസ്ത്രം ധരിക്കാതെ വെള്ളവസ്ത്രം മാത്രമാണു ധരിച്ചിരുന്നത്. വസ്ത്രത്തിൽ കാര്യമില്ലെന്നും പ്രവൃത്തിയിലാണു കാര്യമെന്നും ഗുരുദേവൻ ഉപദേശിച്ചു. ആ ഉപദേശമനുസരിച്ചുതന്നെ ചൈതന്യസ്വാമികൾ ജീവിച്ചു.

ഏതു പ്രവൃത്തിയും ഉദ്ദേശ്യ ശുദ്ധിയോടുകൂടി മാത്രമേ ചൈതന്യസ്വാമികൾ ചെയ്തിട്ടുള്ളുവെന്നതിനു ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാൻ സാധിക്കും. കോഴിക്കോട് ശ്രീ കണ്ഠേശ്വര ക്ഷേത്രം പണിഞ്ഞിരിക്കുന്നത് പളനി സുബ്രഹ്മണ്യ ക്ഷേത്രത്തിൻെറ മാതൃകയിലാണ്. ശ്രീനാരായണ ഗുരുദേവൻെറ നിർദ്ദേശപ്രകാരം പളനി സുബ്രഹ്മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്യ ക്ഷേത്രത്തിന്റെ വാസ്തു ശിൽപമാതൃകയും കണക്കുകളും കൊണ്ടുവരാൻ ചൈതന്യസ്വാമി പളനിയിലേക്കുപോയി. പോകുന്നതിനു മുമ്പു ഗുരുദേവൻ ഇങ്ങനെ കല്പിച്ചു. ‘‘അളവു വാങ്ങാതെ തിരികെ വരരുത്’’ ചൈതന്യസ്വാമി പളനിയിൽ, ചെന്നു. ക്ഷേത്രാധികൃതരെ കണ്ടു. യാത്രയുടെ ഉദ്ദേശ്യം അറിയിച്ചു. ക്ഷേത്രാധികൃതർ അളവും മററു കണക്കുകളും കൊടുക്കുവാൻ വിസമ്മതിച്ചു. ക്ഷേത്രാധികൃതരുടെ മനോഭാവം ഗ്രഹിച്ച ചൈതന്യസ്വാമി പളനി ക്ഷേത്രത്തിൽ സത്യാഗ്രഹമാരംഭിച്ചു. ഗത്യന്തമില്ലാതായപ്പോൾ ക്ഷേത്രഭാരവാഹികൾ അളവും കണക്കുകളും ചൈതന്യസ്വാമിയ്ക്ക് നൽകുകയുണ്ടായി. ചൈതന്യസ്വാമിയുടെ സത്യാഗ്രഹ കഥ ഇന്നും പളനിയിൽ ഭക്തജനങ്ങൾ പറഞ്ഞുപോരുന്നുണ്ട്.

യോഗവിദ്യയിൽ അതീവതാല്പര്യമുണ്ടായിരുന്നു ചൈതന്യസ്വാമികൾക്ക്. ചൈതന്യസ്വാമി ശില്പകലാ വിദഗ്ദ്ധൻ കൂടിയായിരുന്നു. വൈദികകർമ്മങ്ങളിൽ അതിയായ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. 1952-ൽ കണ്ണൂരിൽ വച്ചു സമാധിയടയുന്നതു വരെ ശ്രീനാരായണ ഗുരുദേവന്റെ സിദ്ധാന്തങ്ങൾക്കു പ്രചാരവേല നടത്തിപ്പോന്നു.

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 47

ദിവാൻവാട്ട്സും ശ്രദ്ധാനന്ദജിയും

തിരുവിതാംകൂറിലെ ദിവാനായിരുന്ന വാട്ട്സ് ശിവഗിരിയിൽ ചെന്നു ശ്രീ നാ രാ യണ ഗുരുദേവനെ സന്ദർശിക്കുകയുണ്ടായി. (മലയാളവർഷം 1101 ൽ) ആ സന്ദർശനത്തെക്കുറിച്ചു ദേശാഭിമാനി റിപ്പോർട്ടു ചെയ്തിരുന്നതെങ്ങനെയെന്നു നോക്കാം.

"ദിവാൻ മി. വാട്ട്സ് കഴിഞ്ഞ പതിനൊന്നാം തീയതി വൈകുന്നേരം ശിവഗിരിയിൽ വന്നു. ശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങളെ സന്ദർശിക്കയുണ്ടായി. വർക്കല റ്റി. ബി. യിൽ വിശ്രമിച്ചിരുന്ന അദ്ദേഹത്തെ കാണാൻ ചെന്ന ബ്രഹ്മശ്രീ ബോധാനന്ദസ്വാമികളും, നിത്യാനന്ദസ്വാമികളും, ഏ. കെ. ദാസ് മുതലായവരോടു ഗു രു ദേ വ നെ കാണണമെന്നുള്ള ദിവാൻജിയുടെ ആഗ്രഹത്തെ പ്രസ്താവിക്കുകയും അതിലേക്കു അടുത്തദിവസം തന്നെ സൗകര്യമുണ്ടാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തതനുസരിച്ച് വേണ്ട ഏർപ്പാടുചെയ്താണു സന്ദർശനം നടന്നത്. അതികഠോരമായ വർഷമുണ്ടായിട്ടും സന്ദർശനാവസരത്തെ ഭേദപ്പെടുത്താതെ ദിവാൻജി ശിവഗിരിയിൽ എത്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിവാൻജി കാറിൽ വന്നിറങ്ങിയ ഉടനെ ബോധാനന്ദ സ്വാമികൾ, സ്വാമി നിത്യാനന്ദൻ, സ്വാമി സുഗുണാനന്ദഗിരി, ശ്രീ ഏ. കെ. ദാസ്, ശ്രീ. കെ. എൻ. പണിക്കർ എന്നിവർ അദ്ദേഹത്തെ സ്വീകരിച്ച് സ്വാമി തൃപ്പാദങ്ങളുടെ സന്നിധിയിലേക്ക് ആനയിച്ചു. സംഭാഷണത്തിൽ സ്വാമികളെ സന്ദർശിക്കുവാൻ വളരെ നാളുകളായി ആഗ്രഹിക്കുന്നുവെന്നും. ഇപ്പോഴതിനു സംഗതിയായതിൽ ചാരിതാർത്ഥ്യപ്പെടുന്നുവെന്നും ക്ലിപ്തപ്പെടുത്തിയ സമയം അല്പം തെററിയതു ക്ഷമിക്കണമെന്നും, ശിവഗിരിയിലേയ്ക്കുള്ള റോഡ് ചീത്തയായികിടക്കുന്നതുകൊണ്ട് കുറേ ബുദ്ധിമുട്ടേണ്ടിവന്നുവെന്നും, ദിവാൻജി അവർകൾ പറഞ്ഞു. "റോഡുകൾ ഇനിയെങ്കിലും നന്നായിക്കൊള്ളും അല്ലേ ?" എന്നുമാത്രം സ്വാമി മറുപടിപറഞ്ഞു. ശിവഗിരിയിലെ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടു എത്ര കാലമായിഎന്നു ദിവാൻജി ചോദിച്ചു. "ഏകദേശം ഒരു കൊല്ലമാകും; ഒരു ഗുരുകുല വിദ്യാലയവും ബ്രഹ്മവിദ്യാലയവും സ്ഥാപിക്കുന്നതിന് ഇപ്പോൾ ശ്രമിക്കുന്നു. പൊതുവേ ജനങ്ങളുടെ ഉപയോഗത്തിന് ഏർപ്പെടുത്തിയിരിക്കുന്ന ഈ സ്ഥാപനങ്ങളുടെ സംഗതി ഗവർമെൻറും കൂടെ അറിഞ്ഞിരിക്കേണ്ടതാണ്". എന്നായിരുന്നു ഗുരുദേവൻെറ മറുപടി. ഈ അവസരത്തിൽ ശ്രീ. ഏ. കെ. ദാസ് ഏതാനും ബാലന്മാരെ ചൂണ്ടിക്കാണിച്ചു. "ഇവർ പറയക്കുട്ടികളാണെന്നും ഇവരെ ആശ്രമത്തിലെടുത്ത് മനുഷ്യരാക്കിയിരിക്കയാണെന്നും." സായിപ്പിനോടുപറഞ്ഞപ്പോൾ ഗുരുദേവൻ ഇങ്ങനെ തിരുത്തി" അവർ ആദ്യമേ മനുഷ്യർ തന്നെ; പക്ഷെ, ആ സംഗതി മററുള്ളവർ വകവച്ചുകൊടുക്കാതിരുന്നതാണ്"

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"ഒടുവിൽ ഒരു തുളസിമാല സ്വാമികൾ ദിവാൻജിയുടെ കഴുത്തിലിടുകയും ഒരു മധുരനാരങ്ങ കൈയ്യിൽ കൊടുക്കുകയും ചെയ്തു. ദിവാൻജി ഹൃദയപൂർവ്വം നന്ദിപ്രകാശിപ്പിച്ചു വീണ്ടും കണ്ടുകൊള്ളാമെന്നു പറഞ്ഞു യാത്രയായി. ശ്രീ. ദാസും ശ്രീ. പണിക്കരും അനുയാത്രചെയ്തു. ദിവാൻജി ശാരദാമഠത്തിന്റെ മുമ്പിൽവന്നു നിന്ന് മഠത്തെപ്പററിയും അവിടത്തെ ആരാധനാസമ്പ്രദായത്തെപ്പററിയും മററും ചോദിച്ചറിഞ്ഞു. ആശ്രമത്തിൽനിന്നു ലഭിച്ച ആചാരോപചാരങ്ങൾക്കു നന്ദിപറഞ്ഞു മടങ്ങി".

വളരെ താമസിയാതെ തന്നെ ആര്യസമാജത്തിന്റെ മേധാവിയായിരുന്ന ശ്രദ്ധാനന്ദജി ശിവഗിരിയിൽ ചെന്ന് സ്വാമി തൃപ്പാദങ്ങളെ സന്ദർശിക്കുകയുണ്ടായി. അദ്ദേഹം ഈ കാലഘട്ടത്തിൽ തിരുവിതാംകൂറിൽ വരാൻ പ്രത്യേകമൊരു സാഹചര്യം കൂടി ഉണ്ടായിരുന്നു.

1089-ൽ കടയ്ക്കാവൂർ സുബ്രഹ്മണ്യൻ കോവിലിൽ ഉല്പതിഷ്ണുക്കളായ കുറെ ഈഴവയുവാക്കന്മാർ പ്രവേശിച്ചതിൽ നിന്നും ലഭിച്ച വാശിയും വീറുമാണു യഥാർത്ഥത്തിൽ വൈക്കം സത്യാഗ്രഹത്തിനു സാക്ഷാൽ ററി. കെ. മാധവനു പ്രചോദനം നൽകിയത്. എന്നാൽ വൈയ്ക്കം സത്യാഗ്രഹത്തിൽ നിന്നും ലഭിച്ച പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് ഏതാനും ഈഴവയുവാക്കന്മാർ ഒരു അഡ്വക്കേററിന്റെ നേതൃത്വത്തിൽ പാലക്കാടു ജില്ലയിലെ 'കല്പാത്തി' എന്ന സ്ഥലത്തെ റോഡിലൂടെ നടക്കുവാൻ ശ്രമിച്ചു. ക്ഷുഭിതരായ ബ്രാഹ്മണർ കൂട്ടം ചേർന്നു സാധുക്ക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളായ ആ യുവാക്കന്മാരെ തല്ലി. തല്ലുകൊണ്ടു കാൽ ഒടിഞ്ഞവരുണ്ട്, കൈഒടിഞ്ഞവരുണ്ട്, ക്ഷയരോഗികളായി മാറിയവരുണ്ട്. മനുഷ്യത്വം തൊട്ടുതേച്ചിട്ടു പോലുമില്ലാത്തതരത്തിലുള്ളതായിരുന്നു ബ്രാഹ്മണരുടെ മർദ്ദനം. കല്പാത്തിയിലെ മർദ്ദനവാർത്ത എല്ലായിടത്തും പരന്നു. ഒരു വിഭാഗം ജനങ്ങളിൽ വൈരാഗ്യത്തിൻെറ തീജ്വാല പടർന്നുപിടിച്ചു. ഈ അവസരത്തിൽ ആര്യസമാജക്കാർ അവരുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി. തത്ഫലമായി 'ഈഴവർ, ചെറുമർമുതലായ ജാതിക്കാർ ധാരാളമായി ആര്യസമാജത്തിൽ ചേർന്നു. ഈഴവർ വീണ്ടും കല്പാത്തി റോഡിലൂടെ നടന്നു. അതിനെയും ബ്രാഹ്മണർ എതിർത്തു. എതിർക്കുകമാത്രമല്ലാ ആക്രമിക്കുകയാണു ചെയ്തത്. ബ്രാഹ്മണരുടെ അഭ്യർത്ഥനയെമാനിച്ചുകൊണ്ടു മദ്രാസു ഗവൺമെൻറ് ഒരു ഉത്തരവു പുറപ്പെടുവിച്ചു. അതു എന്തെന്നു അറിയേണ്ടേ ?

"ഈഴവർ, ചെറുമർ എന്നിവർ അഗ്രഹാരത്തിൽ പ്രവേശിക്കുവാൻ പാടില്ല" ഈ ഉത്തരവു നടപ്പിലാക്കാൻപാടില്ലാ എന്നു ആര്യസമാജക്കാർ മദ്രാസ്സ് ഗവർണ്ണരോടു അഭ്യർത്ഥിച്ചു. ആര്യസമാജക്കാരുടെ അപേക്ഷയിൽ അടങ്ങിയിരുന്ന മാനുഷികമൂല്യത്തെ മദ്രാസ് ഗവർണ്ണർ വിലമതിക്കുകയും സർക്കാരിൻെറ ഉത്തരവു റദ്ദാക്കുകയും ചെയ്തു. ഈ സന്ദർഭത്തിൽ സ്വാമി ശ്രദ്ധാനന്ദജി പാലക്കാട്ടു വിശ്രമിക്കുകയായിരുന്നു. അദ്ദേഹം തിരികെ പോകുന്നതിനു മുമ്പു ശ്രീനാരായണഗുരുദേവനെ കാണണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. അനുയായികൾ അതിനുവേണ്ടുന്ന ഒരുക്കങ്ങൾ ചെയ്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രദ്ധാനന്ദജിയെ രണ്ടു കൈകളും നീട്ടി ഗുരുദേവൻ സ്വീകരിച്ചു. കുശലപ്രശ്നങ്ങൾക്കു ശേഷം സ്വാമി ശ്രദ്ധാനന്ദജി ഇങ്ങനെ തുടങ്ങി.

''സ്വാമികളെപ്പററി മുമ്പേ തന്നെ കേട്ടിട്ടുണ്ട്. ഈയിടെയാണ് നല്ലവണ്ണം അറിഞ്ഞത്. അധഃസ്ഥിതരുടെ ഉദ്ധാരണത്തിനായി സ്വാമികൾ പലതും ചെയ്തിട്ടുണ്ടെന്നറിയാം.''

ഗുരുദേവൻ: നാം ഒന്നും പ്രവർത്തിക്കുന്നില്ലല്ലോ ?

ശ്രദ്ധാനന്ദജി: പ്രവൃത്തി ഉണ്ടാകാതിരിക്കയില്ല, പ്രവൃത്തി ഉണ്ടെങ്കിലേ നിവൃത്തിയുമുള്ളുവല്ലോ,

ഗുരുദേവൻ: ഇവിടെ നമുക്ക് ഒരു നിവൃത്തിയും ഇല്ല (രണ്ടു പേരും ചിരിച്ചു)

ശ്രദ്ധാനന്ദജി: സ്വാമികളുടെ ശക്തി മൂലം ഞങ്ങളുടെ ജോലി വളരെ ലഘുവായിട്ടുണ്ട്.

ഗുരുദേവൻ: നമുക്കു ശക്തിയില്ലല്ലോ!

ശ്രദ്ധാനന്ദജി: ശരീരശക്തിയില്ല. ആത്മീയ ശക്തി സ്വാമികൾക്കു വേണ്ടുവോളം ഉണ്ടെന്നറിയാം.

ഗുരുദേവൻ കായശക്തി ഇല്ലെന്ന് കണ്ടാൽ അറിയാമല്ലോ.

ശ്രദ്ധാനന്ദജി: കേരളത്തിൽ ജാതിശല്യങ്ങളില്ലാതാക്കാൻ ആര്യസമാജം പ്രവൃത്തി തുടങ്ങണമെന്നു വിചാരിക്കുന്നു. സ്വാമികൾ അനുകൂലമായി ഒരു കല്പന പുറപ്പെടുവിക്കണം.

ഗുരുദേവൻ: നമുക്കുവിരോധമില്ല. ആര്യസമാജമല്ലല്ലൊ, ധൈര്യ സമാജമല്ലേ ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രദ്ധാനന്ദജി: "എങ്കിൽ സ്വാമികൾ ആശിർവദിക്കണം". ഗുരുദേവൻെറ ആശിർവാദം ഏററുവാങ്ങിക്കൊണ്ടു ശ്രദ്ധാനന്ദജി യാത്രപറഞ്ഞു പിരിഞ്ഞു.

ശ്രദ്ധാനന്ദജി തന്നെ അനുഗ്രഹിക്കണമെന്നു ഗുരുദേവനോടു അപേക്ഷിച്ചതിൽ നിന്നും ഗുരുദേവനുണ്ടായിരുന്ന ആത്മീയ ശക്തി എന്തായിരുന്നുവെന്നു ഊഹിക്കാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 48

സി.വി. കുഞ്ഞുരാമനുമായുള്ള സംവാദം

മലയാള സാഹിത്യരംഗത്തും പത്രപ്രവർത്തനരംഗത്തും ഒരുപോലെ ശോഭിച്ച ഒരു പ്രസിദ്ധ വ്യക്തിയാണു സി. വി. കുഞ്ഞുരാമൻ. നിരൂപണ പ്രസ്ഥാനത്തിലും തൻേറതായ വ്യക്തിത്വം അദ്ദേഹം പുലർത്തിയിട്ടുണ്ട്.

1871-ൽ മയ്യനാട്ടു ജനിച്ച സി. വി. 1949-ൽ നിര്യാതനായി. കുട്ടിക്കാലത്തു തന്നെ രാമായണവും ഭാരതവും വായിച്ചുപഠിക്കാൻ അദ്ദേഹത്തിനു അവസരം ലഭിച്ചു. സി. വി. തന്നെ രേഖപ്പെടുത്തിയിട്ടുള്ളതു നോക്കാം. "പഠിപ്പിൻെറ അവസ്ഥപോലെ ചിലർ ഭാരതവും, വലിയ ഭക്തൻമാർ ഭാഗവതവും വായിക്കാറുണ്ട്. എൻെറ വായന എഴുത്തച്ഛൻെറ അദ്ധ്യാത്മരാമായണമായിരുന്നു. വൃശ്ചികമാസം അവസാനിക്കുന്ന ദിവസം രാമായണം വായനയും അവസാനിക്കണം. ഇക്കാര്യത്തിൽ ഉടയാടശ്ശേരി വേലായുധൻ വൈദ്യർ വലിയ പ്രോത്സാഹനം തന്നിരുന്നു''.

രാമായണവും മഹാഭാരതവും കുട്ടിക്കാലത്തു തന്നെ പഠിച്ചു ഹൃദിസ്ഥമാക്കാൻ കഴിഞ്ഞ സി. വി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പില്ക്കാലത്തു ഒരു സ്വതന്ത്ര ചിന്തകൻകൂടിയായി ത്തീർന്നു. സി. വി. യുടെ പേനക്ക് മൂർച്ചയുണ്ടായി രുന്നു. ഒന്നിനെയും അന്ധമായി വിശ്വസിക്കുന്ന പ്രകൃതം സി. വി. ക്ക് ഇല്ലായിരുന്നു. ഉരച്ചുനോക്കു ക, അതിൽ വിലമതിക്കുന്ന വസ്തുക്കൾ ഉണ്ടെങ്കിൽ കണ്ടെത്തുക. ഇല്ലാത്തതിനെ അഗണ്യകോടിയിൽ തള്ളുക ഇതായിരുന്നു പതിവ്.

ഗുരുദേവന്റെ "ഒരു ജാതി, ഒരു മതം ഒരു ദൈവം എന്ന ആദർശത്തെ അനുയായികൾ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നു സി. വി. സൂക്ഷ്മപരിശോധന നട ത്തി. അനുയായികൾ മാത്രമല്ലാ ചില ദോഷൈകദൃ ക്കുകളുടെ വ്യാഖ്യാനവും ആരോഗ്യപരമായരീതിയില ല്ലായിരുന്നു. എന്തായാലും ശ്രീനാരായണ ഗുരുദേവ നുമായി സംസാരിച്ചു ഒരു വിശദീകരണം തേടേണ്ടതാ ണെന്നു സി. വി. തീരുമാനിച്ചു. ഗുരുദേവനും സി. വി. യും തമ്മിലുണ്ടായ സംവാദം ശ്രദ്ധിക്കാം.

ഞാൻ:- "ഒരു ജാതി. ഒരു മതം, ഒരു ദൈവം മനുഷ്യ ന്, എന്നുള്ള തൃപ്പാദങ്ങളിലെ ധർമ്മോപദേ ശം ശിഷ്യസംഘം ഇപ്പോൾ മുദ്രാവാക്യമായി സ്വീകരിച്ചിരിക്കുകയാണ്. എന്നാൽ ഇതു ശരിയായ ധർമ്മോപദേശം തന്നെയോ എന്നു പലരും സംശയിക്കുകയും ചിലർ അതിനെ ആക്ഷേപിക്കുകയും ചെയ്യുന്നു. മഹാത്മാ ഗാന്ധി ഈ ആശ്രമം സന്ദർശിച്ച അവസര ത്തിൽ അദ്ദേഹത്തിനു ഇതിലുള്ള വിപ്രതി പത്തി പ്രസ്താവിക്കുകയുണ്ടായി, അതു മാത്രമല്ല, പലരുംഈഉപദേശത്തെ പലപ്രകാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രത്തിൽ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ഈ വ്യാഖ്യാനങ്ങളിൽ പലതും കേട്ടിട്ട് "വ്യാഖ്യാതാക്കന്മാരിൽനിന്നും എന്നെരക്ഷിക്കണമേ" എന്നു ആശാൻ (കുമാരനാശാൻ) പ്രാർത്ഥിച്ചതല്ലാതെ ശരിയായ വ്യാഖ്യാനം എന്തെന്നു അദ്ദേഹവും പറഞ്ഞിട്ടില്ല. തൃപ്പാദങ്ങളിൽ നിന്നു ഇതിനു ശരിയായവ്യാഖ്യാനം അരുളിച്ചെയ്തെങ്കിലല്ലാതെ എത്ര യുക്തിയുക്തമായി ഞങ്ങളൊക്കെ വ്യാഖ്യാനിച്ചാലും ജനങ്ങൾ അതിൽപൊതുവേ തൃപ്തരായിത്തീരുന്നതല്ല.

സ്വാമി:- കുഞ്ഞുരാമൻ ഇതിനെ എങ്ങനെയാണ് വ്യാഖ്യാനിക്കുന്നത് ?

ഞാൻ:- "ഒരു ജാതി മനുഷ്യന്" എന്നതിന്റെ വ്യാഖ്യാനം സുഗമമായിത്തോന്നുന്നുണ്ട്.

"മനുഷ്യാ ണാം മനുഷ്യത്വം
ജാതിർഗ്ഗോത്വം ഗവാംയഥാ"

എന്നു തൃപ്പാദങ്ങൾ തന്നെ അരുളി ചെയ്തിട്ടുള്ളതുകൊണ്ടും മനുഷ്യത്വംകൊണ്ടു മനുഷ്യരെല്ലാം ഒരുജാതിയെന്നുള്ളതിൽ ആർക്കും വിപ്രതിപത്തി ഉണ്ടാവാൻ ന്യായമില്ലാത്തതുകൊണ്ടും അതിനെപററി ആക്ഷേപം ഒന്നുമില്ല. "ഒരു ദൈവം മനുഷ്യന്" എന്നതിനെ ദൈവ വിശ്വാസമുള്ളവർക്കു ആക്ഷേപിക്കാൻ നിവൃത്തിയില്ല. "ഒരു മതം" എന്നതിനെപ്പററിയാണു എല്ലാപേർക്കും സംശയം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'പല മതസാരവുമേകമെന്നു പാരാ—
തുലകിലൊരാനയിലന്ധരെന്നപോലെ
പല വിധ യുക്തി പറഞ്ഞു പാമരന്മാർ''
അലയുന്നു. എന്നു തൃപ്പാദങ്ങൾ അരുളിച്ചെയ്തിട്ടുള്ളത് ഈ സംശയ നിവൃത്തിക്കു വേണ്ടിടത്തോളം പര്യാപ്തമാകാത്തതു കൊണ്ടാണ് ഒരു വ്യാഖ്യാനം ആവശ്യമായി വന്നിരിക്കുന്നത്.

സ്വാമി:- ''പല മതസാരവുമേക'' മെന്നതിനെപ്പററി ആർക്കെങ്കിലും ആക്ഷേപമുണ്ടോ ?

ഞാൻ:– അതിലും ആക്ഷേപമുണ്ടെന്നുവാദിക്കാവുന്നതാണ്. ആസ്തികമതത്തിൻെറയും നാസ്തികമതത്തിൻെറയുംസാരം ഒന്നല്ലല്ലോ

സ്വാമി:- മതമെന്ന വാക്കിൻെറ നാനാർത്ഥമാണ് ഈ ഭ്രമത്തെ ഉണ്ടാക്കുന്നത്. നാസ്തികവാദം ചില വ്യക്തികൾ പുറപ്പെടുവിച്ചിട്ടുള്ള 'അഭിപ്രായങ്ങൾ മാത്രമാണ്. അത് ഒരിക്കലും ഒരു ജന സമുദായത്തിൻെറ മതമായിരുന്നിട്ടില്ല.

ഞാൻ:- ബുദ്ധമതത്തേയും ചിലർ നാസ്തികമതമെന്നു പറയുന്നുണ്ട്.

സ്വാമി:- അതു ശരിയാണോ ? നിങ്ങളൊക്കെ ബുദ്ധമത പക്ഷക്കാരല്ലേ!

ഞാൻ:- ഈശ്വര വിശ്വാസം എന്നാൽ ആരെക്കുറിച്ച് അല്ലെങ്കിൽ എന്തിനെക്കുറിച്ചുള്ള വിശ്വാസമെന്ന്, തങ്ങളുടെ വിശ്വാസത്തെക്കുറിച്ചു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്നെസൂക്ഷ്മബോധമില്ലാത്തവരുടെആക്ഷേപമാണ് ഇതെന്നാണ് ഞാൻ അറിഞ്ഞിടത്തോളം ബുദ്ധമതത്തെക്കുറിച്ചു എനിക്കുള്ള വിശ്വാസം.

സ്വാമി:- ബുദ്ധമതം നാസ്തികമതമായിരിക്കാൻ ഇടയില്ല. ശുദ്ധ നാസ്തികമതത്തിൽ ഇത്ര വലിയ ഒരു ജനസമുദായത്തിന് ഇത്ര ദീർഘകാലം വിശ്വാസം നിലനില്ക്കുക എന്നുള്ളത് സംഭാവ്യമല്ല. കുഞ്ഞുരാമൻ നാസ്തികനോആസ്തികനോ എന്ന് ഇപ്പോഴുള്ളവിശ്വാസത്തെ അപഗ്രഥനം ചെയ്തു തീർച്ചപ്പെടുത്തിയിട്ടുണ്ടോ ?

ഞാൻ:- ഉണ്ട്, എൻെറദൃഢമായ വിശ്വാസം ഇതേവരെ ഞാൻ ആസ്തികൻ എന്നാണ്.

സ്വാമി:- നാസ്തികവാദം ചെയ്തുവരുന്നു എന്നു കേട്ടിട്ടുണ്ട്.

ഞാൽ:- എന്നെക്കുറിച്ചു അങ്ങനെ കേട്ടതു അത്ഭുതമല്ല. നാസ്തികന്മാരെ ഖണ്ഡിക്കാൻ ശ്രമിച്ചിട്ടുള്ള ആസ്തികരോടും, ആസ്തികരെ ഖണ്ഡിക്കാൻ ശ്രമിച്ചിട്ടുള്ള നാസ്തികരോടും ഞാൻ വാദിച്ചിട്ടുണ്ട്.

സ്വാമി:- വാദത്തിനുവേണ്ടി വാദിക്കരുത്, സംശയനിവൃത്തിക്കും തത്വപ്രകാശനത്തിനും വേണ്ടി വാദിക്കാം ആസ്തിക മതങ്ങൾക്കു ബാഹ്യരൂപത്തിലല്ലാതെആഭ്യന്തര രൂപത്തിൽവ്യത്യാസമുണ്ടോ ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞാൻ;- ചില സംഗതികൾ ആലോചിച്ചാൽ ആഭ്യന്തര രൂപത്തിലും വ്യത്യാസമുണ്ടെന്നു പറയേണ്ടി യിരിക്കുന്നു.

സ്വാമി:- എന്താണു വ്യത്യാസം ?

ഞാൻ:- ഈ പ്രപഞ്ചം ഒരു സ്രഷ്ടാവ് സൃഷ്ടിച്ച താണെന്നും, അതല്ല ബ്രഹ്മത്തിൽ നിന്നും പരിണാമവാദികൾപറയുന്നതുപോലെ ആകാ ശം,വായു,അഗ്നി ഇത്യാദി പഞ്ചഭൂതങ്ങൾ ഉ ണ്ടായി, അവയുടെ അന്യോന്യ സംശ്രയത്താ ലും സംശ്രയീ ഭാവത്താലും കാലാന്തരത്തിൽ ഉണ്ടായിവന്നതാണെന്നും, അതുപോലെതന്നെ ആത്മാവ് ശൂന്യത്തിൽനിന്ന് സ്രഷ്ടാവ് സൃ ഷ് ടി ച്ച താ ണെ ന്നും അതല്ല ബ്രഹ്മ ത്തിൻെറ തന്നെ അംശം അഥവാ ബ്രഹ്മം തന്നെ ആണെന്നും, പുനർജ്ജന്മം ഉണ്ടെ ന്നും ഇല്ലെന്നും, കർമ്മവിശ്വാസം ശരിയാണെ ന്നും അല്ലെന്നും മതങ്ങൾ ആഭ്യന്തര, തത്ത്വങ്ങ ളിൽ തന്നെ ഭിന്നങ്ങളായികാണപ്പെടുന്നുണ്ട്.

സ്വാമി:- തത്ത്വങ്ങളിൽ ഭിന്നതയുണ്ടെങ്കിലും ഈ ഭിന്ന മതങ്ങളുടെ ഉദ്ദേശങ്ങളിൽ ഭിന്നതയുണ്ടോ ?

ഞാൻ:- അതിലും ഭിന്നതയുണ്ടെന്നു പറയാം, ചില തു സ്വർഗ്ഗപ്രാപ്തിമാത്രം, ആദർശമാ യും, മററു ചിലതു സ്വർഗ്ഗത്തേക്കാൾ ഉപ രിയായ മോക്ഷപ്രാപ്തി ആദർശമായും സ്വീ കരിച്ചിരിക്കുന്നു,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാമി:- സ്വർഗ്ഗാനുഭൂതിയുണ്ടായ ഒരുവന് അതിലും ഉപരിയായ ഒരു സ്ഥാനമുണ്ടെന്ന തത്ത്വാവബോധം ഉണ്ടാവില്ലേ ?

ഞാൻ:- ഉണ്ടാവേണ്ടതാണ്.

സ്വാമി:- ഉണ്ടാവും നിശ്ചയമായും ഉണ്ടാവും. മോക്ഷത്തെപ്പററി പ്രതിപാദിക്കുന്ന മതങ്ങൾ സ്വർഗ്ഗത്തെ നിഷേധിക്കുന്നില്ലല്ലോ. ഭൂലോകം, ഭൂവർലോകം മുതലായി ഊർദ്ധ്വഗതിക്കു ഏഴുലോകങ്ങളും അനന്തരം സാലോക്യ, സാമീപ്യ, സാരൂപ്യ, സായുജ്യങ്ങളുമല്ലേ— മോക്ഷത്തിലേക്കുള്ള പടികളായി വച്ചിരിക്കുന്നത് ? ഇതിൽ ഏതെങ്കിലും ഒരു പടിയിൽ പ്രവേശിച്ചവനു അടുത്ത പടിയിലേയ്ക്കു താല്പര്യമുണ്ടാകാതിരിക്കുമോ ?

ഞാൻ:- ഈ എല്ലാ പടികളും എല്ലാ മതക്കാരും സമ്മതിക്കുന്നില്ല

സ്വാമി:- അതുകൊണ്ടെന്താണ് ? ഊർദ്ധ്വഗതിയെയല്ലാതെ അധോഗതിയെ ഏതെങ്കിലും മതം ഉപദേശിക്കുന്നുണ്ടോ ?

ഞാൻ:- അതില്ല.

സ്വാമി:- എല്ലാ മതങ്ങളുടേയും ഉദ്ദേശ്യം ഒന്നുതന്നെ. നദികൾ സമുദ്രത്തിൽ ചേർന്നാൽപിന്നെ തിരക്കുഴിയെന്നും നടുക്കടലെന്നും ഉണ്ടോ ? ജീവാത്മാക്കൾക്കു ഊർദ്ധ്വമുഖത്വം ഉണ്ടാക്കുവാനുള്ള അധികാരമേ മതങ്ങൾക്കുള്ളു. അതുണ്ടാക്കിക്കഴിഞ്ഞാൽ സൂക്ഷ്മം അവർ താനേ അന്വേഷിച്ചുകണ്ടെത്തിക്കൊള്ളും. സൂക്ഷ്മാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്വേഷണത്തെ സഹായിക്കുന്ന മാർഗ്ഗദർശികൾ മാത്രമാണ് മതങ്ങൾ. സൂക്ഷ്മം അറിഞ്ഞവനു മതം പ്രമാണമല്ല. മതത്തിന് അവർ പ്രമാണമാണ്. ബുദ്ധമതം പഠിച്ചാണോ ബുദ്ധൻ നിർവ്വാണമാർഗ്ഗം ഉപദേശിച്ചത്? ബുദ്ധൻ നിർവ്വാണമാർഗ്ഗം ആരാഞ്ഞറിഞ്ഞ് ആ മാർഗ്ഗം ഉപദേശിച്ചു. അതു പിന്നീട് ബുദ്ധമതമായി. ബുദ്ധന് ബുദ്ധമതം കൊണ്ടു പ്രയോജനമുണ്ടോ?

ഞാൻ: ഇല്ല

സ്വാമി: ക്രിസ്തുവിന് ക്രിസ്തുമതംകൊണ്ടും പ്രയോജനമില്ല. അതുപോലെ മററു മതങ്ങളെക്കുറിച്ചും പറയാവുന്നതാണ്. എന്നാൽ ബുദ്ധമതംകൊണ്ടു ബുദ്ധമതക്കാർക്കും ക്രിസ്തുമതം കൊണ്ടു ക്രിസ്തുമതക്കാർക്കും പ്രയോജനമുണ്ട്. അതുപോലെ എല്ലാമതങ്ങളും അതാതുമതാനുയായികൾക്കു പ്രയോജനമുള്ളവതന്നെ.

ഞാൻ: ഹിന്ദുക്കൾ ഇങ്ങനെ അല്ലല്ലോ പറയുന്നത്

സ്വാമി: അവർ പിന്നെ എങ്ങനെ പറയുന്നു?

ഞാൻ: അവർ വേദം പ്രമാണമാക്കിപ്പറയുന്നു. വേദം അപൗരുഷേയമാണ്. അതു ബ്രഹ്മമുഖത്തുനിന്നും പുറപ്പെട്ടതാണ്. അതിനാൽ വേദത്തിനുമീതെ ഒരുപ്രമാണ പുരുഷൻ ഉണ്ടാവാൻ പാടില്ല എന്നതാണ് അവർ വാദിക്കുന്നത്.

സ്വാമി: ക്രിസ്ത്യാനികൾ അവരുടെ പത്തു കല്പനയെക്കുറിച്ചു എന്തു പറയുന്നു? അതും ദൈവത്തിൽനിന്നു പുറപ്പെട്ടതാണെന്നല്ലേ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞാൻ: അങ്ങനെതന്നെയാണ്

സ്വാമി യഹോവായ്ക്ക് എബ്രായ ഭാഷയും ബ്രഹ്മാവിനു പ്രാചീന സംസ്കൃത ഭാഷയുമേ നിശ്ചയമുണ്ടായിരുന്നുള്ളോ? വേദം അപൗരുഷേയം എന്നു പറയുന്നതിനു വേദമന്ത്രങ്ങളുടെ എല്ലാററിൻേറയും കർത്താക്കന്മാർ ആരെന്നുനമുക്കു നിശ്ചയമില്ലെന്നേ അർത്ഥമാക്കേണ്ടു. വേദപ്രതിപാദിതങ്ങളായ തത്വങ്ങൾ അപൗരുഷേയങ്ങളാണെന്നും അർത്ഥമാക്കാം.

ഞാൻ: വേദത്തിൻേറ പ്രാമാണ്യത്തെ ബുദ്ധമുനി നിഷേധിച്ചിട്ടുണ്ട്. മുണ്ഡകോപനിഷത്തും വേദം അപ്രധാനശാസ്ത്രമെന്നു പറയുന്നു.

സ്വാമി: ഒന്നിനേയും ഇത്രമാത്രം ശരിയെന്നുപ്രമാണമാക്കേണ്ടാ. എല്ലാററിനേയും ശരിഏതെന്നുള്ള അന്വേഷണത്തിന്, ഉപകരണമാക്കാം. അന്വേഷണബുദ്ധിയും ജ്ഞാനതൃഷ്ണയുമുള്ളവരെ സംബന്ധിച്ചു മാത്രമേ ഈ ഉപദേശം സാധുവാകയുള്ളൂ. സാമാന്യജനങ്ങൾക്കു അവർ വിശ്വസിക്കുന്ന മതത്തിന് ആധാരമായ ഗ്രന്ഥം പ്രമാണമായിത്തന്നെ ഇരിക്കണം.

ഞാൻ: അങ്ങനെ പ്രമാണമാക്കുന്ന ഗ്രന്ഥങ്ങളിൽധർമ്മവിരുദ്ധമായ ഉപദേശങ്ങൾ ഉണ്ടെങ്കിൽ സാമാന്യജനങ്ങൾ അതും വിശ്വസിക്കുവാൻ ഇടവരുമല്ലോ.

സ്വാമി: അങ്ങനെ വരാതിരിക്കാൻ മതഗുരുക്കന്മാർ സൂക്ഷിക്കേണ്ടതാണ്. ദയാനന്ദ സരസ്വതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേദം പ്രമാണമാക്കുന്നുണ്ടെങ്കിലും വേദത്തിൽ അസംബന്ധമായുള്ള ഭാഗം കൃത്രിമമെന്നു തള്ളിക്കളയുന്നില്ലേ ? അങ്ങനെയാണ് എല്ലാ മതാചാര്യന്മാരും ചെയ്യേണ്ടത്.

ഞാൻ:- ത്യാജ്യഗ്രാഹ്യ വിവേചനത്തോടുകൂടി എല്ലാ മത ഗ്രന്ഥങ്ങളും പഠിക്കണമെന്നാണു തൃപ്പാദങ്ങളുടെഉപദേശസാരമെന്നു ഞാൻ മനസ്സിലാക്കട്ടെയോ ? അത് ശരിയായിരിക്കുമോ ?

സ്വാമി:-നമ്മുടെ ഉപദേശ സാരം അതുതന്നെയാണ്. ആലുവായിൽ വച്ചു കൂടിയ സർവ്വമത സമ്മേളനാവസരത്തിൽ നാം അതു പ്രസ്താവിച്ചിട്ടുണ്ടല്ലോ. രാജ്യങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലുമുള്ള ശണ്ഠ ഒന്നു മറ്റൊന്നിനെ തോല്പിക്കുമ്പോൾ അവസാനിക്കും. മതങ്ങൾ തമ്മിൽ പൊരുതിയാൽ ഒടുങ്ങാത്തതു കൊണ്ടു ഒന്നിനു മറ്റൊന്നിനെ തോല്പിക്കുവാൻ കഴിയുകയില്ല. ഈ മതപ്പോരിനു അവസാനമുണ്ടാകണമെങ്കിൽ സമബുദ്ധിയോടുകൂടി എല്ലാ മതങ്ങളും എല്ലാവരും പഠിക്കണം, അപ്പോൾ പ്രധാനതത്വങ്ങളിൽ അവയ്ക്കുതമ്മിൽ സാരമായ വ്യത്യാസമില്ലെന്ന് വെളിപ്പെടുന്നതാണ്. അങ്ങനെ വെളിപ്പെട്ടു കിട്ടുന്ന മതമാണ് നാം ഉപദേശിക്കുന്ന ഏകമതം.

ഞാൻ:- ഇനിയും ഒരു സംശയം കൂടിയുണ്ട്.

സ്വാമി;-എന്താണ് ?

ഞാൻ;- മത പരിവർത്തനോത്സാഹം സമുദായത്തിൽ ഇപ്പോൾ വർദ്ധിച്ചു വരുന്നുണ്ട്. ചിലർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധമതം നന്നെന്നും ചിലർ ക്രിസ്തുമതം നന്നെന്നും ചിലർ ആര്യസമാജം നന്നെന്നും ഇങ്ങനെ ഉത്സാഹം പലവഴിക്കായിട്ടാണ് കണ്ടുവരുന്നത്. മത പരിവർത്തനം ആവശ്യമില്ലെന്ന് പറയുന്നവരും ഉണ്ട്.

സ്വാമി:-മതത്തിന് ആഭ്യന്തരവും ബാഹ്യവുമായ രണ്ടു വശങ്ങൾ ഉണ്ട്. ഇവയിൽ ഏതിനാണു പരിവർത്തനം വേണമെന്ന് പറയുന്നത് ? ബാഹ്യമായ മാററത്തിനാണുത്സാഹമെങ്കിൽ അതു മത പരിവർത്തനമല്ല, സമുദായ പരിവർത്തനമാണ്. ആഭ്യന്തരമതത്തിനു പരിവർത്തനം ചിന്താശീലമുള്ള ഓരോ വ്യക്തികളിലും ക്രമേണ സംഭവിച്ചുകൊണ്ടു തന്നെയിരിക്കുന്നു. അതു വിജ്ഞാന വർദ്ധനയോടുകൂടി സ്വാഭാവികമായി മാറുകയല്ലാതെ ആർക്കും മാററുവാൻ കഴിയുന്നതല്ല. ഹിന്ദുമതം ക്രിസ്തുമതം എന്നിങ്ങനെ പ്രത്യേക നാമങ്ങളാൽ അറിയപ്പെടുന്ന മതങ്ങളിൽ ചേർന്നിരിക്കുന്നവരിൽ ഒരാൾക്കു ആ മതത്തിൽ വിശ്വാസമില്ലെന്നു വന്നാൽ അയാൾ ആ മതം മാറുകതന്നെയാണു വേണ്ടത്. വിശ്വാസമില്ലാത്ത മതത്തിൽ ഇരിക്കുന്നത് ഭീരുതയും കപടവുമാണ്. അവൻ മതം മാറുന്നത് അവനും അവനു വിശ്വാസമില്ലാതായ മതത്തിനും നന്നാണ്. ഒരു മതത്തിനും ആ മതത്തിൽ അവിശ്വാസികളുടെ സംഖ്യ വർദ്ധിക്കുന്നതു ശ്രേയസ്കരമല്ലല്ലോ.

ഞാൻ:- ഹിന്ദുമതത്തിൽതന്നെ ഇരിക്കണമെന്നു പറയുന്നവർ ഇപ്പോഴത്തെ ഹിന്ദുമതം നന്നല്ലെന്നും പറയുന്നുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാമി:- അപ്പോൾ അവർ ഹിന്ദുക്കൾക്കുമാത്രമല്ല, ഹിന്ദുമതത്തിനും കൂടി പരിവർത്തനം വേണമെന്നു പറയുകയാണ്. ഹിന്ദുമതം എന്നു ഒരു മതമേഇല്ലല്ലോ ? ഹിന്ദുസ്ഥാനി വാസികളെ ഹിന്ദുക്കൾ എന്നു വിദേശികൾ പറഞ്ഞു വന്നു. ഹിന്ദുസ്ഥാനി വാസികളുടെ മതം ഹിന്ദുമതമെന്നാണെങ്കിൽ ഹിന്ദുസ്ഥാനത്തു ഇപ്പോൾ അധിവസിക്കുന്ന ക്രിസ്ത്യാനികളുടേയും മുഹമ്മദീയരുടേയും മതങ്ങളും ഹിന്ദുമതംതന്നെയാണ്. അങ്ങനെ ആരും പറയുന്നുമില്ല, സമ്മതിക്കുന്നുമില്ല. ഇപ്പോൾ ഹിന്ദുമതമെന്നുപറയുന്നത് ക്രിസ്തുമതം, മുഹമ്മദുമതം മുതലായി ഹിന്ദുസ്ഥാനത്തിനു വെളിയിൽനിന്നും വന്ന മതങ്ങൾ ഒഴിച്ചു ഹിന്ദുസ്ഥാനത്തിൽതന്നെ ഉത്ഭവിച്ചിട്ടുള്ള മതങ്ങൾക്കുള്ള ഒരു പൊതു പേരാകുന്നു. അതുകൊണ്ടാണ് ബുദ്ധമതം, ജൈനമതം മുതലായവയും ഹിന്ദുമതം തന്നെയെന്നു ചിലർ പറയുന്നത്. വൈദികമതം, പൗരാണികമതം, സാംഖ്യമതം, വൈശേഷികമതം, മീമാംസകമതം, ശൈവമതം, ദ്വൈതമതം, അദ്വൈതമതം, വിശിഷ്ടാദ്വൈതമതം, ശാക്തേയമതം, വൈഷ്ണവമതം എന്നിങ്ങനെ പ്രത്യക്ഷത്തിൽ വിഭിന്നങ്ങളായിരിക്കുന്ന അനേകമതങ്ങൾക്കു എല്ലാററിനുംകൂടി ഹിന്ദുമതം എന്നു ഒരു പൊതുപ്പേരു പറയുന്നതു യുക്തിഹീനമല്ലെങ്കിൽ മനുഷ്യജാതിക്കെല്ലാററിനും മോക്ഷപ്രാപ്തിക്കുപയുക്തങ്ങളായി ദേശകാലാവസ്ഥകൾ അനുസ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രിച്ചു ഓരോ ആചാര്യന്മാർ ഈഷദീഷൽ ഭേദങ്ങളോടുകൂടി ഉപദേശിച്ചിട്ടുള്ള എല്ലാ മതങ്ങൾക്കുംകൂടി ഏകമായ ലക്ഷ്യത്തോടുകൂടിയ 'ഏകമതം' എന്നു പറയുന്നതിൽ എന്തിനാണു യുക്തിഹീനതയെസംശയിക്കുന്നത്?

ഞാൻ:- ഈ വിഷയത്തിൽ പ്രമാദംകൊണ്ടുള്ള വഴക്കുകൾ ഹിന്ദുക്കൾക്കു മാത്രമല്ല അഹിന്ദുക്കൾക്കുമുണ്ട്. ക്രിസ്തുവിനു മുമ്പുള്ള മോശയുടേയും ശലോമൻേറയും ക്രിസ്തുവിനു പിമ്പുള്ള സെൻറുപോളിൻെയും ഉപദേശങ്ങളുംകൂടി ക്രിസ്തുമതമെന്ന ഒററപ്പേരിനകത്തു അടക്കുകയാണു ക്രിസ്തുമതം ചെയ്തിരിക്കുന്നത്.

സ്വാമി: ഏറെക്കുറെ എല്ലാ മതക്കാരും അങ്ങനെതന്നെ ചെയ്തിരിക്കുന്നു. ഒരു മതാചാര്യൻെറ പേരിൽ പലആചാര്യന്മാരുടെഉപദേശങ്ങൾ അടക്കി അതിനെ ഒരു മതമെന്നു പേർവിളിക്കാമെങ്കിൽ, പലപല ആചാര്യന്മാരാൽ സ്ഥാപിതങ്ങളായ എല്ലാ മതങ്ങളെയും ചേർത്തു അതിനു ഒരു മതമെന്നോ ഏകമതമെന്നോ, മനുഷ്യമതമെന്നോ, മാനവധർമ്മമെന്നോ എന്തുകൊണ്ടു ഒരു പൊതുപ്പേരിട്ടുകൂടാ ? അങ്ങനെ ചെയ്യുന്നതു യുക്തിഭംഗവും അസംബന്ധവുമാണെങ്കിൽ ഈ യുക്തിഭംഗവുംഅസംബന്ധവും ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന എല്ലാ മതങ്ങൾക്കും ഏറെക്കുറെ സംഭവിച്ചുകഴിഞ്ഞിരിക്കുകയാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകത്വത്തിൽ നാനാത്വവും നാനാത്വത്തിൽ ഏകത്വവും അവനവന്റെ മതത്തെസംബന്ധിച്ചു ചാതുര്യത്തോടെ പ്രസംഗിക്കുന്നവർക്കു മനുഷ്യ ജാതിയുടെ മതത്തെ പൊതുവിൽ എടുത്തു അതിന്റെ ഏകത്വത്തിൽ നാനാത്വവും നാനാത്വത്തിൽ ഏകത്വവും കാണ്മാൻ കഴിയാതെ വന്നതു ആശ്ചര്യമായിരിക്കുന്നു. മഹാത്മജി ഇവിടെ വന്നപ്പോൾ ചെയ്ത പ്രസംഗത്തിൽ ആശ്രമമുററത്തു നിൽക്കുന്ന ഒരു മാവിനെ ചൂണ്ടിക്കാണിച്ച് അതിന്റെ ശാഖകളും ഇലകളും എങ്ങനെ ഒന്നിനൊന്നു ഭിന്നമായിരിക്കുന്നുവോ അതുപോലെ മനുഷ്യരിലുള്ള വ്യക്തികളും ഭിന്നമായിരിക്കും. ഈ ഭിന്നതയുള്ള കാലത്തോളം മനുഷ്യരുടെ മതങ്ങളും ഭിന്നങ്ങളായിരിക്കാനേ നിവൃത്തിയുള്ളൂ എന്നു പറയുകയുണ്ടായി. ശരിയാണു മഹാത്മജി പറഞ്ഞത്. എന്നാൽ നൈയായികദൃഷ്ട്യാ അതിനെ പരിശോധിക്കുന്നതായാൽ ഓരോ വ്യക്തിക്കും ഓരോമതമുണ്ടെന്നു സമ്മതിക്കേണ്ടിവരും. അങ്ങനെയായാൽ ഹിന്ദുവായ രാമനും, ഹിന്ദുവായ കൃഷ്ണനും ഒരു മതമല്ല വിശ്വസിക്കുന്നത്. ഇരുപതുകോടി ഹിന്ദുക്കൾക്കു ഇരുപതുകോടി മതമുണ്ടെന്നു വന്നുകൂടും. വാസ്തവം അതുതന്നെയാണെങ്കിലുംചില സാമാന്യലക്ഷണങ്ങൾ ഈ ഇരുപതുകോടിയുടേയും വിശ്വാസങ്ങളിൽഉള്ളതുകൊണ്ട് അവരെ ഒരു മതക്കാരെന്നു പറയുന്നു. അതുപോലെ എല്ലാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മതക്കാരുടേയും വിശ്വാസങ്ങാംക്കു ചില സാമാന്യലക്ഷണങ്ങാം ഉള്ളതുകൊണ്ട് മനുഷ്യർ എല്ലാം ഒരുമതക്കാർതന്നെയാണ്. സനാതനമായ ഏതെങ്കിലും ഒരു ധർമ്മത്തേയോ സത്യത്തേയോ അടിസ്ഥാനപ്പെടുത്തിയല്ലാതെ യാതൊരു മതത്തിനും നില നില്ക്കുവാൻ കഴിയുന്നതല്ല. സാഹോദര്യത്തിനു മുഹമ്മദുമതവും സ്നേഹത്തിനു ക്രിസ്തുമതവും മുഖ്യത കല്പിക്കുന്നു. എന്നാൽ സാഹോദര്യം സ്നേഹത്തേയും സ്നേഹം സാഹോദര്യത്തേയും ആശ്രയിച്ചിരിക്കുന്നു എന്നറിയാതെ സാഹോദര്യമാണു ശ്രേഷ്ഠം. അതല്ല സ്നേഹമാണു ശ്രേഷ്ഠം എന്നു വിവാദമുണ്ടാകുന്നു എങ്കിൽ അതിനെ വ്യർത്ഥവിവാദമെന്നല്ലാതെ പറയാൻ തരമുണ്ടോ? സനാതന ധർമ്മങ്ങാം തുല്യ പ്രധാനമാണ്. ദേശകാലാവസ്ഥകളാൽ നേരിടുന്ന ആവശ്യങ്ങാം അനുസരിച്ച് അവയിൽ എതെങ്കിലും ഒന്നിനു മുഖ്യത കല്പിക്കേണ്ടതു ആവശ്യമായിവരും. ഹിംസ കലശലായിരിക്കുന്ന ദേശകാലങ്ങളിൽ അഹിംസാധർമ്മത്തിന് ജഗദ്ഗുരുക്കന്മാർ മററു ധർമ്മങ്ങളെക്കാരം മുഖ്യത കല്പിക്കും. ബുദ്ധന്റെ കാലത്തു ഹിംസ കലശലായിരുന്നു. അതിനാൽ അഹിംസാ ധർമ്മത്തിനു ബുദ്ധൻ മുഖ്യത കല്പിച്ചു. നബിയുടെ കാലത്തു അറേബ്യയിൽ സാഹോദര്യത്തിനു മുഖ്യത കല്പിയ്ക്കേണ്ടതു ആവശ്യമായിരുന്നിരിക്കാം. അതിനാൽ അദ്ദേഹത്തിന്റെ മതത്തിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാഹോദര്യത്തിനുമുഖ്യത കാണുന്നു. ഇന്നു് ഇൻഡ്യയുടെ ആവശ്യമെന്താണ്? ജാതികരം തമ്മിലും മതങ്ങരം തമ്മിലുമുള്ള മത്സരത്തിൽ നിന്നും മോചനം. സമബുദ്ധിയോടും സമഭക്തിയോടുംകൂടി എല്ലാ മതങ്ങളേയും എല്ലാവരും പഠിച്ചറിയുവാനും, ലഭിച്ച അറിവിനെ പരസ്പരം സ്നേഹപൂർവ്വം വിനിമയം ചെയ്യാനും ശ്രമിക്കട്ടെ. മത്സരം മതം നിമിത്തമല്ല, മദം നിമിത്തമാണെന്നു അപ്പോരം മനസ്സിലാകും. മതപരിവർത്തനോത്സാഹവും അപ്പോരം അസ്തമിക്കും.

ഞാൻ:- അങ്ങനെയാണെങ്കിൽ തൃപ്പാദങ്ങളുടെ ശിഷ്യസംഘത്തിൽ ഹിന്ദുമതവിശ്വാസിക്കും ബുദ്ധമതവിശ്വാസിക്കും ക്രിസ്തുമതവിശ്വാസിക്കും പ്രവേശനം അനുവദിയ്ക്കേണ്ടതാണല്ലോ.

സ്വാമി:-നമുക്കു അതിനു യാതൊരു വിരോധവും ഇല്ല.

ഞാൻ:- എനിക്കു മററു മതങ്ങളെക്കാരം ബുദ്ധമതത്തെയാണ് അധികം വിശ്വാസവും അധികം ബഹുമാനവുമുള്ളത്.

സ്വാമി:-അതുകൊണ്ട് അന്യമതദ്വേഷമില്ലല്ലോ.

ഞാൻ:- തീരെയില്ല.

സ്വാമി:-ബുദ്ധമതഗ്രന്ഥങ്ങരം വായിച്ചിട്ടുണ്ടോ?

ഞാൻ:- തർജ്ജമകരം വായിച്ചിട്ടുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാമി:-കാര്യം ഗ്രഹിക്കുവാൻ തർജ്ജമയും മതിയാകുന്നതാണ്.

ഞാൻ:- മൂലഗ്രന്ഥങ്ങൾ തന്നെ വായിച്ചു പഠിക്കണമെന്നു ഞാൻ തീർച്ചയാക്കിയിരിക്കുകയാണ്.

സ്വാമി:-എന്താണു ബുദ്ധമതത്തോടു ഇത്ര പ്രതിപത്തി?

ഞാൻ:- ഈ കാലദേശാവസ്ഥക്കു ബുദ്ധമുനിയുടെ ധർമ്മോപദേശങ്ങളിൽ പ്രതിപത്തി വരാതിരിക്കാൻ നിവൃത്തിയില്ല. ജാതിമത്സരങ്ങളിലും മതമത്സരങ്ങളിലും അന്ധാചാരങ്ങളിലും നിന്ന് ജനങ്ങൾക്ക് മോചനമുണ്ടാവാൻ മററു എല്ലാ മതത്തെക്കാളും ബുദ്ധമതംതന്നെ നന്നെന്നാണു എന്റെ ബലമായ വിശ്വാസം.

സ്വാമി:-നമ്മുടെ സന്ന്യാസിസംഘത്തിൽകൂടെ ചേരാമെന്നു വിചാരിക്കുന്നുണ്ടോ ?

ഞാൻ:- ചേരണമെന്നു താല്പര്യമുണ്ട്. ബുദ്ധമതപ്രകാരമുള്ള സന്ന്യാസമാണെങ്കിലേ സ്വീകരിക്കുവാൻ കഴിയുകയുള്ളു.

സ്വാമി:-ബുദ്ധമത പ്രകാരമുള്ള സന്ന്യാസമായാലും മതിയെന്ന് നാം ആലുവാവച്ചു പറഞ്ഞിട്ടുണ്ടല്ലോ.

ഞാൻ:- ബുദ്ധഗുരുക്കന്മാർ കാസരോഗികൾക്കു സന്ന്യാസം കൊടുക്കുകയില്ല.

സ്വാമി:-വാതരോഗികൾക്കു സന്ന്യാസം കൊടുക്കുമോ?

ഞാൻ:- അതറിഞ്ഞുകൂടാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാമി:-നേരം പോക്കു തോന്നുന്ന നിർബന്ധങ്ങൾ ചിലത് എല്ലാ മതക്കാർക്കുമുണ്ട്.

ഞാൻ:- തൃക്കയ്യിൽ നിന്നല്ലാതെ സന്ന്യാസം മററൊരിടത്ത് നിന്നും വാങ്ങുവാൻ ഞാൻ വിചാരിച്ചിട്ടില്ല.

ഗുരുദേവനും സി. വി, യുമായുണ്ടായ സംവാദം വളരെ വിലമതിക്കപ്പെടുന്ന ഒന്നാണ്. സംശയങ്ങൾ ദൂരികരിക്കാൻ അവസരം നല്കി. ജാതിയും മതവും എന്താണെന്നും അതിനോടുഎങ്ങനെ ഇടപെടണമെന്നും ഗുരുദേവൻ വിശദീകരിച്ചു. സി. വി. യുടെ സംശയങ്ങൾക്കു അറുതി വന്നു. സി. വി. യുടെ മാത്രമല്ല മററുപലരുടേയും

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 50

മൂർക്കോത്ത് കുമാരൻ

ശ്രീനാരായണ ഗുരുദേവന്റെ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളിൽ നിന്നും ആവേശം ഉൾക്കൊണ്ട് സാധു ജനപരിപാലനത്തിനായി രംഗത്തിറങ്ങിയ ഒരാദർശധീരനും കർമ്മയോഗിയുമായിരുന്നു മൂർക്കോത്ത്കുമാരൻ. മൂർക്കോത്ത് കുമാരന്റെ ജീവചരിത്രം വടക്കേമലബാറിന്റെ അക്കാലത്തെ ചരിത്രം കൂടിയാണ്.

മൂർക്കോത്ത് രാമുണ്ണിയുടെ മകനായി 1874-ൽ കുമാരൻ തലശ്ശേരിയിൽ ജനിച്ചു. ചുര്യയി കുഞ്ചിരുതയായിരുന്നു അമ്മ.

പത്രപ്രവർത്തകൻ, സാഹിത്യരസികൻ, ഗുരുനാഥൻ, പൗരപ്രമാണി, എന്നീ നിലകളിലെല്ലാം അദ്ദേഹം വിരാജിച്ചിരുന്നു. മലയാളത്തിൽ ചെറുകഥയുടെ ജനയിതാവ് മൂർക്കോത്ത് കുമാരനാണ്.

കേരളസഞ്ചാരി, മിതവാദി. സരസ്വതി, ഗജകേസരി. സത്യവാദി എന്നീ മാസികളുടെ അധിപനായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മവിദ്യാസംഘത്തിന്റെ പ്രവർത്തകരിൽ പ്രധാനിയായിരുന്നു കുമാരൻ. ഇക്കാലത്താണു ശ്രീനാരായണ ഗുരുദേവനെക്കുറിച്ചു അദ്ദേഹം കേട്ടതും ഗുരുദേവാദർശങ്ങളിൽ ആകൃഷ്ടനായതും. അങ്ങനെ ശ്രീനാരായണ ഗുരുദേവന്റെ സിദ്ധാന്തങ്ങൾക്കു ജനഹൃദയങ്ങളിൽ സ്ഥാനം നൽകാൻ അദ്ദേഹം അശ്രാന്തപരിശ്രമം ചെയ്തു. കേരളത്തിലെ വിശിഷ്യാ വടക്കേമലബാറിലെ ജനങ്ങളിൽ നിലനിന്നിരുന്ന അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും തട്ടിത്തെറിപ്പിക്കുവാൻ അദ്ദേഹം പ്രയത്നിച്ചു.

ശ്രീനാരായണ ഗുരുദേവന്റെ ജീവചരിത്രം രണ്ടു ഭാഗങ്ങളിലായി മൂർക്കോത്ത് രചിച്ചിട്ടുണ്ട്. ദർശനമാലയ്ക്ക് മൂർക്കോത്ത് നൽകിയ ഭാഷാന്തരം വളരെ പ്രാധാന്യമർഹിക്കുന്നു.

തലശ്ശേരി ജഗന്നാഥക്ഷേത്രം സ്ഥാപിക്കുന്നതിൽ മൂർക്കോത്തിനു വലിയ ഒരു പങ്കുണ്ട്. അതുപോലെ ശ്രീനാരായണ ഗുരുദേവൻ ജീവിച്ചിരുന്നപ്പോൾ തന്നെ ഗുരുവിന്റെ ഒരു ലോഹപ്രതിമ നിർമ്മിച്ച് ജഗന്നാഥ ക്ഷേത്രത്തിൽ സ്ഥാപിക്കണമെന്ന് അനുയായികൾ ആഗ്രഹിച്ചു. പ്രതിമാനിർമ്മാണത്തെക്കുറിച്ച് ചമ്പാടൻ വിജയനും, ശ്രീധരൻ ചമ്പാടും പ്രസിദ്ധീകരിച്ച 'ഉത്തരപർവ്വം' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"1925 ജനുവരി 31-ാം തീയതി ശ്രീമാൻ മുണ്ടങ്ങാടൻ ഗോവിന്ദന്റെ വീട്ടിൽ തൊഴിലാളി സംഘത്തിന്റെ ഒരു യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ വെച്ച് മൂർക്കോത്ത് കുമാരൻ മുൻകൈയെടുത്തു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊണ്ട് ഒരു പ്രതിമാനിർമ്മാണ കമ്മിററി രൂപീകരിച്ചു. ബോധാനന്ദസ്വാമികളെയായിരുന്നു കമ്മിററിയുടെ അദ്ധ്യക്ഷനായി തിരെഞ്ഞെടുത്തത്. ചൈതന്യസ്വാമികൾ ഉപാദ്ധ്യക്ഷനായിരുന്നു. മൂർക്കോത്ത് സെക്രട്ടറിയായും, മുണ്ടഞ്ഞാടൻ ഗോവിന്ദൻ ഖജാൻജിയായും, ഗുരുപ്രസാദ് സ്വാമികൾ, A. V. വാസുദേവൻ ഡോക്ടർ P. ശേഖരൻ, M K. മാധവൻ, V. P. കുഞ്ഞിക്കണ്ണൻ എന്നിവർ കമ്മിററിയംഗങ്ങളായും നിശ്ചയിക്കപ്പെട്ടു. ഇററലിക്കാരനായ പ്രൊഫസർ തവറലിയാണു ഗുരുവിൻെറ പ്രതിമ നിർമ്മിച്ചത്.

1927-മാർച്ച് 12-ാം തീയതി ശനിയാഴ്ച അർദ്ധരാത്രിക്കു ശേഷം ജഗന്നാഥക്ഷേത്രത്തിൻെറ വടക്കുഭാഗത്ത് അഷ്ടകോണാകൃതിയിൽ മനോഹരമായി പണിയിച്ച മന്ദിരത്തിലെ മഞ്ചത്തിൽ ഗുരുവിൻെറ പ്രതിമ ബോധാനന്ദസ്വാമികൾ സ്ഥാപിച്ചു.

പിറേറദിവസം വൈകുന്നേരം ക്ഷേത്രപരിസരത്തു ചേർന്ന മഹായോഗത്തിൽ അനേകായിരം ജനങ്ങൾ പങ്കെടുത്തിരുന്നു, ഈ യോഗത്തിൽവച്ചാണ് ഗുരുവിൻെറ പ്രതിമ അനാവരണം ചെയ്യപ്പെട്ടത്. യോഗത്തിൽ അദ്ധ്യക്ഷംവഹിച്ച എൻ. എസ്സ്. രാമറാവു തന്നെയായിരുന്നു അനാച്ഛാദനകർമ്മവും നിർവ്വഹിച്ചത്. രാമറാവു ബ്രഹ്മവിദ്യാ സംഘത്തിൻെറ പ്രധാന പ്രവർത്തകനായിരുന്നു. പ്രസ്തുതയോഗത്തിൽ മഞ്ചേരി എസ്സ്. രാമയ്യർ, മൂർക്കോത്തു കുമാരൻ, വി. കരുണാകരൻനായർ എന്നിവർ പ്രസംഗിക്കുകയുണ്ടായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രതിമ അനാച്ഛാദനത്തിനു ശേഷം ഹരിജനങ്ങൾ ഗുരുവിൻെറ ഒരു പടം എഴുന്നെള്ളിച്ച് കൊണ്ടു വരികയും പ്രതിമയുടെ മുൻവശത്തുനിന്ന് ഗുരുവിൻെറ നിഷ്കാമകർമ്മത്തെ സ്തുതിച്ച് പാടുകയും ചെയ്തു. പിന്നീട് ശ്രീ. വി. കരുണാകരൻനായർ 'മഹദാരാധന' എന്നവിഷയത്തെ പുരസ്കരിച്ച് പ്രസംഗിച്ചു. സെക്രട്ടറിയുടെ നന്ദിപ്രകടനത്തിനു ശേഷം ബ്രഹ്മവിദ്യാ സംഘാംഗങ്ങളായ ബ്രാഹ്മണരും മററു വിവിധ ജാതിക്കാരും ചേർന്ന് ഒരു സംയുക്താരാധനയും നടത്തുകയുണ്ടായി.

എന്നാൽ ഈ പ്രതിമ സ്ഥാപിക്കുന്നതിനുവേണ്ടി മൂർക്കോത്തു പൊതുജനങ്ങളെ സമീപിച്ചത് എങ്ങനെയെന്നു പരിശോധിക്കാം. 1926- ഫെബ്രുവരിയിൽ മൂർക്കോത്തു കുമാരൻ ദേശാഭിമാനി പത്രത്തിൽ ഇങ്ങനെ എഴുതുകയുണ്ടായി.

"ശ്രീനാരായണഗുരുസ്വാമി തൃപ്പാദങ്ങളിലെ ഒരു പ്രതിമ കേരളത്തിൽ വല്ല ദിക്കിലും സ്ഥാപിക്കേണ്ടതിനുള്ള ആവശ്യത്തേയും അങ്ങനെ ചെയ്യുന്നതിനുള്ള ഔചിത്യത്തേയുംപററി തൃപ്പാദങ്ങളിലെ എല്ലാ ഭക്തന്മാരും എപ്പോഴും അലോചിച്ചിട്ടുള്ളതായിരിക്കണം. അതുകൊണ്ടു അങ്ങനെ ഒരു പ്രതിമ തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിൽ സ്ഥാപിക്കുവാൻ തീർച്ചയാക്കിയവർത്തമാനം എല്ലാവരേയും അത്യന്തം സന്തോഷഭരിതരും ഉന്മേഷ ഭരിതരും ആക്കിത്തീർക്കുമെന്നുള്ളതിനു സംശയമില്ല.

ഇക്കഴിഞ്ഞ ജനുവരി 31നു ഞായറാഴ്ച തിരുവങ്ങാട്ട് മുണ്ടങ്ങാടൻ ഗോവിന്ദൻ അവർകളുടെ വീട്ടിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വെച്ച് കൊററ്യത്തുകൃഷ്ണൻഅവർകളുടെഅദ്ധ്യക്ഷതയിൽ തൊഴിലാളി സംഘം വക ഒരു സഭ ചേർന്നിരുന്നു. മേല്പ്പറഞ്ഞ ആലോചന ജനങ്ങൾ എങ്ങനെയായിരിക്കും സ്വീകരിക്കുകയെന്ന് പരീക്ഷിച്ചു അറിയേണ്ടുന്ന ഉദ്ദേശ്യത്തോടുകൂടി, ഞാൻ ആ അവസരത്തിൽ അതിനെപ്പററി ഒരു പ്രസംഗം ചെയ്തു. സഭയിൽ ഏതാണ്ടു അറുപതുപേർമാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇങ്ങനെ ഒരു കാര്യത്തെപ്പററി പ്രസ്താവിക്കുമെന്നു അവരിൽ അധികംപേരും മുൻകൂട്ടി അറിഞ്ഞിരുന്നില്ല എങ്കിലും എൻെറ പ്രസംഗം കഴിഞ്ഞ ഉടനെ സാമാന്യം ദരിദ്രനായ ഒരാൾ എഴുന്നേററ് "ആ ഫണ്ടിലേക്കു എൻെറ വകയായി ഇതു സ്വീകരിക്കണം" എന്നുപറഞ്ഞു ഒരു ഉറുപ്പിക എൻെറ കൈയ്യിൽ തന്നു. കേരളത്തിലെ പാവപ്പെട്ട അനേകായിരം ജനങ്ങളുടെ ഹൃദയങ്ങളിൽ, സങ്കടകാലങ്ങളിൽ അവരുടെ ആശ്വാസമായും ശരണമായും സ്വാമി തൃപ്പാദങ്ങളുടെ പാവനമായ സ്വരൂപം കുടികൊണ്ടിരിക്കുന്ന ഒരു ലോഹപ്രതിമ തലശ്ശേരി ജഗന്നാഥക്ഷേത്രത്തിൽ സ്ഥാപിക്കേണ്ടതിനായി ധനസഹായം അർത്ഥിപ്പാൻ ഞങ്ങൾ ഒരുങ്ങിയിരിക്കയാണ്. എന്നെ ഈ കാര്യത്തിൽ സഹായിപ്പാൻ ആറ് യുവജനങ്ങൾ സന്നദ്ധരായിട്ടുണ്ട്. തൃപ്പാദങ്ങളിലെ പ്രധാന ശിഷ്യന്മാരിൽ ഒരാളായ ഗുരുപ്രസാദ് അവർകളും ഇതിൽ വേണ്ടുന്ന സഹായം ചെയ്യുന്നതാണ്.

തൃപ്പാദങ്ങളുടെ പ്രതിമ അതിനുയുക്തമായമണിമഞ്ചത്തോടും മേൽക്കട്ടിയോടും കൂടി സ്ഥാപിക്കാവാൻ 10000 ഉറുപ്പിക വേണ്ടിവരും. ആവശ്യം അത്രമേൽ മഹത്വമുള്ളതാകയാൽ ഈ പതിനായിരം ഉറുപ്പിക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



തലശ്ശേരി ജഗന്നാഥക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള
ഗുരുദേവ വെങ്കലപ്രതിമ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിരിയുവാൻ പ്രയാസമുണ്ടെന്ന് ഞങ്ങാക്ക് തോന്നുന്നില്ല. ഇതിന്നു സംഭാവന ചെയ്യുന്നത് സ്വാമി തൃപ്പാദങ്ങളോടുള്ള ഭക്തിയേയും, കൃതജ്ഞതയേയും പ്രത്യക്ഷപ്പെടുത്തുന്ന മഹൽകൃത്യമായി വിചാരിക്കുന്നവരൊക്കെ കഴിയുന്ന വേഗത്തിൽ അവരവർ തരാൻ വിചാരിക്കുന്ന സംഖ്യ അയച്ചുതരാൻ അപേക്ഷിക്കുന്നു. പണം അയക്കുന്നത് "തലശ്ശേരി ബാങ്കുമാനേജർ തലശ്ശേരി" എന്ന മേൽവിലാസത്തിലാണ്. എല്ലാ സംഖ്യയ്ക്കും എൻെറ ഒപ്പോടുകൂടിയ ഒരു രസീത് അയയ്ക്കുന്നതിനു പുറമെ അഞ്ചു ഉറുപ്പികയോ അധികമോ തരുന്നവരുടെ പേരു 'ഗജകേസരി'യിൽ പരസ്യം ചെയ്യുന്നതുമാണ്.

ഇക്കാര്യത്തിൽ കഴിയുന്നത്ര സംഭാവന ചെയ്യുന്നതിന് പുറമേ, ആവശ്യമുള്ള ഉപദേശങ്ങളെക്കൊണ്ടും മററും ഞങ്ങളെ സഹായിപ്പാൻ എല്ലാവരോടും വണക്കമായി അപേക്ഷിക്കുന്നു.

തലശ്ശേരി | മൂർക്കോത്തു കുമാരൻ
8. 2. 26.

ഗുരുദേവൻ ജീവിച്ചിരുന്നപ്പോഴാണ് ഈ പ്രതിമ ജഗന്നാഥക്ഷേത്രത്തിൽ സ്ഥാപിതമായതെന്ന കാര്യം ഓർക്കണം. പ്രതിമാ സ്ഥാപന ഉദ്ദേശ്യം വെളിപ്പെടുത്തിയപ്പോാം ഒരു തൊഴിലാളി ഒരു ഉറുപ്പിക ഉടനെ സംഭാവനചെയ്തുവെന്ന് മൂർക്കോത്തു രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും അക്കാലത്തു മലബാറിലെ സാധാരണക്കാരനിൽ അന്തർലീനമായിരുന്ന ഗുരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭക്തി എത്രമാത്രമായിരുന്നെന്നു മനസ്സിലാക്കാം. മൂർക്കോത്തു കുമാരനെ പ്പോലെയുള്ള യഥാർത്ഥ ഗുരുദേവ ഭക്തൻമാരാണ് അതിനു പ്രചുര പ്രചാരം നൽകിയത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 50

സാഹിത്യരംഗത്ത്

ശ്രീനാരായണ ഗുരുദേവൻ കാവ്യരംഗത്തു-സാഹിത്യരംഗത്തു—മാത്രം ശ്രദ്ധ പതിപ്പിച്ചിരുന്നെങ്കിൽ 'കവിത്രം' എന്നൊന്നു ഇവിടെ ഉണ്ടാകുമായിരുന്നില്ല''. പണ്ഡിതനും ചിന്തകനുമായിരുന്ന ഡാക്ടർ ഭാസ്ക്കരൻനായരാണു ഇങ്ങനെ അഭിപ്രായപ്പെട്ടത്. ഇതുപോലൊരു പ്രസ്താവന നടത്തണമെങ്കിൽ ശ്രീ. ഭാസ്ക്കരൻനായർ ഗുരുദേവ കൃതികളുമായി ഇടപഴകിയിരിക്കണം. ഗുരുദേവ കൃതികളുടെ അന്തസ്സത്ത ഗ്രഹിച്ചിരിക്കണം.

മലയാളത്തിലും തമിഴിലും സംസ്കൃതത്തിലുമായി ഗുരുദേവൻ അൻപത്തിഎട്ടു കൃതികളാണ് രചിച്ചിട്ടുള്ളത്. ഇനിയും അമൂല്യങ്ങളായ കൃതികൾ ലഭിക്കാനിടയുണ്ട്. പലപ്പോഴായി ഗുദേവൻ എഴുതിയ കൃതികൾ പല സ്ഥലങ്ങളിൽ സൂക്ഷിച്ചിരിക്കുന്നു. ചിലതെല്ലാം അടുത്ത കാലത്തു കണ്ടുകിട്ടിയിട്ടുണ്ട്. അതുകൊണ്ടാണ് ഇനിയും കണ്ടുകിട്ടാൻ സാദ്ധ്യതയുണ്ടെന്നു കരുതുന്നത്.

പ്രാർത്ഥനയ്ക്ക് എല്ലാ മതക്കാരും പ്രാധാന്യം നൽകുന്നുണ്ടല്ലോ. വിശേഷിച്ചും ഹിന്ദുമത തത്ത്വ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശാസ്ത്രപ്രകാരം ആദ്യമായി ഗണപതിയെ സ്തുതിക്കുകയാണു പതിവ്. ഗുരുദേവകൃതികളിലും ആദ്യത്തേതു "വിനായകാഷ്ടകമാകുന്നു". മനുഷ്യസംസ്ക്കാരത്തിൻെറ അന്തസ്സത്തക്കു കോട്ടം തട്ടാതെയാണു ഗുരുദേവൻ കാവ്യസൃഷ്ടി നടത്തിയത്. ഒരേ ഒരാശയമാണു ഗു രു ദേ വ കൃ തികളിൽ മുഴച്ചു നില്ക്കുന്നത്. എന്താണ്? അദ്വൈതം.

ദൈവദശകമെന്ന ബാലസാഹിത്യ കൃതിയിലെ ഒരു പദ്യം നോക്കാം.

"അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു
തന്നെ ഞങ്ങൾക്കു തമ്പുരാൻ"

ലളിത കോമളമായ ഈ പദ്യം ഏതൊരു വ്യക്തിക്കും ആരുടേയും വ്യാഖ്യാനം കൂടാതെ മനസ്സിലാക്കാം. ഇതിനു സാധാരണക്കാരൻെറ ചിന്തയെ പിടിച്ചു നിർത്താൻ കഴിയുന്നു. കൃസ്തുഭഗവാൻ പ്രാത്ഥിച്ചു. "നീ എനിക്കു അപ്പം തരണേ" ഇവിടെ ഗുരുദേവൻ പ്രാർത്ഥിക്കുന്നു. അന്നവും വസ്ത്രവും മു ട്ടാ തെ തന്നു രക്ഷിക്കുന്നു" എന്ന്. ആരു രക്ഷിക്കുന്നു? തമ്പുരാൻ. ദൈവം. സകലതിനും അടിസ്ഥാനമായിട്ടുള്ള നീ, രക്ഷിക്കുന്നു.

കർമ്മം ചെയ്യാനുള്ള— പ്രവൃത്തിയെടുക്കാനുള്ള ഊർജ്ജം തന്നു രക്ഷിക്കുന്നു. പണിയെടുക്കണമെങ്കിൽ ഊ ർ ജ്ജം ആവശ്യമാണ്. പണിയെടുക്കുമെങ്കിൽ മാത്രമേ ആഹാരം ലഭിക്കൂ, അല്ലാതെ അലസരായിരുന്നാൽ ആഹാരം ലഭിക്കുവാൻ പ്രയാസമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാർക്സിയൻ സിദ്ധാന്തത്തിൻെറ കാതലായ അംശവും അതല്ലേ. ഓരോരുത്തരും അവരുടെ കഴിവിനൊത്ത രീതിയിൽ പണിയെടുക്കണം. അതു നിർബന്ധമാണ്. മനുഷ്യന് ആഹരിക്കാൻ മാത്രമല്ലാ പണിയെടുക്കാൻകൂടി ഉത്തരവാദിത്വമുണ്ട്.

കഴിഞ്ഞ ഏതാനും വർഷങ്ങൾക്കു മുമ്പ് ഇൻഡ്യയിൽ നിന്നും ഒരു ടീം ചൈന സന്ദർശിക്കുവാൻ പോയിരുന്നു പല ഭാഗങ്ങളും ചുററിസഞ്ചരിച്ച ശേഷം ഒരു ചെറിയവനാന്തർഭാഗത്തുകൂടി ജീപ്പു ഓടിച്ചുപോയി. ആ വനാന്തരത്തിൻെറ ഒരു ഭാഗത്തു പുകയിളകുന്നത് അവരുടെ ദൃഷ്ടിയിൽപ്പെട്ടു. ജിജ്ഞാസാഭരിതരായി, അവർ അങ്ങോട്ടു ചെന്നു. വൃദ്ധരായ ദമ്പതികൾ മുട്ട പൊരിച്ചു പാക്കററുകളിലാക്കി നിറയ്ക്കുന്നതാണു അവർ കണ്ടത്. ദമ്പതിമാർ വൃദ്ധരെങ്കിലും സന്തുഷ്ടരായിരുന്നു. ജോലി ചെയ്യാനുള്ളആരോഗ്യം അവർക്കുണ്ടായിരുന്നു. കർമ്മം അഥവാ പ്രവൃത്തി ചെയ്യേണ്ട ചുമതല അവരിൽ നിക്ഷിപ്തമാണെന്ന ബോധം അവർക്കുണ്ടായിരുന്നു.

എല്ലാവരും പണിയെടുക്കണമെന്നു എല്ലാ തത്ത്വശാസ്ത്രങ്ങളും നിർദ്ദേശിക്കുന്നു. കർമ്മത്തിനു സ്ഥാനമുണ്ട്. തമ്പുരാൻ-ദൈവം-എല്ലാം ഒന്നാണ്. രണ്ടില്ല എന്നു വ്യക്തമായി ഉപദേശിച്ച ഗുരുദേവൻ. തമ്പുരാൻ എന്നു എഴുതിയത് ഊർജ്ജത്തെക്കുറിച്ചു തന്നെയായിരിക്കണം.

ഗുരുദേവൻെറ കൃതികളിൽ ഏററവും പ്രധാധപ്പെട്ടവയാണ് 'ആത്മോപദേശ ശതകം'. നൂറു പദ്യങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥത്തെ പണ്ഡിത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്മാർ കേരളത്തിന്റെ ഭഗവദ്ഗീതയെന്നു വിശേഷിപ്പിക്കുന്നു. സാധാരണക്കാരനു ആ കൃതി വ്യാഖ്യാനിച്ചുകൊടുത്താലല്ലാതെ പിടി കിട്ടുകയില്ല. ആത്മോപദേശശതകം പ്രസിദ്ധീകൃതമായ വേളയിൽ ആശാൻ പുറപ്പെടുവിച്ച അഭിപ്രായം എന്തായിരുന്നുവെന്നു കൂടി പരിശോധിക്കാം.

"ഭാഷ ശുദ്ധ മലയാളവും രചന അതിമനോഹരവുമായിരുന്നാലും സ്വാമികളുടെ അർത്ഥ കല്പനയിൽ പലപ്പോഴും കാണാറുള്ള ഒരു ദുരവഗാഹതയിൽ നിന്ന് ഈ ശതകവും തീരെ വിമുക്തമല്ല. അതുകൊണ്ട് സാധാരണക്കാരായ വായനക്കാർക്ക് ഇത് ആദരണീയമായും ഏറെക്കുറെ ആസ്വാദ്യമായിരിക്കാമെങ്കിലും ഉപയുക്തമാവാൻ പ്രയാസമുണ്ട്. ഒരു വ്യാഖ്യാനത്തിൽ ആ വൈഷമ്യം കുറെ ലഘൂകരിക്കപ്പെടാവുന്നതാണ്".

ഗുരുദേവൻ അവധൂതനായി നടന്ന കാലം. ഈ കാലഘട്ടത്തിൽ എഴുതിയ കവിതകളിൽ ഭക്തി ഓളം വെട്ടുന്നു. വാക്കുകൾ കൊണ്ടുള്ള കളികൾ അതിൽ പ്രതിബിംബിക്കുന്നു. അവ ചൊല്ലുമ്പോൾ അനുവാചകന്റെ ഹൃദയത്തിൽ അനുരണനം സൃഷ്ടിക്കുന്നു. സുബ്രഹ്മണ്യ കീർത്തനത്തിലെ ഒന്നാമത്തെ പദ്യം അതിനു ഉദാഹരണമാണ്.

"അന്തിപ്പൂന്തിങ്കളുന്തിത്തിരുമുടി തിരുകി-
ച്ചൂടിയാടും ഫണത്തിൻ—
ചന്തം ചിന്തും നിലാവിന്നൊളി വെളിയിൽ
വിയദ്—
ഗംഗ പൊങ്ങിക്കവിഞ്ഞും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചന്തച്ചെന്തീമിഴിച്ചെങ്കതിർ നിര ചൊരിയി—
ച്ചന്ധകാരാനകററി—
ച്ചിന്താസന്താനമേ, നിന്തിരുവടിയടിയൻ—
സങ്കടം പോക്കിടേണം''.

ഇപ്രകാരം താളലയങ്ങൾ ഒത്തിണങ്ങിയ കാവ്യ ശകലങ്ങൾ ഗുരുദേവ കൃതികളിൽ കാണാം. ആ കവിതകൾ വായിക്കുമ്പോൾ അവയുടെ പൊരുളിനേക്കാൾ ഇമ്പം നമ്മെ ആകർഷിക്കുന്നു.

''നമോ നാദ ബിന്ദ്വാത്മികേ, നാശഹീനേ,
നമോ നാരദാ ദീഡ്യപാദാരവിന്ദേ,
നമോ നാന്മറയ്ക്കും മണിപ്പൂം വിളക്കേ
നമോ നാന്മുഖാദി പ്രിയാംബാ നമസ്തേ

സമസ്ത പ്രപഞ്ചം സൃജിച്ചും ഭരിച്ചും
മുദാ സംഹരിച്ചും രസിച്ചും രമിച്ചും
കളിച്ചും പുളച്ചും മഹാഘോരഘോരം
വിളിച്ചും മമാനന്ദ ദേശേ വസിച്ചും

തെളിഞ്ഞും പറഞ്ഞും തുളുമ്പും പ്രപഞ്ചം
തുളഞ്ഞുള്ളിലെള്ളോളമുള്ളായിരുന്നും
തിരിഞ്ഞും പിരിഞ്ഞും മഹാനന്ദധാരാം
ചൊരിഞ്ഞും പദാംഭോജ ഭക്തർക്കു നിത്യം

വരുന്നോരു തുമ്പങ്ങളെല്ലാമറിഞ്ഞും
കരിഞ്ഞീട്ടുമാറാവിരാതങ്ക ബീജം''

(കാളീനാടകം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുദേവൻെറ കൃതികളിൽ കാളീനാടകത്തിനു അതിപ്രധാനമായ ഒരു സ്ഥാനമുണ്ട്. ദേവിയോടുള്ള പ്രാർത്ഥന ഒരു മുമുക്ഷുവിൻെറ നിലപാടിലാണു നിർദ്ദേശിച്ചിരിക്കുന്നത്. അതു ഒരു പ്രത്യേകതയാണ്. ഇമ്മാതിരിയുള്ള കവിതകൾ ചൊല്ലുന്നതുകേട്ടാൽ ആനന്ദംകൊണ്ടു ആരാണു തുള്ളിച്ചാടാത്തത്. അതുപോലെ തന്നെ 'ശിവശതക'ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതും.

''ജയ ജയ ചന്ദ്രകലാധര ! ദൈവമേ
ജയ ജയ ജന്മവിനാശന ! ശങ്കര !
ജയ ജയ ശൈലനിവാസ ! സതാംപതേ !
ജയ ജയ പാലയ മാമഖിലേശ്വര !

ജയ ജിതകാമ ! ജനാർദ്ദനസേവിത !
ജയ ശിവശങ്കര ! ശർവ്വ ! സനാതന !
ജയ ജയ മാരകളേബരകോമള !
ജയ ജയ സാംബ ! സദാശിവ ! പാഹിമാം''.

ഗഹനമായ ആശയം ഉൾക്കൊള്ളുന്ന 'ദർശനമാല' എന്ന ഗ്രന്ഥവും ആശാൻ അഭിപ്രായപ്പെട്ടതുപോലെ ഒരു വ്യാഖ്യാതാവിൻെറ സഹായമില്ലാതെ സംസ്കൃതാനഭിജ്ഞന്മാർക്കു മനസ്സിലാക്കുവാൻ വളരെ ബുദ്ധിമുട്ടാണ്. വെറും പത്തു പദ്യങ്ങളിൽ ഒതുങ്ങിയിരിക്കുന്ന കവിതാസമാഹാരത്തിൽ ഒരു കവിയുടെ, ഒരു ചിന്തകൻെറ, ഒരു ദാർശനികൻെറ മനോവികാരമാണു പ്രതിഫലിപ്പിക്കുന്നത്. ഋഷിപ്രോക്തമായ ഒരു ദർശനം അതിൽ ഉണ്ട്. പ്രൗഢ ഗംഭീരമായ തത്വചിന്ത രത്നംപോലെ അതിൽ പരിലസിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദർശനമാല എന്നകൃതി ഗുരുദേവൻ രചിച്ചത് ഒരു ശിഷ്യൻെറ അഭ്യർത്ഥനയനുസരിച്ചായിരുന്നു. ആലുവായിൽ സംസ്കൃത വിദ്യാലയം ആരംഭിച്ചു രണ്ടു കൊല്ലം കഴിഞ്ഞശേഷം വേദാന്തം പഠിക്കുന്ന കുട്ടികളുടെ ആവശ്യത്തിന് സംസ്കൃതത്തിൽ ഒരു ഗ്രന്ഥം കല്പിച്ചുരചിക്കണമെന്നു വിദ്യാനന്ദ സ്വാമികൾ അപേക്ഷിച്ചതനുസരിച്ചാണ് ഗുരുദേവൻ ദർശനമാല രചിച്ചതെന്നു മൂർക്കോത്തുകുമാരൻ രേഖപ്പെടുത്തിയിട്ടുണ്ട്.

വിദ്യാനന്ദസ്വാമിതന്നെ "ദീധിതി" എന്ന പേരിൽ ഒരു വ്യാഖ്യാനം എഴുതിയിട്ടുണ്ട്. ആ ഗ്രന്ഥത്തിൻെറ മുഖവുരയിൽ വിദ്യാനന്ദ സ്വാമികൾ രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്.

മാഹാത്മ്യമേറിയ ദർശനമാലയ്ക്കു അല്പജ്ഞനായ ഞാൻ എഴുതിയ ഈ ചെറിയ വ്യാഖ്യാനം പരിപൂർണ്ണമായിട്ടുള്ള ഒന്നാണെന്നോ, മൂലഗ്രന്ഥത്തിലെ നിഗൂഢനിക്ഷിപ്തങ്ങളായ എല്ലാതത്ത്വരഹസ്യങ്ങളും ഇതിൽ വേണ്ടത്ര വിശദീകരിക്കപ്പെട്ടിട്ടുണ്ടന്നോ, ഞാൻ അഭിപ്രായപ്പെടുന്നില്ല. എങ്കിലും, ഈ വ്യാഖ്യാനം ഗ്രന്ഥകാരനായ ആ മഹാത്മാവിൻെറ മുഖാരവിന്ദത്തിൽനിന്നു നിർഗ്ഗളിച്ച സരസ്വതീമകരന്ദധാരയിൽ നിന്നും എൻെറ ചെറിയ ബുദ്ധികൊണ്ടു ഗ്രഹിപ്പിക്കാൻ കഴിഞ്ഞിടത്തോളം തത്ത്വസാരങ്ങളെ ഗ്രഹിച്ച് അവയെ ആസ്പദമാക്കി എഴുതിയിട്ടുള്ളതും, എന്നു മാത്രമല്ലാ മൂലകാരനായ സ്വാമി തൃപ്പാദങ്ങൾതന്നെ ഒന്നിലധികം പ്രാവശ്യം ഇതിനെ വായിച്ചു കേട്ടുതിരുത്തി, ഒടുവിൽ വാത്സല്യപൂർവ്വം "ദീധിതി" യെന്നനാമം കല്പിച്ച് ആശീർവദിച്ചിട്ടുള്ളതുമാകയാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത് മൂലകാരൻെറ ആശയങ്ങളെ അനുസരിച്ചുള്ളതു തന്നെയാണെന്ന് എനിക്കു നല്ല വിശ്വാസമുണ്ട്.''

'ദത്താപഹാരം' എന്ന കവിതയിൽ മൂന്നു ശ്ലോകങ്ങൾമാത്രമേയുള്ളു.

1

ഒന്നുണ്ടു നേരു നേരല്ലി-
തൊന്നും, മർത്ത്യർക്കു സത്യവും
ധർമ്മവും വേണമായുസ്സും
നില്ക്കുകില്ലാർക്കുമോർക്കുക.

2

ദത്താപഹാരം വംശ്യർക്കു
മത്തലേകീടുമെന്നതു
വ്യാർത്ഥമല്ലാപുരാഗീരി-
തെത്രയും സത്യമോർക്കുക

3

കൊടുത്തതു തിരിച്ചങ്ങോ-
ട്ടെടുക്കുന്നവനെത്രയും
നിസ്സ്വനാമവനെക്കാളും
നിസ്സ്വനില്ലാരു മൂഴിയിൽ

ഒന്നേയുള്ളൂ സത്യമായിട്ട് എന്ന അദ്വൈത ചിന്തയാണു ഇതിലും തെളിഞ്ഞു പ്രകാശിക്കുന്നത്. ദത്താപഹാരം വംശ്യർക്കുമത്തലേകിടും. കൊടുത്തതു തിരിച്ചുവാങ്ങുന്നവൻ നിസ്സ്വനാണ്. അവനെക്കാളും നിസ്സ്വനായിട്ടു ഈ ഭൂമുഖത്തു ആരുമില്ലാ എന്ന് ഗുരുദേവൻ ഈ കൃതിയിൽ വ്യക്തമാക്കിയിരിക്കുന്നു.

"ചിജ്ജഡചിന്തനം'' എന്ന കവിതയിൽ അഞ്ചു പദ്യങ്ങൾ മാത്രമേയുള്ളൂ. ആ കവിതയിലെ ആദ്യത്തെപദ്യമിതാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"ഒരു കോടി ദിവാകരരൊത്തുയരും-
പടിപാരൊടുനീരനലാദികളും
കെടുമാറുകിളർന്നുവരുന്നൊരു നിൻ-
മടിവെന്നുമിരുന്നുവിളങ്ങിടണം.

എല്ലാപദ്യങ്ങളിലും അദ്വൈതമെന്ന ആശയമാണു മുഴച്ചുനില്ക്കുന്നത്.

കുണ്ഡലിനിപ്പാട്ട്

ആടുപാമ്പേ, പുനംതേടുപാമ്പേ, യരു
ളാനന്ദക്കൂത്തുകണ്ടാടുപാമ്പേ,
തിങ്കളും കൊന്നയും ചൂടുമീശൻപദ-
പങ്കജം ചേർന്നു നിന്നാടുപാമ്പേ,
വെണ്ണീറണിഞ്ഞുവിളങ്ങും തിരുമേനി
കണ്ണീരൊഴുകക്കണ്ടാടുപാമ്പേ,
ആയിരംകോടി അനന്തൻ നീ ആനന-
മായിരവും തുറന്നാടുപാമ്പേ,
ഓമെന്നുതൊട്ടൊരുകോടിമന്ത്രപ്പൊരുൾ
നാമെന്നറിഞ്ഞുകൊണ്ടാടുപാമ്പേ
പുള്ളിപ്പുലിത്തോൽ പുതയ്ക്കും പുമേനിയെ
ന്നുള്ളിൽ കളിക്കുമെന്നാടുപാമ്പേ,
പേയും പിണവും പിറക്കും ചുടുകാടു
മേയും പരം പൊരുളൊടുപാമ്പേ,
പൂമണക്കും കുഴലാളകം പൂകുമാ
കോമളമേനികണ്ടാടുപാമ്പേ,
നാദത്തിലുണ്ടാം നമശ്ശിവായപ്പൊരു-
ളാദിയായുള്ളതെന്നാടുപാമ്പേ'
പൂമലരോനും തിരുമാലുമാരും പൊൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂമേനി കണ്ടില്ലെന്നാടുപാമ്പേ,
കാമനെച്ചുട്ട കണ്ണുള്ള കാലാരിതൻ-
നാമംനുകർന്നു നിന്നാടുപാമ്പേ.
വെള്ളിമലയിൽവിളങ്ങും വേദപ്പൊരു-
ളുള്ളിൽകളിക്കുമെന്നാടുപാമ്പേ,
എല്ലാമിറക്കിയെടുക്കുമേകൻ പദ-
പല്ലവംപററിനിന്നാടുപാമ്പേ,
എല്ലായറിവുംവിഴുങ്ങി; വെറുംവെളി-
യെല്ലയിലേറിനിന്നാടുപാമ്പേ.
എല്ലാംവിഴുങ്ങിയെതിരററെഴുന്നൊരു
ചൊല്ലെങ്ങുമുണ്ടുനിന്നാടുപാമ്പേ.
ചൊല്ലെല്ലാമുണ്ടുചുടരായെഴുംപൊരു-
ളെല്ലയിലേറിനിന്നാടുപാമ്പേ,
ദേഹം നിജമല്ല ദേഹിയൊരു വന്നീ
ദേഹത്തിലുണ്ടറിഞ്ഞീടു പാമ്പേ.
നാടും നഗരവും മൊന്നായി നാവിൽനി-
ന്നാടുനിൻനാമമോതീടു പാമ്പേ.
ദേഹവും ദേഹിയു മൊന്നായ്‌വിഴുങ്ങീടു-
മേകനുമുണ്ടറഞ്ഞീടുപാമ്പേ,
പേരിങ്കൽനിന്നു പെരുവെളിയെന്നല്ല
പാരാദിതോന്നിയെന്നാടുപാമ്പേ,
ചേർന്നുനില്ക്കുമ്പൊരുളെല്ലാം ചെന്താരൊടു
നേർന്നുപോമ്മാറു നിന്നാടുപാമ്പേ!

ഈ കവിതയിൽ യോഗവിദ്യയ്ക്കാണു പ്രാധാന്യം നല്കിയിരിക്കുന്നത്. മനുഷ്യനിൽ ഉണ്ടാകുന്ന അറിവിന്റെ കേന്ദ്രം മൂലാധാരമാണ്. അവിടെ ചുരുണ്ടുമൂടിക്കിടക്കുന്ന കുണ്ഡലിനിയെ ഉയർത്തെഴുന്നേൽപ്പിച്ചു ആടിക്കുകയാണു ചെയ്യുന്നത്. കുണ്ഡ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലിനിയെ ഉയർത്തെഴുന്നേൽപ്പിച്ചു ആടിക്കുകയാണു ചെയ്യുന്നത്. കുണ്ഡിലിനിയെ പാമ്പിനോടു ഉപമിച്ചിരിക്കുന്ന ഗുരുദേവൻെറ കല്പനാവൈഭവം വായനക്കാരനു മറക്കുവാൻ സാദ്ധ്യമല്ല. അതിൻെറ താളം ഒരു മന്ത്രധ്വനിപോലെ മുഴങ്ങിക്കേൾക്കും.

ധർമ്മഃ

ധർമ്മ ഏവപരംദൈവം
ധർമ്മ ഏവമഹാധനം
ധർമ്മ സ്സർവ്വത്രവിജയീ
ഭവതുശ്രേയസേനൃണാം

(ഈ ശ്ലോകം വിഷ്ണുഷ്ടകം കഴിഞ്ഞ് "ഇതും ഗുരുസ്വാമി അവർകൾ എഴുതിയതാകുന്നു" എന്ന കുറിപ്പോടെ ശിവലിംഗദാസ സ്വാമികളുടെ നോട്ടുബുക്കിൽ ചേർത്തിരുന്നതാണ്.)

ഒരു തമിഴ് ശ്ലോകം

കൺകളെത്തനൈ കരോടിയെത്തനൈ
കരിപ്പുലിതൊലികളെത്തനൈ
തിങ്കളിൻ കലൈവിടങ്കൾ ചീറു-
മരവങ്കളെത്തനൈചെറിന്തെഴും
കങ്കൈനീയുമിതുപോൽ കണക്കീലൈനിൻ-
നീരിൽമൂഴ്കവോരൊവ്വെൻറയും
ശം കരിത്തുയരുമാങ്കുശമ്പുവിൻ
ശരൂവരാകിയിതുശത്യമേ

ഈ ശ്ലോകം ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി തൃപ്പാദങ്ങൾ "കത്യക്ഷീണി" എന്ന സംസ്കൃതശ്ലോകത്തിൻെറ ഭാഷയായി എഴുതിയതാകുന്നു എന്ന കുറിപ്പോടെ ശ്രീ. ശിവലിംഗദാസ സ്വാമികളുടെ നോട്ടുബുക്കിൽ ചേർത്തിരുന്നതാണ്. (ശ്രീനാരായണഗുരുദേവ കൃതികൾ പേജ്. 169)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുദേവകൃതികൾ പ്രതിപാദ്യത്തിലും പ്രതിപാദനത്തിലും ഒരേതരത്തിൽ പ്രാധാന്യമർഹിക്കുന്നു. സംസ്കൃതത്തിലും തമിഴിലും മലയാളത്തിലും ഒരുപോലെ പാണ്ഡിത്യമുണ്ടായിരുന്നു ഗുരുദേവന്. കാലത്തിൻെറ പ്രവാഹത്തിൽ ഉപനിഷത് സിദ്ധാന്തങ്ങൾക്കു ഉണ്ടായ മങ്ങൽ മാററിയിട്ട് ആ സ്ഥാനത്തു ഗുരുദേവൻ ശോഭ വർദ്ധിപ്പിച്ചു. ഗുരുദേവൻെറ പ്രതിഭയുടെ പ്രകാശപ്രസരണം കണ്ടിട്ടാവാം മഹാപണ്ഡിതനായിരുന്ന മൂലൂർ പത്മനാഭപണിക്കർ ''കവിരാമായണത്തിൽ' ഗുരുദേവനെ വാല്മീകിമഹർഷിയോടു ഉപമിച്ചത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 51

മഹാസമാധി

നൂററാണ്ടുകളായി അന്ധകാരത്തിൽ മുങ്ങിക്കിടന്നിരുന്ന മനുഷ്യന് സ്നേഹത്തിൻെറയും സാഹോദര്യത്തിൻെറയും വെളിച്ചം ശ്രീനാരായണ ഗുരുദേവൻ പകർന്നുകൊടുത്തു. കർമ്മകാണ്ഡത്തിലൂടെയും സാഹിത്യകാണ്ഡത്തിലൂടെയും തെളിച്ച ആ പ്രകാശധാര ഇന്നും വഴികാട്ടിയായി മങ്ങാതെ മായാതെ നില്ക്കുന്നു.

ഭാരതം ഇന്നേവരെ കണ്ടിട്ടുള്ള ഋഷിപരമ്പരയിലെ അവസാനത്തെ കണ്ണിയായ ശ്രീനാരായണ ഗുരുദേവൻ മലയാള വർഷം 1104 കന്നിമാസം 5-ാംതീയതി പകൽ മൂന്നുമണിക്കു (20-9-1928) സമാധിയായി.

ഏകാഗ്രതയിലിരുന്നു ശരീരത്തിൽനിന്നും ജീവിനെവെടിയുക. അതാണല്ലോസമാധി. വിവേകാനന്ദസ്വാമിയുടെ ഗുരുവായ ശ്രീരാമകൃഷ്ണപരമഹംസനും സമാധിയടയുകയാണ്ചെയ്തത്. അദ്ദേഹം സമാധിയാകുന്നതിനു എത്രയോ മുൻപുതന്നെ ഒരു രോഗിയായിരുന്നു. അർബുദം എന്ന രോഗം അദ്ദേഹത്തെ കാർന്നുതിന്നുകൊണ്ടിരുന്നു. അപ്പോഴും അദ്ദേഹത്തിൻെറ മനസ്സിനു മാററംവന്നില്ല. ഈശ്വരനിൽ അർപ്പിതമായിരുന്നു ആ പരിപാവന ഹൃദയം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീ നാ രാ യ ണ ഗുരുദേവനും സമാധിയാകുന്നതിനു മുമ്പു രോഗഗ്രസ്തനായിരുന്നു. ശ്രീനാരയണഗുരുദേവഭക്തനും അഞ്ചുതെങ്ങു മജിസ്ട്രേട്ട് കോർട്ടിലെ ഗുമുസ്തനുമായിരുന്ന കടയ്ക്കാവൂർ തട്ടാൻവിളാകത്തുവീട്ടിൽ ശ്രീ. ശേഖരൻ ഗുരുദേവൻെറ രോഗ വിവരത്തെക്കുറിച്ചും ശുശ്രൂഷയെക്കുറിച്ചും ഗ്രന്ഥകാരനു പറഞ്ഞുതന്നിരുന്ന കാര്യങ്ങൾകൂടി ഇവിടെ പകർത്തട്ടെ. സമാധി സമയത്തു ശ്രീ. ശേഖരൻ ശിവഗിരിയിൽ ഉണ്ടായിരുന്നു.

"ഗുരുദേവൻ സമാധിയാകുന്നതിനു വളരെമുമ്പു രോഗം പിടിപെട്ടു. അതിസാരം എന്ന രോഗമാണ് തൃപ്പാദങ്ങളെ ബാധിച്ചത്. ആന്ത്രരോഗവും ഉണ്ടായിരുന്നു. ചിലപ്പോഴെല്ലാം ഇക്കിളിൻെറ ശല്യവുമുണ്ടായിരുന്നു. വൈയ്ക്കത്തുവച്ചാണ് ഗുരുദേവനു രോഗം പിടിപെട്ടത്. വൈക്കത്തുനിന്നും ആലുവാ ആശ്രമത്തിലേക്ക്പോയി. വിശ്രമമെടുക്കണമെന്നു ശിഷ്യന്മാർ നിർബന്ധിച്ചിട്ടും സന്ദർശകരെ ആരെയും ദർശനം നല്കാതെ മടക്കിയയച്ചില്ല. ഈ സന്ദർഭത്തിൽ ററി. കെ. മാധവൻെറ അഭ്യർത്ഥനയനുസരിച്ചു ഗുരുദേവൻ കോട്ടയത്തേയ്ക്കുപോയി. ഒരു പൊതുയോഗത്തിൽ സംബന്ധിച്ചു. അതിനുശേഷം വൈക്കത്തു വെല്ലൂർ മഠത്തിൽ വിശ്രമിച്ചു. രോഗത്തിനു ശമനമുണ്ടായില്ല. അവിടെ നിന്നും ഗുരുദേവൻ തൃശൂർക്കുപോയി. ഗുരുദേവൻ തൃശൂർ ചെന്ന വിവരമറിഞ്ഞു പ്രസിദ്ധ ഡോക്ടറായ കൃഷ്ണൻ വന്നു ഗുരുദേവനെ പാലക്കാട്ടേക്കു കൂട്ടികൊണ്ടു പോയി. രോഗത്തിനു ശമനമുണ്ടാകാതിരുന്നപ്പോൾ ഡോക്ടർ കൃഷ്ണനുമനസ്ഥാപമുണ്ടായി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചൈതന്യം തെളിഞ്ഞുനിന്നിരുന്ന ആ മുഖപത്മത്തിൽനിന്നും നിർഗളിച്ച പ്രകാശ രശ്മികൾ സന്ദർശകരിൽ സന്തോഷം ജനിപ്പിച്ചു. തൃപ്പാദങ്ങൾക്കു മാനസികമായ ക്ഷീണമില്ല. ശാരീരികമായക്ഷീണമേയുള്ളൂവെന്നു ശിഷ്യന്മാരോടു പറയുന്ന രീതിയിലായിരുന്നു ഗുരുദേവന്റെ ഇരിപ്പ്. ഗുരുദേവനു ശാരീരികമായ ക്ഷീണം വർദ്ധിക്കുന്നതിൽ ഭക്തജനങ്ങൾ ഉൽകണ്ഠാകുലരായി.

ഡോക്ടർ കൃഷ്ണൻ മദിരാശിയിൽ നിന്നും ഡോക്ടർ പണ്ടാലയെ വരുത്തി പരിശോധിപ്പിച്ചു. രോഗം ഗുരുതരമാണെന്നു മനസ്സിലാക്കിയ പണ്ടാല ഗുരുദേവനെ മദിരാശിയിലേക്കു കൊണ്ടുപോയി. അവിടത്തെ ചികിത്സയിലും ഗുരുദേവന്റെ രോഗത്തിനു കുറവുണ്ടായില്ല. അലോപ്പതിയേക്കാൾ ആയുർവേദ ചികിത്സയാണു ഗുരുദേവൻ ഇഷ്ടപ്പെട്ടത്. ഗുരുദേവന്റെ കല്പന പ്രകാരം വീണ്ടും പാലക്കാട്ടേക്കു കൊണ്ടുപോയി. ആയുർവേദ ചികിത്സ ആരംഭിച്ചു. ആ ചികിത്സയിലും ഫലം ഉളവായില്ല. പാലക്കാട്ടുനിന്നും ഗുരുദേവനെ കൊല്ലത്തേയ്ക്കു കൊണ്ടുപോയി. അവിടെ നിന്നും ശിവഗിരിയിലേക്കു കൊണ്ടുവന്നു. ശിവഗിരിയിൽവച്ചു നടന്ന ചികിത്സകൊണ്ടും രോഗം ഭേദമായില്ല. ശിവഗിരിയിൽ നിന്നും ഗുരുദേവനെ തിരുവനന്തപുരത്തേക്കു കൊണ്ടുപോയി. പേട്ടയിൽ വാറുവിളാകം റോഡിനടുത്തു സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽ താമസിച്ചു. അന്ന് അതു മാതുകുത്തകക്കാരന്റെ ഗൃഹമായിരുന്നു. അന്നത്തെ പ്രഗത്ഭരും പ്രസിദ്ധരുമായ ഡോക്ടർമാരായിരുന്നു ഡോ. നോബിളും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഡാക്ടർ, സാമ്രവെല്ലും, സാമ്രവെൽ നെയ്യൂർ ആശുപത്രിയിലെ പ്രധാന ഫിസിഷ്യനായിരുന്നു. പ്രശസ്തന്മാരായ ഈ ഡോക്ടറന്മാരുടെ ചികിത്സ ആരംഭിച്ചിട്ടും ഗുരുദേവൻെറ സുഖക്കേടിനു കുറവുണ്ടായില്ല.

ക്ഷീണം അടിയ്ക്കടി വർദ്ധിച്ചു. ഗുരുദേവൻെറ കല്പനയനുസരിച്ചു വീണ്ടും ശിവഗിരിയിലേക്കു കൊണ്ടുപോയി. ഗുരുദേവൻ എവിടെയിരിക്കുന്നുവോ അവിടെയെല്ലാം ഭക്തജനങ്ങളുടെ പ്രവാഹമുണ്ടാകും. അക്കൂട്ടത്തിൽ ധാരാളം രോഗികളുണ്ടായിരിക്കും. അവർ വരുന്നതു അവരുടെ രോഗത്തിനു ശമനമുണ്ടാക്കാനാണ്. ഗുരുവിൽനിന്നും എന്തെങ്കിലും പ്രസാദമായി ലഭിച്ചാൽ രോഗശമനമുണ്ടാകും. ഇതു നിത്യസംഭവമായിരുന്നു. ഇതു ഞങ്ങളെപ്പോലെയുള്ളവരെ അതിശയിപ്പിച്ചു എന്നുപറയേണ്ടതില്ലല്ലോ. ഒരു സുന്ദരിയായ സ്ത്രീ. അവരെ കണ്ടാൽ അവർക്കു എന്തെങ്കിലും സുഖക്കേടു പിടിപെട്ടിട്ടുണ്ടെന്നു ആർക്കും തോന്നുകയില്ല. അവർ ഗുരുദേവൻെറ മുൻപിൽവന്നു സാഷ്ടാംഗം നമസ്ക്കരിച്ചു. അവരോടു എഴുന്നേൽക്കുവാൻ ഗുരുദേവൻ കല്പിച്ചു. അവർ എഴുന്നേററു ''ഗുരുദേവാ'' എന്നു വിളിച്ചു കൂടെ വന്നിരുന്ന ആ സ്ത്രീയുടെ ബന്ധുക്കരം അത്ഭുതപ്പെട്ടു. അന്നുവരെ സംസാരിക്കാതിരുന്ന ആ സ്ത്രീ സംസാരിച്ചതുകണ്ടു അവർ സന്തോഷിച്ചു. ഈ സന്ദർഭത്തിലും ഗുരുദേവൻെറ സുഖക്കേടിന് കുറവില്ലായിരുന്നു.

രോഗം വർദ്ധിച്ചുവന്നു. എന്നാൽ സമാധിയെക്കുറിച്ചു ഗുരുദേവൻ സൂചിപ്പിക്കാറുണ്ടായിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമാധിയാകുന്നതിനു രണ്ടു ദിവസം മുമ്പുള്ള അവസ്ഥ കാണാനുള്ള മഹാഭാഗ്യം എനിക്കുണ്ടായി. മുഖത്തെ പ്രഭ തെളിഞ്ഞു പ്രകാശിച്ചിരുന്നു. ശിഷ്യന്മാരും ഭക്തജനങ്ങളുമെല്ലാം അടുത്തിരുന്നു പരിചരിച്ചു. ഗുരുദേവ കല്പനപ്രകാരം ഈശാവാസ്യോപനിഷത്തും ദൈവദശകവും ശിഷ്യന്മാർ വായിച്ചിരുന്നു.

1928-സെപ്റ്റംബർ മാസം ഇരുപതാംതീയതി, സൂര്യൻ എത്തിനോക്കാൻ തുടങ്ങിയെങ്കിലും പ്രഭയ്ക്കുമങ്ങലേററതുപോലെ തോന്നി. ചനുമിനുത്ത മഴ. ഇടതടവില്ലാതെ പെയ്തുകൊണ്ടിരുന്നു. അന്തരീക്ഷം ആകപ്പാടെ മൂടിക്കെട്ടിയതുപോലെ. പക്ഷെ ഗുരുദേവനു ചുററും ആ പ്രകാശധാര പ്രസരിച്ചുകൊണ്ടിരുന്നു. പകൽ സമയം മൂന്നുമണിയോടു അടുക്കുവാൻ തുടങ്ങി. ഗുരുദേവൻ ബോധാനന്ദസ്വാമിയോടു കല്പിച്ചു. ''ദൈവദശകം വായിയ്ക്കൂ''. ബോധാനന്ദസ്വാമി ദൈവദശകം മുഴുവനും ചൊല്ലി. അവസാനത്തെ ശ്ലോകം ചൊല്ലിതീർന്നതും ഗുരുദേവന്റെ നയനങ്ങൾ അടഞ്ഞതും ഒരേ സമയത്തായിരുന്നു.

ആ പ്രകാശധാര മറഞ്ഞു. ഭക്തജനങ്ങൾ ഇരുട്ടിലായി.

ശിവഗിരിയും പരിസരവും ജനനിബിഡമായി. ദുഃഖത്തിന്റെ നിഴൽ എങ്ങും വ്യാപിച്ചു. ഇനി ഒരിക്കലും ലഭ്യമല്ലാത്തവിധം എന്തോ വിലപ്പെട്ടതു നഷ്ടപ്പെട്ട അനുഭവം ജനതയ്ക്കുണ്ടായി''.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹാസമാധി അടുത്തുവരുന്നുവെന്നു മനസ്സിലാക്കിയ ഗുരുദേവഭക്തന്മാർ അതിലേക്കു വേണ്ട ഒരുക്കങ്ങളും ചെയ്തിരുന്നു. തിരുവനന്തപുരത്തു മാതൃകുത്തകക്കാരൻ അഞ്ചു ചാക്കു ഭസ്മവും നൂററിഒന്നു പെട്ടി കട്ടിക്കർപ്പൂരവും നാഗർകോവിൽ നിന്നും വാങ്ങി സൂക്ഷിച്ചിരുന്നു. സമാധിയായതിനു ശേഷമാണ് അത് ശിവഗിരിയിലേക്കുകൊണ്ടുവന്നത്.

കേരളത്തിൻെറ നാനാ ഭാഗങ്ങളിൽനിന്നും കന്യാകുമാരി, തിരുനെൽവേലി, തിരുപ്പുറംകുൻഡ്രം, മംഗലാപുരം, ബാംഗ്ലൂർ മുതലായ മററ് സ്ഥലങ്ങളിൽ നിന്നും ഭക്തജനങ്ങളും സന്ന്യാസിമാരും വന്നുതുടങ്ങി. കർപ്പൂരപ്പലകകൾ നിറച്ച പെട്ടികളും പുഷ്പഹാരങ്ങളുംകൊണ്ടു ശിവഗിരി നിറഞ്ഞു. തൂവെള്ള വസ്ത്രംകൊണ്ടു ഗുരുവിൻെറ ശരീരം പൊതിഞ്ഞു തയ്യാറാക്കി. സന്ധ്യസമയത്തു തൃപ്പാദങ്ങളെ, അലങ്കരിച്ചു നിർത്തിയിരുന്ന രഥത്തിനകത്തു പ്രതിഷ്ഠിച്ചു. ഗുരുദേവൻെറ കഴുത്തുവരെ പുഷ്പഹാരങ്ങളെ കൊണ്ടു നിറച്ചു. ധർമ്മതീർത്ഥരും ചില ഭക്തന്മാരും ജനസഞ്ചയത്തെ രണ്ടു വശത്തേക്കു ഒതുക്കുവാൻ ശ്രമിച്ചു. ഗുരുദാസ് രഥത്തിനു മുമ്പിൽ പുഷ്പാഞ്ജലി മചയ്തുകൊണ്ടിരുന്നു. ശംഖനാദം മുഴങ്ങി. രഥവും ചുമന്നുകൊണ്ടുള്ള പട്ടണപ്രദിക്ഷണം ആരംഭിച്ചു. അർജ്ജുനൻ എന്ന അന്തേവാസി ഭസ്മം നിറച്ചതാമ്പാളം കൈയിലേന്തി സുബ്രഹ്മണ്യൻഎന്നഅന്തേവാസിചന്ദനത്തിരികത്തിച്ചുപിടിച്ചു, ഗുരുദേവൻെറ വിശുദ്ധ ശരീരം വഹിച്ചുകൊണ്ടു വരുന്ന രഥം കാണാൻ ഭക്തജനങ്ങൾ റോഡിൻെറ രണ്ടരികിലും തടിച്ചുകൂടി, ദുഃഖഛായ പരന്ന മുഖങ്ങളുമായിട്ടാണു ഭക്തജനങ്ങൾറോഡരികിൽ കൂടിനിന്നത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രഥം തിരിച്ചു ശിവഗിരിയിൽ എത്തി. ഭക്തജനങ്ങൾ പുഷ്പഹാരങ്ങൾ കൊണ്ടു രഥത്തെചുററും നിറച്ചു. കർപ്പൂരധൂമം പരിമളം പരത്തി.

ബ്രഹ്മവിദ്യാലയത്തിനു ഗുരുദേവൻ അടിസ്ഥാനക്കല്ലിട്ടിരുന്ന ഭാഗത്തുതന്നെയാണു കല്ലറ തയ്യാറാക്കിയിരുന്നത്. സന്ന്യാസിമാർ ഗുരുദേവൻെറ ശരീരം രഥത്തിൽ നിന്നും പുറത്തേക്കു എടുത്തു. അച്യുതാനന്ദസ്വാമികൾ അർജ്ജുനൻ എന്ന കൊച്ചനെ കല്ലറയിലിറക്കി. അർജ്ജുനൻ കർപ്പൂരപലകൾ നിരത്തിയശേഷം ഭസ്മം നിറച്ചു. കോവിലൂർ വിദ്യാനന്ദസ്വാമി, ശാന്തിലിംഗസ്വാമി, മാമ്പലം വിദ്യാനന്ദ സ്വാമി, ശങ്കരാനന്ദസ്വാമി, അച്യുതാനന്ദസ്വാമി-ഇവർ ഗുരുദേവൻെറ വിശുദ്ധശരീരംതാങ്ങി കല്ലറയിലേക്കു താഴ്ത്തി മഹാസമാധിയിരുത്തി. ഭസ്മംകൊണ്ടു ഗുരുദേവൻെറ വിശുദ്ധശരീരം പൊതിഞ്ഞു, ഗുരുദാസ് വീണ്ടും പൂജതുടങ്ങി. ശംഖനാദം മുഴങ്ങി. നാഗസ്വരമേളമാരംഭിച്ചു. സന്ന്യാസിമാർ കല്ലറയുടെ മുഖംമൂടി. ജനസമൂഹം ശിവഗിരിയിലേക്കു ഒഴുകിക്കൊണ്ടിരുന്നു. അക്കൂട്ടത്തിൽ സ്ഥൂലശരീരത്തോടുകൂടിയ ഒരു വൃദ്ധയുണ്ടായിരുന്നു. അവരുടെ വിലാപം ശോകസാന്ദ്രമായ ആ അന്തരീക്ഷത്തെ കൂടുതൽ ദുഃഖാ-കുലമാക്കി, അതു മററാരുമായിരുന്നില്ല ചെട്ടിച്ചിഅമ്മ. മഹാസമാധിയിരുത്തിയ ചടങ്ങിനെക്കുറിച്ചുള്ള കാര്യം ഗ്രന്ഥകർത്താവിനു വിവരിച്ചുതന്നതു അന്തേവാസിയായ അർജ്ജുനനാണ്.

ആദ്യത്തെ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ അന്നു സമാധിസ്ഥലത്തിൻെറ മുകൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഗം ഓലമേഞ്ഞതായിരുന്നു. ഇന്നു സമാധിസ്ഥാനത്തു ഉയർന്നുനില്ക്കുന്ന മന്ദിരം പണിയിച്ചതു ഗുരുദേവഭക്തനായിരുന്ന എം. പി. മുത്തേടമാണ്.

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 257

നടരാജഗുരുവും ഗുരുകുലങ്ങളും

ഒരു കാലത്ത് പാശ്ചാത്യ വിദ്യാഭ്യാസം, ലഭിച്ചവർ തിരുവിതാംകൂറിൽ വിരളമായിരുന്നു. അന്നു പാശ്ചാത്യവിദ്യാഭ്യാസം സിദ്ധിച്ച വ്യക്തികളിൽ ഒരാളായിരുന്നു ഡാക്ടർ പി. പല്പു. അന്നത്തെ സാമൂഹ്യ വ്യവസ്ഥിതി അനുവദനീയമല്ലാതിരുന്നതുകൊണ്ട് ഡാക്ടർ പല്പുവിനു തിരുവിതാംകൂർ സർവീസ്സിൽ ഉദ്യോഗം നേടാൻകഴിഞ്ഞില്ല. അദ്ദേഹം പോയതു മൈസൂറിലേക്കായിരുന്നു. അവിടെ ഡാക്ടർക്കു ഉദ്യോഗം ലഭിച്ചു, ഒരു ഡാക്ടർക്കു വേണ്ട ദയ, സ്നേഹം, ധൈര്യം, കർമ്മകുശലത മുതലായ ഗുണങ്ങൾ അദ്ദേഹത്തിൽ സമഞ്ജസമായി സമ്മേളിച്ചിരുന്നു. ബാംഗ്ലൂരിൽ ഉദ്യോഗത്തിൽ കഴിഞ്ഞെങ്കിലും അദ്ദേഹത്തിന്റെ ആത്മാവ് തിരുവിതാംകൂറിലെ ഏഴകളെ സംരക്ഷിക്കുന്ന കാര്യത്തിനു വേണ്ടി ദാഹിക്കുകയായിരുന്നു. ആധുനിക കേരളത്തിന്റെ സൃഷ്ടിക്കു വേണ്ടി അദ്ദേഹം നൽകിയ സംഭാവന ചരിത്രത്തിന്റെ താളുകളിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തിയിട്ടുണ്ട്, അത് എന്നും ശോഭയോടു കൂടിത്തന്നെ പരിലസിക്കും. പ്രശസ്ത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നും പ്രഗൽഭനും പ്രസിദ്ധനുമായ ഡാക്ടർ പല്പു വിൻെറ മകനായി നടരാജൻ 1895 ഫെബ്രുവരി മാസത്തിൽ ബാംഗ്ലൂരിൽ ജനിച്ചു.

ബാല്യകാലത്തു സാധാരണ കുട്ടികളിൽ നിന്നും വ്യത്യസ്തമായ ഒരു സ്വഭാവത്തോടു കൂടിയാണു നടരാജൻ വളർന്നുവന്നത്. ബാംഗ്ലൂരിലും തിരുവനന്തപുരത്തും സിലോണിലും മദ്രാസിലും ഇംഗ്ലണ്ടിലും പാരീസിലും അദ്ദേഹം വിദ്യാഭ്യാസം നടത്തി. ചുരുക്കത്തിൽ ഒരു ലോകപൗരനായി വളർന്നുവരാൻ നടരാജനു സാഹചര്യമുണ്ടായി.

ഡാക്ടർപല്പു കൂടെക്കൂടെശ്രീനാരായണഗുരുദേവനെ ചെന്നുകാണുക പതിവായിരുന്നു. ഒരിക്കൽ നടരാജനെയും കൂട്ടിക്കൊണ്ടുപോയി ആദ്യത്തെ കാഴ്ചയെക്കുറിച്ചു നടരാജഗുരു പറയുന്നുതു കേൾക്കുക.

"1899—നോടടുത്ത്, അതായത് ഞാനൊരു കൊച്ചുകുട്ടിയായിരുന്ന കാലത്ത് തിരുവനന്തപുരത്തു നിന്നു പന്ത്രണ്ടുമൈൽ തെക്കുമാറി ഒരു നദീതീരത്തു പർണ്ണശാലയിൽ നിവസിച്ചിരുന്ന, നാല്പതു വയസ്സു കഴിഞ്ഞിരിക്കാവുന്ന അത്ഭുതകരനായ ഒരു പുരുഷൻെറ സാന്നിദ്ധ്യത്തിലേക്ക് ഞാൻ ആനയിക്കപ്പെട്ടു. പില്ക്കാലത്തു എൻെറ ജീവിതത്തിൽ ഉടനീളം ഏററം പ്രഭാവം ഈ പുരുഷൻ ചെലുത്തുമെന്നു അന്നു ഞാൻ സംശയിച്ചതേയില്ല. ആരാധകരായും ഭക്തരായും നിരവധി ജനങ്ങൾ അന്ന് അദ്ദേഹത്തിനു ചുററും കൂടിയിട്ടുണ്ടായിരുന്നു എന്നതാണു എൻെറ ഓർമ്മ. അദ്ദേഹമാകട്ടെ നിരുദ്വേഗനായി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൗനമായി നടന്നതേയുള്ളൂ. തൻെറ പാദപാംസുക്കൾ തൊട്ടെടുക്കുവാൻ ഒന്നിനുപിന്നിലൊന്നായി വന്നു കൊണ്ടിരുന്നവരെ നിർന്നിമേഷനായി നോക്കിയിരുന്നു കൊണ്ടു അദ്ദേഹം അനുഗ്രഹാശിസുകൾ നല്കു ന്നുണ്ടായിരുന്നു പാദനമസ്ക്കാരത്തിനു എന്നെയും കൊണ്ടുചെന്നു. എന്നാൽ ഞാൻ എൻെറ ബാല്യസഹ ജമായ രീതിയിൽ പ്രതിഷേധം പ്രകടിപ്പിക്കുകയാണു ണ്ടായത്. ഞാൻ എന്നോടുതന്നെ പറഞ്ഞു. "എൻെറ അഹന്ത ചെറുതാണെങ്കിലും മററാരുടേതിനേയുംക്കാൾ വലുതാണ്". വിശേഷിച്ചും ഒരപരിചിതൻേറതിനേ ക്കാൾ. ഗുരു എൻെറ ഇളക്കമില്ലാത്ത ഭാവം കാണുക തന്നെ ചെയ്തു. എന്നിട്ടും ഗുരു പറയുകയാണ്. "ഡാക്ടരുടെ മകനല്ലേ, ആരെയും കുമ്പിടാനിഷ്ട മില്ല". പിൽക്കാലത്തു എൻെറ ജീവിതത്തിൽ പരമ പ്രാധാന്യമർഹിക്കുന്നതായി എനിക്കു അനുഭവപ്പെട്ട നിഗൂഢപുരുഷനായ ഗുരുവിനോടുള്ള എൻെറ ആദ്യ സമ്പർക്കം അഥവാ സമ്പർക്കരാഹിത്യം ഇങ്ങനെയാണു ണ്ടായത്".

പിന്നീടു നടരാജൻ പലതവണ ഗുരുദേവനെ ചെന്നു കണ്ടിട്ടുണ്ട്. വണങ്ങിയിട്ടുണ്ട്. സാഷ്ടാംഗ നമസ്ക്കാരം ചെയ്തിട്ടുണ്ട്.

അറിവു നേടുക അതിനെക്കുറിച്ചു ചിന്തിക്കുക. അതു ജീവിതത്തിൽ പകർത്താൻ ശ്രമിക്കുക. അതാ യിരുന്നു നടരാജൻെറ ജീവിതലക്ഷ്യം. നടരാജൻ 1932-ൽ പാരീസിലെ സേർബോൺ യൂണിവേഴ്സിററി യിൽ നിന്നും ട്രിപ്പിൾ ഓണേഴ്സോടുകൂടി ഡി. ലിററു ബിരുദം നേടി. ഫ്രഞ്ചുവിപ്ലവത്തിനു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കളമൊരുക്കിയ വാറംട്ടയറുടേയും റൂസ്സോയുടേയും ജീവിതത്തേയും ചിന്തയേയും കുറിച്ചു പഠിക്കുവാൻ ഫ്രാൻസിൽവച്ചു മാസ്ററർക്കു അവസരം ലഭിച്ചു. ശ്രീനാരായണഗുരുദേവൻ കഴിഞ്ഞാൽ ഡാക്ടർ നടരാജനെ സ്വാധീനിച്ചിട്ടുള്ളതു വാറംട്ടയറും റൂസ്സോയുമാകുന്നു. ഈ കാലഘട്ടത്തിൽ തത്ത്വ ചിന്തയെ ശാസ്ത്രീയമായി വീക്ഷിക്കുകയും വിശക ലനം ചെയ്തു പഠിക്കുകയുമായിരുന്നു-ഡാക്ടർ നടരാജൻ ചെയ്തത്. ഫ്രാൻസിൽവച്ച് ഡാക്ടർ നടരാജൻ രചിച്ചതാണ് "Way of the guru" അതിനെ പിന്നീട് വികസിപ്പിച്ചതാണ് "Word of the guru"

സ്വതന്ത്രചിന്തയ്ക്കു നൂറുശതമാനവും പ്രാധാ ന്യം നല്കിയിരുന്നു ഡാക്ടർ നടരാജൻ. ആചാര ത്തിനുവേണ്ടി ആരെയും അനുകരിക്കുകയോ ആദരി ക്കുകയോ ചെയ്തില്ല. ശ്രീനാരായണ ഗുരുദേവനു മായി പല സന്ദർഭങ്ങളിലും സംഭാഷണം നടത്തിയി ട്ടുണ്ട്. ഭഗവത്ഗീതയെ പരാമർശിച്ച സന്ദർഭത്തിൽ ശ്രീനാരായണ ഗുരുദേവൻ ഡാക്ടർ നടരാജനോട് ചോദിച്ചു.

"കുരുക്ഷേത്രയുദ്ധത്തിനുവേണ്ടി തയ്യാറെടുത്തു നിന്ന കൗരവപക്ഷക്കാരിൽ ഗുരുജനങ്ങളെ കണ്ടിട്ട്– ഗുരുക്കന്മാരെ കൊല്ലുന്നതിനേക്കാറം ഭിക്ഷാടനം ചെയ്യുന്നതാണ് ഉചിതമെന്നു പറഞ്ഞു ഗാണ്ഡീവം അർജ്ജുനൻ താഴെ വച്ചല്ലോ. അർജ്ജുനൻ അങ്ങനെ പറഞ്ഞതു തെററാണോ ?

ഡാക്ടർ നടരാജൻ–അല്ല.

"പിന്നെന്തുകൊണ്ട് യുദ്ധം ചെയ്യാൻ ഭഗവാൻ പ്രേരിപ്പിച്ചു". ഉത്തരവും ഗുരുതന്നെ നൽകി·

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'അർജ്ജുനന് ഖേദിക്കേണ്ടിവരുമായിരുന്നു' ഈ സംഭാഷണമാണ് ഭഗവത്ഗീതയ്ക്ക് ബൃഹത്ഭാഷ്യം എഴുതാൻ നടരാജഗുരുവിനെ പ്രേരിപ്പിച്ചത്.

മേൽ വിവരിച്ച ചോദ്യങ്ങളിൽനിന്നും ഉത്തരങ്ങളിൽനിന്നും ഗുരുവിൻേറയും ശിഷ്യൻേറയും പാണ്ഡിത്യം വ്യക്തമാകുന്നുണ്ടല്ലോ, അന്ധമായ വിശ്വാസം കൊണ്ടല്ല ഡാക്ടർ നടരാജൻ ശിഷ്യത്വം സ്വീകരിക്കാൻ ഒരുമ്പെട്ടത്. അതുപോലെ ഡോ:നടരാജനെ ഒരുവെറും ശിഷ്യനായിട്ടല്ല ഗുരു സ്വീകരിച്ചത്. പണ്ഡിതനായ ശിഷ്യൻ. ത്യാഗിയായ ശിഷ്യൻ. നിർബ്ബന്ധിച്ചു സന്ന്യാസിയാകാൻ പ്രേരിപ്പിച്ചിട്ടില്ല. എന്നതാണു ഗുരുദേവൻെറ മറെറാരുപ്രത്യേകത. ദീർഘമായ ചിന്തയിൽനിന്നും ഉടലെടുത്തആശയവുമായിഡോ:നടരാജൻ ശ്രീനാരായണനെ സന്ദർശിച്ചു ഇംഗിതം അറിയിച്ചു. ഗുരുവിൻെറ ആജ്ഞപ്രകാരം ഡാക്ടർ നടരാജൻ നേരെപോയതു ആലുവാ അദ്വൈതാശ്രമത്തിലേയ്ക്കായിരുന്നു. അവിടെവച്ചു ഡാക്ടർക്കുധാരാളം കയ്പേറിയ അനുഭവങ്ങരം ഉണ്ടായി. അതിനെയെല്ലാം കടിച്ചമർത്തി കുറെക്കാലം കഴിഞ്ഞു. ഒടുവിൽഗത്യന്തരമില്ലാതെ നീലഗിരിമലയിലേയ്ക്കുപോയി. ദുഃഖവും നിരാശതയും സന്തതസഹചാരിയെപോലെ പിൻതുടർന്നു. അപ്പോഴാണ് ഗുരുകുല പ്രസ്ഥാനത്തെക്കുറിച്ചു ഗാഢമായി ചിന്തിക്കാൻ തുടങ്ങിയത്.

നടരാജ ഗുരുവിൻെറ ഭാവനയിൽ വിരിഞ്ഞ ഗുരുകുലത്തിൻെറ രൂപം എന്താണെന്നു നോക്കാം. പതിനെട്ടുവയസ്സിനു താഴെയുള്ള കുട്ടികരംക്ക് വിദ്യാഭ്യാസം നൽകുക.അതിനുവേണ്ടിസെക്കണ്ടറിസ്ക്കൂളും ബോർഡിംഗ് സ്ക്കൂളും സ്ഥാപിക്കുക. കുടാതെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൊഴിൽ സൗകര്യമുണ്ടാക്കുക-തൊഴിൽ സൗകര്യം ഓരോ കുട്ടിയുടേയും ആഗ്രഹത്തിനും അഭിരുചിക്കുമൊത്തരീതിയിലായിരിക്കണം. മാത്രമല്ല അവരെ ബോധവാന്മാരും കർമ്മ നിരതരുമാക്കുക. നടരാജഗുരുവിന്റെ സങ്കല്പം പൂവണിയാൻ-യാഥാർത്ഥ്യമാകുവാൻവളരെ പ്രയാസം നേരിടേണ്ടിവന്നു. കാറ്റും കോളും നിറഞ്ഞ കായലിലൂടെ അലഞ്ഞലഞ്ഞുപോകുന്ന നൗക പോലെ ഗുരുകുല പ്രസ്ഥാനം മുന്നോട്ടുപോയി.

1948-ൽ അമേരിക്കയിൽ നടന്ന ലോകമതസമ്മേളനത്തിൽ ഇൻഡ്യയുടെ പ്രാതിനിധ്യം വഹിച്ചത് നടരാജ ഗുരുവായിരുന്നു. സ്വാമി വിവേകാനന്ദൻ പ്രസംഗിച്ച അതേഹാളിൽതന്നെയായിരുന്നുസമ്മേളനം. അവിടെവച്ചു നടരാജഗുരുവിനെ 'ഹാരിജേക്കബ്സൺ' എന്ന കോടീശ്വരൻ ചെന്നുകണ്ടു പരിചയപ്പെട്ടു. ആ പരിചയം സ്നേഹബന്ധത്തിൽ കലാശിച്ചു. ഹാരിജേക്കബ്സണിന്റെ സാഹായത്തോടെ നാരായണ ഗുരുകുലം അമേരിക്കയിൽ സ്ഥാപിച്ചു. ആസ്ട്രേലിയയിൽ, 'ഡാക്ടർ ബക്ക്' എന്ന ഇഞ്ചിനീയർ അറുപത് ഏക്കർ സ്ഥലം സംഭാവനചെയ്തതുകൊണ്ട് അവിടെയും ഒരു ഗുരുകുലം സ്ഥാപിക്കുവാൻ കഴിഞ്ഞു. അതുപോലെ തന്നെ 'ഗവർട്ടുഫാമിലി' ബെൽജിയത്തിൽ നാരായണ ഗുരുകുലം സ്ഥാപിക്കുവാൻ ആവശ്യമായ സഹായസഹകരണങ്ങൾ നല്കി. ഫിജിയിലും ചില പ്രമുഖന്മാരുടെ സഹായത്തോടെ ഗുരുകുലം സ്ഥാപിച്ചു. ഭാരതത്തിനകത്ത് ഊട്ടി, ബാംഗ്ലൂർ വർക്കല, തലശ്ശേരി, ഏഴിമല, ചെറുവത്തൂർ, തോൽപ്പെട്ടി, വൈത്തിരി, കോന്നി എന്നീ സ്ഥലങ്ങളിലും നാരായണഗുരുകുലങ്ങൾ സ്ഥാപിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാഹസികനായ ഒററയാനായിരുന്നു നടരാജഗുരു. പ്രതിബന്ധങ്ങൾ പല ഭാഗത്തുനിന്നു പല രൂപത്തിലും പല ഭാവത്തിലും ഉണ്ടായിട്ടും അടിപതറാതെ ശ്രീനാരായണ സിദ്ധാന്തങ്ങൾ ആഗോളവ്യാപകമായി പ്രചരിപ്പിക്കുവാൻ മുന്നിട്ടിറങ്ങിയ കർമ്മയോഗിയാണ് നടരാജഗുരു. ശ്രീനാരായണ ഗുരുദേവൻെറ ശിഷ്യനും പണ്ഡിതനുംസന്ദേശവാഹകനുമായിരുന്ന നടരാജഗുരു 79-ാമത്തെ വയസ്സിൽ സമാധിയായി. (19-3-1979 at 11 A. M.)

നടരാജഗുരുവിൻെറ ശിഷ്യന്മാരിലൊരാളും ഐർലണ്ട് സ്വദേശിയുമായ ജോൺസ്പീയേഴ്സ് 'വാല്യൂസ്' എന്ന ഇംഗ്ലീഷ് മാസിക ഇരുപതിലേറെ കൊല്ലം നടത്തിയിരുന്നു. മലയാളഭാഷയിലെ മഹാസംഭവമായിരുന്ന മംഗളാനന്ദ സ്വാമികളും നടരാജഗുരുവിൻെറ ശിഷ്യനായിരുന്നു. ഇപ്പോൾ നടരാജഗുരു സ്ഥാപിച്ച ഗുരുകുലങ്ങളുടെ സിരാകേന്ദ്രം ഗുരു നിത്യചൈതന്യയതിയാകുന്നു. ഗുരുവിൻെറ കാല്പാടുകളെ ശിഷ്യൻ ആത്മാർത്ഥമായി അനുധാവനം ചെയ്യുന്നു. മുനി നാരായണ പ്രസാദുംകൂട്ടരും കലവറ കൂടാതെ ഗുരുകുലങ്ങളുടെ പ്രവർത്തനം ഊർജ്ജസ്വലമായി നടത്തിപ്പോരുന്നുണ്ട്. വർക്കലതന്നെയാണ് ഗുരുകുലങ്ങളുടെ കേന്ദ്രവും.

തത്ത്വചിന്തകന്മാരായ പ്ലേറേറായും അരിസ്റേറാട്ടിലും അക്കാഡമികൾ സ്ഥാപിച്ചിരുന്നു. ഒരു പക്ഷെ പ്ലേറേറായുടേയും അരിസ്റേറാട്ടിലിൻേറയും ഗുരുകുലങ്ങളുടെ പ്രവർത്തന ശൈലിയിൽനിന്നും വ്യത്യാസങ്ങൾ കണ്ടേക്കാം നടരാജഗുരു സ്ഥാപിച്ച ഗുരുകുലങ്ങൾക്ക്. നടരാജഗുരു ഏകാന്തപഥികനായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രുന്നു. അദ്ദേഹത്തിന് ആലംബമായിരുന്നത് ശ്രീനാരായണഗുരുദേവൻ മാത്ര മായിരുന്നു വെന്ന് നടരാജഗുരു ആത്മകഥയിൽ സൂചിപ്പിച്ചിട്ടുണ്ട്. "നിയതി" അല്ലെങ്കിൽ പരം പൊരുൾ എന്നെക്കൊണ്ട് നടത്തിക്കുന്നു." ആരാണീ പരംപൊരുൾ? സാക്ഷാൽ ശ്രീനാരായണഗുരുദേവൻ. ഗുരുദേവസിദ്ധാന്തങ്ങൾ ലോകത്തിന് വിവരിച്ചുകൊടുക്കാനായി നടരാജഗുരു തന്റെ ജീവിതം ഉഴിഞ്ഞു വച്ചു. അരുവിപ്പുറത്തു വച്ച് ഗുരുവിനെ വന്ദിക്കാൻ തയ്യാറില്ലായിരുന്ന നിഷേധിയായ ആ കുട്ടി-നടരാജൻ മാസ്റ്റർ-ഗുരുദേവന്റെ ശിഷ്യനായി

▲

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 53

എം. പി. മുത്തേടം

എം. പി. മുത്തേടത്തിനെക്കുറിച്ചു കേട്ടിട്ടില്ലാത്തവർ കേരളത്തിൽ വിരളമാണ്. ഒരു ഉത്തമ ശ്രീനാരായണഭക്തൻ, സത്യസന്ധനായ ഒരു റെയിൽവേ കൺട്രാക്ടർ. അദ്ദേഹത്തെക്കുറിച്ചും അല്പം പറയാം.

തൃശ്ശൂർ പടിഞ്ഞാററു കണ്ടശ്ശാംകടവു ടൗണിൻെറ തെക്കുഭാഗത്താണു മണ്ടാട്ടു പുരദേശം. അവിടെ മുത്തേടത്തു എന്നു പേരുള്ള ഒരു ഭവനമുണ്ട്. ആ ഭവനത്തിലെ മാക്കോതയുടെയും മാതയുടെയും മകനായി പാറാൻ ജനിച്ചു. കുട്ടിക്കാലത്തുതന്നെ ആദ്ധ്യാത്മികമായ കാര്യങ്ങളിൽ അതീവതാല്പര്യം പ്രകടിപ്പിച്ചു പാറാൻ. സംഭവബഹുലമല്ലാത്ത ജീവിതത്തിൻെറ ഉടമയായിത്തീരാനാണു ആ ബാലൻ ആഗ്രഹിച്ചത്.

പാറാൻ സ്ക്കൂൾഫൈനൽ പരീക്ഷപാസ്സായി. ഉപരിപഠനമല്ല ആവശ്യം, ജീവിതത്തിനു ഒരു വഴി കണ്ടെത്തണം. സ്വതന്ത്രമായ ജീവിതം. ആരെയും ആശ്രയിക്കാതെ—ആരെയും-വഞ്ചിക്കാതെ—ആരെയും വേദനിപ്പിക്കാതെയുള്ള ജീവിതം. പണിയെടുത്തു ജീവിക്കണം. വിയർപ്പു പൊടിഞ്ഞുകിട്ടുന്ന കാശിനേ രുചിയുള്ളൂ. സ്വാദുള്ളൂ എന്നു പാറാൻ ഗ്രഹിച്ചി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രുന്നു. പാററാൻ നേരെ ഷൊർണ്ണൂരിലേക്കു യാത്ര തിരിച്ചു. ഷൊർണ്ണൂരിൽചെന്നു പാററാൻെറ ചെറിയ ച്ഛനായ എം. ആർ. കോന്നിമേസ്ത്രിയെക്കണ്ടു

എം. ആർ. കോന്നിമേസ്ത്രി ഷൊർണ്ണൂരിൽ റെയിൽവേ കാൺട്രാക്ട് എടുത്തു കഴിയുകയായിരുന്നു. തനിക്കു എന്തെങ്കിലും തൊഴിൽ നല്കണമെന്നു ചെറിയച്ഛനോടുപറഞ്ഞു. തൊഴിലന്വേഷിച്ചു എത്തിയ മകൻെറ ഉറച്ച തീരുമാനത്തെമേസ്ത്രി ബഹുമാനിച്ചു. റെയിൽവേ പണിക്കാരുടെ മേൽനോട്ടം പാററാനെ ഏല്പിച്ചു. പ്രതിമാസം 20 ഉറുപ്പിക ശമ്പളം. പാററാൻ തൻെറ ജോലി സുസ്ത്യർഹമായി തന്നെ ചെയ്തു. തത്ഫലമായി ചെറിയച്ഛനു സന്തോഷം ഉണ്ടായി.

ഇക്കാലത്തു ഗുരുദേവൻ കോന്നിമേസ്ത്രിയുടെ വീട് സന്ദർശിച്ചിരുന്നു. ഗുരുദേവഭക്തനായിരുന്നു കോന്നിമേസ്ത്രി. മേസ്ത്രിയുടെ വീടായ 'ഭക്തഭവൻെറ' മുൻപിൽ ഒരു ചാരുകസേരയിൽ അസാധാരണ വ്യക്തിത്വം തുളുമ്പുന്ന ഒരാൾ ഇരിക്കുന്നതായി പാററാൻ കണ്ടു. അതുമററാരുമായിരുന്നില്ല. ശ്രീനാരായണഗുരുദേവൻ തന്നെയായിരുന്നു, പാററാൻ ഭക്തിപൂർവ്വം ഗുരുദേവൻെറ അടുത്തേക്കു ചെന്നു.

ഗുരു:-"എന്താണ് പേര്?"

പാററാൻ:-പാററാൻ

ഗുരു:-വിദ്യാഭ്യാസം പൂർത്തിയാക്കിയോ ?

പാററാൻ:-സ്ക്കൂൾഫൈനൽ പരീക്ഷ പാസ്സായി

ഗുരു:-അടുത്തപടി എന്താണ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാറാൻ:- സ്ഥിരമായി എന്തെങ്കിലും പണിയിൽ ഏർപ്പെടണമെന്നാണു ആഗ്രഹം.

ഗുരു;- ഏതു ജോലിചെയ്യുന്നതും ആത്മാർത്ഥതയോടും സത്യസന്ധതയോടുമായിരിരിക്കണം''.

അല്പനേരംകൂടി ഗുരുദേവനെ നോക്കിനിന്നതിനുശേഷം പാറാൻ ഗുരുദേവനെ നമസ്ക്കരിച്ചിട്ടു പോയി. ആദ്യദർശനത്തിൽ തന്നെ അദ്ദേഹം ഗുരുദേവനാൽ ആകർഷിക്കപ്പെട്ടു. അന്നുമുതൽ പാറാൻ ഗുരുദേവനെ ധ്യാനിക്കാൻതുടങ്ങി. കൂടാതെ ഗുരുദേവൻ ആലുവായിൽ വിശ്രമിക്കുമ്പോഴും പെരിങ്ങോട്ടുകരയിൽ വിശ്രമിക്കുമ്പോഴും തൃശ്ശൂർ വരുമ്പോഴും എന്തെല്ലാം തിരക്കുകളുണ്ടെങ്കിലും അതൊക്കെ ഒഴിവാക്കി ഗുരുദേവനെ പോയികാണുക പതിവായിരുന്നു. ദിനചര്യ തുടങ്ങുന്നതുതന്നെ ഗുരുസ്മരണയോടുകൂടിയായിരുന്നു.

ചെറിയച്ഛന്റെ നിർദ്ദേശപ്രകാരം സ്വന്തമായി ഒരു കാൺട്രാകാട് എടുക്കുവാൻ പാറാൻ ആഗ്രഹിച്ചു. അപേക്ഷാഫാറത്തിൽ 'എം പി. മുത്തേടത്തു' എന്നാണു എഴുതിയത്. അങ്ങനെ പാറാനെ അന്നുമുതൽ എം. പി മുത്തേടത്തു എന്നറിയാൻ തുടങ്ങി. സ്വന്തമായി കാൺട്രാക്ട് എടുത്തു പണി തീർത്തപ്പോൾ സകലചിലവും കഴിച്ചു-മുത്തേടത്തിനു 800 ഉറുപ്പിക ലാഭംകിട്ടി. അന്നുവരെ അനുഭവിച്ചിട്ടില്ലാത്ത ഒരാനന്ദം. ആഹ്ലാദംകൊണ്ടു മുത്തേടംതുള്ളിച്ചാടി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സന്തോഷത്തോടുകൂടി മുത്തേടം ആലുവായ്ക്കു പുറപ്പെട്ടു. അന്നു ഗുരുദേവൻ ആലുവ അദ്വൈതാശ്രമത്തിൽ വിശ്രമിയ്ക്കുകയായിരുന്നു. മുത്തേടം ആശ്രമത്തിന്റെ ഒരു ഭാഗത്തു ചെന്നിട്ടു താൻ ഭദ്രമായി സൂക്ഷിച്ചിരുന്ന പെട്ടി സാവധാനം തുറന്നു. വെള്ളിപ്പാത്രമെടുത്തു കഴുകിവൃത്തിയാക്കി. വാഴപ്പഴം, മുന്തിരിങ്ങ, കൽക്കണ്ടം മുതലായവ എടുത്തുവെള്ളിപ്പാത്രത്തിൽ ഭക്തിപൂർവ്വം വച്ചു. അതിൽ അഞ്ചുവെള്ളി ഉറുപ്പികയും വച്ചു. (മുത്തേടത്തിനു ആദ്യത്തെകോൺട്രാക്ട് പണിയിൽ ലാഭമായിക്കിട്ടിയ എണ്ണൂറുഉറുപ്പികയിൽ നിന്നുമാണു അഞ്ചുഉറുപ്പിക വെള്ളിപ്പാത്രത്തിൽ വച്ചത്) ആശ്രമത്തിനുമുമ്പിൽ ബാലസൂര്യനെപ്പോലെ പ്രകാശിച്ചുകൊണ്ടിരുന്ന ഗുരുദേവന്റെ പാദങ്ങളിൽ വെള്ളിപ്പാത്രം കൊണ്ടുവച്ചു. ഭക്ത്യാദരപൂർവ്വം തൊഴുതുനിന്നു. ഗുരുദേവൻ മൗനനായിരുന്നു. അല്പസമയത്തിനുശേഷം വെള്ളിപ്പാത്രത്തിൽ നിന്നും ഒരു ഉറുപ്പിക (റാണിത്തലയോടുകൂടിയത്) എടുത്തു എം. പി. മുത്തേടത്തിനു കൊടുത്തുകൊണ്ടു ഗുരുദേവൻ ഇങ്ങനെ അരുളം ചെയ്തു. "എനിക്കുള്ളതു നിനക്ക്; നിനക്കുള്ളതു എനിയ്ക്ക്". മുത്തേടം രണ്ടു കൈകളുംനീട്ടി ആ രുപ വാങ്ങി. അദ്ദേഹത്തിന്റെ സന്തോഷത്തിനളവില്ലായിരുന്നു. സംതൃപ്തിയോടെ മുത്തേടം മടങ്ങി. ഒരു ചന്ദനപ്പെട്ടി പണിയിച്ചു മഞ്ഞപ്പട്ടിൽ പൊതിഞ്ഞു ആ വെള്ളിരൂപ തന്റെ ഗൃഹത്തിൽ സൂക്ഷിച്ചു.

ഈവെള്ളിഉറുപ്പിക മൂന്നുതവണ മുത്തേടത്തിന്റെ ഭവനത്തിൽ വച്ചുകാണാൻ കഴിഞ്ഞുവെന്നു ശിവഗിരി ധർമ്മസംഘം പ്രസിഡൻറ് ശ്രീമദ് ഗീതാനന്ദ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാമികഠം അഭിപ്രായപ്പെട്ടു ഗ്രന്ഥകാരനു ഈ കഥ വിവരിച്ചുതന്നതും ശ്രീമദ്ഗീതാനന്ദസ്വാമിയാകുന്നു.

സ്വാമി തൃപ്പാദങ്ങളിൽ നിന്നും ലഭിച്ച വെള്ളിഉറുപ്പിക ഒരു നിധിയായിട്ടുതന്നെ മുത്തേടം സൂക്ഷിച്ചു. അതിനുശേഷം അദ്ദേഹത്തിനു അനേകം കാൺട്രാക്ടുകഠം ലഭിച്ചു. അതിൽ ധാരാളം പണം കിട്ടി. അങ്ങനെ ഗുരുദേവഭക്തനായി കഴിയുമ്പോഴാണു ആ വാർത്ത മുത്തേടത്തിൻെറ ചെവിയിലെത്തിയത്. 'മഹാസമാധിമന്ദിരം പണിയണം' ആലോചനായോഗം ശിവഗിരിയിൽ നടന്നു. ചർച്ചകഠം പലതുനടന്നു. ഒരു തീരുമാനത്തിലുമെത്തിയില്ല. ഒടുവിൽ ഗുരുദേവഭക്തനായ എം. പി. മുത്തേടം ധർമ്മസംഘക്കാരോടു പറഞ്ഞു "മഹാസമാധിമന്ദിരത്തിൻെറ അടിസ്ഥാനം ഞാൻ പണിയിയ്ക്കാം''. എല്ലാവരും സമ്മതിച്ചു. അദ്ദേഹം ഏറെറടുത്തപണി ആത്മാർത്ഥമായി നിർവ്വഹിച്ചു. മേല്പോട്ടുള്ള ഗോപുരം കെട്ടണമല്ലോ. ചോദ്യം വീണ്ടും ഉയർന്നു. "മ ഹാ സ മാ ധി മ ന്ദി ര ത്തിൻെറ മുഴുവൻ പണിയും ഞാൻ നടത്താം'' അദ്ദേഹം അഭിപ്രായപ്പെട്ടു, അങ്ങനെ മഹാസമാധിമന്ദിരത്തിൻെറ മുഴുവൻ ചിലവും എം. പി. മുത്തേടംതന്നെ വഹിച്ചു. ഇതിനിടയിൽ സാമ്പത്തികമായി അദ്ദേഹം വളരെ ഞെരുങ്ങി. ആരോടും കടം ചോദിച്ചതുമില്ല, വാങ്ങിയതുമില്ല. തൻെറ കുടുംബാംഗങ്ങളുടെ വകയായ സ്വർണ്ണപണ്ടങ്ങഠം ബാങ്കിൽ പണയപ്പെടുത്തി രൂപവാങ്ങി മഹാസമാധി മന്ദിരത്തിൻെറ പണിപൂർത്തിയാക്കി,

1968 ജനുവരി മാസം 1-ാം തീയതി വെളുപ്പിനു ശ്രീനാരായണ ഗുരുദേവൻെറ വെണ്ണക്കൽ പ്രതിമ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ത്യൻ പ്രസിഡൻറായിരുന്ന ഡോക്ടർ സക്കീർ ഹുസൈൻ ശിവഗിരി സമാധിമന്ദിരത്തിൽ അനാവരണം ചെയ്തു.

എം. പി. മുത്തേടമെന്ന ഗുരുഭക്തൻെറ സൃഷ്ടിയാണു ഇന്നു അംബരചുമ്പിയായി നില്ക്കുന്ന മഹാസമാധിമന്ദിരം. തൻെറ പേര് ആ മന്ദിരത്തിൻെറ ഒരു ഭാഗത്തും കൊത്തിവയ്ക്കാൻ പാടില്ലെന്നു എം. പി. മുത്തേടം അനുയായികളെ ഉദ്ബോധിപ്പിച്ചിരുന്നു. മരണംവരെ എം. പി. മുത്തേടം ഒരു യഥാർത്ഥ ഗുരുദേവ ഭക്തനായിതന്നെ ജീവിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



മഹാസമാധി മന്ദിരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 54

'ശ്രീ നാരായണസ്മരണ'

''ക്ഷണമപിസജ്ജന സംഗതിരേകാ
ഭവതി ഭവാർണ്ണവതരണേ നൗകാ''

(ശ്രീശങ്കരാചാര്യർ)

'സത്തുക്കളുമായി അല്പനേരത്തേക്കെങ്കിലുമുള്ള സംസർഗ്ഗം. സംസാരസമുദ്രം തരണം ചെയ്യുന്നതിനുള്ള നൗകയായിത്തീരുന്നു. ഈശ്വരസാക്ഷാത്ക്കാരം ലഭിച്ചതിനുശേഷം, നിർമ്മലമായ തുഷാരബിന്ദു മനോജ്ഞതമമായ പനനീർകുസുമത്തെ വികസിപ്പിക്കുന്നതുപോലെ, അവർ അന്യരെ ഉൽക്കർഷത്തിലേക്ക് നയിക്കുന്നതിനു വേണ്ടി ജീവിക്കുന്നു. സകലതിനും ചൈതന്യം പ്രദാനം ചെയ്തുകൊണ്ട് ''വസന്തമല്ലോ കഹിതം ചരന്തഃ'' അവർ വിജയിക്കുന്നു. അവരുടെ ജീവിതനിശ്വാസം പോലും ബഹുജന സുഖത്തിനും ബഹുജനഹിതത്തിനും ആകുന്നു.

ഏതാദൃശനായ ഒരു മഹാത്മാവിനെ സന്ദർശിക്കാനും അദ്ദേഹത്താൽ അനുഗ്രഹീതനായിത്തീരാനുമുള്ള സൗഭാഗ്യം എനിക്കു ലഭിച്ചു, അദ്ദേഹം തന്റെ ഭൗതിക ദേഹം ഉപേക്ഷിച്ചിട്ട് അധികകാലമായില്ല. ഇന്നും അനേകായിരം ആരാധകന്മാരുടെയും ഭക്തന്മാരുടെയും മനസ്സുകളിൽ അദ്ദേഹ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിൻെറ പാവനസ്മരണ നവമായി തന്നെ സ്ഥിതി ചെയ്യുന്നു. പഞ്ചഭൂതാത്മകമായ ജഡം ഉപേക്ഷിച്ചതിനു ശേഷവും ആ മഹാപുരുഷൻെറ ആരാധകന്മാർ ദിവസം പ്രതി വർദ്ധിച്ചു വരുന്നതേയുള്ളു. കേരളത്തിലെ ആരാധ്യപവിത്രപാദനായ ആ മഹാത്മാവിന് ശ്രീനാരായണ ഗുരുസ്വാമിക്ക്—ഈ രാജ്യത്തിലെ മതചരിത്രത്തിൽ സുപ്രധാനമായ ഒരു സ്ഥാനമാണുള്ളത്. ആദ്ധ്യാത്മിക പുരോഗതിക്ക് യാതൊരു സൗകര്യവുമില്ലാത്ത പരിതസ്ഥിതികളിൽ ജനിച്ച്, അത്യത്ഭുതകരമായ സ്വന്തംവാസനയും, പരിശ്രമവും കൊണ്ട് ഈശ്വര സാക്ഷാത്ക്കാരത്തിൻെറ പരമോന്നതമായ പദവിയിൽ അദ്ദേഹം എത്തിച്ചേർന്നു, അതിനുശേഷം അധികാരികളായ യോഗ്യന്മാർക്ക് ആദ്ധ്യാത്മിക ചൈതന്യം ഉണർത്തുന്നതിനും സാമാന്യജനങ്ങളെ ഉദ്ധരിക്കുന്നതിനും വേണ്ടി സ്വജീവിതം ബലിയർപ്പിച്ചു

സ്വാമിയുടെ മഹാത്മ്യത്തെക്കുറിച്ച് ഞാൻ വളരെക്കാലം കൊണ്ട് കേൾക്കുന്നുണ്ടായിരുന്നു. യൂറോപ്പിൽപോയി തിരിച്ചുവന്ന സംസ്ക്കാരസമ്പന്നനായ ഒരു ഉത്തമ സുഹൃത്തിൽ നിന്നും, അദ്ദേഹത്തിൻെറ ഭവനത്തെ സ്വാമി സ്വസാന്നിദ്ധ്യം കൊണ്ട് പലപ്പോഴും അനുഗൃഹിക്കാറുള്ളതായി ഞാൻ ഗ്രഹിച്ചു. എനിക്ക് അത്യന്തം സന്തോഷമുണ്ടായി. എൻെറ സോൽകണ്ഠമായ അഭ്യർത്ഥനമൂലം, അടുത്തതവണ സ്വാമിവന്നപ്പോൾ ആ സ്നേഹിതൻ എന്നെ വിവരം അറിയിച്ചു. അത് 1091-ൽ ആയിരുന്നു. മാസവും തീയതിയും ഒന്നും ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. എന്നാൽ ആ പ്രഥമ സന്ദർശനത്തിലെ അനുഭവം പോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലും അവിസ്മരണീയമായി ഇന്നും ശേഷിക്കുന്നു. അദ്ദേഹം പ്രശാന്ത ഗംഭീരനായും സാക്ഷാത്ക്കാര സമുജ്ജ്വലനായും കാണപ്പെട്ടു. ബഹുമാനാദര സമന്വിതരായ അനേകം ഭക്തന്മാരാൽ സമാവൃതനായിരുന്നെങ്കിലും, അവരുടെ ഭക്തിപരവശങ്ങളായ നമസ്ക്കാരങ്ങളിൽ അദ്ദേഹം കേവലം ഉദാസീനനായിരുന്നതേയുള്ളു. ഒരു സ്നേഹിതൻ അദ്ദേഹത്തിന് എന്നെ പരിചയപ്പെടുത്തികൊടുത്തു. അദ്ദേഹം അടുത്തിരിക്കാൻ അനുഗ്രഹപൂർവ്വം എന്നെക്ഷണിച്ചു. അനന്തരം, അഹിംസ, ജീവമുക്തൻെറ ലക്ഷണങ്ങൾ, അദ്വൈതം തുടങ്ങി അനവധി വിഷയങ്ങളെ കുറിച്ച് ഞങ്ങൾ തമ്മിൽ സംഭാഷണം ഉണ്ടായി. അദ്ദേഹത്തിൻെറ വാചകങ്ങൾ ചെറിയവയും, എന്നാൽ സ്വാനുഭവ ജന്യമായ മഹാശക്തികൊണ്ട് ഹൃദയസ്പൃക്കുകളും, കുറിക്കുകൊള്ളുന്നവയും ആയിരുന്നു. അക്കാലത്ത് എനിക്ക് അല്പം ദുർഗ്രഹമായിത്തോന്നിയിരുന്ന ഗീതയിലെ—

"കർമണ്യകർമ യ: പശ്യേദകർ-
മണി ച കർമ യഃ
സ ബുദ്ധിമാൻ മനുഷ്യേഷു-
സ യുക്തഃ കൃത്സ്നകർമ-
കൃത്"

എന്ന പദ്യത്തെക്കുറിച്ച് ഞാൻ സംശയം ചോദിച്ചു. ഉടൻതന്നെ ശ്രീശങ്കരൻെറ അഭിപ്രായം. ആചാര്യരുടെ വാക്യം തന്നെ ഉദ്ധരിച്ചു കൊണ്ട്, അദ്ദേഹം പ്രസ്താവിച്ചു. ഞാൻ ഗൃഹത്തിൽ വന്നു പരിശോധിച്ചപ്പോൾ ശങ്കരാചാര്യസ്വാമികളുടെ വാക്യങ്ങളെ യാതൊരു തെററും കൂടാതെ അദ്ദേഹം ഉദ്ധരിച്ച്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിശദീകരിച്ചതായി എനിക്ക് മനസ്സിലായി. അദ്ദേഹത്തിന്റെ ഓർമ്മശക്തിയും വേദാന്ത ശാസ്ത്രങ്ങളിലുള്ള അവഗാഢമായ അറിവും അത്യൽഭുതമെന്നേ പറയുവാനുള്ളു. ആ അവസരത്തിൽ നടന്ന മററൊരു സംഭവം, അദ്ദേഹത്തിന് അനാചാരങ്ങളോടുള്ള വെറുപ്പിനേയും ആത്മവിശ്വാസ ദാർഢ്യത്തേയും വെളിപ്പെടുത്തുകയുണ്ടായി. ആ ഗൃഹത്തിലെ സാധുവായ ഒരു സ്ത്രീ വളരെക്കാലംകൊണ്ട് രോഗ പരവശയായിത്തീർന്നിരുന്നു. ജ്യോതിശാസ്ത്രജ്ഞന്മാർ. അനവധി പിശാചുക്കളും മററും ആ സ്ത്രീയെ ബാധിച്ചിട്ടുണ്ടെന്നും അതുകൊണ്ട് മന്ത്രതന്ത്രാദികൾമൂലം അവയെ അകററണമെന്നും പറഞ്ഞ് ആ കുടുംബത്തെ മുഴുവൻ ഭയപ്പെടുത്തിയിരുന്നു. ആ ക്രിയകൾ നടത്തുന്നതിന് പണം ധാരാളം ചെലവാക്കണം. അതിനു ശക്തി അവർക്കുണ്ടായുരുന്നില്ല. ഗുരു സ്വാമികൾ, ജൗനതിഷികൾ കുറിച്ചിട്ടുള്ള ആ ചാർത്തു വായിക്കുവാൻ ആവശ്യപ്പെട്ടു. അനന്തരം അതുവാങ്ങി ഛിന്നഭിന്നമായി ചീന്തിക്കളഞ്ഞു. എന്നിട്ട് ആ രോഗിയോട് സകല ബാധകളും ഓടിപ്പോയെന്നും ആ നിമിഷം മുതൽ അവൾ ബാധ വിമുക്തയാണെന്നും ദൃഢമായിപ്പറഞ്ഞു. അന്ന് അവിടെ കണ്ടതും കേട്ടതും എന്റെ ഹൃദയത്തെ ഗാഢമായി സ്പർശിച്ചു.

രണ്ടാമതായി ഞാൻ അദ്ദേഹത്തെ കണ്ടത് 1094 മകരം അവസാനത്തിലായിരുന്നു. അന്ന് എനിക്ക് ഉദ്യോഗം അവിടെ (ആലുവാ) ആയിരുന്നു. ശ്രീഗുരുസ്വാമികളുടെ ആശ്രമം സന്ദർശിക്കാനുള്ള അവസരത്തെ ഉൽകണ്ഠയോടെ പ്രതീക്ഷിച്ചിരുന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദ്യം കിട്ടിയ അവസരം തന്നെ വിനിയോഗിക്കുകയും ചെയ്തു. പ്രവേശനദ്വാരത്തിൽ വച്ചുതന്നെ സ്വാമി കളെകണ്ടു എന്തൊരൽഭുതം! അദ്ദേഹം എന്നെ മറന്നി രുന്നില്ല.

"മൂന്നു വർഷത്തിനുമുമ്പ് തിരുവനന്തപുര ത്തുള്ള ...ഗൃഹത്തിൽവച്ച് നാം തമ്മിൽ കണ്ടിട്ടുണ്ട്" അനന്തരം അദ്ദേഹം പറഞ്ഞ വാക്കുകളിൽ നിന്ന് അദ്ദേഹം എന്റെ ജീവിതഗതിയെ സൂക്ഷ്മമായി പരിശോധിക്കുന്നുണ്ടായിരുന്നെന്നും സസ്നേഹം എന്റെ സ്വഭാവത്തെ സൂക്ഷ്മമായി ഗ്രഹിച്ചിട്ടു ണ്ടെന്നും എനിക്ക് മനസ്സിലായി സ്വാമിജി, കൂടെ ചെല്ലുന്നതിന് എന്നെ ക്ഷണിച്ചു. എന്തെന്നാൽ അദ്ദേഹം അവിടെ പണിഞ്ഞു കൊണ്ടിരുന്ന സം സ്കൃത വിദ്യാലയം ഒന്ന് പരിശോധിക്കാൻ പോകയാ യിരുന്നു. ആ കെട്ടിടം നോക്കികഴിഞ്ഞ് അവിടെ യുള്ള ഒരു ബഹിർഗൃഹത്തിൽ എന്നെ കൂട്ടികൊണ്ടു പോയി. തറയിലുണ്ടായിരുന്ന പൊടിയെല്ലാം അദ്ദേഹം തന്നെ തുടച്ചുകളഞ്ഞിട്ട് അടുത്തിരിക്കാൻ എന്നോടുപറഞ്ഞു. അപ്പോഠം നേരം സന്ധ്യയായി രുന്നു; ആ സമയത്ത് ഏകദേശം ഒരുമണിക്കൂർ സമ യം ആ മഹാനുമായി വളരെ അടുത്തു ഏകാന്തമായി സംസാരിക്കാൻ സാധിച്ചതിൽ ഞാൻ സ്വയം "അനു ഗൃഹീതനായിക്കരുതി". ഞങ്ങഠം പല വിഷയങ്ങളെ ക്കുറിച്ചും സംസാരിച്ചു. അവയിൽ പ്രാധാന്യം മത തത്വങ്ങഠംക്കായിരുന്നു, വളരെ വർഷങ്ങഠംക്കുമുമ്പ് അദ്ദേഹം ആലുവായിൽ അവിടത്തെ പ്രസിദ്ധമായ ആൽവൃക്ഷത്തിന്റെ ഛായയിൽ മൂന്നുദിവസം ഇരിക്കു വാൻ പോയ കഥ പറഞ്ഞു. എന്നാൽ ആശ്രമം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ക്കൂരം മുതലായ പ്രാരംബ്ധങ്ങരം ഇപ്പോരം ഒരു ഭാരമായിതോന്നുന്നു. പരിപൂർണ്ണ സ്വതന്ത്രനായി സഞ്ചരിക്കാനാണ് അദ്ദേഹത്തിൻെറ ആഗ്രഹം, എന്നിങ്ങനെ സ്വാമികരം തന്നെപ്പററി ചിലതെല്ലാം പ്രസ്താവിച്ചു. ഞാൻ ഇങ്ങനെ പറഞ്ഞു; "ഈശ്വരൻ തന്നെ ലോകനന്മയ്ക്കുവേണ്ടി അങ്ങയെ ഒരു ആധികാരിക പുരുഷനായി അയച്ചതായിരിക്കണം". അദ്ദേഹം സവിനയം ഉത്തരമരുളി-അതൊന്നുമല്ല; "ഇതെല്ലാം എൻെറ അധികപ്രസംഗമാണ്". ആ സമയത്ത് അദ്ദേഹത്തിൻെറ ലോചനങ്ങരം ബാഷ്പാകുലങ്ങളായതായും വികാരപാരവശ്യത്താൽ കണ്ഠം ഇടറിയതായും എനിക്കുതോന്നി. ആ മഹാത്മാവിൻെറ നിസ്വാർത്ഥയുടെ ആഴത്തെ ഏതാണ്ടു വെളിപ്പെടുത്തിയ ആ കാഴ്ച എൻെറ മനോനേത്രത്തിനുമുമ്പിൽ ഇപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കുന്നു.

അദ്ദേഹത്തിൻെറ സംസർഗ്ഗത്തിൽ നിന്നും ലഭിച്ച അലൗകികാനന്ദം, അടുത്ത ഞായറാഴ്ചയും ആശ്രമത്തിലേക്കു പോകുവാൻ എന്നെ പ്രേരിപ്പിച്ചു. ആ സ്ഥലത്തിൻെറ അഭൗമമായ ആകർഷകത്വവും ശാന്തിയും പവിത്രതയുംകണ്ട് കൈകാലുകരം കഴുകാതെ അവിടെ പ്രവേശിക്കരുതെന്ന് എനിക്കു തോന്നി. അടുത്തുള്ള നദിയിലേയ്ക്കു ദ്രുതഗതിയായി നടന്നപ്പോരം സ്വാമികരം എന്നെ വിളിച്ചു. അനന്തരം അദ്ദേഹം തന്നെ എൻെറ കൈകാലുകളിൽ വെള്ളമൊഴിച്ചുതന്നു; തുടയ്ക്കുന്നതിനു ഒരു ടവ്വലും നല്കി. ആ അവസരം അവിസ്മരണീയം! എന്നേ പറയാനുള്ളു. ഭഗവാൻ ക്രിസ്തുദേവൻ സ്വശിഷ്യന്മാരുടെ കാലുകരം കഴുകിയതായി ഞാൻ വായിച്ചി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ട്ടുണ്ട്; എന്നാൽ ഇതാ എൻെറ കണ്മുമ്പിൽ തന്നെ ആ രംഗം ആവർത്തിക്കപ്പെട്ടിരിക്കുന്നു. അവിടെ ഒരു ചാരു കസേര ഉണ്ടായിരുന്നെങ്കിലും അദ്ദേഹം ഒരു മാൻതോലിലാണിരുന്നത്. (മാൻതോലാണോ വ്യാഘ്രചർമ്മമാണോ എന്ന് ഓർമ്മയില്ല) അടുത്ത് എനിക്കു ഒരു ഇരിപ്പിടം തന്നു. അദ്ദേഹത്തിൻെറ സന്നിധാനത്തിൽ ഞാൻ ദിവ്യമായ ഒരാനന്ദത്താൽ സ്തബ്ധനായതുപോലെ തോന്നി. ആരോ അദ്ദേഹത്തെ "തിരുമേനി" എന്നുവിളിച്ചപ്പോൾ അദ്ദേഹം പറഞ്ഞതുഅങ്ങനെ ആരും അവിടെയില്ലെന്നുംഈശ്വരൻെറ ഒരു വിനീതദാസൻ മാത്രമേഉള്ളൂ എന്നും ആയിരുന്നു

അടുത്ത ഞായറാഴ്ച ശ്രീരാമകൃഷ്ണദേവൻെറ ജന്മതിഥിയായിരുന്നു. ആ പുണ്യ ദിവസത്തിൽ മററാരുടേയും അടുത്തു പോകുന്നതിനെക്കാൾ ശ്രീനാരായണഗുരുസ്വാമികളുടെ സന്നിധാനം പ്രാപിക്കുകതന്നെയാണ് ഉത്തമം എന്ന് എനിക്കുതോന്നി. ഞാൻ അവിടെഎത്തി. കണ്ടയുടൻതന്നെ അദ്ദേഹം പറഞ്ഞത് അദ്ദേഹം എന്നെതന്നെ ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നെന്നും അന്ന് എന്നെ പ്രതീക്ഷിച്ചിരുന്നു എന്നും ആയിരുന്നു. എൻെറ കയ്യിൽ ബ്രഹ്മാനന്ദസ്വാമികൾ ശേഖരിച്ചെഴുതിയ ശ്രീരാമകൃഷ്ണോപദേശം (ബംഗാളിഭാഷയിൽ) ഉണ്ടായിരുന്നു. ഞാൻ അതു വായിക്കുമ്പോൾ അദ്ദേഹം ചില അഭിപ്രായങ്ങളെല്ലാം ഇടയ്ക്കുപറഞ്ഞിരുന്നു.

ശരിതന്നെ; ഇവയെല്ലാം സാക്ഷാത്ക്കാരം ലഭിച്ച ഒരു മഹാൻെറ വാക്കുകൾതന്നെയാണ്" എന്നെല്ലാം അദ്ദേഹം മുറയ്ക്കുപറയുമായിരുന്നു. ഗുരുക്കന്മാർ ലക്ഷക്കണക്കിനുണ്ടാകാം; എന്നാൽ ഒരു യഥാർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്ഥശിഷ്യൻ ദുർല്ലഭമാണ്'' എന്നു ഞാൻ വായിച്ചപ്പോൾ, ''ശരി, ഞങ്ങളുടെയും അനുഭവം അതുതന്നെ'' എന്ന് അദ്ദേഹം പറഞ്ഞത് സുവ്യക്തമായി ഇന്നും ഞാൻ ഓർക്കുന്നു. ഞാൻ അന്നു വളരെ വൈകിയാണ് അവിടെനിന്നും പോയത്. അന്ന് എനിക്കു ലഭിക്കാൻ ഭാഗ്യമുണ്ടായ മഹത്തായ അനുഗ്രഹത്തിൽ അമിതമായ ആനന്ദം എനിക്കുണ്ടായി.

ഏതാനും ദിവസങ്ങൾക്കകം എനിക്ക് മറെറാരു ദേശത്തിലേക്ക് സ്ഥലം മാറേണ്ടതായി വന്നു. അനന്തരം അദ്ദേഹത്തിൻെറ ഭൗതികശരീരവുമായി കണ്ടുമുട്ടാൻ എനിക്കു ഭാഗ്യമുണ്ടായില്ല. എന്നാൽ ഈ ഏതാനും സന്ദർശനത്തിൽനിന്നും ലഭിച്ച പാവനസ്മരണകളെ ഞാൻ ഒരു നിധിയായിതന്നെ ഹൃദയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ അല്പവരികളെ — അവ എത്ര നിസ്സാരങ്ങളാണെങ്കിലും— എനിക്കു അതുപോലെ സംഖ്യാതീതന്മാരായ മററാളുകൾക്കും പ്രചോദനം നല്കിക്കൊണ്ടിരുന്ന ആ മഹാപുരുഷൻെറ പാവനസ്മരണക്കായി സമർപ്പിച്ചുകൊള്ളുന്നു.

(ഈ ലേഖനം വി. ശേഷാദ്രിഅയ്യർ, B. A M. L. ശിവഗിരി മാസിക ഒന്നാംലക്കം ഒന്നാംപുസ്തകത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാകുന്നു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 55

കൊററ്യത്തു രാമുണ്ണിയും മിതവാദി സി. കൃഷ്ണനും

ശ്രീനാരായണ ഗുരുദേവാദർശങ്ങൾ തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും അതിവേഗം പ്രചരിച്ചു. മലബാറിൽ വിശിഷ്യാ വടക്കേമലബാറിൽ ഗുരുദേവ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുവാൻ മുൻകൈ എടുത്തവരിൽ പ്രമാണികളായി ധാരാളം പേരുണ്ട്. അവരിൽ ഒരാളാണ് കൊററ്യത്തു രാമുണ്ണി. അദ്ദേഹത്തെക്കുറിച്ചും പറയാം.

ചെറുപ്പത്തിൽതന്നെ സത്യസന്ധനെന്നപേരു കരസ്ഥമാക്കുവാൻകഴിഞ്ഞ ഒരുവ്യക്തിയാണു രാമുണ്ണി. അഭിഭാഷകനായ രാമുണ്ണിയുടെ സത്യസന്ധതയ്ക്കു മാററുകൂടുതലായിരുന്നു. രാമുണ്ണി വക്കീൽ ഗുരുദേവന്റെ സിദ്ധാന്തങ്ങളിൽ ആകൃഷ്ടനായി. അതിനുശേഷം അദ്ദേഹം വെറുതേയിരിക്കുകയല്ല ചെയ്തത്. ഗുരുദേവസിദ്ധാന്തങ്ങളെ ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കുവാൻ പരിശ്രമിച്ചു.

ശ്രീ ജ്ഞാനോദയയോഗത്തിന്റെ ആരംഭം മുതൽ അദ്ദേഹം ആത്മാർത്ഥമായി ഒരു മാററത്തിനു വേണ്ടി പ്രയത്നിച്ചു. സാമുഹികമായ പരിഷ്ക്കരണം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതായിരുന്നു രാമുണ്ണിയുടെ ലക്ഷ്യം. ജ്ഞാനോദയ യോഗത്തിൻെറ ചെയർമാൻ സ്ഥാനത്തു ഇരുന്നുകൊണ്ട് കൊററ്യത്തു രാമുണ്ണി ചെയ്ത സേവനത്തെ ആർക്കും വിസ്മരിക്കുവാൻ സാദ്ധ്യമല്ല. ഗ്രന്ഥകാരനോടു കണ്ണൂർ റെയിൽവേ സ്റേറഷനിൽവച്ചു ഒരു സ്നേഹിതൻ പറഞ്ഞവാക്കുകൾ അതേപടി പകർത്താം.

"കൊററ്യത്തു രാമുണ്ണി സത്യസന്ധതയുടെയും മനുഷ്യസ്നേഹത്തിൻെറയും മൂർത്തിമദ്ഭാവമായിരുന്നു."

ശ്രീനാരായണ ഗുരുദേവനോടുള്ള ഭക്തി കളങ്കമററതായിരുന്നു. രാമുണ്ണിയുടെ സാമൂഹിക പ്രവർത്തനങ്ങളിൽ ഗുരുദേവൻ അതിയായ സന്തോഷം പ്രകടിപ്പിച്ചിരുന്നു. "തലശ്ശേരി ജഗന്നാഥക്ഷേത്രത്തിൻെറ മുഹൂർത്തക്കല്ലു സ്ഥാപിക്കുക എന്ന പരിപാവനവും മഹത്തുമായ കർമ്മം നിർവ്വഹിച്ചതു രാമുണ്ണി വക്കീലായിരുന്നു വെന്നു പറയുമ്പോൾ ഗുരുദേവനു ആ ഗൃഹസ്ഥശിഷ്യനോടുള്ള മതിപ്പ് എന്തുമാത്രമായിരുന്നുവെന്നു ഊഹിക്കാമല്ലോ."

ശ്രീനാരായണ ഗുരുദേവൻെറ സിദ്ധാന്തങ്ങളിൽ ഒരിനമാണല്ലോ- മദ്യവർജ്ജനം. മദ്യവർജ്ജനത്തിനു വേണ്ടി വക്കീൽ ചെയ്ത പരിശ്രമം ഫലവത്തായില്ലെങ്കിലും വക്കീലിൻെറ ആത്മാർത്ഥതയെ ആർക്കും ചോദ്യം ചെയ്യാൻ കഴിയുകയില്ല. ചെത്തുതൊഴിലിൽ ഏർപ്പെട്ടിരുന്ന മലബാറിലെ മുഴുവൻ വ്യക്തികളെയും ഒരുമിച്ചുകോർത്തുകൊണ്ട് ആ തൊഴിലിനോടു അന്ത്യയാത്രപറയാനുള്ള നീക്കം വളരെ ബുദ്ധിപൂർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്വമായിരുന്നു. പക്ഷെ! ഖജനാവിൽ പണം കൂട്ടുന്ന ഒരു വ്യവസായമാണല്ലോ മദ്യം. രാമുണ്ണിവക്കീലിൻെറ പ്രവർത്തനം ഈ വ്യവസായത്തിനെ പാടേ മാററിമറിക്കുമെന്നുകണ്ട സർക്കാർ, വക്കീലിനെ ആ രംഗത്തുനിന്നും മാററുവാൻവേണ്ട കരുക്കരം നീക്കി. കളക്ടരും സബ്കളക്ടർമാരും രംഗത്തു ഓടിയെത്തി. പാറപോലെ ഉറച്ച മനുഷ്യനായ രാമുണ്ണി അനങ്ങിയില്ല. എന്നാൽ ബ്രിട്ടീഷ്ഗവർമെൻറിൻെറ നീക്കവും അവരുടെ അനുയായികളുടെ സമ്മർദ്ദവും മൂലം രാമുണ്ണിയ്ക്ക് മദ്യവർജ്ജന പ്രസ്ഥാനത്തെ വിജയസോപാനത്തിൽ എത്തിക്കുവാൻ കഴിഞ്ഞില്ല. നല്ല കാര്യങ്ങരംക്കു എതിർപ്പ് ഉണ്ടാകുക സ്വാഭാവികമാണല്ലോ!

വടക്കേ മലബാറിലെ അവശജനവിഭാഗത്തിൻെറ ആശാകേന്ദ്രമായിരുന്നു രാമുണ്ണിവക്കീൽ, അവശജനങ്ങളുടെ സങ്കടങ്ങരംക്കു പരിഹാരം കണ്ടെത്തണമെന്ന നിവേദനവുമായി മദിരാശി ഗവർണ്ണരായിരുന്ന പെൻറുലൻറുപ്രഭുവിനെ സന്ദർശിച്ചു. സങ്കടഹർജി സമർപ്പിച്ചതു കൊററ്യത്തു രാമുണ്ണിവക്കീലായിരുന്നു. അദ്ദേഹം 1920ൽ ചരമമടയുന്നതുവരെ ശ്രീനാരായണ സിദ്ധാന്തങ്ങരം പ്രചരിപ്പിച്ചിരുന്നു.

ശ്രീനിരായണസിദ്ധാന്തങ്ങളിൽ അടിയുറച്ചു വിശ്വസിക്കുകയും പ്രപാരവേലനടത്തുകയും ചെയ്ത മറെറാരു പ്രധാന വ്യക്തിയാണ് മിതവാദി സി. കൃഷ്ണൻ. പടനായകന്മാരുടെ വീടുകളിൽ ഒന്നായ ചാവക്കാട്ടു ചങ്ങരം കുമരത്താണു കൃഷ്ണൻ 1867 ജൂൺ പതിനൊന്നാം തീയതി ജനിച്ചത്. അച്ഛൻെറ പേർ പാറാൻ എന്നും അമ്മയുടെ പേർ ഉണ്ണീലിയെന്നുമായിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മദ്രാസ് പ്രസിഡൻസി കാളേജിൽനിന്ന് ബിരുദം നേടി. സാഹിത്യാഭിരുചിയുണ്ടായിരുന്ന സി. കൃഷ്ണനെ വേങ്ങയിൽ കുഞ്ഞിരാമൻനായനാർ "കേരള സഞ്ചാരിയുടെ" പത്രാധിപരായി നിയമിച്ചു. എന്നാൽ വളരെ താമസിയാതെ നിയമപഠനത്തിനു പോകാൻ കൃഷ്ണൻ നിർബന്ധിതനായി. നിയമപഠനത്തിനുശേഷം അദ്ദേഹം കോഴിക്കോട്ടേയ്ക്കു തിരിച്ചുവന്നു.

ഗുരുദേവസിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള ഒരു മാദ്ധ്യമം ആവശ്യമാണെന്നുകണ്ടു. അങ്ങനെ—1913-ൽ 'മിതവാദി' എന്ന പേരിൽ ഒരു മാസിക ആരംഭിച്ചു. 1921-ൽ മിതവാദി വാരികയായി മാറി. 1931-ൽ പത്രികയായി. എന്നാൻ 1935-ൽ ചില സാങ്കേതിക കാരണങ്ങളാൽ പത്രത്തിന്റെ പ്രവർത്തനം നിന്നുപോയി.

പത്രപ്രവർത്തനരംഗത്തു ശാശ്വതമായ വ്യക്തിമുദ്രപതിപ്പിച്ച മഹാനായ പത്രാധിപരാണു സി. കൃഷ്ണൻ. സമ്പന്ന കുടുംബത്തിൽ ജനിച്ച കൃഷ്ണൻ സാധുജനസംരക്ഷണത്തിനുവേണ്ടി ശബ്ദിച്ചു, തൂലിക ചലിപ്പിച്ചു. വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ ആരിൽനിന്നു കിട്ടിയാലും സ്വീകരിച്ചു പ്രസിദ്ധീകരിച്ചിരുന്നു. വ്യക്തിക്കല്ല പ്രാധാന്യം കൊടുത്തിരുന്നത്, ലേഖനത്തിലെ ഉള്ളടക്കത്തിനായിരുന്നു. ലേഖനങ്ങൾക്കു ന്യായമായ പ്രതിഫലവും കൊടുത്തിരുന്നു. കൂടാതെ കറൻറു ഗ്രന്ഥങ്ങൾ വാങ്ങി വായിച്ചു പഠിച്ചശേഷം ആ ഗ്രന്ഥങ്ങളിൽ അടങ്ങിയിരുന്ന നൂതനാശയങ്ങൾ മിതവാദിയിലൂടെ വായനക്കാർക്കു പകർന്നുകൊടുത്തു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സി. കൃഷ്ണൻ നിർഭയനും സത്യസന്ധനുമായ പത്രാധിപരായിരുന്നു.

അന്യായത്തെ പല്ലും നഖവും ഉപയോഗിച്ച് എതിർക്കുന്ന പ്രകൃതക്കാരനായിരുന്നു സി.കൃഷ്ണൻ അക്കാലത്തു തളിയിൽ റോഡിലൂടെ ഈഴവർ തൊട്ടു താഴോട്ടുള്ള മനുഷ്യജീവികൾക്കു യാത്രചെയ്യാൻ പാടില്ലായിരുന്നു. ആ നിരോധനം തെററാണെന്നുകൃഷ്ണൻ ഉറക്കെ പ്രസ്താവിച്ചു. പ്രസ്താവിക്കുക മാത്രമല്ല പ്രവർത്തനമാർഗ്ഗം കാട്ടികൊടുക്കുകയും ചെയ്തു. കൃഷ്ണൻെറ ആത്മസുഹൃത്തായിരുന്ന മഞ്ചേരി രാമയ്യരോടുകൂടി കുതിരവണ്ടിയിൽ തളിറോഡിലൂടെ നിർഭയം സഞ്ചരിച്ചു. ജനം ആ കുതിരവണ്ടിയെ അനുധാവനം ചെയ്തു. നിരോധനം കല്പിച്ചുകൊണ്ടു എഴുതിവച്ചിരുന്നബോർഡുകൾ പിഴുതുമാററി പുഴയിലേക്കു എറിഞ്ഞു.

നിയമജ്ഞനായ സി. കൃഷ്ണൻ മദിരാശി നിയമസഭയിലെ അംഗമായിരുന്നു. അന്നു മദിരാശി നിയമസഭയിലവതരിപ്പിച്ച കുടിയാൻ നിയമബിൽനിലവിൽ വരണമെന്നു അദ്ദേഹം ശക്തിയായിവാദിച്ചു. നിയമസഭാ സമാജികനെന്ന നിലയിൽ എല്ലാ ജനവിഭാഗങ്ങളുടേയും സവിശേഷമായ ശ്രദ്ധപിടിച്ചുപററി.

ശ്രീനാരായണ ഭക്തനായിരുന്ന സി. കൃഷ്ണൻ തൻെറ ജീവിതത്തിൽ ഒരു കറുത്ത പാടുപോലും സൃഷ്ടിച്ചില്ല. പരിപാവനമായ ജീവിതത്തിൻെറ ഉടമയായിരുന്നു. ചില ധർമ്മസ്ഥാപനങ്ങളുടെ ചുമതലപോലും ഗുരുദേവൻ സി. കൃഷ്ണനെ ഏല്പിച്ചി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രുന്നു. ഗുരുദേവൻ സി. കൃഷ്ണനു എഴുതിക്കൊടുത്തിരുന്ന മുക്ത്യാർ നാമാധികാരപത്രിക താഴെക്കുറിക്കും.വിധമാണ്.

"ജാതിവ്യത്യാസവും മതവിരോധവും കൂടാതെ നടത്തിവരുന്ന നമ്മുടെ വക ആലുവാ അദ്വൈതാശ്രമം വകയായ സകല കാര്യങ്ങളുടെയും കാര്യം നാം ഇന്നു മുതല്ക്കു നിങ്ങളെ ഏല്പിച്ചിരിക്കുന്നതിനാൽ നിങ്ങൾ അദ്വൈതാശ്രമത്തിൻ കീഴിൽ ഇപ്പോൾ നടത്തിവരുന്നസ്കൂൾ മുതലായ എല്ലാഏർപ്പാടുകളും വേണ്ടതുപോലെയും നിങ്ങളുടെ യുക്തിക്കനുസരിച്ചും നടത്തി നാമോ നമ്മുടെ പിൻഗാമിയായി നാം നിശ്ചയിച്ചിട്ടുള്ളദിവ്യ ശ്രീ ബോധാനന്ദനോ അതാതു സമയം ആവശ്യപ്പെടുമ്പോൾ കണക്കുകൾ മുതലായവ ബോദ്ധ്യപ്പെടുത്തിതരേണ്ടതിന് 'ആലുവാ അദ്വൈതാശ്രമം ധർമ്മകർത്താ' എന്നപേരിൽ നിങ്ങളെ ഇതിനാൽ ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ ആശ്രമത്തിൻ കീഴിലുള്ളതും മേലിൽ ഉണ്ടാകുന്നതുമായ എല്ലാ മഠങ്ങളും, ക്ഷേത്രങ്ങളും നമ്മുടെ വക മററു എല്ലാ സ്ഥാവരജംഗമ സ്വത്തുക്കളും നിങ്ങൾ നേരിട്ടും നിങ്ങളുടെ കീഴിൽ തക്കതായ ആളുകളെവച്ചും നമുക്കുള്ള സ്വാതന്ത്ര്യത്തോടുകൂടി നടത്തുന്നതിനു നമുക്കു സമ്മതമാകുന്നു. നമുക്കു കിട്ടേണ്ടതായ എല്ലാ ആദായങ്ങളും മുതലുകളും ലക്ഷ്യംകൊടുത്തുപിരിക്കുവാനും പിരിയാതുള്ള സംഖ്യകൾ വ്യവഹാരപ്പെട്ടോ മറേറാ വസൂലാക്കാനും നിങ്ങൾക്കതിനാൽ അധികാരമുള്ളതാകുന്നു. അദ്വൈതാശ്രമംവകയായി അയയ്ക്കുന്ന എല്ലാ കത്തുകളും, രേഖകളും, പണവും ഇനിമേലിൽ നിങ്ങളുടെമേൽവിലാസത്തിൽ അയക്കേണ്ടതും അതിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേണ്ടുന്നതെല്ലാം പ്രവർത്തിക്കേണ്ടതും നിങ്ങളുടെ ഉത്തരവാദിത്വമാണ്. ഇതു ചങ്ങരംകുമരത്ത് കൃഷ്ണൻ വക്കീലിന്,

നാരായണഗുരു (ഒപ്പ്)

1919 മെയ് 16-നു- ക്ക്

സാമൂഹികമണ്ഡലത്തിൽമിതവാദി സി. കൃഷ്ണൻ നടത്തിയ പ്രവർത്തനശൈലിയിലുള്ള ആത്മാർത്ഥത എല്ലാവരുടെയും ആദരവുനേടിയിരുന്നു. ഗുരുദേവന്റെ സ്നേഹത്തിനു സി. കൃഷ്ണൻ സർവ്വഥാ യോഗ്യൻ തന്നെയായിരുന്നുവെന്നു മേൽക്കുറിച്ച മുക്ത്യാർ തെളിയിക്കുന്നുണ്ടല്ലോ.

ഒരു സായാഹ്നത്തിൽ കൃഷ്ണൻവക്കീൽ ഗുരുദേവനെ കാണാൻ ശിവഗിരിയിൽ ചെന്നു. ഗുരുദേവനു സമീപം ചൈതന്യസ്വാമികളും ഒരു പെൺകുട്ടിയും നില്ക്കുന്നുണ്ടായിരുന്നു. വക്കീൽ ഗുരുദേവനെ വന്ദിച്ചിട്ടു സമീപത്തുനിന്നു. ഗുരുദേവൻ ചൈതന്യസ്വാമിയോടു കല്പിച്ചു. "ചൈതന്യത്തിന്റെ അനന്തിരവൾക്കു കൊടുക്കുവാൻ മുറിയ്ക്കാത്തമുണ്ടുകൊണ്ടുവരൂ. തുപ്പട്ടിയായിരിക്കണം. പെൺകുട്ടിയായതുകൊണ്ടു മുറിക്കാത്ത മുണ്ടുകൊടുത്താൽ മതി'' ആ നിമിഷംതന്നെ ഒരു തുപ്പട്ടിമുണ്ടു ശിഷ്യന്മാർ ഗുരുദേവനെ ഏല്പിച്ചു. ഗുരുദേവൻ ആ തുപ്പട്ടി പെൺകുട്ടിയെ ഏല്പിച്ചു. ഭക്ത്യാദരപൂർവ്വം ആ കുട്ടി തുപ്പട്ടി സ്വീകരിച്ചു. (ചൈതന്യസ്വാമിയുടെ ഭാഗിനേയിയും ശിവഗിരിയ്ക്കുസമീപം പഴയതൊടുവെവീട്ടിലെ അംഗവുമായ ജി. പൊന്നമ്മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യായിരുന്നു ആ പെൺകുട്ടി. ഈ കുട്ടി അദ്ധ്യാപിക യായിട്ടാണു പെൻഷൻപററിയത്.)

ഈ രംഗത്തിനു സാക്ഷ്യംപഹിച്ച കൃഷ്ണൻ വക്കീൽ ഇങ്ങനെ അഭിപ്രായപ്പെട്ടു. "ഗുരുദേവനെ ചെന്നുകണ്ടവരാരും വെറും കയ്യോടെ പോയിട്ടില്ല. എന്തെങ്കിലും നല്കാതെ ഗുരുദേവൻ ആരെയും പറ ഞ്ഞയയ്ക്കുകയില്ല. ഗുരുദേവനിൽനിന്നും എന്തെ ങ്കിലും ലഭിച്ചവർ ഭാഗ്യം ചെയ്തവർതന്നെ".

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 56

സി. പി. യും മന്നവും വി. ടി. ഭട്ടതിരിപ്പാടും കണ്ട ഗുരു

തിരുവിതാംകൂറിന്റെ ഭരണസാരഥ്യം വഹിച്ചിരുന്നയാളും പ്രഗത്ഭപണ്ഡിതനും ചിന്തകനും കൂടിയായിരുന്ന സർ സി. പി. രാമസ്വാമിഅയ്യർ ഗുരുദേവനെക്കുറിച്ചു രേഖപ്പെടുത്തിയതെന്തെന്നുകൂടി മനസ്സിലാക്കാം.

"നിങ്ങൾ എങ്ങോട്ടുവേണമെങ്കിലും തിരിഞ്ഞു നോക്കൂ. പുതിയ കാലഘട്ടങ്ങൾക്കു ചേർന്ന പുതിയ മഹാന്മാർ എന്നും ഇവിടെ അവതരിച്ചിട്ടുണ്ട്, അവർ പുതിയ ലക്ഷ്യങ്ങളെ പ്രചരിപ്പിച്ചു പുതിയ നടപടികളും പുതിയ സത്യാന്വേഷണരീതികളും ആവിഷ്കരിച്ചു ചിന്തകളും വിശ്വാസങ്ങളും മാററിസ്ഥാപിച്ചു. എന്നാൽ ഇവരെല്ലാംതന്നെ നമ്മുടെ സംസ്ക്കാരപരമ്പരയിലെ ദിവ്യർഷികളുടെ ശ്രുതിയും സ്മൃതികളും ദിവ്യദർശനങ്ങളുടെ ഫലമായി ക്രോഡീകരിച്ച; ആ ദാർശനികന്മാരുടെ—പിൻതുടർച്ചക്കാരല്ലാതെ മററൊന്നുമല്ല. ദിവ്യദാർശനികന്മാരുടെ പരമ്പരയിലെ ഒരു മഹാത്മാവാണു ശ്രീനാരായണഗുരു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആ മഹാത്മാവിൻെറ ഏററവും വലിയ സംഭാവന ഏകജാതി, ഏകമതസിദ്ധാന്തമാണ്. അതിനുവേണ്ടി അദ്ദേഹം സ്വയം നിയുക്തനായി. അങ്ങനെ അദ്ദേഹത്തിൻെറ സന്ദേശം ജനഹൃദയങ്ങളിൽ പതിച്ചു''. (നാരായണഗുരു. പി. കെ ബാലകൃഷ്ണൻ).

മന്നത്തു പത്മനാഭൻ ശ്രീനാരായണഗുരുവിനെ പഠിച്ചതു ഇപ്രകാരമാകുന്നു.

''മതത്തിൻെറ പേരിലെ ഹിംസാകർമ്മങ്ങളും അസമത്വങ്ങളും മനുഷ്യരുടെ ഇടയിലെ ജാതിഭേദങ്ങളും ഉച്ചനീചത്വങ്ങളും ശ്രീബുദ്ധനെ എങ്ങനെ ചിന്താകുലനും തത്വാന്വേഷിയും ആക്കിയോ അതുപോലെ ഭ്രാന്താലയം എന്നു പ്രസിദ്ധിസമ്പാദിച്ച കേരളത്തിലെ അന്ധമതവിശ്വാസവും തീണ്ടലും തൊടിലും കൊണ്ടു മനുഷ്യനെ കൃമിയാക്കുന്ന നാരകീയ നടപടികൾ ശ്രീനാരായണഗുരുദേവനേയും ചിന്താകുലനാക്കിത്തീർത്തിരിക്കണം. അദ്ദേഹംതന്നെ പതിത സമുദായത്തിൽ ജനിച്ചതുകൊണ്ട് കണ്ടും കേട്ടും പഠിച്ചും പുതിയതായി ഒന്നും ഗ്രഹിക്കേണ്ടിയിരുന്നില്ല. അനുഭവജ്ഞാനത്തോടുകൂടിത്തന്നെ ഈ ഘോരനരകത്തെ നേരിടാൻ കഴിയുമായിരുന്നു. അദ്ദേഹം ആശ്ചര്യകരമായ മഹൽപ്രവൃത്തികൾ പലതും ചെയ്തിട്ടുണ്ടെങ്കിലും കേരളത്തിലെ പതിത സമുദായോദ്ധാരണമാണു അദ്ദേഹത്തിൻെറ അത്ഭുതകൃത്യങ്ങൾക്കെല്ലാം മകുടംവച്ചതെന്നുള്ള വിശ്വാസക്കാരനാണു ഞാൻ. ഏററവും ശാന്തനും സൗമ്യനുമായ അദ്ദേഹം ഒരു മൃദുലമനസ്കനെന്നു തോന്നുമെങ്കിലും വിപ്ലവപരമായ സാമൂഹ്യപരിഷ്ക്കാരങ്ങൾ വരുത്താൻ അദ്ദേഹത്തിനുണ്ടായിരുന്ന തൻേറടം ഒരു വജ്രഹൃദയൻേറതായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രുന്നു. സ്വാമികൾ ആരായിരുന്നുവെന്നും അദ്ദേഹം മനുഷ്യലോകത്തിനുവേണ്ടി ചെയ്ത ഗുണങ്ങൾ എന്തെല്ലാമായിരുന്നെന്നും സ്ഥൂലമായിട്ടെങ്കിലും അറിഞ്ഞിരിക്കണമെങ്കിൽ അന്നത്തെ സാമൂഹ്യനിലയുടെ ഒരു ഏ ക ദേ ശ ജ്ഞാ നം നമുക്കുണ്ടായിരിക്കേണ്ടതു അത്യാവശ്യമാണ്''

(ശ്രീനാരായണഗുരു പി. കെ. ബാലകൃഷ്ണൻ)

''മഹത്വത്തിൻെറ മാററുനോക്കുന്ന ഒരുരകല്ലാണു സംസ്ക്കാരം. അരുണയിലഗ്നിയെന്നപോലെ അതിൻെറ സ്പുലിംഗങ്ങൾ വ്യക്തികളിലെല്ലാം ഒളിഞ്ഞുകിടപ്പുണ്ട്. ജിവിതത്തിൽ നേരിടുന്ന അനുഭവശകലങ്ങളിൽ അത് നീറിനീറിപടരുന്നു. പാരമ്പര്യം, അതും പക്ഷെ പരിതഃസ്ഥിതി എന്ന വാക്കിലൊതുങ്ങുന്നു എന്നുമാത്രം. അങ്ങനെ വ്യക്തിയിൽ വളർന്നുവരുന്ന സംസ്ക്കാരത്തിൻെറ പരിണത ഫലമായി അവനിൽ ഒരു സവിശേഷസ്വഭാവം ഉരുണ്ടുകൂടുന്നു. അപ്പോൾ, അയാൾ ഒരു ആദർശശാലിയായി.

ഉച്ഛൃംഖലമായ വികാരങ്ങളെ സംസ്ക്കാരം കടിഞ്ഞാണിട്ടുപിടിക്കുകയാൽ അവൻെറ അറിവുംകഴിവും മററു സ ഹ ജീ വി കൾക്ക് ഉപകാരപ്രദമായിത്തീരുകയായി. മാതൃകാപരമായ അവൻെറ ജീവിതത്തെ പിൻതലമുറക്കാർ അറിഞ്ഞും അറിയാതെയും അനുകരിക്കുന്നതുകൊണ്ട്, തലമുറതലമുറയായി ഒ ന്നി ച്ചു കൂ ടി ജീവിച്ച ഓരോ ജനവിഭാഗത്തിനും പൊതുവായ ഒരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാണയമുണ്ടായിരുന്നു. വ്യത്യസ്തകാലങ്ങളിൽവ്യത്യസ്തവിഭാഗങ്ങളിൽ, വിഭിന്ന ജീവിതാനുഭവങ്ങളിൽ നിന്നു വാർത്തെടുത്ത ഈ നാണയങ്ങളുടെ വ്യാസവും തൂക്കവും വ്യത്യസ്തമായേക്കാം. ഈ വൈപരീത്യങ്ങളെ ഉദ്ദേശിച്ചാണ് പാശ്ചാത്യ സംസ്ക്കാരം, പൗരസ്ത്യസംസ്ക്കാരം, ആര്യസംസ്ക്കാരം ദ്രാവിഡസംസ്ക്കാരം, കേരളീയസംസ്ക്കാരം എന്നൊക്കെ വ്യവഹരിച്ചുപോരുന്നത്. ഇതിന്റെ എല്ലാററിന്റെയുംമൂല്യം പക്ഷേ, ഒന്നാണ്. അത് എല്ലാ വ്യക് തി ക ളുടേയും ജീവിത സമാധാനമത്രേ! അതായത്, മനസ്സമാധാനം തന്നെ, ചുരുക്കത്തിൽ, വലുതും ചെറുതുമായ പല പല പർവ്വതപ്രദേശങ്ങളിൽ നിന്നുറവെടുത്ത് വിശാലങ്ങളും നിമ്നോന്നതങ്ങളുമായ സമതലങ്ങളിൽകൂടി ഒഴുകി സമുദ്രത്തിൽചെന്നുവിലയം പ്രാപിക്കുന്നനദികളെപ്പോലെ ഈ വ്യത്യസ്ത സംസ്കാരങ്ങളെല്ലാം ഒന്നിച്ചലിഞ്ഞുചേരുന്നതു മനുഷ്യത്വത്തിലാണ് ആ സംഗമസ്ഥാനത്തു മനുഷ്യനേയുള്ളൂ; പാശ്ചാത്യനില്ല, പൗരസ്ത്യനില്ല, ആര്യനില്ല, ദ്രാവിഡനില്ല, കേരളീയനില്ല, അറേബിയനില്ല.

നാനാത്വത്തിൽ ഏകത്വമെന്നു വേദാന്തികൾ അതിനെ മാനിക്കുന്നു; കവികൾ അതിനെ വിശ്വപ്രേമമെന്നു വിളിക്കുന്നു. ആധുനിക ഭൗതികവാദികൾ അതിനെ സംസ്ക്കാരമെന്നു സ മ ർ ത് ഥി ക്കു ന്നു. യഥാർത്ഥം പറഞ്ഞാൽ ഈശ്വരൻ, സൗന്ദര്യം, സംസ്ക്കാരം ഇതൊക്കെ ജീവത യാഥാർത്ഥ്യത്തിന്റെ—സത്യാത്മകങ്ങളായ സ്വരുപഭേദങ്ങളത്രേ! വ്യക്തിയിൽ നിന്നു മുളച്ച്, സാമൂഹ്യസത്വത്തോളം വികസിച്ച്, സമാധാനത്തിലേക്കു പായുന്ന സംസ്ക്കാര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാണ് മഹത്വം. ഈ വഴിക്കു ജനസമുദായത്തെ നയിക്കുക എന്നതാണ് സാംസ്കാരിക പ്രവർത്തനത്തിന്റെ ഉന്നം.

സംസ്ക്കാരത്തിന്റെ ഉൽപത്തിയേയും വികാസത്തേയും പ്രാപ്യസ്ഥാനത്തേയും നോക്കിക്കാണ്മാൻ കഴിവില്ലാത്ത ഹ്രസ്വദൃഷ്ടികൾക്ക് അതിന്റെ മാഹാത്മ്യത്തേയും പ്രയോഗത്തേയും മനസ്സിലാക്കാൻ സാധിച്ചില്ലെന്നു വരാം. ഇടുങ്ങിയ ദേശീയബോധം, വകതിരിവില്ലാത്ത വർഗ്ഗാഭിമാനം എന്നീ സങ്കുചിത ചിന്താസരണിയിൽ സഞ്ചരിക്കുന്നവർ സ്വന്തം വീക്ഷണകോണിൽക്കൂടി സംസ്ക്കാരത്തെ നോക്കിക്കാണുകയും തദനുകൂലങ്ങളായ വിശ്വാസപ്രമാണങ്ങളെക്കൊണ്ട് അതിനെ തടഞ്ഞുനിർത്തുകയും ചെയ്യുന്നതുകൊണ്ടാണ് അതു ക്രമേണ മതമായി മാറുന്നത്. ഇന്നേവരെയുള്ള ചരിത്രം നോക്കിയാൽ ഇതുകാണാം. സംസ്ക്കാരവുംമതവുമായിട്ടുള്ള വ്യത്യാസം അല്ലെങ്കിൽ ബന്ധം ഇതത്രെ. സംസ്ക്കാരത്തിന്റെ ചട്ടക്കൂടാണു മതം. അല്ലെങ്കിൽ മതത്തിന്റെ ആത്മാവാണ് സംസ്ക്കാരം.

വിശിഷ്ടവും വിശ്വോത്തരവുമായവീക്ഷണത്തോടുകൂടി കേരളീയ ജീവിതത്തെ ഇങ്ങനെ നോക്കിക്കാണുകയും വ്യാഖ്യാനിക്കുകയുംചെയ്ത ഏക കർമ്മയോഗിയാണ് സാക്ഷാൽ ശ്രീ നരായണയോഗിതൃപ്പാദങ്ങൾ, ആ പുണ്യാത്മാവിന്റെ ജീവിതാനുഭവങ്ങൾ. ഓരോ കേരളീയ കുടുംബത്തിലും കെടാവിളക്കായി നീണാൾ പ്രശോഭിക്കുമാറാകട്ടെ! (ശിവഗിരി സെൻറിനറി സുവനീർ) ഇതായിരുന്നു കേരളത്തിലെ സാമുഹികമണ്ഡലത്തിൽ ഒരു കൊടുങ്കാററായിരുന്ന ശ്രീ. വി. ററി. ഭട്ടതിരിപ്പാടിന്റെ അഭിപ്രായം. ★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 57

അന്തേവാസിയായ അർജ്ജുനൻ

അർജ്ജുനൻ എന്ന പേരുകേൾക്കുമ്പോൾ നമ്മുടെ ഓർമ്മയിൽ ഓടിഎത്തുന്നത് മഹാഭാരതത്തിലെ വില്ലാളിവീരനായ അർജ്ജുനനാണ്. ഇവിടത്തെ അർജ്ജുനൻ ശ്രീനാരായണഗുരുദേവന്റെ അന്തേവാസിയായിരുന്നു. ഇന്നും ഗുരുസ്മരണയുമായി അദ്ദേഹം ബാംബയിൽ കഴിഞ്ഞുകൂടുകയാണ്,

ശ്രീനാരായണഗുരുദേവനെക്കുറിച്ചുള്ള നാമസങ്കീർത്തനം ബാലനായ അർജ്ജുനൻ കേട്ടു, അത് ആ കുഞ്ഞിന്റെ മനസ്സിൽ പതിഞ്ഞു. ഗുരുദേവന്റെ രൂപം മനസ്സിൽ തെളിഞ്ഞു. സന്ന്യസിക്കണം എന്ന ആഗ്രഹം അർജ്ജുനനിൽ അങ്കുരിച്ചു. വിവരം അമ്മയെ അറിയിക്കുകയുണ്ടായി. ചരിത്രപ്രസിദ്ധമായ കടയ്ക്കാവൂർ ഊട്ടുപ്പറമ്പു ക്ഷേത്രസന്നിധിയിൽ വച്ചു മാതാവു മകനെ ഗുരുവിനെ ഏല്പിച്ചു. അങ്ങനെ അർജ്ജുനൻ ശിവഗിരിയിലെ അന്തേവാസിയായി. ഭാർഗ്ഗവൻ വൈദ്യൻ, കുറ്റളത്തൂർ സ്വദേശിയായ ദിവാകരൻ മുതലായവരും ഹരിജനങ്ങളായ ശങ്കരൻ, കുഞ്ഞുരാമൻ എന്നിവരും അന്നു ശിവഗിരിയിലെ അന്തേവാസികളായിരുന്നു. ഈ അടുത്ത കാലത്തു ദിവംഗതനായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുഞ്ഞുരാമൻ തിരുവനന്തപുരം സിററി കാർപ്പറേഷൻെറ മേയർ പദം അലങ്കരിച്ചിരുന്നു എന്നതു സ്മരണീയമാണ്.

ബാലനായ അർജ്ജുനൻ കുണ്ടാമണ്ടിത്തരങ്ങൾ കാണിക്കാൻ വിരുതനായിരുന്നു. മററു അന്തേവാസികളുമായി വഴക്കിടുന്നതിലും; അവരുമായി അടികലശൽ നടത്തുന്നതിലും; അർജ്ജുനൻ സന്തോഷിച്ചിരുന്നു. ഗുരുദേവനെയല്ലാതെ മററാരെയും ബഹുമാനിക്കണമെന്നോആദരിക്കണമെന്നോ അർജ്ജുനനുതോന്നിയില്ല. ചുണയും ചുറുചുറുക്കുമുള്ള അർജ്ജുനനെ എല്ലാവരും ഇഷ്ടപ്പെട്ടു പഠിക്കുന്നകാര്യത്തിൽസമർത്ഥനുമായിരുന്നു. ഒരിക്കൽ പൈസാ പ്രശ്നത്തെ സംബന്ധിച്ചുഊട്ടുപുരയിലെമുതിർന്ന ആളുകളോടു അർജ്ജുനൻ ശണ്ഠകൂടാനിടയായി, ഈവിവരം ഗുരുദേവൻ അറിഞ്ഞു. അർജ്ജുനനോടു ഇങ്ങനെ കല്പിച്ചു.

''ഇവിടെ പൂക്കൾ ധാരാളം ഉണ്ടല്ലോ, ചെറിയമാലകൾ കെട്ടിവച്ചാൽ ക്ഷേത്രത്തിൽ വരുന്നവർ വാങ്ങും, നിൻെറസ്വന്തം ആവശ്യത്തിനുകാശുംകിട്ടും. ആരോടും ചോദിക്കണ്ടല്ലോ. സ്വന്തം കാലിൽ നില്ക്കാനും പഠിക്കണം. സൗകര്യംകിട്ടുമ്പോൾ മരങ്ങൾ വച്ചുപിടിപ്പിക്കണം തണലുമായി. പഴവുമായി''.

ഈ ഉപദേശം ലഭിച്ചതിനുശേഷം അർജ്ജുനൻ ആരോടും വഴക്കിടാൻ പോകാറില്ലായിരുന്നു. അക്കാലത്തു അർജ്ജുനൻ തേഡ്ഫാറം പരീക്ഷ ജയിച്ചു. ആവിവരം ഗോവിന്ദനാശാൻ ഗുരുദേവനെ അറിയിച്ചു. ഗോവിന്ദൻ ജഡ്ജിയെ വിളിക്കൂ. ഇവനെ നെടു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങണ്ട സ്ക്കൂളിൽ ചേർത്തു പഠിപ്പിക്കണം'' എന്നു കല്പിച്ചു. അർജ്ജുനൻ ഹൈസ്കൂൾ വിദ്യാർത്ഥിയായി. സ്ക്കൂളിൽനിന്നും വന്നശേഷം ഗുരുദേവനെ പരിചരിക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. ഗുരുദേവൻ ശിവഗിരിയിൽഇല്ലാത്തപ്പോൾ അർജ്ജുനനു മനഃപ്രയാസമാണ്. ശിവഗിരിയിൽ ഉള്ളപ്പോൾ ഓണവും. ബോധാനന്ദസ്വാമി അന്നു ശിവഗിരിയിൽ ഉണ്ടായിരുന്നു. ആ കാലഘട്ടത്തിലെ ചില സംഭവങ്ങളെക്കുറിച്ചു അർജ്ജുനൻ എഴുതി അയച്ചുതന്നതു ഇങ്ങനെയാണ്.

''ബോധാനന്ദസ്വാമിയാണ് എന്നെ യോഗാഭ്യാസം ശീലിപ്പിച്ചത് വളരെസഞ്ചാരപ്രിയനാണ്. പെട്ടെന്നു ക്ഷോഭിക്കുന്ന പ്രകൃതവും. എന്നാൽ ക്ഷോഭം അടക്കി എല്ലാകാര്യങ്ങൾക്കും തല്ക്കാലശാന്തി ഉണ്ടാക്കും. ഒരു കാര്യത്തിൽ എന്നോടു കുറച്ചു പകയുണ്ടായി. ഞാൻ ഗുരുദേവൻെറ റിഷാക്കാരനാണ്. ഒരുദിവസം ബോധാനന്ദസ്വാമിയും ഗോവിന്ദദാസും ''നീ തൃപ്പാദങ്ങളുടെ റിക്ഷാ വലിക്കാൻ പാടില്ല. നീ ചെറിയ ചെറുക്കനാണ് ശങ്കരനും കുഞ്ഞുരാമനുമൊക്കയുണ്ടല്ലോ. നീ തൃപ്പാദങ്ങളെ എവിടെയെങ്കിലും മറിച്ചിടും. അതുകൊണ്ടു നീ ഇനിമേൽ റിക്ഷാതൊടാൻ പാടില്ല''. എന്നുപറഞ്ഞു റിക്ഷാ ആദ്യമായികാഴ്ചവച്ചപ്പോൾ ശങ്കരനും കുഞ്ഞുരാമനുമൊക്കെയുണ്ടായിരുന്നു. പേടിച്ച് അവർ അതു വലിക്കാൻ മുന്നോട്ടു വന്നില്ല. ഞാനതുചെയ്തു. തൃപ്പാദങ്ങൾ എന്നെ തടഞ്ഞില്ല. ഇവിടത്തെ പ്രമാണികൾ എല്ലാമുണ്ടായിരുന്നു. അവരാരും എന്നെ തടഞ്ഞില്ല. ഇത്രകാലം മറിച്ചിടാതെ വലിച്ചില്ലേ ? ഇനി തൃപ്പാദങ്ങൾ കല്പിച്ചാൽമാത്രമേ ഞാനതു ചെയ്യാതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രിക്കു. എന്നു പറഞ്ഞു രണ്ടുപേരുടേയും വായ് അടച്ചു''.

ഏതു കാര്യവും ഭയ ലേശംകൂടാതെ തൻേറടത്തോടുകൂടി അർജ്ജുനൻ ചെയ്യുമായിരുന്നു. വിമർശകരുടെ അമ്പുകഠംക്കു എതിരെ അയക്കുവാൻ അർജ്ജുനൻെറ ആവനാഴിയിൽ അമ്പുകഠം ഉണ്ടായിരുന്നു. ശുണ്ഠിക്കാരൻകൂടിയായ അർജ്ജുനൻെറ ജീവിതം കരുപ്പിടിപ്പിക്കുവാൻ ഗുരുദേവൻ മാർഗ്ഗനിർദ്ദേശം ചെയ്തു. ചിലപ്പോഠം ഗുരുദേവൻ അർജ്ജുനനെ ശാസിക്കും. ആ ശാസനത്തിൽ സാരോപദേശം കലർന്നിരിക്കും. ആ ഉപദേശമാണു അർജ്ജുജനനു ഇന്നും വഴ കാട്ടിയായിരിക്കുന്നതെന്നു അദ്ദേഹം പറയുന്നു. അർജ്ജുനൻ എഴുതിയതു എന്താണെന്നുനോക്കാം.

''എനിക്കു സ്വന്തമായി ചെയ്യുവാൻ തൃപ്പാദങ്ങഠം ചെറിയ ജോലിതരുമായിരുന്നു. ഗുരുദേവൻെറ നഖംമുറിക്കുന്നതു വളരെ കഠിനവും മുറിക്കുമ്പോഠം നുറുങ്ങിനുറുങ്ങി വീഴുന്നവയുമായിരുന്നു, ഓരോ കഷ്ണമായി മുറിക്കണമെങ്കിൽ വിരൽ അല്പം അമർത്തേണ്ടിവരും. ''ഓ, വിരലൊക്കെ മുറിക്കുമോടാ'' എന്നു ഇടയ്ക്കു ചോദിച്ചുകൊണ്ടിരിക്കും. കത്തി എത്ര മൂർച്ചപ്പെട്ടതായാലും ഓരോ കഷ്ണമായി മുറിച്ചെടുക്കാൻ കഴിഞ്ഞില്ല. എന്നാലും വളരെ ഭംഗിയായി മുറിച്ചെടുക്കും''. എൻെറ ദയനീയാവസ്ഥയും വിളറിയ മുഖവും കണ്ടിട്ടു ഗുരുദേവൻ ഇങ്ങനെ കല്പിച്ചു. ''ചെയ്യുന്നതെല്ലാം ഭംഗിയായി ചെയ്യണം. ഏതു ജോലിയും ചെയ്യാൻ മടിക്കരുത്. ചുടലക്കാടു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂക്ഷിച്ചില്ലേ ഹരിശ്ചന്ദ്രൻ''. അതിൽ അടങ്ങിയിരുന്ന ഗഹനമായ ആശയം പിന്നീടാണു എനിക്കു പിടികിട്ടിയത്''. ഗുരുദേവൻ ഓരോരുത്തരുടേയും സ്വഭാവം മനസ്സിലാക്കിയിട്ട് അവരെ ഉപദേശിക്കും. വികൃതിയായ അർജ്ജുനനെ ഈശാവാസ്യോപനിഷത്തു കാണാപാഠം പഠിപ്പിച്ചു. ചില പ്രമുഖവ്യക്തികൾ ശിവഗിരി സന്ദർശിക്കുന്ന അവസരത്തിൽ അർജ്ജുനനെക്കൊണ്ടു ഈശാവാസ്യോപനിഷത്തു പാടിക്കുമായിരുന്നു. അർജ്ജുനൻ വീണ്ടും ലേഖകനു എഴുതി അയച്ചുതന്നതുകൂടി പകർത്താം.

''ഓവിലേക്കു പോകാൻ ഞാൻ പടിയിറങ്ങുകയായിരുന്നു. എതിരെ. ഓച്ചിറ ദാമോദരൻ റാന്തലും പിടിച്ചു നടന്നുവരുന്നു. പിന്നിൽ ഗുരുദേവൻ വളരെ സാവധാനത്തിൽ നടക്കുന്നു. വിദ്യാനന്ദസ്വാമി ഗുരുദേവനെ തൊട്ടുതൊട്ടു നടക്കുന്നു.

ഞാൻ മുന്നോട്ടുനീങ്ങി. കാൽക്കൽവീണു. ഗുരുദേവൻ വടി ഊന്നിനിന്നു. എഴുന്നേററപ്പോൾ എൻെറ ശിരസ്സിൽ തലോടി. അരക്ഷണം മിണ്ടാതെനിന്നു. എന്താ, ചോറൊന്നും കിട്ടുന്നില്ലേ ? മോശമായിപ്പോയല്ലോ ? വിദ്യാനന്ദസ്വാമികളെനോക്കി. കണ്ടോ, കുട്ടികളെ നോക്കാനാരുമില്ല. ഇവൻ നല്ലവണ്ണം പഠിക്കും. ഇവനെ എവിടെയെങ്കിലും അയച്ചു പഠിപ്പിക്കണം. എന്താ ചെയ്യാമോ ? എന്നു ചോദിച്ചു ? ''തൃപ്പാദങ്ങൾ അനുഗ്രഹിച്ചാൽ ശീമയിൽവേണമെങ്കിലും അയച്ചു പഠിപ്പിക്കാം. അടിയന് ഇരക്കാനുമറിയാം''. ''ശരി നല്ലത്''. എൻെറ ഹൃദയം തണുത്തു. ഒററനോട്ടത്തിൽ ഗുരുവിനു സുഖമില്ലെന്നു ഞാൻ മനസ്സിലാക്കി''.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രണ്ടുദിവസം കഴിഞ്ഞപ്പോഗുരുദേവൻെറരോഗം മൂർച്ഛിച്ചു. ഭക്തജനങ്ങളുടെ അഭിപ്രായപ്രകാരം പല വൈദ്യന്മാരും ചികിത്സിച്ചു. ഒടുവിൽ തിരുവനന്തപുരത്തു മാതുകുത്തകക്കാരൻെറ വീട്ടിലേക്കു പോകണമെന്നു ഗുരു ആജ്ഞാപിച്ചു. അർജ്ജുനൻ സ്കൂളിൽ നിന്നും വൈകുന്നേരം വന്നപ്പോഴാണ് ആ വാർത്ത അറിഞ്ഞത്. അർജ്ജുനൻ അസ്ത്രവേഗത്തിൽ പാഞ്ഞു തിരുവനന്തപുരത്തുഎത്തി വിദ്യാനന്ദസ്വാമികൾ അർജ്ജുനനെ അടുത്തുവിളിച്ചുഇങ്ങനെപറഞ്ഞു.

'നീ ഇന്നുതന്നെ മടങ്ങിപ്പോയി പ്പാവിള കേശവൻ മേസ്ത്രിയോട്, പറഞ്ഞകാര്യം ഉടനെ ശരിപ്പെടുത്തണമെന്നു പറയണം.'.

എന്താണെന്നു അറിയാതെ വിഷണ്ണനായ അർജ്ജുനൻ—ഗാണ്ഡീവം നഷ്ടപ്പെട്ട അർജ്ജുനനെപ്പോലെയായി. തളർന്ന ശരീരവും വേദനിക്കുന്ന മനസ്സുമായി വർക്കലയ്ക്കു പുറപ്പെട്ടു. കേശവൻമേസ്ത്രിയെകണ്ടു വിവരമറിയിച്ചു. ആ കഥ അർജ്ജുനൻ ഗ്രന്ഥകാരനു എഴുതിയതു ഇപ്രകാരമാകുന്നു.

''ഏതായാലും ഞാൻ രാത്രിവണ്ടിയ്ക്കു മടങ്ങി കേശവൻ മേസ്ത്രിയെക്കണ്ടു. സന്ദേശമറിയിച്ചു. ''അയ്യോ ചതിച്ചോടാ, മോനേ എന്നുപറഞ്ഞുകൊണ്ടു തേങ്ങിക്കരയാൻതുടങ്ങി. മേസിത്രിയുടെ നിലവിളി കേട്ടു ഭാര്യയും മകനും ഓടിയെത്തി. അവിടെ കൂട്ട നിലവിളി ഉയർന്നു''. നിലവിളികേട്ടു ഞാൻ അമ്പരന്നു. മേസ്ത്രി നിലവിളിച്ചതല്ലാതെ ഒന്നും പറഞ്ഞില്ല. പിറേറദിവസം ഗുരുദേവനെ ശിവഗിരിയി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലേക്കു കൊണ്ടുവന്നു. മൂന്നുമണിക്കു ഗുരു മഹാസമാധിയടഞ്ഞു,

ഗുരുദേവൻ എന്നെ വിദ്യാനന്ദസ്വാമിയെ ഭരമേല്പിച്ചതിന്റെയും പുറത്തു എവിടെയെങ്കിലുംമയച്ചു പഠിപ്പിക്കണമെന്നു ആജ്ഞാപിച്ചതിന്റെയും പൊരുളം അപ്പോഴാണു എനിക്കു മനസ്സിലായത്. അതുപോലെ തന്നെ കേശവൻ മേസ്ത്രിയെ ഉടനെപോയികാണണമെന്നു വിദ്യാനന്ദസ്വാമി പറഞ്ഞതിന്റെ കാര്യവും ആ സമയത്താണു എനിക്കു സ്പഷ്ടമായത്. ഗുരുദേവനെസമാധിയിരുത്തുവാൻ കല്ലറകെട്ടണമെന്നു സന്ന്യാസിമാർ പ്ലാവിള കേശവൻ മേസ്ത്രിയോടു നിർദ്ദേശിച്ചിരുന്നു. മേസ്ത്രി ആ ജോലി കൃത്യമായി നിർവ്വഹിച്ചിരുന്നു. ദുഃഖത്തിന്റെ പാരമ്യത്തിൽ എത്തിനില്ക്കുമ്പോഴാണു ആ സംഭവം ഉണ്ടായത്. ഗുരുദേവൻ സമാധിയായി. ആസമയം മുതൽ ബോധാനന്ദസ്വാമി "എന്നെക്കൂടി കൊണ്ടുപോകണം ഗുരുദേവാ" എന്നിങ്ങനെ സങ്കടമുണർത്തിച്ചുകൊണ്ടിരുന്നു. മൂന്നാംപക്കം അതും സംഭവിച്ചു. ശ്രീനാരായണഗുരുദേവൻ സമാധിയായതിന്റെ മൂന്നാംദിവസം ബോധാനന്ദസ്വാമിയും സമാധിയായി. കപ്പിത്താനില്ലാത്ത നൗകപോലെയായി ശിവഗിരി".

വസ്തുക്കളുള്ളിടത്തെല്ലാം വഴക്കുംവക്കാണവും ഉണ്ടാകുക പതിവാണല്ലോ! സമാധിക്കുശേഷം തർക്കം ശിവഗിരിയിലും ഉണ്ടായതായി അർജ്ജുനൻ എഴുതുന്നു.

"പിറേറദിവസം തൊട്ടുകുടുംബകലഹമാരംഭിച്ചു. എസ്സ്. എൻ. ഡി. പി. യോഗാധികൃതർ ശിവഗിരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആശ്രമം അവരുടെ താല്ക്കാലിക തലസ്ഥാനമാക്കി മാററി. മൂന്നു കെട്ടിടത്തിൻെറയും കലവറയുടെയും താക്കോൽ യോഗമാഫീസിൻ ഹാജരാക്കാൻ മുന്നറിവു തന്നു. വാറിൽ നാണു ബലംപ്രയോഗിച്ചു എൻെറ കൈയ്യിൽനിന്നും കലവറയുടെ താക്കോൽ വാങ്ങി. ധർമ്മതീർത്ഥർക്കു മാസികയുടെ നടത്തിപ്പിന് പുറത്തെവിടെയെങ്കിലും സൗകര്യപ്പെടുത്താൻ നോട്ടീസു കൊടുത്തു. സ്വത്തുക്കൾ കൈയ്യേറിത്തുടങ്ങി. അതോടെ കോടതിയും റിസീവറും ഇടപെട്ടു''.

അശരണനായ അർജ്ജുനൻ- അന്തേവാസിയായഅർജ്ജുനൻ-അടരാടാൻ ആയുധമില്ലാത്ത അർജ്ജുനൻ— ആകെ അമ്പരുന്നുപോയി. മേല്പോട്ടുനോക്കിയാൽ അനന്തമായ ആകാശവും താഴോട്ടുനോക്കിയാൽ ഭൂമിയും. ചിന്തയും പ്രാർത്ഥനയും ഗുരുദേവനെക്കുറിച്ചുമാത്രം. മ നു ഷ്യ ൻ ആലംബഹീനനാകുമ്പോൾ നിയതി ഓരോ വടിവിൽ ഓടിയെത്തുമെന്നാണുവിശ്വാസം. ഗത്യന്തരമില്ലാതിരുന്ന അർജ്ജുനൻ പെരിങ്ങോട്ടുകരയ്ക്കുപോയി വിദ്യാനന്ദസ്വാമികളെകണ്ടു. അദ്ദേഹത്തിൻെറ സഹായത്തോടെ കണ്ടശ്ശാംകടവു'ഗവർമ്മെൻറു ഹൈസ്കൂളിൽ ചേർന്നു മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി, തൃശൂർ സെൻറുതോമസ് കാളേജിൽ ചേർന്നു ബി. എ. ബിരുദംനേടി. അക്കാലത്തുണ്ടായ സംഭവകഥകൾ ദുഃഖച്ഛരായ കലർന്നതാണ്. സ്ഥലപരിമിതി കാരണം അതൊന്നും ഇവിടെ കുറിക്കുന്നില്ല.

ഡിഗ്രി എടുത്തതോടെ അർജ്ജുനൻെറ മനസ്സ് വസന്തത്തിൻെറ പൂവണിഞ്ഞു. അപ്പോഴാണു തലശ്ശേരി സ്വദേശിയും ഗുരുദേവൻെറഗൃഹസ്ഥശിഷ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നുമായ ഗോപാലൻ മുൻസിഫിന്റെ നിർദ്ദേശം ലഭിച്ചത്. അർജ്ജുനൻ, ഗോപാലൻ മുൻസിഫിനെ ചെന്നു കണ്ടു. വിദ്യാനന്ദസ്വാമി അയച്ച കത്ത് എടുത്തുകൊടുത്തു. "ശ്രീനാരായണ ധർമ്മപരിപാലന യോഗക്കാരുമായി കേസ്സു പറയുന്നതിനു കരുത്തനായ ഒരാളെ ആവശ്യമുണ്ട്. "പോരാളി" എന്നു ഗുരുദേവൻ പേരിട്ട അർജ്ജുനൻ അതിനു പററിയ ആളാണെന്നും അർജ്ജുനനെ ബാംബെയിൽ അയച്ചു M. A. L. L. B. പരീക്ഷ പാസ് സാക്കണമെന്നുമായിരുന്നു കത്തിന്റെ സാരം'. അർജ്ജുനൻനേരെചെന്നു വിദ്യാനന്ദസ്വാമിയെ കണ്ടു. വിദ്യാനന്ദസ്വാമികൾ കുറെ പണംകൊടുത്തു.ബാരിസ്ററർ പവിത്രനും ഒരുകത്തും കൊടുത്തു.

അർജ്ജുനൻ ബാംബെയിൽ എത്തിയപ്പോഴേക്കും M.A.L.L.B. യുടെ മൂന്നാംവർഷത്തെ കോഴ്സ് തല്ക്കാലത്തേയ്ക്കു നിർത്തൽ ചെയ്തിരുന്നു. അഭിഭാഷകനാകാൻ ആഗ്രഹിച്ചു. നടന്നില്ല. നിയമഗ്രന്ഥങ്ങൾ വായിച്ചു പഠിച്ചു. നിയമജ്ഞനല്ലെങ്കിലും നിയമജ്ഞന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതനായി.

യൗവ്വനം നാമ്പിട്ടുതഴയ്ക്കുന്നകാലത്തു ഒരു ഇണയെതേടുന്നതു സ്വാഭാവികമാണല്ലോ; തലശ്ശേരി സ്വദേശിയായ ഒരു യുവതിയെ അർജ്ജുനൻ കണ്ടു, അവരെ തന്റെ ജീവിതസഖിയാക്കാൻ ആഗ്രഹിച്ചു. അക്കാര്യത്തെക്കുറിച്ചു അർജ്ജുനൻ എഴുതി അയച്ചു തന്നതുകൂടി ഇവിടെ പകർത്താം.

"എന്റെരണ്ടുസഹോദരിമാരും അമ്മാവനും രണ്ടു അളിയന്മാരും "പെണ്ണുകാണാൻ" തലശ്ശേരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിലെ ഒരു ഗുരുദേവഭക്തൻെറ വീട്ടിൽ എത്തി. അദ്ദേഹത്തിൻെറ ഈശ്വരഭക്തയായ മൂത്തമകളെ കല്യാണംകഴിച്ചു തരണമെന്നു ആവശ്യപ്പെട്ടു.അവിടെ കന്യാദാനം ചെയ്യുന്നത് നാട്ടു മുഖ്യസ്ഥനാണ്. മാത്രമല്ലാതെക്കന്മാർക്കു ഈ നാട്ടിൽനിന്നും പെണ്ണുകൊടുക്കുകയുമില്ല. കൂടാതെ തലശ്ശേരിയിൽ ഉള്ളവർ തീയ്യന്മാരാണ്. തിരുവിതാംകൂറിൽ ഉള്ള ഈഴവർ തീയ്യന്മാരെക്കാൾ കുറഞ്ഞവരാണ്. അതിനുംപുറമേഗുരുദേവൻ പുലയരേയും കുറവരേയും മാത്രമേ ശിവഗിരിയിൽ എടുത്തു വളർത്തിയിട്ടുള്ളൂ. ബി. എ. ബിരുദം തലശ്ശേരിയിൽ കാശിനു നാലാണ്. പിന്നെന്തു വരനു യോഗ്യത ? തലശ്ശേരിക്കാർ അതിഥിസല്ക്കാരത്തിനു വിഖ്യാതരാണ് നല്ല മര്യാദക്കാരണ്. അതുകൊണ്ട് പെണ്ണുചോദിച്ചു ഇത്രദൂരം വന്നതിനു മര്യാദ കാണിക്കാൻവേണ്ടി ഒരു ദൂതനെ കടയ്ക്കാവൂർ അയച്ചു അന്വേഷണം നടത്തി. ദൂതൻെറ രഹസ്യറിപ്പോർട്ടിൽ ''യാതൊരു യോഗ്യതയുമില്ലന്നു മാത്രമല്ല, ശ്രീനാരായണഗുരുസ്വാമിയുടെ റിക്ഷാവണ്ടിക്കാരനുമായിരുന്നു പയ്യൻ. കന്യാദാനം ചെയ്യേണ്ട നാട്ടുമുഖ്യന്മാർ മാമൂൽ പ്രിയന്മാരും മർക്കടമുഷ്ടിക്കാരുമായിരുന്നു. എന്നാൽ ഇവർക്കെല്ലാം ഗുരുദേവൻ കാണപ്പെട്ട ദൈവമായിരുന്നു. ശിവൻെറ കാളയെ പൂജിക്കുന്നില്ലേ? റിക്ഷാവണ്ടിക്കാരനും ഒരു വാഹകനല്ലേ? നാട്ടുമുഖ്യന്മാരുടെ അവസാനത്തീർപ്പിൽ തെക്കനും ഈഴവനുമായാൽപ്പോലും ഗുരുദേവൻെറ റിക്ഷാവണ്ടിക്കാരനാവാൻ കഴിഞ്ഞതു വരൻെറ യോഗ്യതയായി കണിക്കിലെടുക്കാമെന്നും ഉറപ്പിച്ചു. അങ്ങനെ ശ്രീനാരായണഗുരുദേവൻെറ റിക്ഷാവണ്ടി എന്നെ രണ്ടാമാശ്രമത്തിലെത്തിച്ചു''.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്തേവാസിയായ അർജ്ജുനൻ ആശ്വാസം കൊള്ളുന്നതെങ്ങനെയെന്നു എഴുതുന്നു.

"ഗുരുദേവന്റെ നഖം മുറിക്കുന്നതും റിക്ഷാവലിക്കുന്നതും ഏകാഗ്രതയോടെ ചെയ്യേണ്ട ജോലിയായിരുന്നു. ഒരവതാരപുരുഷന്റെ വിരൽവേദനിപ്പിക്കാതെ നഖം മുറിക്കണം. ഒരുധർമ്മാവതാരത്തെ മറിച്ചിടാതെ റിക്ഷാവലിക്കണം. ഏകാഗ്രതയാണല്ലോ അനുഭൂതി പ്രദാനംചെയ്യുന്നത്. എന്നെ ഈ രണ്ടു ജോലിയും ചെയ്യാനനുവദിച്ചതിലടങ്ങിയിരിക്കുന്ന സന്ദേശം എന്ത്".?

ഇക്കാലത്ത് ഗുരുദേവൻ ശിവഗിരിയിൽ വളർത്തിവന്ന ഹരിജൻ ബാലനാണ് ശ്രീരാഘവൻ ഒരു ദിവസം പട്ടാമ്പിക്കാരനായ നീലകണ്ഠശർമ്മ എന്ന ബ്രാഹ്മണൻ ഗുരുദേവനെ കാണാൻ ശിവഗിരിയിൽ വന്നു. ഗുരുദേവനെകാണുക എന്നതല്ലായിരുന്നു ശർമ്മയുടെ ലക്ഷ്യം പിന്നെയോ വാദപ്രതിവാദത്തിൽ ഗുരുദേവനെ തോല്പിക്കുക.

അന്നത്തെ പാചകം രാഘവൻ നടത്തട്ടെ എന്നു ഗുരുദേവൻ കല്പിച്ചു. ഊണുകഴിക്കുന്ന സമയത്ത് കറികൾ എങ്ങനെയുണ്ടെന്ന് ഗുരുദേവൻ ശർമ്മയോട് ചോദിച്ചു. കറികൾ എല്ലാം കൊള്ളാം വിശേഷിച്ചു രസം ഒരു ബ്രാഹ്മണന്റെ കറിപോലെ ഇരിക്കുന്നു എന്ന് ശർമ്മ പറഞ്ഞു. ഊണുകഴിഞ്ഞ് വൈദിക മഠത്തിൽ വിശ്രമിക്കുന്ന അവസരത്തിൽ മനുഷ്യരിൽ ജാതിയുണ്ടെന്നും അതു കണ്ടാലറിയാമെന്നും ശർമ്മ അഭിപ്രായപ്പെട്ടു. ഉടനെ തന്നെ ഗുരുദേവൻ രാഘവൻ, ഭാർഗ്ഗവൻ വൈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്യൻ മുതലായവരെ ശർമ്മയുടെ മുന്നിൽ നിരത്തിനിർത്തി. ഭാർഗ്ഗവൻ വൈദ്യരെ കണ്ടിട്ട് പുലയക്കുട്ടിയെന്നും രാഘവനെ നോക്കിയിട്ട് ബ്രാഹ്മണക്കുട്ടിയെന്നും ശർമ്മ പറയുകയുണ്ടായി. എന്നാൽ ഇരുവരുടെയും ജാതികൾ ഗുരുദേവൻ ശർമ്മക്ക് പറഞ്ഞുകൊടുത്തു. ഇന്നത്തെആഹാരം പാകം ചെയ്തത് രാഘവനാണെന്നും ഗുരുദേവൻ ശർമ്മയോട് അരുൾ ചെയ്തു. ശർമ്മ ഇപ്രകാരം പറഞ്ഞു ഗുരുദേവൻെറ മുമ്പിൽ ഞാൻ തോററിരിക്കുന്നു. അങ്ങയെ തോല്പിക്കുവാനാണ് ഞാൻ വന്നത്.

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 58

ശ്രീനാരായണ ഗുരുവിൻെറ തത്ത്വസംഹിതയും സഹകരണമതവും

സഹകരണമെന്ന പഞ്ചാക്ഷരത്തിൻെറ ചരിത്രപരമായ ഉദയം ഇംഗ്ളണ്ടിലും ജർമ്മനിയിലുമാകുന്നു. വ്യാവസായികവിപ്ലവത്തിനോടൊപ്പംതന്നെ ഈ പ്രസ്ഥാനം പാശ്ചാത്യനാടുകളിൽ രൂപംകൊണ്ടു സർ.റോബർട്ടുഓവൻ, റോച്ചുടയിൽ പയനിയേഴ്സു എന്നിവരുടെ ആത്മാർത്ഥവും നിസ്സ്വാർത്ഥവുമായ സേവനത്തിൻെറ ഫലമായിട്ടാണു ഇംഗ്ളണ്ടിൽ സഹകരണ പ്രസ്ഥാനത്തിനു പ്രാധാന്യം ലഭിച്ചത്. അതുപോലെ തന്നെ ജെഫേഴ്സൻെറയും ഹെർഷൂഠസ്സിൻെറയും ശ്രമത്തിൻെറ ഫലമായി സഹകരണതത്ത്വങ്ങളിൽ അധിഷ്ഠിതമായ വായ്പാപ്രസ്ഥാനം ജർമ്മനിയിൽ വളരാനും വികസിക്കാനും തുടങ്ങി.

ഭാരതത്തിൽ സഹകരണപ്രസ്ഥാനം ഔദ്യോഗികമായി ആരംഭിച്ചത് 1904-ൽ ആയിരുന്നു. കേന്ദ്രഗവൺമെൻറിൻെറ നിർദ്ദേശപ്രകാരം 'നിക്കൽസൺ' എന്ന സീനിയർ ആഫീസർ ജർമ്മനിയിൽചെന്ന് അവിടത്തെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്രഡിററ്റുസിസ്റ്റം പകർത്തികൊണ്ടു വരികയാണു ചെയ്തത്.

എന്നാൽ അതിനുമുമ്പുതന്നെ സഹകരണത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ പ്രവർത്തിച്ചിരുന്ന പ്രസ്ഥാനങ്ങളുണ്ടായിരുന്നു. ചിട്ടി, നിധി മുതലായവ പ്രവർത്തിച്ചിരുന്നത് സഹകരണാടിസ്ഥാനത്തിലായിരുന്നല്ലോ.

ഇന്നു ലോകത്തിന്റെ എല്ലാകോണുകളിലും-ചുരുക്കിപ്പറഞ്ഞാൽ എവിടെയെല്ലാം മനുഷ്യൻ അധിവസിക്കുന്നുണ്ടോ അവിടെയെല്ലാം സഹകരണസംഘങ്ങളും ഉണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. അത്രക്കു സഹകരണമണ്ഡലം വികസിച്ചു കഴിഞ്ഞു. ഒരു ചരിത്രവിദ്യാർത്ഥി ഗവേഷണബുദ്ധിയോടുകൂടി ഈ രംഗത്തേക്കു കടന്നാൽ മഹത്തും ബൃഹത്തായ പല സംഭാവനകളും ആ ഗവേഷകന് നൽകാൻ കഴിയുമെന്നുള്ളതു തർക്കമററ സംഗതിയാണ്. സങ്കീർണ്ണമായ മനുഷ്യജീവിതത്തിനു സാമ്പത്തികമോചനം നല്കാനാണല്ലോ ഈ പ്രസ്ഥാനം ആരംഭിച്ചത്. സഹകരണതത്ത്വങ്ങളുടെ കാതലായ അംശം എന്തെന്നു പരിശോധിക്കാം.

സ്വമേധയാ അം ഗ മാ കു ക. നിർബന്ധം ഒരു കോണിൽനിന്നും ഇല്ല. ഇവിടെ വ്യക്തി സ്വാതന്ത്ര്യത്തിനു പ്രാധാന്യം ലഭിക്കുന്നു. എല്ലാവർക്കുംതുല്യത മൂല്യധനത്തിനല്ല പ്രാധാന്യം. വ്യക്തിത്വത്തെ അംഗീകരിക്കുന്നു. ഒരംഗത്തിന് ഒരുവോട്ട്. ജനാധിപത്യരീതിയിലുള്ള ഭരണക്രമം. സേവനതത്പരതയ്ക്കാണു അവിടെ സ്ഥാനം. ലാഭേച്ഛയ്ക്കല്ല. സംഘം പ്രയോജനപ്പെടുത്തുന്നവർക്ക് അതിന് തക്ക പ്രയോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജനം. മിതവ്യയം, സ്വാശ്രയം ഇവ ശീലിക്കുക. മിതവ്യയം-സമ്പാദ്യശീലമുണ്ടാക്കും. സമ്പാദ്യം നിക്ഷേപം വളർത്തും. നിക്ഷേപം മൂലധനമാകും. മൂലധനം ഉണ്ടാകുമ്പോൾ സ്വാശ്രയശക്തി വർദ്ധിക്കും. മതം, രാഷ്ട്രീയം മുതലായ കാര്യങ്ങളിൽ നിഷ്പക്ഷത.

മേൽ വിവരിച്ച സഹകരണതത്ത്വങ്ങളും ശ്രീനാരായണഗുരുദേവന്റെ തത്ത്വങ്ങളുമായി അഭേദ്യമായ ബന്ധമുണ്ട്.

"സംഘടിച്ചു ശക്തരാകുക". അസംഘടിതരായ മനുഷ്യരെ നോക്കി അദ്ദേഹം ആഹ്വാനം ചെയ്തു സാമൂഹികമായും സാമ്പത്തികമായും അവർ വളരെ താണ നിലവാരമാണു പുലർത്തിയിരുന്നത്. അങ്ങനെയുള്ളവരോടാണു സംഘടിച്ചു ശക്തരാകാൻ ഗുരുദേവൻ ആജ്ഞാപിച്ചത്. സംഘടനകൊണ്ടു മാത്രമേ ശക്തരാകാൻ കഴിയൂ എന്നു ചരിത്രം വെളിപ്പെടുത്തിയിട്ടുണ്ടല്ലോ.

മിതവ്യയം ശീലിക്കുവാൻ ഗുരുദേവൻ ഉപദേശിച്ചിട്ടുണ്ട്. സഹകരണ തത്ത്വങ്ങളിലും ഈ വിഷയം മുഴച്ചുനിൽക്കുന്നതു കാണാം. നാളെത്തേക്കു വല്ലതും കരുതിവയ്ക്കണമെങ്കിൽ ഏതു വ്യക്തിയായാലും മിതവ്യയം ശീലിച്ചേ പററൂ.

വിദ്യാഭ്യാസം സഹകരണ തത്ത്വങ്ങളിൽ കാതലായ ഒരംശമാകുന്നു. വിദ്യാഭ്യാസമില്ലാത്ത ഒരാളിനു കാര്യങ്ങൾ വായിച്ചുമനസ്സിലാക്കാൻ ബുദ്ധിമുട്ടു നേരിടുമല്ലോ. ആ ബുദ്ധിമുട്ടുമാററാൻ മററൊരാളിന്റെ സഹായം അത്യാവശ്യമാണ്. ഇമ്മാതിരിയുണ്ടാകുന്ന പ്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാസങ്ങൾ മാററാൻ വിദ്യാഭ്യാസംകൂടിയേതീരൂ. അതു കൊണ്ടാണുവിദ്യകൊണ്ടു പുരോഗതിനേടുവാൻ ഗുരു ഉപദേശിച്ചത്.

"Each for all and all for each". എന്ന സഹകരണതത്ത്വം ഏററവും പ്രധാനമാണ്. ഓരോ വ്യക്തിയും എല്ലാവർക്കു വേണ്ടിയും എല്ലാവരുംഓരോരുത്തർക്കുവേണ്ടിയുമാണെന്നബോധം മനുഷ്യൻെറ മനസ്സിൽ ഉണ്ടാകണം. യാഥാർത്ഥത്തിൽ ഗുരുദേവൻ അരുൾചെയ്തത് എന്താണെന്ന് നോക്കാം.

"അവനവനാന്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ്‌വരേണം"

ഇതുതന്നെയാണ് ഓരോരുത്തരും എല്ലാവർക്കുംവേണ്ടി എന്ന മുദ്രാവാക്യം ഉൾക്കൊള്ളുന്നത്. ഓരോരുത്തരും സ്വന്തം പ്രവൃത്തികൊണ്ടു ആത്മസുഖംനേടാൻ ശ്രമിക്കുന്നു. അത് അന്യൻെറ സുഖത്തിനായി കൂടി ഭവിക്കണം. നന്മതിന്മകളെ വേർതിരിച്ചു അറിയണം. നന്മ ചെയ്യാനുള്ള മാനസിക പരിവർത്തനം ഉണ്ടാകണം. അങ്ങനെ ഒരുവൻ ചെയ്യുന്ന പ്രവൃത്തി അന്യനുകൂടെ ഉപകാരപ്രദമാക്കണം; ഉപദ്രവമാക്കരുത്.

എല്ലാപേരും ഓരോരുത്തർക്കുവേണ്ടിയും ഓരോരുത്തരും എല്ലാവർക്കുവേണ്ടിയും എന്നസഹകരണതത്ത്വം എത്രമാത്രം ശരിയാണെന്നു മനുഷ്യൻ തെളിയിച്ചു കഴിഞ്ഞു.

"അയലു തഴപ്പതിനായതിപ്രയത്നം
നയമറിയും നരനാചരിച്ചിടേണം" എന്നാണു ഗുരു പാടിയത്. ഓരോ വ്യക്തിയും അയൽവാസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യെ സഹായിയ്ക്കാനേ ശ്രമിക്കാവൂ: കുഴയ്ക്കാൻ ശ്രമിക്കരുത്.

സാമ്പത്തികമായി മനുഷ്യൻ ഉയരണം. അതിനു ഗുരു നല്കിയ ഉപദേശമിങ്ങനെയാണ്. വ്യക്തി ആദ്യം നന്നാകണം. ശാരീരികമായി മാത്രമല്ല; മാനസികമായും. രണ്ടാമതു അവൻെറ കുടുംബം ഉയരണം. മൂന്നാമതു നാട് ഉയരണം. നാലാമതു രാജ്യം നന്നാക്കണം. ചങ്ങലപോലെ കൊരുത്തുകിടക്കുന്ന ജീവിതത്തിൻെറ എല്ലാ വശങ്ങളുമായും ബന്ധിക്കണം. ആ ബന്ധം പാവനമായിരിക്കണം. സാമ്പത്തികമായി ഉയരുന്നതിനു മററാരേയും ചൂഷണംചെയ്യാൻ പാടില്ലെന്നാണല്ലോ സഹകരണമതം പ്രഖ്യാപിച്ചിരിക്കുന്നത്. ഗുരുദേവൻെറ "അനുകമ്പാ ദശകം" എന്ന കവിതയിൽ പാടിയിരിക്കുന്നതുകൂടി ശ്രദ്ധിക്കാം.

"ഒരു പീഡയെറുമ്പിനും വരുത്തരുത്" ഒരു ഉറുമ്പിനെപ്പോലും നോവിക്കാൻ പാടില്ല. ആർക്കും വേദനജനിപ്പിക്കാത്ത പ്രവൃത്തിയായിരിക്കണം ചെയ്യേണ്ടത്. ആരെയും ചൂഷണംചെയ്യാൻ പാടില്ലാ എന്നാണു ഗുരുദേവൻ അരുളം ചെയ്തത്. അതുതന്നെയാണു സഹകരണ മതത്തിൻെറ ലക്ഷ്യവും.

രക്തവും മജ്ജയും മാംസവും ഉള്ള മനുഷ്യന് ആഹാരം മാത്രമല്ല മാനസികമായ സ്വാസ്ഥ്യതയും ആവശ്യമാണല്ലോ. മനസ്വസ്തയുണ്ടാകണമെങ്കിൽ മററുള്ളവൻെറ മുതൽ അപഹരിക്കാതെ സ്വയം പണിയെടുത്തു സ്വസ്ഥമായി ജീവിക്കണം. അതിനു സ്നേഹം, കരുണ, സമത്വബോധം മുതലായ ഗുണ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങൾ ഒരു വ്യക്തിയിൽ കൈമുതലായി ഉണ്ടായിരിക്കണം.

"ജാതിഭേദം മതദ്വേഷ-
മേതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാ സ്ഥാനമാണിത്"

എന്നൊരു ശ്ലോകം-ശ്രീനാരായണഗുരുദേവൻ അരുവിപ്പുറത്തു എഴുതിവച്ചു, കൊല്ലങ്ങൾക്കു മുമ്പ്. അതല്ലേ ഒരു യഥാർത്ഥ സഹകാരിയുടെ മനോമുകുരത്തിൽ തറച്ചു നില്ക്കേണ്ടത് ?

മനുഷ്യനെ സാമൂഹികമായും സാമ്പത്തികമായും ഉയർത്താനുള്ള പ്രസ്ഥാനമാണല്ലോ സഹകരണം. ശ്രീനാരായണ ധർമ്മത്തിൻെറയും സഹകരണമതത്തിൻെറയും പൊരുൾ ഒന്നുതന്നെ. ജനങ്ങൾക്കു ക്ഷേമമുണ്ടാകണം. ലോകത്തു ശാന്തിയും സമാധാനവും നിലനില്ക്കണം. അതുകൊണ്ടാണു ഗുരുദേവൻ ഉപദേശിച്ചത് "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്ന്. അങ്ങനെ മനുഷ്യൻ നന്നായെങ്കിൽ മാത്രമേ യഥാർത്ഥ സഹകാരികൾ ഉണ്ടാകു. സഹകരണപ്രസ്ഥാനത്തിൻെറ വിജയം സഹകാരികളുടെ മനസ്സിൽ നിന്നുവേണം തുടങ്ങാൻ. മാനുഷിക മൂല്യങ്ങളിൽ അധിഷ്ഠിതമാണു സഹകരണപ്രസ്ഥാനം. അപ്പോൾ മാനുഷിക മൂല്യങ്ങൾക്കു വേണ്ടി നിലകൊള്ളുന്ന ശ്രീനാരായണ തത്വങ്ങൾ, സഹകരണപ്രസ്ഥാനത്തിൻെറ വിജയത്തിലേക്കുള്ള രാജപാതയാണ്.

▼

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 59

ശ്രീനാരായണമിഷനും സദനങ്ങളും

നിമിത്തം എന്ന വാക്കിന്റെ അർത്ഥവും വ്യാപ്തിയും എത്രയോ വലുതാണ്, അവിചാരിതമായും അപ്രതീക്ഷിതമായും ചില കാര്യങ്ങൾ ഉണ്ടാകുന്നു. അതു ചിലപ്പോൾ ഗുണവും ദോഷവും സൃഷ്ടിച്ചു എന്നുവരാം.

ശ്രീനാരായണ ഗുരുദേവൻ എന്ന ഗ്രന്ഥത്തിലേക്കുള്ള ലേഖനങ്ങൾ എഴുതി പൂർത്തിയാക്കിക്കൊണ്ടിരുന്നപ്പോഴാണ് ആ മനുഷ്യനെ വീണ്ടും കാണാനിടയായത്. അതു മററാരുമല്ല. ശ്രീനാരായണഗുരുദേവന്റെ അന്തേവാസിയായിരുന്ന അർജ്ജുനൻ ബാംബെയിൽ നിന്നും വരുകയായിരുന്നു.

അർജ്ജുനൻ എന്നെ കൂട്ടിക്കൊണ്ടു വർക്കല മൈതാനത്തുകൂടേ നടന്നു. മൈതാനത്തിന്റെ പല ഭാഗത്തേയ്ക്കും അദ്ദേഹത്തിന്റെ ദൃഷ്ടി പാഞ്ഞു. സന്തോഷം കൊണ്ടു മുഖം വിടർന്നു. അല്പനേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം മൈതാനത്തിന്റെ ഒരു ഭാഗത്തേയ്ക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു ഇങ്ങനെ പറഞ്ഞു. 'അതാ ആ കാണുന്ന ഭാഗത്തുകൂടി ശ്രീനാരായണഗുരുദേവനെ റിക്ഷയിൽ ഇരുത്തിവലിച്ചു കൊണ്ടു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പല പ്രാവശ്യം ഞാൻ കടന്നുപോയിട്ടുണ്ട്. ഒരിക്കൽ റിക്ഷയും വലിച്ചു കൊണ്ടു ഈ ഭാഗത്തുവന്നപ്പോൾ നിർത്താൻ ഗുരു എന്നോട് ആജ്ഞാപിച്ചു. ഞാൻ റിക്ഷാനിർത്തി. ഗുരുദേവൻ റിക്ഷയിൽ നിന്നും പുറത്തേയ്ക്കിറങ്ങി. എന്താണു വിശേഷമെന്നു എനിക്കു മനസ്സിലായില്ല.

ഒരു സന്ന്യാസി ഭാണ്ഡക്കെട്ടുമായിഓടിക്കിതച്ചു വന്നു. കാവിവസ്ത്രം ധരിച്ച സന്ന്യാസി. സംസ്കൃതഭാഷമാത്രമേ അറിയൂ. വന്നപാടെ ഗുരുദേവനെ നമസ്കരിച്ചു. ഗുരുദേവൻ ആ സന്ന്യാസിയെ പിടിച്ചെഴുന്നേല്പിച്ചു. അതിനുശേഷം ശിവഗിരിയിലേക്കുള്ള വഴി കാണിച്ചുകൊടുത്തു. സന്ന്യാസി വീണ്ടും നമസ്ക്കരിച്ചിട്ട്ശിവഗിരിയിലേക്കുപോയി. ഈ കഥ പറുയുമ്പോൾ അർജ്ജുനൻെറ നയനങ്ങൾ നിറഞ്ഞു. അൽപനേരത്തെമൗനത്തിനുശേഷം അദ്ദേഹംതുടർന്നു

"രഘുനാഥപുരമെന്നും ശ്രീനിവാസപുരമെന്നും അറിയപ്പെടുന്ന രണ്ടുസ്ഥലങ്ങളിവിടുണ്ട്. രഘുനാഥറാവുവിൻെറയും ശ്രീനിവാസറാവുവിൻെറയും സ്ഥലങ്ങളായിരുന്നതുകൊണ്ടാണു ഈ സ്ഥലങ്ങൾക്കു ആ പേരുണ്ടായത്. ശ്രീനിവാസപുരത്തു ഒരു കണ്വാശ്രമമുണ്ട്. ഗുരുകുലത്തിൽനിന്നും നടയറയ്ക്കുപോകുന്ന റോഡിൻെറ ഇടതുഭാഗത്താണു കണ്വാശ്രമം. അവിടത്തെ ഏററവും ഉയർന്ന കുന്നിൻെറ മുകൾ ഭാഗത്തു നിരപ്പായ ഒരു സ്ഥലമുണ്ട്. ആ സ്ഥലത്തു ഒരു കുളമുണ്ട്. ശുദ്ധജലം നിറഞ്ഞതാണാകുളം. കുളത്തിൻെറ അടിത്തട്ടുകണ്ടാൽ പാറകൾകൊണ്ടുകെട്ടിയതാണോ എന്നു തോന്നിപ്പോകും. ചതുരാകൃതിയിലുള്ള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാറകരംകൊണ്ടു നിറഞ്ഞതാണു കുളം. കുളത്തിനു ചുററും പാറയാണ്. കുളത്തിൻെറ കരയ്ക്കു പാറപ്പുറത്തു ഒരാളിൻെറ രണ്ടു മുട്ടുകളുടെ അടയാളംപതിഞ്ഞു കിടപ്പുണ്ട്. കണ്വമഹർഷി മുട്ടുകുത്തിനിന്നു തപസ്സുചെയ്തപ്പോരം ഉണ്ടായ അടയാളമാണെന്നു ജനം വിശ്വസിച്ചുപോരുന്നു

ഈ കുന്നിൻെറപടിഞ്ഞാറുഭാഗത്തുള്ള നയനമനോഹരമായ കരയാണു 'കണ്ണംബ'. ആശ്രമത്തിൽപാർത്തിരുന്ന മഹർഷിക്കു പാൽ കൊണ്ടുകൊടുത്തിരുന്നതു ആ പ്രദേശത്തുകാരായിരുന്നു. കണ്വൻെറ അനുഗ്രഹാശിസ്സുകരം ചൊരിഞ്ഞ സ്ഥലമായിരുന്നതുകൊണ്ടാണു 'കണ്ണംബ' എന്നു പേരുണ്ടായതെന്നു അവിടത്തുകാർ അവകാശപ്പെടുന്നു. "ഇവിടെ ഗുരുവേൻ വിശ്രമിച്ചിട്ടുണ്ട്".

ഈ കഥ അർജ്ജുനൻ പറഞ്ഞുതീർന്നപ്പോരംഞാൻ എം. പി. പരമേശ്വരൻ പോററിയെക്കുറിച്ചോർത്തു. ശിവഗിരി ഹൈസ്കൂളിൽനിന്നും റിട്ടയർചെയ്തു കഴിയുന്ന പോററി ഒരിക്കൽ ഈകഥ ഗ്രന്ഥകർത്താവിനോടു പറഞ്ഞിരുന്നു. അർജ്ജുനൻ അവതരിപ്പിച്ചപ്പോഴാണു പോററി പറഞ്ഞിരുന്നതു എൻെറ സ്മൃതിപഥത്തിലെത്തിയത്.

ഗ്രന്ഥകർത്താവും അർജ്ജുനനും സംസാരിച്ചുകൊണ്ടുചെന്നുകയറിയത് വർക്കലയിലെ ഒരു ആയുർവ്വേദ നേഴ്സിംഗ്ഹോമിലായിരുന്നു. നീണ്ടുമെലിഞ്ഞ ഒരു മനുഷ്യൻ പകുതി യൂറോപ്യൻവേഷത്തിൽ ഇരുന്നിരുന്നു. അർജ്ജുനൻ എന്നെ ആ മനുഷ്യനു പരിചയപ്പെടുത്തി. ഏ. ജി. ധരൻ. ആയുർവ്വേദ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചികിത്സയ്ക്കുവേണ്ടി സിങ്കപ്പൂരിൽനിന്നും പത്നീ സമേതം വന്നിരിക്കുകയാണ്. സിങ്കപ്പൂരിലെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക കാര്യങ്ങളെക്കുറിച്ചു ധരൻ വാചാലമായിസംസാരിച്ചു. രാഷ്ട്രപതി ദേവൻ നായർഒരു നല്ല വ്യക്തിയാണെന്നും അദ്ദേഹവുമായി ധരനുഅടുത്തുപരിചയമുണ്ടെന്നും പറയുകയുണ്ടായി. ഇതിനിടയിൽ ഗ്രന്ഥകർത്താവിന്റെ ചോദ്യങ്ങൾക്കു ശ്രീ. ധരൻ തന്ന മറുപടി ഇവിടെ ചേർക്കുന്നു.

ഞാൻ:- ഗുരുദേവനെ കാണാൻ ഭാഗ്യം സിദ്ധിച്ചോ?

ധരൻ:- സിദ്ധിച്ചു. (അതു പറഞ്ഞപ്പോൾ ധരന്റെ കണ്ണുകളിൽ ജലം നിറഞ്ഞു. മുഖംപൊത്തിക്കരയുന്നുണ്ടായിരുന്നു.

ഞാൻ:- എപ്പോഴാണ്

ധരൻ:- എന്റെ പത്തൊൻപതാമത്തെ വയസ്സിൽ

ഞാൻ:- എവിടെവച്ചാണ് ഗുരുദേവനെ കണ്ടത്

ധരൻ:- ശിവഗിരിയിൽവച്ച്

ഞാൻ:- ഗുരുദേവനെ കണ്ട രംഗം വിശദീകരിക്കാമോ ?

ധരൻ:- എനിക്കു ഇപ്പോൾ എൺപതു വയസ്സുണ്ട് ? ഗുരുദേവനെ കണ്ടരംഗംഞാൻഇന്നും ഓർക്കുന്നു ഞാൻ സിങ്കപ്പൂരിൽ പോകാൻ തയ്യാറെടുത്തു. ഗുരുദേവനെക്കണ്ടു അനുഗ്രഹം വാങ്ങിയിട്ടേ പോകാവൂയെന്നു എന്റെപിതാവു കല്പിച്ചു. അച്ഛന്റെ അഭിപ്രായമനുസരിച്ചു ഞാൻ ശിവഗിരിയിലേയ്ക്കുപോയി. കാലത്തു ശിവഗിരിയിൽചെന്നിട്ട് നാലുമണിക്കു ശേഷമേ ഗുരുദേവനെ കാണാൻകഴിഞ്ഞുള്ളൂ. ഒരുവൃക്ഷത്തണലിൽ പുലിത്തോലിനുമീതേഇരിക്കുകയായിരുന്നു ഗുരുദേവൻ. ഞാൻ തൊഴുകൈയ്യുമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യി അടുത്തുനിന്നു. ഇരിക്കുവാൻ എന്നോടു ആജ്ഞാപിച്ചു.

ഗുരു:- എന്താണു ഉദ്ദേശ്യം ?

ധരൻ:- സിങ്കപ്പൂരിൽ പോകണമെന്നു ആഗ്രഹമുണ്ട്

ഗുരു:- അവിടാരുണ്ട്

ധരൻ:- ആരുമില്ല ഗുരുദേവാ ശ്രീ. സി. ഒ. ദാമോദരൻ അദ്ദേഹത്തിൻെറ സഹോദരനായ ഡാക്ടർ സി. ഒ. കരുണാകരനു ഒരു കത്തു തന്നിട്ടുണ്ട്. സി. ഒ. കരുണാകരൻ ജോഹൂറിലാണ്.

ഗുരു:- വിദ്യാഭ്യാസത്തിനു പ്രാധാന്യം നല്കണം. അവിടെ പാശ്ചാത്യരുടെ ജീവിതരീതിയാണ്. മദ്യം കഴിക്കുന്നതും ഒഴിവാക്കാൻ ശ്രമിക്കണം". ഇതായിരുന്നു ഗുരുദേവൻ എനിക്കു തന്ന ഉപദേശം.

ഗ്രന്ഥകർത്താവ്:- എന്താണു ഗുരുദേവനിൽ കണ്ട പ്രത്യേകത ?

ധരൻ:- ഞാൻ അനേകം ആദ്ധ്യാത്മീക ഗുരുക്കന്മാരുടെ ജീവിതചരിത്രംവായിച്ചുപഠിച്ചു.സാധാരണക്കാരൻെറ ജീവിതം ഉയർത്താൻ ഇങ്ങനെ ഒരു ആധ്യാത്മികനേതാവ് ഇറങ്ങിതാഴോട്ടു വന്നിട്ടുണ്ടോ എന്ന് സംശയമാണ്. ഗ്രന്ഥകർത്താവ് ഒരു പക്ഷേ ! അറിഞ്ഞിരിക്കുവാനിടയില്ലാത്ത ഒരു കാര്യം പറഞ്ഞുതരാം.

കടയ്ക്കാവൂർ ചെറുമണ്ണവീട്ടിൽ നാണുപിള്ള B. A. പാസ്സായി. അദ്ദേഹത്തിനു ആററിങ്ങൽടൗണിൽവച്ചുഒരുപൗരസ്വീകരണംനല്കി. ചിറയിൻകീഴ് താലൂക്കിൽ ആദ്യമായി B. A. പാസ്സായ ആളാണു പി. വി. നാണുപിള്ള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതുകൊണ്ടാണു നാണുപിള്ളയ്ക്ക് പൗരസ്വീകരണം നല്കിയത്. അന്നു ഗുരുദേവൻ വക്കം വേലായുധൻ നടയിൽ വിശ്രമിക്കുകയായിരുന്നു. ഒരു കുന്നിന്റെ താഴ്വരയിലാണു വേലായുധൻ നട സ്ഥിതിചെയ്യുന്നത്. ശാന്തശീതളമായ അന്തരീക്ഷമാണു അവിടുള്ളത്. ആ അന്തരീക്ഷത്തിൽ കഴിയാൻ ഗുരുദേവൻ ഇഷ്ടപ്പെട്ടിരുന്നു. ധാരാളം ദിവസം ഗുരുദേവൻ വേലായുധൻനടയിൽതാമസിച്ചിട്ടുണ്ട്. അവിടെ വിശ്രമിക്കുമ്പോഴാണു ആവാർത്ത അറിഞ്ഞത്. ഗുരുദേവൻ ഉടനെ പുറപ്പെട്ടു. ചെറുമണി വീട്ടിൽചെന്നു. പി. വി. നാണുപിള്ള B.A.യെ ആശീർവദിച്ചു. ഒരു സ്വാതന്ത്ര്യസമരസേനാനിയായ ശ്രീ. സി. ഡി. നായരുടെ മാതുലനായിരുന്നു പി. വി. നാണുപിള്ള B. A. ഇതിൽ നിന്ന് ഗുരുദേവൻ വിദ്യാഭ്യാസത്തിനു എന്തുമാത്രം പ്രാധാന്യം നല്കിയിരുന്നുവെന്നു ഊഹിക്കാമല്ലോ.

ഞാൻ:- സിങ്കപ്പൂരിലെ ശ്രീനാരായണ മിഷന്റെപ്രവർത്തനത്തിനു താങ്കൾ എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ?

ധരൻ!- ഉണ്ട്. ശ്രീനാരായണ മിഷൻ സ്ഥാപിച്ചിരിക്കുന്നത് സിങ്കപ്പൂരിൽ സെമ്പാംഗ്റോഡ് എന്ന സ്ഥലത്താണ്. വർക്കല സ്വദേശിയായ ശ്രീ, ഭാനുവൈദ്യർ ഒരു ചെററപ്പുരയിൽ ആദ്യമായി ഗുരുദേവമിഷൻ ആരംഭിച്ചു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമാണു യഥാർത്ഥത്തിൽ ശ്രീനാരായണ മിഷന്റെ വളർച്ചയ്ക്ക് തുടക്കം കുറിച്ചത്. കടയ്ക്കാവൂർ ഭാനു,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുഞ്ഞുരാമൻ ടെയിലർ, ആർ. വിശ്വനാഥൻ, മണമ്പൂർ പുരുഷോത്തമൻ, പേരേററിൽ സ്വദേശി പ്രഭാകരൻ, പീതാംബരൻ തുടങ്ങിയവരാണു ഭാനുവൈദ്യരോടൊത്തു മിഷൻെറ രണ്ടാം ഘട്ട പ്രവർത്തനം നടത്തിയത്. ഇൻഡ്യൻ ഇൻഫർമേഷൻ ആഫീസറായിരുന്ന ഡാക്ടർ കലേക്കറാണു മിഷൻെറ ഉദ്ഘാടനചടങ്ങ് നിർവ്വഹിച്ചത്, മൂന്നാംഘട്ടത്തിൽ ചാക്ക സ്വദേശിയായ എൻ. നടരാജൻ, നെടുങ്ങണ്ട ബാലകൃഷ്ണൻ B. A. ചാവർകോടു സി. പി. രാമകൃഷ്ണൻ എം. കെ. ഭാസി, കൺട്രാക്ടർ സേനൻതുടങ്ങി മററനേകംപേരുടെ ആത്മാർത്ഥമായ പരിശ്രമം ശ്രീനാരായണമിഷൻെറ പുരോഗതിയ്ക്കിടയാക്കി. എൻെറ പങ്കു ഞാനും വഹിച്ചിട്ടുണ്ട്. സി.പി. രാമകൃഷ്ണൻ മിഷൻെറ പ്രസിഡൻറായിരുന്ന കാലത്താണു 'Flag day' ആരംഭിച്ചത്. ഇന്നു ശ്രീനാരായണമിഷനു ആസ്തിയേയുള്ളു.

ഞാൻ:- ശ്രീനാരായണമിഷൻെറ പ്രധാന ഉദ്ദേശ്യം എന്താണ്.

ധരൻ:- ശ്രീനാരായണ തത്ത്വ ചിന്ത പ്രചരിപ്പിക്കുക, ജാതി മത ഭേദമന്യേ അവിടെ ആരാധനയ്ക്കു ആളുകൾ എത്തിച്ചേരുന്നു. ലോക സംസ്ക്കാരത്തിൻെറ ഒരു ഉജ്ജ്വല പ്രതീകമായി ശ്രീനാരായണമിഷൻ സ്ഥിതിചെയ്യുന്നു.

"ഗുരുദേവൻെറ നാമധേയം ഇംഗ്ളണ്ടിലും" എന്ന ലേഖനത്തിൽ ശ്രീനാരായണഗുരു മിഷൻ എന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംഘടന ഇംഗ്ളണ്ടിൽ രൂപം കൊണ്ടതിനെക്കുറിച്ചു ശ്രീ. വി. കെ. നാരായണൻ രേഖപ്പെടുത്തിയിരിക്കുന്ന തു താഴെക്കുറിക്കും വിധമാണ്,

"1976 ലെ മലയാളി അസോസിയേഷൻെറ ഓണാഘോഷച്ചടങ്ങിൽ പ്രസംഗിച്ച ശ്രീ. എൻ. സദാശിവൻ ഇന്നു ശ്രീനാരായണഗുരുദേവൻെറ ജന്മദിനമായ ചതയദിനമാണെന്ന് സദസ്സിനെ ഓർമ്മിപ്പിച്ചു. തുറന്നുപറഞ്ഞാൽ അന്നത്തെ ആ പ്രസ്താവന ആരും ചെവിക്കൊള്ളുകയുണ്ടായില്ല; അടുത്തവർഷത്തെഓണാഘോഷവും ചതയദിനത്തിൽത്തന്നെയായിരുണ്ണു. അന്നു ലണ്ടനിൽ പ്രാദേശികാടിസ്ഥാനത്തിൽമൂന്നു സ്ഥലങ്ങളിൽ ആഘോഷങ്ങൾ നടക്കുകയുണ്ടായി. അന്നത്തെ പരിപാടിയിൽ എനിക്കു പങ്കെടുക്കുവാൻ ഭാഗ്യമുണ്ടായത് ക്രൊയിഡോണിയിലായിരുന്നു. ആ സ്ഥലത്തുവച്ചാണ് ശ്രീനാരായണഗുരുദേവൻെറ ജന്മദിനം ഈ നാട്ടിൽ ആഘോഷിക്കുവാൻ സാധിക്കുമോയെന്നു പരിശ്രമിക്കുവാൻ എനിക്കാഗ്രഹമുണ്ടായത്. ആ ചിന്ത എന്നെ വല്ലാതെ ഉലച്ചു. ഇതിനുവേണ്ടിയുള്ള പ്രാരംഭപ്രവർത്തനങ്ങൾ അവിടെ വച്ചുതന്നെ ആരംഭിച്ചു എന്നു പറയുന്നതായിരിക്കും ശരി. എൻെറമുന്നിൽ കണ്ട പല വ്യക്തികളോടും ഞാനീകാര്യം തുറന്നു പറഞ്ഞു. അവരിൽനിന്നുംകിട്ടിയ പ്രോത്സാഹനമാണ് എന്നെ മുന്നോട്ടു നയിച്ചത്. എൻെറ ചില സ്നേഹിതന്മാരെക്കൂടി രംഗത്തേയ്ക്കു കൊണ്ടുവന്നു. അവരിൽ പ്രധാനി എൻ. പരമേശ്വരൻപിള്ളയായിരുന്നു. അങ്ങനെ ലണ്ടൻ മലയാളികളുടെ ചരിത്രത്തിലാദ്യമായി, 1979 ഒക്ടോബർ 15-നു ഈസ്ററുഹാംടൗണിൽ വച്ച്. ആറുമണിയ്ക്കൂറോളം നീണ്ടുനിന്ന പരിപാടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കളോടുകൂടി ഗുരുവിന്റെ ജന്മദിനം ആഘോഷിക്കുകയുണ്ടായി. മിഷന്റെ ആദ്യത്തെ ഈ പ്രവർത്തനവിജയം ആർക്കും അഭിമാനിക്കത്തക്കതായിരുന്നു. ഇന്നീ സംഘടനകൾ നാൾക്കുനാൾ പുരോഗമിച്ചുവരുന്നതിൽ ഇതിന്റെ പ്രവർത്തകരോടും അനുയായികളോടുമൊപ്പം ഞാനും സന്തോഷിക്കട്ടെ. ശ്രീമാന്മാർ വിദ്യാധരൻ, മധുസൂദനൻ‘ വാസുദേവൻ, ഭാസ്കരൻ, റ്റി. വി. ശ്രീധരൻ എന്നീമിഷൻപ്രവർത്തകരെ വരുംകാല പ്രവർത്തകർ മറക്കാതിരിക്കട്ടെ''.

ഇൻഡ്യയ്ക്കു പുറത്തുള്ള മിഷനുകളിൽ ചിലതിനെക്കുറിച്ചു നാം അറിഞ്ഞു. എന്നാൽ ഗുരുദേവൻ ജീവിച്ചിരുന്ന കാലത്തുണ്ടായ 'സദന'മെന്ന അഭയകേന്ദ്രത്തെക്കുറിച്ചുകൂടി അറിയണമല്ലോ.

അക്കാലത്തു വലിയ നഗരങ്ങളിൽ വിദ്യാഭ്യാസത്തിനായും ഉദ്യോഗത്തിനായും പോയിരുന്ന സ്ത്രീകൾക്കു സൗകര്യമായി താമസിക്കുവാൻ ഒരു ഇടമില്ലായിരുന്നു. വിശേഷിച്ചും തിരുവനന്തപുരം പട്ടണത്തിൽ. ഈ പശ്ചാത്തലം മനസ്സിലാക്കിയ ഗുരുദേവൻ ഒരുപവൻ ശ്രീമതി റ്റി. വി. നാരായണിഅമ്മയ്ക്കുകൊടുത്തുകൊണ്ടു, 'സദനം' എന്ന അഭയകേന്ദ്രം തുടങ്ങാൻ കല്പിച്ചു. ഗുരുദേവനിൽനിന്നും ലഭിച്ച ഒരു പവൻ കൈമുതലായി സൂക്ഷിച്ചുകൊണ്ടു നാരായണിഅമ്മ സദനത്തിന്റെപ്രവർത്തനമാരംഭിച്ചു. ഇന്നു അനേകം സ്ഥാപനങ്ങൾ അതിന്റെ കീഴിലുണ്ട്.

അതുപോലെതന്നെ ശിവഗിരിക്കു സമീപം സ്ഥിതിചെയ്യുന്ന ശാരദാഗിരിയും-അവശരും ആലംബഹീനരുമായ സ്ത്രീകൾക്കു ഒരുഅത്താണിയാണ്. 6 ഏക്കർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

18 സെൻറു വരുന്ന ശാരദാഗിരി പൊന്നും വിലകൊടു ത്താണു വാങ്ങിയതെന്നു സെക്രട്ടറി ഗൗരിക്കുട്ടിഅമ്മ ഗ്രന്ഥകാരനോടു പറഞ്ഞു. ശാരദാഗിരിയുടെ സ്ഥാപക ഗൗരിക്കുട്ടിഅമ്മയാണ്. നെഴ്സറിയിൽ പഠിക്കുന്ന പിഞ്ചുകുഞ്ഞുങ്ങൾതൊട്ടു വൃദ്ധകളായ സ്ത്രീകൾക്കുവരെശാരദാഗിരി അഭയകേന്ദ്രമാണ്. ശ്രീനാരായണഗുരുദേവൻെറ സന്ദേശങ്ങൾ പ്രചരിപ്പിക്കുകഎന്നതാണ് ശാരദാഗിരിപ്രവർത്തകരുടെ മുഖ്യമായലക്ഷ്യം.

അതുപോലെതന്നെ ശാരദാഗിരിയ്ക്കു സമീപം സന്ന്യാസി ദേവകിയമ്മയാൽ രൂപീകൃതമായ ധർമ്മസോദരിമഠവും സ്ഥിതിചെയ്യുന്നു. അവിടെയും അശരണരായ കുഞ്ഞുങ്ങളെ താമസിപ്പിച്ചു പഠിപ്പിക്കുന്നു. ശ്രീനാരായണഗുരുദേവൻെറ സിദ്ധാന്തങ്ങൾ പഠിയ്ക്കാനും പഠിപ്പിക്കാനും അഭ്യസ്തവിദ്യർ നല്കുന്ന പങ്കിനെ മുക്തകണ്ഠം പ്രശംസിക്കാതിരിക്കാൻ തരമില്ല.

ശ്രീ. എ. ജി. ധരനുമായുണ്ടായ സംഭാഷണമാണ് മിഷനുകളുടെ ചരിത്രം അല്പമായെങ്കിലും കുറിക്കുന്നതിനുള്ള അവസരം സൃഷ്ടിച്ചത്.

★

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 60

ബന്ധങ്ങൾ ആദ്ധ്യാത്മിക ബന്ധങ്ങൾ

ക്ഷുധിരാമന്റെ ഭാര്യയായ ചന്ദ്രമണീദേവി 1836 ഫെബ്രുവരി 17-ാം തീയതി രാവിലെ ഒരാൺകുട്ടിയെ പ്രസവിച്ചു. അതാണ് ശ്രീരാമകൃഷ്ണൻ. യേശുക്രിസ്തു ജനിച്ചത് ഒരു കാലിത്തൊഴിത്തിലായിരുന്നെങ്കിൽ ശ്രീരാമകൃഷ്ണൻ ജനിച്ചത് വളരെ ഇടുങ്ങിയ-നെല്ലുകുത്തു പുരയിലായിരുന്നു. കഷ്ടതയനുഭവിയ്ക്കുന്ന ജനതയ്ക്ക് ആശ്വാസമരുളുവാൻ അവതരിച്ച ആ മഹാന്റെ ആഗമനത്തെ സ്വാഗതം ചെയ്തത് പുഷ്പങ്ങളുടെ പരിമളവും പക്ഷികളുടെ സംഗീതവുമാണ്.

സത്യത്തെ അന്വേഷിക്കുകയാണ് മനുഷ്യജന്മത്തിന്റെ പ്രധാന ഉദ്ദേശ്യമെന്ന് അദ്ദേഹം അരുളം ചെയ്തു. സനാതനമായ ധർമ്മത്തെ വീണ്ടും പ്രതിഷ്ഠിക്കുവാൻ അദ്ദേഹം യത്നിച്ചു. പൂർവികരായ ആചാര്യന്മാരുടെ വീക്ഷണഗതിക്കു അതിന്റേതായ പ്രാധാന്യം ഉണ്ടെന്നു കണ്ടെത്തുവാനും അത് സ്വജനങ്ങളെ പഠിപ്പിക്കാനും അദ്ദേഹത്തിനു പ്രയാസമുണ്ടായില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസൂയകൊണ്ടും ദുരാഗ്രഹംകൊണ്ടും പലരും ആക്ഷേപസ്വരങ്ങൾ പുറപ്പെടുവിച്ചു. ഒടുവിൽ കയ്യേററം ചെയ്തു. എന്നിട്ടും സ്വസ്ഥനായി കഴിയാനുള്ള കെല്പ് ആ മഹാത്മാവിനുണ്ടായിരുന്നു.

ആ മനുഷ്യസ്നേഹി നരേന്ദ്രനെ കണ്ട കഥപറയാം ''സുരേന്ദ്രനാമമിത്രൻെറ വീട്ടിൽവച്ച്-അന്ന് എഫ്. എ. പരീക്ഷയ്ക്കു പഠിച്ചുകൊണ്ടിരുന്ന നരേന്ദ്രൻ ആദ്യമായി ശ്രീരാമകൃഷ്ണനെ ദർശിച്ചു. ആ വിദ്യാർത്ഥിയെക്കുറിച്ചു കാര്യങ്ങൾ മനസ്സിലാക്കിയ ശേഷം ദക്ഷിണേശ്വരത്തേയ്ക്കു ശ്രീരാമകൃഷ്ണൻ ക്ഷണിച്ചു. ശ്രീരാമകൃഷ്ണൻ പറയുന്നു.

''പടിഞ്ഞാറെ വാതിലിലൂടെയാണ് നരൻ കടന്നുവന്നത്. തൻെറ ശരീരത്തെക്കുറിച്ചും ലോകത്തെക്കുറിച്ചുപോലും അവൻ തീർത്തും അശ്രദ്ധനായിരുന്നു. ഉള്ളിലുള്ള എന്തോ ഒന്നിൽ കേന്ദ്രീകരിച്ചിരിക്കുന്നതുപോലെ അന്തർമുഖമായ ഒരു മനസ്സിൻെറ ഉടമയാണെന്ന് സൂചിപ്പിക്കുന്നവയായിരുന്നു അവൻെറ കണ്ണുകൾ''.

നരേന്ദ്രൻ പറയുന്നതുകൂടി ശ്രദ്ധിക്കാം.

''ഞാൻ പാടിക്കഴിഞ്ഞ ഉടനെ അദ്ദേഹം എഴുന്നേററ് എന്നെ കൈക്കുപിടിച്ചുകൊണ്ടു വടക്കുഭാഗത്തെ ഇറയത്തേക്കുപോയി. പിന്നിൽനിന്ന് വാതിലും അടച്ചു. ഞങ്ങൾ മാത്രമേ അപ്പോൾ അവിടെ ഉണ്ടായിരുന്നുള്ളു. എനിക്കെന്തോ രഹസ്യമായ ഉപദേശങ്ങൾ തരാൻ അദ്ദേഹം ഭാവിക്കുകയാണെന്നാണു ഞാൻ കരുതിയത്. പക്ഷെ എൻെറ കൈവിടാതെ, ആനന്ദാശ്രു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കരം പൊഴിച്ചുകൊണ്ട് പണ്ടേ പരിചയമുള്ള ഒരാളോടെന്നപോലെ സ്നേഹപുരസ്സരം അദ്ദേഹം പറയാൻ തുടങ്ങി "ഹാ നീ എത്ര വൈകിയിട്ടാണ് വന്നിരിക്കുന്നത്! നിനക്കുവേണ്ടി എത്ര കാലമായി ഞാനിങ്ങനെ കാത്തിരിക്കുന്നു! ലൗകികന്മാരുടെ വൃത്തികെട്ട സംസാരം കേട്ടുകേട്ടു എൻെറ ചെവികൾ വെന്തുപോയിരുന്നു. എൻെറ അനുഭൂതികളെ മനസ്സിലാക്കാൻ കഴിവുള്ള ഒരാളിലേയ്ക്ക് അവ പകർത്താൻ ഞാൻ വെമ്പുകയാണ്''. പിന്നീട് തൊഴുതുകൊണ്ട് "പ്രഭോ ! മനുഷ്യരാശിയുടെ ക്ലേശങ്ങൾക്കൊരറുതി വരുത്താൻ നാരായണൻെറ അവതാരമായി ജനിച്ച പുരാതന ഋഷിനരനാണ് അങ്ങ്. എന്നെനിക്കറിയാം.'' എന്നും മററും അദ്ദേഹം പറയാൻതുടങ്ങി ഞാൻ വല്ലാതായി. ഞാൻ കാണാൻവന്ന ഈ മനുഷ്യൻ ആരാണ്? തീർച്ചയായും അദ്ദേഹത്തിന് മുഴുഭ്രാന്തായിരിക്കണം എന്ത് ! ഞാൻ വിശ്വനാഥദത്തൻെറ മകനല്ലേ ? എന്നിട്ട് ഇങ്ങനെയൊക്കെ പറയുന്നതു വിചിത്രമായിരിക്കുന്നു! ഇങ്ങനെ ഞാൻ ചിന്തിച്ചുപോയി. ഇതിനിടക്ക് അദ്ദേഹം അകത്തുപോയി കുറച്ചു മധുര പലഹാരങ്ങൾ കൊണ്ടുവന്നു. സ്വന്തം കൈകൾകൊണ്ടുതന്നെ എന്നെ കഴിപ്പിക്കാൻ തുടങ്ങി. എൻെറ കയ്യിൽ തന്നാൽമതി. കൂട്ടുകാരുമൊത്തു ഞാൻ കഴിച്ചുകൊള്ളാം എന്നൊക്കെ എത്ര പറഞ്ഞിട്ടും ഫലമുണ്ടായില്ല. 'അവർക്കൊക്കെ പിന്നീട് കൊടുക്കാം എന്നു മാത്രമാണതിനദ്ദേഹം മറുപടി പറഞ്ഞത്. ഞാനെല്ലാം തിന്നുകഴിഞ്ഞപ്പോൾ എൻെറ കൈ പിടിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു "താമസിയാതെ നീ തനിയെ വരാമെന്നു വാഗ്ദാനം ചെയ്യുക'' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹവുമൊരുമിച്ച് ഞാൻ മുറിയിലേയ്ക്ക് പോയി''.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ നരേന്ദ്രനാണ് ലോകപ്രശസ്തനായ സ്വാമി വിവേകാനന്ദനായിത്തീർന്നത്. മനുഷ്യന്റെ തിന്മ മാററി നന്മ പ്രദാനം ചെയ്യുക, അതായിരുന്നല്ലോ അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം. ഊർജ്ജംഅല്ലെങ്കിൽ ശക്തി മനുഷ്യനിൽതന്നെയുണ്ടെന്നും അതിന്റെ പാരമ്യം വലുതാണെന്നും പ്രായോഗികമായി അദ്ദേഹം അമേരിക്കയിൽ വച്ച് തെളിയിച്ചു.

''ഇങ്ങു കേരളത്തിൽ തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായ'' ഒരു ജനതയുണ്ടെന്നും അവർക്കു മോചനം നൽകാനുള്ള ഉപായം അരുളണമെന്നും ഡാക്ടർ പല്പു അപേക്ഷിച്ചപ്പോൾ'' ഒരു ആദ്ധ്യാത്മിക ഗുരുവിനെ കണ്ടെത്തു'' എന്നാണ് സ്വാമി വിവേകാനന്ദൻ അരുൾ ചെയ്തത്.

എന്തുകൊണ്ടാണ് ഒരു ആദ്ധ്യാത്മിക ഗുരുവിനെ കാണാൻ സ്വാമി വിവേകാനന്ദൻ ഉപദേശിച്ചത്? ശ്രീരാകൃഷ്ണപരമഹംസന് ധാരാളം ശിഷ്യന്മാരുണ്ടായിരുന്നു. എന്നിട്ടും ബാലനായ നരേന്ദ്രനെ കണ്ടപ്പോൾ-പറഞ്ഞ കാര്യങ്ങൾ മേൽ പ്രസ്താവിച്ചല്ലോ.

അപ്പോൾ ബന്ധങ്ങൾ-ആദ്ധ്യാത്മിക ബന്ധങ്ങൾ മനസ്സിലാക്കാൻ ഇമ്മാതിരിയുള്ള ദാർശനികന്മാർക്കു സാധിക്കും. അതുകൊണ്ടുതന്നെയായിരിക്കാം ജാതി ധ്വംസനത്തിനായി ശ്രീനാരായണഗുരുദേവൻ കേരളത്തിൽ ജനിച്ചിട്ടുണ്ടെന്നു വിവേകാനന്ദൻ മനസ്സിലാക്കിയത്.

തനിക്കു ലഭിച്ച സന്ദേശം ശിരസാവഹിച്ചുകൊണ്ട് ഡാക്ടർ പല്പു തിരുവിതാംകൂറിലേയ്ക്കുപോന്നു. അരുവിപ്പുറത്തു ആരുമാരുമറിയാതെ ധ്യാനത്തിൽ മുഴു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കിയിരുന്ന ഗുരുവിനെ ഡാക്ടർ പല്പു കണ്ടെത്തി അതു മററാരുമല്ല. സാക്ഷാൽ ശ്രീനാരായണൻ തന്നെ യായിരുന്നു.

ആദ്ധ്യാത്മിക ഗുരുക്കന്മാർക്ക് അവരെപ്പോലെയുള്ളവരെ കണ്ടെത്താൻ എളുപ്പത്തിൽകഴിയും. ഈ സംഭവപരമ്പരകളിൽ നിന്നും ഒരു കാര്യം വ്യക്തമായി ഗ്രഹിക്കുവാൻ സാധിക്കും. ശ്രീരാമകൃഷ്ണപരമഹംസനും, സ്വാമി വിവേകാനന്ദനും, ശ്രീനാരായണ ഗുരുദേവനും ഒരേ കുടുംബത്തിലെ മൂത്തതും ഇളയതുമായ അംഗങ്ങൾ തന്നെ.

ഒരു പക്ഷെ ഒരു ചരിത്രവിദ്യാർത്ഥിയായ എന്റെ ചിന്ത ശ്രീബുദ്ധനിലേക്കു കടന്നുപോയാൽ അത് അബദ്ധജഡിലമാണെന്നു ഞാൻ കരുതുന്നില്ല.

ശ്രീബുദ്ധൻ ജനിച്ചതു നേപ്പാളിലാണെങ്കിൽ ശ്രീനാരായണഗുരുദേവൻ ജനിച്ചതു കേരളത്തിലാണ്. ലുംബിനി എന്ന നഗരമാണ് ശ്രീബുദ്ധനു ജന്മം നൽകിയതെങ്കിൽ-ചെമ്പഴന്തി എന്ന ഗ്രാമമാണ് ശ്രീനാരായണഗുരുവിന് ജന്മം നൽകിയത്. അഹിംസാസിദ്ധാന്തത്തിനുവേണ്ടിയാണ് ശ്രീബുദ്ധൻ പ്രവർത്തിച്ചതെങ്കിൽ ജാതിയെ ഉച്ചാടനം ചെയ്യാനാണ് ശ്രീനാരായണൻ പ്രവർത്തിച്ചത്. സത്യാന്വേഷണമാണ് ശ്രീബുദ്ധന്റെ മുഖ്യ ഉദ്ദേശ്യമായിരുന്നതെങ്കിൽ സത്യത്തെ-സ്നേഹത്തെ പ്രവൃത്തിപഥത്തിലൂടെ ജനതക്കു മനസ്സിലാക്കികൊടുക്കാനാണ് ശ്രീനാരായണഗുരുദേവൻ പരിശ്രമിച്ചത്.

ശ്രീശങ്കരൻ ജനിച്ചത് തിരുവിതാംകൂറിന്റെ വടക്കേയററത്താണെങ്കിൽ ശ്രീനാരായണൻ ജനിച്ചത്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തെക്കേയററത്താണ്. ശ്രീശങ്കരൻെറ മാതാവ് ശിവഭക്തയായിരുന്നു. അതുപോലെതന്നെ ശ്രീനാരായണൻെറ മാതാവും ശിവഭക്തയായിരുന്നു. ശ്രീശങ്കരൻെറ പിതാവിൻെറ പേരു ശിവഗുരു എന്നായിരുന്നെങ്കിൽ ശ്രീനാരായണഗുരുവിൻെറ അച്ഛൻെറ പേരു മാടനാശാൻ എന്നായിരുന്നു. മാടൻ എന്ന വാക്കിനു ശിവൻ എന്നു അർത്ഥമുണ്ട്. ആശാന് ഗുരു എന്നും അർത്ഥമുണ്ട്.

അദ്വൈതമെന്ന ഭാരതീയ തത്ത്വചിന്തയ്ക്കു പ്രകാശം നൽകാനാണ് ശ്രീശങ്കരൻ ശ്രമിച്ചതെങ്കിൽ ആ പ്രകാശധാര സാധാരണക്കാരൻെറ അടുത്തേയ്ക്ക് അനായാസേന എത്തിക്കാനും, അവനെ കർമ്മോന്മുഖനാക്കാനുമാണ് ശ്രീനാരായണഗുരുദേവൻ തുനിഞ്ഞത്.

ശ്രീബുദ്ധനും, ശ്രീശങ്കരനും അനുയായികൾ ഉണ്ടായതു സമൂഹത്തിൻെറമേലേത്തട്ടിലായിരുന്നെങ്കിൽ ശ്രീനാരായണഗുരുദേവനു ധാരാളം അനുയായികൾ സമൂഹത്തിൻെറമേലേത്തട്ടിലും കീഴേത്തട്ടിലും ഉണ്ടായി.

ബന്ധങ്ങൾ-ആദ്ധ്യാമികബന്ധങ്ങൾ-അതുണ്ടാകേണ്ടവർക്ക് ഉണ്ടാകും. ഒരേ കാലത്തു ജീവിച്ചിരുന്ന ശ്രീനാരായണഗുരുദേവനും ശ്രീചട്ടമ്പിസ്വാമി തിരുവടികളും തമ്മിൽ കണ്ടെത്തിയ രംഗം-ബന്ധങ്ങളിലൂടെയാണ്. ആത്മീയബന്ധങ്ങളിൽ അവർ സനാതനമായ ധർമ്മത്തിൻെറ പ്രവാചകരായിരുന്നു.

◆

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 61

ആരാധന

ആരാധനാസ്വാഭാവം മനുഷ്യന് ജന്മസിദ്ധമാണ്. ഓരോരുത്തരും അവരവരുടെ ആഗ്രഹത്തിനും അഭിരുചിക്കും ഒത്തരീതിയിൽ ആരാധനനടത്താറുണ്ട്.

ഭയത്തിൽ നിന്നും ഉടലെടുത്തതാണ് ആരാധനാസ്വഭാവം. സൂര്യൻ, ചന്ദ്രൻ, മുതലായ ഗ്രഹങ്ങളെ ദൈവമായി കരുതിപ്പോന്നു. കാററിനെപ്പോലും പ്രാചീനമനുഷ്യർ ഈശ്വരനായി ആരാധിച്ചിരുന്നതായി ചരിത്രരേഖകൾ ഉണ്ട്,

ആധുനികകാലഘട്ടത്തിലും ഒരുവിധത്തിൽ അല്ലെങ്കിൽ മറെറാരു വിധത്തിൽ ആരാധനാസ്വഭാവം നില നിന്നു വരുന്നതുകാണാം. വിവിധരീതിയിൽ വിവിധ സ്വഭാവത്തിൽ എന്നുമാത്രം. വിഗ്രഹാരാധന നടത്തുന്നതിനോടു യോജിക്കുന്നുണ്ടോ എന്നു സ്വാമിവിവേകാനന്ദനോടു ഒരാൾ ചോദിച്ചു. ആരാധന ഓരോ വ്യക്തിക്കും ലഭിക്കുന്ന അനുഭൂതിയെ ആശ്രയിച്ചിരിക്കും, എന്നം സ്വാമിവിവേകാനന്ദൻ മറുപടി പറഞ്ഞു. കണ്ണാടിച്ചില്ലിട്ടുമനോഹരമായി-ചുവരിൽ തുക്കിയിരുന്ന ഫോട്ടോ വാങ്ങിനോക്കിയിട്ട് ഇതിൽ തുപ്പാമോ എന്നു ചോദ്യകർത്താവിനോടു വിവേകാനന്ദൻ ചോദിച്ചു. "ഇല്ല, ഇതു എൻെറ, പിതാവിൻെറ ഫോട്ടോയാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്''. ചോദ്യകർത്താവു വിസമ്മതിക്കുന്നതു കണ്ട പ്പോഠം സ്വാമി വിവേകാനന്ദൻ ഇങ്ങനെ പറഞ്ഞു. ''ഇതും ഒരു രീതിയിൽ വിഗ്രഹാരാധനയാണ്''.

പരിത്രാണായ സാധൂനാം
വിനാശായ ചദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ
സംഭവാമി യുഗേ യുഗേ''-എന്നു ഭഗവദ്ഗീ

തയിൽ ശ്രീകൃഷ്ണഭഗവാൻ പറയുന്നു. യുഗങ്ങളാ യി ധർമ്മം നിലനിന്നുപോരുന്നു. ധർമ്മം പരാജയ പ്പെടുമെന്നുതോന്നുമ്പോഠം ഭഗവാൻ അവതരിച്ചു ധർമ്മ ത്തെ സംരക്ഷിക്കുന്നതായി ഇതിഹാസങ്ങളിലും പുരാ ണങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്.

മഹാവിഷ്ണു നരസിംഹമായി അവതരിച്ചു ഹിരണ്യനെ കൊന്നു. വാമനനായി അവതരിച്ചു മഹാ ബലിയെ ചവിട്ടി പാതാളത്തിലേക്കു താഴ്ത്തി. രാവ ണനെ നിഗ്രഹിക്കുവാനായി ശ്രീരാമനായി ജനിച്ചു വെങ്കിൽ കംസൻ തുടങ്ങിയ ദുഷ്ടന്മാരെ വധിക്കാ നായി ശ്രീകൃഷ്ണനായി ജനിച്ചു. കല്ക്കിയായി അവതരിച്ചിട്ടുണ്ടെന്നും പറയപ്പെടുന്നു. അവതാരം പത്തല്ല ഇരുപത്തിരണ്ടാണെന്ന് പുരാണങ്ങളിൽ കാണുന്നു.

പരശുരാമനേയും, ശ്രീരാമനേയും, ശ്രീകൃഷ്ണ നേയും അവതാരപുരുഷന്മാരായി കരുതി ഹിന്ദുജന ത ആരാധന നടത്തിപ്പോരുന്നു. അതിനു ഭക്തജന ങ്ങളുടെ അംഗീകാരവുമുണ്ട്.

ലോകത്തു ഹിംസ വർദ്ധിച്ചപ്പോഠം അഹിംസാ സിദ്ധാന്തവുമായി ശ്രീബുദ്ധൻ രംഗപ്രവേശം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചെയ്തു സ്നേഹംകുറഞ്ഞപ്പോൾ സ്നേഹത്തിൻെറ പാനപാത്രവുമായി യേശുദേവൻ രംഗപ്രവേശംചെയ്തു. സാഹോദര്യം നശിക്കാൻ തുടങ്ങിയപ്പോൾ മുഹമ്മദ്നബിയും രംഗത്തുവന്നു. ജാതീയമായ ഉച്ചനീചത്വങ്ങൾ ഇന്ത്യയിൽ വിശിഷ്യാ കേരളത്തിൽ പത്തിവിടർത്തി ആടിയപ്പോൾ നിശ്ശബ്ദമായ പ്രവർത്തനവുമായി ശ്രീനാരായണഗുരുദേവൻ രംഗപ്രവേശംചെയ്തു. ജാതിക്കെതിരായി സന്ധിയില്ലാസമരം സംഘടിപ്പിച്ചത് സാക്ഷാൽ ശ്രീനാരായണപരമഹംസൻതന്നെയായിരുന്നു. യേശുക്രിസ്തുസ്നേഹത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും മനുഷ്യത്വത്തെക്കുറിച്ചും മാനവരാശിയോടു സംസാരിച്ചു. ഒരു അഭിസാരികയായ മഗ്ദലനമറിയത്തെ ആളുകൾ കല്ലെറിഞ്ഞപ്പോൾ ''പാപംചെയ്യാത്തവർ കല്ലെറിയട്ടെ''. എന്നു ക്രിസ്തുദേവൻ പറഞ്ഞു. ആരുടെ ഹൃദയത്തിലാണ് ആ വാചകം ആഞ്ഞു പതിക്കാത്തത്. ? മനുഷ്യനെ ഇരുത്തി ചിന്തിപ്പിക്കുന്ന ഒരു വാചകമല്ലേ ഇത്? ഇങ്ങനെ അസാന്മാർഗ്ഗികതയിൽ നിന്നും സന്മാർഗ്ഗത്തിൻെറ പാതയിലേക്കു മനുഷ്യനെനയിച്ച ശ്രീയേശുവിനെ പിൻതലമുറക്കാർ ദൈവമായി ആരാധിച്ചു പോയങ്കിൽ അതിൽ അപാകമായിട്ട് എന്തെങ്കിലും ഉണ്ടോ ?

ശ്രീനാരായണ ഗുരുദേവൻ സ്മൂഹത്തിൽ കണ്ട കാഴ്ച വേദനാജനകമായിരുന്നു. ശ്രീബുദ്ധൻ പാവപ്പെട്ട ആളുകളുടെ ദുഃഖവും ദുരിതവും കണ്ടു ലോകസേവനം അനുഷ്ഠിച്ചതുപോലെ ഉററവരേയും ഉടയവരേയും വിട്ടു ദുഖമനുഭവിക്കുന്നവരുടെ മോചനത്തിനുവേണ്ടി ഗുരുദേവൻ പ്രവർത്തിച്ചു. ഒന്നിനേയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എതിർക്കാതെ സ്വന്തം ഭാവനയിൽ ഉടലെടുത്ത ആശയങ്ങൾ പ്രവൃത്തിപഥത്തിലാക്കി മററുള്ളവർക്കു കാണിച്ചുകൊടുത്തു. യേശു ക്രിസ്തു സ്നേഹത്തിൻെറ മാർഗ്ഗം തെളിയിച്ചു മനുഷ്യരെ ആ വഴിയിലേക്കു നയിച്ചതുപോലെ ജാതീയമായ ഉച്ചനീചത്വങ്ങൾ മാറണമെന്നും ജാതി ഒന്നേയുള്ളുവെന്നും ശാസ്ത്രീയമായ രീതിയിൽ ഗുരുദേവൻ തെളിയിച്ചു. ജാതി ഉണ്ടെന്നും അതു ജന്മാവകാശമാണെന്നും വാദിക്കുകകൂടി ചെയ്തിരുന്ന അയ്യപ്പൻപിള്ള ഒടുവിൽ ആരായി എന്നും ഇവിടെ വിസ്തരിക്കേണ്ട കാര്യമില്ലന്നു തോന്നുന്നു. അത്രയ്ക്കു പ്രചാരം സിദ്ധിച്ചതാണ് സത്യവ്രതസ്വാമികളുടെ കഥ. (അയ്യപ്പൻപിള്ളയാണല്ലോ സത്യവ്രതസ്വാമിയായത്.)

'ഒരു ജാതി ഒരു മതം ഒരു ദൈവം' എന്നു പറഞ്ഞത് കേരളീയരെ മാത്രമുദ്ദേശിച്ചല്ല. ലോകത്തിൻെറ പല ഭാഗങ്ങളിലും ജാതിയുടേയും മതത്തിൻേറയും പേരിൽ പോരാട്ടം നടക്കുന്നുണ്ട്. അതിൽ നിന്നാണ് എല്ലാ വൈകൃതങ്ങളും ഉണ്ടാകുന്നത്. എല്ലാ മനുഷ്യരുടേയും സിരകളിൽ ഒഴുകിക്കൊണ്ടിരിക്കുന്ന രക്തം ഒന്നാണെന്ന്ഗുരുദേവൻ ശാസ്ത്രീയമായി മഹാത്മജിക്കു മനസ്സിലാക്കികൊടുത്ത കഥയും വിവരിയ്ക്കേണ്ടതില്ലല്ലോ ?

ഉന്നതന്മാരായ ചിന്തകന്മാർ പ്രശസ്തരായ ഭരണാധികാരികൾ, പേരും പെരുമയും ആർജ്ജിച്ച കലാകാരന്മാർ പ്രഗല്ഭരായ ശാസ്ത്രജ്ഞന്മാർ ഇവരെല്ലാം സമയം ലഭിക്കുമ്പോൾ ഏകമനസ്കരായിരിക്കുവാനും ആത്മസംതൃപ്തി കണ്ടെത്തുവാനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആഗ്രഹിക്കുന്നു. ആരുടേയും വിഗ്രഹം വച്ച് അവർ ആരാധിക്കുന്നില്ല. സ്വച്ഛന്ദം സമാധാനത്തോടെ ഇരിക്കുവാനുള്ള അഭിനിവേശം. ആഗ്രഹം മാത്രം. എല്ലാ ജീവജാലങ്ങളും സമാധാനമായിരിക്കുവാനുള്ള സന്ദർഭം കണ്ടെത്തുന്നുണ്ട്. അവ പ്രാർത്ഥിക്കുകയല്ലെന്നു അറിയാം. പക്ഷെ ശാന്തസുന്ദരമായ അന്തരീക്ഷം അവർ ആഗ്രഹിക്കുന്നു. അതിനു ആരാധന എന്നു പറയാൻ പാടില്ലെങ്കിലും മറെറാരു തരത്തിൽ മനസ്സിനു ആശ്വാസം കണ്ടെത്തുകയാണ് ഈ പ്രക്രിയയിലൂടെ.

മഹാനായ ലെനിൻ 1924-ൽനിര്യാതനായി. ഇന്നും അദ്ദേഹത്തിൻെറ ശരീരം കേടുപാടുകൂടാതെ റഷ്യയിൽ സൂക്ഷിച്ചിരിക്കുകയാണ്. അവിടെ ചന്ദനത്തിരി പുകയ്ക്കുന്നില്ല. പക്ഷെ ! പരിമളം പരത്തുന്ന പനനീർപുഷ്പങ്ങൾ അതിനുചുററിനും ഉണ്ട്. രാഷ്ട്രം സന്ദർശിക്കുന്ന മഹാവ്യക്തികളും സാധാരണക്കാരും ലെനിൻെറ ശരീരം സൂക്ഷിച്ചിരിക്കുന്ന സ്ഥലം സന്ദർശിക്കാതെ പോകുകയില്ല.

ലോക ജനതയുടെ ഉന്നമനത്തിനും ഉൽക്കർഷത്തിനും നിദാനങ്ങളായ ആശയങ്ങൾ പ്രദാനം ചെയ്ത പൂജ്യന്മാരെ പിൻ തലമുറക്കാർ ബഹുമാനിക്കാറുണ്ട്. ചിലർ മഹാത്മാക്കളുടെ പ്രതിമകൾനിർമ്മിച്ച് ആരാധിക്കും. ചിലർ അവരുടെ തത്ത്വസംഹിതകൾ തങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കും. ചിലർ തത്ത്വസംഹിതതളെക്കുറിച്ചു വാതോരാതെ പ്രസംഗിക്കും പ്രവൃത്തിയിൽ അതിൻെറ അംശം പോലും അരിച്ചുനോക്കിയാൽ ലഭിക്കുകയില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാല്മീകിയുടേയും വ്യാസന്റേയും സാഹിത്യ സപര്യകളെക്കുറിച്ചു വാചാലമായി പണ്ഡിതന്മാർ പ്രസംഗിക്കാറുണ്ട്. അതും ഒരു രീതിയിൽ ആരാധന യാണ്. ഭൗതികവാദിയും ആദ്ധ്യാത്മിക വാദിയും മനുഷ്യന്റെ പുരോഗതിക്ക് വേണ്ടിയാണല്ലോ നിരന്ത രം പ്രയത്നിക്കുന്നത്. മനുഷ്യന്റെ മനസ്സിനു ഏതെങ്കിലും തരത്തിൽ ആശ്വാസം ലഭിക്കുകയാണെ ങ്കിൽ അതിൽ സന്തോഷത്തിനു വകയുണ്ട്.

യുക്തിവാദികളായ സി. വി. കുഞ്ഞുരാമനും സഹോദരൻ അയ്യപ്പനും എം.സി.ജോസഫും കുററിപ്പുഴ കൃഷ്ണപിള്ളയും എം. പ്രഭയും ശ്രീനാരായണഗുരു വിനെ ആരാധിച്ചിരുന്നു-ആരാധിക്കുന്നു. ദൈവമാ യിട്ടല്ല. പിന്നെന്തായിട്ട് ?- ഗുരുവിന്റെ തത്വചിന്ത യെ അവർ ബഹുമാനിക്കുന്നു.

നിരീശ്വരവാദിയായിരുന്ന മുൻ മുഖ്യ മന്ത്രി സി. കേശവൻ ശ്രീനാരായണഗുരുവിനെ ആദരപൂർവ്വം ബഹുമാനിച്ചിരുന്നു.

''കേശവൻ ശിവഗിരിയുടെ മാനേജർ സ്ഥാനം ഏറെറടുക്കണം''. ഗുരുദേവൻ അരുളിചെയ്തു. യാ തൊരു തടസ്സവും പറയാതെ സി. കേശവൻ അതു അനുസരിച്ചു. ''ഗുരുദേവന്റെ ആജ്ഞാശക്തിയെ ലംഘിക്കാനുള്ള ശക്തി എനിക്കില്ലായിരുന്നു''. എന്നു സി. കേശവൻ രേഖപ്പെടുത്തിയിട്ടുണ്ട്''

യുക്തിവാദികൾക്കും നിരീശ്വരവാദികൾക്കും ആദ്ധ്യാത്മികാനുഭൂതിക്കുവേണ്ടി പരക്കം പായുന്ന വർക്കും അവരവരുടെ ദാഹം ശമിപ്പിക്കാൻ ഉതകത്തക്ക ദാഹജലം ശ്രീനാരായണ ഗുരുവാകുന്ന നീരുറവയിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിന്നു ലഭിച്ചിരുന്നു ലഭിച്ചുകൊണ്ടിരിക്കുന്നു. ഏതു കുഴൽക്കണ്ണാടിയിൽക്കൂടി നോക്കിയാലും നോക്കുന്നവൻെറ അഭിലാഷത്തിനു ഹിതമായ രീതിയിലുള്ള അറിവ്, ഭേദാദികരം കൈവിട്ടു വസിക്കുന്ന ഗുരുവിൽ നിന്നും ലഭിക്കും. അങ്ങനെ അറിവു പ്രദാനം ചെയ്യുന്ന ഗുരുക്കന്മാരെ ആരാധിച്ചു പോകും. ആരാധിച്ചില്ലെങ്കിൽ മാത്രമേ അദ്ഭുതപ്പെടാനുള്ളൂ.

ഓർക്കസ്ട്രാ സംഗീതത്തിനായി പ്രത്യേകംരചിച്ചിട്ടുള്ളസംഗീതമാണു "സിംഫണി". എന്നാൽ ബിഥോവനെ സംബന്ധിച്ചിടത്തോളം ഈ സംഗീതവാസന ഒരു ഒഴുക്കാണ്. എന്നും ഒരു പോലെ തടസ്സമില്ലാതെ നിലനില്ക്കും. അദ്ദേഹം തൻെറ ഉപബോധമനസ്സിനെ സംബോധനചെയ്തിരുന്നത് ദൈവമേ എന്നായിരുന്നു. ബിഥോവൻെറ വെളിച്ചവും പ്രകാശവും ഈ ദൈവം തന്നെയായിരുന്നു. ചിലപ്പോരം അത് ആത്മാവിലുള്ള കളിത്തോഴനായി. ചിലപ്പോരം തനിക്കു സമാനമായി ചിലപ്പോരം താൻ മത്സരിക്കേണ്ടിവരുന്ന ശത്രുവായും കാണേണ്ടിവന്നിട്ടുണ്ട്. ഉപബോധമനസ്സിലുള്ള ശക്തിയെ സംഗീതജ്ഞനായ ബിഥോവൻ ആരാധിച്ചിരുന്നുവെന്നു നാം മനസ്സിലാക്കുന്നു.

സ്വാമിവിവേകാനന്ദൻ അഭിപ്രായപ്പെട്ടതുപോലെ ആരാധന-പ്രാർത്ഥന ഒരു തരത്തിൽ അല്ലെങ്കിൽ മററൊരുതരത്തിൽ നിലനിന്നുവരുന്നുണ്ട്. 'അനന്തമായ പാതയിലെ വഴിയാത്രക്കാരൻ' എന്ന ലേഖനത്തിൽ വി. ആർ. കൃഷ്ണയ്യർ രേഖപ്പെടുത്തിയിരിക്കുന്നതു ഇത്തരുണത്തിൽ ചിന്തക്കു വക നല്കുന്നതാണ്. ഒരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദമയ് ദിനത്തിൽ റഷ്യ സന്ദർശിക്കുവാനും ആഘോഷ പരിപാടികൾ കാണാനും സാധിച്ച കൃഷ്ണയ്യരുടെ അഭിപ്രായമാണ്.

"നഗരത്തിലൊട്ടാകെയുള്ള ചുവരുകളിൽ നിന്നു ലെനിന്റെ കോടിക്കണക്കിനു മുഖങ്ങൾ സകലതും വീക്ഷിക്കുന്നുണ്ടായിരുന്നു. മാർക്സും എംഗൽസും ലെനിനും ചേർന്നുള്ള ആയിരക്കണക്കിനു ചിത്രങ്ങൾ വേറെയും പ്രകടനക്കാർ ഉയർത്തിപ്പിടിച്ചിരുന്ന പ്ലക്കാർഡുകളിലും ബാനറുകളിലും എല്ലാം അവരുടെ ചിത്രങ്ങൾ ഉണ്ടായിരുന്നു. അതോടൊപ്പം സുപ്രീം സോവിയററു പ്രിസീഡിയത്തിലെ ഇപ്പോഴത്തെ അംഗങ്ങളുടെ നിരവധി ചിത്രങ്ങളും. ഇസങ്ങളെല്ലാമുണ്ടെങ്കിലും, വിഗ്രഹാരാധന മനുഷ്യമനസ്സിൽ വേരൂന്നിയിട്ടുള്ള ഒരു സ്വഭാവമല്ലേ എന്നു ഇതൊക്കെക്കണ്ടപ്പോൾ എനിക്കു ശങ്കതോന്നി. ദൈവത്തെ തള്ളിക്കളഞ്ഞവർ മനുഷ്യദൈവങ്ങളുടെ വലിയ ആരാധകരായി ത്തീർന്നിരിക്കുന്നു. എന്തായാലും മതത്തിനു വിവിധ സ്ഥലങ്ങളിൽ വ്യത്യസ്തരൂപങ്ങളാണല്ലോ ഉള്ളത്".

▲

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 62

ശ്രീനാരായണ ഫിലാസഫി

ഫിലാസഫി അല്ലെങ്കിൽ തത്ത്വചിന്ത എന്നു കേൾക്കുമ്പോൾ ആദ്ധ്യാത്മികജീവിതവുമായി ബന്ധപ്പെട്ട ഒരു വിഷയം എന്നു ധരിക്കുന്നു. തത്ത്വചിന്ത സന്മാർഗ്ഗ ജീവിതത്തെലാക്കാക്കിയിട്ടുള്ളതാണല്ലോ. മനുഷ്യനന്മയ്ക്കുവേണ്ടിയാണല്ലോ ഇന്നുവരെയുണ്ടായിട്ടുള്ള ഗുരുക്കന്മാർ പ്രയത്നിച്ചിട്ടുള്ളത്, ശ്രീബുദ്ധൻ, സോക്രട്ടീസ്, അരിസ്റ്റോട്ടിൽ, ക്രിസ്തു, നബി തുടങ്ങിയ ലോകഗുരുക്കന്മാരുടെ തത്ത്വചിന്തകൾക്കുള്ള ശോഭ മങ്ങുന്നില്ല. എല്ലാ തത്ത്വചിന്തകളുടെയും ഉറവിടം ഒന്ന്. ലക്ഷ്യം ഒന്ന്.

ഇവിടെ ശ്രീനാരായണ ഫിലോസഫിക്കുള്ള പ്രത്യേകതയെന്തെന്നു ഒരുപക്ഷെ ചോദ്യമുദിച്ചേക്കാം! ശ്രീനാരായണ ഫി ലാ സ ഫി മററു ഫിലാസഫികളിൽ നിന്നും വ്യത്യസ്തമല്ല. വേദങ്ങളിലും ഉപനിഷത്തുകളിലും ഉള്ള ആശയത്തെ തേച്ചുമിനുക്കി കാന്തിയും മൂല്യവും വർദ്ധിപ്പിച്ചു ജനങ്ങൾക്കു ഉപദേശിച്ചു കൊടുക്കുകയാണു ഗുരുദേവൻ ചെയ്തത്.

ഗുരുദേവൻ, തത്ത്വചിന്തകളെ ക്ലാസ്സിൽ മാത്രം ഒതുക്കി നിർത്തിയിരുന്നില്ല. തത്ത്വചിന്തകളെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രായോഗികമാക്കിത്തീർത്തു. ജനത ശ്രീനാരായണ ഫിലാസഫിയിൽ ആകൃഷ്ടരായി.ഗുരുദേവൻ അരുളം ചെയ്തു. ''ലോകത്തിൽ മനുഷ്യർക്കു ഒരു ജാതിയും ഒരു മതവും ഒരു ദൈവവുമേയുള്ളൂ. പരസ്പരാനുബദ്ധരായ രണ്ടു സ്ത്രീപുരുഷന്മാരുടെ സംബന്ധത്തിൽ നിന്നും സന്താനമുണ്ടാകുന്നുവെങ്കിൽ അവരുടെ ജാതി ഒന്നുതന്നെ'' ഈതത്ത്വചിന്ത പ്രായോഗികമാക്കിയതിനു ഒരു ഉദാഹരണമെടുത്തു കാട്ടാം.

പരവൂർ ആണ്ടിയിറക്കത്തു കൃഷ്ണൻമുതലാളിയുടെ മകനായിരുന്നു ബി. കോം കരുണാകരൻ. ശ്രീമാൻ കരുണാകരൻ ജർമ്മൻ സ്വദേശിയായമദാമ്മയുമായി പ്രേമബന്ധത്തിലായിരുന്നു. ഈ വാർത്ത കൃഷ്ണൻമുതലാളിയെ വേദനിപ്പിച്ചു. ദുഖിതനായ മുതലാളി ശിവഗിരിയിൽ ചെന്നു ഗുരുദേവനെ സന്ദർശിച്ചു വണങ്ങിനിന്നു.

ഗുരുദേവൻ:- എന്താണു വിശേഷം ?

കൃ. മു:- എൻെറ മകൻകരുണാകരൻ ജർമ്മനിയിൽ നിന്നും ബി. കോം പരീക്ഷ ജയിച്ചു. ജർമ്മൻകാരിമദാമ്മയുമായി അവൻസ്നേഹബന്ധത്തിലാണ്,നമ്മുടെസമുദായത്തിലുള്ള ഒരു പെൺകുട്ടിയെ വിവാഹംകഴിപ്പിക്കണമെന്നാണു എൻെറ ആഗ്രഹം.

ഗുരുദേവൻ;- നമ്മുടെ ആദർശംഒരുജാതി ഒരുമതം ഒരു ദൈവമാണല്ലോ.അപ്പോറം അതിനു എതിരായി നാം എങ്ങനെ പറയും. ജർമ്മൻ യുവതിയെകരുണാകരൻശിവഗിരിയിൽ വച്ചു വിവാഹം നടത്തട്ടെ !

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃഷ്ണൻ മുതലാളിയ്ക്കു ഏററ പ്രഹരമായിരുന്നു ഗുരുദേവന്റെ മറുപടി. കരുണാകരന്റെ കല്യാണം ശിവഗിരിയിൽവച്ചു നടന്നു. ഈ കല്യാണത്തിനു സാക്ഷ്യം വഹിച്ച മാധാവാനന്ദസ്വാമി ഗ്രന്ഥകർത്താവിനു വിവരിച്ചുതന്നതു ഇവിടെ കുറിക്കുന്നു.

"വിവാഹംകാണാൻധാരാളമാളുകൾ ശാരദാമഠത്തിനു ചുററും കൂടി. സ്വാമിതൃപ്പാദങ്ങൾ മാവിൻചുവട്ടിൽ ഇരുന്നു. ഗുരുദേവന്റെ കല്പനപ്രകാരം പൂർണ്ണാനന്ദസ്വാമി കലശപൂജ നടത്തി. ഗുരുദേവൻ താലിയെടുത്തു ശ്രീമാൻ കരുണാകരനുകൊടുത്തു. താലികെട്ടിനുശേഷം വനജാക്ഷി മന്ദിരത്തിൽപോയി പരസ്പരം മാലയിടാൻ കല്പിച്ചു. വിവാഹങ്ങൾ പൊതുസ്ഥലത്തുവച്ചായിരിക്കണം നടത്തേണ്ടതെന്നു കൂടി ഗുരുദേവൻ കല്പിച്ചു.

'കർക്കു' എന്നു പേരായ ഒരു യൂറോപ്യൻ ഈ വിവാഹത്തിൽ സംബന്ധിച്ചിരുന്നു. കർക്കുവിനോടു ആശംസാപ്രസംഗം നടത്താൻ ഗുരുദേവൻ കല്പിച്ചു. കർക്കു ഇംഗ്ലീഷ് ഭാഷയിൽ ആശംസാപ്രസംഗം നടത്തി. നടരാജൻമാസ്ററർ കർക്കിന്റെ പ്രസംഗം മലയാളഭാഷയിലേയ്ക്കു തർജ്ജമചെയ്തു.

ശിവഗിരിയിൽവച്ചുനടന്ന ആദ്യത്തെ മിശ്രവിവാഹവും അതുതന്നെ. ഇവിടെയാണു ഗുരുദേവനെ ഒരു യഥാർത്ഥ ഫിലാസഫറായി കാണാൻ കഴിയുന്നത്. ഗുരുദേവനെ സ്വാധീനിക്കുവാൻ ശ്രമിച്ചവർ പരാജയപ്പെട്ടു. യഥാർത്ഥത്തിൽ അവർക്കു പരാജയമല്ല സംഭവിച്ചത്. അവരിൽ പരിവർത്തനം വരുത്തുകയാണ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചെയ്തത്. തൻെറ തത്വചിന്ത പ്രാവർത്തികമാക്കുക. അതായിരുന്നു ഗുരുദേവൻെറ ലക്ഷ്യം.

മററൊരവസരത്തിൽ ഗുരുദേവൻ കല്പിച്ചു. "പ്രവർത്തി, ഭാഷ, ദേശം മുതലായവകൊണ്ടു കല്പിക്കുന്ന പേര് അവരുടെ ജാതിയാണെന്ന് മൂഢന്മാർ പറയുന്നു. പണ്ഡിതന്മാർ ഒരിക്കലും അങ്ങനെ പറയുകയില്ല". പ്രവൃത്തികൊണ്ടും ഭാഷകൊണ്ടും ദേശംകൊണ്ടും ജാതിതെളിയിക്കുവാൻ കഴുയുകയില്ലെന്നു പല ബ്രാഹ്മണപണ്ഡിതന്മാർക്കും ഗുരുദേവൻ യുക്തിപൂർവ്വം തെളിയിച്ചുകൊടുത്ത സംഭവങ്ങൾ ധാരാളമുണ്ട്,

വീണ്ടും ഗുരുദേവൻ കല്പിച്ചു. "മുഹമ്മദീയരും, ക്രിസ്ത്യാനികളും ജൈനരും, ബുദ്ധമതക്കാരും അതുപോലെതന്നെ മററുമതക്കാരും ഒന്നിനെ പ്രാപിക്കുവാൻ വേണ്ടിയാണു പരിശ്രമം ചെയ്യുന്നത്. എല്ലാവരും അവരവരുടെ സുഖത്തിനുവേണ്ടിയാണ് അശ്രാന്തപരിശ്രമം ചെയ്യുന്നത്. എല്ലാററിനും പ്രവർത്തകമായിരിക്കുന്നത് മതമാണ്. അതുകൊണ്ടു എല്ലാവരുടെയും മതം ഒന്നാണെന്നതിനു സംശയമില്ല".

"അല്ലയോ അർജ്ജുനാ ഏതു മതവിശ്വാസിയായാലും എല്ലാവരും ഒടുവിൽ എന്നെ പ്രാപിക്കുന്നു". എന്ന ഗീതാവചനം ഒരു മതമെന്നതിനു പ്രമാണമായി തീർന്നിട്ടുണ്ട്. പാശ്ചാത്യരും പൗരസ്ത്യരുമായ തത്വചിന്തകന്മാർ ഫിലാസഫിയുടെ മർമ്മ പ്രധാനമായ കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. "Every action has its own equal and opposite reaction" പ്രവൃത്തിയ്ക്കു അതിൻേറതായ ഫലമുണ്ടെന്ന തത്വ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തെ ഇരുകൂട്ടരും സമ്മതിക്കുന്നു. ന്യൂട്ടൺ തൊട്ടു നീഷേ വരെയുള്ള ഫിലസഫേഴ്സിൻെറ അഭിപ്രായവും ഇതുതന്നെ. ഗീതയും ഇതുതന്നെയാണു ഉദ്ഘോഷിക്കുന്നത്.

പ്രവൃത്തി ശുദ്ധമായിരിക്കണം. അയൽവാസി പാവപെട്ടവനോ പണക്കാരനോ ആകട്ടെ. പണ്ഡിതനോ പാമരനോ ആകട്ടെ. തൻെറ പ്രവൃത്തി അയൽവാസിക്കു ഒരിക്കലും ഉപദ്രവമായി ഭവിക്കരുത്. ക്രിസ്തുദേവനും മുഹമ്മദുനബിയും അരുളിചെയ്തതും ഇതുതന്നെ. സമസൃഷ്ടങ്ങളെ സ്നേഹിക്കുക അവരെ ഉപദ്രവിക്കാതിരിക്കുക. അതാണു ഗുരുദേവൻ ജനതയ്ക്കു നല്കിയ ഫിലാസഫി.

അദ്വൈതം കലർപ്പില്ലാത്ത അദ്വൈതം. അതു ജീവിതത്തിൽ ഗുരുദേവൻ പ്രായോഗികമാക്കി. അതാണു ശ്രീനാരായണ ഫിലാസഫിയുടെ മർമ്മപ്രധാനമായ ഭാഗം.

സംസാരത്തിൽ മുങ്ങിക്കഴിയുന്നമനുഷ്യൻ എപ്പോഴും വാദിക്കാനും ജയിയ്ക്കാനും ശ്രമിയ്ക്കാറുണ്ട്. അക്കാര്യത്തിൽ വിദ്യാസമ്പന്നന്മാരും ഒട്ടും പിറകില്ല. ഈ പ്രവണത മനസ്സിലാക്കിയതുകൊണ്ടാവാം വാദിക്കാനും ജയിക്കാനും ആരും തുനിയരുതെന്നും അറിയാനും അറിയിയ്ക്കാനുമേ ശ്രമിയ്ക്കാവൂ എന്നു ഗുരുദേവൻ കല്പിച്ചത്. മനുഷ്യനന്മയെ ഊട്ടിവളർത്തുക. അഹങ്കാരത്തെ നശിപ്പിക്കുക.

ഹിംസ പാടില്ല. സത്യത്തിനുസ്ഥാനം നല്കണം. പാപംചെയ്യരുത്. മനുഷ്യൻ സ്വയം തെററു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൾ തിരുത്തി മുന്നോട്ടുപോകണം. നിർബ്ബന്ധം മൂലം തിരുത്തുന്ന തെററുകൾ ആ നിർബ്ബന്ധത്തിന്റെ ആക്കവും ശക്തിയും കുറയുമ്പോൾ നിലച്ചുപോകുന്നു. സ്വയം സ്വരൂപിച്ചെടുക്കുന്ന സംസ്ക്കാരത്തിനു സ്ഥാനമുണ്ട്. അതിനു മാററംവരുന്നില്ല. ആ വഴിക്കു മനുഷ്യന്റെ പ്രയാണം ആരംഭിക്കുക 'ആത്മോപദേശശതകത്തിലെ ആദ്യത്തെ പദ്യം നോക്കാം.

> "അറിവിലുമേറിയറിഞ്ഞിടുന്നവൻത-
> ന്നുരുവിലുമൊത്തു പുറത്തുമുജ്ജ്വലിക്കും-
> കരുവിനുകണ്ണുകളഞ്ചുമുള്ളടക്കി—
> ത്തെരുതെരെ വീണുവണങ്ങിയോതിടേണം"

അറിവിലും ഏറെ അറിയുന്നവന്റെ അകത്തും പുറത്തും ഒരുപോലെ പ്രോജ്ജ്വലിക്കുന്ന പരബ്രഹ്മത്തെ പഞ്ചേന്ദ്രിയങ്ങൾ ഉള്ളിലേയ്ക്കുതിരിച്ച് വീണ്ടും വീണ്ടും വീണുവണങ്ങി ഓതിടേണം.

ആത്മതത്ത്വം ഓതി, ഓതി സ്വയം ഉറപ്പിക്കണമെന്നോ ശിഷ്യനു ഓതിക്കൊടുക്കണമെന്നോ ആകാം വിവക്ഷ. അങ്ങനെമനുഷ്യൻ ആത്മജ്ഞാനിയാകണം.

കർമ്മവും ജ്ഞാനവും, ധ്യാനവും ഭക്തിയും മനുഷ്യന് ഉണ്ടാകണം. ഇവകളിൽ ശ്രദ്ധകേന്ദ്രീകരിച്ചാൽ മനുഷ്യൻ സൽപ്രവൃത്തിയേചെയ്യൂ. ജാതിയെ തല്ലിത്തകർക്കും. ജാതിയ്ക്കും മതത്തിനും സ്ഥാനം നല്കാത്ത ഒരു മതേതരരാഷ്ട്രം പടുത്തു ഉയർത്താൻ സാധിക്കും. അതാണല്ലോ ആധുനിക ഇൻഡ്യയുടെ ലക്ഷ്യം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"ഗുരുവിൻെറ വാക്കുകൾ കിഴക്കിൻെറ പ്രാചീന വിജ്ഞാനത്തിൻെറ ഏററവും ആധുനിക പ്രതിധ്വനിയായി അംഗീകരിക്കപ്പെടുന്നു. അദ്ദേഹത്തിൽ മനുഷ്യാത്മാവിൻെറ അഭിലാഷങ്ങളെപ്പററിയുള്ള പാട്ടുകൾ പാടുന്ന ഒരു ഗായകൻ, ജനങ്ങളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കാൻ രാപ്പകൽ വഴികണ്ടെത്തുകയെന്ന ഏകലക്ഷ്യത്തോടുകൂടിയ ഒരു മനുഷ്യോപകാരി, പരമസത്യത്തെ നിത്യഭക്ഷ്യവും പാനീയവുമാക്കിയിട്ടുള്ള ഒരു ഋഷി എന്നീഭാവങ്ങൾ ഇണങ്ങിച്ചേർന്നുകാണാം" ഇതാണു ഗുരുദേവനെക്കുറിച്ചു നടരാജഗുരുവിൻെറ അഭിപ്രായം.

☆

CC-0. In Public Domain. Gurukul Kangri Collection, Haridwar

'Forwarded free of cost, and with the compliments of the Department of Education Government of India. New Delhi'

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 63

ആധുനികലോകത്തു ശ്രീനാരായണ സിദ്ധാന്തങ്ങൾക്കുള്ള പ്രത്യേകസ്ഥാനം

ലെനിൻ "മനുഷ്യൻ, എത്ര സുന്ദരമായ പദം!" മഹാനായ ~~മാർക്സ്~~ ഒരിക്കൽ ഇങ്ങനെ പറഞ്ഞു. മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. വിവേചിച്ചറിയാനുള്ള കഴിവാണു മററു ജന്തുക്കളിൽ നിന്നും അവനെ വ്യത്യസ്തനാക്കുന്നത്. ബോധവാനെന്നു നാം കരുതുന്ന-ചിന്തിക്കുന്ന ഈ മനുഷ്യൻെറ ഭൂതകാല ചരിത്രത്തിലേക്കു ഒരു വിഹഗവീക്ഷണം നടത്തിയാൽ രസകരവും ഭീകരവുമായ പല സംഭവങ്ങളും നടന്നിരിക്കുന്നതായി കാണാൻ കഴിയും.

ജനാധിപത്യത്തിൻെറ ജന്മനാടെന്ന് കൊട്ടിഘോഷിക്കുന്ന ഇംഗ്ലണ്ടിൽ 1215-ൽ 'മാഗ്നാകാർട്ട' എന്ന പ്രമാണരേഖ ഉണ്ടായി. അതിൻെറ ഫലമായിട്ടാണു സാധാരണ പൗരന് പാർലമെൻറു അംഗമാകാനുള്ള ഭാഗ്യം സിദ്ധിച്ചത്. സംഘട്ടനങ്ങളുടെ ഒരു ഘോഷയാത്ര എവിടെയും കാണാം. കത്തോലിക്കരും പ്രോട്ടസ്ററൻറുകാരുമായുള്ള അധികാര വടംവലി ചരിത്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിൽ തെളിഞ്ഞുകാണുന്നുണ്ട്. അതുപോലെ തന്നെ അമേരിക്കയിൽ കാളനിസ്റ്റുകൾക്കു രാഷ്ട്രീയമായും സാമൂഹികമായും ഉള്ള നിലനില്പിനുവേണ്ടി വളരെയേറെ കഷ്ടപ്പാടുകൾ സഹിക്കേണ്ടിവന്നു. 1789-ൽ ബ്രിട്ടന്റെ നുകത്തിൽനിന്നും അമേരിക്ക കഴുത്ത് ഊരിയെടുത്തു. അങ്ങനെ അമേരിക്കയൊർ ലോകത്തിലെ ഒരു പ്രധാന ശക്തിയായി. സാഹോദര്യത്തിനും സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി ഫ്രാൻസിലെ ജനത നടത്തിയസമരം ലോകരുടെ കണ്ണുതുറപ്പിച്ചു. റൂസ്സോ,വാൾട്ടയർ എന്നീ ചിന്തകന്മാരുടെ ബുദ്ധിപ്രഭയിൽ നിന്നും ഉടലെടുത്തതാണു ആ തീപ്പൊരികൾ. ഒരു കഷണം റൊട്ടിപോലും വിശപ്പടക്കാൻ ലഭിക്കാതെ റഷ്യയിലെ പാവപ്പെട്ട കൃഷിക്കാരനും തൊഴിലാളിയും കഷ്ടപ്പെട്ടു. സാർ ചക്രവർത്തിമാരുടെ ക്രൂരതനിറഞ്ഞ ഭരണത്തിനെതിരായി ഒരു വിപ്ലവം ഉണ്ടായി. അതാണു മഹത്തായ ഒക്റ്റോബർ വിപ്ലവം,

1914 മുതൽ 1918 വരെ ഒന്നാം ലോകമഹായുദ്ധം നടന്നു. അതു കഴിഞ്ഞു 1938-ൽ രണ്ടാം ലോകമഹായുദ്ധം നടന്നു. ഈ സംഘട്ടനങ്ങളെല്ലാം എന്തിനുവേണ്ടി ഉണ്ടായി ? ആർക്കു വേണ്ടി ? ഉത്തരവും ഉടനെ ലഭിക്കും. ഒരുവിഭാഗം മനുഷ്യരുടെ നിലനില്പിനുവേണ്ടിമാത്രമാണ് ഇത് നടത്തിയിട്ടുള്ളതെന്ന് വ്യക്തം. ഇതാണു രാഷ്ട്രീയസ്വഭാവമെങ്കിലും ഇന്നത്തെ ജീവിതശൈലിക്കും ചിന്തയ്ക്കും വലിയമാററം വന്നുവെന്നു നാം വിശ്വസിക്കുന്നു. അത് എങ്ങനെയെന്നുകൂടി പരിശോധിക്കാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇരുപതാം നൂററാണ്ടിൻെറ അന്ത്യഘട്ടത്തിലാണു നാം ജീവിക്കുന്നത്. ശാസ്ത്രം വളർച്ചയുടെ മുകളറ്റത്തെത്തി നില്ക്കുന്നു. ന്യൂയോർക്കിലോ മോസ്കോയിലോ നിന്ന് പ്രസംഗിക്കുന്ന ആളിൻെറ ശബ്ദവും രൂപവും ഇങ്ങു തിരുവനന്തപുരത്തിരിക്കുന്ന ഒരു വ്യക്തിക്കുകേൾക്കാനും കാണാനും കഴിയും. ചന്ദ്രനിൽ ആംസ്ട്രാംഗ് ആദ്യമായി കാലുകുത്തി. സ്ത്രീയുടെ ഗർഭാശയത്തിൽകൂടിയല്ലാതെ കുഞ്ഞുങ്ങളെ സൃഷ്ടിക്കാമെന്നുവരെ ശാസ്ത്രം കണ്ടുപിടിച്ചിരിക്കുന്നു. എന്നാൽ അങ്ങനെ സൃഷ്ടിക്കപ്പെടുന്നപൈതലുകൾ എങ്ങനെയുള്ള മനുഷ്യരായി മാറുമെന്നും ശാസ്ത്രകാരൻ ചിന്തിക്കുന്നു. ശാസ്ത്രത്തിൻെറ മഹത്തായ നേട്ടങ്ങളിൽ നാം അഭിമാനംകൊള്ളുന്നു.

ചിത്രത്തിൻെറ മറുവശം എങ്ങനെയാണെന്നുകൂടി ചിന്തിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. ശാസ്ത്രത്തിൻെറ വിജയം രാഷ്ട്രീയനേട്ടമായി കരുതുന്നവരുണ്ട്. ലോകം ഇന്നു മൂന്നുചേരികളിലാണ്. മുതലാളിത്തരാഷ്ട്രങ്ങൾ-തൊഴിലാളി ഭരണകൂടങ്ങൾ-ഇതിൽ രണ്ടിലും പെടാത്ത കുറെ രാഷ്ട്രങ്ങൾ. ഈ മൂന്നു ചേരികളിലും ഉള്ള ജനത ഒരു രീതിയിലല്ലെങ്കിൽ മററൊരുരീതിയിൽ മാനസികമായി വീർപ്പുമുട്ടുന്നില്ലേ? വീറോടും വാശിയോടും ഓരോ രാജ്യവും ആയുധസാമഗ്രികൾ നിർമ്മിച്ചുവരുന്നു. ഓരോ രാജ്യത്തിൻെറയും വാർഷിക ബഡ്ജററിൽ ആയുധനിർമ്മാണത്തിനുള്ള തുക വർദ്ധിപ്പിച്ചുവരുകയാണ്. ഇമ്മാതിരി ആയുധനിർമ്മാണം നടത്തുന്നതെന്തിനെന്ന് ആർക്കും ആരോടും ആലോചിക്കുവാൻ അവസരം ലഭിക്കുന്നില്ല. ഡാർവിൻ എന്ന പരിണാമവാദി പറഞ്ഞതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പോലെ മനുഷ്യൻ നിലനില്പിനുള്ള സമരത്തിൽ ഏർപ്പെട്ടിരിക്കുന്നു. പക്ഷെ! ഏതു സമരവും ഇവിടെ അവസാനിക്കുമെന്നു ഭൂതകാലചരിത്രം നമ്മെ പഠിപ്പിക്കുന്നു.

സമരം ഒരു രാജ്യത്തുമാത്രമല്ല, ലോകത്തെമ്പാടുമുണ്ട്. ഇൻഡ്യയുടെ കാര്യംതന്നെ എടുക്കാം. സ്വാതന്ത്ര്യം ലഭിച്ചു മുപ്പത്തിനാലുവർഷം കഴിഞ്ഞു, ഇന്നും ജാതികളും ഉപജാതികളും മതങ്ങളും തമ്മിലുള്ള കലഹം കൂടുന്നുണ്ട്. അനേകം ഭാഷകൾ. ഭാഷകളുടെ പേരിലുള്ള അഭിപ്രായവ്യത്യാസം മറ്റൊരുരീതിയിൽ. സാമ്പത്തികരംഗത്തും അതുപോലെതന്നെ, പണക്കാരൻ വലിയ പണക്കാരനാകുന്നു. പാവപ്പെട്ടവൻ ദരിദ്രനായിമാറുന്നു, ഹരിജനങ്ങളെ ഉയർത്താൻ ഇൻഡ്യാ ഗവർമ്മെൻറും സ്റ്റേറ്റ് ഗവർമ്മെൻറുകളും ധാരാളം പണം ചിലവഴിക്കുന്നു. അതേ സമയം രാജ്യത്തിൻെറ ചില ഭാഗങ്ങളിൽ ഹരിജനമർദ്ദനം വളരെ ധൃതഗതിയിൽ നടക്കുന്നു. കൈകാലുകൾ വെട്ടിയെടുക്കുക, തീയിലിട്ടുകൊല്ലുക ഹരിജനസ്ത്രീകളെ ബലാൽസംഗം ചെയ്യുക. ഇത്യാദിപൈശാചികമായ പ്രവൃത്തികൾ അനുസ്യൂതം നടന്നുവരുന്നു.

മേൽ വിവരിച്ചമാതിരിയുള്ള ഒരു സ്ഥിതിവിശേഷം കേരളത്തിൽ ഇന്നു അനുഭവപ്പെടുന്നില്ല. ഇന്നത്തെയുവതലമുറ ഒരുപക്ഷെ അതിനുള്ള കാരണംകണ്ടുപിടിക്കാൻ ശ്രമിച്ചില്ലെന്നുവരാം. കേരളത്തിൽ ഒരു കാലത്തു 'തൊട്ടുകൂടാത്തവരും ദൃഷ്ടിയിൽപ്പെട്ടാൽ ദോഷമുള്ളവരുമായ' വലിയ വിഭാഗം ജനതയുണ്ടായിരുന്നു. അവർ അനുഭവിച്ച വ്യഥയുടെചിത്രം ഇന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിലർക്കുമാത്രം ഓർമ്മ കാണും. അങ്ങനെയുള്ള കേരള ജനതയെ ഇന്നത്തെ നിലയിലേക്കു ഉയർത്തിക്കൊണ്ടു വന്നതു ശ്രീനാരായണഗുരുദേവനാണ്.

ജാതിവൈരങ്ങളും മതമാത്സര്യങ്ങളുമൊഴിയാതെ മനുഷ്യൻ നന്നാകുകയില്ല. ഇന്നുമതത്തിൻെറ സ്ഥാനത്തു രാഷ്ട്രീയം കടന്നുകൂടിയിട്ടുണ്ട്. രാഷ്ട്രീയത്തിൻെറ അതിപ്രസരം ചില രംഗങ്ങളിൽ വളരെ വർദ്ധിച്ചിരിക്കുന്നു. മനുഷ്യൻ മനുഷ്യനെ രാഷ്ട്രീയത്തിൻെറ പേരിൽ രാത്രിയും പകലും ഒരു കൂസലും കൂടാതെ കുത്തിക്കൊല്ലുന്ന രംഗങ്ങൾ ഇന്നു ധാരാളമാണ്. രാഷ്ട്രീയപ്പാർട്ടിക്കാർ തമ്മിൽ ചെന്നായ്ക്കളെപ്പോലെ അധികാരത്തിനുവേണ്ടി പരക്കംപാഞ്ഞുനടക്കുന്നു. ഈ പരക്കംപാച്ചിലിനിടയിൽപ്പെട്ടു നിരപരാധികൾ തകർക്കപ്പെടുന്നു. കുടുംബങ്ങൾ വഴിയാധാരമാകുന്നു. ഏതു രാഷ്ട്രീയതത്വസംഹിതയിൽ വിശ്വസിക്കുന്ന ആളായാലും മനുഷ്യത്വത്തിനു പ്രാധാന്യം കൊടുത്താൽ പ്രയാസങ്ങളെ തരണംചെയ്യാം. ഓരോ വ്യക്തിയുടേയും ഉള്ളിൻെറ ഉള്ളിൽ അമ്മാതിരിയുള്ള ചിന്തയ്ക്കു സ്ഥാനമുണ്ടാകണം. അതു പ്രവൃത്തിപഥത്തിൽകൊണ്ടുവരാൻ കഴിയുമെങ്കിൽ ഇന്നുആയുധനിർമ്മാണത്തിലുള്ള മാത്സര്യം ഒഴിവാക്കാനും കഴിയും. സ്വാതന്ത്ര്യത്തോടെ സമാധാനത്തോടെ ഈ ലോകത്തു ജീവിക്കുവാൻ സാധിക്കും. ജാതിവേണ്ടാ, മതകലഹംവേണ്ട, മനുഷ്യനെ മനുഷ്യനായി കാണുക എന്നു ശ്രീനാരായണൻ പ്രഖ്യാപിച്ചു. പ്രഖ്യാപിക്കുക മാത്രമല്ല, പ്രവർത്തിച്ചുകാണിച്ചുകൊടുത്തു.

മനുഷ്യൻ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. അച്ചട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കത്തോടുകൂടിയുള്ള സ്വാതന്ത്ര്യം. ആ സ്വാതന്ത്ര്യത്തിനുവേണ്ടി അവൻ വെമ്പുകയാണ്. സ്വാർത്ഥത കലരാത്ത, കുശുമ്പ് ഇല്ലാത്ത, ദുരാഗ്രഹമില്ലാത്ത ജീവിതത്തിന്റെ ഉടമയാകാൻ മനുഷ്യൻ ശ്രമിക്കണം. അഹങ്കാരമുപേക്ഷിച്ചു ശ്രീനാരായണ ഗുരുദേവൻ കാട്ടിത്തന്ന പന്ഥാവിലൂടെ പോയാൽ നല്ലമനുഷ്യരായി ജീവിക്കാം. 1980 ലെ ചതയ ദിനത്തിൽ ഇംഗ്ലണ്ടിലെ ശ്രീനാരായണ മിഷനിൽ ന്യൂഹാം കൗൺസിലർ ശ്രീ. അമർജിത്സിംഗ് ചെയ്ത പ്രസംഗത്തിന്റെ ഒരു ഭാഗം കേൾക്കുക.

"Ina world torn by racial conflicts, religious strife and threats to peace, we can draw inspiration from Sree Narayana guru's teachings and philosophy and strive for a world order where mankind can enjoy,peace, happiness and unity"

അമർജിത്സിംഗിന്റെ പ്രസ്താവന സത്യമല്ലേ? സ്നേഹത്തിന്റെ മൂടുപടമണിഞ്ഞ മനുഷ്യർ മാംസത്തിനുവേണ്ടി ദാഹിക്കുന്ന കടുവകളെപ്പോലെ ആവേശത്തോടെ ഓടുന്നു. വെടിമരുന്നുനിറച്ച തോക്കിനു മുകളിൽ സമാധാനത്തിന്റെ ചിഹ്നമായ അരിപ്രാവിരിക്കുന്നു. അങ്ങനെയുള്ള കാലഘട്ടത്തിൽ ശ്രീനാരായണ സിദ്ധാന്തങ്ങളല്ലേ അത്യന്താപേക്ഷിതമായിട്ടുള്ളത്?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 64

ശ്രീനാരായണ ഗുരുദേവന്റെ ദിനചര്യ

മഹാത്മാക്കളുടെ ദിനചര്യയ്ക്കു ഒരു പ്രത്യേകതയുണ്ട്. അതു എപ്പോഴും മററുള്ളവരുടെ ദിനചര്യയിൽ നിന്നും വ്യത്യസ്തമായിരിക്കും.

ഗുരുദേവൻ ശിവഗിരിയിൽതാമസിച്ചിരുന്നപ്പോൾ കൃത്യം നാലുമണിയ്ക്കു എഴുന്നേല്ക്കും. പ്രാഥമിക കൃത്യങ്ങൾക്കായി അകലെയുള്ള ചെറിയ വനപ്രദേശത്തേയ്ക്കു പോകും. അന്തേവാസികൾ പ്രകാശം പരത്തുന്ന റാന്തൽ വിളക്കുമായി അകമ്പടിസേവിക്കും.

ഗുരുദേവൻ ചൂണ്ടിക്കാണിക്കുന്ന സ്ഥലത്തു അന്തേവാസികൾ കുഴികുത്തണം. കുഴികുത്തികഴിയുമ്പോൾ തൃപ്പാദങ്ങൾ വസ്ത്രം അഴിച്ചു അന്തേവാസികളെ ഏല്പിക്കും. കൗപീനധാരിയായിട്ടാണ് മലമൂത്രവിസർജ്ജനത്തിനു പോകുന്നത്. ഒരു മൊന്തയിൽ വെള്ളവും കൂടി കൊണ്ടുപോകും.

കുഴികുത്തിയ മണ്ണ് ഒരു ഭാഗത്തേയ്ക്കു മാററിവയ്ക്കും. മലമൂത്രവിസർജ്ജനം കഴിഞ്ഞശേഷം ശൗചം നടത്തും. പിന്നീട് ഗുരുദേവൻ തന്നെ മാററിവച്ചി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രിക്കുന്ന മണ്ണുകൊണ്ടു കുഴി മൂടുന്നു. അതിനു ശേഷം അന്തേവാസികളുടെ അടുത്തേയ്ക്കു വരുന്നു. ''പൂച്ചയെ കണ്ടുപഠിയ്ക്കുവിൻ'' അന്തേവാസികളെ ഉപദേശിച്ചിട്ടുണ്ട്.

പല്ലുതേയ്ക്കാൻ പഴുത്ത മാവിലയോ, കുരുമുളകും ഉപ്പുംകൂടി പൊടിച്ച പൊടിയോ, ഉമിക്കരി പൊടിച്ചു തെള്ളിയെടുത്തോ ആണ് ഉപയോഗിക്കുന്നത്.

സാധാരണ കുളിയ്ക്കാൻ രായരുടെ ഓവിലാണ് പോകാറുള്ളത്. പ്രകൃതിദത്തമായി നീരുറവ ലഭിക്കുന്ന ധാരാളം ഓവുകൾ ശിവഗിരിയുടെ പ്രാന്ത പ്രദേശങ്ങളിൽ ഉണ്ട്. എങ്കിലും രായരുടെ ഓവിലാണ് സ്വാമിതൃപ്പാദങ്ങൾ കുളിയ്ക്കാൻ പോയിട്ടുള്ളത്. ഓവിൽ നിന്നും പളുങ്കുമണിപോലെ വീഴുന്ന പരിശുദ്ധമായ ജലത്തിൽ എത്രനേരം തൃപ്പാദങ്ങൾ കുളിയ്ക്കുമെന്നു പറയാൻ കഴിയുകയില്ല. ഗുരുദേവൻ കുളികഴിഞ്ഞു വരുന്നതുവരെ ശിഷ്യഗണങ്ങൾ കാത്തുനില്ക്കും. വസ്ത്രവും നനച്ചുടുത്തതിനുശേഷമേ പുറപ്പെടൂ.

ചിലപ്പോൾ പ്രഭാതകൃത്യങ്ങൾക്കുശേഷം ശിവഗിരിയിൽ വന്നാണു കുളിയ്ക്കുക. കുളിയ്ക്കുന്ന സമയത്ത് ചപ്പോ ചവറോ കിടക്കുവാൻ പാടില്ല. കുളിയ്ക്കുവാൻ വെള്ളം അന്തേവാസികൾ പകർന്നു വച്ചിരിയ്ക്കും, പാത്രത്തിന്റെ അകത്തും പുറത്തും തൃപ്പാദങ്ങൾ ഒരു ശാസ്ത്രജ്ഞനെപ്പോലെ സൂക്ഷ്മപരിശോധന നടത്തും. പൊടിയോ അഴുക്കോ വെള്ളത്തിൽ കലർന്നിരുന്നാൽ ആ വെള്ളം ഉപയോഗിക്കുകയില്ല. ശുദ്ധമായി കഴുകി വെടിപ്പാക്കിയ മററു പാത്രത്തിൽ വെള്ളം വീണ്ടും പകർന്നു കൊടുക്കും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തലയിൽ തേയ്ക്കാൻ ത്രിഫലാദി എണ്ണയാണ് ഉപയോഗിച്ചിരിന്നത്. ശനിയും ബുധനും മിക്കവാറും ദേഹത്തു കുഴമ്പു പുരട്ടി കുളിക്കും. മെഴുക്കു കളയുന്നതിന് ചെറുപയറുപൊടിയോ ഈഞ്ചയോ ഉപയോഗിക്കും. വളരെ അപൂർവമായേ സോപ്പു തേച്ചിരുന്നുള്ളൂ.

കുളികഴിഞ്ഞാൽ കഴുകി ഉണക്കിവച്ചിരിക്കുന്ന വസ്ത്രമേ ധരിയ്ക്കൂ. ധരിയ്ക്കുന്നതിനുമുമ്പ് ആ വസ്ത്രം ഗുരുദേവൻ എടുത്തു സൂക്ഷ്മപരിശോധന നടത്തും. കഴുകിവച്ചിരിയ്ക്കുന്ന വസ്ത്രത്തിൽ എവിടെയെങ്കിലും അഴുക്കു പററിയിരുന്നാൽ ആ വസ്ത്രം ധരിയ്ക്കുകയില്ല.

ശുദ്ധിയുള്ള വസ്ത്രങ്ങൾ ധരിച്ച ശേഷം മുറിയിൽ കയറി ധ്യാന നിരതനായിരിക്കും. ഗുരുദേവൻ ധ്യാനനിരതനായിരുന്നാൽ ആരും അങ്ങോട്ടു കടന്നുചെല്ലുകയില്ല. സ്വാമി തൃപ്പാദങ്ങൾ വാതിൽ തുറന്നു പുറത്തുവരുമ്പോൾ മാത്രമേ ദർശനം ലഭിക്കുകയുള്ളു. മഹാകവി രവീന്ദ്രനാഥടാഗൂറും സി. എഫ്. ആൻഡ്രൂസും ശിവഗിരിയിൽ ഗുരുദേവദർശനത്തിനു വന്ന കഥ പ്രസിദ്ധമാണല്ലോ.

ധ്യാനം കഴിഞ്ഞു പുറത്തുവരുന്ന സ്വാമിതൃപ്പാദങ്ങൾ ചെടികൾക്കും വൃക്ഷങ്ങൾക്കും ജലസേചനം നടത്തും. വൃക്ഷലതാദികൾക്കു ജലസേചനം നടത്തിയ ശേഷമേ ഗുരുദേവൻ ജലപാനം നടത്തുകയുള്ളു. അതുപോലെ തൊഴുത്തിൽ നില്ക്കുന്ന ആടുമാടുകൾക്കും ആഹാരം നല്കിയോ എന്നു ഗുരുദേവൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്നു പാചകശാലയിൽ പ്രധാനപങ്കുവഹിച്ചിരുന്നത് ശങ്കു ആശാൻ, ഗോപാലൻ, അച്ചുതാനന്ദസ്വാമി എന്നിവരാണ്. പാചകക്കാർ രാവിലെ കുളിച്ചു ശുദ്ധമായി വരണം. പിന്നീട് പാചകശാല അടിച്ചുവാരണം. അതിനുശേഷം അവർ വീണ്ടുംകുളിക്കണം. പാത്രങ്ങൾ വൃത്തിയായി കഴുകിവയ്ക്കണം. വീണ്ടുംപാചകക്കാർ കുളിച്ചു ശുദ്ധിവരുത്തിയതിനുശേഷമേ പാചകം ആരംഭിക്കാവൂ. പാചകം ചെയ്ത ആഹാരം കഴുകി വൃത്തിയാക്കിയ പാത്രങ്ങളിലേക്ക് പകർന്നുവയ്ക്കണം. അതിനുശേഷം അവർ കുളിച്ചിട്ടുവന്നേ ആഹാരം വിളമ്പാവൂ.

ഭക്ഷണം കഴിക്കാൻ ഉപയോഗിക്കുന്ന പാത്രമോ ഇലയോ ആയിരിക്കും. അതിൽ തൃപ്പാദങ്ങൾ സൂക്ഷിച്ചു നോക്കും. എവിടെയെങ്കിലും അഴുക്കിൻെറ അംശം അടിഞ്ഞിട്ടുണ്ടെങ്കിൽ ആ പാത്രമോ, ഇലയോ ഉപയോഗിക്കുകയില്ല. ഉപ്പുമാവോ, പുട്ടോ, ഇഡ്ഡലിയോ ആയിരിക്കും തൃപ്പാദങ്ങൾ കഴിക്കുന്നത്. പഴവുംഅക്കൂട്ടത്തിൽ കണ്ടേക്കാം. കാപ്പിയോ, കൊത്തമല്ലി വെള്ളം ചേർത്ത പാലോ അല്പം കഴിക്കും. ഗുരുദേവൻ കാപ്പികഴിക്കുന്ന സമയത്ത് വിശേഷിച്ച് വല്ലവരും വന്നു നില്ക്കുകയാണെങ്കിൽ ബാക്കിവയ്ക്കുന്ന ആഹാരം അവർക്കു കൊടുക്കും.

ആഹാരം ഒരിക്കലും പാഴാക്കികളയരുതെന്ന് ഗുരുദേവൻ ഉപദേശിച്ചിരുന്നു. ഒരിക്കൽ ഒരു വിവാഹസദ്യയിൽപങ്കെടുത്തഗുരുദേവൻ കണ്ടകാഴ്ച അദ്ദേഹത്തെ ദുഃഖിതനാക്കി. ഊണുകഴിഞ്ഞ് ആളുകൾ ഇലനിറച്ച് ആഹാരം കൊണ്ടുകളയുന്നത് കണ്ട് കൂടെ നിന്നവരോട് ഗുരുദേവൻ ഇങ്ങനെ കല്പിച്ചു: "പട്ടിയെ കണ്ടു പഠിക്കൂ"

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലത്തു കാപ്പി കഴിഞ്ഞശേഷം തൃപ്പാദങ്ങൾ പർണ്ണശാലയുടെ മുമ്പിൽ കസേരയിൽ ഉപവിഷ്ടനാകും. ദർശനത്തിനുവേണ്ടി പല നാടുകളിൽനിന്നും ജനം വന്നുകാത്തു നില്ക്കും. വിദേശ രാജ്യങ്ങളിൽ നിന്നും ധാരാളം പേർ ദർശനത്തിനായി വന്നുകൊണ്ടിരുന്നു.

ദർശനത്തിനു വരുന്നവരിൽ പല തരക്കാരും പല ആവശ്യക്കാരും ഉണ്ടായിരുന്നു. ദുഃഖം സ്വാമി സന്നിധിയിൽ അർപ്പിച്ച് അനുഗ്രഹം വാങ്ങാൻ വന്നവരായിരുന്നു ഏറിയ പങ്കും. ഓരോ ഭക്തന്റെയും സങ്കടം മോദസ്ഥിതനായി കേട്ടിരുന്നു. ഗുരുദേവന്റെ മണിനാദം പോലത്തെ ശബ്ദം കേൾക്കുമ്പോൾ തന്നെ ഭക്തജനങ്ങളിൽ സംതൃപ്തി സംജാതമാകും. സന്ദർശകരായിവന്നിരുന്ന വ്യക്തികൾ സമ്പൂർണ്ണമായ ആനന്ദത്തോടെ മടങ്ങുന്നത് പതിവായിരുന്നു.

ഗുരുദേവന് ദാഹം അനുഭവപ്പെട്ടാൽ ചിലപ്പോൾ നാരങ്ങാനീരുപയോഗിക്കും. നാരങ്ങയും അതു മുറിക്കുവാനുള്ള കത്തിയും ഗുരുദേവൻ തന്നെ കഴുകി ശുദ്ധി വരുത്തും. ശുദ്ധമായി എന്നു തോന്നിയാൽ മാത്രമേ നാരങ്ങ മുറിച്ച് നീരു പിഴിഞ്ഞെടുക്കുകയുള്ളൂ. അത്രകണ്ട് ശുദ്ധിയായും വൃത്തിയായും ആയിരുന്നു ഗുരുദേവൻ, ഓരോ കാര്യങ്ങൾ ചെയ്തിരുന്നത്.

മദ്ധ്യാഹ്നത്തിൽ ഗുരുദേവൻ ഊണുകഴിക്കും. നിവേദ്യപുരയിലിരുന്നാണ് സാധാരണ ഊണുകഴിക്കുന്നത്. ഗുരുപൂജയ്ക്കു ചിലപ്പോൾ ഊട്ടുപുരയിൽ ചെന്നു ആഹാരം കഴിക്കാറുണ്ടായിരുന്നു.

ഒരു പലകമേൽ ഗുരുദേവൻ ഇരിക്കും. അല്പം കൂടി പൊക്കം കൂടിയ പലകയിൽ കഴുകി വൃത്തിയാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കിയ ഇല വെയ്ക്കും. ഇല ഗുരുദേവൻ പരിശോധിച്ചശേഷം മാത്രമേ ഭക്ഷണപദാർത്ഥങ്ങൾ അതിൽ വിളമ്പാവൂ. വിളമ്പുന്ന ആഹാരത്തിൽ നിന്നും ഒരു തുള്ളി പോലും ഇലയിലല്ലാതെ വെളിയിൽ വീഴാൻ പാടില്ല. അല്പം ചോറും കറിയുമാണ് ഭക്ഷിക്കുക. ക്ഷാരപദാർത്ഥങ്ങൾ ഉപയോഗിച്ചിരുന്നില്ല. ഭക്തജനങ്ങൾ ഗുരുദേവൻ ഭക്ഷിച്ചതിന്റെ ബാക്കി ലഭിക്കാൻവേണ്ടി കാത്തു നില്ക്കുക പതിവായിരുന്നു.

ഉച്ചഭക്ഷണത്തിനു ശേഷം വൈദികമഠത്തിൽ പോയി വിശ്രമിക്കും. വിശ്രമം കഴിഞ്ഞ് ഭക്തജനങ്ങൾക്ക് ദർശനത്തിന് വേണ്ടി ഗുരുദേവൻ വൈദിക മഠത്തിന് മുൻവശത്തു വരും.

വൈകുന്നേരം കാപ്പി കഴിക്കാറില്ല. അപൂർവ്വമായി ചിലപ്പോൾ ജീരകവെള്ളം കുടിച്ചെന്നുവരാം. രാത്രി ഒൻപതുമണിവരെ ജനത്തിരക്കാണ്. ശിവഗിരിയിലെത്തിയിട്ടുള്ള സകല ഭക്തന്മാർക്കും ദർശനം നല്കിയശേഷമേ ഗുരുദേവൻ എഴുന്നേററു പോകു.

അത്താഴത്തിനു ഊണു കഴിക്കാറില്ല. അല്പം ഉപ്പുമാവോ കഞ്ഞിയോ കഴിക്കും. ചിലപ്പോൾ ജീരക വെള്ളം മാത്രം കഴിച്ചെന്നുവരാം.

അത്താഴത്തിനുശേഷം വേദാന്തചർച്ച ആരംഭിക്കും. സന്ന്യാസിമാർ ചർച്ചയിൽ പങ്കെടുക്കും. ഗുരുദേവൻ ഓരോരുത്തരുടെയും അഭിപ്രായം കേട്ടുകൊണ്ടിരിക്കും. രാത്രി 11 മണിവരെ ചർച്ച നടക്കും. അഭിപ്രായവ്യത്യാസമുണ്ടായാൽ ഗുരുദേവൻ തീർപ്പു കല്പിക്കും. ഒരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കൽ ഒരു ചർച്ചയുടെ അവസാനത്തിൽ ഗുരുദേവൻ ഇങ്ങനെ ഉപദേശിച്ചു. "ഒരിക്കലും തെററു പറയാൻ ശ്രമിക്കരുത്. തെററു പറഞ്ഞിട്ട് അയ്യോ തെററിപ്പോയി എന്നു പറയുന്നത് നന്നല്ല. തെററു പറയുന്നതുതന്നെ പാപം ആണ്".

ചർച്ച കഴിഞ്ഞ് ഗുരുദേവൻ കൈയും കാലും മുഖവും കഴുകും. ഒരു ദിവസം എത്ര പ്രാവശ്യം കൈയും കാലും മുഖവും കഴുകുമെന്ന് നിശ്ചയമില്ല. എപ്പോഴും ശുദ്ധിക്കാണ് പ്രാധാന്യം നല്കിവന്നത്.

കിടക്കയിൽ കാഷായ വസ്ത്രം വിരിക്കും. ദിവസേന കഴുകി വൃത്തിയാക്കിയ കാഷായ വസ്ത്രം മാത്രമേ വിരിക്കാനുപയോഗിക്കൂ. അതിലാണു ഗുരുദേവൻ കിടക്കാറുള്ളത്.

നൈഷ്ഠിക ബ്രഹ്മചര്യം, ജീവിത പരിശുദ്ധി, അലേപകത്വം, (ഒന്നിലും ഒട്ടിച്ചേരാതിരിക്കുക) നിസംഗത്വം അതാണ് ഗുരുദേവൻെറ ജീവിതത്തിലെ ദിനചര്യയുടെ പ്രത്യേകത.

ഭക്തന്മാരുടെ അപേക്ഷഅനുസരിച്ച് വർക്കല പ്രദേശത്ത് റിക്ഷയിൽ യാത്ര ചെയ്തിട്ടുണ്ട്. റിക്ഷാ വലിക്കുന്നവരും കുളിച്ചുവൃത്തിയായി വരണം. റിക്ഷയിൽ കയറുന്നതിനു മുമ്പ് റിക്ഷയിലെ ഇരിപ്പിടം പരിശോധിക്കും. സീററു വൃത്തിയും ശുചിയുമായിരിക്കണം.

ദൂരദിക്കുകളിൽ കാറിൽ സഞ്ചരിക്കാറുണ്ടായിരുന്നു. കാറിൻെറ പിൻവശത്തെ സീററിലാണ് തൃപ്പാദ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങളാ ഇരിക്കാറുള്ളത്. മററാരും അവിടെ ഇരിക്കുകയി ല്ല. കാറിൽ കയറാൻ ഡോർ തുറന്നുകൊടുത്താൽ ഒരു നിമിഷം സീററിലേക്ക് നോക്കും അഴുക്കു പുരളാത്ത സീററാണെന്ന് തോന്നിയാലേ കയറൂ.

ഒരു ജീവിക്കും വേദനയുണ്ടാക്കാത്ത, ദുഃഖം ഉണ്ടാക്കാത്ത ഒരു ജീവിതമായിരുന്നു ഗുരുദേവൻേറത്

ജീവകാരുണ്യ പഞ്ചകത്തിൽ, ഗുരുദേവൻ പാടിയിരിക്കുന്നത് എത്ര സത്യമാണ്; സൗരഭ്യമുള്ളതാണ്:

"ഒരു പീഡയെറുമ്പിനും വരു-
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര! നല്കുകുള്ളിൽ നിൻ,
തിരുമെയ് വിട്ടകലാതെ ചിന്തയും".

8275

★★
★

पुस्तकालय
गुरुकुल कांगड़ी विश्वविद्यालय

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

GURUKUL KANGRI LIBRARY
Accession
Checked
Cat. on
Tag No.
Checked
Any Other

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗ്രന്ഥകർത്താവ്

കടയ്ക്കാവൂർ വാടയിൽവീട്ടിൽ ജനിച്ചു. പ്രൈമറ
വിദ്യാഭ്യാസവും ഹൈസ്ക്കൂൾ വിദ്യാഭ്യാസവും നാട്ടിൽനടത്തി
കൊല്ലം ശ്രീനാരായണകാളേജിൽനിന്നും B. A. ബിരുദം നേടി
ബാംഗ്ലൂർ സഹകരണകാളേജിൽ നിന്നും H. D. C. പരീക്ഷ
പാസ്സായി.

"എം. ആർ. വേലുപിള്ള ശാസ്ത്രി ഒരനുസ്മരണം"
കാളേജ്മാഗസിനിൽ എഴുതി. അതാണു ആദ്യമായി എഴുതിയ
ലേഖനം. "ഭാരതീയ സംസ്ക്കാരത്തിലേയ്ക്ക് ഒരു എത്തിനോ
ട്ടം" എന്ന ശീർഷകത്തിൽ ആർ. ശങ്കർ നടത്തിവന്നിരുന്ന ദിന
മണി പത്രത്തിൽ 1957 കാലഘട്ടത്തിൽ ഏതാനും ലേഖനങ്ങൾ
എഴുതുകയുണ്ടായി ശ്രീനാരായണ ഗുരുദേവൻ പ്രതിഷ്ഠ
നടത്തിയ ക്ഷേത്രങ്ങൾ സന്ദർശിച്ചു ചരിത്രം ശേഖരിച്ചു ശിവ
ഗിരി മാസികയിൽ തുടർച്ചയായി ലേഖനങ്ങൾ എഴുതിക്കൊ
ണ്ടിരിക്കുകയാണ്. "മഹാകവി കുമാരനാശാന്റെ സ്മാരക
കുടീരത്തിലേയ്ക്കു ഒരു തീർത്ഥയാത്ര" എന്ന പേരിൽ ഒരു
ഗ്രന്ഥം തയ്യാറാക്കി വരുന്നുണ്ട്.

ഗ്രന്ഥകർത്താവ് തിരു: ജില്ലാ സഹകരണബാങ്കിന്റെ
ആററിങ്ങൽ ശാഖയിലെ മാനേജരാണ്. ഭാര്യ കെ. രമ കേര
വാട്ടർ അതാറിട്ടിയിലെ ഡിവിഷണൽ അക്കൗണ്ടന്റായി ജോലി
നോക്കി വരുന്നു. മകൾ ഷൈജാദിലീപ്കുമാർ

മകൻ ഷൈൻസദാശിവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നന്ദനോക്തി

ശ്രീനാരായണഗുരുദേവൻെറ നിരുപമജീവിതത്തെ നവീനമായ ഒരുൾക്കാഴ്ചയോടും തികഞ്ഞഭക്തിയോടും കൂടി അനുസന്ധാനം ചെയ്തു കൊണ്ട് ശ്രീ. വാടയിൽ സദാശിവനെഴുതിയ ഈ ജീവചരിത്രം പലതുകൊണ്ടും ശ്രദ്ധേയമാണ്. ഗുരുദേവൻെറ ജീവിതസാഹചര്യങ്ങളോടും ചിന്താധാരകളോടും ബന്ധപ്പെട്ട ചില ഉജ്ജ്വലമുഹൂർത്തങ്ങൾ കണ്ടെത്തി, ഇദം പ്രഥമമായി അവതരിപ്പിക്കാനുള്ള അന്വേഷണകൗതുകം ശ്രീ. സദാശിവനെ നന്നായി അനുഗ്രഹിച്ചിട്ടുണ്ട്. രമണമഹർഷിയും മററുമായുള്ള ഗുരുദേവൻെറ കൂടിക്കാഴ്ച ചരിത്രത്തിൻെറ ചേതോഹാരിതയോടെ ഈ ഗ്രന്ഥത്തിൽ പ്രത്യക്ഷപ്പെടുന്നതു അനുവാചകനെ ആനന്ദിപ്പിക്കാൻ പോരുന്നതാണ്. മററു പല ജീവചരിത്രങ്ങളിലും പലപ്പോഴും കാണാവുന്ന സംഭവങ്ങൾ ഇതിൽക്കാണാം. പക്ഷേ ഇതിൽക്കാണുന്ന പല വസ്തുതകളും മററുള്ളവയിൽ കണ്ടെന്നുവരില്ല. അതാണ് ഈ ഗ്രന്ഥത്തിനു മൗലികശോഭയണയ്ക്കുന്ന പ്രമുഖഘടകമെന്നു പറയാം. ചതുരനായ ഒരു ആഖ്യായികാകാരൻെറ ഹസ്തലാഘവത്തോടെ ഗ്രന്ഥം സമാരംഭിച്ചു. വായനക്കാരനെ അനുക്രമം വിഷയത്തോടു അവഗാഢം ആകർഷിച്ചു നിറുത്തുന്ന ശ്രീ. സദാശിവൻെറ സമീപനം അഭിനന്ദനാർഹമാണ്. ശ്രീനാരായണസാഹിത്യത്തിലെ നവോപഹാരത്തെ അതർഹിയ്ക്കുന്ന ഗൗരവത്തോടെ സഹൃദയലോകം അംഗീകരിച്ചു ആദരിക്കുമാറാകട്ടെ എന്നു ഹൃദയപൂർവം ആശംസിച്ചുകൊള്ളുന്നു.

സ്വാമി **ശാശ്വതീകാനന്ദ**

ജനറൽസെക്രട്ടറി

(ശ്രീനാരായണധർമ്മസംഘം ട്രസ്റ്റ്)

ഒപ്പ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar